സാഹിത്യമഞ്ജൂഷിക.

ഒന്നാം ഭാഗം

ഗ്രന്ഥകൎത്താവ്:

വടക്കുംകൂർ രാജരാജവൎമ്മരാജാ

വൎഷം.

൧൦൮൭-ാമാണ്ടു.

തൃശ്ശിവപേരൂർ.

മംഗളോദയം അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

സാഹിത്യമഞ്ജൂഷിക.

ഒന്നാം ഭാഗം

ഗ്രന്ഥകൎത്താവു്:

വടക്കുംകൂർ രാജരാജവൎമ്മരാജാ.

നിയതികൃതനിയമരഹിതാം
ഹ്ലാദൈകമയീമനന്യപരതന്ത്രാം
നവരസരുചിരാം നിൎമ്മിതി-
മാദധതീ ഭാരതീ കവേൎജ്ജയതി.

മമ്മടാചാൎയ്യർ.

മംഗളോദയം അച്ചുകൂടത്തിൽ അച്ചടിച്ചതു്.

തൃശ്ശിവപേരൂർ.

(വില ൧ക ൧ണ)

വിഷയാനുക്രമണിക.

മുഖവുര.

സാഹിത്യമഞ്ജൂഷിക എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകത്തിന്റെ ഈ ഒന്നാംഭാഗത്തിൽ നാലു് ഉപന്യാസങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയെല്ലാം ഭാഷാപോഷിണി കേരളപാണിനി മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാകുന്നു. എന്നാൽ പല ഭാഗങ്ങളും കൂടുതലായി ചേർത്തും പല അംശങ്ങളും കുറച്ചും, ഈ സന്ദർഭത്തിൽ, ആ ഉപന്യാസങ്ങൾക്കു ഗുരുതരങ്ങളായ പല മാററങ്ങളും വരുത്തിയിട്ടുണ്ടെന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

ചമ്പുക്കളെക്കുറിച്ചു് എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല ഉപന്യാസങ്ങളുംകൂടി ഒരുമിച്ചു ചേർത്തിട്ടുള്ളതാണു് ഒന്നാമത്തെ ഉപന്യാസം. നമ്മുടെ ചമ്പുക്കളെ സംബന്ധിച്ചിടത്തോളവും ജനങ്ങളുടെ ഇടയിൽ ഇയ്യിടെയായി ഒരു ഉത്സാഹവും അഭിരുചിയും അങ്കുരിച്ചു കാണുന്നുണ്ടു്. ഡാക്ടർ കെ. ശങ്കരമേനോൻ എം. ഏ. അവർകൾ, റാവുസാഹിബ് എസ്. പരമേശ്വരയ്യർ എം. ഏ. അവർകൾ, പി. ശങ്കരൻ നമ്പിയാർ എം. ഏ. അവർകൾ, കെ. ചിദംബരവാധ്യാർ ബി. ഏ. അവർകൾ, പണ്ഡിതർ ഇ വി. രാമൻനമ്പൂരി അവർകൾ, മുതലായ ഭാഷാഭിമാനികളുടെ അശ്രാന്തപരിശ്രമത്തിന്റെ സന്താനങ്ങളാണു് ഈ ഉത്സാഹവും അഭിരുചിയും എന്നു പറയേണ്ടതാകുന്നു. ക്രമേണ വർദ്ധമാനങ്ങളായി കാണുന്ന ഈ ഉത്സാഹത്തിനും അഭിരുചിക്കും, "ഓടുന്ന തോണിക്കു് ഒരു ഉന്തുംപോലെ" ആയി പരിണമിക്കണമെന്നേ ഒന്നാമത്തെ ഈ ഉപന്യാസംകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു.

ഒരു (കൊല്ല)ശതവർഷം കാലംകൊണ്ടു നമ്മുടെ പദ്യസാഹിത്യത്തിനു് എത്രമാത്രം അഭിവൃദ്ധി ലഭിച്ചിട്ടുണ്ടെന്നു നാനാമുഖേന വിമർശിക്കുകയാണു രണ്ടാമത്തെ ഉപന്യാസത്തിന്റെ ഉദ്ദേശം. ഈ വിമർശനം പൂർണ്ണമായിട്ടുണ്ടെന്നു ഞാൻ അഭിമാ

നിക്കുന്നില്ല. യോഗ്യതയുള്ള പല കവികളുടേയും കൃതികളുടേയും പേരുകൾ എൻെറ സ്മരണയിൽ ഉൾപ്പെടാതെ വന്നിരിക്കാമെന്നും ഞാൻ സമ്മതിക്കുന്നു; എന്നാൽ ഭാഷയുടെ ഉന്നതിക്കു സഹായിച്ചിട്ടുള്ള പ്രാധാന്യമേറിയ കൃതികളേയും സാഹിത്യപ്രസ്ഥാനങ്ങളേയും അവ അർഹിക്കുന്ന സ്ഥാനങ്ങളേയും, ഭാവിയിൽ ഉണ്ടാകേണ്ടതായ അഭിവൃദ്ധിയുടെ സ്വഭാവത്തേയും, കുറിച്ചു വിമർശിക്കുന്നതിൽ എൻെറ കൃശാംഗിയായ തൂലിക അതിൻെറ ശക്തിയിൽ കവിഞ്ഞു പരിശ്രമിച്ചിട്ടുണ്ടെന്നു കാണാവുന്നതാകുന്നു.

നമ്മുടെ പദ്യസാഹിത്യത്തിനു 'സംസ്കൃതവു'മായി സംഭവിച്ചിരിക്കുന്ന ബന്ധവും തന്നിമിത്തം ലഭിച്ചിരിക്കുന്ന ഉൽകർഷവും എത്രമാത്രം ദൃഢവും ഹൃദയംഗമവുമാണെന്നു കാണിക്കുകയാണ്, ആദ്യത്തെ രണ്ടു ഉപന്യാസങ്ങളുടേയും പൊതുവേയുള്ള ഉദ്ദേശം. ഈ ഉദ്ദേശത്തിനു വിരുദ്ധങ്ങളായ പ്രസ്ഥാനങ്ങളേയും തദപത്യങ്ങളായ കൃതികളേയും ഈ സന്ദർഭത്തിൽ എൻെറ വിമർശനം സ്പർശിച്ചിട്ടില്ലെന്നു പറയേണ്ടതില്ലല്ലോ.

മൂന്നാമത്തെ ഉപന്യാസം രാമപാണിവാദനെക്കുറിച്ചു ഞാൻ ചെയ്തിട്ടുള്ള ചില അന്വേഷണങ്ങളുടെ ഫലമാകുന്നു. ഈ ഉപന്യാസത്തിൽനിന്ന് ആ മഹാകവിയുടെ കവിതാമാധുര്യം സംസ്കൃതാനഭിജ്ഞന്മാരായ കേരളീയർക്കു അല്പമെങ്കിലും ആസ്വദിക്കുവാൻ കഴിയുമെന്നു വിശ്വസിക്കുന്നു. പാണിവാദനേയും തൽകൃതികളേയും സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. പണ്ഡിതന്മാരുടെ ദൃഷ്ടി ഈ മാർഗ്ഗത്തിലേക്കു യഥോചിതം പതിയുമെന്നു വിചാരിക്കുന്നു.

ഭാഷാവിഷയത്തിൽ നാലു ഭാഗങ്ങൾ ഉണ്ടു്. ഇവയിൽ ആദ്യത്തെ മൂന്നു ഭാഗങ്ങൾ, ഒരു പ്രത്യേക രീതിയിലുള്ള പദാർത്ഥവിചിന്തനത്തെ അധികരിച്ചു രചിക്കപ്പെട്ടിട്ടുള്ള ഉപന്യാസങ്ങളാകുന്നു. ഇവ മൂന്നും ഭിന്നങ്ങളായ മൂന്നു പ്രസ്ഥാനങ്ങളിൽ ഉള്ളവയാണെന്നുകൂടി പറയേണ്ടതുണ്ടു്. ഭാഷയ്ക്കു സം

സ്കാരശുദ്ധി ലഭിക്കന്നതിനും, ഇന്നു വിസ്മൃതപ്രായങ്ങളായ പല പഴയ നടപടികളെയുംകുറിച്ചു ജ്ഞാനം ഉണ്ടാകന്നതിനും, ഈവിധമുള്ള പ്രസ്ഥാനങ്ങളുടെ പരിപോഷണം അനാവശ്യമെന്നു വരുന്നതല്ല. ഭാഷയുടെ ശുദ്ധിയെ പ്രത്യേകം ഉദ്ദേശിച്ചു രചിച്ചിട്ടുള്ള ഒന്നാണു നാലാമത്തെ ഭാഗം.

ഈ ഉപന്യാസങ്ങൾ ഓരോ മാസികകളിലായി പ്രസിദ്ധപ്പെടുത്തിയ കാലത്തു, പല പണ്ഡിതന്മാരായ ഭാഷാപ്രണയികളും അവയെക്കുറിച്ച് അറിയിച്ചുതന്നിട്ടുള്ള അഭിപ്രായങ്ങൾ സാഹിത്യമഞ്ജൂഷികയുടെ പ്രസിദ്ധീകരണത്തിൽ എനിക്ക് അത്യന്തം പ്രോത്സാഹത്തെയും ധൈര്യത്തെയും പ്രദാനം ചെയ്തിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ കൃതജ്ഞതയോടുകൂടി പറയേണ്ടിയിരിക്കുന്നു.

സന്ദർഭവശാൽ ഉദ്ധരിച്ചുചേർത്തിട്ടുള്ള സംസ്കൃതപദ്യങ്ങൾക്ക്, ഒരു ചെറിയ 'സാരം'കൂടി കൊടുത്തിട്ടുണ്ട്. സംസ്കൃതപരിചയം കുറയുന്ന വായനക്കാർക്ക് ഈ 'സാരം' പ്രയോജനകരമായിഭവിക്കുമെന്നു വിശ്വസിക്കുന്നു.

പുസ്തകത്തിന്റെ അവസാനഭാഗത്തിൽ കൊടുത്തിരിക്കുന്ന ശുദ്ധിപത്രത്തിൽ വായനക്കാരുടെ ദൃഷ്ടി യഥാവസരം പതിയേണ്ടതാകുന്നു.

കാലവിളംബം കൂടാതെയും ശുചിയായും ഈ പുസ്തകത്തിന്റെ മുദ്രണം നിർവ്വഹിച്ചുതരുന്നതിനു "മംഗളോദയ"പ്രവർത്തകന്മാർ നിസ്തുല്യമായ ശ്രദ്ധയും ഉത്സാഹവും പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ഗുണങ്ങൾ അവർക്കു സഹജങ്ങളും ആരോടും കാണിക്കുന്നവയും ആണെങ്കിലും, അവരോടു സവിശേഷം കൃതജ്ഞതയെ പ്രകാശിപ്പിക്കാതിരിക്കുവാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല.

എന്ന്

൧൧൦൯ കർക്കടകം ൨൯
വൈക്കം. } വടക്കുംകൂർ രാജരാജവർമ്മരാജാ



വടക്കംകൂർ രാജരാജവൎമ്മരാജാ

സാഹിത്യമഞ്ജുഷിക.

സംസ്കൃതചമ്പൂക്കളും ഭാഷാചമ്പൂക്കളും.

ഗദ്യം, പദ്യം, മിശ്രം എന്നു കാവ്യത്തിനു മൂന്നു വിഭാഗങ്ങൾ ഉണ്ടു്. ഇവയിൽ ഗദ്യവും പദ്യവുംകൂടി ഇടകലൎന്നിട്ടുള്ള മൂന്നാമത്തെ വിഭാഗത്തിനു ചമ്പു എന്നു പേർ പറയുന്നു. ഗദ്യത്തിന്റെയും പദ്യത്തിന്റെയും രമണീയത ഒരുമിച്ചു ചമ്പൂകാവ്യത്തിൽ കാണുവാൻ കഴിയുന്നു. അതുകൊണ്ടു കേവലം ഗദ്യമയമോ, പദ്യമയമോ ആയ കാവ്യത്തെ അപേക്ഷിച്ചു കൂടുതൽ ഹൃദ്യത ചമ്പൂകാവ്യത്തിന് ഉണ്ടെന്നു സമ്മതിക്കണം. ഗദ്യപദ്യങ്ങളുടെ സമ്മേളനത്തോടുകൂടിയ കാവ്യം വാദ്യകലയോടുകൂടിയ ഗീതിയെന്നപോലെ ഹൃദയംഗമമാകുന്നു എന്നു രാമായണചമ്പുവിന്റെ ആരംഭത്തിൽ മഹാകവി ഭോജൻ പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യം സഹൃദയന്മാൎക്കു് അനുഭവസിദ്ധമാകുന്നു.

ചമ്പൂരൂപമായ സാഹിത്യം സംസ്കൃതഭാഷയിലാണു് ആദ്യം ഉണ്ടായതെന്നു തോന്നുന്നു. സംസ്കൃതത്തിൽ ഒന്നാമതായുണ്ടായ ചമ്പു ഭോജദേവകൃതമായ രാമായണമാകുന്നു. ചമ്പൂപ്രസ്ഥാനത്തിന്റെ മാൎഗ്ഗദൎശി ഭോജദേവനാണെന്നു വിചാരിക്കാം. രസികന്മാരായ പല മഹാകവികളും പിന്നീടു ഭോജനെ അനുകരിക്കുവാൻ തുടങ്ങി. അതോടുകൂടി സംസ്കൃതസാഹിത്യത്തിൽ പല വിശിഷ്ടചമ്പൂക്കളും ഉണ്ടാകുവാൻ ഇടയായി. ഇവ സംസ്കൃതസാഹിത്യത്തിന്റെ അനൎഘനിധികളായി പ്രശോഭിക്കുന്നവയാണു്.

സംസ്കൃതചമ്പുക്കളെ പുരാതനങ്ങളെന്നും നവീനങ്ങളെന്നും രണ്ടുവിധം വിഭജിക്കാം. (൧) രാമായണം, (൨) ഭാരതം, (൩) നളചമ്പു, (൪) നീലകണ്ഠവിജയം, (൫) വിശ്വഗുണാദർശം, (൬) മാനവേദചമ്പു എന്നിവ ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവയിൽ രാമായണം, ഭാരതം, നളചമ്പു എന്നിവ അധികം പുരാതനങ്ങളാകുന്നു. ഇവ ഏതു കാലത്തു് ഉണ്ടായി എന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. അന്ത്യകാണ്ഡം വിരചിച്ചു രാമായണചമ്പുവിനെ പൂർത്തിയാക്കിയതു ലക്ഷ്മണസൂരിയാകുന്നു. ഭാരതചമ്പു അനന്തഭട്ടന്റെയും നളചമ്പു ത്രിവിക്രമന്റെയും നീലകണ്ഠവിജയം നീലകണ്ഠദീക്ഷിതരുടേയും കൃതിയാകുന്നു. വെങ്കിടാദ്ധ്വരിയാണു വിശ്വഗുണാദർശത്തിന്റെ കർത്താവു. പൂർവ്വഭാരതചമ്പുവിനു മാനവേദചമ്പു എന്നുകൂടി പേരുണ്ടു്. ഇതിൽനിന്നുതന്നെ ഇതു മാനവേദരാജാവു നിർമ്മിച്ചതാണെന്നു തെളിയുന്നു. ഉത്തരരാമചരിതം വല്ലീപരിണയം മുതലായി വേറെയും ചില ചമ്പുക്കൾ സംസ്കൃതത്തിൽ ഉണ്ടു്. അവ മുൻപു പേരുപറഞ്ഞവയെപ്പോലെ പ്രതിഷ്ഠ ലഭിച്ചിട്ടുള്ളവയല്ല.

രാമായണം ഭാരതം എന്നു രണ്ടു മഹാപ്രബന്ധങ്ങൾ മേപ്പത്തൂർ ഭട്ടതിരിയുടെ കൃതികളായിട്ടുണ്ടു്. ഇവ കൂടാതെ രാമായണത്തിലേയും ഭാരതത്തിലേയും കഥാംശങ്ങളെ പലതിനേയും അധികരിച്ചുകൊണ്ടു ഭട്ടതിരി രചിച്ചിട്ടുള്ള പ്രബന്ധങ്ങൾ അസംഖ്യങ്ങളാകുന്നു. അവയിൽ ചിലവയുടെ പേർ താഴെ കാണിക്കുന്നു. രാജസൂയം, ഗജേന്ദ്രമോക്ഷം, നാരദമോഹനം, നിരനുനാസികം, മത്സ്യാവതാരം, ഭീഷ്മസ്വർഗ്ഗതി, പാർവ്വതീസ്വയംവരം, രുക്മിണീസ്വയംവരം, രുക്മാംഗദചരിതം, അഷ്ടമിചമ്പു, ദക്ഷയാഗം, ഭഗവദ്ദൂതു, സുഭദ്രാഹരണം, നൃഗമോക്ഷം, സ്യമന്തകം, പാഞ്ചാലീസ്വയംവരം, പഞ്ചേന്ദ്രോപാഖ്യാനം, സ്വാഹാസുധാകരം, കല്യാണസൗഗന്ധികം, സന്താനഗോപാലം, ത്രിപുരദഹനം കുചേലവൃത്തം;

ഇവ അച്ചടിച്ചു എല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിലും പ്രസിദ്ധങ്ങൾ തന്നെയാണു്. രുഗ്മിണീസ്വയംബരം രുഗ്മാംഗദചരിതം എന്നു രണ്ടു കൃതികൾ ഉള്ളവ എടപ്പട്ടിക്കാട്ടു നമ്പൂതിരിയുടെ വകയാകുന്നു. ബാണയുദ്ധം എന്ന പേരായി വേറെ ഒരു ചമ്പു കാണുന്നു. ഇതു് എടപ്പട്ടിക്കാടിന്റെ കൃതിയാണെന്നു തോന്നുന്നു. കംസവധം പ്രദോഷമാഹാത്മ്യം എന്നു രണ്ടു കൃതികൾ അടുത്തകാലത്തു നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണു്. ഇവയിൽ ഒന്നാമത്തേതു കേരളവർമ്മവലിയകോയിത്തമ്പുരാന്റേയും രണ്ടാമത്തേതു ചെങ്ങന്നൂർ താഴമണ്ണ പ്രഭാകരൻതന്ത്രിയുടേയും കൃതിയാകുന്നു. ഇവിടെ പേരുപറഞ്ഞ ചമ്പുക്കളെ എല്ലാം അധുനാതനമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം.

മേപ്പത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങളിൽ അധികവും അച്ചടിച്ചു പ്രസിദ്ധപ്പെടുത്താത്തവയാകുന്നു. ഇയ്യിടെയായി ഭട്ടതിരിയുടെ കൃതികളെ അച്ചടിച്ചു പ്രകാശിപ്പിക്കുന്ന കാര്യത്തിൽ വിദ്വാന്മാർ ശ്രദ്ധ പതിപ്പിച്ചുവരുന്നു എന്നു കാണുന്നതു സന്തോഷംതന്നെ. എടപ്പട്ടിക്കാട്ടു നമ്പൂതിരിയുടെ പ്രബന്ധങ്ങൾ അച്ചടിപ്പിക്കപ്പെട്ടിട്ടുള്ളതായി അറിയുന്നില്ല. ഭട്ടതിരിയുടെ പ്രബന്ധങ്ങൾ അധികവും ചാക്യാന്മാരെ ആശ്രയിച്ചാണു് ഇതുവരെ നശിക്കാതെ കിടന്നതു. എന്നാൽ കൂത്തു മിക്കവാറും നമ്മുടെയിടയിൽനിന്നു മറഞ്ഞ സ്ഥിതിക്കു, ഇനി ചാക്യാന്മാർ പ്രബന്ധങ്ങളെ അധികം ശ്രദ്ധയോടുകൂടി സംരക്ഷിക്കുമെന്നു തോന്നുന്നില്ല. അതിനാൽ അപ്രകാശിതങ്ങളായ പ്രബന്ധങ്ങളുടെ കാര്യത്തിൽ പണ്ഡിതന്മാർ സവിശേഷം ശ്രദ്ധ പതിപ്പിക്കേണ്ടതായിരിക്കുന്നു.

ചമ്പുസാമ്രാജ്യത്തിൽ ഏകഛത്രാധികാരം വഹിക്കുന്നതു് ഭോജരാജാവിന്റെ രാമായണമാകുന്നു.

സംസ്കൃതസാഹിത്യത്തിൽ ഭോജരാജാവിന്നു് അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. ഭോജരാജാവിനേയും കാളിദാസാദികവിവരന്മാരേയും സംബന്ധിപ്പിച്ചുകൊണ്ടു പല ഐതിഹ്യങ്ങ

ളും ഇന്നും നമ്മുടെയിടയിൽ വൃദ്ധന്മാർ പറഞ്ഞുവരുന്നു. ഭോജരാജാവിന്റെ അക്ഷരലക്ഷസംഭാവനയും മറ്റും നമ്മുടെയിടയിൽ പ്രസിദ്ധങ്ങളായ ഐതിഹ്യങ്ങളാകുന്നു. ഇപ്രകാരമുള്ള പല ഐതിഹ്യങ്ങളുടേയും ഒരു സങ്കേതമാകുന്നു 'ഭോജപ്രബന്ധം'. വൃദ്ധന്മാർ പറഞ്ഞുവരുന്നവയും ഈ കൃതിയിൽ കാണുന്നവയുമായ ഐതിഹ്യങ്ങൾക്കു ചരിത്രദൃഷ്ട്യാ എത്ര മാത്രം യാഥാർത്ഥ്യം ഉണ്ടെന്നു നിർണ്ണയിക്കുന്നതു സുകരമല്ല. എന്നാൽ പല മഹാന്മാരായ കവികളുടേയും ശാസ്ത്രകാരന്മാരുടേയും സാന്നിദ്ധ്യംകൊണ്ടു പ്രദ്യോതിച്ചിരുന്ന ഒരു മഹാസദസ്സിന്റെ നേതാവായിരുന്നു ഭോജരാജാവെന്നു വിശ്വസിക്കുന്നതിൽ ആക്ഷേപമില്ല. സ്ഥാനമാനധനാദിപ്രദാനങ്ങളെക്കൊണ്ടു കവികളെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിലും ഭോജരാജാവ് അദ്വിതീയനായിരുന്നുവെന്നു ഊഹിക്കാം. ഭോജരാജാവിന്റെ കാലം സംസ്കൃതസാഹിത്യത്തിനു വളരെ അഭിമാനത്തെയും അഭിവൃദ്ധിയേയും ജനിപ്പിച്ചിട്ടുള്ള ഒന്നാണെന്നു നിസ്സംശയം പ്രസ്താവിക്കുവാൻ കഴിയും.

ഭോജപ്രബന്ധം ഒരു നവീനകൃതിയാണ്. ചരിത്രത്തിന്റെ നിലയിൽ അതിനെ ഗണിക്കേണ്ട ആവശ്യമില്ല; എന്നാൽ അതിൽ കാണുന്ന ഐതിഹ്യങ്ങൾ എല്ലാം ഒരുപോലെ ത്യാജ്യങ്ങളാണോ എന്നുള്ള സംഗതി വളരെ പര്യാലോചിക്കേണ്ട ഒന്നാകുന്നു. പ്രസിദ്ധമായ നവരത്നശ്ലോകം, കാളിദാസർ വിക്രമാദിത്യന്റെ സദസ്സിലെ അംഗമായിരുന്നു എന്നു വിളിച്ചുപറയുന്നു. ഭോജപ്രബന്ധത്തിൽ കാളിദാസരെ ഭോജന്റെ ആശ്രിതന്മാരുടെ കൂട്ടത്തിൽ ഗണിച്ചിരിക്കുന്നു. ഇതു വാസ്തവമാകണമെങ്കിൽ ഭോജനും വിക്രമാദിത്യനും ഒരാൾതന്നെയാകണം. ഈ പേരുകളിൽ ഏതെങ്കിലും ഒന്നു സ്ഥാനപ്പേരാകുവാൻ മേലായ്കയില്ല. പ്രതാപശാലിയായ വിക്രമാദിത്യൻ കലിവർഷം മൂന്നാംസഹസ്രത്തിനിടയ്ക്കാണ ജീവിച്ചിരുന്നതെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. സാഹിത്യപ്രസിദ്ധനായ ഭോജരാ

ജാവും, പരാക്രമശാലിയും ബുദ്ധമതോച്ചാടകനും ആയ വിക്രമാദിത്യനും ഒരാൾതന്നെയെന്നു പറയുവാൻ വളരെ വിഷമതകൾ ഉണ്ട്. ഏതായാലും ചരിത്രകാരന്മാരുടെ ഗാഢചിന്തയെ അർഹിക്കുന്ന ഒന്നാണ് ഈ വിഷയമെന്നേ തല്ക്കാലം പറയുവാനുള്ളു.

രാമായണചമ്പുവിനു ഭോജചമ്പുവെന്നു കൂടി പ്രസിദ്ധമായ ഒരു പേർ ഉണ്ട്. ശ്രീവാല്മീകിമഹർഷിയുടെ രാമായണത്തെ അനുസരിച്ചാണ് ഈ ചമ്പുവിനെ വിരചിച്ചിട്ടുള്ളത്. ഭോജരാജാവിനു ശ്രീവാല്മീകിയോടുള്ള ഭക്തിയും കടപ്പാടും നിസ്സീമമാകുന്നു.

൧ “വാല്മീകിഗീതരഘുപുംഗവകീർത്തിലേശൈ-
സ്തൃപ്തിം കരോമി കഥമപ്യധുനാ ബുധാനാം.”

എന്നു ഗ്രന്ഥാരംഭത്തിൽ ഭോജരാജാവു പറഞ്ഞിരിക്കുന്നു. സംസ്കൃതചമ്പുക്കളിൽ രാമായണത്തിനാണു പ്രഥമസ്ഥാനാവകാശം എന്നു മുമ്പു പറഞ്ഞുവല്ലോ. ഇതിൽനിന്നുതന്നെ കവിതാഗുണോൽകർഷം ഈ കാവ്യത്തിൽ എത്രമാത്രം അപരിമിതമായി പ്രകാശിക്കുന്നുണ്ടെന്നു തെളിയും.

൨ “നിത്യം സംഭ്രമജൃംഭിതാ നൃത്യതി യദ്ഭോജകണ്ഠേ ഭാരതീ”

എന്നു ഭോജരാജാവിന്റെ വാഗ്വിലാസത്തെക്കുറിച്ചു രാമചന്ദ്രപണ്ഡിതർ പറഞ്ഞിരിക്കുന്നതിൽ യാതൊരു അതിശയോക്തിസ്പർശവുമില്ല. ഈ കൃതിയിലെ ഓരോ പദ്യവും ഗദ്യവും അത്രമാത്രം സരസ്വതീവിലാസത്തെ പ്രകാശിപ്പിക്കുന്നതാകുന്നു. രചനയുടെ സൗന്ദര്യം ശബ്ദത്തിന്റെ ലാളിത്യം അർത്ഥത്തിന്റെ പ്രസന്നത ശുദ്ധി മാധുര്യം മനോധർമ്മങ്ങളുടെ

---

൧. സാരം:—ശ്രീവാല്മീകിമഹർഷി വിസ്തരിച്ചു രാമചരിതത്തെ ഗാനം ചെയ്തിട്ടുണ്ട്. അതിന്റെ (വാല്മീകിരാമായണത്തിന്റെ) ചില അംശങ്ങളെ ഗ്രഹിച്ചു ഞാനും വിദ്വാന്മാരെ തൃപ്തിപ്പെടുത്തുന്നുണ്ട്.

൨. സാരം:—സരസ്വതീദേവി സംഭ്രമവിലാസത്തോടുകൂടിയവളായി ശ്രീഭോജന്റെ രസനയിൽ നർത്തനം ചെയ്യുന്നു.

ന്തനാതപം മുതലായവ രാമായണചമ്പുവിന്റെ നിസർഗ്ഗഗുണങ്ങളാകുന്നു. അകത്തും പുറത്തും ഒരുപോലെ പ്രവഹിക്കുന്ന ദ്രാക്ഷാപാകരസത്തിന്റെ മാധുര്യംകൊണ്ട് ഇത്രമാത്രം സഹൃദയന്മാരെ വശീകരിക്കുന്ന ഒരു കാവ്യരത്നം സംസ്കൃതചമ്പൂസമുദായത്തിൽ വേറെയില്ലെന്നുതന്നെ പറയണം. ചില ഉദാഹരണങ്ങൾകൊണ്ട് ഈ അഭിപ്രായത്തെ അനുഭവസിദ്ധമാക്കാം.

൫ രാമഃ കാമമുപാശ്രയിഷ്യതി വനം ത്യക്താപ്യുദ്ധൃതം കൗതുകം
ലോകസ്സ്യക്ഷ്യതി കൗതുകം വിധൃതം തസ്യാഭിഷേകോത്സവേ
ധർമ്മാപായഭയേന വത്സവിരഹം വക്ഷ്യാമി വക്ഷ്യാമി കിം
യാവൽ കല്പമകീർത്തിരാത്തിജനനീ ജായേത ജായേ തവ.

ഈ പദ്യത്തിലെ ശബ്ദസൗഖം പ്രഥമശ്രവണത്തിൽതന്നെ ആരേയും ആകർഷിക്കുന്നതായിരിക്കുന്നു. എന്നാൽ അർത്ഥത്തിന്റെ ഗാംഭീര്യത്തിനു ഒരു കുറവും ഇല്ല. അധർമ്മവും അകീർത്തിയും ഏററവും ഭയപ്പെടേണ്ട ദോഷങ്ങളാണെന്നുകൂടി ഈ പദ്യത്തിൽ കാണിച്ചിരിക്കുന്നു.

൬ ലാവണ്യാംബുനിധേരമുഷ്യ ദയിതാമേനാമിഹൈവാഗ്ര ജനം
കസ്മാന്നാഭ്യുദമസ്മദന്വയഗുരോരല്പോതിലഃ പാതകഃ
ആസ്താമേഷ വനേഽന്യവാസരസികേ ഹാ കഷ്ടമസ്മിന്നിമാം
കാന്തിം കാനനചന്ദ്രികാസമദശാം കിം നിർമ്മമേ നിർമ്മമേ.

---

൫ സാരം:— അഭിഷേകത്തിനു കെട്ടിയ കാപ്പ് എടുത്തുകളഞ്ഞു രാമൻ കാട്ടിൽപോയാലും. ജനങ്ങൾ അവരെ സന്തോഷത്തോടും ഉപേക്ഷിക്കുന്നതാണ്. അധർമ്മഭീതികൊണ്ട് പുത്രവിയോഗത്തെ ഞാൻ സഹിച്ചുകൊള്ളാം. എന്നാൽ നിനക്കുണ്ടാകുന്നതും പ്രളയംവരെ നിലനില്ക്കുന്നതും ആയ ദുഷ്കീർത്തിയെ നീ എങ്ങിനെ സഹിക്കും? 'സംഭാവിതസ്യ ചാകീർത്തിർമ്മരണാദതിരിച്യതേ' എന്നു ഗീത.

൬ സാരം:— ബ്രഹ്മാവിന് എന്റെ വംശവുമായി പാരമ്പര്യമുണ്ട്. എന്നിട്ടും സീതയുടേതുപോലെ സൌന്ദര്യം എനിക്കുണ്ടാക്കിയില്ലല്ലോ. എന്നാൽ അതു് ഇരിക്കട്ടെ; കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന രാമനിൽ— ഒരു രസികത്വവും അറിയാത്തവനിൽ കൊണ്ടു സകലലോകമോഹനമായ സൌന്ദര്യത്തെ സൃഷ്ടിച്ചതെന്തിനാണ്? ആ ഗാർദ്ധ്യം ഞാൻ അനുഭവിക്കും?

എന്നതു ഏററവും ഹൃദയംഗമമായ മറെറാരു പദ്യമാകുന്നു. ശ്രീരാമലക്ഷ്മണന്മാരാൽ ത്യക്തയായ ശൂർപ്പണഖയുടെ വിചാരമാണ് ഈ പദ്യത്തിൽ അടങ്ങിയിരിക്കുന്നതു. ബ്രഹ്മാവു സീതയെപ്പോലെ സൌന്ദര്യശാലിനിയായി തന്നേയും സൃഷ്ടിച്ചില്ലല്ലോ എന്നുള്ള ശൂർപ്പണഖയുടെ വിചാരം വലിയ അസൂയയെ പ്രകാശിപ്പിക്കുന്നതായിരിക്കുന്നു. രാമങ്കൽ — തോലും ഉടുത്തു ജടയും ധരിച്ചു ശൃംഗാരഗന്ധം ഇല്ലാതെ തെണ്ടി നടക്കുന്ന ഒരുത്തനിൽ — ഇത്രമാത്രം ആകർഷണീയമായ സൌന്ദര്യത്തെ സംഘടിപ്പിച്ചതും ബ്രഹ്മാവിന്റെ അവ്യക്തവ്യാപാരമായിട്ടാണു ശൂർപ്പണഖ കാണുന്നതു്. ശബ്ദത്തിന്റെ സുഖഗതിക്കോ അർത്ഥത്തിന്റെ പ്രസന്നതയ്ക്കോ ഒരിടത്തും കോട്ടം തട്ടുന്നില്ല. ദർപ്പിതകളായ സ്ത്രീകൾക്കു സാധാരണയായി കണ്ടുവരുന്ന അസൂയ സ്വാത്മപ്രസക്തി മുതലായ വികാരങ്ങളെ കവി ഇവിടെ നല്ല മനോധർമ്മത്തോടുകൂടി പ്രകാശിപ്പിച്ചിരിക്കുന്നു.

൧ യോഗേന ലബ്ധ്വാ യഃ പ്രസാദം സംസാരാർണ്ണവതാരണം
നിയോഗേന പിതുസ്സോയം രാമഃ കൌശികമന്വഗാത്.

എന്ന പദ്യത്തിൽ 'യോഗം' 'നിയോഗം' എന്നീ പദങ്ങളെ പ്രയോഗിച്ചിരിക്കുന്നതിന്റെ ചാതുര്യം സഹൃദയന്മാർക്കു പ്രത്യേകം ആസ്വാദ്യമാകുന്നു.

൨ "മൈഥിലീപക്ഷപാതേന പക്ഷപാതമവാപ സഃ"

ഈ പദ്യഭാഗത്തിലെ 'പക്ഷപാത' പ്രയോഗത്തോടു സഹൃദയന്മാർക്കു ഒരു പക്ഷപാതം തോന്നുന്നതാണു്.

---

൧. യോഗംകൊണ്ടു ലഭിക്കപ്പെടുന്ന രാമൻ പിതാവിന്റെ നിയോഗം (ആജ്ഞ യോഗമില്ലാഞ്ഞു)കൊണ്ടു വിശ്വാമിത്രനെ അനുഗമിച്ചു.

൨. സീതയോടുള്ള പക്ഷപാതത്താൽ ജടായുവിന്റെ പക്ഷങ്ങൾ (ചിറകുകൾ) പതിച്ചുപോയി. (രാവണൻ യുദ്ധത്തിൽ പതിപ്പിച്ചു)

* രാമാശ്രമാദ്വിഗതലക്ഷ്മണസന്നിധാനാൽ—
സീതാം ജഹാര ചപലഃ പിശിതാശനേന്ദ്രഃ
മാലാം നവോല്പലമയീം പലലഭ്രമേണ
ദേവാലയാദിവ നിരസ്തജനാവലോകാൽ

എന്ന പദ്യം ഹൃദയംഗമമായ ഉപമാപ്രയോഗത്തിനു ഒരു ഉദാഹരണമാകുന്നു. ആശ്രമത്തിനു ദേവാലയത്തിന്റേയും സീതയ്ക്കു ഉല്പലമാലയുടെയും ഔപമ്യം കല്പിച്ചിരിക്കുന്നതിൽനിന്നു അവയുടെ ശുദ്ധിയും രമണീയതയും പ്രത്യേകം ഗ്രഹിക്കേണ്ടതായുണ്ടു. ചപലനായ രാവണനു അലൎക്കസാദൃശ്യം കല്പിച്ചതും യുക്തമായി. ഒരു വസ്തുവിനെ മറ്റൊന്നായി വിചാരിക്കുന്നതു ഭ്രാന്തന്മാരുടെ സ്വഭാവമാകുന്നു. ഇതുപോലെ അലങ്കാരചതുരങ്ങളായ ശ്ലോകങ്ങൾ രാമായണചമ്പുവിൽ എവിടെയും കാണാം.

ശബ്ദത്തെയും അൎത്ഥത്തെയും സംബന്ധിച്ചു എന്തെങ്കിലും ഒരു വിശേഷപ്രയോഗവുമില്ലാത്ത പദ്യമോ ഗദ്യമോ ഈ കാവ്യത്തിൽ ഇല്ലെന്നുതന്നെ പറയാം. മിക്കവാറും വൎണ്ണനങ്ങൾ വേണ്ട സന്ദൎഭത്തിലാണു ഗദ്യങ്ങൾ ഉപയോഗിച്ചിരിക്കുന്നതു. ശബ്ദാൎത്ഥാലങ്കാരങ്ങളുടെ നിൎഝരവും പ്രൌഢതരവും ആയ പ്രവാഹം ഗദ്യങ്ങളിലാണു് അധികമധികം കാണുന്നതു. ദീൎഘതരങ്ങളായ സമാസപദങ്ങളെക്കൊണ്ടു ബന്ധിക്കപ്പെട്ടിട്ടുള്ളവയും സാമാന്യേന വലിയവയും ആണു ഗദ്യങ്ങൾ.

സംസ്കൃതസാഹിത്യത്തിൽ രാമായണചമ്പുവിനു ലഭിച്ചിട്ടുള്ള പ്രതിഷ്ഠ അചഞ്ചലമാകുന്നു. പിന്നീടുണ്ടായിട്ടുള്ള ചമ്പുക്കളിൽ പലതും രാമായണചമ്പുവിനോടു കടപ്പെട്ടിട്ടുള്ളവയാണു്.

ഭോജകൃതമായ രാമായണചമ്പു അപൂൎണ്ണമാകുന്നു. ആറാമത്തെ കാണ്ഡംകൂടി ചേൎത്തു് ഇതിനെ പൂൎത്തിയാക്കിയതു

* രാവണൻ ആരും ഇല്ലാത്ത സമയത്തു ആശ്രമത്തിങ്കൽനിന്നു സീതയെ അപഹരിച്ചു. പൂമാല മാംസമെന്നു ഭ്രമിച്ചു പേപ്പട്ടി ക്ഷേത്രത്തിൽനിന്നു ആരും ഇല്ലാത്തപ്പോൾ അപഹരിക്കുന്നപോലെ;

ലക്ഷ്മണസൂരിയാകുന്നു. ഈ മഹാകവിക്കു ഭോജരാജാവിന്റെ സാഹിത്യപ്രസ്ഥാനം, നല്ലപോലെ സ്വാധീനമായിട്ടുള്ള കണ്ടാണ്. പദഘടന, അലങ്കാരകല്പന, മനോധർമ്മഗതി, ഭാവപ്രസന്നത മുതലായി ഭോജകവിതയിൽ കാണുന്ന പ്രത്യേകഗുണങ്ങളുടെ മർമ്മം നല്ലപോലെ ഗ്രഹിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നതിൽ ലക്ഷ്മണസൂരി വിജയിയായിത്തന്നെ ഭവിച്ചിരിക്കുന്നു. മറെറാരാളാണു രചിച്ചതെന്നു പറയുവാൻ കഴിയാത്തവിധം, പൂർവ്വകാണ്ഡങ്ങളോടു ലക്ഷ്മണസൂരികൃതമായ ഭാഗം അത്രമാത്രം പൂർണ്ണസാമ്യം വഹിക്കുന്നുണ്ട്.

ചമ്പൂലോകത്തിലെ യുവരാജപദത്തിൽ അഭിഷിക്തമായിരിക്കുന്ന കൃതി ഭാരതചമ്പുവാകുന്നു. ഈ കൃതിയുടെ കർത്താവായ അനന്തഭട്ടൻ താൻ 'സരസ്വതീപ്രാണസദൃശനും' ദിഗന്തരലുഠൽകീർത്തിയും' ആണെന്നു അഭിമാനിക്കുന്നു. ഈ അഭിമാനം ഏററവും യുക്തംതന്നെ. അനന്തസദൃശമായ ഒരു വാഗ്വൈഭവമാണ് അനന്തഭട്ടനിൽ കാണുന്നതു്. വിചിത്രാശയകല്പനയിൽ അനന്തഭട്ടൻ അദ്വിതീയനാകുന്നു. അനന്തഭട്ടന്റെ പ്രസ്ഥാനത്തിന്റെ പുളകസമുദ്ഗമകമായ വൈചിത്ര്യം അതിനെ ഇതരകവികൾക്കു് അനുകരിക്കാൻ സാധിക്കാത്ത ഒന്നാക്കിത്തീർത്തിരിക്കുന്നു.

* ഉന്മീലദംബുജകദംബകസൌരഭീണാം.
ധുന്വത്യഭ്രശിരോമകുടീതടിനീസഖീനാം
ആചാന്തവൈരിയശസാം സുകൃതോർജ്ജിതാനാം
വാചാമനന്തസുകവേർവ്വസുധൈവമൂല്യം.

എന്നു സ്വന്തം വാഗ്വൈഭവത്തിനു അനന്തഭട്ടൻ കല്പിച്ചിരിക്കുന്ന വില വളരെ തുച്ഛംതന്നെയാകുന്നു. വാസ്തവത്തിൽ അനന്തഭട്ടന്റെ വാഗ്വിലാസത്തിനു ത്രിലോകങ്ങൾതന്നെ

* സാരം—വികസിച്ച താമരപ്പൂക്കളുടെ സൌരഭ്യത്തെ വഹിക്കുന്നതും, ഇളകുന്ന ഗംഗാനദിക്കു സദൃശമായുള്ളതും, ശത്രുക്കളുടെ കീർത്തിയെ നശിപ്പിക്കുന്നതുമായ് അനന്തഭട്ടന്റെ വാഗ്വിലാസം. അതിനു ശരിയായുള്ള മൂല്യം വസുധതന്നെയാകുന്നു.

വിലവെച്ചാലും അധികമാകുന്നതല്ല. ബഹുവിധങ്ങളും നൂതനങ്ങളും ആയ മനോധൎമ്മങ്ങളാൽ അൎത്ഥത്തിനു വൈചിത്ര്യം വരുത്തി സഹൃദയന്മാരെ രസിപ്പിക്കുന്നതിനുള്ള ശക്തി അനന്തഭട്ടനു നിസ്സൎഗ്ഗസിദ്ധമാകുന്നു. "കവിജനാദൃഷ്ടാധ്വപാന്ഥേ" (മറുകവികൾ കാണാത്ത വഴിയിൽകൂടി സഞ്ചരിക്കുന്ന കാവ്യം) എന്നു ശ്രീഹൎഷൻ സ്വന്തം നൈഷധീയചരിത്രത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന അഭിപ്രായം അനന്തഭട്ടന്റെ ഭാരതചമ്പുവിനും യോജിക്കുന്നതാണ്. അനന്തഭട്ടന്റെ പ്രബന്ധത്തിനു ആരുടെ കാവ്യങ്ങളോടെങ്കിലും അല്പം സാദൃശ്യം ഉണ്ടെങ്കിൽ അതു ശ്രീഹൎഷന്റെ പ്രബന്ധങ്ങളോടുമാത്രമാകുന്നു. ഇത്രയും പറഞ്ഞതിൽനിന്നും ശ്രീഹൎഷന്റെയും അനന്തഭട്ടന്റെയും പ്രബന്ധങ്ങൾക്ക സാദൃശ്യമുണ്ടെന്നു ധരിക്കരുതു. രണ്ടും ഭിന്നങ്ങൾതന്നെ.

അനന്തഭട്ടന്റെ ഭാരതചമ്പു കൎണ്ണശ്രൂതികളെ നാളികേരപാകത്തിലുള്ള ഒരു കൃതിയാകുന്നു. ഭോജചമ്പുവിൽ സൎവ്വപദസാധാരണമായി കാണുന്ന ലാളിത്യം പ്രസന്നതമുതലായ ഗുണങ്ങൾ ഭാരതചമ്പുവിൽ ചുരുക്കമാണ്. പ്രൌഢി ഓജസ്സ ഗാംഭീൎയ്യം മുതലായവയാണ് അനന്തഭട്ടന്റെ ഗുണങ്ങൾ. അലങ്കാരങ്ങളുടെ നാനാമുഖമായ പ്രയോഗംനിമിത്തം സഹൃദയന്മാരെ പരമാഹ്ലാദനിമഗ്നന്മാരാക്കുന്നതിനുള്ള ശക്തി ഭാരതചമ്പുവിലെ എല്ലാ ഭാഗത്തിനും ഉണ്ട്. അതിശയോക്തിവക്രോക്തി ശ്ലേഷം മുതലായ അലങ്കാരങ്ങളെ പുതിയപുതിയ കല്പനകളോടുകൂടി പ്രയോഗിച്ചു സചേതസ്സുകളെ ആകൎഷിക്കുവാൻ അനന്തഭട്ടൻ അതിനിപുണനാകുന്നു. ഗോഗ്രഹണം രാജസൂയം സുഭദ്രാഹരണം ഭഗവദ്ദൂതു കീചകവധം മുതലായ എല്ലാ ഭാഗം നോക്കിയാലും അനന്തഭട്ടസരസ്വതിയുടെ അഖണ്ഡമായ താണ്ഡവപാണ്ഡിത്യം പ്രത്യക്ഷപ്പെടുന്നതാണ്.

* യാതു ഭവാൻ നിജപുരീം യദുവംശകേതോ
ദൂരേണ മയാ മണിസദനം രചയാംബഭൂവ

---

* സാരം:— ഭഗവാൻ ദ്വാരകയിലേക്ക പോയശേഷം മയൻ ധൎമ്മപുത്രരാജാവിനു ഒരു സഭാഗൃഹം നിൎമ്മിച്ചുകൊടുത്തു. അതിന്റെ ഭംഗികണ്ടു ദുഃഖി

യസ്യാ ഭവം സമവേക്ഷ്യ ക്രുധായുധാപി
ജീവം ഗതാഗതജുഷം വഹതേ സുധർമ്മാ

എന്ന പദ്യത്തിലെ അർത്ഥകല്പനയെക്കുറിച്ചുതന്നെ വിചാരിക്കാം. യുധിഷ്ഠിരന്റെ സഭാഗൃഹത്തിന്റെ ഭംഗി കണ്ടിട്ടു സുധർമ്മക്കുണ്ടായ ദൈന്യത്തെയാണു കവി ഇവിടെ കാണിച്ചിരിക്കുന്നതു്. ബൃഹസ്പതിയെന്നും പ്രാണൻ എന്നും അർത്ഥം ഉള്ള ജീവപദത്തെ ഇവിടെ പ്രയോഗിച്ചിരിക്കുന്നതു വളരെ ഭംഗിയായിരിക്കുന്നു.

പുളകോൽഗമകരങ്ങളല്ലാത്ത ഭാഗങ്ങൾ ഈ കൃതിയിൽ വളരെ ചുരുക്കമാകുന്നു. 'ഉദാത്തപക്ഷ്മളശരാംഗനായ' അർജ്ജുനനെ കണ്ടപ്പോൾ,

*'ക്ഷേത്രായ ബഭൂവ സുതവത്സലതാ ഭവാന്യാഃ''

എന്ന ശ്രീപാർവ്വതിയുടെ മനഃസ്ഥിതിയെ പ്രകാശിപ്പിച്ചതു ആർക്കും രോമാഞ്ചം ഉണ്ടാക്കുന്ന ഒരു അർത്ഥകല്പനയാണു്. സുബ്രഹ്മണ്യൻ ഗണപതി എന്നീ തന്റെ പുത്രന്മാരോടുള്ള വാത്സല്യം അർജ്ജുനനോടും ഉണ്ടായി എന്നതു ദേവിയുടെ മാഹാത്മ്യത്തിനു വളരെ യോജിക്കുന്നു. (ഗോഗ്രഹണ) യുദ്ധത്തിനുശേഷം ഉത്തരനെക്കൊണ്ടു 'അപാർത്ഥ'മായ കർമ്മമൊന്നും ഞാൻ ചെയ്തില്ലെന്നു പറയിപ്പിക്കുന്നതും യുക്തമായിട്ടുണ്ടു്. 'അപാർത്ഥം' എന്ന പദത്തിനു പ്രയോജനം ഇല്ലാത്തതു എന്നും അർജ്ജുനനോടു കൂടാത്തതെന്നും അർത്ഥം. ഭീമസേനനു യുദ്ധത്തിൽ ഓടേണ്ടിവന്നപ്പോൾ ജംഘാഗുണവിശേഷം (വേഗം പോകുന്നതിനുള്ള ശക്തി) പാണ്ഡവർക്കു ഫലിച്ചു എന്നാണു കവി പറയുന്നതു. 'ചിത്രങ്ങളിൽ ഞാൻ യുദ്ധം കണ്ടിട്ടുണ്ടു്. അതുപോലെ തന്നെയായിരിക്കും സാക്ഷാൽയുദ്ധവും എന്നു വിചാരിച്ചാണു പുറപ്പെട്ടതു'' എന്നു ഭീരുവായ ഉത്തരനെക്കൊണ്ടു കവി പറയി

ച്ചു സുധർമ്മ ജീവം ധരിച്ചും ധരിച്ചില്ലാതെയും ഇരിക്കുന്നു. (ജീവപദത്തിനു ബൃഹസ്പതിയെന്നും അർത്ഥം ഉണ്ടു്. ബൃഹസ്പതി സുധർമ്മയിൽ പോയും വന്നും ഇരിക്കുന്നതു സാധാരണമാണല്ലോ.)

*ഭവാനി — ശ്രീപാർവ്വതിയുടെ പുത്രവാത്സല്യം ദ്വിഗുണിതമായിത്തീർന്നു.

ക്കുന്ന ഭാഗം ഫലിതത്തിനു ഒരു നല്ല ഉദാഹരണംതന്നെയാണ്. ഇതിലധികം എങ്ങിനെയാണു ഒരാളെ കളിയാക്കാൻ കഴിയുന്നതു്? അനന്തഭട്ടന്റെ ആശയഗാഢതയെ കാണിക്കുന്ന ഒരു പദ്യം താഴെ ചേൎക്കാം.

* മധുമഥന! നിമീലിതാ മുനീന്ദ്രേ
മമ ജനനീ ഖലു പുത്രവത്സലാ സാ
മുഖമമലമനവേക്ഷ്യ മൂർഖസൂനോ-
ൎസ്സുഖമധികമധുനാ തദായഹാനി

ഇതിലധികം ധൃതരാഷ്ട്രരെക്കൊണ്ടു ദുര്യോധനനെ ശകാരിപ്പിക്കാൻ കഴിയുന്നതല്ല. ഇവിടെ കവി ധൃതരാഷ്ട്രരുടെ അന്ധതയെ സൌഭാഗ്യകാരണമായി കല്പിച്ചിരിക്കുന്നു. അൎജ്ജുനൻ അതിവേഗത്തിൽ ഗാണ്ഡിവം വലിച്ചപ്പോൾ അതു ഹ്രസ്വവും ദീർഘവും ആയിബ്ഭവിച്ചതിനുള്ള കാരണത്തെ കവി സരസമായിപ്രകാരം കല്പിച്ചിരിക്കുന്നു. ഗാണ്ഡിവത്തിനു ആ പദത്തിങ്കൽ ഉള്ള 'ഇ'കാരത്തോടു സാദൃശ്യത്തെ പ്രാപിക്കുന്നതിനായിരിക്കണം അതു ഇപ്രകാരം ഹ്രസ്വവും ദീർഘവും ആയതു്. 'ഗാണ്ഡിവം' 'ഗാണ്ഡീവം' എന്നു രണ്ടുവിധവും പ്രയോഗിക്കാം. അൎജ്ജുനന്റെ യുദ്ധസാമൎത്ഥ്യത്തെ കവി എത്ര ചമൽക്കാരമായി കാണിച്ചിരിക്കുന്നു എന്നു് ഈ പദ്യത്തിൽ നിന്നു വ്യക്തമാകുന്നു.

ഭാരതചമ്പുവിലെ ഗദ്യങ്ങൾ എല്ലാം പ്രൌഢങ്ങളും ഉജ്ജ്വലങ്ങളും ആണു. കവിയുടെ അപരിമിതമായ വൎണ്ണനാപ്രാഗത്ഭ്യത്തെ ഇവ പ്രകാശിപ്പിക്കുന്നവയാകുന്നു. ഈ കാവ്യ

*സാരം—ഭഗവാനേ! എന്റെ അമ്മയ്ക്കു എന്നോടുവളരെ വാത്സല്യമുണ്ടു്. എനിക്കു വളരെ മൂർഖനായ ഒരു മകൻ ഉണ്ടാകുമെന്നും അവന്റെ മുഖമുന്നോക്കുവാൻ ഇടയാകുമെന്നും അമ്മ മുൻപേ അറിഞ്ഞുതന്നെയാണു മുനീന്ദ്രസമാഗമത്തിൽ കണ്ണുകളടച്ചതു്. അതു നിമിത്തം എനിക്കുണ്ടായ അന്ധത ഇന്നു എത്ര വലിയ ഭാഗ്യമായി! ഈ ദുഷ്ടന്റെ മുഖമു നോക്കി സങ്കടപ്പെടാതെ കഴിഞ്ഞുവല്ലോ! അമ്മ അന്നു കണ്ണുകളടച്ചതിനാൽ ഇന്നു ഇവന്റെ മുഖം കാണാതെ സന്തോഷിച്ചിരിക്കുവാൻ സാധിച്ചു.

ത്തിലെ ശബ്ദസ്വാധീനശക്തിയെക്കുറിച്ചും പ്രത്യേകം പ്രശംസിക്കേണ്ടതായിട്ടുണ്ട്.

ഭാരതചമ്പു 'അത്ഭുതാർത്ഥാവലീസിന്ധുവാ'യ ഒരു കാവ്യമാണെന്നു മാനവേദമഹാകവി പറഞ്ഞിരിക്കുന്നതു അതിന്റെ യോഗ്യത മനസ്സിലാക്കിയിട്ടു തന്നെയാണ്. സഹൃദയന്മാരുടെ തല കുലുക്കിക്കത്തക്കവിധമുള്ള ആശയവൈചിത്ര്യം തന്നെയാണു ഭാരതചമ്പുവിന്റെ പ്രധാനഗുണം. ഈ ഗുണം മറെറാരു ചമ്പുവിലും ഇത്രയും തികഞ്ഞു കാണുന്നതല്ല. വ്യുല്പത്തിബലം നല്ലപോലെ സമ്പാദിച്ചിട്ടുള്ളവർ മാത്രമേ ഈ കാവ്യത്തിന്റെ രസാസ്വാദനം സുകരമായി ചെയ്യുള്ളു എന്നുകൂടി പറയേണ്ടിയിരിക്കുന്നു.

പൂർവ്വഭാരതചമ്പു കോഴിക്കോട്ടു മാനവേദരാജാവിന്റെ കൃതിയാണെന്നു പറഞ്ഞുവല്ലോ. ഈ കവിക്കു് അനന്തഭട്ടനിൽ ഉള്ള ബഹുമാനം നിസ്സീമമാകുന്നു. പാണ്ഡുവിന്റെ രാജ്യഭാരംമുതൽ, ഭാരതയുദ്ധത്തിനുശേഷം യുധിഷ്ഠിരന്റെ രാജ്യഭരണംവരെയുള്ള ഇതിവൃത്തത്തെ അധികരിച്ചാണല്ലോ ഭാരതചമ്പു അനന്തഭട്ടൻ വിരചിച്ചിട്ടുള്ളതു്. എന്നാൽ പൂർവ്വഭാരതത്തിൽ ഉള്ള പല കഥാംശങ്ങളേയും അധികരിച്ചാണു മാനവേദകവി സ്വകാവ്യത്തെ വിരചിച്ചിരിക്കുന്നതു്;

പൂർവ്വഭാരതം വിശേഷമായ ഒരു ചമ്പുകാവ്യമാണ്. വ്യുല്പത്തിബലവും മനോധർമ്മവിലാസവും പരിപാകദശയെ പ്രാപിച്ചിട്ടുള്ള ഒരു മഹാകവിയാണു മാനവേദൻ എന്നു് ഈ കൃതി നല്ലപോലെ തെളിയിക്കുന്നു. അനന്തഭട്ടന്റെ കൈകടന്ന നാളികേരപാകം മാനവേദചമ്പുവിൽ ഇല്ലെന്നുതന്നെ പറയണം. പ്രസന്നമധുരോദാരമായ വൈദർഭീരീതി മാനവേദനു സ്വായം വശ്യമാണെന്നു ശകുന്തളോപാഖ്യാനാദിഭാഗങ്ങൾ നല്ലപോലെ വെളിവാക്കുന്നുണ്ടു്.

മാനവേദചമ്പുവിൽനിന്നു അർത്ഥഗാംഭീരതയ്ക്കു് ഉദാഹരണമായി ഒരു പദ്യം താഴെ എടുത്തു ചേർക്കുന്നു. ജരാനരകൾ

സ്വീകരിച്ച യൌവനം തനിക്കു തരണമെന്നു പറയുന്ന സ്വപിതാവിനോടു പൂരു പറയുന്നതാണ് ഈ ഭാഗം.

* യസ്യ പ്രസാദാച്ചതുരപുരുഷാർത്ഥവിധൌ സമർത്ഥം
തച്ചാരു ശരീരമുപാദി ഗുരോ! കൃതജ്ഞം
തസ്യ പ്രിയോ! തവ വാചോ യദി നാകരിഷ്യം
തദ്ഗർഭമാരഭ്യ ച കൃതഘ്നതരോ ഭവിഷ്യം

ഇവിടെ പിതാവിന്റെ മാഹാത്മ്യത്തെയും പിതൃഹിതം അനുസരിക്കാത്ത പുത്രന്റെ നിന്ദ്യതയെയും കവി വളരെ ഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്നു. പുരുഷാർത്ഥങ്ങളെല്ലാം സാധിക്കണമെങ്കിൽ ശരീരം വേണം; പിതാവിന്റെ അനുഗ്രഹമില്ലെങ്കിൽ ഈ ശരീരം ഉണ്ടാകുന്നതല്ലല്ലോ; ഈ സ്ഥിതിക്കു പുത്രന്മാർ ശരീരദാതാക്കന്മാരായ പിതാക്കന്മാരോട് എത്രമാത്രം ഭക്തിയുള്ളവരായിരിക്കണമെന്ന് ഊഹിക്കുവാൻ കഴിയും. ഇതാണു മാനവേദന്റെ അർത്ഥഗംഭീരതയുടെ ഗതി.

കാന്താം കാന്തവിയോഗശോകദഹനജ്വാലാവലീഢാശയാം
കാന്താ പാണ്ഡുതനുത്വമത്ര [illegible] കിം വാളികാം

എന്നും മറ്റും ശബ്ദാലങ്കാരസ്ഫുരണങ്ങളായ ഭാഗങ്ങളും മാനവേദചമ്പുവിൽ സുലഭങ്ങളായിട്ടുണ്ട്. കവിക്കു വ്യാകരണശാസ്ത്രത്തിലുള്ള അസാധാരണവൈദുഷ്യത്തെ ഈ കൃതിയിൽ പല ഭാഗങ്ങളിലും പ്രകാശിപ്പിച്ചിട്ടുണ്ടെന്നുകൂടി പറയേണ്ടിയിരിക്കുന്നു. സംസ്കൃതചമ്പൂസമുദായത്തിൽ ഉന്നതമായ ഒരു സ്ഥാനംതന്നെ മാനവേദചമ്പുവിനു ലഭിച്ചിരിക്കുന്നു എന്നു പറയാവുന്നതാണ്.

ഇനി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു നളചമ്പുവാകുന്നു. ഈ കൃതിക്കു ദമയന്തീകഥയെന്നുകൂടി പേരുണ്ട്. ത്രിവിക്രമഭട്ടൻ എന്ന പ്രസിദ്ധനായ മഹാകവിയാകുന്നു ഈ കൃതിയുടെ കർത്താവു.

* സാരം—പുരുഷാർത്ഥങ്ങളെ സാധിക്കാൻ ശക്തിയുള്ള എന്റെ ഈ ശരീരം അങ്ങയുടെ അനുഗ്രഹത്താൽ കൈവന്നതല്ലോ ഉണ്ടായതു്. ആ [illegible]ഹിതിക്കാതെ അങ്ങയെ ധിക്കരിച്ചാൽ അത്യന്തം കൃതഘ്നനായി ഭവിക്കുന്നതാണ്.

ഈ കവിയെക്കുറിച്ചു കേട്ടിട്ടുള്ള ഒരു ഐതിഹ്യംകൂടി ഇവിടെ പ്രസ്താവിക്കാം. ഒരിക്കൽ ഒരു നഗരത്തിൽ ദേവാദിത്യൻ എന്നു പേരായി ഒരു ബ്രാഹ്മണൻ താമസിച്ചിരുന്നു. അദ്ദേഹം സകലശാസ്ത്രങ്ങളിലും അതിനിപുണനും വാദകലാകുശലനും ആയിരുന്നതിനാൽ ആ ദേശത്തിലെ രാജാവിന്റെ സ്നേഹബഹുമാനങ്ങൾക്കു പാത്രമായിബ്ഭവിച്ചു. ആ രാജാവിന്റെ പണ്ഡിതസദസ്സിൽ ഒരു മുഖ്യസ്ഥാനവും ദേവാദിത്യനു സ്വാധീനമായിവന്നു. അന്യദേശങ്ങളിൽനിന്നു വലിയ പണ്ഡിതന്മാർ വന്നാൽ അവരെ വാദിച്ചു തോല്പിക്കുക എന്നതു ദേവാദിത്യന്റെ തൊഴിലായിരുന്നു. ഈ ദേവാദിത്യന്റെ പുത്രനാണു ത്രിവിക്രമൻ. ബാല്യത്തിലേതന്നെ മന്ദബുദ്ധിയും ലീലാവിനോദങ്ങളിൽ അതിതല്പരനും ആയിരുന്നതിനാൽ ത്രിവിക്രമൻ വിദ്യാശൂന്യനായിട്ടാണു വളൎന്നുവന്നതു്. ഒരിക്കൽ ദേവാദിത്യൻ മറെറാരു ദേശത്തേക്കു പോയി. ആ സന്ദൎഭത്തിൽ അന്യദേശത്തിൽനിന്നു ഒരു പണ്ഡിതൻ രാജസദസ്സിൽ വാദത്തിനായി വന്നുചേൎന്നു. രാജാവു് ഉടനെ ദേവാദിത്യനെ വിളിച്ചു കൊണ്ടുവരുവാൻ ഭൃത്യന്മാരെ അയച്ചു. അവർ ദേവാദിത്യനു പകരം അജ്ഞനും മന്ദബുദ്ധിയും ആയ ത്രിവിക്രമനെ രാജാവിന്റെ മുമ്പിൽ കൊണ്ടുചെന്നു. അടുത്ത ദിവസം രാജസദസ്സിൽവെച്ചു നടക്കുന്ന വാദസമരത്തിനു താൻ ഭാഗഭാക്കാകേണ്ടിവരുമെന്നു് അറിഞ്ഞപ്പോളാണു ത്രിവിക്രമനു സ്വന്തം അജ്ഞതയെക്കുറിച്ചു വിചാരവും വിഷാദവും ഉണ്ടായതു്. ഉടനെ അതിയായ ഭക്തിയോടുകൂടി സേവിച്ചു സരസ്വതിയെ പ്രത്യക്ഷമാക്കി. 'പിതാവിന്റെ ആഗമനംവരെ ഞാൻ നിന്റെ നാക്കിൽ ഇരുന്നുകൊള്ളാമെ'ന്നും, 'നിനക്കു പരാജയം സംഭവിക്കയില്ലെ'ന്നും, ദേവി അരുളിച്ചെയ്തു മറഞ്ഞു. അടുത്ത ദിവസം രാജസദസ്സിൽവെച്ചു നടന്ന വാദത്തിൽ ത്രിവിക്രമൻ വിജയിയായി ഭവിച്ചു എന്നു പറയേണ്ടതില്ലല്ലോ. രാജാവിനാൽ യഥോചിതം ബഹുമാനിതനായ ത്രിവിക്രമൻ അചിരേണ സ്വഭവനത്തിൽ എത്തി. പിതാവു വന്നുചേരു

ന്നതുവരെ ദേവി സമ്മുഖത്തിൽ വസിക്കുന്നതാകയാൽ അത്ര്യം കാലം വൃഥാവ്യയംചെയ്യുതതെന്നു കരുതി ത്രിവിക്രമൻ കാവ്യരചനയ്ക്കു ഉദ്യമിച്ചു. കാവ്യം പൂർത്തിയാകുന്നതിനുമുൻപു ദേവാദിത്യൻ വന്നുചേരുകയും ദേവി മുൻനിശ്ചയം അനുസരിച്ചു ത്രിവിക്രമന്റെ മുഖത്തുനിന്നു മാറുകയും ചെയ്തു. അതിനാൽ ത്രിവിക്രമനു പഴയ അജ്ഞതയെ വീണ്ടും സ്വീകരിക്കേണ്ടിവന്നു. അതാണു കാവ്യം (നളചമ്പു) ഇപ്പോഴും അപൂർണ്ണനിലയിൽ ഇരിക്കുന്നത്.

ഈ ഐതിഹ്യത്തിന്റെ വാസ്തവാവാസ്തവങ്ങളെക്കുറിച്ചു ഇവിടെ ചിന്തിക്കേണ്ട ആവശ്യമില്ല. എന്നാൽ ശൌണ്ഡില്യമഹർഷിയുടെ വംശത്തിൽ ജനിച്ച ശ്രീധരഭട്ടന്റെ പുത്രനായ ദേവാദിത്യനാണു ത്രിവിക്രമന്റെ പിതാവെന്നു നളചമ്പുവിൽ പറഞ്ഞിരിക്കുന്നതു വിശ്വാസയോഗ്യമാകുന്നു.

ത്രിവിക്രമന്റെ പ്രബന്ധം ശ്ലേഷപ്രാചുര്യംനിമിത്തം കാഠിന്യമേറിയ ഒന്നാകുന്നു. ഇതൊരു അപരാധമാണെങ്കിൽ അതിനു,

"യേസ്മാനന്നേകരസഃ കവിഃ"

എന്നു, കവി സമാധാനം പറയുന്നുണ്ട്. ഏതെങ്കിലുംഒരു രസത്തെയോ അലങ്കാരത്തെയോ അർത്ഥകല്പനാരീതിയെയൊ മാത്രമേ സ്വീകരിക്കാവൂ എന്നു പറയാവുന്നതല്ല. കവിക്കു ഇഷ്ടംപോലെ ഒന്നിനെയോ പലതിനെയുമോ എല്ലാത്തിനേയുമോ സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്. കവി സ്വീകരിക്കുന്ന മാർഗ്ഗം ഏതു തന്നെയായാലും അതു സഹൃദയന്മാർക്ക് പരമാനന്ദസന്ദായകമായിത്തന്നെ ഭവിക്കുന്നു. ഒരു പ്രത്യേകരീതിയെ ആശ്രയിച്ചിരിക്കുന്നു എന്ന കാരണംകൊണ്ടു മാത്രം ഒരു സൽകവിയുടെ കൃതിയും രസശൂന്യമായി ഭവിക്കുന്നതല്ല. ഈ അഭിപ്രായത്തെ സ്പഷ്ടമാക്കുന്ന ഒരു കൃതിയാണു നളചമ്പു.

* "പ്രത്യക്ഷരശ്ലേഷമയപ്രപഞ്ച-
വിന്യാസവൈദഗ്ദ്ധ്യനിധിഃ"

---

* ശ്ലേഷാലങ്കാരത്തെ അക്ഷരംതോറും പ്രയോഗിച്ചിട്ടുള്ളത്.

എന്ന സ്വകൃതിയായ വാസവദത്തയെക്കുറിച്ചു മഹാകവി സുബന്ധു പറഞ്ഞിരിക്കുന്ന അഭിപ്രായത്തിന്റെ യാഥാർത്ഥ്യം നളചമ്പുവിനും യോജിക്കും.

൧. കിം കവേസ്തസ്യ കാവ്യേന കിം കാണ്ഡേന ധനുഷ്മതഃ
പരസ്യ ഹൃദയേ ലഗ്നം ന ഘൂർണ്ണയതി യച്ഛിരഃ

എന്നാണു കാവ്യത്തെക്കുറിച്ചു നമ്മുടെ കവി പറഞ്ഞിരിക്കുന്നത്. ഈ അഭിപ്രായം അനുസരിച്ചു (സഹൃദയന്മാരുടെ) ഹൃദയത്തിൽ കൊണ്ടാൽ തല കുലുക്കുന്ന ഭാഗം ഈ കൃതിയിൽ കാണുന്നു.

ശ്ലേഷാലങ്കാരപ്രയോഗങ്ങളോടു കൂടിയ കല്പനകളുടെ ആധിക്യംനിമിത്തമുള്ള ദുർഗ്രഹത ഈ കാവ്യത്തിന്റെ അസാധാരണഗുണങ്ങളാകുന്നു. ഈ ഗുണം ഇത്രമാത്രം സമഗ്രമായി മറ്റൊരു കൃതിയിലും കാണുകയില്ല.

൨. പ്രസന്നാഃ കാന്തിഹാരിണ്യോ നാനാശ്ലേഷവിചക്ഷണാഃ
ഭവന്തി കസ്യചിത് പുണ്യൈർമുഖേ വാചോ ഗൃഹേ സ്ത്രിയഃ

എന്നു കാവ്യാരംഭത്തിൽ കവി പറയുന്നു. ഇതിൽനിന്നു ശ്ലേഷാലങ്കാരത്തിനു കവി കല്പിച്ചിരിക്കുന്ന സ്ഥാനം മനസ്സിലാക്കാം. ശ്ലേഷംകൊണ്ടു വിചിത്രവും ചമൽകൃതവുമായി സന്ദർഭങ്ങളെ കല്പിക്കുവാനുള്ള സാമർത്ഥ്യം നമ്മുടെ കവി നിരുപമമായി പ്രകാശിപ്പിച്ചിട്ടുണ്ട്.

---

൧. [illegible] കവിയുടെ കാവ്യംകൊണ്ടും [illegible] ഹൃദയത്തിൽ (കൊണ്ടിട്ട്) [illegible] (സഹൃദയന്റെയും ശത്രുവിന്റെയും) തല [illegible] (പ്രാണനെ [illegible]) [illegible]

൨. [illegible] (സ്ത്രീ) [illegible]

* [illegible] വിജയ [illegible]
[illegible] വിശാരദി [illegible]

ഇതാണു കവിയുടെ ശ്ലേഷപ്രയോഗസാമർത്ഥ്യം. ഈവിധം ഉള്ള പ്രയോഗം ഈ കാവ്യത്തിൽ അതിബാഹുല്യമായിരിക്കുന്നു.

എന്നാൽ ശ്ലേഷസ്പർശം തീരെ ഇല്ലാതെ സ്വാഭാവികങ്ങളായ ആശയങ്ങളോടുകൂടിയ പദ്യങ്ങളെ രചിക്കുവാൻ നമ്മുടെ കവി അസമർത്ഥനെന്നു കരുതാവുന്നതല്ല. പ്രഭാതത്തെ വർണ്ണിക്കുന്ന ഒരു പദ്യം താഴെ ഉദ്ധരിക്കാം.

ഉദയഗിരിഗതായാം പ്രാക്പ്രഭാപാണ്ഡുതായാം
അനുസരതി നിശീഥേ ശൃംഗമസ്താചലസ്യ
ജയതി കിമപി തേജസ്സാമ്പ്രതം വ്യോമമധ്യേ
സലിലമിവ വിഭിന്നം ജാഹ്നവം യാമുനം ച

കിഴക്കു പ്രഭാതകാലത്തിന്റെ വെളുപ്പും പടിഞ്ഞാറു രാത്രിയുടെ ഇരുട്ടും കൂടിക്കലർന്നിട്ടുള്ള ആകാശത്തിന്റെ സ്ഥിതി ഗംഗയുടേയും യമുനയുടേയും ജലം പ്രത്യേകം ചേർന്നതുപോലെയായി എന്നാണു കവിയുടെ ആശയം. ഈ ആശയത്തിന്റെ പ്രയോഗത്താലാണു നമ്മുടെ കവിയ്ക്കു സാഹിത്യലോകത്തിൽ യമുനാത്രിവിക്രമൻ എന്ന പേർ പ്രസിദ്ധമായി കിട്ടിയിട്ടുണ്ട്.

* [illegible] ത്രിവിക്രമ [illegible]
[illegible]

---

* [illegible] — [illegible] ശിവൻ [illegible] വിശാരദിയും [illegible] അങ്ങനെ [illegible] എന്നു [illegible] എന്നും അർത്ഥം [illegible] ഉണ്ട്. വി [illegible] വിഷ്ണു എന്നും അർത്ഥം.

* [illegible] — [illegible] ത്രിവിക്രമന്റെ [illegible] ആകാശത്തിൽ [illegible] ([illegible]) എന്നാൽ ആകാശത്തിൽ [illegible] ത്രിവിക്രമന്റെ [illegible] ത്രിവിക്രമൻ [illegible]

എന്നു സഹൃദയന്മാർ നമ്മുടെ കവിയെ പ്രശംസിക്കുന്ന തിനു, മുൻപറഞ്ഞ പദ്യത്തിലെ യമകപദപ്രയോഗം കാരണമായിരിക്കുന്നു. കാളിദാസമങ്ഖകാദികളുടെ 'ദീപശിഖാ കണ്ഠീരവാദി' പ്രയോഗങ്ങളുടെ ആസ്വാദ്യത ഈ സന്ദർഭത്തിൽ സഹൃദയന്മാക്ക് അനുഭവപ്പെടുന്നതാണ്.

* [illegible]
[illegible]
[illegible]
[illegible]

ഇത്യാദി സ്വഭാവസുഭഗങ്ങളായ വർണ്ണനങ്ങളും നളചമ്പുവിൽ ഉണ്ട്. അവ മനസ്സിലാക്കുവാൻ വളരെ ക്ലേശിക്കണം; മനസ്സിലായാൽ രസിക്കുവാൻ ഒന്നും കാണുകയില്ല; ഈ വിധം ഉള്ള ശ്ലേഷശ്ലോകങ്ങളും ഈ കൃതിയിൽ അവിടവിടെ കാണുന്നു.

യമകാദിവിവിധശബ്ദാലങ്കാരങ്ങളിലും കവി നിപുണനാകുന്നു. എന്നതിലും ഉത്തമമായ ഒരു രസികത്വം മിക്ക പദ്യങ്ങളിലും കാണാം.

ഈ ചമ്പുവിൽ ഏഴ് ഉച്ഛ്വാസങ്ങൾ ഉണ്ട്. ഓരോന്നും അവസാനിപ്പിക്കുന്ന പദ്യത്തിൽ 'ഹരചരണ'പദം ഘടിപ്പിച്ചുകാണുന്നു.

സഹൃദയന്മാരാൽ ആദരിക്കപ്പെടുന്ന ഒരു വിശിഷ്ടമായ സ്ഥാനം ത്രിവിക്രമനു സംസ്കൃതസാഹിത്യത്തിൽ ലഭിച്ചിരിക്കുന്നു. ഈ സംഗതിയിൽനിന്ന നളചമ്പുവിന്റെ യോഗ്യത മനസ്സിലാക്കാം.

---

* സാരം:—മദിക്കുന്ന ആനകളുടെ കപോലങ്ങളിൽനിന്നൊഴുകുന്ന മദജലംകൊണ്ടു നനഞ്ഞ വൃക്ഷങ്ങളോടും, കളിക്കുന്ന പന്നികൾ പകുതി ചവച്ച മുത്തങ്ങയിൽനിന്നു പുറപ്പെടുന്ന സൌരഭ്യത്തോടും, അകത്തു വഴിപോക്കർ ഇരിക്കുന്നതും കാറ്റുകൊണ്ട് ഇളകുന്നതുമായ വള്ളിക്കുടിലോടും, കൂടിയ വിന്ധ്യാദ്രിപ്രദേശം ഏവരുടെ മനസ്സിനേയും ആകർഷിക്കുന്നതാണ്.

മഹാകവി നീലകണ്ഠദീക്ഷിതരുടെ സാഹിത്യലോകവിജയത്തെ പ്രഖ്യാപനംചെയ്യുന്ന 'നീലകണ്ഠവിജയം' ചമ്പു രണ്ടുവിധത്തിൽ ആ പേരിനെ അർഹിക്കുന്ന ഉത്തമകാവ്യമാകുന്നു. ദീക്ഷിതരുടെ സഹൃദയാകർഷണനിപുണതയെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ല. മനോധർമ്മത്തിന്റെ നൂതനത്വം പ്രസാദം ഘടനാസൌഷ്ഠവം പദഭംഗി മുതലായി ദീക്ഷിതർ സ്വതസ്സിദ്ധങ്ങളായുള്ള കവിതാഗുണങ്ങൾ മുഴുവനും പരമകാഷ്ഠയെ പ്രാപിച്ചുകാണുന്നതു രണ്ടു മഹാകൃതികളിലാകുന്നു. ഒന്നു മഹാകാവ്യമായ ശിവലീലാർണ്ണവം; രണ്ടാമത്തേതു നീലകണ്ഠവിജയം ചമ്പു; ഗ്രന്ഥവൈപുല്യംകൊണ്ടു ശിവലീലാർണ്ണവത്തെ അപേക്ഷിച്ചു നീലകണ്ഠവിജയം അല്പം താഴ്ന്നു നില്ക്കുന്നു എന്നു തോന്നുന്ന സഹൃദയന്മാരെ പക്ഷേ കണ്ടേക്കാം; എന്നാൽ രാമായണം ഭാരതം എന്നീ രണ്ടു മഹാകൃതികളുടെ പേർ കഴിഞ്ഞാൽ, പിന്നെ ചമ്പുസമുദായത്തിൽ ഒന്നാമതു പറയേണ്ടതു നീലകണ്ഠവിജയത്തിന്റെ പേരാണെന്നുള്ളതിൽ പക്ഷാന്തരം ഉണ്ടാകുന്നതല്ല. ദീക്ഷിതരുടെ നവങ്ങളും വിചാരമധുരങ്ങളും ആയ കല്പനകൾ ഈ കൃതിയിൽ പ്രതിഫലിക്കാതിരിക്കുന്ന ഒരു ഘട്ടം കാണുകയില്ല.

ഈ കൃതിയിലെ ഇതിവൃത്തം പ്രസിദ്ധമായ പാലാഴിമഥനമാണ്. ഈ കഥാവസ്തുവിനെ ദീക്ഷിതർ ചെയ്തിട്ടുള്ളതിൽ കൂടുതൽ ഭംഗിയായി ഒരു കവിക്കും നിബന്ധിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അത്രമാത്രം വൈഭവം ഈ കൃതിയിൽ കവി കാണിച്ചിരിക്കുന്നു. ദേവാസുരന്മാരുടെ യുദ്ധം, അസുരന്മാരുടെ സ്വർഗ്ഗലോകാക്രമണം, ദേവാസുരസന്ധി, അസുരവ്യാമോഹനം മുതലായ ഭാഗങ്ങൾ എത്രമാത്രം ഹൃദയംഗമങ്ങളാണെന്നു അനുഭവിച്ചുതന്നെ അറിയണം. എല്ലാ ഭാഗത്തിൽ നോക്കിയാലും ദീക്ഷിതരുടെ ഒരു പുതിയ മനോധർമ്മപ്രഭാവം തെളിഞ്ഞുകാണാം. ദീക്ഷിതരുടെ ശൈവമതപക്ഷപാതവും ഈ കാവ്യത്തിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. ശിവമാഹാത്മ്യം വർണ്ണിക്കുമ്പോൾ പലേ ദേവന്മാരെ ഇടിച്ചുതാഴ്ത്തുന്നതു ദീ-

ക്ഷിതരുടെ ഒരു വിനോദമാകുന്നു. കാളകൂടനിമിത്തമുണ്ടായ ആപത്തിനെ ശമിപ്പിച്ചതിന്റെ ശേഷം ശിവനെക്കുറിച്ച് ദേവന്മാർ ചെയ്യുന്ന സ്തുതി, ഭഗവാൻ അതിനു പറയുന്ന സമാധാനം മുതലായവ, ദീക്ഷിതരുടെ ഈ സ്വഭാവത്തിന് ഉദാഹരിക്കപ്പെടാവുന്ന ഭാഗങ്ങളാണ്. ഈ വക ഭാഗങ്ങൾ അത്യന്തം രസപരിപുഷ്ടങ്ങളുമായിരിക്കുന്നു.

അകപ്പാടെ വിചാരിക്കയാണെങ്കിൽ പ്രസാദമധുരമായും ഗംഭീരമായ ഭാഷയാൽ സർവ്വത്ര അനുഗൃഹീതമാണു നീലകണ്ഠവിജയമെന്നേ പറയുവാനുള്ളൂ. ഉത്തരരാമചരിതം ശകുന്തളോപാഖ്യാനം നളോപാഖ്യാനം മുതലായ കഥാവസ്തുക്കൾക്കു ഭവഭൂതികാളിദാസഹർഷാദികളുടെ സ്വീകരണംകൊണ്ടു നൂതനമായ ഒരു ജന്മസാഫല്യവും മാഹാത്മ്യവും ലഭിച്ചിട്ടുള്ളതായി കാണുന്നുണ്ടല്ലോ. ഇതുവിധം ഉള്ള ഒരു ജന്മസാഫല്യവും സൌഭാഗ്യവും നീലകണ്ഠദീക്ഷിതരുടെ അനുഗ്രഹത്താൽ പാലാഴിമഥനത്തിനും കിട്ടിയിരിക്കുന്നു. ചുരുക്കത്തിൽ ഈ മനോഹരമായ ചമ്പൂപ്രബന്ധത്തെക്കുറിച്ച് ഇത്രയുമേ പറയുവാനുള്ളൂ.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന വിശിഷ്ടമായ മറ്റൊരു ചമ്പുവാകുന്നു വിശ്വഗുണാദർശം. അപ്പയ്യദീക്ഷിതരുടെ പൌത്രനായ വെങ്കിടാദ്ധ്വരിയാണ് ഈ കൃതിയുടെ കർത്താവ്. ഈ അപ്പയ്യദീക്ഷിതർ കുവലയാനന്ദാദികൃതികളുടെ കർത്താവിൽനിന്നു ഭിന്നനാകുന്നു. കർണ്ണാടദേശാധിപനായ കൃഷ്ണരായരുടെ ശ്രുതനാമാവായ താതാചാര്യന്റെ ഭാഗിനേയനാണ് ഈ അപ്പയ്യദീക്ഷിതരെന്നു കാണുന്നു. നമ്മുടെ കവി രാമാനുജമതാനുയായിയും വൈഷ്ണവനും ആയിരുന്നു. നീലകണ്ഠദീക്ഷിതരുടെ സഹപാഠിയായിരുന്നു വെങ്കിടാദ്ധ്വരിയെന്നു ചിലർ പറയുന്നു. രണ്ടര ശതവർഷം മുൻപു ആണ് നീലകണ്ഠദീക്ഷിതർ ജീവിച്ചിരുന്നതെന്നു നീലകണ്ഠവിജയം ചമ്പുകൊണ്ടു തെളിയുന്നു. പ്രളയകാവേരി എന്നു പേരോടുകൂടിയ ഒരു രാജ്യത്തിന്റെ അധിപതിയുടെ ആശ്രിതനായിരുന്നു ന

ത്തെ കവി എന്നുകൂടി പറയേണ്ടതുണ്ട്. ഉദ്ദണ്ഡൻ നമ്മുടെ നാട്ടിൽ സ്ഥാനം ലഭിച്ചതിന്റെ ശേഷം ആണു വെങ്കിടാദ്ധ്വരി ജീവിച്ചിരുന്നതെന്നു വിശ്വസിക്കാം.

ലക്ഷ്മീസഹസ്രവും ഹസ്തഗിരിയും വെങ്കിടാദ്ധ്വരിയുടെ കൃതികളാകുന്നു. സ്തുതിനിന്ദാത്മകമായ വിശ്വഗുണാദർശം നിർമ്മിച്ചപ്പോൾ ദേവതാപരാധത്താൽ കവി അന്ധനായി ഭവിച്ചു. അതിനുശേഷം ആണ് ലക്ഷ്മീസഹസ്രം രചിച്ചതെന്നു പറയപ്പെടുന്നു. ഹസ്തഗിരി ചമ്പുപ്രബന്ധമാകുന്നു. അതിൽ ജഗൽപിതാക്കന്മാരായ ലക്ഷ്മീനാരായണന്മാരുടെ വിവാഹമഹോത്സവത്തെ വർണ്ണിച്ചിരിക്കുന്നു. ഈ രണ്ടു കൃതികളും വിശ്വഗുണാദർശത്തോളം പ്രാധാന്യം ഏറിയവതന്നെ.

സ്തുതിനിന്ദാത്മകേന വസ്തുക്കളുടെ ഗുണദോഷങ്ങളെ വർണ്ണിക്കയാണ് വിശ്വഗുണാദർശംകൊണ്ടു കവി ചെയ്തിരിക്കുന്നതു്. രണ്ടു ഗന്ധർവ്വന്മാർ ലോകാവലോകനോത്സുകന്മാരായി വിചിത്രങ്ങളായ പല ദേശങ്ങളിലും സഞ്ചരിക്കുന്നു. അപ്പോൾ കാണുന്ന വസ്തുവിന്റെ ഗുണത്തെ ഒരാൾ വർണ്ണിക്കുന്നു. മറ്റേ ആൾ ദോഷത്തെ നിരൂപണം ചെയ്യുന്നു. ചരിത്രം പുരാണം ഭൂമിശാസ്ത്രം മുതലായവയെ സംബന്ധിച്ച പല കാര്യങ്ങളും ഈ ചമ്പുവിൽനിന്നു പഠിക്കാവുന്നതാണ്. ബദരീം മഹാരാഷ്ട്രം ശ്രീരംഗം കാശി ചോളം വെങ്കിടഗിരി ഘടികാചലം കാഞ്ചി ജംബുകേശ്വരം ചന്നപട്ടണം എന്നിവ കവിയുടെ വർണ്ണനത്തിനു പാത്രമായിട്ടുള്ള ചില പ്രധാന ദേശങ്ങളാകുന്നു. വേദാന്തികൾ, കവികൾ, താർക്കികന്മാർ, ശാബ്ദികന്മാർ, വൈദ്യന്മാർ എന്നിവരും കവിയാൽ നിപുണതയോടുകൂടി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

വെങ്കിടാദ്ധ്വരി സർവ്വതന്ത്രസ്വതന്ത്രനായ ഒരു മഹാകവിയാകുന്നു. ഒരു പ്രൌഢനായ മഹാകവിയുടെ വാഗ്വിലാസമല്ലാതെ വിശ്വഗുണാദർശത്തിൽ ഒരിടത്തും കാണാനില്ല. ശബ്ദത്തിലും അർത്ഥത്തിലും കവിക്കുള്ള സ്വാധീനതയ്ക്കു ഒരു പരിമിതിയില്ലയെന്നു പറയണം. ചിത്രവും ഭാഷയുടെ പ്രൌഢ

ലഭിക്കും ശക്തിയേയും കുറവില്ല. കവി വർണ്ണിച്ചിരിക്കുന്ന വിഷയങ്ങളിൽ ഒടുക്കത്തേതായ ഔദാര്യം തെളിഞ്ഞുകാണാം. വസ്തുക്കളുടെ ഗുണത്തേയോ ദോഷത്തേയോ കുറിച്ചു ഒന്നും പറയുവാനില്ലാത്ത സന്ദർഭങ്ങളിൽ സ്വാതന്ത്ര്യബോധത്തോടു നാമേയ്കൊണ്ടു കവി ഗുണദോഷങ്ങളെ കല്പനചെയ്യുന്നതു സ്വാഭാവികമാകുന്നു. ഇപ്രകാരം ചെയ്യുന്നതു് ഇരുട്ടുകൊണ്ടോ ട്ടയടപ്പുന്നതുപോലെയാകുന്നെങ്കിലും ആ ഇരുട്ടിനകത്തും അന്തരംഗമായ ഒരു പ്രകാശം കാണാവുന്നതാണു്.

* [illegible]
[illegible]
[illegible]
[illegible]

ഈ പദ്യം ഇവിടെ ഉദാഹരിക്കപ്പെടാം. അന്ധകാരിപദത്തിന്റെ നാനാർത്ഥങ്ങളെ ആശ്രയിച്ചാണു് ഈ പദ്യത്തിന്റെ രസികത്വം നിലനില്ക്കുന്നതു്. ഇവിടെ അന്ധകാരിതമായ ഗുണമായിരുന്നിട്ടും ദോഷമായി കല്പിച്ചിരിക്കുന്നു. ഇപ്രകാരം വക്രപ്രയോഗസാമർത്ഥ്യംകൂടാതെയും രസകരങ്ങളായ ഭാഗങ്ങൾ വിശേഷണങ്ങളിൽ സുലഭങ്ങളാകുന്നു.

* [illegible]
[illegible]
[illegible]
[illegible]

---

* സാരം:— [illegible]

* സാരം:— [illegible]

റ്റുന്ന പദ്യത്തിൽ, കവി [illegible] ആശ്രയിച്ചുള്ള ജീവിതത്തിന്റെ നിന്ദ്യതയേയും [illegible] ജനത്തിന്റെ [illegible] ത്തേയും അനുഭവയോഗ്യമായവിധം വർണ്ണിച്ചിരിക്കുന്നു. ശബ്ദത്തിന്റെ പ്രവാഹശക്തിയും ഓജസ്സും ഈ പദ്യത്തിൽ നല്ലപോലെ പ്രകാശിക്കുന്ന ഗുണങ്ങളാകുന്നു.

[illegible] ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും രസികന്മാരായ വിദ്വാന്മാർക്കും അത്യന്തം പ്രയോജനപ്പെടുന്ന സൽകാവ്യമാണു് വിശ്വഗുണാദർശം. ഈ കൃതിക്കു സംസ്കൃതസാഹിത്യത്തിൽ ഉന്നതമായ സ്ഥാനംതന്നെ ലഭിച്ചിരിക്കുന്നു.

പ്രാചീന [illegible] 'ശ്രീകൃഷ്ണചമ്പു' എന്നൊരു കൃതി കാണുന്നുണ്ടു്. ഈ കൃതിയുടെ പ്രാരംഭത്തിൽ കവി ചില പൂർവ്വകവികളെ സ്മരിച്ചിരിക്കുന്നു.

* [illegible]
[illegible]
[illegible]
[illegible]

എന്നു [illegible] പ്രശംസിച്ചിരിക്കുന്നതു്, [illegible] കവിതാരീതിയിൽ [illegible] മുതലായ [illegible] മുതലായ ഗ്രന്ഥങ്ങളേയും [illegible] ഗ്രഹിക്കേണ്ടതാണു്. [illegible] ഈ കൃതിയിൽ കാണുന്ന ചില ഗുണങ്ങളാകുന്നു. ഈ കാവ്യം അധികം പ്രചാരമുള്ളതെന്നു തോന്നുന്നില്ല.

[illegible] പ്രബന്ധകർത്താക്കളുടെ ഗണത്തിൽ [illegible] [illegible] [illegible] [illegible]

* [illegible] കാവ്യത്തിനു് [illegible] "[illegible]" [illegible]

ട്ടുള്ളതു്; അതിൽ പ്രബന്ധനായകന്മാരെപ്പോലെയുള്ള പ്രബന്ധത്തിന്റെ മാഹാത്മ്യം അധികം ഉണ്ടെന്നാണു സഹൃദയന്മാരായവരുടെ അഭിപ്രായം. വിരചിച്ചിട്ടുള്ള കൃതികളുടെ എണ്ണംകൊണ്ടും വണ്ണംകൊണ്ടും ഭട്ടതിരിയെ സുപ്രസിദ്ധകവിചൂഡാമണിയായ ക്ഷേമേന്ദ്രനോടു സദൃശനായി ഗണിക്കാവുന്നതാണ്. മഹാഭാരതത്തെ സംഗ്രഹിച്ചു് സാരമഞ്ജരിയായ ഭാരതമഞ്ജരിയെ ചമച്ച ക്ഷേമേന്ദ്രനും ഭാഗവതത്തെ ചുരുക്കി ഭക്തജനജീവാതുവായ നാരായണീയത്തെ നിർമ്മിച്ച ഭട്ടതിരിയും സംസ്കൃതസാഹിത്യത്തിൽ ഒരുപോലെ വ്യാസവാല്മീകിമാർ തന്നെയെന്നതിനു സംശയമില്ല. വ്യാസാദിമുനിശ്രേഷ്ഠന്മാരുടെ സാഹിത്യപ്രപഞ്ചത്തിൽ സ്വൈരമായി സഞ്ചരിച്ചിട്ടുള്ള തഴമ്പു് ഈ രണ്ടു കവികളുടേയും പദങ്ങൾക്കു് ഉണ്ടെന്നു കാണുവാൻ കഴിയും. ക്ഷേമേന്ദ്രൻ ശാന്തനും ഗംഭീരനും ആയ ഒരു ഋഷിയാണ്; എന്നാൽ ഭട്ടതിരിയോ? ലളിതവും രസികതയും മനോധർമ്മവും തികഞ്ഞ ഒരു ഗൃഹസ്ഥനായ നമ്പൂരി. ഇതാണു് ഇവർ തമ്മിൽ ഉള്ള വ്യത്യാസം.

ഭട്ടതിരിയുടെ കവിതാമൃതവാഹിനിയിൽ വിഹരിക്കുമ്പോൾ ഉണ്ടാകുന്ന ആഹ്ലാദം അപരിമിതമാകുന്നു. ഈ 'വൈചിത്ര്യമിളിത'മായ ആനന്ദം ഭട്ടതിരിയുടെ പ്രബന്ധങ്ങൾ പഠിക്കുമ്പോളാണു സമൃദ്ധമായി ലഭിക്കുന്നതു്. ഈപ്രകാരമുള്ള പ്രബന്ധങ്ങളിൽ ശയ്യാഗുണവും ഭാവവും പ്രഗല്ഭമായിത്തന്നെ ഇരിക്കുന്നു. ഈ പ്രബന്ധങ്ങളിൽ ചില കഥാഭാഗങ്ങളെ കവി വളരെ ചുരുക്കിയിരിക്കുന്നതായി കാണാം; അതുപോലെ വിസ്തരിച്ചിട്ടുള്ള കഥാഭാഗങ്ങളും ഉണ്ടു്. എന്നാൽ കവിതാവൈചിത്ര്യത്തിനു് ഒരിടത്തും കുറവില്ല.

അനന്തഭട്ടന്റെ ഭാരതചമ്പു ശന്തനുവർണ്ണനത്തോടുകൂടി ആണല്ലോ ആരംഭിക്കുന്നതു്. എന്നാൽ അഗസ്ത്യഭട്ടന്റെ ബാലഭാരതത്തെ അനുകരിച്ചു ചന്ദ്രവംശവർണ്ണനത്തോടുകൂടി ഭാരതപ്രബന്ധം തുടങ്ങുന്നു. പൂർവ്വഭാരതകഥാഭാഗങ്ങളെ അനന്തഭട്ടൻ സ്പർശിച്ചിട്ടില്ല. ഭട്ടതിരി അവയെ തൊട്ടി

ട്ടിരിക്കുന്നു പറയുവാൻ പാടില്ല; അത്ര ലഘുവായിട്ടേ സ്പർശിച്ചിട്ടുള്ളൂ.

അനന്തഭട്ടൻ വിസ്തരിച്ചിട്ടുള്ള പല ഇതിവൃത്തങ്ങളേയും ഭട്ടതിരി വളരെ ചുരുക്കിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ ഭട്ടതിരി അനന്തഭട്ടനോടു മത്സരിച്ചു മെച്ചം തട്ടിയെടുക്കുന്നതായി കാണാം. സുഭദ്രാഹരണം [illegible] രാജസൂയം ഗോഗ്രഹണം കിരാതം മുതലായ ഇതിവൃത്തങ്ങളെ അധികരിച്ചു ഭട്ടതിരി പ്രത്യേകം പ്രബന്ധങ്ങൾതന്നെ നിർമ്മിച്ചിട്ടുണ്ടു്. അവ ഭാരതചമ്പുവിലെ ആ വക ഭാഗങ്ങളെ അതിശയിക്കുന്നവയാണു്. അതുപോലെ ഭോജചമ്പുവിലെ ചില ഭാഗങ്ങളെ അധികരിക്കുന്ന അംശങ്ങൾ രാമായണംപ്രബന്ധത്തിലും ഉണ്ടെന്നുതന്നെ പറയണം.

രാമായണം ഭാരതം എന്നീ പ്രബന്ധങ്ങളിൽ കാണുന്ന പല പദ്യങ്ങളും ഭട്ടതിരിയുടെ വകയല്ല. ഭോജചമ്പു ഭാരതചമ്പു ബാലഭാരതം മുതലായ പൂർവ്വകൃതികളിൽനിന്നു് എടുത്തുചേർത്തിട്ടുള്ളവയാകുന്നു. [ഇവ എങ്ങിനെ പ്രക്ഷിപ്തങ്ങളായി എന്ന അടുത്ത ഒരു സന്ദർഭത്തിൽ വിചിന്തനം ചെയ്യുന്നതാണു്.] ഭാരതപ്രബന്ധത്തിൽ അഗസ്ത്യഭട്ടന്റെ ബാലഭാരതത്തിലെ പദ്യങ്ങൾ കണക്കില്ലാതെ എടുത്തുചേർത്തിരിക്കുന്നു. അവയിൽ പലതും ഭട്ടതിരിയുടെയാണെന്നു സാധാരണക്കാർ തെറ്റിദ്ധരിക്കുവാൻ ഇടയുണ്ടു്. എന്നാൽ ഭട്ടതിരിയുടെ പദ്യങ്ങളെ ഏതു കൂട്ടത്തിൽനിന്നും തിരിച്ചറിയുവാൻ ക്ലേശമില്ല. ഭാരതപ്രബന്ധത്തിൽനിന്നു ചില പദ്യങ്ങളെ ഉദ്ധരിക്കാം.

* തൽപുത്രസ്സുരഭിപ്രകാന്തിചപലസ്പൃഷ്ടാവകീർത്തിസ്ഫുരാ-
[illegible] നരവരൈരഭജത കൃതി [illegible]
[illegible] പുരവരം പ്രണയൻ [illegible]
[illegible]

* സാരം:— അർജ്ജുനപുത്രനായി [illegible] [illegible] കീർത്തിശാലിയായി [illegible] [illegible] [illegible] [illegible]

ഭട്ടതിരിയുടെ ശബ്ദാൎത്ഥരഹസ്സ് ഈ പദ്യത്തിൽ തെളിഞ്ഞു കാണുവാൻ കഴിയും. ഇതിലെ ശബ്ദസുഖം വിശേഷിച്ചും ആ സ്വാദ്യമാകുന്നു. ഈ പദ്യത്തിലെ 'ദിവ്യചക്രവാളകളുകളികാന്താരമന്ദാരവല്ലീ' എന്ന പദത്തിന്റെ ഭംഗി പ്രത്യേകം ചിന്തിക്കേണ്ടതാണ്.

൧ ഭസ്മാങ്കം യത്ര [illegible]
[illegible]
[illegible]
പ്രാണത്രാണകലാ [illegible]

എന്ന പദ്യത്തിൽ ഗണേശന്റെ മാഹാത്മ്യത്തെ വൎണ്ണിച്ചിരിക്കുന്നു. ശബ്ദത്തിന്റെയും അൎത്ഥത്തിന്റെയും വൈചിത്ര്യവും സുഭഗതയും ഈ പദ്യത്തിന്റെ ഉത്തരാൎദ്ധത്തിൽ എത്രമാത്രം തെളിഞ്ഞു പരിലസിക്കുന്നുണ്ടെന്നു വിചാരിക്കേണ്ടതാണ്. ശക്തിമുദ്രശ്രീ, പ്രാണത്രാണകലാ, അഹിതഗണാധികളുഷസ്സേനമാവ്, എന്നീ പദങ്ങളുടെ അലങ്കാരഭംഗിയും മാധുൎയ്യവും സഹൃദയന്മാർ അനുഭവിച്ചുതന്നെ അറിയണം. ദേവതാപ്രബന്ധത്തിൽനിന്ന് ഒരു പദ്യംകൂടി താഴെ ചേൎക്കാം.

൨ [illegible]
ശ്രീകൃഷ്ണ [illegible]
[illegible]
[illegible]

൧ സാരം:— അങ്ങയുടെ വൈഭവത്തെക്കുറിച്ചു വേണ്ടതുപോലെ വൎണ്ണിപ്പാൻ പുരാതനന്മാരായ കവികൾക്കും കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിക്ക് അല്പന്മാരായ മറ്റുള്ളവൎക്ക് എന്തു സാധിക്കും? ലക്ഷ്മണന്റെ പ്രാണവായു ശത്രുവിന്റെ ശക്തിയായ [illegible] പോലെ ചലിച്ചപ്പോൾ. (ശത്രുവിന്റെ ആയുധം ഏറ്റു ലക്ഷ്മണൻ മൃതനായി.) ആ വിപത്തിൽനിന്നു ലക്ഷ്മണനെ രക്ഷിച്ചതു് അങ്ങയുടെ ശക്തിയാണ്. അപ്രകാരമുള്ള അങ്ങേക്കു നമസ്കാരം ഭവിക്കട്ടെ.

൨ സാരം:— ഉൽക്കടമായ പ്രതാപത്തോടുകൂടിയവനും [illegible] ശ്രീകൃഷ്ണ[illegible] ശോഭിപ്പിക്കുന്നവനും [illegible] ആശ്രയിച്ചു. അപ്പോൾ പ്രശസ്തമായ [illegible]

ഈ പദ്യത്തിലും ഭട്ടതിരിയുടെ നിസ്തുല്യമായ വൈഭവം കാണുവാൻ കഴിയും. 'ചിതതുളജാചിത്തചീതന്തികായശ്രിയം' '[illegible]' എന്നീ പദങ്ങളുടെ അർത്ഥപുഷ്ടിയും ശബ്ദത്തിനുള്ള സൗന്ദര്യമാകട്ടെ ആനന്ദജനകംതന്നെയാകുന്നു. ഭാരതപ്രബന്ധത്തിലെ ശ്ലോകങ്ങളും ഗുണപുഷ്ടങ്ങളാകുന്നു. ഈ പ്രബന്ധത്തെ ഇത്രമാത്രം [illegible] ആണെന്നുള്ളതു വിസ്മരിക്കാവുന്നതല്ല.

കവിതാഗുണപൌഷ്കല്യംകൊണ്ടു ഭാരതപ്രബന്ധത്തിന്റെ സാമാന്യത്തിലും രാമായണപ്രബന്ധത്തിനു ഉണ്ടെന്നു കാണാം. ഇത്രമാത്രമേ ഈ കൃതിയെക്കുറിച്ചു പറയേണ്ടതായുള്ളൂ.

ഇതരങ്ങളായ പ്രബന്ധങ്ങളിൽ രാജസൂയം പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. ശബ്ദസൌന്ദര്യം ഗാംഭീര്യം മുതലായ ഗുണങ്ങൾ ഈ കൃതിയിൽ അധികമായി പ്രകാശിക്കുന്നു. യാഗത്തിന് അധികാരമില്ലാത്ത ഒരാളാകയാൽ, ഭട്ടതിരിക്ക്, യാഗസംബന്ധമായി ഒന്നും നിശ്ചയമില്ലെന്നു നമ്പൂരിമാർക്കുണ്ടായ ആക്ഷേപത്തെ പരിഹരിക്കാനാണ് ഈ പ്രബന്ധം നിർമ്മിച്ചതെന്നു ചിലർ പറയുന്നു. ഈ അഭിപ്രായത്തിൽ വല്ല വാസ്തവവും ഉണ്ടെങ്കിലും ഇല്ലെങ്കിലും രാജസൂയപ്രബന്ധത്തിൽ യാഗവിധികൾ ശരിയായി വർണ്ണിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. യാഗത്തിനു വേണ്ട ഒരുക്കങ്ങൾ കൂട്ടുക, അഗ്രപൂജ, ശിശുപാലവധം, സ്തുതി മുതലായ ഭാഗങ്ങൾ വളരെ ഹൃദ്യങ്ങളായിരിക്കുന്നു. ശിശുപാലൻ ഭഗവാനെ ആക്ഷേപിക്കുന്ന ഭാഗത്തിൽ സ്തുതിപാഠവും നിന്ദാവാദവും ആയ [illegible] അടങ്ങിയിരിക്കുന്നു. ഭട്ടതിരി ഈ സന്ദർഭത്തിൽ മാഘനെ അനുകരിക്കാത്തതായി കാണുന്നു.

ശിശുപാലവധംകാവ്യത്തിനും രാജസൂയപ്രബന്ധത്തിനും തമ്മിൽ യാതൊരു സാദൃശ്യം ഇല്ല. എത്രമാത്രം അതിയായി [illegible] വ്യത്യാസപ്പെട്ടാലും [illegible] ഭാഗവതം [illegible] ഒരു [illegible] ഭാരതത്തെ [illegible] ഇ

ല്ലാതെ സുഖമായി കാലക്ഷേപം കഴിക്കുവാൻ മാത്രം മുതലുള്ള ഒരു ഗൃഹസ്ഥനാണു ഭട്ടതിരി. മാഘൻ വേണ്ടിടത്തും വേണ്ടാത്തിടത്തും അർത്ഥം അളവില്ലാതെ വാരിക്കോരി ചിലവിടുന്നു. ഇനിയും പല 'യാഗ'ങ്ങളും നടത്തുവാനുള്ള കോപ്പു മാഘനുണ്ട്. രാജസൂയം ഭംഗിയായി കഴിച്ചുകൂട്ടി എന്നു മാത്രമേ ഭട്ടതിരിയെക്കുറിച്ചു പറയുവാനുള്ളൂ. മാഘനും ഭട്ടതിരിക്കും തമ്മിൽ ഉള്ള ഈ വ്യത്യാസം മാഘത്തിലും രാജസൂയപ്രബന്ധത്തിലും സർവ്വത്ര കാണാവുന്നതാണ്. ഇതുകൊണ്ടു ഭട്ടതിരിയുടെ പ്രബന്ധത്തിനു ന്യൂനതയുണ്ടെന്നു വിചാരിക്കരുത്. ഈ പ്രബന്ധത്തിനു പ്രസിദ്ധവിദ്വാനായ വയ്ക്കത്തു പാച്ചുമൂത്തതു ഒരു (സംസ്കൃത)വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു.

ഭട്ടതിരിയുടെ പേർപറയേണ്ട മൂന്നു പ്രബന്ധങ്ങൾ പാഞ്ചാലീസ്വയംവരവും പാർവ്വതീസ്വയംവരവും സുഭദ്രാഹരണവും ആകുന്നു. സാരള്യം പ്രസാദം മാധുര്യം എന്നിവ ഈ പ്രബന്ധങ്ങളുടെ പ്രത്യേകഗുണങ്ങളാകുന്നു. സ്വയംവരത്തിനു വന്നിരിക്കുന്ന രാജാക്കന്മാരുടെ ചാപല്യവും, ബ്രാഹ്മണരുടെ സാമർത്ഥ്യവും ഗർവ്വും പാഞ്ചാലീസ്വയംവരത്തിൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഭട്ടതിരിയുടെ തികഞ്ഞ നമ്പൂതിരിപ്പാടിത്തത്തിന്റെ സാമർത്ഥ്യം ഈ മാതിരി സന്ദർഭങ്ങളിൽ വായനക്കാർക്ക് അനുഭവിക്കാവുന്നതാണ്. ദേവിയുടെ തപസ്സ്, വേഷപ്രച്ഛന്നനായ ശിവന്റെ സമാഗമം മുതലായവ പാർവ്വതീസ്വയംവരത്തിൽ വർണ്ണിച്ചിട്ടുള്ള ചില ഹൃദയംഗമങ്ങളായ ഭാഗങ്ങളാകുന്നു. ശൃംഗാരരസപ്രധാനമായ ഒരു മധുരകാവ്യമാണു സുഭദ്രാഹരണം. ഭട്ടതിരിയുടെ ആനന്ദമനോധർമ്മത്തിന്റെ ഒരു വിഹൃതിരംഗമാണ് ഈ കാവ്യം. ശാപഗ്രസ്തനായ ഗന്ധർവ്വന്റെ വിവിധപരാക്രമങ്ങളെ വർണ്ണിക്കുന്ന ഭാഗം ഗജേന്ദ്രമോക്ഷത്തിൽ പ്രത്യേകം ശ്രദ്ധയെ അർഹിക്കുന്നു. കല്യാണസൗഗന്ധികം ത്രിപുരദഹനം ദക്ഷയാഗം വ്യാസോ

ല്പത്തി ശിഷ്യസംഗതി എന്നിവ ഭട്ടതിരിയുടെ കവിതാഗുണങ്ങൾ സാമാന്യേന പ്രകാശിക്കുന്ന കാവ്യങ്ങളാണെന്നു മാത്രമേ പറയുവാനുള്ളൂ. നിരനുനാസികം ചെറിയതെങ്കിലും ഉജ്ജ്വലമായ കൃതിയാണ്. അനുനാസികരഹിതമായി ഈ കാവ്യം രചിച്ച ഭട്ടതിരിയുടെ ഔചിത്യദീക്ഷയേയും നൈപുണ്യത്തെയും എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. ശൂർപ്പണഖ, സീതയുടെ അംഗലാവണ്യത്തെ അറിച്ചു രാവണനെ വർണ്ണിച്ചു കേൾപ്പിക്കുന്ന ഒരു ഗദ്യമാണ് ഇതിലെ പ്രധാനഭാഗം. അലങ്കാരപ്രൗഢി രചനാപാടവം അർത്ഥവൈചിത്ര്യം മുതലായ ഗുണങ്ങൾ ഈ ചെറിയ കാവ്യത്തിൽ അമിതമായി പ്രോല്ലസിക്കുന്നുണ്ട്. പ്രസിദ്ധനായ ഇരവിച്ചാക്യാർ പറഞ്ഞിട്ടാണ് ഭട്ടതിരി ഈ പ്രബന്ധം രചിച്ചതെന്നു കാണുന്നു. ഈ ചാക്യാർ ഈ പ്രബന്ധത്തെ നിരനുനാസികമായിത്തന്നെ വളരെ വിസ്തരിച്ച് (സദസ്സിൽ) പറഞ്ഞിട്ടുണ്ടെന്ന് ഐതിഹ്യം ഉണ്ട്. സുബന്ധു ബാണൻ ത്രിവിക്രമൻ മുതലായ പൂർവ്വമഹാകവികളുടെ ഗദ്യപ്രസ്ഥാനം ഭട്ടതിരിക്ക് എത്രയും സ്വാധീനമാണെന്നു നിരനുനാസികത്തിലെ ഗദ്യം തെളിയിക്കുന്നു. അഷ്ടമിപ്രബന്ധത്തിലെ വിഷയം പ്രസിദ്ധമായ വൈക്കത്തെ അഷ്ടമിമഹോത്സവമാകുന്നു. അഷ്ടമിക്കു നാനാദേശങ്ങളിൽനിന്നു വന്നുചേർന്നിട്ടുള്ള വിവിധസ്വഭാവക്കാരായ ജനങ്ങളുടെ സ്ഥിതിഭേദങ്ങളെ ഈ കൃതിയിൽ ഭട്ടതിരി നല്ല തന്മയത്വത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. നാരദമോഹനം കവി ബാല്യകാലത്തിൽ വിരചിച്ചിട്ടുള്ള കൃതിയായിരിക്കാം. ഗജേന്ദ്രമോക്ഷം പഞ്ചേന്ദ്രോപാഖ്യാനം ഭഗവദ്ദൂത് സ്വാഹാസുധാകരം സന്താനഗോപാലം എന്നിവയും ഭട്ടതിരിയുടെ സാരസ്വതവിലാസത്തിന്റെ ഉത്തമാംശങ്ങളായ കൃതികൾതന്നെയാണ്.

ഭട്ടതിരിയുടെ പ്രബന്ധങ്ങളിലെ ഇതിവൃത്തങ്ങൾ പുരാണസംഗ്രഹീതങ്ങളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവ ഭക്തിപ്രധാനങ്ങളാണെന്നുകൂടി ധരിക്കേണ്ടതുണ്ട്. ഒന്നിലും തന്നെ പാരമ്പര്യാഭിമാനവും ഗുണോൽക്കർഷത്തിനു

ജനങ്ങളെ ഭക്തന്മാരാക്കുക എന്നതാണു ഭട്ടതിരിയുടെ ഉദ്ദേശം. ഗുരുവായൂർ ഭഗവാന്റെ സവിശേഷാനുഗ്രഹത്തിനു പാത്രമായ ഭട്ടതിരി ഈ ഉദ്ദേശത്തെ പ്രബന്ധമുഖേന സാധിക്കുകയാണു ചെയ്തിട്ടുള്ളതു്. ഈശ്വരകഥാശ്രവണംതന്നെ ഭക്തിയുണ്ടാകുന്നതിനുള്ള ഉത്തമമാർഗ്ഗം എന്നാണു ഭട്ടതിരിയുടെ അഭിപ്രായം. കവി നാരായണീയത്തിൽ ഈ അഭിപ്രായത്തെ തുറന്നു പറഞ്ഞിട്ടുണ്ടു്.

ത്വൽഭക്തിസ്തു കഥാരസാമൃതഝരീനിർമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീമക്ലേശതസ്തന്വതീ

ഇപ്രകാരം ഉണ്ടാകുന്ന ഭക്തിയിൽനിന്നു നിർമ്മലമായ ജ്ഞാനം ലഭിക്കുന്നു. ജനങ്ങളെ സന്ദർഭോചിതങ്ങളായ വാഗ്വിലാസങ്ങൾകൊണ്ടു സരസമായി ആകർഷിച്ചു് അവർക്കു സംസാരനിസ്സാരതയേയും ഭഗവന്മാഹാത്മ്യത്തേയും ഉപദേശിച്ചു് അവരെ ജ്ഞാനന്മാരും ഭക്തന്മാരും ആക്കുന്നതിനു ഭട്ടതിരിക്കുള്ള നൈപുണ്യമാണു പ്രബന്ധങ്ങളിൽ കാണുന്ന പ്രധാനഗുണം. ഭട്ടതിരിയെപ്പോലെ സിദ്ധനായ ഒരു കവിക്കു മാത്രമേ ഇപ്രകാരം ചെയ്യുവാൻ കഴിയുകയുള്ളൂ. ഭക്തിവിഷയം വന്നാൽ പിന്നെ ഭട്ടതിരി തന്നെത്താൻ മറന്നുപോകുന്നു. ഭഗവന്മാഹാത്മ്യത്തെ വർണ്ണിക്കുന്നതിനു ലഭിക്കുന്ന എത്ര ലഘുവായ സന്ദർഭത്തെയും ഭട്ടതിരി വെറുതെ കളയുന്നില്ല. വിവിധശാസ്ത്രങ്ങളിലും പുരാണേതിഹാസങ്ങളിലും അതുപോലെ കാളിദാസമാഘഭട്ടബാണമയൂരമൂകാദികളുടെ സാഹിത്യതല്ലജങ്ങളിലും അതിചതുരതരമായ പരിചയം ഭട്ടതിരിക്കു ലഭിച്ചിട്ടുണ്ടു്. ചുരുക്കം ചിലർക്കുമാത്രം ഭാഗ്യവശാൽ ലഭിക്കുന്ന ഈ പരിചയം ഭട്ടതിരിയുടെ പ്രബന്ധങ്ങൾക്കു നിസ്സീമമായ ഉൽകർഷത്തെ സമ്പാദിച്ചുകൊടുത്തിരിക്കുന്നു. പ്രകൃത്യാ വിശിഷ്ടമായ ഭക്തിയെ മധുരമായ സാഹിത്യത്തോടു ഭട്ടതിരി നല്ലപോലെ ഇണക്കി. അതുകൊണ്ടു് പാലും പഞ്ചസാരയും ചേരുമ്പോൾ അനുഭവപ്പെടുന്ന ആസ്വാദ്യത ഭട്ടതിരിയുടെ പ്രബന്ധങ്ങളിൽ ഉൽകർഷത്തെ പ്രാപിക്കുവാൻ ഇടയായി.

പൂൎവ്വന്മാരായ മഹാകവികളുടെ എല്ലാ പ്രസ്ഥാനവും ഉട്ടിരിക്കു പരിചിതമാണെന്നു മുൻപു പറഞ്ഞുവല്ലോ. അവരിൽ ആരുടെ പ്രസ്ഥാനത്തെ അനുഗമിക്കുന്നതിനും ഉട്ടിരിക്ക് ഒരു വിഷമതയുമില്ല; എങ്കിലും ഉട്ടിരി പൂൎണ്ണമായി ഒരിടത്തും അങ്ങിനെ ചെയ്തിട്ടില്ല. സാഹിത്യസാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തിലും ഉട്ടിരിക്കുള്ള സ്വാതന്ത്ര്യവും സ്വാധീനശക്തിയും നിരുപമമാകുന്നു. തൎക്കവ്യാകരണാദിശാസ്ത്രങ്ങളിൽ ഉള്ള നൈപുണ്യത്തെയും ഉട്ടിരി പല സന്ദൎഭങ്ങളിലും ചാതുൎയ്യത്തോടുകൂടി പ്രകാശിപ്പിച്ചിട്ടുണ്ട്.

ഉട്ടിരിയുടെ കവിതാമന്ദിരത്തിന്റെ കവാടങ്ങളെ ഉദ്ഘാടനംചെയ്തു നാനാമുഖേന തദന്തൎഭാഗത്തിൽ പ്രവേശിച്ച് അവിടെയുള്ള വിശേഷങ്ങളെ പരിശോധിച്ചുനോക്കാം.

൧. ശല്യോപി താവച്ചാപലമകൃതോത്ഥ്യ
[illegible]
[illegible]
[illegible]

(പാഞ്ചാലീസ്വയംവരം)

ഈ പദ്യത്തിലെ 'ചാപലതാ'പ്രയോഗവും

൨. [illegible]
[illegible]

(കുചേലവൃത്തം)

എന്ന പദ്യത്തിലെ 'ക്ഷുത്താമയ'പ്രയോഗവും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ശല്യൻ ചാപലതയെ അടക്കുവാൻ കഴിഞ്ഞില്ല; സ്വന്തം ചാപലതയെ പ്രകാശിപ്പിക്കുവാനേ കഴിഞ്ഞുള്ളു. ദാരങ്ങളും ഗൃഹങ്ങളും ക്ഷുത്താമയങ്ങളായ സ്ഥിതി

൧. സാരം:—ശല്യൻ ശത്രുവിനെ പോരടുവാൻ സാധിച്ചില്ല. എങ്കിലും അന്നത്തെ ശല്യനിൽ വലിയ ചാപലതയെ കണ്ടു. (ചാപമാകുന്ന ലത എന്നും ചാപല്യം എന്നും ചാപലതയ്ക്ക് അൎത്ഥം.)

൨. സാരം:—കുചേലൻ ക്ഷുത്താമയങ്ങളായ (രോഗമില്ലാത്ത) [illegible] ഗ്രാമത്തിൽ വസിച്ചു. അവിടെ [illegible]

ക്ക് അവയുടെ സംസർഗ്ഗത്തോടുകൂടിയ കുചലനം മുകുളോദ്ഗമ ഉണ്ടാകുന്നതു യുക്തംതന്നെ. ഇതാണു ഭട്ടതിരിയുടെ ഫലിതചാതുര്യം.

൧. ഇത്ഥം സമസ്താനപി ദിവ്യകന്യാ-
നിജംനിജം മന്ദതയാ സഖേവ
രാജ്ഞാം ഗണാന്യത്ര വിലക്ഷ ഭാസി
ഭ്രംശപ്രദേശസ്യ സലക്ഷ ഏവ.

(പാ—സ്വയംവരം)

വിലക്ഷസൂചകപ്രയോഗത്തെ ആശ്രയിച്ചു ചെയ്തിരിക്കുന്ന അർത്ഥകല്പനയാണു് ഈ പദ്യത്തിലെ ജീവൻ. സമസ്തമായ അർത്ഥത്തെ ആശ്രയിച്ചുള്ള കല്പനയ്ക്കു് ഒരു ഉദാഹരണം കാണിക്കാം.

൨. അസ്യാ ഏവ കരാംബുജദ്വയകൃതാസേകോപചാരാൽ കാമിനാം,
ഗന്താരൻ പശ്യ പുരസ്സരൻ ഫലഭരൈരാനമ്രശാഖാശതാൻ
സംപ്രാപ്യ സമീക്ഷിതാ ത്വ സുമനസ്സംഭാവ്യതാം
ഫലാ ലതികാ തവ തപസാ ന സമ്പാദ്യാപി സംദൃശ്യതേ

(പാർവ്വതീസ്വയംവരം)

ഇവിടെ ദേവിയുടെ തപസ്സാകുന്ന ലത പൂത്തു ഫലിക്കുന്നതിനുള്ള കാലം പലതും അതിക്രമിച്ചിരിക്കുന്നു എങ്കിലും അതു് ഇപ്പോഴും പൂത്തിട്ടുകൂടിയില്ലെന്നുള്ള ആശയം ഭംഗിയായി കാണിച്ചിരിക്കുന്നു. രൂപകപ്രൗഢി തികഞ്ഞ ഒരു പദ്യം താഴെ ചേർക്കുന്നു.

---

൧. സാരം:—രാജാക്കന്മാർ സ്വയംവരത്തിനു വന്നു. അവർ വൈലക്ഷ്യമുള്ളവരായി എങ്കിലും ഭംഗപ്രദേശം സലക്ഷണന്മാരായി ഭവിച്ചു.

൨. സാരം:—ഇവൾ (പാർവ്വതി) തന്നെത്താൻ വളർത്ത വള്ളിയിലുള്ള വൃക്ഷങ്ങൾ പൂത്തു ഫലപുഷ്ടങ്ങളായി. ഇവളോടു് ജനിച്ചതെന്നതാണ് ഇവളുടെ തപസ്സാകുന്ന ലതയും കുറച്ചു വളർന്നിട്ടുണ്ടു്. എങ്കിലും അതു പൂത്തു ഫലസമ്പാദ്യം കാണുന്നില്ല. പിന്നെ ഫലസിദ്ധി ദൂരെ ഇരിക്കുന്നു.

൧ ശ്രീമന്നാക മനോരഥതരോഃ കല്പ്പദ്രുമസ്യേവ തേ—
[illegible]
[illegible]
[illegible]

(ഭഗവദ്ദൂത്)

ഇവിടെ മനോരഥത്തെ വൃക്ഷമാക്കി അതിനു വേണ്ട യോഗ്യതയെല്ലാം കല്പിച്ചിരിക്കുന്നു. നാലാംപാദത്തിലെ ശബ്ദപ്രൗഢി വളരെ മനോജ്ഞമാകുന്നു. കണക്കിനു യോജിച്ച ഒന്നാണ 'ശകുനി'പ്രയോഗം. അർജ്ജുനന്റെ പൂർവ്വപരാക്രമത്തെ സ്മരിച്ചുകൊണ്ടു ദുര്യോധനാദികൾക്കു വിജയം ലഭിക്കയില്ലെന്നുള്ള ആശയം ഭംഗിയായി കാണിച്ചിരിക്കുന്നു.

൨. കുന്ദസ്മിതരുചിരമപി ച കൈരവികരാരവിന്ദം.
നീലാബ്ജ [illegible]
സത്യമപി ശാദ്വലതയാ [illegible]
[illegible]

(സുഭദ്രാഹരണം)

൩. [illegible]
[illegible]
[illegible]
[illegible]

(വ്യാസോല്പത്തി)

---

൧ അർത്ഥം — [illegible]

൨. സാരം — നല്ല [illegible] കൈരവികളോടുകൂടിയതും [illegible] നീലാബ്ജങ്ങളെക്കൊണ്ടും ശാദ്വലമാകുന്ന വള്ളികൊണ്ടും [illegible] (അർജ്ജുനനെ [illegible])

൩. സാരം — [illegible] കാലു വെച്ചും, കയ്യിൽ [illegible] (തണ്ടു-കഴികോൽ) ധരിച്ചും, സകലലോകത്തെയും വശീകരിക്കുന്ന [illegible]

എന്ന പദ്യങ്ങളുടെ രസികത്വം മറെറാരു വിധമാകുന്നു. വേണ്ടുവോളം ഉപകരണങ്ങൾ (ദാമങ്ങൾ) സംഭരിച്ചു കൊടുത്തിട്ടാണു കവി ആ യുവതിയെക്കൊണ്ടു ഗൃഹഭരണത്തെ കെട്ടിക്കുന്നതു്. ഒരു കടത്തുവള്ളക്കാരത്തിയായ സ്ത്രീയുടെ സ്ഥിതി രണ്ടാമത്തെ പദ്യം വെളിവാക്കുന്നു. ഈ പദ്യങ്ങളിലെ പദങ്ങളുടെ പ്രസന്നത സാരള്യം മുതലായ ഗുണങ്ങൾ എത്രമാത്രം രസാനുഗുണങ്ങളായിരിക്കുന്നു എന്നുകൂടി വിചാരിക്കേണ്ടതുണ്ടു്. രസത്തിനു് അനുഗുണമായി പദഘടനയുടെ രീതിക്കു മാറ്റം വരുത്തുന്നതിനു ഭട്ടതിരി അതിവിരുതനാകുന്നു. ഒരു ഉദാഹരണം താഴെ ചേർക്കാം.

* [illegible]
[illegible]
[illegible]
[illegible]

(സ്യമന്തകം)

ഈ പദ്യത്തിൽ ജാംബവാന്റെ ഭയങ്കരമായ വിഗ്രഹത്തെ അനുഗുണമായ ഓജഃപ്രൗഢിയോടുകൂടി വർണ്ണിച്ചിരിക്കുന്നു. രാവണന്റെ അസ്ത്രങ്ങൾകൊണ്ടു വ്രണങ്ങൾ നിറഞ്ഞു് അവയുടെ പാടുകൾ അവിടെയവിടെ പടർന്നുപിടിച്ചിട്ടുള്ള മാറോടുകൂടിയ ജാംബവാനെ ഭട്ടതിരി നല്ല ഭയങ്കരത്വത്തോടുകൂടി നമുക്കു കാണിച്ചുതന്നിരിക്കുന്നു. ഇവിടെ പദങ്ങളുടെ സമാസദൈർഘ്യം യുക്തംതന്നെ. രസാനുഗുണമായിട്ടല്ലാതെ ഭട്ടതിരിക്കു പദങ്ങൾ ലഭിക്കയില്ല.

---

* സാരം:—കുപിതനായ രാവണൻ എല്ലാ കയ്യുകൾകൊണ്ടും പ്രയോഗിക്കുന്നവയും പലവിധമായുള്ളവയും ആയ അസ്ത്രങ്ങൾ കൂട്ടംകൂട്ടമായി ഏറ്റു ചുറ്റു പിളർന്നു ഉണങ്ങി പാടു പാറി കഠിനമായ മാറോടുകൂടിയവനും ഭയങ്കരനും ആയ ജാംബവാനെ ഭഗവാൻ കണ്ടു. (അഗ്നീന്ദ്രാഗ്രവർ [illegible] ... കരാള [illegible] കൊണ്ടുകൂടിയവൻ)

ശിശുപാലൻ ഭഗവാനെ അധിക്ഷേപിക്കുന്ന ഒരു പദ്യം താഴെ ചേർക്കാം. സ്തുതിനിന്ദാപരങ്ങളായ അർത്ഥങ്ങളെ എത്ര നിഷ്പ്രയാസമായിട്ടാണ് കവി നിബന്ധിക്കുന്നതെന്നു ഗ്രഹിക്കേണ്ടതാണ്.

* മായാമാത്രാൽ ജഗൽ സ്വവശമേതി വപുശ്ശ്രീസ്തുതോയം വിരൂപോ
ഗോപീവൃന്ദാനുരാഗീ സ്വൈരീസ്ത്രീരുപനയൻ ലോകബാഹ്യാശ്ച കാമം
യന്നാമോച്ചാരണാദ്വൈ ഭവതി സ ഖലു ഭവസ്യ ബാധായോഗ്യാൻ സദാരാൻ ഗൃഹാദീൻ
ത്യക്ത്വാ ഭിക്ഷാചരസ്സ്യാത് കഥമിവ സ കിലാഗ്രപൂജാം പൂജനീയഃ

(രാജസൂയം)

ഈ പദ്യത്തിലെ ഓരോ പദത്തിന്റെയും അർത്ഥം ഗംഭീരമാകുന്നു. 'വിരൂപഃ' 'സ്വൈരം ഉപനയൻ' 'ലോകബാഹ്യാഃ' എന്നീ പദങ്ങളുടെ അർത്ഥത്തിന്റെ ആഴം വിചാരശീലന്മാർക്കു പുളകജനകംതന്നെയാണ്. 'ഇവന്റെ പേർ പറഞ്ഞാൽ മതി. അവൻ ഉടനെ ഒരു ഗതിയും ഇല്ലാതെ തെണ്ടിത്തിരിയുവാൻ ഇടയാകുന്നു' എന്ന നിന്ദാപരവും, 'ഇവന്റെ പേർ പറയുന്നവൻ ഭവബന്ധമൊഴിയും സന്യാസിയും മുക്തനും ആകുന്നു' എന്ന സ്തുതിപരവും, ഉള്ള അർത്ഥത്തെ ഇതിലധികം ഭംഗിയായി ഫലിപ്പിക്കുവാൻ കഴിയുന്നതല്ല. ഇവിടെ നാനാർത്ഥപദങ്ങളുടെ സഹായംപോലും കവി വഹിച്ചിട്ടില്ലെന്നുകൂടി പറ

---

* നിന്ദാപരമായ അർത്ഥം:— ഇവൻ വാസ്തവത്തിൽ വിരൂപനാണ്. കൃത്രിമമായി ലോകസമ്മതമായ ശരീരത്തെ വഹിക്കുവാൻ ചെയ്യുന്നു. ഇവൻ പാവപ്പെട്ട ഗോപസ്ത്രീകളെ മയക്കി അവരോടു രമിച്ച് അവരെ ലോകബാഹ്യകളാക്കിച്ചെയ്തു. ഇവന്റെ പേർ പറയാൻകൂടി കൊള്ളുകയില്ല. പറയുന്നവൻ സ്വന്തം ഗൃഹാദികളെ വെടിഞ്ഞ് അന്യദേശങ്ങളിൽ സഞ്ചരിക്കേണ്ടിവരും. ഇവനെ എങ്ങിനെ പൂജിക്കാം!

സ്തുതിപരമായ അർത്ഥം:— ഇവൻ ഈശ്വരനാണ്. ഇവന് ഒരു മൂർത്തിയില്ല. മായയാൽ ലോകമോഹനമായ കൃഷ്ണരൂപത്തെ ഇവൻ വഹിച്ചു. സ്ത്രീകളായ ഗോപികളെക്കൂടി ഇവൻ മുക്തരാക്കിച്ചെയ്തു. (മുക്തരാക്കി). ഇവന്റെ പേർ പറയുന്നവൻ ഗൃഹാദികളെ ഉപേക്ഷിച്ചു സന്യാസിയായി ഭവിക്കുന്നു. (വലിയ ജ്ഞാനിയാകുന്നു.) അവൻ പരമപദപ്രാപ്തിക്ക് അർഹനാകുന്നു. ഇങ്ങനെയുള്ള ഇവനെ എങ്ങിനെ പൂജിക്കാം!

മയന്തൂണ്ടു്. ഈ മാതിരി ചില സന്ദർഭങ്ങളിൽ ഭട്ടതിരി മാഘനെ അതിശയിച്ചിട്ടില്ലെന്നതായി തോന്നുന്നു. സന്ദർഭത്തിന്റെ യോഗ്യത അറിഞ്ഞു ശ്ലേഷാലങ്കാരത്തെ ഘടിപ്പിക്കുവാൻ അനന്തഭട്ടൻ നിപുണനാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ സാമർത്ഥ്യം ഭട്ടതിരിക്കു കുറവില്ല. വാസ്തവത്തെ നിഗൂഹനംചെയ്യേണ്ട സന്ദർഭങ്ങളിൽ ഭട്ടതിരിയുടെ ഈ സാമർത്ഥ്യം പ്രയോജനകരമായിരിക്കുന്നു.

ക ധർമ്മാൽ ഭൂതതതേ പാലിതായതിപാകരോ മഹതാമഹേശോ മഹാ
ത്മാ പാവനജനതാകലിവഹൻ നിന്ദാപര ഏഷ സാധു:
കിമ്പാദപ്രസന്നസൽപ്രേമോദജനകോ ഭ്രാതാ മമായം പരോ
നാസത്യാദിതനു വിജി സദാ ഭൂതപ്രൈമൈതാവപി
(പാഞ്ചാലീസ്വയംവരം)

എന്ന പദ്യം ഇവിടെ ഉദാഹരിക്കപ്പെടാം. ധർമ്മപുത്രർ സപലനാമാദികളെ മറച്ചുപറയുന്ന ഈ ഭാഗത്തെ അവയെ പ്രകാശിപ്പിക്കുന്നതുമായിരിക്കുന്നു. രാജപരവും ബ്രാഹ്മണപരവും ആയ അർത്ഥം ഈ പദ്യത്തിൽ അശ്ലിഷ്ടമായി ഘടിപ്പിച്ചിട്ടുണ്ടെന്നു കാണാം.

ഖ സന്ധ്യാവേളാ കമലിനിമാലാ സന്ധ്യാരാഗപ്രകാശതേ
തമസ്സര ഗളിതം ശോഭിസ്സുരഭി ജംഗമൈത്ര:
(പാഞ്ചാലീസ്വയംവരം)

ക സാമാന്യം—ബ്രാഹ്മണപരമായ അർത്ഥം. ധർമ്മാദികിരണം കീർത്തിയുള്ള ബ്രാഹ്മണശ്രേഷ്ഠന്റെ കലയിൽ ജനിച്ച എന്റെ ജ്യേഷ്ഠൻ. ഇവർ അനുജന്മാർ. പരിശുദ്ധ ജനങ്ങളാൽ കൂടിയ ഇവൻ സോദരന്മാരെന്നു. അധികമായി ഉപകാരിയായ ഇവനും അനുജനാകുന്നു. മാറ രണ്ടുപേരും ഭ്രാതാക്കളാകുന്നു. അസത്യഭാഷണം പറയാറില്ല.

രാജപരമായ അർത്ഥം. ധർമ്മരാജാവിനെക്കാൾ കീർത്തിമാനായ ചന്ദ്രവംശത്തിൽ ഞാൻ ജനിച്ചു. (ഞാൻ ധർമ്മപുത്രനാണ്.) ഇവർ അമ്മയുടെ ഇവൻ ഭീമസേനൻ. (വായുവിൽനിന്നുള്ള ഉൽപ്പത്തി) ശത്രുക്കളുടെ (മദ്രേശ) സൽക്കാരങ്ങളെ ഉണ്ടാക്കുന്ന ഇവനാണ് അർജ്ജുനൻ. അശ്വിനീദേവന്മാരായ ഇവർ രണ്ടുപേരും സോദരന്മാരായ നകുലസഹദേവന്മാരാകുന്നു.

ഖ സാമാന്യം—സന്ധ്യാവന്ദനത്തിന്റെ (ദിവസത്തിന്റെ) ശോഭയെക്കണ്ട് ഇന്ദ്രൻ ഉദയാചലമായി (സൂചിപ്പിച്ചു) ദിവസാന്തപ്രകാശം പ്രകാശിച്ചു എന്നു അർത്ഥം. മറ്റും കാണുക.

സ്ഥാനത്തെ നോക്കിയപ്പോൾ ഇന്ദ്രൻ ഭയംകൊണ്ടു തൃണംപോലെ യായി എന്നാണു് ഇവിടെ അൎത്ഥം. ഈ അൎത്ഥത്തോടുകൂടി ഇന്ദ്രൻ ഭഗവത്സാരൂപ്യത്തെ പ്രാപിച്ചു എന്നു കല്പിച്ചിരിക്കുന്നതു യുക്തമായിട്ടുണ്ടു്. ഇവിടെ മൎമ്മം അറിഞ്ഞാണു സ്ഥാനപദം പ്രയോഗിച്ചിരിക്കുന്നതു്.

വിവിധാവസ്ഥകളിൽ മനസ്സിന്നു് ഉണ്ടാകുന്ന വികാരഭേദങ്ങളെ അകൃത്രിമമായി വൎണ്ണിക്കുന്നതിനും ഭട്ടതിരി അതിനിപുണനാകുന്നു. അത്യന്തരപ്രകൃതികളെ വൎണ്ണിക്കുന്നതിനുള്ള സാമൎത്ഥ്യം എല്ലാ കവികൾക്കും ലഭിക്കുന്ന ഒരു ഗുണമല്ല. കവിക്കു ലോകഹൃദയവുമായി വിപുലം ആയ പരിചയം ഇല്ലെങ്കിൽ ഈ വിഷയത്തിൽ പരാജയമേ ഉണ്ടാകുകയുള്ളു. ഭട്ടതിരി ഈ വിഷയത്തിലും സൂക്ഷ്മതരമായ അവലോകനശക്തി ലഭിച്ചിട്ടുള്ള കവിയാണെന്നു തെളിയുന്നുണ്ടു്. അൎജ്ജുനൻ തീൎത്ഥയാത്രയ്ക്കു നിശ്ചയിച്ചു് പാഞ്ചാലിയെ വിട്ടുപിരിയുന്ന സന്ദൎഭത്തിൽ ഉള്ള ഒരു പദ്യം താഴെ ചേൎക്കുന്നു.

* സാപി സ്വകാരണമിദം വ്യസനം സ്മരന്തീ
ലജ്ജാതുരാ കിമപി വക്തുമപാരയന്തീ
സാകൂതമൈക്ഷത ച സാന്ദ്രതരാശ്രുധാരാ-
ന്തൎവ്വൎത്തി കമ്പിതവിലോലവിലോചനാന്തം

താൻനിമിത്തം തന്റെ പ്രിയതമന്നു് ഇപ്രകാരം ഒരു അവസ്ഥ നേരിട്ടതു വിചാരിച്ചു ലജ്ജാകുലയായി ഒന്നും പറയുന്നതിനു ശക്തിയില്ലാതെ വിഷണ്ണയായ പാഞ്ചാലിയുടെ സ്ഥിതിയെയാണു് ഈ പദ്യത്തിൽ വിവരിച്ചിരിക്കുന്നതു്. അഭ്യൎത്ഥനയേയും അനുരാഗത്തെയും പ്രകാശിപ്പിക്കുന്ന പാഞ്ചാലിയുടെ നോട്ടം അൎജ്ജുനനെ അവിടെനിന്നു പോകുന്നതിനും പോകാതിരിക്കുന്നതിനും സാധിക്കാത്ത ഒരു വിഷമതയിലേക്കു തള്ളി

* ഭാവം:—അവൾ (പാഞ്ചാലി) താൻനിമിത്തമാണല്ലോ ഈ സംഭവം ഉണ്ടായതെന്നു വിചാരിച്ചു ഒന്നും പറവാൻ ശക്തിയില്ലാത്തവളായി കണ്ണുനീരൊഴുക്കിക്കൊണ്ടു് അൎത്ഥഗൎഭമായ നോട്ടങ്ങളെക്കൊണ്ടു് അൎജ്ജുനനെ [illegible] ചെയ്തു.

വിടുന്നു. ഈ മാതിരി സന്ദർഭങ്ങളിൽ കാമിനീകാമുകന്മാർക്ക് ഉണ്ടാകുന്ന ദുഃസ്ഥിതിയും ഇതുതന്നെ.

വൈദർഭി ഗൌഡി മുതലായ രീതികളും ഭട്ടതിരിക്കു യഥോചിതം പ്രയോഗിക്കുവാൻ ഒരു ക്ലേശവുമില്ല.

൧. വിസ്തീർണ്ണാഭോഗവക്ഷസ്സ്ഥലവിപുലശിലാപാതസംജാതവേഗ-
ത്രുട്യദ്വജ്രാവലേപപ്രശമിതബലവിദ്വേഷിസന്നാഹവേലഃ
അന്വീതാസഹ്യലോകപ്രസൃമരഭുജതേജോഭരോ ദൈത്യഭർത്താ
സിദ്ധശ്രേണീസമീകപ്രഥിതഘനകലാകോശകസ്താരകാഖ്യഃ

എന്ന പദ്യം ഗൌഡിക്കും,

൨. തദനു വരസഖീനാം കണ്ഠസീമ്നാം കാന്തിപൂരൈഃ-
പരിചയരഹിതാസൌ ഗൌരവശ്രീ മദനം
അജനി കില കിരീടി മൌലിമാണിക്യമാനാ
ശിവശിവ ഗിരിശസ്യ ഭാഗ്യപുത്രീ വിധൂനം

എന്ന പദ്യം വൈദർഭിക്കും, ഉദാഹരിക്കപ്പെടാം. ഈ രണ്ടു പദ്യങ്ങളും ഒരാൾ വിരചിച്ചതാണെന്നു തോന്നുകയില്ല. ഭയങ്കരനും പ്രതാപശാലിയും ആയ താരകന്റെ ഉദ്ധതവും പ്രൗഢവും ആയ രീതിയിലും സർവ്വാംഗസുന്ദരിയായ ശൈലപുത്രിയെ പ്രസന്നമധുരയായ രീതിയിലും കവി വർണ്ണിച്ചിരിക്കുന്നതിന്റെ വൈചിത്ര്യം ശ്രദ്ധേയമാകുന്നു.

ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽനിന്നു ഭട്ടതിരിയുടെ നാനാമുഖങ്ങളായ കവിതാഗുണങ്ങളുടെ സ്വഭാവത്തെ അല്പമെങ്കിലും ഗ്രഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു. ഭട്ടതിരിയെപ്പോലെ വിപുലമായ സാഹിത്യപരിശ്രമം ചെയ്തിട്ടുള്ള രസികചൂഡാമണിയായ ഒരു മഹാകവി കേരളത്തിൽ ഉ

---

൧. സാരം:— താരകൻ എന്ന ഒരു അസുരൻ ഉണ്ടായി. വിപുലമായ അവന്റെ മാറാകുന്ന ശിലയിൽ തട്ടീട്ടു വജ്രായുധത്തിനു കേടു വന്നു ഇന്ദ്രന്റെ ഗർവ്വ് ശമിക്കുന്നു. അവന്റെ പരാക്രമം എല്ലാ ലോകത്തിലും പരന്നിരിക്കുന്നു. ഇവൻ സജ്ജനങ്ങളെ ഉപദ്രവിക്കുന്നതിൽ വിദഗ്ദ്ധനാണ്.

൨. അനന്തരം സൌന്ദര്യനിധിയായ ശരീരത്തോടുകൂടിയ അവൾ ഹിമവാന്റെ പുത്രിയായിട്ട് അവതരിച്ചു.

ണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഭട്ടതിരിയുടെ സാരസ്വതവിലാസം നാനാമുഖവും അനർഗ്ഗളവും ആയി പരിലസിക്കുന്നതു പ്രബന്ധങ്ങളിലാണ്. ഈ പ്രബന്ധങ്ങളിൽ ഓരോന്നും തന്നെ ഭട്ടതിരിയുടെ സാഹിതീസാർവ്വഭൌമത്വത്തെ ഉച്ചമായി പ്രഖ്യാപനം ചെയ്യുന്നവയാകുന്നു. ഭട്ടതിരിയുടെ പ്രബന്ധരചനാത്മകമായ സാഹിത്യവ്യവസായം വിശേഷിച്ചും കേരളീയക്ക് അതിരസകരമായ ഒരു ജ്ഞാനസമ്പാദനമാർഗ്ഗത്തെ വെട്ടിത്തുറന്നു തന്നിരിക്കുന്നു എന്നു കൂടി ഈ അവസരത്തിൽ പറയേണ്ടതുണ്ട്.

തൊള്ളായിരത്തിഎഴുപത്തിമൂന്നിൽ നാടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ കല്പനപ്രകാരമുണ്ടാക്കിയ എടവെട്ടിക്കാട്ടു നമ്പൂതിരിയുടെ കൃതികളാണു രുഗ്മിണീസ്വയംവരവും രുക്മാംഗദചരിതവും. ഈ നമ്പൂതിരിയുടെ വെന്മം തൃപ്പൂണിത്തുറയ്ക്കു അടുത്താകുന്നു. ഇദ്ദേഹത്തിനു മുൻപറഞ്ഞ മഹാരാജാവിങ്കൽനിന്നു പല സമ്മാനങ്ങളും ലഭിച്ചിട്ടുള്ളതായി ഐതിഹ്യം കേട്ടിട്ടുണ്ട്. ഈ കവിയുടെ പല ഒറ്റശ്ലോകങ്ങളും പ്രസിദ്ധങ്ങളാകുന്നു.

ഇദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ രുഗ്മിണീസ്വയംവരമാണു മുൻപിട്ടുനില്ക്കുന്നതു്. എടവെട്ടിക്കാടു ഗംഭീരാശയനായ ഒരു മഹാകവിയാണെന്ന് ഈ പ്രബന്ധത്തിന്റെ ഏതു ഭാഗവും തെളിയിക്കുന്നുണ്ട്. ഈ കവിക്കു പരിപക്വമായ പാണ്ഡിത്യവും വാസനയും ലഭിച്ചിട്ടുണ്ടെന്നും ഈ കൃതിയിൽനിന്നു മനസ്സിലാക്കാവുന്നതാണ്. രുക്മാംഗദചരിതം കവിയുടെ ബാല്യകൃതിയായിരിക്കണം. കവി ഒഴുക്കൻരീതിയിൽ കഥ പറഞ്ഞുപോകുകയേ ഇതിൽ ചെയ്യുന്നുള്ളൂ. രുക്മാംഗദചരിതത്തിൽ കവിയുടെ ഭക്തി തെളിഞ്ഞു പ്രവഹിക്കുന്ന ഒ ഗുണമാകുന്നു.

ഗുണപൌഷ്കല്യംകൊണ്ടു ഭട്ടതിരിയുടെ ഏതു പ്രബന്ധത്തോടും കിടപിടിക്കുന്നതാണു രുഗ്മിണീസ്വയംവരം. അർത്ഥം രസപുഷ്ടി മുതലായ ഗുണങ്ങൾക്ക് ഈ കൃതിയിൽ ഒരിട

ത്തും കവിചാതുര്യം തട്ടിയിട്ടില്ല. ആലോചിക്കുന്തോറും ആസ്വാദ്യം സഹൃദയന്മാർക്ക് അധികം അധികം അനുഭവപ്പെടുന്ന പല സരസപദ്യങ്ങളും ഈ കൃതിയിൽ ഉണ്ട്

൫ സ്തൂയൽകല്ലാരകമനീയമുകലകായ-
മായാനികായയമുനായിതരാജവീഥ്യാം
സ്ത്രീനേത്രവീക്ഷണരസേന നൃനാസ്ഥരാ യാ
തീരദ്രുമാ ഇവ [illegible]

ശ്രീകൃഷ്ണന്റെയും രുഗ്മിണിയുടേയും സമാഗമംകൊണ്ടു രാജസദസ്സിലുണ്ടായ സ്ഥിതിഭേദത്തെ ആണ് ഈ പദ്യംകൊണ്ടു കവി കാണിക്കുന്നതു്. രാജസദസ്സിനെ, ഭഗവാന്റെ കല്ലായക്കോളമായ കായകാന്തിയുടെ വ്യാപ്തിനിമിത്തം യമുനയായി കവി കല്പിച്ചിരിക്കുന്നു. പിന്നീട് ആ നദിയുടെ തീരത്തിൽ പുഷ്പിതവൃക്ഷങ്ങളെ സൃഷ്ടിക്കുകയാണ് കവി ചെയ്യുന്നതു്. കണ്ണു തുറിച്ചുകൊണ്ടിരിക്കുന്ന രാജാക്കന്മാരെക്കൊണ്ടു കവി ഇക്കാര്യവും സാധിച്ചു. ആകാശത്തിൽ യമുനയെ സൃഷ്ടിച്ച ത്രിവിക്രമന്റെ വൈഭവത്തെ അറിച്ചു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഭൂമിയിലാണെങ്കിലും നമ്മുടെ കവി ചെയ്ത യമുനാസൃഷ്ടി അതുപോലെതന്നെ കല്പനാപ്രൌഢിയെ വഹിക്കുന്നതായിരിക്കുന്നു. ഗഹനവും രസകരവും ആയി ആശയത്തെ കല്പിക്കുന്നതിൽ കവിയ്ക്കുള്ള വൈഭവം ഈ മാതിരി സന്ദർഭങ്ങളിൽ തെളിഞ്ഞു കാണുന്നുണ്ട്.

൬ "ആയാതം ഹരിണായതാക്ഷി [illegible] പ്രഭാതം സമാ-
[illegible]

൫ സാരം:—ഭഗവാന്റെ ശരീരത്തിന്റെ കല്ലായ പ്രതികായ [illegible] ത്തെ പ്രവാഹംനിമിത്തം രാജസദസ്സ് യമുനപോലെയായി. രുഗ്മിണിയെ കാണുന്നതിനു കണ്ണു തുറിച്ചിരിക്കുന്ന രാജാക്കന്മാർ ആ നദീതീരത്തിലെ പൂത്ത വൃക്ഷങ്ങളെപ്പോലെ ശോഭിച്ചു.

൬ സാരം:—ഹേ സുന്ദരി! നേരം പ്രഭാതമായി. താമരപ്പൂക്കൾ വിടർന്നു. പക്ഷികൾ പാടുന്നു. [illegible] ഭഗവാൻ വരും (ഹരിണാക്ഷി! എന്ന പദംകൊണ്ട്) [illegible] യാക്ക് [illegible] യില്ല.]

ഉത്തരാർദ്ധ ഭാഗങ്ങളും കവിയുടെ ഔചിത്യബോധത്തിന്നു ഉദാഹരിക്കപ്പെടാം. വാനരന്മാരെ ചിരിപ്പിക്കുന്നതിനു കവി അല്പവും ക്ലേശിക്കുന്നില്ല. ഔചിത്യത്തിലും കവി വളരെ ശ്രദ്ധിക്കുന്നുണ്ടെന്നു ഈ ഭാഗത്തിൽനിന്നു അറിയാവുന്നതാണ്.

൧. [illegible]
[illegible]

എന്ന പദ്യത്തിന്റെ സാരള്യവും പ്രസാദവും,

൨. [illegible]
[illegible]
[illegible]
[illegible]

എന്ന പദ്യത്തിന്റെ ഓജസ്സും ഗാംഭീര്യവും, രസപരിപോഷണത്തിനു അത്യന്തം അനുകൂലങ്ങളായ ഗുണങ്ങളായിരിക്കുന്നു. അനുപ്രാസ വൈചിത്ര്യത്തിനും ശബ്ദാലങ്കാരത്തിനും ഈ പദ്യങ്ങൾ ഉദാഹരിക്കപ്പെടാം. ശബരിയെ ഉപേക്ഷിച്ചുകൊണ്ടുപോയ ഭഗവാനോടു ഭക്തന്മാർ ചെയ്യുന്ന വിലാപമാണു ഒടുവിലത്തെ പദ്യം. അധികം ശബ്ദാഡംബരമില്ലാതെതന്നെ കവി ഇവിടെ രസപുഷ്ടി സാധിപ്പിക്കുന്നു.

ഭാഗവതചരിതത്തിന് അത്രപുഷ്ടിയുള്ള ഭാഗങ്ങൾ ഇല്ലായ്കയില്ല. ബാണയുദ്ധം എന്നൊരു ചമ്പു കാണുന്നുണ്ട്. അതു ഈ കവിയുടെ കൃതിയായിരിക്കണം. ഇതിന്നിതുവരെ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടില്ല; എങ്കിലും അതിനു സഹൃദയന്മാരുടെ ഇടയിൽ നല്ല പ്രചാരമുണ്ട്.

---

൧. [illegible]

൨. [illegible]

രാമചന്ദ്രവിജയം കംസവധം പ്രദോഷമാഹാത്മ്യം ഭ്രമരസന്ദേശം വിഷ്ണുമായാചരിതം എന്നീ ചമ്പുക്കൾ ഏറ്റവും നവീനകാലത്ത് ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണ്. വല്ലീപരിണയം ഉത്തരരാമചരിതം എന്നിവയുടെ പേരുകളും ഈ സന്ദർഭത്തിൽ സ്മരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇവയിൽ രാമചരിതത്തെ അധികരിച്ച് സുന്ദരരാജൻ വിരചിച്ചിട്ടുള്ള രാമചന്ദ്രവിജയം ശ്ലാഘനീയമായ ഒരു കൃതിയാകുന്നു. ഇതിൽ എട്ടു തരംഗങ്ങൾ അടങ്ങിയിരിക്കുന്നു. ഭോജചമ്പു നല്ലപോലെ പഠിച്ച് അതിന്റെ രസം അനുഭവിച്ചിട്ടുള്ള ഒരാളാണു നമ്മുടെ കവി എന്നു മനസ്സിലാക്കാം. അർത്ഥത്തിന്റെയും ശബ്ദത്തിന്റെയും കല്പനാവിശേഷംകൊണ്ടു സഹൃദയന്മാരെ രസിപ്പിക്കുന്ന പല ഭാഗങ്ങളും ഈ കൃതിയിൽ ഉണ്ട്.

൧. [illegible]
[illegible]
[illegible]
[illegible]

എന്നു സീതയുടെ വനപ്രയാണസന്ദർഭത്തിൽ ഉള്ള സ്ഥിതിയെ വർണ്ണിച്ചിരിക്കുന്നതു് ഉചിതമായിരിക്കുന്നു. പുത്രീവിയോഗം മാതാക്കന്മാർക്കു സങ്കടകരമാണല്ലോ.

൨. [illegible]
[illegible]

രാമൻ സുമന്ത്രനെ വിട്ടുപോകുന്ന ഭാഗത്തിലെ ഈ പദ്യവും സരസമായിട്ടുണ്ട്. രക്ഷഃപിശാചാദ്യാടനത്തിനു ഇടപ്പെടുന്നവർക്ക് ഒരു സ്ഥലത്തിൽ നല്ല മന്ത്രങ്ങൾ ആവശ്യമാണല്ലോ. എന്നാൽ ഇതിനു വിപരീതമായി രാമൻ സുമന്ത്രത്യാഗം ചെയ്യുന്നതാണെന്നു കവി വിസ്മയിക്കുന്നു.

---

൧. സാരം:— [illegible]

൨. സാരം:— കാട്ടിലുള്ള രക്ഷഃപിശാചാദികളെ ഓടിക്കുവാൻ ഉദ്യമിച്ച രാമൻ [illegible] (നല്ല മന്ത്രങ്ങളെ എന്നും) [illegible]

൮. ആമോദമാവഹന്നേഷ ദക്ഷിണോ മരുദർഭകഃ
ആനന്ദയതി മേ ചിത്തമപി ഹന്ത വിയോഗിനഃ

൯. പലാശോല്ലാസമാതന്വൻ പീഡയൻ വിപ്രയോഗിനഃ
ബഭൂവ മാധവോ ഹന്ത ദശാനനസമോ മധുഃ

൧൦. മുമുക്ഷുരിവ തത്രാഗ്നിഃ പ്രവൃത്തോ ഭവനാന്തരേ
ഭ്രമൻ വിഷ്ണുപദാസക്തിം ശമമന്വഗ്ഗതിരുപാഗതഃ

ഇവ, ശ്ലേഷാലങ്കാരകല്പനംകൊണ്ടു വൈചിത്ര്യം കാണിക്കുന്ന പദ്യങ്ങളാകുന്നു. ദക്ഷിണനായ മന്ദവായു വിയോഗികളെ പീഡിപ്പിക്കുന്നതായിട്ടാണു പ്രസിദ്ധി; എന്നാൽ അതു വിയുക്തനായ രാമനു സന്തോഷത്തെ ചെയ്തു എന്നു വൈചിത്ര്യത്തെ കവി കാണിച്ചിരിക്കുന്നു. ആമോദം ദക്ഷിണൻ മരുദർഭകൻ എന്ന പദങ്ങളെ കവി മർമ്മം അറിഞ്ഞാണ് പ്രയോഗിച്ചിരിക്കുന്നതു്. ലങ്കയിലുള്ള ഭവനങ്ങളെ ദഹിപ്പിച്ചു് അടങ്ങിയൊതുങ്ങിയ അഗ്നിയുടേയും ഒരു ശാന്തനായ മുമുക്ഷുവിന്റേയും സ്ഥിതി ഒന്നുപോലെ എന്നു ശബ്ദസാമർത്ഥ്യംകൊണ്ടു സാധിച്ച കവി അഭിനന്ദനീയനായിരിക്കുന്നു.

൧൧. നിരർഗ്ഗളം നിസ്സൃതിതാ ഘനേഭ്യോ
ധാരാ ജലാനാം ധരണീം സ്പൃശന്ത്യഃ
വിശാലതാരാപഥമണ്ഡപസ്യ
വിതേനിരേ സ്തംഭസഹസ്രശങ്കാം

൮. സാരം:—സമർത്ഥനായ ഈ ഹനുമാൻ (മരുത്തിന്റെ പുത്രൻ) എനിക്കു സന്തോഷത്തെ ചെയ്യുന്നു. ദക്ഷിണദിക്കിൽനിന്നു വരുന്ന ഈ മന്ദവായുവിന്റെ സൌരഭ്യം ആഹ്ലാദകരമായിരിക്കുന്നു.

൯. സാരം:—രാക്ഷസന്മാർക്ക് ഉല്ലാസത്തെ കൊടുക്കുന്നവനും വിപ്രന്മാരേയും യോഗികളേയും പീഡിപ്പിക്കുന്നവനും ആയ രാവണനെപ്പോലെ വസന്തം ശോഭിക്കുന്നു. (പലാശോല്ലാസം=പലാശങ്ങളുടെ ഉല്ലാസം. വിപ്രയോഗികൾ=വിരഹികൾ എന്നും അർത്ഥം.)

൧൦. സാരം:—ലങ്കയെ നശിപ്പിച്ചു അഗ്നി അവിടെനിന്നു വേർപെട്ടു ആകാശത്തിലെത്തി അടങ്ങി. മോക്ഷപ്രാപ്തനായവൻ സംസാരത്തെ നശിപ്പിച്ചു ശൈവൽക്കനായി ശാന്തനാകുന്നതുപോലെ. (ഭവനാന്തരം=ഭവനങ്ങളുടെ മദ്ധ്യം. സംസാരനാശം.)

൧൧. സാരം:—മേഘത്തിൽനിന്നു ചാടി ധരണിയെ സ്പർശിച്ചു ജലധാരകൾ ആകാശമണ്ഡപത്തിന്റെ തൂണുകളാണോ എന്ന സന്ദേഹത്തെ ജനിപ്പിച്ചു.

ശ്ലേഷാദിസഹായംകൂടാതെ സ്വഭാവാർത്ഥത്തെ കല്പിക്കുന്നതിൽ കവിക്കുള്ള നൈപുണ്യത്തിന് ഈ പദ്യം ഉദാഹരിക്കപ്പെടാം.

൧. ഹാരാന്തരാരീശയ സ ബാണകോടൌ
വാതായുരൂപം ദധിതം ദധാനഃ
വിതാനതാരംഗതാം വിധായ നിജാംഗേ
സീതാന്തരംഗായിതചിത്രവൃത്തിം

൨. യം ജനാ ഹൃദയ കൃതാ ഖണ്ഡയന്ത്യഗ്നിപൂർവകാഃ
അഞ്ജനാസൂനവേ തസ്മൈ ഭജനായ നമോ നമഃ

ഇവ ശബ്ദഭംഗി തികഞ്ഞ രണ്ടു പദ്യങ്ങളാകുന്നു. അതിസുന്ദരമായ അർത്ഥകല്പനയോടുകൂടിയ ഒരു പദ്യംകൂടി ഈ ചമ്പുവിൽനിന്നു താഴെ ചേർക്കുന്നു.

മുക്താസ്രമാലികായാം
സുകൃതാവകീർണ്ണമാലിനീലാലിതാന്താം
മാതാനസൂനമദ്ധ്യേ
കൃതാന്തികാമോട്യവീരനാകവി.

ഈ പദ്യം നികുംഭനെ വധിക്കുന്ന സന്ദർഭത്തിലുള്ളതാണ്. മുത്തുകൊണ്ടുള്ള മാലയിൽ (മുക്താസ്രക്കുകളുടെ—മരിച്ചവരുടെ കൂട്ടത്തിൽ) ഒരു രത്നത്തെക്കൂടി കോർത്തു ചേർത്തു എന്ന അർത്ഥം പ്രകൃതാർത്ഥത്തിനു കോട്ടം വരാതെ കവി ഘടിപ്പിച്ചിരിക്കുന്നു. മുത്തുമാലകൾ അമരികൾക്കു പ്രിയമുള്ളവയാണല്ലോ. വീരനായ നികുംഭനെയും മൃതന്മാരുടെ കൂട്ടത്തിൽ ചേർത്തു എന്നു പ്രകൃതാർത്ഥം.

രാമചന്ദ്രവിജയം ഏററവും ഹൃദയംഗമമായ ഒരു പ്രബന്ധമാണെന്നു പറയുവാൻ അല്പവും മടിക്കേണ്ടതില്ല. പാണ്ഡിത്യം വാസനാ കല്പനാപ്രൗഢി മുതലായ ഗുണങ്ങൾ തികഞ്ഞ ഒരു അനുഗൃഹീതകവിതന്നെയാണു സുന്ദരരാജൻ. ഭോജ

൧. മാരീചൻ മാനിന്റെ രൂപം ധരിച്ചു സീതയുടെ മനസ്സിനെ ഇളക്കി.

൨. തുപൽപ്രവേശനത്തിനു ജനങ്ങളാൽ ഭജിക്കപ്പെടുന്ന ഹനുമാൻ ഭക്തന്മാരുടെ വിഘ്നം നശിപ്പിക്കട്ടെ.

ചമ്പൂരൂപമായി ഒരു സാദൃശ്യവും ഈ കൃതിക്കു കല്പിക്കപ്പെടേണ്ടതില്ല.

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കംസവധം ഒരു പ്രൗഢകൃതിയാകുന്നു. അവിടത്തെ കവിതാവിലാസം ഈ കൃതിയിൽ തെളിഞ്ഞു പ്രകാശിക്കുന്നുണ്ട്. പ്രബോധമാഹാത്മ്യത്തിന്റെ പ്രധാനഗുണം ഭക്തിയാകുന്നു. രാമഭദ്രവിജയത്തിന്റെ കവിതാഗുണങ്ങൾ ഏറെക്കുറെ വല്ലീപരിണയത്തിലും ഉത്തരരാമായണത്തിലും കാണുവാൻ കഴിയും. ശേഷം പ്രബന്ധം വിശിഷ്ടമെന്നു പറയുവാനില്ല. സ്യമന്തം ചിത്രാസഹിതം എന്നീ കൃതികളെയും ശേഷം പ്രബന്ധത്തിന്റെ കൂട്ടത്തിൽ ഗണിക്കുന്നതിനു വഴി കാണുന്നുള്ളൂ. ഇവ രണ്ടും (ചെന്നൂർ താഴ്‌വച്ചി) കൃഷ്ണരുടെ വാസുദേവൻപോറ്റിയുടെ കൃതികളാകുന്നു.

സംസ്കൃതത്തിലുള്ള പ്രധാന ചമ്പുക്കളെക്കുറിച്ച് ഇവിടെ അല്പം വിമർശനം ചെയ്തുവല്ലോ. ഇനി നമുക്കു ഭാഷാപ്രബന്ധസാമ്രാജ്യത്തിലേക്കു കടക്കേണ്ടിയിരിക്കുന്നു; എന്നാൽ അതിനു മുമ്പു സംസ്കൃതചമ്പുക്കൾക്കും ഭാഷാപ്രബന്ധങ്ങൾക്കും തമ്മിൽ ഉള്ള ബന്ധത്തെക്കുറിച്ച് അല്പം വിചിന്തിക്കേണ്ടതായിട്ടുണ്ട്.

ഒരു ജനവർഗ്ഗത്തെ സദാചാരനിരതന്മാരാക്കി അതിന്റെ പ്രത്യേകസ്ഥാനത്തിങ്കൽ എത്തിക്കണമെങ്കിൽ മുൻപേതന്നെ ലൗകിക ആസ്തിക്യത്തെ പ്രതിഷ്ഠിക്കണം. ആസ്തിക്യത്തിന്റെ മൂലം ഈശ്വരനിൽ വിശ്വാസവും ഭക്തിയുമാകുന്നു. ഈ ഗുണങ്ങളെ മാററിവെച്ചിട്ടു ചെയ്യുന്ന സദാചാരസ്ഥാപനം വിഫലത്തെത്തന്നെയാണ്. ഈ തത്വം പൂർവ്വികന്മാർ നല്ലപോലെ അറിഞ്ഞിരുന്നു. അവർ നമുക്കുവേണ്ടി ഉണ്ടാക്കിവെച്ചിട്ടുള്ള സംവൃത്യാചാരങ്ങളുടേയും മറ്റും ആസ്തികധർമ്മത്തിൽ കല്പിതമായിരിക്കുന്നതിന് ഇതുതന്നെ കാരണം. വിസ്തൃതങ്ങളായ പുരാണങ്ങളും ഇതിഹാസങ്ങളും മഹാകാവ്യങ്ങളും മുതലായവ ഉണ്ടാക്കേണ്ടി നിർബന്ധമുണ്ടായതും അതിനാലത്രേ. ആയ

നമ്മുടെ സാഹിത്യസമ്പത്തു മുഴുവൻ സമുദായത്തിൽ ഈശ്വ-
രനേയും തങ്ങൾക്കു മാത്രമായുള്ള സദാചാരസമ്പ്രദായത്തേയും
സംസ്ഥാപിക്കുന്നതിനു ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ സന്ത-
തമായ സന്താനമാകുന്നു. നമ്മുടെ അഭിനയസാഹിത്യവും
ഈ വിഷയത്തിൽ പൂർവ്വപ്രസ്ഥാനത്തെ അനുഗമിക്കുകതന്നെ
ചെയ്യുന്നു. കൂത്തിൽ വരാവുന്ന പല മാറ്റങ്ങളും ഉണ്ട്. അ-
വയിൽ ഭഗവൽകഥാശ്രവണത്തിനു പ്രാധാന്യം കൂടുന്നു;
കാരണം അതു് അത്ര ക്ലേശിപ്പിക്കാതെ സാധിക്കുന്നതും ഗുണ-
കരവും ആയ പാപനാശനമെന്നുള്ളതുതന്നെ. പുരാണപാഠ-
ങ്ങളും കൂത്തു (പാഠകം) മുതലായ പല പഴയ ഏർപ്പാടുകളും
ഭഗവൽകഥാശ്രവണത്തിനുള്ള മാർഗ്ഗങ്ങളാകുന്നു. ഇവ ക്ഷേ-
ത്രവും സ്വർഗ്ഗങ്ങളുമാണല്ലോ. ഇവയിൽ പ്രധാനമായതു കൂത്തു
(പാഠകം). ഇതു ക്ഷേത്രത്തോടു സംബന്ധമുള്ള ഒരു കലയാ-
ണ്. ചാക്യാന്മാർ പ്രത്യേകം ചില ചടങ്ങുകളോടുകൂടി ഭഗ-
വൽകഥകളെ വർണ്ണിച്ചു ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുക-
യാണ് ഇതിന്റെ സ്വഭാവം. രാമായണം ഭാരതം ഭാഗവതം
മുതലായ പുരാണങ്ങളിൽനിന്നു ഇതിവൃത്തങ്ങളെ ഗ്രഹിച്ചു
അവയെ വിവരിച്ചുകൊണ്ടാണ് ചാക്യാന്മാർ സദുപദേശം
ചെയ്യുന്നതു്. ചാക്യാന്മാരുടെ കഥാമാർഗ്ഗത്തിന് ഒരു പ്രത്യേ-
കതയുണ്ട്. അതു് അത്യന്തം രസപ്രദമായിരിക്കുകയും
ചെയ്യും. സമർത്ഥന്മാരായ ചാക്യാന്മാർ ശ്രോതാക്കന്മാരെ
വശീകരിച്ചു അവരുടെ ഹൃദയങ്ങളെ വിമലങ്ങളും പ്രകാശി-
തങ്ങളും ആക്കുന്നതിനു എളുപ്പം കഴിയുന്നു. ഇപ്രകാരം കൂ-
ത്തു പറയുന്നതിനു ചാക്യാന്മാർ ആദ്യകാലത്തു രാമായണ-
ഭാരതാദിസംസ്കൃതചമ്പുക്കളിൽനിന്നു പദ്യങ്ങൾ ഉപയോഗി-
ച്ചുവന്നു. അവർ സന്ദർഭാനുഗുണമായി മറ്റു കൃതികളിൽനിന്നും
ശ്ലോകങ്ങൾ ഉദ്ധരിച്ചു് അർത്ഥം വിവരിക്കുക സാധാരണമാ-
ണ്. ഇതുകൊണ്ടൊന്നും ചാക്യാന്മാരുടെ മാർഗ്ഗത്തിനു വേ-
ണ്ട സാഫല്യം ലഭിച്ചില്ല. അതിനു പ്രത്യേകം ഉപകാരമായ
ഒരു പ്രബന്ധപ്രസ്ഥാനം ഉണ്ടാകേണ്ടതു് ആവശ്യമായിരുന്നു

ന്നുതന്നായിരുന്നു. ഈ സന്ദൎഭത്തിലാണു (കേരളത്തിൽ) ഭാഷാചമ്പുക്കളുടെ ആവിർഭാവം.

സംസ്കൃതചമ്പുപ്രസ്ഥാനത്തെ അനുകരിച്ചുതന്നെയാണു ഭാഷയിലും ചമ്പുപ്രബന്ധങ്ങൾ ഉണ്ടായിട്ടുള്ളതെന്നു പ്രത്യേകം ഓൎമ്മിക്കണം. സംസ്കൃതത്തെ അനുസരിച്ചും അല്ലാതെയും ഭാഷയിൽ പല സാഹിത്യശാഖകളും ഉണ്ടായി അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടു്; എന്നാൽ അവയെല്ലാംതന്നെ നമ്മുടെ ചമ്പുക്കൾക്കുള്ള രമണീയതയും പുഷ്ടിയും അകമേയും പുറമേയും ഇല്ല. സംസ്കൃതസാഹിത്യത്തിന്റെ എല്ലാപ്രസ്ഥാനങ്ങളിലും സാമാന്യമായും വിശേഷമായും കാണുന്ന ഗുണങ്ങൾ ഒത്തുചേൎന്നു പരിലസിക്കുന്നുവെന്നുള്ളതു ഭാഷാചമ്പുക്കളുടെ പ്രത്യേകമാഹാത്മ്യമാകുന്നു. ഭാഷാസാഹിത്യത്തിലെ പല പ്രസ്ഥാനങ്ങളോടും ചമ്പുക്കൾക്കു ബന്ധം ഉണ്ടു്. സ്വതന്ത്രമോ പരതന്ത്രമോ ആയ മറ്റൊരു സാഹിത്യശാഖയും സമ്പാദിച്ചിട്ടില്ലാത്തവിധം അത്ര വലിയ കടപ്പാടു നമ്മുടെ ചമ്പുക്കൾക്കു സംസ്കൃതസാഹിത്യത്തോടു് ഉണ്ടെന്നുള്ളതിനെ മറച്ചുവെക്കുന്നില്ല. എന്നാൽ സ്വതന്ത്രങ്ങളെന്നു അഭിമാനിക്കുന്ന മറ്റു സാഹിത്യശാഖകളെ അതിശയിച്ചുനില്ക്കുന്ന ഒരു പ്രത്യേകതരം സ്വാതന്ത്ര്യവും അതോടുകൂടി നമ്മുടെ ചമ്പുക്കൾ പ്രകടിപ്പിക്കുന്നുണ്ടെന്നുള്ള വാസ്തവവും ഓൎമ്മിക്കേണ്ടതാകുന്നു.

ചമ്പുക്കൾക്കും കൂത്തിനും ഉള്ള ബന്ധം അല്പംകൂടി വിശദമാക്കേണ്ടതായിരിക്കുന്നു. ചമ്പുക്കളെക്കൊണ്ടു ചാക്യാന്മാൎക്കും ചാക്യാന്മാരെക്കൊണ്ടു ചമ്പുക്കൾക്കും, ചാക്യാന്മാരേയും ചമ്പുക്കളേയുംകൊണ്ടു ഭാഷയ്ക്കും ജനസമുദായത്തിനും വളരെ ഉൽകൎഷം ലഭിച്ചിട്ടുണ്ടെന്നു് ഇവിടെ ചെയ്യുന്ന നിരൂപണംകൊണ്ടു വെളിവാകും.

കഥകളി തുള്ളൽ മുതലായവ കേരളീയൎക്കു പ്രിയതരങ്ങളായ കലകളാകുന്നു. ഇവയെ സംബന്ധിക്കുന്ന സാഹിത്യവും ഉൽകൃഷ്ടങ്ങൾതന്നെ. എന്നാൽ ഇവയിൽ സാധാരണ

ക്കാൎക്ക രസിക്കുന്നതിന്ന ചില ക്ലേശങ്ങളും ഉണ്ട്. ആംഗ്യകലയിലും സംഗീതത്തിലും ജ്ഞാനവും അഭിരുചിയും ഇല്ലെങ്കിൽ അത്തരക്കാൎക്ക കഥകളി ഹിതമായിരിക്കയില്ല. തുള്ളൽകഥകളുടെ തുള്ളിപ്പാടിയുള്ള പ്രവാഹം ആൎക്കും ഹിതംതന്നെയെങ്കിലും തുള്ളൽക്കാൎക്ക സ്വന്തം മനോധൎമ്മം ഒന്നും കാണിക്കുവാൻ 'തുള്ളലിൽ' സ്ഥാനമില്ല. ചാക്യാന്മാരുടെ കൂത്തിന്റെ നില ഏതെല്ലാമാകുന്നു. കവികളുടേയും തങ്ങളുടേയും യോഗ്യതകളും കൂത്തിൽ ചാക്യാന്മാൎക്ക പ്രകാശിപ്പിക്കുവാൻ കഴിയുന്നു. ചാക്യാന്മാൎക്ക വാഗ്വിലാസത്തോടുകൂടി ആരേയും ശകാരിക്കാം. വാക്കിന്ന നല്ല ഫലിതവും ഉണ്ടായിരിക്കും. സദസ്യൎക്ക് ഉള്ളുനിറഞ്ഞു ചിരിക്കുവാൻ നല്ല തരം കിട്ടുന്നു. അതിനാൽ പാമരന്മാൎക്കും പണ്ഡിതന്മാൎക്കും കൂത്ത് ഒന്നുപോലെ ഹിതകരമാകുന്നു. നമ്മുടെ ക്ഷേത്രങ്ങളിൽ (ജനങ്ങൾ കൂടുന്ന) ഉത്സവകാലങ്ങളിൽ കൂത്തു നടത്തുക ഇന്നും പതിവാണ്. പല പ്രധാനക്ഷേത്രങ്ങളിലും കൂത്തമ്പലങ്ങൾ തന്നെ ഉണ്ടായിരുന്നതായും ഉള്ളതായും കാണാം. ഇതിൽനിന്നു പ്രകൃത്യാ രസികന്മാരായ കേരളീയൎക്ക് ഏറ്റവും ഹിതകരമായ ഒന്നാണ കൂത്ത് എന്ന വ്യക്തമാകുന്നുണ്ടല്ലോ. ഈ കൂത്തു ചാക്യാന്മാരുടെ ഉപജീവനകരമായ തൊഴിലായും കല്പിച്ചു. ഇപ്രകാരം ചെയ്തതുകൊണ്ടു കൂത്തിനും ചാക്യാന്മാൎക്കും രക്ഷ കിട്ടി.

കൂത്തിന് ഉപയോഗിക്കുന്നതിന്ന ചാക്യാന്മാൎക്ക വേണ്ടിയാണ ഭാഷയിൽ ചമ്പുക്കൾ ഉണ്ടായിട്ടുള്ളത്. ഈ സന്ദൎഭത്തിൽ ഒരു എതിൎവാദം ഉണ്ടായേക്കാം. ചാക്യാന്മാൎക്ക് ഉപയോഗിക്കുന്നതിന്ന സംസ്കൃതത്തിൽ പല ചമ്പുക്കളും ഉണ്ടല്ലൊ; അവയെ ഉപയോഗിച്ചിരുന്നു എന്നും സ്പഷ്ടമാണ്. ആ സ്ഥിതിക്ക ഭാഷയിൽ ചാക്യാന്മാരുടെ ആവശ്യത്തിന്ന ചമ്പുക്കൾ ഉണ്ടാകേണ്ട ആവശ്യമില്ല. ഈ വാദം നിൎമ്മൂലമാണെന്നു തെളിയിക്കാം. സംസ്കൃതസാഹിത്യത്തെ ചാക്യാന്മാൎക്ക് സ്വന്തം കാൎയ്യസാദ്ധ്യത്തിന് ആശ്രയിക്കാമെന്നുള്ള ശരിത

ന്നു. എന്നാൽ നൃത്തംകൊണ്ടു് ഉദ്ദേശം വേണ്ടവിധം സാധിക്കുന്നതല്ല. സംസ്കൃതചമ്പുക്കൾ അധികം ഗഹനങ്ങളും പ്രൗഢങ്ങളും ആയിപ്പോയി. ചാക്യാന്മാൎക്കു് ആവശ്യമുള്ള എല്ലാ ഇതിവൃത്തങ്ങളേയും അധികരിച്ചു വേണ്ടിടത്തോളം പ്രബന്ധങ്ങൾ പൂൎവ്വകാലത്തു സംസ്കൃതഭാഷയിൽ ഉണ്ടായിട്ടുമില്ല. കൂത്തു കേൾക്കുവാൻ വന്നിരിക്കുന്നവർ അധികവും വ്യുൽപത്തി കുറഞ്ഞ പാമരന്മാരായിരിക്കും. അവരെ രസിപ്പിക്കുന്നതിനു ഭാഷയിൽ ഒരു പുതിയ സാഹിത്യപ്രസ്ഥാനം ഉണ്ടാക്കേണ്ടതായിത്തന്നെയിരുന്നു. ഈ സന്ദൎഭത്തിലാണു ഭാഷാചമ്പുക്കളുടെ ആവിൎഭാവം. ചാക്യാന്മാരുടെ ആവശ്യത്തെ സംബന്ധിച്ചുകൊണ്ടുതന്നെയാണു ഭാഷാചമ്പുക്കൾ രചിക്കപ്പെട്ടിട്ടുള്ളതു്. ചാക്യാന്മാരുടേയും ചമ്പുക്കളുടേയും കഥാവതരണസ്വഭാവംതന്നെ ഈ സംഗതി വെളിവാക്കുന്നു. ചമ്പുക്കളിലെ ഭാഷാരീതി പ്രൗഢമായ മണിപ്രവാളമാണല്ലോ. അവയുടെ കൎത്താക്കന്മാർ 'തനി' സംസ്കൃതത്തിലും 'തനി' ഭാഷയിലും കവിത എഴുതുവാൻ നിപുണന്മാരായിരുന്നു എന്നു ചമ്പുക്കൾ നോക്കിയാൽ അറിയാം. പണ്ഡിതന്മാൎക്കു സംസ്കൃതത്തോടു രുചി കൂടുന്നു. പാമരന്മാൎക്കു ഭാഷയോടു് ഏറെ ഇഷ്ടം. ചാക്യാന്മാരുടെ സദസ്സിൽ ഈ രണ്ടു കൂട്ടരും ഉണ്ടായിരിക്കും. ഈ നിലയിൽ രണ്ടു കൂട്ടരേയും രസിപ്പിക്കുന്ന ഒരു ഭാഷാരീതി കൂടാതെ നിവൃത്തിയില്ല. ഈവിധം ആണു പ്രൗഢമായ മണിപ്രവാളരീതിയുണ്ടായതു്. ചമ്പുക്കളുടെ ഈ രീതിയിൽ ആൎക്കും ദൂഷിക്കുന്നതല്ല. ഇപ്രകാരം ഗൈൎവ്വാണിയായ ഗംഗയും കൈരളിയായ യമുനയും ഒരുമിച്ചുചേൎന്നു പരിലസിക്കുന്ന പുണ്യപ്രദേശമാണു ചമ്പുപ്രബന്ധലോകം. അവിടെ പ്രവേശിക്കുന്ന സഹൃദയഹൃദയങ്ങൾക്കു സാനന്ദസാന്ദ്രസുഖാനുഭൂതി ഹസ്തഗതമാകുന്നു. ചമ്പുക്കൾക്കു ചാക്യാന്മാരോടുള്ള ബന്ധത്തിനു് ഈ മണിപ്രവാളരീതിയും ഒരു തെളിവായി സ്വീകരിക്കപ്പെടാം. സദസ്സിൽ ചാക്യാർ ഭഗവൽകഥ പറഞ്ഞുതുടങ്ങുമ്പോൾ തന്റെ ഒരു സ്നേഹിതനോടു് ഉപദേശിക്കുന്ന

രീതിയിലാണ്. ചമ്പുക്കളും ഇതിനെത്തന്നെ അനുകരിക്കുന്നു. ആരംഭത്തിൽത്തന്നെ കഥാവസ്തു ഇന്നതാണെന്ന് ഉദാഹരണം കൊണ്ടു മററു വ്യക്തമാക്കുന്ന സ്വഭാവവും ചമ്പുക്കൾക്കും ചാക്യാന്മാർക്കും ഒരുപോലെയുണ്ട്. ഇതാണു ചമ്പുക്കളുടേയും ചാക്യാന്മാരുടേയും കഥാവതരണത്തിന്റെ പ്രത്യേകത. കഥാരംഭത്തിനു മുൻപു്, സദുപദേശാത്മകങ്ങളായ പല ശ്ലോകങ്ങളേയും അവതാരികയായി ചാക്യാന്മാർ ഉപയോഗിക്കാറുണ്ടു്. സംസാരത്തിന്റെ നിസ്സാരത, ഭഗവൽഭക്തിയുടെ പ്രാധാന്യം, മുതലായവയാണ് ഇത്തരം അവതാരികാപദ്യങ്ങൾ വെളിവാക്കുന്നതു്. ഇവ ഏതു കഥാവസ്തുവിനെ സംബന്ധിച്ചും ഉപയോഗിക്കാവുന്നവിധം ഉള്ളവയായിരിക്കും. ഉദാഹരണത്തിനു രണ്ടു പദ്യങ്ങൾ താഴെ ചേർക്കുന്നു.

അന്നത്തോളമിന പറഞ്ഞിടായി മക്കൾക്കു ഭവ മരതകം കണ്ടതാർ –
നന്നായുള്ളൊരു ഭാഗ്യം പലതിനിന്നു നിറിതമം കിരിത്യാകലോ ഞാൻ
ഏതുമോരോരോ സരിസ്മാ മരനായി നിദ്രയാലന്തരിക്കും കാന്തശോകം പോയ് –
അന്തിക്കാരവും കുടിപ്പാനുള്ളതറിഞ്ഞു കൊള്ളുക വാളനിയം.

പേടിപ്പിച്ചുമിതും തിരകൾക്കുഴിപ്പിച്ചുനന്ദദുരാന്ദ–
ത്ര്യംബകശ്രീകണ്ഠനോടു സ്വർഗ്ഗപുരിയിലേക്കു പാകു ...
നിന്നെത്തും കല്പവൃക്ഷാവലി തളിരിടും കല്പിച്ചതു ...–
വാടയിൽ ചേർത്ത ... വാനരനു നീ.

ഇവ ശരീരത്തിന്റെ നിസ്സാരതയേയും ലൌകികപ്രതാപത്തിന്റെ അസ്ഥിരതയേയും ഉപദേശിക്കുന്നു. ശാശ്വതസുഖകരമായ ഭഗവൽഭജനം തന്നെ യുക്തമെന്നാണു കവിയുടെ ആശയം. ചമ്പുക്കളിൽ കഥാവസ്തുവിനെ നിർദ്ദേശിക്കുന്ന സ്വഭാവം അറിയുവാൻ രണ്ടു പദ്യങ്ങൾ താഴെ ഉദ്ധരിക്കാം.

ലീലാസല്ലാപകല്ലോല് പ്രിയസഖി നിയതം കേളിവേശ്മം വിഭാതാ
...ദ്രായമിത്യഗ്രിളമാനപരകും പാർത്ഥിവാനായകം
... സൽ ... പരിജനസമിതോ ... ഗ്രാമ്യ ...
... കൈലാസോദ്ധാരണം ... പ്രകാരം

(ശൈലകൈലാസോദ്ധരണം)

ചെങ്കോൽപ്പൂണ്ടാണിരോമം തടവിയ മൃദുതാ കാസങ്കാരത്തു രംഗ
സംഗപ്പുത്തർദാഗ വന്നൊരുങ്ങിവ്വ കെ സൗ! കൈത്തുകം ചൊല്ലുവല്ലേൻ
തൽപൈതൃകം വിണ്ണവർണ്ണാവസിരിജ്ജീതം ദാരകയോം മുകരേ
സമ്പ്രാപ്യ പൌരലോകക്ഷിതിപരിപാലനായ്ക്ക സാമ്യമെങ്ങു.

(രാമായണം)

ഈ പദ്യങ്ങളുടെ ഉത്തരാർദ്ധങ്ങളിൽ ഉദാഹരണരൂപേണ കഥാവസ്തു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പൂർവ്വാർദ്ധംകൊണ്ടു തന്റെ ഒരു സ്നേഹിതന്റെ ആളിമൂല്യം സ്പഷ്ടമാക്കുന്നു. ഭാഷാചമ്പുക്കളിലെ ഈ കഥാവസ്തുനിർദ്ദേശസ്വഭാവം സംസ്കൃതചമ്പുക്കളിൽ കാണുന്നില്ല. ചാക്യാന്മാർക്കുവേണ്ടി മേപ്പത്തൂർ ഭട്ടതിരി നിർമ്മിച്ചിട്ടുള്ള പ്രബന്ധങ്ങളിലും ഈ രീതി ഇല്ലാതിരിക്കുന്നു. സംസ്കൃതചമ്പുക്കളുടെ അനുകരണമായിരിക്കാം അതിനു കാരണം.

ചാക്യാന്മാർക്കും നമ്മുടെ ചമ്പുക്കൾക്കും ഉള്ള ബന്ധത്തെ കാണിക്കുന്നതിനു പഴയ പല താളിയോലഗ്രന്ഥങ്ങളും സഹായിക്കുന്നുണ്ട്. അവ ചാക്യാന്മാരാൽ സംരക്ഷിക്കപ്പെട്ടുവരുന്നവയാണ്. ആ വക ഗ്രന്ഥങ്ങളിൽനിന്നു വാക്യങ്ങളേയും ശ്ലോകങ്ങളേയും (ശ്ലോകാർത്ഥങ്ങളേയും) അവതാരികയേയും അതുപോലെതന്നെ പഠിച്ചു ചാക്യാന്മാർ പ്രയോഗിക്കുന്നു. ഇപ്രകാരം ചാക്യാന്മാരുടെ ഉപയോഗത്തിനായി പല ചമ്പുക്കളേയും (അർത്ഥം വിവരിച്ച്) എഴുതി സൂക്ഷിച്ചിരിക്കുന്നു. അവയിലെ വാക്യരീതിയും ഒന്നു വേറെതന്നെ. രാമായണം മുതലായ ഭാഷാചമ്പുക്കളിൽ വിവിധങ്ങളായ സംസ്കൃതകൃതികളിൽനിന്നു സന്ദർഭാനുസരണം പദ്യങ്ങൾ എടുത്തു ചേർത്തിട്ടുണ്ടെന്നു കാണാം. ഓരോ സന്ദർഭങ്ങളെ അധികം മോടി പിടിപ്പിക്കുന്നതിനുവേണ്ടി വൈചിത്ര്യബുദ്ധിയോടുകൂടി മറ്റു കൃതികളിൽനിന്നു വേണ്ട ഭാഗം ഉദ്ധരിച്ച് അർത്ഥം വിവരിക്കുന്നതു ചാക്യാന്മാരുടെ സ്വഭാവമാണ്. ഇപ്രകാരം ഉദ്ധരിക്കപ്പെടുന്ന ഭാഗങ്ങളെ അനുഗാമികളുടെ ഉപയോഗത്തിനുവേണ്ടി അവർ ഗ്രന്ഥങ്ങളിൽ എഴുതി സൂക്ഷിക്കുവാൻ ഇട

യായി. ഇങ്ങിനെയാണ് അന്യകൃതികളിലെ പദ്യങ്ങൾ നമ്മുടെ ചമ്പുക്കളിൽ കടന്നുകൂടിയതു്. ചാക്യാന്മാർ ഉപയോഗിക്കുന്ന പ്രബന്ധങ്ങളിലൊക്കെ മറ്റു കൃതികളിലെ പദ്യങ്ങൾ കാണാം. അവർ അധികം ഉപയോഗിക്കുന്ന രാമായണാദി ചമ്പുക്കളിൽ പ്രക്ഷിപ്തപദ്യങ്ങൾ വളരെ കാണുന്നു. മേല്പത്തൂർ ഭട്ടതിരിയുടെ രാമായണാദിപ്രബന്ധങ്ങളിലും അന്യപദ്യങ്ങൾ കാണുന്നതിന് ഇതുതന്നെ കാരണം. ചാക്യാന്മാർ കൈവെക്കാത്തതുകൊണ്ടായിരിക്കണം നൈഷധചമ്പു മുതലായവയിൽ പരപദ്യങ്ങൾ കാണാതിരിക്കുന്നതു്. മറ്റു കവികളുടെ പദ്യങ്ങൾ പ്രബന്ധങ്ങളിൽ കാണുന്നതിനെസ്സംബന്ധിച്ചു നിരൂപകന്മാർ ഗ്രന്ഥകർത്താക്കന്മാരെ കുറ്റപ്പെടുത്തി പറയാറുണ്ടു്. ഇങ്ങിനെ ചെയ്യുന്നതു യുക്തമല്ല. അവർ അറിഞ്ഞുകൊണ്ടു സർവ്വനിബന്ധനാധമണരൂപമായ സാഹസം ചെയ്യുന്നതല്ല. എന്നാൽ ഈ സംഗതിയിൽ ചാക്യാന്മാരെ അപരാധികളാക്കുന്നതും അയുക്തമാകുന്നു. സംഭാഷണം ചെയ്യുമ്പോഴും സ്വന്തമായി വല്ലതും എഴുതുമ്പോഴും സന്ദർഭങ്ങളെ മോടിപിടിപ്പിക്കുന്നതിനുവേണ്ടി പല പദ്യങ്ങളേയും മറ്റുള്ളവരുടെ അഭിപ്രായങ്ങളേയും ഉദ്ധരിക്കുന്നതു സാധാരണജനങ്ങളുടെ ഒരു സ്വഭാവമാണ്. ഇങ്ങിനെ ചെയ്യുന്നതു കുറവായി കരുതുന്നില്ല. ഇതുപോലെ മാത്രമേ ചാക്യാന്മാരും ചെയ്തിട്ടുള്ളൂ. സദസ്യരെ രസിപ്പിച്ചുകൊണ്ടു് അവരുടെ ഹൃദയത്തിൽ സന്മാർഗ്ഗതത്വങ്ങളെ എങ്ങിനെ എങ്കിലും കുത്തിത്തിരുകണമെന്നു കരുതുന്നവരും പ്രകൃത്യാ സഹൃദയന്മാരും ആയ ചാക്യാന്മാർക്ക് ഉദ്ദേശസിദ്ധിക്കു പലപ്പോഴും ഇങ്ങിനെ ചെയ്യേണ്ടിവരുന്നതു സാധാരണമാണ്.

പൂർവ്വകാലത്തിൽ ചാക്യാന്മാരും ചമ്പുക്കളും വളരെ ഇണങ്ങി കഴിഞ്ഞുകൂടി. ചാക്യാന്മാർക്കു നമ്മുടെ ചമ്പുക്കളും, ചമ്പുക്കൾക്കു ചാക്യാന്മാരും ഒരുപോലെ ഔന്നത്യം വരുത്തിയിട്ടുണ്ട്. മുൻകാലത്തു ജനങ്ങൾക്കു ചമ്പുക്കളോട് അഭിരുചിയുണ്ടാകുന്നതിനു ചാക്യാന്മാർതന്നെ കാരണം. ഇതുത

ന്നെ ചമ്പുക്കളുടെ അഭിവൃദ്ധിക്കു ഹേതുഭവിച്ചു. ചാക്യാന്മാരുടെ വാഗ്വിലാസമാണതാണു ചമ്പുക്കളുടെ സാഹിത്യരസധോരണിയെ സമുദായാഭ്യന്തരത്തിലേക്കു നയിച്ചതു്. അതിനു അവിടെ നല്ല വിലയും നിലയും കിട്ടി. ആരേയും ആകൎഷിക്കുവാൻ വേണ്ട യോഗ്യത തികഞ്ഞവയാണു ചമ്പുക്കൾ. ഇതിനു വേണ്ട വാഗ്വിലാസവിഭവത്തോടുകൂടിയ ഒരു പ്രത്യേകവൎഗ്ഗക്കാരാണു ചാക്യാന്മാർ. കേരളീയരോ പ്രകൃത്യാതന്നെ രസികന്മാർ. ഈ സ്ഥിതിക്കു ചമ്പുക്കൾക്കും ചാക്യാന്മാൎക്കും ജനങ്ങൾക്കും ഇണങ്ങിക്കൂടിക്കഴിയുന്നതിന് ഒരു ക്ലേശവും ഉണ്ടാകുന്നതല്ലല്ലോ. ചാക്യാന്മാർ പുതിയ മനോധൎമ്മങ്ങളേയും ഫലിതങ്ങളേയുംകൊണ്ടു നൂതനമായ വചോവിലാസപ്രയോഗമാൎഗ്ഗത്തെ ചമ്പുക്കൾ കാണിച്ചുകൊടുത്തു. ചമ്പുക്കളുടെ രസികതത്വത്തെ പ്രകാശിപ്പിച്ചു ജനങ്ങളുടെ ഇടയിൽ അവയ്ക്കു വേണ്ട സ്ഥാനവും മാനവും ചാക്യാന്മാർ സമ്പാദിച്ചുകൊടുത്തു. ഇതാണു ചാക്യാന്മാരുടേയും ചമ്പുക്കളുടേയും സ്പൃഹണീയമായ സഖ്യത്തിന്റെ ഫലം. ഇവിധം അഭിവൃദ്ധമായ ചമ്പുസമുദായം ഭാഷയുടെ അനൎഘനിധിയായിബ്ഭവിച്ചതിൽ അത്ഭുതമില്ലല്ലോ.

സംസ്കൃതചമ്പുക്കൾ അത്യന്തം ഗുണഗ്രഥിതങ്ങളാണെങ്കിലും അവയ്ക്കു പൊതുവേ സംസ്കൃതസാഹിത്യത്തിലുള്ള സ്ഥാനം അധികം ഉയൎന്നതെന്നു പറയുവാനില്ല. സംസ്കൃതസാഹിത്യത്തിന്റെ അസാധാരണമായ പ്രൌഢിയും വിപുലതയും തന്നെ ഇതിനു കാരണം. ഭാഷയിൽ ചമ്പുക്കളുടെ നില ഇതല്ല; വളരെ ഉന്നതംതന്നെ. അതിനു നമ്മുടെ ഭാഷയുടെ കൃശതയും അപ്രൌഢതയും തന്നെ ഹേതുക്കൾ. ചമ്പുക്കളുടെ ആവിൎഭാവത്തിനു മുൻപുതന്നെ സുന്ദരമായ ഒരു സാഹിത്യസമ്പത്തു നമുക്കു ലഭിച്ചിട്ടുണ്ടു. എന്നാൽ അതു വേണ്ടിടത്തോളവും പരിപുഷ്ടമല്ല. വളരെ കൃതങ്ങളോടുകൂടി സൃഷ്ടിച്ച ഒ കമാലിയാൽ ഒരുവിധം കഴിഞ്ഞുകൂടിപ്പോകുവാൻ മാത്രം മതി

പുള്ള ഒരു കുടുംബത്തിലെ സ്ഥിതിയാണു ചമ്പുക്കളുടെ ആവിർഭാവകാലത്തു കൈരളിക്കു് ഉണ്ടായിരുന്നതു്. ഇപ്രകാരമുള്ള ഭവനത്തിൽ സ്വച്ഛന്ദസമ്പൽപുഷ്ടി ലഭിക്കുന്നതായാൽ ഉണ്ടാകുന്ന ഐശ്വര്യാഭിവൃദ്ധി എത്രമാത്രമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതാണു ചമ്പുപ്രബന്ധലാഭത്താൽ ഭാഷയ്ക്കു സംഭവിച്ചിട്ടുള്ള ഔന്നത്യത്തിന്റെ സ്വഭാവം. നമ്മുടെ ഭാഷ ഇന്നും അഭിവൃദ്ധിയെ പ്രാപിച്ചിട്ടില്ല; പിച്ച പിടിച്ചുവരുന്നതേയുള്ളു. സംസ്കൃതസാഹിത്യത്തിന്റെ നില ഇതല്ല. 'സമസ്തകല്യാണനിധി'യായ മഹാമേരുപർവ്വതത്തിൽനിന്നു പത്തോ പന്ത്രണ്ടോ മണികളെ മാററിയാൽ ആ പർവ്വതരാജന് എത്ര കുറവാണു വന്നുചേരുന്നതു്? ഇതുതന്നെ ചമ്പുപ്രബന്ധാഭാവത്താൽ സംസ്കൃതഭാഷയ്ക്കു് ഉണ്ടാകുന്ന സ്ഥിതി. ഋതുവർഗ്ഗത്തിൽനിന്നു വസന്തത്തെയും നക്ഷത്രമദ്ധ്യത്തിൽ നിന്നു ചന്ദ്രനെയും സമുദ്രസമുദായത്തിൽനിന്നു പാൽക്കടലിനെയും മാററിയാൽ ഉണ്ടാകുന്ന അസ്പൃഹണീയമായ ദൌർഭാഗ്യം ചമ്പുക്കളുടെ കുറവുനിമിത്തം കൈരളിക്കു തട്ടുന്നു. നീലകണ്ഠദീക്ഷിതമഹാകവി സന്ദർഭവശാൽ പ്രസ്താവിച്ചിരിക്കുന്ന 'സരസകവിതാമാധുര്യരസികയോഗം' അതോടുകൂടി നമുക്കു് അനുഭവപ്പെടുകയും ചെയ്യും. ഇതുകൊണ്ടു സംസ്കൃതസാഹിത്യത്തിൽ ചമ്പുക്കൾ അർഹിക്കുന്നതിൽ വളരെ വളരെ ഉന്നതമായ ഒരു നിലയെ നമ്മുടെ ഭാഷയിൽ ചമ്പുക്കൾ അർഹിക്കുന്നു എന്നു പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്.

നമ്മുടെ സാഹിത്യത്തിൽ പ്രബന്ധപ്രധാനമായ ഒരു കാലമുണ്ടായിരുന്നു. ആ കാലത്തു് അസംഖ്യം പ്രബന്ധങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയിൽ അധികവും അപ്രസിദ്ധീകൃതങ്ങളായിത്തന്നെയിരിക്കുന്നു. പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയിൽ പലതിലും സംസ്കാരശുദ്ധി വളരെ കുറവാണു്. വിശിഷ്ടങ്ങളായ പല പ്രബന്ധങ്ങളും ഇരുണ്ടടഞ്ഞ നിലവറകളിൽ മൂഷികഗണപ്രാണത്രാണമാത്രോപയോഗങ്ങളായി കിടക്കുന്നുണ്ടെന്നതിനു സംശയമില്ല.

ഭാഷാചമ്പുക്കളിൽ പ്രാധാന്യത്തെ അർഹിക്കുന്നതു രാമായണം ഭാരതം ഭാഗവതം നൈഷധം എന്നിവയാകുന്നു. ഇവയിൽ ഭാഗവതം കഴിച്ചു മറ്റുള്ളവ എല്ലാം പ്രകാശിതങ്ങളാകുന്നു. ഭാഗവതം എന്നൊരു ചമ്പു ഉണ്ടെന്നു (അതിന്റെ ശിഥിലങ്ങളായ ചില ഭാഗങ്ങൾ കാണ്മാൻ ഇടയായതുകൊണ്ടു്) ഊഹിക്കയാണു ചെയ്യുന്നതു്. പക്ഷേ ഈ ഊഹത്തിനു വേണ്ട ബലം ഇല്ലെന്നും വന്നേക്കാം. കാമദഹനം ചെല്ലൂർനാഥോദയം രാമാങ്ഗുലീയം കൊടിയവിരഹം പാരിജാതഹരണം നാരായണീയം ഗൗരീചരിതം ബാണയുദ്ധം രാജരത്നാവലീയം ദക്ഷയാഗം കംസവധം തെങ്കൈലാസനാഥോദയം കല്യാണസൗഗന്ധികം ത്രിപുരദഹനം സ്യമന്തകം പ്രഹ്ലാദചരിതം എന്നിവയിൽ അധികവും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു്. ഇവയിൽ അധികം പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തി ഭാഷയ്ക്കു മംഗളോദയം വരുത്തിയതു 'മംഗളോദയം' മാസികയാകുന്നു. പല ചെറിയ ചമ്പുക്കളുമടങ്ങിയ മഹാചമ്പുക്കളാണു രാമായണവും ഭാരതവും. രാവണോത്ഭവം രാമാവതാരം താടകാവധം അഹല്യാമോക്ഷം സീതാസ്വയംവരം പരശുരാമവിജയം വിച്ഛിന്നാഭിഷേകം ഖരവധം സുഗ്രീവസഖ്യം ബാലിവധം ഉദ്യാനപ്രവേശം അംഗുലീയാങ്കം ലങ്കാപ്രവേശം രാവണവധം അഗ്നിപ്രവേശം അയോദ്ധ്യാപ്രവേശം പട്ടാഭിഷേകം സീതാപരിത്യാഗം അശ്വമേധം സ്വർഗ്ഗാരോഹണം എന്ന ഇരുപതു ഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രാമായണചമ്പുവിൽ ഉണ്ടു്. ഈ മഹാചമ്പുവിൽ ആകപ്പാടെ രണ്ടായിരത്തിലധികം പദ്യങ്ങളും നൂററിയൻപതിലധികം ഗദ്യങ്ങളും (ദണ്ഡകങ്ങൾ ഉൾപ്പെടെ) അടങ്ങിയിരിക്കുന്നു. ഇതിൽനിന്നുതന്നെ ഈ ചമ്പുവിന്റെ മാഹാത്മ്യം ഊഹിക്കാമല്ലോ. രാവണന്റെ ദിഗ്വിജയം മുതലായ പല ഭാഗങ്ങളും ഇനിയും രാമായണചമ്പുവിൽ ചേർത്തു പ്രസിദ്ധപ്പെടുത്തേണ്ടതായിട്ടുണ്ടു്. ഭാരതചമ്പു പ്രസിദ്ധപ്പെടുത്തിയതു കവനോദയക്കാരാകുന്നു.

പാഞ്ചാലീസ്വയംവരം ഖാണ്ഡവദാഹം കിരാതം കീചകവധം ഗോഗ്രഹണം യുദ്ധോദ്യോഗം ദൂതവാക്യം ജയദ്രഥവധം യുദ്ധം അശ്വമേധം എന്നു പത്തു ഭാഗങ്ങൾ ഭാരതചമ്പുവിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കല്യാണസൌഗന്ധികം മുതലായ ചില ഭാഗങ്ങൾ കവനോദയക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഭാരതചമ്പുവിൽ ഇല്ല. നൈഷധചമ്പുവിൽ രണ്ടു ഭാഗങ്ങൾ ഉണ്ട്. ഇതു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ലബ്ധപ്രതിഷ്ഠവും ആയ ഒന്നാണ്. ഇവയാണു നമുക്കു ലഭിച്ചിട്ടുള്ള പുരാതനങ്ങളായ ഭാഷാചമ്പുക്കൾ.

ഈ പ്രബന്ധങ്ങളുടെ പേരുകൾതന്നെ തത്തൽകഥാവസ്തുക്കളെ വെളിവാക്കുന്നു. ചുരുക്കം ചിലവയുടെ ഇതിവൃത്തങ്ങൾ പുരാണസംഗ്രഹിതങ്ങളല്ല. ഇത്തരത്തിൽ ഒന്നാണു രാജരത്നാവലീയം. കൊച്ചിയിൽ രാമവൎമ്മ എന്നു പേരോടുകൂടി ഒരു രാജാവു് ഉണ്ടായിരുന്നു. ഒരു ദിവസം ആ രാജാവിനു മന്ദാരമാല എന്നൊരു കിന്നരിയെ കാണുന്നതിനും അവളിൽ അനുരാഗം ഉണ്ടാകുന്നതിനും ഇടയായി. ഇവരുടെ സമാഗമത്തിനു ചില പ്രതിബന്ധങ്ങൾ ഉണ്ടാകുന്നു. ഒടുവിൽ ഒരു യോഗിനിയുടെ അനുഗ്രഹത്താൽ അവയെല്ലാം തീൎന്നു് അവൎക്കു സമാഗമം ലഭിക്കുന്നു. ഇതാണു രാജരത്നാവലീയത്തിലെ കഥാവസ്തു. രാമവൎമ്മരാജാവു് ഒരു കിന്നരനായിരുന്നു എന്നും ശിവന്റെ ശാപം നിമിത്തം മനുഷ്യനായിജ്ജനിച്ചതാണെന്നും ഒരു കഥകൂടി കവി ഘടിപ്പിച്ചിരിക്കുന്നു. നാരായണീയത്തിലെ ഇതിവൃത്തം സന്താനഗോപാലമാണു്. ഈ പ്രബന്ധത്തിലെ അന്ത്യഭാഗത്തിൽ തൃപ്പൂണിത്തുറയിലെ പ്രതിഷ്ഠയേയും വൎണ്ണിച്ചിരിക്കുന്നു. കൊടിയവിരഹം ശൃംഗാരമയമായ ഒരു കാവ്യമാകുന്നു. കാവ്യമാലയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൊടിയവിരഹത്തിലേയും ഇതിലേയും കഥാവസ്തു ഒന്നുതന്നെ. വിപ്രലംഭശൃംഗാരം ഇതിൽ വിപുലമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. കേരളത്തിലെ പ്രസിദ്ധഗ്രാമങ്ങളിൽ ഒന്നാണു പെരിഞ്ചെല്ലൂർ. പെരുഞ്ചെല്ലൂൎനാഥൻ ഈ ഗ്രാമത്തിലെ

കുലദൈവമാകുന്നു. സൂര്യവംശരാജാവായ ശതസോമൻ തപസ്സു ചെയ്തു ശിവനെ പ്രത്യക്ഷമാക്കി തൽപ്രസാദത്താൽ പെരിഞ്ചെല്ലൂർക്ഷേത്രത്തിൽ ശിവപ്രതിഷ്ഠ ചെയ്യുന്നതാണു ചെല്ലൂർനാഥോദയത്തിലെ ഇതിവൃത്തം.

ഇനി ഈ പ്രബന്ധങ്ങളുടെ കർത്താവു ആരാണെന്നു വിചാരിക്കാം. മുൻപു പറഞ്ഞ ചമ്പുക്കളിൽ മഹിഷമംഗലത്തിന്റെ നൈഷധചമ്പുവിനെ മാററിനിറുത്തിയാൽ മററുള്ളവയ്ക്കു് എല്ലാം ഒരേപ്പോലെ സാദൃശ്യമായി കാണുവാൻ കഴിയും. ഒരേ പിതാവിന്റെ ഛായ വ്യക്തമായി പ്രകാശിക്കുന്ന സന്താനങ്ങളുടെ സ്ഥിതിയാണു ചമ്പുക്കൾക്കുള്ളതു്. ഇപ്രകാരമുള്ള ഛായയിൽ മാത്രമല്ല മററു പല സംഗതികളിലും ചമ്പുക്കൾക്കു് ഐക്യം കാണുന്നു. ഒരു കൃതിയിൽ കാണുന്ന ഭാഗം തന്നെ അതുപോലെതന്നെയോ അല്പം വ്യത്യാസത്തോടുകൂടിയോ മററു കൃതികളിലും കാണാം. കവി ഒരാൾ ആണെങ്കിൽ മാത്രമേ ഇപ്രകാരം സംഭവിക്കുകയുള്ളു. കവികൾ സംസ്കൃതകാവ്യങ്ങളിൽനിന്നു പദ്യങ്ങളുടെ ആശയാദികളെ അപഹരിക്കുക ദുർല്ലഭമല്ല. എന്നാൽ ഭാഷാകാവ്യങ്ങളിൽനിന്നു് അങ്ങിനെ ചെയ്യുന്നതു് അപൂർവ്വമാകുന്നു. ഒരു കൃതിയിലെ വല്ല ഭാഗമോ, അല്ലെങ്കിൽ അതിന്റെ ഛായാശയാദികളോ അതുപോലെ മറെറാന്നിലും കണ്ടാൽ അവ ഒരാളുടെ കൃതികളാണെന്നു സാമാന്യേന വിചാരിക്കാം. ഈ സംഗതി ഉദാഹരണംകൊണ്ടു തെളിയിക്കാം.

രാമായണചമ്പുവിന്റെ ഛായതന്നെയല്ല അതിലെ പല ഭാഗങ്ങളും നാരായണീയത്തിൽ കാണുന്നു. ഒന്നിൽ ശ്രീരാമന്റെയും മററതിൽ ശ്രീകൃഷ്ണന്റെയും രാജ്യഭരണത്തെ വർണ്ണിക്കുന്ന ഭാഗം നോക്കുക:

ചോദിച്ചാടിയൊളിച്ചില്ലൊരുവൻ
ഭാരം കെട്ടിക്കാത്തീലൊരുവൻ
പാദത്തിൽ തൊഴൽ കണ്ടീലൊരുവൻ
കട്ടിലിരുന്നു പാറീച്ചീലൊരുവൻ

വീട്ടിൽ വിശന്നു കിടന്നിലൊരുവൻ
കോട്ടയ്ക്കിട്ട കാത്തിലൊരുവൻ

(രാമായണം)

കല്ലാണിട്ടി വലഞ്ഞീലൊരുവൻ
പല്ലുതേട്ടിയിരുന്നീലൊരുവൻ
നൈവേദ്യകൃത്യം ചെയ്തീലൊരുവൻ
ചോറും കറിയും പാർത്തീലൊരുവൻ

(നാരായണീയം)

ഇവിടെ രണ്ടു ഭാഗങ്ങളിലെയും ഛായ ഒന്നുതന്നെ.

മാനകലാന്ന്യ ചതിച്ചീലൊരുവൻ
പരയന്നാരതി കയറീലൊരുവൻ
പരപരിവാദമിരുന്നീലൊരുവൻ
വ്യാധി പിടിച്ചു കിടന്നീലൊരുവൻ
വ്യസനമിളകി നടന്നീലൊരുവൻ

ഈ ഭാഗം രണ്ടു പദ്യങ്ങളിലും ഒരുപോലെതന്നെയിരിക്കുന്നു. രാജരത്നാവലീയത്തിലെ പദ്യങ്ങളെയും അതുപോലെയും അല്പം വ്യത്യാസത്തോടുകൂടിയും ഭാണയുഗ്മത്തിൽ കാണുന്നു.

“മൽ പ്രാണനാഥരൊക്കെ, പ്രിയസഖി!...
‘ധന്യാ തല്പമേറാ കമലുകിൽ...
‘പൊൻകഴുത്തുമാലയണിഞ്ഞപിന്ന ..
‘എല്ലാനാളും വിശേഷമായി തവ ..

ഇവ, രണ്ടിലും ഒരുപോലെ കാണുന്ന പദ്യങ്ങളാണ്.

അയ്യോ പാപം നാഥനും വിധിയതിനാട്ട കളിച്ചും പിഴച്ചീലതാര താൻ
തെല്ലു ഉണ്ണാതെ ബോധമുയിരറിനാട്ടവ നിന്നുമതായ് പറഞ്ഞു
കയ്യാമം കൈകൾ ചേടിഞ്ഞിടിനാലർ ഖരമാപാപിയെൻ ഭാഗ്യമാരാര
നിർണ്ണയം പണ്ടു കല്പിച്ചിട്ടുള്ള കര ജനതാർക്കസാക്ഷി വിധാതാ

എന്ന പദ്യത്തിന്റെ ഛായ എത്രമാത്രം പ്രകടമായി താഴെ കൊടുക്കുന്ന പദ്യത്തിൽ ഉണ്ടെന്നു നോക്കേണ്ടതാകുന്നു.

അയ്യോ പാപം കളിച്ചാ പൊരുതുമവൻ പിഴച്ചീല താൻ തെറ്റുയെങ്കിൽ താൻ
തെല്ലു നിനവിവഴിയും ക വിനകൾ വരഞ്ഞിട്ടവരാണെന്നുമെ
കയ്യേറിയും കരാമശാപാപവിയതി വന്നതെന്തു കുറിട്ടതിന്നാ
നിർണ്ണയം പറഞ്ഞതിൽ കര പുനരഴതി വിരചിതനാം വിധാതാ

ഒരു പദ്യത്തെത്തന്നെ സന്ദർഭാനുസരണം അല്പം ഭേദപ്പെടുത്തുകയേ കവി ചെയ്തിട്ടുള്ളു എന്നു കാണാം. 'അയ്യോ പാവം' 'കല്പിച്ചം' 'പിഴച്ചില' 'മെയ്യേ' 'നിസ്ത്രാണം' 'വിധാതാ' എന്നി പദങ്ങൾ ആ രണ്ടു പദ്യങ്ങളിലും ഒരേ സ്ഥാനത്തുതന്നെ പ്രയോഗിച്ചിരിക്കുന്നതും ചിന്ത്യമാകുന്നു. ചെല്ലൂർനാഥോദയത്തിലെ പല പദ്യങ്ങളേയും അതുപോലെതന്നെ രാമായണചമ്പുവിൽ കാണാം. ഭാരതചമ്പുവിലെ ഗദ്യങ്ങളിലെ പല ഭാഗങ്ങൾക്കും ചെല്ലൂർനാഥോദയത്തിലെ ഗദ്യഭാഗങ്ങളോട് ഐകരൂപ്യം ഉണ്ട്. ത്രിപുരദഹനം കംസവധം ചെല്ലൂർനാഥോദയം എന്നിവയും രാമായണചമ്പുവിനോടു മുൻപറഞ്ഞവിധം ബന്ധം കാണുവാൻ കഴിയും. ഇവിടെ പേർ പറഞ്ഞ ചമ്പുക്കളുടെ എല്ലാം കർത്താവ് ഒരാളുതന്നെയെന്നു ഇത്രയും പറഞ്ഞതിൽനിന്നു നിസ്സംശയം തെളിയുന്നതാണ്.

രാജരത്നാവലീയം ബാണയുദ്ധം കൊടിയവിരഹം എന്നിവയുടെ കർത്താവു മഹിഷമംഗലമാണെന്നു ചില പണ്ഡിതന്മാർ പറയുന്നു. ഈ അഭിപ്രായം വാസ്തവമാണെങ്കിൽ ആ കവിതന്നെയായിരിക്കണം രാമായണഭാരതാദിപ്രബന്ധങ്ങളുടേയും കർത്താവ്. എന്നാൽ വാസ്തവം അങ്ങിനെ അല്ല. നൈഷധചമ്പു (മഹിഷമംഗല)ഭാണം എന്നിവ മഹിഷമംഗലത്തിന്റെ ആണെന്നു പ്രസിദ്ധമാണ്. മഹിഷമംഗലം സ്വകുലദൈവമായ വലയാധീശ്വരിയെ ഈ കൃതികളുടെ പ്രാരംഭത്തിൽ സ്തുതിച്ചിട്ടുണ്ട്. മുൻപു പറഞ്ഞ പ്രബന്ധങ്ങളിലൊന്നിലും വലയാധീശ്വരിയുടെ സ്മരണപോലും ഇല്ല. നൈഷധചമ്പുവിനും മുൻപു പറഞ്ഞ രാമായണാദിചമ്പുക്കൾക്കും ഒരുവിധത്തിലും സാദൃശ്യംതന്നെയില്ല. ബാണയുദ്ധം രാജരത്നാവലീയം എന്നിവയ്ക്കു രാമായണാദിപ്രബന്ധങ്ങളോടു കാണുന്ന മുൻപറഞ്ഞവിധമുള്ള ബന്ധം അല്പവും നൈഷധചമ്പുവിനോടു കാണുന്നില്ല. സർവ്വഥാ മഹിഷമംഗലത്തെ രാമായണാദിപ്രബന്ധങ്ങളുടെ കർത്താവായി കല്പിക്കുന്നതു സാഹസമായിരിക്കും എന്നുതന്നെ പറയണം.

പുനം എന്ന ബ്രാഹ്മണനായി ഒരു മഹാകവി ഉണ്ടായിരുന്നു എന്നും അദ്ദേഹം പല ചമ്പുക്കളുടെ കർത്താവായിരുന്നു എന്നും നാം അറിയുന്നുണ്ട്.

കവികളെന്നിമാര്യം പദ്യഗദ്യപ്രവരൈരനേകൈഃ
കടയതി പുനമിന്നും ഉരിയുവാക്കുവാളും

എന്നു ചന്ദ്രോത്സവത്തിൽ കാണുന്നു. പുനത്തെക്കുറിച്ചു സ്മരിച്ചിട്ടുള്ള ഭാഗങ്ങൾ ചന്ദ്രോത്സവത്തിൽ വേറെയും ഉണ്ട്. പ്രസിദ്ധപണ്ഡിതനായ ഉദ്ദണ്ഡനോടു പട്ടത്താനം വാങ്ങിയ 'പൃമുകോശഗമകാരിവചഃപ്രസരൻ' ആയ രസികകവിയാണ് ഈ പുനം. പുനത്തിൻ്റേതന്നെ പ്രസിദ്ധമായ

താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിൽത്താർബാണ! കൈരാകരനികരമഹോമണ്ഡലീചണ്ഡഭാനോ!
വൈരത്തോർത്താരു നിന്നോടെതിരുകാരി കല്യരല്ലെന്നുമേതോ കളിപ്പാൻ
മാരജനിന്നിപ്പുറം വിശ്വ[illegible] നിന്നു [illegible]

എന്ന പദ്യം ചമ്പുക്കളിലെ മണിപ്രവാളരീതിയിൽ ഉള്ള ഒന്നാണ്.

* ഒരുത്തീലോകപ്രസിദ്ധകീർത്തികളാസ്ഥികളണ്ടാലെ ... [illegible]
ദശം മഠം ... [illegible]
ധാത്രീകല്പജലാദിക്ഷേകവിധിനാ ക്ലിന്നാ ... [illegible]
ഒന്നാ ... [illegible]

എന്ന രാമായണചമ്പു (പട്ടാഭിഷേകം) വിൽ കാണുന്ന പദ്യത്തിലെയും 'താരിൽത്തന്വീ' ത്യാദി പദ്യത്തിൻ്റെയും ആശയം ഒന്നുതന്നെ; ചമ്പുപ്രബന്ധങ്ങളിൽ പല സന്ദർഭങ്ങളിലും കവി പ്രയോഗിച്ചിട്ടുള്ള സംബുദ്ധികളുടെ ഒരായ 'താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ' 'കൈരാകരനികരമഹോമണ്ഡലീചണ്ഡഭാനോ' എന്നുള്ള സംബുദ്ധികളിൽ സാദൃ

* സാരം:—കലാകീർത്തിമാലിയും ... ആശ്രയവും ആയ അങ്ങയെ ... സന്തോഷങ്ങൾ ഉണ്ടാവാൻ ഈ പ്രകാരം പ്രാർത്ഥിക്കുന്നു: ശ്രീ കല്യാണകാലത്തിലെ ജലംകൊണ്ട് അഭിഷിക്തയാകുന്ന ... നിങ്ങൾക്ക് ... കളയട്ടെ.

യന്നാൽ നിഷ്പ്രയാസം കാണാവുന്നതാണ്. പുനം പല ചമ്പുക്കളുടേയും കർത്താവാണെന്നുള്ള സംഗതിയിൽ ആരും യോജിക്കതന്നെ ചെയ്യും. ചൊല്ലൂർനാഥോദയം ഭാരതം എന്നിവ പുനത്തിന്റെ കൃതികളാണെന്നു പണ്ഡിതന്മാർ ഉറപ്പിച്ചിരിക്കുന്നു. ഈ പ്രബന്ധങ്ങൾ പഠിച്ചിട്ടുള്ളവർ മുൻപു പറഞ്ഞ രാമായണാദിചമ്പുക്കളും പുനത്തിന്റെ സന്താനങ്ങളാണെന്നു സമ്മതിക്കതന്നെ ചെയ്യും.

പുനം കോഴിക്കോട്ടു സാമൂതിരിയുടെ വിദ്വൽസദസ്സിലെ അരക്കവിയായിരുന്നു എന്ന ഐതിഹ്യം നിഷേധിക്കത്തക്കതല്ല. പതിനെട്ടു മുഴക്കവികളുടെ കൂട്ടത്തിൽ ഭാഷാകവിയായതുകൊണ്ടു പുനത്തെ അരക്കവി ആക്കിയെന്നാണു കേട്ടിട്ടുള്ളത്. കോഴിക്കോട്ടു സാമൂതിരിയുടെ സേവകനായിരുന്ന ഈ പുനംതന്നെ കൊച്ചിമഹാരാജാവിന്റേയും ആശ്രിതനായിരുന്നു എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. മുൻപറഞ്ഞ സാമൂതിരിയുടെ വിദ്വൽസദസ്സിൽ തന്ത്രസമുച്ചയകർത്താവായ ചേന്നാസ്സു നമ്പൂതിരിയും ഒരു അംഗമായിരുന്നു. "ശതിയൽസ്യന്ദനായനേഷ്ടംഭോധിസംഖ്യേഷു" എന്നു സമുച്ചയത്തിൽ കാണുന്നതുകൊണ്ടു പുനം ൬൦൦-ാമാണ്ടിനിടയ്ക്കു ജീവിച്ചിരുന്നു എന്നു തെളിയുന്നു. വടക്കെ മലയാളത്തിൽ പുനം എന്നു ഒരു ഇല്ലം ഉണ്ട്. ഈ ഭവനത്തിൽ ആണു പുനത്തിന്റെ ജനനം. പുനത്തെക്കുറിച്ചു വടക്കെ മലയാളത്തിൽ പല ഐതിഹ്യങ്ങളും നടപ്പുണ്ട്. അവയിൽ വിശ്വാസയോഗ്യങ്ങളായ അംശങ്ങൾ എത്രയുണ്ടെന്നു നിശ്ചയിക്കുന്നതു സുകരമല്ല. തിരുവിതാംകൂറിൽ കോട്ടയത്തിനടുത്തു കുമാരനല്ലൂർ എന്ന ദേശത്തിൽ പുനം എന്നൊരു ഇല്ലം ഇപ്പോഴും ഉണ്ട്. വടക്കെ മലയാളത്തിൽ ഉള്ള പുനത്തിൽനിന്നു വല്ല കാരണവശാലും കുമാരനല്ലൂർ വന്നു താമസം ഉറപ്പിച്ചവരായിരിക്കണം ഈ ഇല്ലക്കാർ എന്നു ഊഹിക്കാം. എങ്ങിനെയായാലും നമ്മുടെ പുനം വടക്കെമലയാളക്കാരനാണെന്നുള്ളതിനു സംശയമില്ല.

ഒരു മഹാകവിക്കു വേണ്ട സകലയോഗ്യതകളും പു

ത്തിന്നു ലഭിച്ചിട്ടുണ്ട്. തൎക്കം വേദാന്തം വ്യാകരണം ജ്യോതിഷം അൎത്ഥം മുതലായ ശാസ്ത്രങ്ങളിൽ സാധാരണയിലധികവും പുരാണേതിഹാസമഹാകാവ്യാദി സംസ്കൃതസാഹിത്യസമുച്ചയത്തിൽ സുവിസ്തൃതമായ പാണ്ഡിത്യവും പുനത്തിന്നു ഉണ്ടെന്നു പറയുവാൻ അല്പവും ശങ്കിക്കേണ്ടതില്ല. സൎവ്വോപരി പ്രശംസനീയമായ ഒരു പ്രതിഭാബലവും പുനത്തിന്നു സ്വാധീനമാണ്. സരസ്വതീദേവിയാൽ പുനം സ്വയംവൃതനായെന്നുള്ളതിന്നും തെളിവുകൾ ഉണ്ട്. സൂക്ഷ്മമായ അവലോകനശക്തി, ദൃഢമായ ഊഹാപോഹശക്തി, നൂതനങ്ങളായ മനോധൎമ്മങ്ങളെ കല്പിക്കുവാനുള്ള അപ്രതിമമായ ശക്തി, സ്വാതന്ത്ര്യമായ ഭാവനാശക്തി, സദുപദേശം രസിപ്പിച്ചുകൊണ്ടു ചെയ്യുവാനുള്ള സാമൎത്ഥ്യം, ഔചിത്യദീക്ഷ, മുതലായവ പുനത്തിൽ തികഞ്ഞു പരിലസിക്കുന്ന അസാധാരണഗുണങ്ങളാകുന്നു. പുനത്തിന്റെ ഏതു കാവ്യം നോക്കിയാലും ഈ വക ഗുണങ്ങളുടെ സമ്മേളനം കാണുവാൻ കഴിയും.

പുനം പൂൎവ്വകവികളുമായി നല്ല വിധമാണു കടപ്പെട്ടു കാണുന്നതു്.

(൧) (സംസ്കൃത)കാവ്യങ്ങളിലെ ആശയം മുഴുവൻ ഗ്രഹിക്കുക.

(൨) അവയിൽ സൂചിതങ്ങളായ ആശയങ്ങളെ വിവരിക്കുക.

(൩) വിസ്മൃതങ്ങളായ അംശങ്ങളെ പൂരിക്കുക.

(൪) പ്രസ്ഥാനങ്ങളെ അനുകരിക്കുക.

ഈ അഭിപ്രായത്തെ ഉദാഹരണദ്വാരേണ തെളിയിക്കാം.

* ശ്വശ്രൂജനം സൎവ്വമനുക്രമേണ വിജ്ഞാപയ പ്രാപിതമൽപ്രണാമഃ
പ്രജാനിഷേകം മയി വൎത്തമാനം സൂനോരനുധ്യായത ചേതസേതി
വാച്യസ്ത്വയാ മദ്വചനാൽ സ രാജാ വഹ്നൌ വിശുദ്ധാമപി യൽസമക്ഷം
മാം ലോകവാദശ്രവണാദഹാസീഃ ശ്രുതസ്യ കിം തൽ സദൃശം കുലസ്യ

---

* സൗമിത്രേ! നീ ഞാൻ പറഞ്ഞതായി കൌസല്യാദികളായ അമ്മമാരെ ഇപ്രകാരം അറിയിക്കണം. അവരുടെ പുത്രന്റെ തേജസ്സു എന്നിൽ സന്നിവേശിച്ചിരിക്കുന്നു എന്നു അവർ വിചാരിച്ചു അനുഗ്രഹിക്കേണ്ടതാകുന്നു. രാജാവിനോടും ഇപ്രകാരം പറയണം. അഗ്നിപ്രവേശംകൊണ്ടു ഞാൻ ശുദ്ധിയെ തെളിയിച്ചു. പിന്നെ ദുഷ്പക്ഷിയുള്ള ജനാപവാദ

എന്ന രഘുവംശപദ്യങ്ങളെ പുനം എങ്ങിനെ ഭാഷപ്പെടുത്തിയിരിക്കുന്നു എന്നു നോക്കുക.

മാതസ്ത്രീയാമായമ്മേക്ഷാ തവ പാദയുഗ്മിലിൽ കൈകൂപ്പിനിന്നടിയടെ-
ന്നോതസ്യാമ പ്രണാമക്രമമനാകലയന്നാമ്മാരോടു ചൊൽ നീ
വാ സന്ത്യക്താമിമാം കാകോകി വികല്പമാം ബീജമന്തർഗ്ഗതം തേ
യാർക്കിക്കീടും ധരിത്രാഹ്വയിനിപതികളെന്നുള്ളും ചൊല്ലു മെല്ലെ
ചൊല്ലേണം നീ മമ വചനമിതു വനിതാമകന്നതനൊരവം
ചൊല്ലാനീടും തകാടുന്നി കനലിപാദയം വിശ്വ ദുഃഖാമിതാം മാം
കല്യാണാശ്ലേ കളത്രതാരെഴകില്ല ജനവാദങ്ങൾ കേട്ടോന്നുകണ്ടാ-
ലല്ലേ സൂര്യാന്വയത്തിനില്ല സദൃശിതമോ കിമു ശാസ്ത്രാന്തരമോതാൻ

ഇവിടെ കാളിദാസന്റെ അഭിപ്രായങ്ങളെ മുഴുവൻ കവി ഗ്രഹിച്ചിട്ടുണ്ടു്. സ്വന്തം മനോധർമ്മവും കാണിച്ചിരിക്കുന്നു. 'പ്രാപിതമത്പ്രണാമഃ' എന്ന കാളിദാസന്റെ പദത്തെ "തവപദങ്ങളിൽ കൈകൂപ്പിനിന്നടിയടെ—ന്നോതസ്യാമ പ്രണാമക്രമമനാകലയൻ" എന്ന പദ്യത്തിൽ വ്യാഖ്യാനിക്കുകയാണു പുനം ചെയ്തിട്ടുള്ളതു്. ഈ വ്യാഖ്യാനം അവസരോചിതവും മനോധർമ്മത്തോടുകൂടിയതുമായിരിക്കുന്നു. പൂർവ്വാചാര്യന്മാരെ അതുപോലെ അടിമപ്പെടുന്ന സ്വഭാവം പുനത്തിനില്ല. അസ്വാതന്ത്ര്യത്തിലും ഒരു സ്വാതന്ത്ര്യപരിമളം പുനത്തിന്റെ കവിതയിൽ വിളങ്ങുന്നതു കാണാം.

* ഉദ്വേഷ്യതി ശോകാംസ്ത്രീമസ്തി തം മേ പാപ്മി ദൃഷ്ടിം
ശത്രും ശ്രീമതോജനാം പ്രശംസയിളമിച്ചുരി
ഉക്തിൻ യഥാവാൻ സ്വസംസ്പൃഷ്ടനസ്യതാൻ പ്രമേയണാംസ്സ്വയം
ഭവതിശ്ച്രാകരി ദൃശ്യതേ യഥാമനോ മോഹിതഃ

(വാല്മീകിരാമായണം)

എന്ന ഭാഗത്തെ അനുസരിച്ചുകൊണ്ടു പുനം രാമായണപദ്യത്തെ രചിക്കുന്നതു് ഒരു നൂതനരീതിയിലാകുന്നു.

ദുഃഖാതോ യത്ര പാരും വിരമതി മനോന്ദ പാതകൻ മമയാമി
കണ്ണിനക്കാല്ലാൻ മുറിപ്പാൻ നിരൃതി കഴകയാൻ പാശധാരി ജളാലമ

---

* വാല്മീകി—രാവണൻ ലോകത്തെ ഭയപ്പെടുത്തുന്നതും ഇന്ദ്രനോടും കിന്നരന്മാരോടും യുദ്ധം ചെയ്തതും മറ്റും സൂചിപ്പിക്കുന്നു.

ഉദ്യാനേ പൂവറുപ്പാൻ പവനനാ ഇന്ദിരാവാൻ വിത്തപാലൻ
ഗോപാലന്മാരുമൊപ്പം ഗോപുരം കാപ്പതിന്നഗ്നികഴ്ത്തീശനെന്നാശയാഗതചതിരാ

രാവണൻ ദേവന്മാരെ ഉപദ്രവിക്കുന്നതിന്റെ സ്വഭാവത്തെയാണ് ഇവിടെ കവി വിവരിച്ചിരിക്കുന്നത്. ഇന്ദ്രാദിദിക്പാലന്മാർക്ക് രാവണൻ ഓരോ ജോലി കൊടുക്കുന്നു. അവർ അതു ചെയ്തുകൊള്ളണം. ഓരോരുത്തരെ ഓരോ കൃത്യങ്ങളിൽ നിയോഗിച്ചിട്ടുള്ളതു യോഗ്യത അറിഞ്ഞുതന്നെയാകുന്നു. അഗ്നിയാണ് അടുക്കളക്കാരൻ; ഭക്ഷ്യം പചിക്കുന്നതിനു ക്ലേശമില്ലല്ലോ. നിത്യവും ഹിംസിക്കുന്ന തൊഴിലായിട്ടുള്ള യമനെ ജീവികളെ കൊന്നു അടുക്കളയ്ക്കു വേണ്ട കോപ്പുകൾ ഉണ്ടാക്കുവാൻ ഏർപ്പെടുത്തിയതും യുക്തമായി. ജലസ്വരൂപനായ വരുണന്റെ തൊഴിൽ അവ കഴുകി വൃത്തിയാക്കുകയാണ്. ഭണ്ഡാരം മുതലുപിടിക്കാരനാണു വൈശ്രവണൻ. ഗോപുരം കാവൽക്കാരനായി ശിവനെ നിയോഗിച്ചിരിക്കുന്നു. ശിവന് ഈ ജോലി പരിചിതവുമാണ്. ദിക്പാലന്മാർ രാവണന്റെ കൊട്ടാരത്തിൽ ഉള്ള തൊഴിലുകളുടെ സ്വഭാവം ഇങ്ങിനെയാണ് മനോധർമ്മത്തോടുകൂടി കവി വർണ്ണിക്കുന്നത്. ഋഷികളുടെ ജോലികൾക്ക് അല്പം വ്യത്യാസം ഉണ്ട്.

തണ്ടുകൾ പാട്ടുപാടും മുനിവരനധുനാ നാരദന്നാഗമാനാം
കണ്ടിക്കാർക്കുന്നത് ചിക്കുന്നിതു ബത പരിപൂർണ്ണേന്ദുമന്ദാക്ഷയാദി
കൊണ്ടാരാധന്മാർ വസന്താദികളിയപ്പോഴും നിന്നെ കൂപ്പി മെല്ലേ
തണ്ടും പൊൽത്താമരപ്പൂ പുലരിയിൽ വിരിയിക്കുന്നമാർത്താണ്ഡനത്ര

രാവണന്റെ അന്തഃപുരത്തിങ്കൽ നാരദാദിമഹർഷിമാരും സൂര്യചന്ദ്രന്മാരും വസന്താദിഋതുക്കളും ചെയ്യുന്ന ജോലികൾ ഈ വിധമുള്ളവയാണ്. ഈ വർണ്ണനത്തിലും പൂന്താനത്തിന്റെ മനോധർമ്മരസികത്വം കാണാം. ഭാരതത്തിൽ പതിനെട്ടു അദ്ധ്യായങ്ങളിലായി ഉപദേശിച്ചിട്ടുള്ള ഗീതയെ ചുരുക്കി

'മായാകല്പിതമിപ്രപഞ്ചമഖിലം ജന്തുക്കളോ യന്ത്രിത-
പ്രായോയം നിജകർമ്മപാകവിവശാ ദുഃഖിയ തങ്ങിയും പാലം

പ്പെന്നും മറ്റും പുറം വളരെ സംഗ്രഹിച്ചാണ് ഭാരതചമ്പുവിൽ ചേർത്തിരിക്കുന്നത്.

ഗദ്യങ്ങളിൽ പല സന്ദർഭങ്ങളിലും കവി ബാണാദിപ്രസ്ഥാനങ്ങളെ അനുഗമിച്ചിരിക്കുന്നതു കാണാം.

വർണ്ണനാരമമായ ... ദ്യുകശ്ശുക —
ഭവ്യത്വവും പ്രകൃതിവിശേഷവും -
ശത്രുനിപാതവുംകൊണ്ട് വിഗ്രഹം
വ്യാകരണത്തിലിതിനെ വ്യക്തം
നിത്യം ചിത്തം ചിത്രവിനോദം
വനിതയായ ഭക്തിയും ഭോഗസമൃദ്ധം.
ദ്വന്ദ്വമെന്നാ കലഹത്തിലില്ലാ
ബഹുലകരവും കവിതയും ...
ഭയശമനകരമായ ...
വ്യാപ്തികൾ ... കളികളിലെല്ലാം
... കാണാൻ നാടി നാടി
... വിചാരം

(നാരായണീയം)

ഈ ഭാഗം ശ്രീകൃഷ്ണന്റെ ഭരണകാലത്തുള്ള ജനങ്ങളുടെ സ്ഥിതിയെ വർണ്ണിക്കുന്നതാണ്. ധർമ്മത്തിന് നാലിരട്ടിയും ജനങ്ങൾക്ക് ക്ഷേമവും ഉണ്ടായിരുന്നു എന്നാണ് ഈ വർണ്ണനം കൊണ്ടു കാണിക്കുന്നത്. ഇവിടെ വർണ്ണനാദിപദങ്ങളെക്കൊണ്ടു കാണിക്കുന്ന അർത്ഥവൈചിത്ര്യം ബാണാദികളുടെ ഗദ്യപ്രസ്ഥാനങ്ങളോടുള്ള കവിയുടെ പരിചയത്തെ സ്പഷ്ടമാക്കുന്നു.

വിരാജമാനകവി ... വിദ്യാകലാപ ... വിദ്യാകൗശല ...
കവി ... അനാദൃത ... സംഖ്യാവിക്രമം.

ഇത്യാദി ഗദ്യഭാഗങ്ങളും ഉദാഹരിക്കപ്പെടാം. സുബന്ധുമുതലായ മഹാകവികളുടെ സരണിയിൽ നല്ല പരിചയമില്ലാത്ത ഒരു കവിക്ക് ഇപ്രകാരമുള്ള രചനാരീതി സ്വാധീനമാകുമെന്നു തോന്നുന്നില്ല. ഈ മാതിരി പ്രൗഢപ്രയോഗങ്ങൾ പുറത്തിന്റെ ഗദ്യങ്ങളിൽ സുലഭങ്ങളാകുന്നു.

നമ്പൂതിരിമാരുടെ ഇടയിൽ പ്രത്യേകമായുള്ള പല പദങ്ങളും സ്വഭാവങ്ങളും ചമ്പുക്കളിൽ ധാരാളം ഉണ്ടു്.

> വൈരാഗ്യമേറും മുനിപുംഗവന്മാരും
> വിത്രക്കു കൂടിയ നേരമെന്ന.
>
> (രാമായണം)

ഇവിടെ വിത്രക്കു് (സന്ധ്യാവന്ദനം) നമ്പൂതിരിമാരുടെ ഇടയിൽ നടപ്പുള്ള പദമാണു്.

> ശ്രീജയന്തിയിൽ കൂത്തനേരം ചഞ്ചല സ്വാമിയാ വഴിയായിപ്പോകുന്നതി ... പുരുഷവിളി ... പ്രതിക്ഷേപിച്ചും ... [illegible] ... കുളിച്ചുവന്നാൽ വാളും ... [illegible] ... കിട്ടിയില്ലെങ്കിൽ ... കുളിക്കുമ്പോൾ ... കിട്ടും.....

എന്ന ഭാഗം നമ്പൂതിരിമാരുടെ പ്രത്യേകസ്വഭാവത്തെ പ്രകാശിപ്പിക്കുന്നതായിരിക്കുന്നു. ഈ ഭാഗം വായിക്കുമ്പോൾ തിരുവനന്തപുരത്തു മുറജപത്തിനു പോകുന്നവരും വൈരാഗ്യസമേതന്മാരും ആയ ചില നമ്പൂതിരിമാരുടെ സ്വഭാവം വായനക്കാർക്കു മനസ്സിൽ ഉണ്ടാകുന്നതാണു്. ശ്രീരാമനെ ഗർഭമായിരുന്ന കാലത്തു നെയ്യു ജപിച്ചു കൊടുക്കുക മന്ത്രം ജപിക്കുക മുതലായ വസ്തു് ഏറ്റുപിടുകയും ചെയ്തിരുന്നതായി കവി വർണ്ണിച്ചിരിക്കുന്നു. സൈന്യങ്ങളോടുകൂടി വാല്മീകിയുടെ ആശ്രമത്തിൽ ചെന്നു ഉപദ്രവം ഉണ്ടാക്കിയ ചന്ദ്രകേതു "ആശ്രമം കണ്ടുകൊണ്ടാൾ [illegible] സാനുക്കളിലു്"താനും കുശലവന്മാർ ഋത്വിഗന്മാരെന്നു കല്പിച്ചിരിക്കുന്നു. നമ്പൂതിരിമാർക്കു ഈ മാതിരി ആചാരങ്ങളിൽ ഉള്ള ശ്രദ്ധയെത്ര വലിയതാണെന്നു ഇതിൽനിന്നു ഗ്രഹിക്കാം.

> സാമാന്യത്തിനു ചെന്നായ ജനമിതപ്പൂരിയാരംഭിത്തനാക.
> [illegible]
> പാരിൽ കീർത്തി [illegible] കല്പിച്ചു [illegible] ചെയ്യും [illegible]
> [illegible] പാരലോകാ [illegible].
>
> (കാമദഹനം)

എന്നു കാമദഹനാനന്തരം സ്വൎഗ്ഗത്തിലുള്ള സുന്ദരിമാരുടെ സ്ഥിതിയെ കവി വൎണ്ണിക്കുന്ന ഭാഗം നോക്കുക. കാമദേവൻ ദഹിപ്പിക്കപ്പെട്ടതോടുകൂടി ഉൎവ്വശി മേനക മുതലായ ദേവസ്ത്രീകളുടെ അടുത്തു കാമുകന്മാർ ചെന്നു മണിപ്രവാളപദ്യങ്ങൾ ചൊല്ലുന്ന ഏൎപ്പാടു നിന്നുപോയി. സ്വൎഗ്ഗത്തിലും കാമുകന്മാർ മണിപ്രവാളപദ്യം ചൊല്ലിയാണു കാമിനിമാരെ വശപ്പെടുത്താറുള്ളതെന്നു ഇതിൽനിന്നു ധരിക്കണം. കവിക്കുള്ള മണിപ്രവാളപക്ഷപാതം ഇവിടെ പ്രകടിതമായിരിക്കുന്നു. ഇതുപോലെയുള്ള ഫലിതങ്ങൾ ചമ്പുക്കളിൽ ധാരാളമുണ്ടു്. ഈ മാതിരി സരസകല്പനകൾ നമ്പൂതിരിക്കവിതകളിലല്ലാതെ കാണുന്നതല്ല.

സന്ദൎഭാനുകൂലങ്ങളായ ഗുണങ്ങൾ പൂന്താനത്തിന്റെ കവിതക്കു നിസൎഗ്ഗസിദ്ധങ്ങളാകുന്നു.

* ദേവി! ത്രൈലോക്യരക്ഷാകലിതവൃഷപുരാവാസലീലായിതശ്രീ.
ഭോഗാൎഹം ഭക്തിനമ്രം ഭജ മഹിഷമകുടപാഷാണഘാതാതിശോണം
അന്യൂനപ്രേമകോപപ്രണതഹരശിരോഘട്ടനോത്സൎപ്പിഗംഗാ-
പാഥോബിന്ദൂക്ഷിതം ചേതസി പരമശിവപ്രാണനാഥേ സമിന്ധാം

(തെ—നാഥോദയം)

ഇതു ശബ്ദത്തിനും അൎത്ഥത്തിനും പുഷ്ടി തികഞ്ഞ ഒരു പദ്യമാകുന്നു. 'മഹിഷമകുടപാഷാണഘാതാതിശോണം' എന്ന പദത്തിനു ഔഗ്ര്യത്തെ പ്രകാശിപ്പിക്കുവാനുള്ള ശക്തി പ്രത്യേകം ചിന്ത്യമാകുന്നു. 'ഗംഗാപാഥോബിന്ദൂക്ഷിത'പദത്തിൽ കാണുന്ന ലാളിത്യം രസത്തിനു അതുപോലെ യുക്തമായിരിക്കുന്നു.

---

* സാരം:— ത്രൈലോക്യരക്ഷയ്ക്കായി വൃഷപുരത്തിൽ സ്ഥിതിചെയ്യുന്ന ദേവി! നിന്റെ പാദങ്ങൾ എനിക്കു സ്മരിക്കുവാൻ ഇടയാകണം. മഹിഷാസുരന്റെ ശിരസ്സിനെ മൎദ്ദിക്കനിമിത്തം ശോണമായിട്ടുള്ളതാണു ഒന്നു. പ്രണയകലഹശാന്തിക്കായി നമസ്കരിക്കുന്ന ശിവന്റെ ശിരസ്സിൽ താഡിക്കുമ്പോൾ ഗംഗാജലംകൊണ്ടു നനയ്ക്കപ്പെട്ടതാണു മറ്റൊന്നു. ഇതാണു പാദങ്ങളുടെ യോഗ്യത.

പദയുഗളി പദാഗ്രാമാക്രമിച്ചംഗുലാഭ്യാം
ചിബുകമുവികരാഗ്രം കൊണ്ടുയർത്തും മുരാരൗ
വപുഷി ഋജുതയസ്യാ വക്രതാ ഹന്ത ശേഷി-
ച്ചിതു തലമുടിമേലും മുഗ്ദ്ധചില്ലീയുഗേലും

എന്നതു കംസവധത്തിലെ പദ്യമാകുന്നു. ഭഗവാൻ കുബ്ജയെ സ്പർശനംകൊണ്ടു സുന്ദരിയാക്കിയപ്പോൾ അവൾക്കു മുൻപു ഉണ്ടായിരുന്ന വക്രത (വളവു) തലമുടിയിലും ചില്ലിയിലും മാത്രം ശേഷിച്ചു എന്നതു രസകരമായ ഒരു കല്പന തന്നെ.

വിമ്പധരവിലസൽ പുഷ്പരാൾ പുഷ്പവൃഷ്ടിഃ
പുരജനനയനാനാം ബാഷ്പവൃഷ്ടിഃ പ്രഭാതാൾ
സുചതുരമിതകരാഗ്രാൽ സ്വേദവൃഷ്ടിസ്തദാനീം
സമജനി മഹനീയാ പുഷ്പകേ കാല്യമാനേ

ഇവിടെ ആദ്യത്തെ രണ്ടു (പുഷ്പബാഷ്പ)വൃഷ്ടികളുടെ കൂടെ മൂന്നാമത്തെ സ്വേദവൃഷ്ടിക്കു ഐക്യം കൂടുന്നു.

നാരാചശ്രേണികൊണ്ടന്നതിനുടെ ചാപവും മൂടിനേൻ ഭാഗ്യമോ
ഗൗരീമംഗല്യസൂത്രത്തിനു ഭയകമന്യൂനമുണ്ടാക്കിനേൻ ഞാൻ
(നാരായണീയം)

എന്ന ഭാഗം അർജ്ജുനൻ സ്വന്തം പരാക്രമത്തെ ബ്രാഹ്മണനോടു പുകഴ്ത്തുന്നതാണ്. സാക്ഷാൽ ശ്രീപരമേശ്വരനോയും കൂടി ഞാൻ ഏറ്റുമുട്ടി എന്ന അർത്ഥം ഈ ഭാഗത്തിൽ ഭംഗിയായി കല്പിച്ചിരിക്കുന്നു. അല്ലെങ്കിൽ ദേവിക്കു മംഗല്യസൂത്രം കളയേണ്ടിവരുമോ എന്ന ഭയത്തിന് അവകാശമില്ലല്ലോ. മർമ്മം അറിഞ്ഞു ശകാരിച്ചു കളിയാക്കുവാൻ കഥാവസാനപുറത്തിനു പ്രത്യേകമായുണ്ട്. പരിഹസിക്കുവാൻ ഇത്രയും വിരുതു മറ്റൊരു കവിക്കും ഉണ്ടെന്നു തോന്നുന്നില്ല.

മൂന്നം മൂന്നം പുരികുഴലിയൊരുത്തൻ ... പറഞ്ഞാൽ
പിന്നാലിൽ ... താനാലിതാനീം
പെണ്ണുങ്ങടെ ... വിരോപാസം
പൊന്നിൻ പൂണാരമേ! ... തൊഴേണം

(ഭ ...)

ഇതു വിരഹിണിയായ നായികയുടെ കാമശരാർത്തമാകുന്നു. ആണുങ്ങളോടൊക്കെ നിന്റെ വൈഭവം ഫലിയ്ക്കാതെ ആയി. ശിവൻ ബുദ്ധൻ നായകൻ എന്നിവരോടെല്ലാം നീ തോററു പോയിട്ടുകതന്നെ ചെയ്തു. അതിനു പകരംചെയ്യുന്നതു ദുഃഖിതയും പെണ്ണുമായ എന്നോടാണല്ലോ. നീ മഹാവീരൻ തന്നെ. നിന്റെ വീര്യത്തിനു ഇതാ നമസ്കാരം. [illegible]ത്തിൽ താല്പര്യകയറുന്ന ഒരു ആക്ഷേപമാണ് ഇതെന്നു പറയേണ്ടതില്ല. നീ അബലകളോട് എതിർക്കാൻ കൊള്ളുകില്ലാത്തവനാണ്. നിന്റെ വീര്യം ശൌര്യവും എന്നാണു കവിയുടെ ശകാരത്തിന്റെ സാരം. 'വിരവുംസാര പൊന്നിൻപൂണാരമേ' എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ആക്ഷേപവൈചിത്ര്യം സരസമായിരിക്കുന്നു.

[illegible]
[illegible]
ഉൾത്താപേന കിടന്നീടിന [illegible]
[illegible] വീഴ്വാൻ

(രാമായണം)

എന്ന ശ്രീരാമനോടും

[illegible]
[illegible] നന്ന സൌഭ്രാത്രയോഗം

എന്ന രാമലക്ഷ്മണന്മാരോടും

പണ്ടു നീ രാവണപുരിയിൽ [illegible]

എന്ന രാവണനോടും കവി എതിർകക്ഷികളെക്കൊണ്ട് ആക്ഷേപിപ്പിക്കുന്ന ഭാഗങ്ങളും ശ്രദ്ധേയങ്ങളാണ്. പരിഹാസികന്മാരിൽ കവികളുടെ നിപുണമായ ചാതുര്യം ഇവയിൽ എല്ലാം പ്രകാശിക്കുന്നുണ്ട്. 'ഉൾത്താപേനകിടന്നീഴന്നൊരുക്കെ' 'വീഴ്വാൻ' 'നന്ന സൌഭ്രാത്രയോഗം' 'പിളുകൊണ്ടെളുപ്പിളുതേടാൻ' എന്നീ പദങ്ങളിൽ ഗർഭിതമായിരിക്കുന്ന ആക്ഷേപത്തിന്റെ ഗൌരവം എതിർകക്ഷിക്കു മനസ്സിലാകുന്നതിനേയാണ്. 'തെളിക്കിട്ടുന്ന ഏറ്റിലിലയിലെ ചോറുകൊണ്ടു ദേവവധൂപുരത്തിൽ [illegible]' എന്നാദ

ആക്ഷേപം പ്രകൃത്യാ ബുദ്ധിമാനായ വായനക്കാരൻ കണ്ടു കൊള്ളാതിരിക്കുവാൻ തരമില്ല. ഇതാണ് കവിയുടെ ശകാരവിസ്തരത്തിന്റെ സ്വഭാവം.

ഒരേ ആശയത്തെത്തന്നെ നാനാപ്രകാരേണ അനേകമായി കല്പിക്കുന്നതിന്നും പുറം അഭിരുചിയുൺതന്നെ.

[illegible]

ഇവിടെ 'ഞെട്ടിക്ക' 'ഉഴക്കലുക്ക' 'അല്പത്തെ ചേർക്ക' മുതലായ പദങ്ങൾ ഔചിത്യത്തെത്തന്നെ വഹിക്കുന്നു.

[illegible]

ഇവിടെ ദൂരെയാട്ടിക്കളക, തീപ്പെടുക, [illegible] കലർക, വസ്തുതയം ചേർക്ക എന്നീ പദങ്ങളും ഉപമാനമേതന്നെ യെന്ന കാണിക്കുന്നു. ഇതാണ് ഒരേ ആശയത്തെ നാനാരൂപേണ കല്പിക്കുന്ന സ്വഭാവം. ശ്രേഷ്ഠരായകവികളുടെ കൃതികളിൽ ഈ രീതി സുലഭമായി കാണാം.

പാഠകം ഇതിഹാസം (ക്ഷേത്രങ്ങളിൽ) മുതലായ സദസ്സുകളിൽ നാനാദേശങ്ങളിൽനിന്നു വന്നുകൂടുന്നവരും വിവിധ സ്വഭാവക്കാരുമായ ജനങ്ങളുടെ ഗുണദോഷങ്ങളെ ശരിയായി ഗ്രഹിക്കുന്നതിനും രസകരമായി പ്രകാശിപ്പിക്കുന്നതിനും പുനത്തിന് അതിസാമർത്ഥ്യമുണ്ട്. ഈ കാര്യത്തിൽ രസികനായ കുഞ്ചൻനമ്പിയാർക്കു കാണുന്ന മിടുക്ക്, പുനത്തിന്റെ പദാവലിയെ അനുകരിച്ചതുകൊണ്ടു കിട്ടിയതല്ലയോ എന്നു ശങ്ക തോന്നുവാൻ ഇടയുണ്ട്. നമ്പിയാർക്കു പുനത്തിന്റെ സാഹിത്യപ്രപഞ്ചവുമായി നല്ല പരിചയം ലഭിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. നമ്പിയാരുടെ 'ശകാര'പ്രസ്ഥാനം [illegible]തന്നെയാണ്. ക്ഷിപ്രമായി ഇടപഴകുവാൻ വേണ്ടതിലധികം സൗകര്യം ലഭിച്ചിട്ടുള്ള നമ്പിയാർക്കു പുനത്തിന്റെ കാവ്യമാർഗ്ഗം അപരിചിതമാകുവാൻ ഇടയില്ല.

ള്ളവരുണ്ടവിടെ സ്ഥിതി ചെയ്യുന്ന ആയുസ്സുള്ള പേരുകൾ പെരുകിൽ സ്വാമിയെന്നു നിസ്സംശയം പാപഗ്രഹങ്ങളെട്ടുമൊന്നായധിപ നാം ബുധൻ ശിഷ്ടരെപ്പുള്ളൂ.

* * * *

ബ്രഹ്മസ്വാന്തകരും നാഴികവട്ടകരും നാമാവശേഷികളായ്ത്തീർന്നിട്ടും പരൽപ ള്ളായുളൊരാലകെട്ടും കവിടിയാണ്ടതെല്ലാമുപദേശത്തിനുപയോഗിച്ചു ഭ്രാന്തുപിടിച്ചിട്ടിടയിൽ ചില ഭേദാഭേദ്യവൃത്തിയിലൊക്കെ പര ലുനിരത്തിയുമെണ്ണിയുടനെ കൂട്ടിയുമൊന്നിരത്തിയുമിടയിൽ ചില ചില ഭേദാഭേദം തങ്ങളും മുറന്നും ചെറുതു വരച്ചും പണിപ്പെട്ടൊ ക്കെ സ്ഫുടത വരുത്തിപ്രശ്നമതം പിഴയായ് കണ്ടു മനസ്സും കെട്ടു ചിരിയും മങ്ങി കരവമനാൾ തനി പ്രാന്തനെന്നും തോന്നിച്ചിട്ടും ഗണകകലാപം പലവഴി വന്നു.

എന്നു ഗണകന്മാരുടേയും,

*

മന്ത്രി തന്നെ മന്ത്രവാദികളിതിപ്പരിചയമാർ തേവരം കൊണ്ടി ഹ മാമലി വന്നു ചേരായിലിതൊന്നിനെ പോറ്റു കാലം പോരാ തെയിങ്ങുന്നു.

* * * *

പാപ്പുവിന്റെ പാതനാഥന്നരികത്തുള്ളൊരു മേളനമോദം ചെയ്തിട്ടു തു നമ്മളൊന്നു വിരവുമൊക്കെ പാടി

* * * *

എന്നു മന്ത്രവാദികളുടേയും, ദുഷ്പ്രതാപങ്ങളെ കവി വൎണ്ണിച്ചിരിക്കുന്നതു സ്വാഭാവികമായിട്ടുണ്ട്. 'മനസ്സും കെട്ടു ചിരിയും മങ്ങി' എന്ന ഭാഗം കവിയുടെ അവലോകനശക്തിയെ കാണിക്കുന്നു. പൂരത്തിന്റെ ഇത്തരം ഗണകന്മാരെ നമ്മുടെയിടയിൽ ധാരാളം കാണാം. മന്ത്രവാദികളുടെ ദുരഭിമാനവും അവരുടെ വാക്കിൽത്തന്നെ കവി ഭംഗിയായി വെളിപ്പെടുത്തിയിരിക്കുന്നു. വൈദ്യന്മാർ മാന്ത്രികന്മാർ കാമുകന്മാർ കപടകർ ബ്രാഹ്മണർ നായന്മാർ മുതലായവർ എല്ലാം പൂരത്തിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളവരാകുന്നു. യുദ്ധം നായാട്ടു വിവാഹം മുതലായവയെ നൂതനമനോധൎമ്മങ്ങളോടുകൂടിയ രീതിയിൽ ആണു പൂരം വൎണ്ണിക്കുന്നതു്.

പൂരത്തിന്റെ നവീനമായ മനോധൎമ്മവിലാസം പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള ഒരു സരസകൃതിയാണു കാമദഹനം.

കാമദേവന്റെ പ്രതാപത്തേയും ഐശ്വര്യസമ്പത്തിനേയും രാജധാനിയേയും കുറിച്ചുള്ള വൎണ്ണനത്തോടുകൂടി ഈ പ്രബന്ധം ആരംഭിക്കുന്നു. കൈതപ്പൂവ്, കരിമ്പ്, താമരവള്ളിയം, തേൻ, പഞ്ചസാര, കർപ്പൂരം, ചന്ദനം മുതലായ രമണീയപദാർത്ഥങ്ങളെക്കൊണ്ടാണു കവി കാമദേവന്റെ രാജധാനി നിർമ്മിച്ചുകൊടുത്തിരിക്കുന്നതു്. ആ രാജധാനിയിൽ കുയിൽ, മന്ദമാരുതൻ, വസന്തം മുതലായ കൂട്ടർ താമസിക്കുവാൻ പ്രത്യേകം പ്രത്യേകം സ്ഥാനങ്ങളും ഉണ്ടു്. ഇവിടെ ഇരുന്നുകൊണ്ടു കാമദേവൻ കാമുകലോകരക്ഷണം ചെയ്യുന്നു. ദിവസംതോറും പലവിധമുള്ള കാമുകന്മാർ സങ്കടവുംകൊണ്ടു രാജാവിന്റെ മുമ്പിൽ ഹാജരാകുന്നു. അഭീഷ്ടലാഭത്തിനു് അവർ പല വഴിപാടുകളും ചെയ്യുന്നു. കാര്യം സാധിക്കാത്തവർ,

> ഞാൻ ഒന്നു കൂട്ടപ്പൂവും ചാർത്തിനീർക്കഴിയും
> മാന്തർ വരം! മന്മനമിതെന്നു വരം.

എന്നു കാമദേവനെ ശകാരിക്കുന്നതും മടിക്കുന്നില്ല. ഇവക സന്ദർഭങ്ങളിലെല്ലാം കവി കാണിച്ചിരിക്കുന്ന മനോധർമ്മത്തിന്റെ പുതുമ അനുഭവിച്ചുതന്നെ അറിയണം. ശിവനെ ജയിക്കുന്നതിനുള്ള കാമദേവന്റെ യാത്ര, കാമദഹനാനന്തരമുള്ള ലോകത്തിന്റെ ദുശ്ശോകവിവശിതമായ സ്ഥിതി മുതലായവയെ വൎണ്ണിക്കുന്നതിൽ കവി കാണിച്ചിരിക്കുന്ന കല്പനാവൈഭവം സഹൃദയന്മാൎക്കു പുളകജനകം തന്നെയാണു്. "കാമദഹനം ആരുകൂട്ടരുടെ സമയം. ആപാദചൂഡം നേരംപോക്കുതന്നെ. വായനക്കാരെ പൊട്ടിച്ചിരിപ്പിക്കുന്ന ഒരു കാവ്യം മലയാളത്തിൽ ഉണ്ടെങ്കിൽ അതു കാമദഹനം ആണെന്നു പറയാം." (സാ: ചരിത്രസംഗ്രഹം) എന്നു സാഹിത്യമർമ്മജ്ഞനായ പി. ശങ്കരൻനമ്പിയാർ അവർകൾ പറഞ്ഞിരിക്കുന്ന അഭിപ്രായം അത്യന്തം വാസ്തവമാകുന്നു. അത്രമാത്രം പ്രത്യക്ഷരമണീയമായ ഒന്നാണു കാമദഹനം. സ്വാരസ്യപദാർത്ഥങ്ങൾക്കു അല്ലാതെ കാമദഹനത്തിൽ സ്ഥാനമില്ല. ആരുകൂട്ടരുടെ

വിചാരിക്കയാണെങ്കിൽ "മരിയതി പുറമിന്നും ഇരി ദ്രുചക്രവാളും" എന്ന ചമ്പൂകർത്താവും 'പുള്ളുകോൾ ഗമകാരിവചപ്രസാദം' എന്ന് ഉദ്ദേശം പുരാണത്തെ കൊണ്ടാടിയിരിക്കുന്നു യോഗ്യത അറിഞ്ഞതുകൊണ്ടാണെന്ന തെളിയും.

പുരാണത്തിന്റെ പ്രബന്ധങ്ങളിൽ നമ്മുടെ സാരമായ നിരൂപണത്തെ അർഹിക്കുന്ന മഹാകൃതിയാണു രാമായണചമ്പു. തിരുവിതാംകൂർ ഗവർമ്മേണ്ടിന്റെ നിയോഗം അനുസരിച്ച് ഈ പ്രബന്ധത്തെ മൂന്നു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭാഷാചമ്പുക്കളിൽ ഈ മഹാകൃതിക്കൊന്നാമത്തെ സ്ഥാനത്തു സ്ഥിതിചെയ്യുന്നു. രാമായണചമ്പുവിന്റെ ഗുണങ്ങളും ദോഷങ്ങളും പല സംഗതികളിലും ഇതരകൃതികളിലേക്കു ബോധകങ്ങളായിരിക്കും. അതുകൊണ്ട് ഈ മഹാപ്രബന്ധത്തെ പറ്റി കഴിയുന്നതും വിശാലമായ ഒരു നിരൂപണം ചെയ്യുന്നതായാൽ ഏറെക്കുറെ ഇതരപ്രബന്ധങ്ങളെയും നിരൂപണം ചെയ്ത ഫലം കിട്ടുവാൻ ഇടയുണ്ട്.

ഭഗവൽഭക്തിയെയും ധർമ്മബോധത്തെയും ഉദ്ദീപനംചെയ്യുന്നതിനെ ഉദ്ദേശിച്ചുള്ള നമ്മുടെ പുരാതനസാഹിത്യങ്ങളുടെ കൂട്ടത്തിൽ രാമായണത്തിന് അത്യുന്നതമായ സ്ഥാനം കല്പിതമായിരിക്കുന്നു. കുടിൽമുതൽ കൊട്ടാരംവരെയുള്ള സകലസ്ഥാനങ്ങളിലും ഒരുപോലെ ഭക്തിബഹുമാനങ്ങളോടുകൂടി ഈ മഹാസാഹിത്യം ആരാധിക്കപ്പെട്ടുവരുന്നു. രാമായണചമ്പു ഒന്നാംഭാഗത്തിന്റെ അവതാരികയിൽ വിശിഷ്ടപണ്ഡിതനായ ഡാക്ടർ കെ. ശങ്കരമേനോൻ (സാഹിത്യകുശലൻ) അവർകൾ രാമായണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. "ലോകത്തിലെ ഏററവും ഉൽകൃഷ്ടമായ കാവ്യം വാല്മീകിരാമായണമാണ്. രാമനെപ്പോലെ ഒരു നായകനെയോ സീതയെപ്പോലെ ഒരു നായികയെയോ രാവണനെപ്പോലെ ഒരു പ്രതിനായകനെയോ മറെറാരു കവിയും സൃഷ്ടിക്കുവാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടു വാല്മീകിയെപ്പോലെ ഒരു കവിയും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. വാല്മീകി ആദികവിയുമാ

മായണം ആദികാവ്യവും ആയിരിക്കുന്നതുപോലെ രാമാദി കഥ നിസ്തുല്യമായിരിക്കുന്നു.” ഇതുതന്നെയാണ രാമായണത്തിനുള്ള മാഹാത്മ്യത്തിന കാരണം. ധർമ്മമൂർത്തിയായ ഭഗവാൻ ശ്രീരാമൻ നായകനും, പാതിവ്രത്യനിധിയായ സീത നായികയും ആയ പുരുഷനും സ്ത്രീയും സന്തോഷമായ ഗാർഹസ്ഥ്യത്തിൽകൂടി ജീവിതം നയിക്കുന്നതിന് എന്തെല്ലാം വിധമുള്ള ധർമ്മങ്ങളെ അറിയുന്നതിനും ആവശ്യമാണോ അതെല്ലാം ശ്രീരാമൻേറയും സീതയുടേയും ചരിത്രങ്ങളിൽനിന്ന ഗ്രഹിക്കാം. ഈശ്വരഭക്തി ഗുരുഭക്തി സഹോദരസ്നേഹം സ്വധർമ്മം രാജധർമ്മം മാതൃഭക്തി പുത്രധർമ്മം മുതലായ ഗുണങ്ങളുടെ എല്ലാം മാഹാത്മ്യം രാമായണത്തിൽനിന്ന മനസ്സിലാക്കാം. ധർമ്മപ്രാധാന്യത്തെ അറിവുള്ള വിചാരിക്കയാണെങ്കിൽ ആ സൽകാവ്യത്തിൽ അതിപ്രബലമായി സ്വീകരിക്കപ്പെടുന്നതിന രാമായണത്തിന് അതിപ്രധാന യോഗ്യതയുണ്ട്. ഇതുകൂടാതെ നഗരവർണ്ണനകൾ ലൗകികമായ എന്നിവയെക്കുറിച്ചുള്ളതും വർണ്ണിക്കുന്നതിന വേണ്ട സൗകര്യം കവിക്ക് ലഭിക്കുന്നു. ആ തരം ഗ്രന്ഥങ്ങളിൽകൂടി കഥാനായകനെ നയിക്കുന്നതിനുള്ള ശക്തി രാമായണം കവികളെ പ്രേരിപ്പിക്കുന്നു. അതുപോലെ ശൃംഗാരവീരാദിസർവ്വരസങ്ങളും രാമായണത്തിൽ സ്ഥലമുണ്ട്. ഇപ്രകാരം വിചാരിക്കയാണെങ്കിൽ എല്ലാ ഗുണങ്ങളും തികഞ്ഞ കല്പവൃക്ഷമാണ രാമായണം എന്ന വ്യക്തമാകും. കവികൾ സഹൃദയന്മാർ ഭക്തന്മാർ ധർമ്മജിജ്ഞാസുക്കൾ മുതലായ എല്ലാ തരക്കാർക്കും രാമായണം ഒരുപോലെ പ്രയോജനപ്പെടുന്നു.

ഇങ്ങിനെ പല യോഗ്യതകളും ഉള്ളതുനിമിത്തം കവികൾക്ക രാമായണത്തോട പ്രത്യേകിച്ച് ഒരു അഭിരുചിയുണ്ടാകുവാൻ ഇടയായി. ഭാഷയിലും രാമായണത്തോടുള്ള പ്രീതിയ്ക്ക് ഒട്ടും കുറവുണ്ടായിട്ടില്ല. രാമചരിത്രവർണ്ണനം കവികൾക്ക് അർത്ഥത്തിനും ഭാഷയ്ക്കും ഒരുപോലെ സാഹായ്യത്തെ ചെയ്യുന്നതായി വിശ്വസിച്ചു.

* ബീജം യസ്യ ചിരാർജ്ജിതം സുചരിതം പ്രജ്ഞാ നവീനാങ്കുരഃ
കാണ്ഡഃ പണ്ഡിതമണ്ഡലീപരിചയഃ കാവ്യം നവഃ പല്ലവഃ
കീർത്തിഃ പുഷ്പപരമ്പരാപരിണതഃ സ്വാദോയം കവിതാപുനഃ
കിം വന്ധ്യഃ ക്രിയതേ വിനാ രഘുകഥാമാഹാത്മ്യസംഭാഷണം വിനാ

എന്ന പ്രസന്നരാഘവത്തിന്റെ പ്രാരംഭത്തിൽ ജയദേവമഹാകവി പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായം തികച്ചും സത്യമാകുന്നു. ഈ അഭിപ്രായം പൂർവ്വകവികൾ വളരെ ഉറച്ച നിയമമായി കരുതിയിരുന്നു. അതുകൊണ്ടാണു സംസ്കൃതസാഹിത്യത്തിൽ രാമചരിതപരങ്ങളായി അത്ര അധികം പ്രബന്ധങ്ങൾ ഉണ്ടാകുവാൻ ഇടയായതു്.

രാമായണത്തിന്റെ മുൻപറഞ്ഞവിധമുള്ള യോഗ്യതകളെ ഭാഷാകവികളും വേണ്ടതുപോലെ ആദരിച്ചിട്ടുണ്ടു്. അതുകൊണ്ടു രാമായണത്തെ അധികരിച്ചു പല കാവ്യങ്ങളും കൈരളിക്കു ലഭിക്കുവാൻ ഇടയായി. രാമചരിതത്തെ വർണ്ണിക്കുന്ന പല പഴയ പാട്ടുകളും നമ്മുടെ ഇടയിൽ ഉണ്ടു്. അവയിൽ പലതും പാമരന്മാരും സ്ത്രീകളുംകൂടി ഉപയോഗിച്ചുവരുന്നവയാകുന്നു. 'രാമചരിതം' പാട്ടു മുതലായവയല്ലാം, മുൻപു കേരളത്തിൽ നല്ല പ്രചാരമുണ്ടായിരുന്നു. കണ്ണശ്ശൻ എഴുത്തച്ഛൻ കോട്ടയത്തു തമ്പുരാൻ എന്നീ മഹാകവികളുടെ രാമായണം പാട്ടുകൾ ഭാഷയുടെ നിധികൾതന്നെയാണു്. ഇവിടെ കൊട്ടാരക്കരത്തമ്പുരാന്റെയും കൊച്ചിയിൽ വലിയ തമ്പുരാന്റെയും (ഇതിലൊക്കെ തിരപ്പെട്ട) ആട്ടക്കഥകളുടെ കാര്യവും സ്മരിക്കേണ്ടിയിരിക്കുന്നു. അധികം പഴയതല്ലാത്ത ഒരു ഗാഥയും രാമായണത്തെ അധികരിച്ചു കാണുന്നു. കുഞ്ചൻനമ്പിയാരുടെ പല തുള്ളൽകഥകളെയും ഇവിടെ സ്മരിച്ചുകൊള്ളുന്നു. ഗദ്യരാമായണങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടു്. 'രാമായണം തമിഴ്' ഗദ്യരൂപേണയുള്ള പുരാതനമായ ഒരു കൃതിയാകുന്നു. ഇ

* സാഹിത്യരൂപമായിരിക്കുന്ന വൃക്ഷത്തിന്റെ വിത്തു സുകൃതവും മുള പ്രജ്ഞയും തടി വിദ്വൽപരിചയവും തളിര് കാവ്യവും പൂവു കീർത്തിയുമാകുന്നു. രാമചരിതവർണ്ണനം തന്നെ അതിന്റെ ഫലം.

കാലത്തും ജനങ്ങൾക്കു രാമായണത്തോടു അഭിരുചി കുറഞ്ഞിട്ടില്ല. സംസ്കൃതത്തിൽനിന്നും രാമചരിതപരങ്ങളായ പല കാവ്യങ്ങളും ഭാഷപ്പെടുത്തപ്പെട്ടിട്ടുള്ളതു് ഈ കാലത്താണ്. (കൊച്ചുണ്ണിത്തമ്പുരാൻ) സുന്ദരകാണ്ഡം തുള്ളൽ രാമചന്ദ്രവിലാസം സീതാസ്വയംവരം നാടകം (രാമ)പട്ടാഭിഷേകം കഥകളി മുതലായവ ഈകാലത്തു് ഉണ്ടായിട്ടുള്ള സ്വതന്ത്രകൃതികളാകുന്നു. രാമായണത്തിലെ പല അംശങ്ങളേയും അധികരിച്ചു പല ഖണ്ഡകൃതികളും ഉണ്ടായിട്ടുണ്ടു്. ഇതിൽനിന്നൊക്കെ രാമായണത്തോടു കവികൾക്കും ജനങ്ങൾക്കും ഉള്ള ഭക്തിബഹുമാനങ്ങൾ കുറഞ്ഞിട്ടില്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇപ്രകാരം അത്യന്തം ആരാധിതമായിരിക്കുന്ന രാമായണത്തെ ചമ്പൂപ്രബന്ധരൂപേണ രചിക്കുവാൻ ഉദ്യമിച്ചു പുനം കേരളീയലോകത്തിന് ഒരു വലിയ അനുഗ്രഹമാണു ചെയ്തതു്. ശ്രീവാല്മീകിയുടെ രാമായണം കമ്പർ തുളസീദാസർ മുതലായ അനുഗൃഹീതകവികളുടെ കയ്യിൽ കിട്ടിയപ്പോൾ എങ്ങിനെ മറ്റൊരു രാമായണമായി പരിണമിച്ചുവോ, അധികവും അതുപോലെതന്നെയാണു പുനത്തിന്റെ കയ്യിൽ കിട്ടിയപ്പോളും അതു നൂതനമായ ഒരു രൂപാന്തരത്തെ വഹിച്ചതു്. കമ്പരെപ്പോലെയോ തുളസീദാസരെപ്പോലെയോ അത്ര പുനവും എന്നു പറയുന്നതുകൊണ്ടു് ആ മഹാകവികൾക്കു് അല്പവും കുറവു സംഭവിക്കുന്നതല്ല. പുനം സ്വീകരിച്ചതുകൊണ്ടു രാമായണത്തിനും രാമായണത്തെ സ്വീകരിച്ചതുകൊണ്ടു പുനത്തിനും പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുകൂടി പറയേണ്ടിയിരിക്കുന്നു. സൌകര്യക്കുറവുനിമിത്തം ഇതരപ്രബന്ധങ്ങളിൽ പുനത്തിന്റെ കവിതാഗുണങ്ങൾക്കു വിസ്തീർണ്ണപ്രസരമായിട്ടു പ്രവഹിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ പുനത്തിന്റെ സർവ്വവിധവൈഭവങ്ങളും തെളിച്ചുവെച്ച് നിർഗ്ഗളമായി പ്രവഹിക്കുന്നതിനുള്ള സൌകര്യം രാമായണമാണു് ഉണ്ടാക്കിക്കൊടുത്തതു്.

ഭോജരാജകൃതമായ ചമ്പുപ്രബന്ധം പുനത്തെ നിശ്ശേഷമായി ആകർഷിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ, ഗുരുവിനെ അതിശയിച്ചു നില്ക്കുന്ന ശിഷ്യന്റെ സ്ഥിതിയാണ് ഇവിടെ പുനം വഹിക്കുന്നതു്. പുനത്തിന്റെ ദൃഷ്ടി രാമായണത്തിന്റെ അപ്രധാനവും പ്രധാനവും ആയ എല്ലാ അംശത്തിലും ദീർഘവും വിപുലവും ആയി പതിഞ്ഞിരിക്കുന്നു. ഭോജരാജാവു ശ്രീവാല്മീകിയെ അനുസരിച്ചു കാണ്ഡരൂപത്തെ സ്വീകരിച്ചുകൊണ്ടു കഥാവിഭജനം ചെയ്തിരിക്കുന്നതു്. പുനം ഈ നയത്തെ അംഗീകരിച്ചിട്ടില്ല; ഓരോ കഥയേയും പുനം ഓരോ ഭാഗമാക്കിയിരിക്കുന്നു. രാവണോത്ഭവം അഗ്നിപ്രവേശം അയോദ്ധ്യാപ്രവേശം ഉദ്യാനപ്രവേശം പട്ടാഭിഷേകം സീതാപരിത്യാഗം അശ്വമേധം സ്വർഗ്ഗാരോഹണം എന്നിവ ഭോജരാജാവു സ്പർശിച്ചിട്ടില്ലാത്ത കഥകളാകുന്നു. രാമാവതാരം അഹല്യാമോക്ഷം സീതാസ്വയംവരം ബാലിവധം മുതലായ കഥകളെ വേണ്ട വൈപുല്യത്തോടോ മാർദ്ദവത്തോടോ കൂടിയല്ല ഭോജദേവൻ സ്പർശിച്ചിട്ടുള്ളതു്. ഇത്രയും പറഞ്ഞതിൽനിന്നു ഭോജന്റെയും പുനത്തിന്റെയും ഗതികൾ രണ്ടു വഴികളിൽക്കൂടിയാണെന്നു മനസ്സിലാക്കാമെന്നു വിശ്വസിക്കുന്നു.

ഈ രണ്ടു മഹാകവികളുടേയും ഉദ്ദേശങ്ങളും രണ്ടുതന്നെ. പദ്യത്തിന്റെയും ഗദ്യത്തിന്റെയും ആനുപാതികത്വത്തെ വ്യക്തപ്രകടിപ്പിച്ചു സുന്ദരമായ ഒരു സാഹിത്യസരണിയെ നൂതനമായി വെട്ടിത്തുറന്നിടണമെന്നേ ഭോജരാജാവിന് ആഗ്രഹമുണ്ടായിരുന്നുള്ളു. ആ കവിസമ്രാട്ട് ഈ ആഗ്രഹത്തെ ഭംഗിയായി സാധിക്കുകയും ചെയ്തു. പുനത്തിന്റെ ആഗ്രഹം ഇത്രമാത്രമല്ല. ചാക്യാന്മാരുടെ ഉപയോഗത്തെ പുനം പ്രത്യേകം കരുതിയിട്ടുണ്ട്. കൃതി സ്വതന്ത്ര ഭക്തിപ്രധാനമായിരുന്നില്ലെങ്കിൽ ചാക്യാന്മാർക്ക് പ്രയോജനം ചുരുങ്ങും. കവിയുടെ മഹാത്മ്യത്തെ തമ്പുരാക്കന്മാരെക്കൊണ്ടു കണ്ടുകിട്ടാതിരിക്കാനാവശ്യത്തെ ചാക്യാന്മാർക്കുവേണ്ടി ആകർഷിച്ചു, അതിൽ

പുരുഷാർത്ഥസാധനസമർത്ഥമായ സദാചാരത്തെ പ്രതിഷ്ഠിക്കണമെന്നുള്ളതാണു പുരാണത്തിന്റെ ഉദ്ദേശം; കവിയുടെ ഈ ആഗ്രഹം എത്രമാത്രം സാധിച്ചിട്ടുണ്ടെന്നുള്ളതു് ഉപരി ചെയ്യുന്ന വിമർശനംകൊണ്ടു വെളിവാകുന്നതാണ്.

തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ മുതലായ മഹാകവികളെപ്പോലെ പൂന്താനവും ഒരു വലിയ ഭഗവൽഭക്തനായിരുന്നു. ഭഗവാങ്കൽ ഏകാന്തം അസാധാരണ്യമായി ലയിച്ചു്, ഭക്തിയുടെ ഗുണങ്ങളെ അനുഭവപ്പെട്ടിട്ടുള്ള ഒരു സിദ്ധനാണെന്നല്ലാതെ മഹാകവി എന്നുകൂടി പറയാവുന്നതാണ്. രാമായണചമ്പുവിൽ ഈ അഭിപ്രായത്തിന്റെ സാധുതയെ തെളിയിക്കുന്ന ഭാഗങ്ങൾ പലതുമുണ്ട്. ഭഗവന്മാഹാത്മ്യത്തെ വർണ്ണിക്കുന്നതിനുള്ള സന്ദർഭം വരുമ്പോൾ പൂന്താനം തുളുമ്പുന്ന മാറുന്നു. പിന്നീടു കവി ആനന്ദമയമായ ഏതോ ഒരു ലോകത്തിൽ ഇരിക്കുന്നതായിട്ടാണ് അനുഭവപ്പെടുന്നതു്. അകമേയും പുറമേയും ഭക്തിയിൽ വിലയിച്ചിട്ടുള്ള ഒരു കൃതിയാണെന്നുവരും. ഈ പ്രബന്ധം ഭഗവൽപ്രണാമത്തോടുകൂടി (ഒന്നാംഭാഗം—രാവണോത്ഭവം) തുടങ്ങുന്നു. അങ്ങനെതന്നെ അവസാനിക്കുകയും ചെയ്യുന്നു (സപ്തമരാവണവധം). വൈകുണ്ഠം രാവണന്റെ അന്തഃപുരസ്ത്രീകളുടെ ഭഗവൽസ്തുതി എന്നിവയെ വർണ്ണിക്കുന്ന ഭാഗങ്ങൾ കവിയുടെ ഭക്തിപ്രവൃത്തിയുടെ ഒരു പ്രതിബിംബമാകുന്നു. വിശ്വാമിത്രമഹർഷി ദിവ്യാസ്ത്രങ്ങൾകൊണ്ടു രാമചരിതം ചൊല്ലുന്നതിൽ കാണുന്ന ഭാഗവും അതുപോലെതന്നെ ഗണിക്കപ്പെടാം. ഖരനും ബാലിയും രാവണനും ഭഗവൽസായൂജ്യത്തെ പ്രാപിക്കുന്ന സന്ദർഭത്തിൽ കാണുന്ന ഭഗവദ്രൂപത്തിന്റെ വർണ്ണനവും ഭക്തിരസനിഷ്യന്ദംകൊണ്ടു മധുരിതമാകുന്നു. ഇവയെ എല്ലാം അതിശയിക്കുന്ന ഭക്തിമാധുര്യം കളകവിഞ്ഞൊഴുകുന്ന ഭാഗമാണ് സമുദ്രലംഘനാനന്തരമായ ഹനുമാന്റെ സ്തുതി. പട്ടാഭിഷേകത്തിനു ഉചിതമായ വേഷത്തിൽ സ്ഥിതിചെയ്യുന്ന ശ്രീരാമനെ വർണ്ണിക്കുന്ന ഭാഗവും ഭക്തിരസനിഷ്യന്ദംകൊണ്ടു് ഒരു

ത്യന്തം ഹൃദയംഗമമായിരിക്കുന്നു. അടുക്കുപ്പാടെ നോക്കിയാൽ ഇവയിൽ ഒക്കെ വിഷയം ഒന്നുതന്നെ; എന്നാൽ മഹാഭക്തനും അതിരസികനും ആയ കവിയുടെ ഭാവനാവിശേഷംകൊണ്ടു ഇവയിൽ ഓരോന്നിലും നൂതനമായ കവിതാചൈതന്യം പരിലസിക്കുന്നതു കാണാവുന്നതാണ്. ഉത്തമമായ കവിതയും നിർമ്മലമായ ഭക്തിയും തമ്മിൽ സമ്മേളിച്ചാൽ അനുഭവപ്പെടുന്ന ആസ്വാദ്യതയാണ് ഈ മാതിരി സന്ദർഭങ്ങളിൽ പ്രകാശിക്കുന്നതു്. ഭഗവാന്റെ ഏതെങ്കിലുംവിധം ഉള്ള വൈഭവത്തെ വർണ്ണിക്കുന്നതിന് ഒരു സന്ദർഭം കിട്ടിയാൽ മതി; കവിക്കു ഇതിൽപരം ഒരു ഉത്സവം ഉണ്ടാകേണ്ടതില്ല. ഇപ്രകാരം ലഭിക്കുന്ന സന്ദർഭങ്ങളെ വ്യർത്ഥമാക്കുകയെന്നതു കവിക്കു വലിയ സങ്കടമാകുന്നു.

> സംപൂർണ്ണമോദം [illegible] നീളത്തിൽ മെല്ലം
> ചിന്നും [illegible] കിടന്നിരുന്നോനും [illegible]
> വാസ്തുമങ്ങൊന്നിന്നും വികലമണിയരങ്ങിൽ [illegible]
> സന്ത്രാണക്കുളത്തു [illegible]
> [illegible] കർണ്ണികയിൽ [illegible]
> നാഭീപങ്കജത്തിന്നകമിതളുകൾ [illegible]
> ആപൂർണ്ണം [illegible] ഒന്നൊന്നായി വന്നു.
> ശ്രീപാദ [illegible] മണിനൂപുരങ്ങളും [illegible]
> [illegible]
> [illegible]
> അഴകു ശ്രീവത്സമെന്നും [illegible] വിളങ്ങിക്കൊണ്ടും
> [illegible] കോമളാവയവകാന്തിയും

ശ്രീരാമസ്വരൂപമെന്ന ഭക്തശിരോമണിയായ ഹനുമാൻ സീതാദേവിയോടു വർണ്ണിച്ചു കേൾപ്പിക്കുന്ന ഭാഗത്തിലുള്ളവയാണു ഈ പദ്യങ്ങൾ. 'ത്രിലോകീസന്ത്രാണക്കുളത്തു' 'മരതകമണിസ്തംഭശോഭിതമാണാം' 'കൈവല്യസന്ദീപിണാം' ഇത്യാദി പദങ്ങളിലെ അത്യന്തസരസതയും പ്രത്യേകം സ്മരിക്കേണ്ടതാകുന്നു. മനോഹരമായ ഭഗവദ്രൂപത്തിന്റെ ഒരു ഫോട്ടോഗ്രാഫ് ഇവിടെ ഉജ്ജ്വലിച്ച വർണ്ണനത്തിൽ പ്രകാശിക്കുന്നുണ്ട്. ഭക്തിരസ

ത്തിന് ഒതുങ്ങിയിരിക്കുന്ന ഭഗവാന്റെ രൂപത്തെ കവി എങ്ങിനെ നമ്മുടെ ദൃഷ്ടിയിൽ പെടുത്തുന്നു എന്നുകൂടി നോക്കാം.

ഫാലേതിലകം വിലസീ വദനം വിലാസം
തഴുന്ന കണ്ഠയുഗേന തദാ തദീയം
ചെന്താർബിംബമിതപാടമുദിച്ചു മദ്ധ്യ
വെൺതിങ്കൾ വെൺമയൊടു നിന്നതുന്നപോലെ
പ്രാണേശപതിസുമധുരാവയവങ്ങൾതോറും
താനേ ചതിച്ചു വിജയാദ തദീക്ഷണാനനം
ആ നായർകമത്തിലിയങ്ങളിലഭ്രമിസ്സും
കാണാതരീതിയിലധോക്ഷജനെന്നപോലെ
മാ രാ തദീയഭുജമണ്ഡയുഗേ വിളങ്ങി
ഹേമാംശമണ്ഡിതസരീപരിവാരമാല
ആമോദിനി ഉദയലക്ഷ്മി പുണർന്നകാന്തി
ഏകമേൽ പുതഞ്ഞു നവകാന്തമെന്നപോലെ

* * *

ശ്രീവാസുദേവമണിമാല കരദ്വയം ത-
നാഭിപുരസ്സ സവിധേ നിഹിതം ബഭാസ
ഉള്ളിൽ തെളിഞ്ഞു സുപദേമധുരം മനീഷാ-
വള്ളിക്ക വിടർകണിതാരെന്നപോലെ
പ്രാകാശ്യകാന്തി മണിമേഖല ചുറ്റി മേവും
കാമഫലരന്ധ്രസുഭഗാവയവം വിളങ്ങി
സത്കൃതമാലികലിതകന്യക കണ്ടു നോക്കം
നീരാജൻ കലാവിപലനാ മവിയെന്നപോലെ
സൌവർണ്ണമേഖല കലർന്ന ലലാസ പുതൻ
പൂവാട മനപവനാകലിതം തദീയം
മേഘവൃന്ദകാന്തികിൽലതാമുടലിൽ പിണഞ്ഞം
മുപ്പുരി മേഘപടലീനെറിയെന്നപോലെ

ഈ ഭാഗത്തിൽനിന്നു വിശിഷ്ടമായ ഭഗവദ്രൂപത്തെ ആക്കം മനസ്സിൽ പതിപ്പിക്കുവാൻ കഴിയുന്നതാണ്. ഉപമാലങ്കാര കല്പനയിൽ കവി കാണിച്ചിരിക്കുന്ന സാമർത്ഥ്യം ഇവിടെ ശ്രദ്ധേയമാകുന്നു. നിസർഗ്ഗമോഹനമായ ഒന്നാണു ഭഗവദ്രൂപം; അതു് അതുപോലെതന്നെ സ്വഭാവസുഭഗമായ ഒരു കവിതാവസ്തു വിഷയമായപ്പോൾ എത്രമാത്രം സൌന്ദര്യത്തെ വ

ഗ്രഹിക്കുവാൻ ഇടയായി എന്ന് ഇവിടെ ഉദ്ധരിച്ച ഭാഗത്തിൽനിന്നു മനസ്സിലാക്കേണ്ടതുണ്ട്. ഈ ഭാഗം ഭക്തിയില്ലെങ്കിലും കാവ്യരസികന്മാർക്കും, കാവ്യരസികത്വം ഇല്ലെങ്കിലും ഭക്തന്മാർക്കും, ഒരുപോലെ പ്രയോജനകരമാകുന്നു.

മേദിനീപതിശുശ്രൂഷയാ കനകക്ഷ്മതന്നെയടക്കിയന്നു ര–
ത്നാസനേ [illegible]
മേദിനീരമണീവല്ലഭേ [illegible] മമ–
പ്രാണബന്ധു [illegible]
[illegible]
[illegible]
ഗാധിനന്ദനനെ മുൻനടത്തി [illegible] മമ
പ്രാണബന്ധു * * * *
പ്രാതലിന്നിഹ [illegible] തോടകാവ്യനവഭോജനം
പ്രേതനാഥന [illegible]
[illegible] മമ–
പ്രാണബന്ധു * * * *
[illegible] മമാ–
[illegible]
[illegible] മമ
പ്രാണബന്ധു * * * *

ഈ പദ്യങ്ങൾ ഹനുമൽസ്തോത്രഭാഗത്തിൽ ഉള്ളവയാണ്. ഇവയിൽ ഭക്തി നിർമ്മലമായി പ്രവഹിക്കുന്നുണ്ടെന്നു ഗ്രഹിക്കുവാൻ ക്ലേശമില്ല. കവി, 'പ്രേതനാഥ'നെ 'തോടകാവ്യനവഭോജനം'കൊണ്ടു 'പ്രാതല്ലുന്നു' കഴിപ്പിക്കുന്നതു നല്ല ഫലിതവുമായിട്ടുണ്ട്. ഇവയിൽ 'മേദിനീപതിശുശ്രൂഷയാ' എന്നു തുടങ്ങുന്ന പദ്യം ഭഗവാന്റെ ഹൃദയഗാംഭീര്യത്തെ ഭംഗിയായി കാണിക്കുന്നു.

ദധതോ മംഗലക്ഷൗമേ വസാനസ്യ ച വല്ക്കലേ
ദദൃശുർവിസ്മിതാസ്തസ്യ മുഖരാഗം സമം ജനാഃ

എന്ന രഘുവംശപദ്യത്തെ ഈ സന്ദർഭത്തിൽ കവി സ്മരിച്ചിട്ടുണ്ടെന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

നിരർഗ്ഗളമായ പദപ്രവാഹം പ്രസന്നത ഭക്തി മുതലാ

യ ഗുണങ്ങൾകൊണ്ടു് ഇവിടെ ഉദ്ധരിച്ച സ്തോത്രം അത്യന്തം ഹൃദയംഗമമായിട്ടുണ്ടു്. ഗജേന്ദ്രമോക്ഷത്തിൽ കാണുന്ന സ്തോത്രത്തിന്റെ സാദൃശ്യം ഈ ഭാഗത്തിനു കല്പിക്കാവുന്നതാണു്.

നാഭിപല്വലവികിളത്സരോജവിലസച്ചതുർമ്മുഖമധുവ്രതേ-
നാഭിഗീതനിഗമാപദാനാമൃതളീനിനാളതരളാശയാ
സാഭിലാഷമശേഷ ലോകവും ബത പിടിഞ്ഞിടാതെ മയവും മെ-
സാഭിമാനമസൃക്കാമിയന്നൊരമരൈരനിശി ച കലയേ വിഭോ!
പാണിപത്മവിലസൽകരാളകരവാളവും മദഗദേ രിപു-
പ്രാണനാശനപരായണാരിവ്യൂദരാനിരുജശരാസനേ
പ്രാണയാനസമയേ തെളിഞ്ഞു കര കാണുമാറിഹ മമങ്ങളും
പ്രാണനാഥ സകൃതം മഹീയമപരം ഭവദീയ കഥാമൃതം

(ഗജേന്ദ്രമോക്ഷം — ചമ്പൂപ്രബന്ധം)

ഈ പദ്യങ്ങളിൽനിന്നു ഗജേന്ദ്രമോക്ഷത്തിലെ സ്തവത്തിന്റെ ഹൃദ്യത മനസ്സിലാക്കാം. ദേവീധ്യാനത്തിനു ഭക്തന്മാർക്കു് ഏററവും ഉപയോഗപ്പെടുന്ന ഒരു പദ്യം താഴെ ഉദ്ധരിക്കുന്നു.

ഭക്ത്യാ ഭക്തകൈകൊണ്ടു ചിരനു ഭഗവതി! ഭവതിം കാമരാജാങ്കശയ്യാ-
മദ്ധ്യാസീനാം പ്രസന്നാം പ്രശിഥിലകബരീഭാരഭാപൂരിതാശാം
മെത്തും മന്ദസ്മിതാഢ്യാം ശ്രവണപരിലസൽസ്വർണ്ണതാടങ്കചക്രാ-
മുദ്യൽബാലാർക്കശോണാമുരസി നിഹിതമാണിക്യവീണാമുപാസേ

ഈ പദ്യംകൊണ്ടു ദേവിയെ ധ്യാനംചെയ്തു ഭജിക്കുന്നവർക്കു് അഭീഷ്ടസിദ്ധി ഉണ്ടാകുമെന്നതിനു യാതൊരു സംശയവും ഇല്ല; അത്രമാത്രം പ്രഭാവഗുണം തികഞ്ഞ ഒന്നാണു് ഈ പദ്യം എന്നു ശ്രവണമാത്രയിൽതന്നെ ആർക്കും ഗ്രഹിക്കാം.

ധർമ്മോപദേശവിഷയത്തിൽ പുനത്തിന്റെ ശ്രദ്ധ നിസ്തുല്യമാകുന്നു. രാമായണത്തെ പുനം ഇതിവൃത്തമായി സ്വീകരിച്ചതു ധർമ്മോപദേശത്തിനു കൂടുതൽ സൌകര്യം ലഭിക്കുമെന്നു കരുതിയായിരിക്കണം. രാമായണചമ്പുവിലെ ഓരോ ഭാഗവും വിരചിക്കുമ്പോൾ ഓരോ പ്രധാനധർമ്മതത്വത്തെയും പുനം വിചാരിച്ചിട്ടുണ്ടെന്നു നിഷ്പ്രയാസം തെളിയുന്നു.

ഭവതാമനു ദൈവമതോ പുംസാം
വരകേവലധർമ്മമതായരിച്ചും

എന്നു കവി, സീതാസ്വയംവരത്തിന്റെ ആദിയിൽ ഉപദേശിക്കുന്നു.

രഘുപുംഗവനാമുനിപ്രസാദാൽ
രമണീമണി സീതയെന്നപോലെ

എന്നു് അടുത്ത ഭാഗംകൊണ്ടു് ആ തത്വത്തെ സമർത്ഥിക്കുന്നു. മഹാന്മാരുടെ അനുഗ്രഹംകൊണ്ടു സർവ്വശ്രേയസ്സുകളും ഉണ്ടാകുന്നു എന്നും അതുകൊണ്ടു മഹൽസമാഗമം അഭിലഷണീയമാണെന്നും ഉള്ള തത്വത്തെ കവി പഠിപ്പിക്കുകയാണു് ഇവിടെ ചെയ്യുന്നതു്.

നാരായണൻ മനസി വന്നു വസിച്ചിലപ്പോൾ
ഊരുതു പോലും ദുരിതസന്തതി വല്ലവനും

എന്നതു കവിയുടെ മറ്റൊരു തത്വോപദേശമാകുന്നു. ഭഗവൽസ്മരണകൊണ്ടു സർവ്വപാപങ്ങളേയും നശിപ്പിക്കാമെന്നു് ഈ തത്വത്തിന്റെ സാരം.

* ശൃണ്വതാം സ്വകഥാഃ കൃഷ്ണഃ പുണ്യശ്രവണകീർത്തനഃ
ഹൃദ്യന്തസ്ഥോ ഹ്യഭദ്രാണി വിധുനോതി സുഹൃൽ സതാം.

എന്ന മഹാഭാഗവതപദ്യം ഇവിടെ സ്മരണീയമാകുന്നു.

ശ്രീരാമനങ്ങവിപുലഗുണവാരിനിധാനം
ഘോരാമം നിശാചരഭയം പുനരെന്നപോലെ

എന്ന ഉദാഹരണം മുൻപറഞ്ഞ തത്വത്തെ സാധിക്കുന്നതായിരിക്കുന്നു. വിഭീഷണാഭിഷേകം ഈ തത്വത്തെ തെളിയിക്കുന്നതാണു്.

ആപത്തദാഹരണപോയ്പോയിതു നിമിഷനൂനം ചായതൈവജ്ഞക്കു്.
പ്രാബല്യം കൈവരുന്നാൾ പ്രിയസഖ സുമതേ നല്ലതും വന്നുകൂടും

എന്ന തത്വത്തെ ഉപദേശിച്ചുകൊണ്ടു ബാലിവധം ആരംഭിക്കുന്നു. ശ്രീരാമാനുഗ്രഹത്താൽ സുഗ്രീവനു 'നിജദാരപ്രാപ്തി' കൈവന്നതാണു് ഇവിടെ ഉദാഹരണം.

---

* സാരം:—സജ്ജനങ്ങളുടെ ബന്ധുവും പുണ്യശ്രവണകീർത്തനനും ആയ ഭഗവാൻ സ്വകഥ കേൾക്കുന്നവരുടെ ഹൃദയത്തിൽ ഇരുന്നു ദുഷ്കൃതത്തെ നശിപ്പിക്കുന്നു.

ദുരിതപ്രകരസേവാസേതുനാ ഭോഗസിദ്ധ്യൈ
പരിചിനോതു കടന്നേ കൃതി രേകവനാദ്രൗ

എന്നതാണ 'ലങ്കാപ്രവേശ'ത്തിലെ തത്വം.

യോ ബഭഞ്ജ ധനുരൈന്ദുശേഖരം
ഗ്രാവഭിർജലനിധിം ബബന്ധ യഃ
ലോകരാവണമലൂനാച്ച രാവണം
സോപ്യഗാദിതരകേഷു കാ കഥാ

എന്ന പ്രബന്ധതത്വമാണ സാരോദ്ധാരണത്തിൽനിന്ന ഗ്രഹിക്കുവാനുള്ളത്. ശിവചാപഭഞ്ജനം സമുദ്രബന്ധനം രാവണവധം എന്നിവ ചെയ്ത മഹാബലശാലിയായ രാമനുംകൂടി ഈ ലോകത്തെ ത്യജിക്കേണ്ടിവന്നു. ഈ സ്ഥിതിക്ക് അണുപ്രായന്മാരായ മറ്റുള്ളവരുടെ കാൎയ്യം പറയേണ്ടതില്ല. എല്ലായ്പോഴും ഈ വിചാരം മനസ്സിൽ ഉണ്ടായി ഭഗവൽഭജനം ചെയ്കതന്നെ യുക്തം.

ഭക്തിയെ പുരസ്കരിച്ചുകൊണ്ടാണ കവി മുൻപറഞ്ഞ തത്വങ്ങളെ എല്ലാം ഉപദേശിക്കുന്നത് എന്ന വ്യക്തമാണല്ലോ. പല സന്ദൎഭങ്ങളിലായി കവി ഈ മഹാപ്രബന്ധത്തിൽ പ്രകാശിപ്പിച്ചിരിക്കുന്ന തത്വങ്ങൾ അസംഖ്യങ്ങളാകുന്നു. ധൎമ്മോപദേശത്തിൽ ഭാവഗാഢങ്ങളായ ഭാഗങ്ങളും വളരെയുണ്ട്. ധൎമ്മമാൎഗ്ഗങ്ങളിൽനിന്ന വ്യതിചലിക്കുന്ന ഭാവം കവി ഒരിടത്തും പ്രകടിപ്പിച്ചിട്ടില്ല. എല്ലാ ഭാഗത്തിലും സരസമായി കൃത്യാകൃത്യോപദേശം ചെയ്യുവാനുള്ള കവിയുടെ വൈഭവം തെളിഞ്ഞുകാണാം.

ഈ സന്ദൎഭത്തിൽ രാമായണചമ്പുവിലെ ചില ഭാഗങ്ങളെ പ്രത്യേകം സ്മരിക്കുന്നതു യുക്തമായിരിക്കുമെന്ന വിശ്വസിക്കുന്നു. വിവാഹാനന്തരം ഭൎത്തൃഗൃഹത്തിലേക്ക പോകുന്ന സീതാദേവിക്കു ജനകമഹാരാജാവും, അഭിഷിക്തനായ ശ്രീരാമചന്ദ്രന വസിഷ്ഠനും ഉപദേശിച്ചുകൊടുക്കുന്ന ധൎമ്മങ്ങൾ സാരഭൂയിഷ്ഠങ്ങളാകുന്നു. ഇവയിൽ സ്ത്രീധൎമ്മത്തിന്റേയും രാജധൎമ്മത്തിന്റേയും രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. ശ്രീരാമ

നം ആസന്നമരണനായ ബാലിയും തമ്മിൽ ചെയ്യുന്ന സംഭാഷണവും ധർമ്മാധർമ്മസ്വരൂപത്തെ നിരൂപണം ചെയ്യുന്നതന്നാകുന്നു. മാരീചൻ രാവണനെ ചെയ്യുന്ന ഉപദേശവും ഈ സന്ദർഭത്തിൽ സ്മരിക്കപ്പെടേണ്ടതുതന്നെ.

ഭർത്താവത്രേ പരം ദൈവതമതുതഗിരാമാകയാൽ വേറിട്ടൊല്ലാ
മദ്ധ്യേ വേർപെട്ടുവന്നീടിലുമൊരു പൊഴുതത്താസ്ഥ നീ കൈവിടൊല്ലാ
ഇത്ഥം ത്രൈലോക്യനാഥകഥിതമിതുമറക്കൊല്ല മറ്റാരൊടും നീ
മുഗ്ദ്ധേ! ചാടീട ചെന്തീക്കനലിലപി പതിപ്രേഷിതാ നിർവ്വിശങ്കം

എന്ന പദ്യത്തിൽ സ്ത്രീധർമ്മരഹസ്യം ഏറെക്കുറെ മുഴുവൻ തന്നെ അടങ്ങിയിരിക്കുന്നു. "പതിഃ സ്ത്രീണാം ഹി ദൈവതം" എന്ന തത്വത്തെ കവി ഇവിടെ ആദ്യമേതന്നെ സൂചിപ്പിച്ചിരിക്കുന്നു. "മുഗ്ദ്ധേ! ചാടീട ചെന്തീക്കനലിലപി പതിപ്രേഷിതാ നിർവ്വിശങ്കം" എന്ന ഉപദേശം ഭർത്തൃഭക്തിയുടെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നു. സീതാദേവി ഈ ഉപദേശത്തെ എത്രമാത്രം ഹൃദയപൂർവ്വം ആദരിച്ചിട്ടുണ്ടെന്ന് ഈ പ്രബന്ധത്തിന്റെ അന്ത്യഭാഗത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

അപ്പോഴേ പോയ് കുളിപ്പൂ രഹസി കഴിയിട്ടു ശേഷമായ ഋതു
പൊട്ടും പള്ളും ക്രമത്താലണിയുമണിനിരത്താപ്പു കണ്ണാടികാണും
ഉല്പന്നശ്രീ വണങ്ങും ഭർതൃപദനായം ദൈവതം ദൃഷ്ടമന്നം
കല്പിപ്പൂ ഗേഹിനീനാമകരിയിവധ നീതാന്ത കൃതാർത്ഥമന്നാളഞ്ഞേ.

എന്ന പദ്യത്തിൽ ഒരു സതിയായ ഭാരതസ്ത്രീയുടെ ദിനചര്യയെ കവി പകർത്തിവെച്ചിരിക്കുന്നു. ശേഷപ്പൂവും ചൂടുക മുതലായ ആചാരങ്ങൾ കുലസ്ത്രീകളുടെ ഇടയിൽ ഇന്നും ചുരുക്കമായിട്ടെങ്കിലും കാണാം. ഗൃഹധർമ്മങ്ങളിൽ സ്ത്രീകൾ ഏതെതു വിധമാണ് ഇടപെടേണ്ടതു് എന്ന ഈ ഉപദേശങ്ങളിൽനിന്നു മനസ്സിലാക്കാം. ശാകുന്തളം നാലാമങ്കത്തിൽ കണ്വമഹർഷി ശകുന്തളയ്ക്കു ചെയ്തുകൊടുക്കുന്ന ഉപദേശങ്ങളെ ഈ സന്ദർഭത്തിൽ പുനംനമ്പൂതിരി സ്മരിച്ചിട്ടുണ്ട്. കവി 'പൊടിപ്പും തൊങ്ങലും' വെച്ചാണു ഇവിടെ കാളിദാസനെ അനുകരിച്ചിരിക്കുന്നത് എന്നു പ്രസ്താവിക്കേണ്ടതാകുന്നു.

അഭിഷിക്തനായ രാമചന്ദ്രന്ന വസിഷ്ഠാചാൎയ്യർ ചെയ്തു കൊടുക്കുന്ന ചില ഉപദേശങ്ങളെ താഴെ ചേൎത്തുകൊള്ളുന്നു.

നീ കേൾ നന്നാക്കേണമുപായവൃക്ഷ–
നാകന്നുത്സാഹപയഃപ്രവാഹമെന്നാൽ
ഏകാധിപത്യം ഫലമെങ്കിൽ നൂനം
നൈകമൊരുനകമാറ്റുമമെങ്കിൽ നമ്മ

രാജാക്കന്മാൎക്ക ചതുരുപായങ്ങൾ മാത്രം പോരാ, ഉത്സാഹവും അത്യാവശ്യമായ ഗുണമാണെന്ന് ഇവിടെ ഉപദേശിച്ചിരിക്കുന്നു. ഉത്സാഹമില്ലെങ്കിൽ ഉപായങ്ങൾ നിഷ്ഫലങ്ങളെന്നാണ സാരം. ഇതു രാജാക്കന്മാർ മനസ്സിൽ വയ്ക്കേണ്ട ഒരു തത്വംതന്നെയാണ്.

നൂനം രാജേന്ദ്രഭാരത്തെ കിമപി മനതളം മാൎദ്ദവംകൊണ്ടു കൂടീ–
ട്ടേണം തൽകാംക്ഷിതാൎത്ഥം ഗമകവനിളജാതമിപ്പൊഴില്ല വനാന്തേ

* * * *

എന്ന ഭാഗംകൊണ്ടു രാജാക്കന്മാൎക്ക് അതിരൂക്ഷത ചേരുകയില്ലെന്ന് ഉപദേശിക്കുന്നു. സ്വഭാവത്തിന മാൎദ്ദവംകൂടി ഉണ്ടായിരിക്കണം; അല്ലെങ്കിൽ ജനങ്ങൾ രാജാക്കന്മാരെ വഞ്ചിക്കുന്നു. ഇത് അൎത്ഥശാസ്ത്രസിദ്ധമായ ഒരു തത്വമാകുന്നു.

പ്രാതഃകാലേ കുളിച്ചു ദിവസകരമുപാസിച്ചു ജപ്യം ജപിച്ചു
പാൎത്ഥിവം ഭക്തിയോടെ കമലനയനനാം വന്ദിച്ചും പരാതം
സാധിച്ചു ശാസ്ത്രവിദ്യാമൊരുകവി സചിവന്മാരുമായാലോചിച്ചു
മോദിപ്പിച്ചു വിശേഷാലതിഥികളെ യഥായോഗ്യമന്നം നിതാന്തം

എന്ന പദ്യംകൊണ്ട് ഒരു രാജാവിന്റെ ദിനചൎയ്യ ഇന്നവിധം ആയിരിക്കണമെന്ന് ഉപദേശിച്ചിരിക്കുന്നു. രാജാക്കന്മാൎക്ക് സാമാന്യേന ധരിച്ചിരിക്കേണ്ട പല തത്വങ്ങളുടേയും മൎമ്മം ഇവിടെ കവി സംഗ്രഹിച്ചിട്ടുണ്ടെന്ന വായനക്കാൎക്ക മനസ്സിലാകാവുന്നതാണ്.

ശ്രീരാമനും ബാലിയുമായി ചെയ്യുന്ന ധൎമ്മവാദം ഔചിത്യത്തിന്റെ ആധിക്യംകൊണ്ടു പ്രഥമഗണനീയമാകുന്നു. രാമൻ മറഞ്ഞുനിന്നാണല്ലോ ബാലിയെ വധിക്കുന്നത്. ഇപ്രകാരം

ചെയ്തതു് അധർമ്മമായി എന്നാണു ബാലിയുടെ വാദം. ധർമ്മജ്ഞനായ ഭഗവാൻ ബാലിയുടെ ഈ അഭിപ്രായത്തെ സമ്മതിക്കുന്നില്ല. ഈ സന്ദർഭത്തിൽ ശ്രീരാമനും ബാലിയും തമ്മിൽ സ്വസ്വഭാഗങ്ങളിലെ ന്യായങ്ങളെ സമർത്ഥന്മാരായ രണ്ടു് അഭിഭാഷകന്മാരെപ്പോലെ വാദിക്കുന്നതു രസകരമാകുന്നു. "രാമനു ബാലിസുഗ്രീവന്മാരെ (രണ്ടു പേരെയും) സമമായി വിചാരിക്കേണ്ടതേയുള്ളു. ഇവരിൽ ആരും രാമനു ഒരു ഗുണവും ദോഷവും ചെയ്തിട്ടില്ല. ഈ സ്ഥിതിക്കു രാമൻ സുഗ്രീവനോടു ചേൎന്നു ബാലിയെ കൊന്നതു ന്യായമായില്ല. വേണമെങ്കിൽ മദ്ധ്യസ്ഥന്റെ നിലയിൽ നിന്നുകൊണ്ടു് ഇവരെ യോജിപ്പിക്കുകയും ചെയ്യാമായിരുന്നു. രാമൻ അതും ചെയ്തില്ല. ഒളിയമ്പെയ്യുക ആൎക്കും യുക്തമല്ല. രാജാക്കന്മാൎക്കു വിശേഷിച്ചും നിഷിദ്ധമാകുന്നു." ഇതാണു ബാലിയുടെ വാദത്തിന്റെ സാരം. ഈ വാദങ്ങൾ അടിസ്ഥാനരഹിതങ്ങളെന്നു പറയാവുന്നവയല്ല. ബാലി ഭഗവാനോടു ചോദിക്കുന്നതു നോക്കുക.

വേദ ശാസ്ത്ര പുരാണ സ്മൃതികൾ നീതികളും നാടക കാവ്യങ്ങളോ
ടേതിലെങ്കിലും പാരം ഭവാനറിയവോരെന്നതോ ശുദ്ധമെല്ലാം
ഏതൊന്നിൽ കേൾ വിധിച്ചു പുണ്ണിരുകയുന്നായോ രിപോ! മുൻപിൽ വന്നി-
ടാതെ യുദ്ധം ധരിത്രീപതിവൃന്ദമൊളിയമ്പെയ്കയെന്നി ത്രിലോക്യാം

വേദശാസ്ത്രപുരാണകാവ്യനാടകാദികളിൽ ബാലിക്കു വൈദഗ്ദ്ധ്യം ഉണ്ടെന്നു് ഇതിൽനിന്നു ഗ്രഹിക്കാം. ശ്രീവാല്മീകിയുടെ ബാലി ധൎമ്മജ്ഞനെങ്കിലും പാരുഷ്യം കൂടിയവനാണ്. പുനത്തിന്റെ ബാലിക്കു ഹൃദയത്തിനു സ്നിഗ്ദ്ധത കൂടും.

ശഠോ നൈകൃതികഃ ക്ഷുദ്രോ മിഥ്യാപ്രശ്രിതമാനസഃ
കഥം ദശരഥേന ത്വം ജാതഃ പാപോ മഹാത്മനാ
ഛിന്നചാരിത്രകക്ഷ്യേണ സതാം ധൎമ്മാതിവൎത്തിനാ
ത്യക്തധൎമ്മാങ്കുശേനാഹം നിഹതോ രാമഹസ്തിനാ

(വാല്മീകിരാമായണം)

എന്നു ബാലി രാമനോടു പറയുന്ന ഭാഗം അൎത്ഥംകൊണ്ടു് എറ്റവും ഉഗ്രമായിരിക്കുന്നു. "യോഗ്യനായ ദശരഥനു മഹാപാപിയായ നീ എങ്ങിനെയാണു പുത്രനായിജ്ജനിച്ചതു്?"

എന്ന വാക്യ രാമന്റെ മൎമ്മം പിളൎക്കുന്ന ഒന്നാകുന്നു. അതു പോലെ രാമൻ ധൎമ്മരഹിതനും ചാരിത്രശുദ്ധിയില്ലാത്തവനും ആണെന്നുകൂടി ബാലി ആക്ഷേപിക്കുന്നു. പരുഷതയും വിനയവും മരണത്തിന്റെ ബാലിയുടെ വിശിഷ്ടഗുണങ്ങളാകുന്നു.

മാൎത്താണ്ഡാത്മജനാമെന്നെ! കപിവീരമൌലിമണേ! നിങ്ങളിൽ
സാരാസാരജ്ഞതയും പ്രധാനം കലൎന്നിരുന്നിരിക്കുന്നതാൻ

എന്നു ശത്രുവായ രാമനോടു പറയുന്ന ഭാഗം ബാലിയുടെ മഹാമനസ്കതയെ തെളിയിക്കുന്നു. ഇപ്രകാരം ശത്രുവായ രാമനെ ബഹുമാനിച്ചുകൊണ്ടാണു ബാലി തന്റെ വാദമുഖങ്ങളെ അവതരിപ്പിക്കുന്നതു്.

വൈരം കേൾ നിന്നോടുണ്ടായതിനുമില്ല കാരണമുണ്ടാക്കുന്നതേറയും
നേരേ സുഗ്രീവനോടുള്ളതിലകൊണ്ടുതന്നെ നിന്നെ വധിച്ചതേ
വാരാളും നാട്ടിലേ ധൎമ്മമറിയ ഭരതൻ കേൾ പറിച്ചാൻ
പാരാതെ നിഗ്രഹംബന്ധുവിനുതകിടാത്തോനെയാക്കിടുവേണ്ടു

എന്നു ഭഗവാൻ സമാധാനം പറയുന്നതും ശ്രദ്ധേയം ആകുന്നു. സുഗ്രീവൻ പലവിധത്തിൽ ദീനനാകുന്നു. അവനെ നാട്ടിൽനിന്നോടിച്ച് ഉപദ്രവിച്ചു. തൽപത്നിയെ അപഹരിച്ചു. ഇവയാണു ബാലിയുടെ തെറ്റുകൾ. സ്വന്തം അനുജനുപോലും ഉതകാത്ത ഒരാൾ മറ്റൊരാൾക്ക് എത്രമാത്രം സഹായിക്കും? "ബന്ധുവിനുതകിടാത്തോനെയാക്കിടുവേണ്ടു" എന്ന ഭാഗത്തിൽ കവി ഗഹനമായ ഒരു ലോകതത്വത്തെ അടക്കിയിട്ടുണ്ട്.

ധീരൻ തമ്മിലിരുന്നസഖ്യം ഭഗവിനിയതമന്യോന്യസഹായകമത്രേ"

എന്ന ഭഗവദ്വാക്യവും തത്വഗൎഭിതമായ ഒന്നാകുന്നു. രണ്ടു പേൎക്കും അന്യോന്യം കാൎയ്യം ഉണ്ടായിരിക്കണം; എങ്കിൽ മാത്രമേ സഖ്യത്തിനു വിലയുള്ളു. ഇവിടെ ബാലിയ്ക്കു രാമനെക്കൊണ്ട് ഒന്നും സാധിക്കേണ്ടതില്ല; സുഗ്രീവനാണെങ്കിൽ പലതും ഉണ്ട്. അപ്പോൾ സുഗ്രീവനെക്കൊണ്ടു രാമനും കാൎയ്യം നേടാവുന്നതാണ്. തങ്ങളെക്കൊണ്ട് ഒരു കാൎയ്യവും ഇല്ലാ

ത്ത വലിയ പ്രഭുക്കന്മാരുടെ സേവ നിഷിദ്ധം എന്നാണു കവിയുടെ ആശയം.

ബാലിയുടെ അപരാധങ്ങളെക്കുറിച്ചു വാല്മീകിരാമായണത്തിൽ വിസ്തരിക്കുന്നുണ്ട്. ഭഗവാൻ തെറ്റുകളെക്കുറിച്ചു ദീർഘമായ വിചാരണ ചെയ്തതിന്റെ ശേഷമാണ്, ധർമ്മശാസ്ത്രവേദിയായ ഒരു പ്രാഡ്വിവാകനെപ്പോലെ ബാലിക്കു വധശിക്ഷ വിധിക്കുന്നത്.

൧. തദേതൽ കാരണം പശ്യ യദർത്ഥം ത്വം മയാ ഹതഃ
ഭ്രാതുർവർത്തസി ഭാര്യായാം ത്യക്ത്വാ ധർമ്മം സനാതനം

*　　*　　*　　*

൨. ഔരസീം ഭഗിനീം വാപി ഭാര്യാം വാപ്യനുജസ്യ യഃ
പ്രചരേത നരഃ കാമാത്തസ്യ ദണ്ഡോ വധഃ സ്മൃതഃ

*　　*　　*　　*

൩. സുഗ്രീവേണ ച മേ സഖ്യം ലക്ഷ്മണേന യഥാ തഥാ
ദാരരാജ്യനിമിത്തം ച നിഃശ്രേയസകരഃ സ മേ

*　　*　　*　　*

൪. [illegible]

ഇത്യാദി ഭാഗങ്ങളിൽനിന്നു ബാലിവധം ധർമ്മമെന്നു സമർത്ഥിച്ചിരിക്കുന്നതായി കാണാം. ഇവയെല്ലാം ധർമ്മശാസ്ത്രരഹസ്യങ്ങൾതന്നെയാണ്. പുനരപി ഈ സന്ദർഭത്തിൽ ശ്രീവാല്മീകിയെ നല്ലപോലെ സ്മരിച്ചിട്ടുണ്ട്.

പൂജ്യത്വം നാനാമൃഗങ്ങളാണവനിപതികൾ നേരേ പാരമൊത്തു
(രമ്യമെന്നാ
നിത്യം കൊല്ലുന്നിതങ്ങനെയിവിടെ മൃഗയാധർമ്മമൊന്നിലയ്യോ നീ

ഇത്യാദി ഭാഗങ്ങൾ ഉദാഹരിക്കപ്പെടാം. രാമൻ ബാലിയെ

൧. സാരം:—ജ്യേഷ്ഠനായ നീ സനാതനം ധർമ്മം ഭ്രാതൃപത്നിയുമായി രമിക്കുന്നു. ഇതുതന്നെ കാരണമാകുന്നു.

൨. സാരം:—ഭ്രാതൃപത്നിയുമായി രമിക്കുന്നവനു വധമാണു ശിക്ഷ.

൩. സാരം:—ലക്ഷ്മണനോടെന്നപോലെ സുഗ്രീവനോടു മൈത്രിയുണ്ട്. അതു ദാരരാജ്യനിമിത്തമാകുന്നു ശ്രേയസ്സു ഉണ്ടാക്കും.

൪. [illegible]

വധിച്ചതു ന്യായമായി എന്നു സമൎത്ഥിക്കുന്നതിന് ഈ മാതിരി ന്യായങ്ങൾ മതിയാകുമോ എന്നു സംശയമാണ്.

വിശിഷ്ടമായ മനോധൎമ്മത്തെ പ്രകാശിപ്പിച്ചുകൊണ്ടാണു പുനം 'ബാലിവധം' എന്ന ഭാഗത്തെ ഉപസംഹരിക്കുന്നതു്. ഒടുവിൽ ഭഗവാൻ ബാലിക്കു

വിത്താപത്യാദിരാഗത്തെയുമതിഗാഢരോഷത്തെയും വിട്ടിട്ടിനി
മുക്തിം ചെയ്പാനുപായം കരുതുക മരണാവസ്ഥയും വന്നുവല്ലോ

എന്നു ധൎമ്മോപദേശം ചെയ്യുന്നു.

ഞാനെന്നും കാന്തയെന്നും പുത്രകിന്നരനെന്നും മമാപത്യമെന്നും
കാണുന്നതും മോഹമോഹിച്ചുമതിനാലുള്ളതകന്നതിൽ കാൎയ്യമൊന്നു
പ്രാണൻ പോയാലിവനാൽ കയറുമെല്ലവിളപ്പോനും തനിക്കുവിലാന-
ത്രാണം ചെയ്താനൊടുക്കവേ അവയവമൃത കാർകളുത്തോയുതകാണരുതേ നീ

എന്നും മറ്റും ഉള്ള ഭഗവാന്റെ ഉപദേശങ്ങളെക്കൊണ്ടു ബാലി ജ്ഞാനിയായിത്തീരുന്നു. ഒടുവിൽ ആ ഭക്തൻ ഭഗവൽസ്വരൂപത്തെ കണ്ടു പരമാനന്ദനിമഗ്നനായിത്തന്നെ മുക്തിയെ പ്രാപിക്കുന്നു. ആസന്നമരണനായ ബാലി സ്വാപരാധങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നതും, ഒടുവിൽ പുത്രനെ വിളിച്ചു ഭഗവാനേയും സുഗ്രീവനേയും ഏല്പിക്കുന്നതും മറ്റും ബാലിവധത്തിലെ ഹൃദയാകൎഷകങ്ങളായ ചില ഭാഗങ്ങളാകുന്നു. പുനത്തിന്റെ നൂതനമായ മനോധൎമ്മവിലാസം ഈ സന്ദൎഭങ്ങളിലൊക്കെ ഭംഗിയായി പ്രകടിപ്പിച്ചിട്ടുള്ളതാകുന്നു.

രാവണനും മാരീചനും തമ്മിലുള്ള സംഭാഷണത്തെക്കുറിച്ചും ഇവിടെ ചിന്തിക്കേണ്ടതുണ്ടു്. സീതയെ അപഹരിക്കുന്നതിനു സഹായിക്കണമെന്നുള്ള രാവണന്റെ അഭ്യൎത്ഥനം ഭക്തനും ധൎമ്മജ്ഞനും ആയ മാരീചനു് അല്പവും രുചിക്കുന്നില്ല. ഈ ദുൎമ്മാൎഗ്ഗത്തിൽ പ്രവേശിക്കാതിരിക്കുന്നതിനു മാരീചൻ രാവണനോടു് ഉപദേശിക്കുന്നു.

നല്ലതല്ലെന്നുള്ളതുമെന്തിൻ മൊഴിയിതു പരകീയാംഗനാസംഗമതി-
ങ്ങളീ! കൊല്ലിട്ടുകിടക്കപ്പിനാ നരകമൊഴിക്കാനായ് ശോഭിപ്പിപ്പൂതേ

ഈ വിധമുള്ള മാരീചന്റെ ഉപദേശങ്ങൾ ധൂൎത്തപ്രഭുവായ രാവണന്റെ കോപത്തെയാണു ജ്വലിപ്പിക്കുന്നതു്.

ഇക്കാണായരാമന്മാരെല്ലാമൊരോരോ ശരാസ്ത്രങ്ങളും
പക്ഷിവ്രാതവൃക്ഷമൃഗങ്ങളുമിജ്ജന്തുക്കൾ മററുള്ളതും
രക്ഷോനാഥ! ഭേദമെന്നിയെ ഞാൻ കാണുന്നെന്നല്ലയോ
മൽകണ്ണിലകപ്പെടുന്നതഖിലം ശ്രീരാമചന്ദ്രായതേ!

എന്നു മാരീചൻ ഭഗവന്മാഹാത്മ്യത്തെ വർണ്ണിക്കുന്നതും രാവണനു രുചിക്കുന്നില്ല. ഒടുവിൽ ഭക്തശിഖാമണിയായ മാരീചൻ ഭഗവാന്റെ കയ്യുകൊണ്ടുതന്നെ മരണത്തെ വരിക്കുന്നതു നല്ലതെന്നു നിശ്ചയിക്കുന്നു. "ഉണ്ട ചോററിനു നന്ദികേടു കാണിച്ചു രാവണന്റെ കൈകൊണ്ടു മരിക്കുന്നതിലും ഉണ്ട ചോററിനു നന്ദി കാണിച്ചു രഘുവംശനായകനേററു മരിക്കുന്നതു തന്നെ നല്ലതെന്നു മാരീചൻ നിശ്ചയിച്ചു." "ഉണ്ട ചോററിനുപകാരമെന്നുടൽ ഇഹ ഹോമി രാമശരപാവകേ" എന്ന മാരീചന്റെ ഈ നിശ്ചയം ഒരു മഹത്തായ ധർമ്മത്തെത്തന്നെ ഉപദേശിക്കുന്നു. ഭൃത്യന്മാർ എത്രമാത്രം ധർമ്മരഹിതന്മാരായാലും കൊള്ളാം, അവക്ക് ആപത്തു വരുന്ന സന്ദർഭത്തിൽ മരിച്ചിട്ടെങ്കിലും കഴിയുന്ന സഹായം ചെയ്യേണ്ടതു് ആശ്രിതന്മാരുടെ ധർമ്മമാകുന്നു. ഈ ധർമ്മത്തെ സ്മരിച്ചുകൊണ്ട് ഇവിടെ മാരീചൻ ചെയ്യുന്നതു മഹത്തായ ഒരു ആത്മത്യാഗമാകുന്നു. ഭക്തനായ മാരീചനു രാമന്റെ കൈകൊണ്ടു മരിച്ചു മുക്തിയെ പ്രാപിക്കണമെന്ന് ആഗ്രഹമുണ്ട്. അതിനും ഇതു തന്നെ മാർഗ്ഗം. ഒടുവിൽ മരണസമയത്തു മാരീചൻ ലക്ഷ്മണനെ വിളിച്ചു കരഞ്ഞതും മററും തിന്ന ചോററിന്റെ കൂറ് കാണിക്കാൻ വേണ്ടിയാകുന്നു.

ധർമ്മോപദേശവിഷയത്തിൽ പുരാണത്തിന് എത്രമാത്രം ശ്രദ്ധയുണ്ടെന്നു നാം കണ്ടുവല്ലോ. 'വ്യവഹാരജ്ഞാനം' 'ശിവേതരക്ഷതി' 'സദ്യഃപരനിർവൃതി' എന്നിവ സൽകാവ്യനിഷേവണംകൊണ്ടു ലഭിക്കുന്ന ഗുണങ്ങളാകുന്നു. രാമായണചമ്പുവിന്റെ പരിശീലനംകൊണ്ട് ഈ ഗുണങ്ങൾ ഒക്കെ കിട്ടുന്നു. ശാസ്ത്രതത്വങ്ങൾ പ്രായേണ സുകുമാരമതികൾക്കു ദുസ്സഹങ്ങളായിട്ടു തോന്നുകയുള്ളു. കാന്താസമ്മിതമായ ഉപ

ദേശത്തിന്റെ ചാതുൎയ്യംകൊണ്ടു് അവൎക്കു സുധാസ്വാദനസൌന്ദൎയ്യത്തെ പ്രദാനംചെയ്യണം. അതാണു കവിയുടെ മിടുക്കു്. രസപുഷ്ടമാണെങ്കിലും കൃത്യാകൃത്യോപദേശവിമുഖമാണെങ്കിലും അപ്രകാരമുള്ള കാവ്യം അഭിലഷണീയമല്ല; അതുപോലെ ധൎമ്മോപദേശസഹിതമെങ്കിലും വിരസമായാൽ ആ കൃതി കാവ്യപദത്തെ അധിരോഹണം ചെയ്യുന്നില്ല. ഉൽകൃഷ്ടമായ കാവ്യത്വം ലഭിക്കുന്നതിനു രസത്തിന്റേയും ധൎമ്മോപദേശത്തിന്റേയും സമ്മേളനം ആവശ്യമാകുന്നു. ഈവിധമുള്ള ഒരു ഉന്നതപദവിയെയാണു രാമായണചമ്പു അധിരോഹണം ചെയ്തിരിക്കുന്നതു്.

ഇനി രസത്തെ പുരസ്കരിച്ചുകൊണ്ടു് ഈ പ്രബന്ധത്തെക്കുറിച്ചു വിമൎശിക്കുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. ശ്രീവാല്മീകിമഹൎഷിയുടെ മുഖസരോജത്തിൽനിന്നു ആദ്യമായി നിൎഗ്ഗമിച്ച 'മാനിഷാദ'ത്യാദി പദ്യമധുരധാരിക കരുണമയമാകയാൽ രാമായണം കരുണപ്രധാനമായ ഒരു കാവ്യമാണെന്നു ചില ആചാൎയ്യന്മാർ പറയുന്നുണ്ടു്. ഈ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യം എങ്ങിനെയിരുന്നാലും രാമായണത്തിൽ സൎവ്വരസങ്ങൾക്കും സ്ഥാനം ഉണ്ടെന്നുള്ളതിനു സംശയമില്ല.

* രസൈഃ ശൃംഗാരകരുണഹാസ്യരൌദ്രഭയാനകൈഃ
വീരാദിഭി രസൈര്യുക്തം കാവ്യമേതദഗായതാം

എന്നു വാല്മീകിരാമായണത്തിൽതന്നെ പറഞ്ഞിരിക്കുന്നു. രാമായണപ്രബന്ധത്തിന്റെ ഓരോ അംശത്തിലും ഓരോ രസത്തിനായിരിക്കും പ്രാധാന്യം. പരശുരാമവിജയം രാവണോത്ഭവം ബാലിവധം യുദ്ധം മുതലായവ വീരപ്രധാനങ്ങളായ ഭാഗങ്ങളാകുന്നു. ഈ കാവ്യത്തിൽ ശൃംഗാരപ്രാധാന്യത്തിനും കുറവില്ല. സംഭോഗവിപ്രലംഭങ്ങൾക്കു് ഒരുപോലെ സ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നു. വിവാഹാനന്തരം മന്ദാക്ഷമാഗോ

---

* സാരം:—രാമായണം വീരം ശൃംഗാരം കരുണം ഹാസ്യം രൌദ്രം ഭയാനകം ഈ രസങ്ങളോടുകൂടിയ കാവ്യമാകുന്നു.

ഭയസൎവ്വസ്വമായ സീതാദേവിയോടൊന്നിച്ചു സക്രീഡമാനനായ ശ്രീരാമചന്ദ്രഭഗവാനെ രസചക്രവൎത്തിയായ ശൃംഗാരം സേവിക്കുന്നതിന്റെ സ്വഭാവത്തെ വൎണ്ണിച്ചുകൊണ്ടാണു വിച്ഛിന്നാഭിഷേകം ആരംഭിക്കുന്നതു്. വിപ്രലംഭശൃംഗാരത്തിനു രാമായണത്തിൽ ഉള്ള സ്ഥാനം പറയേണ്ടതായിട്ടില്ലല്ലോ. ഹാസ്യത്തെക്കുറിച്ചു വിചാരിച്ചാൽ പുനത്തിന്റെ വിരുതു മുഴുവൻ ഈ രസത്തിലാണെന്നു തോന്നും. ആരേയും 'കളിപ്പി'ക്കുവാൻ പുനത്തിനു നല്ല വാസനയാണ്. ജളന്മാരെയാണു കയ്യിൽ കിട്ടുന്നതെങ്കിൽ പുനം ഒരിക്കലും അവരെ വെറുതെ വിട്ടയക്കുകയില്ല. സീതാസ്വയംവരം പട്ടാഭിഷേകം മുതലായ ഉത്സവങ്ങളിൽ നാനാദേശങ്ങളിൽനിന്നു വന്നുകൂടുന്ന പലതരക്കാരായ ജനങ്ങളിൽനിന്നു ധൂൎത്തന്മാരായ മന്ത്രവാദിപ്പട്ടതികളെ തിരഞ്ഞെടുത്തു കവി അവരെ കളിയാക്കുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. ഭൎത്തൃപരിത്യക്തയായ സീതയുടേയും ആസന്നമരണനായ ബാലിയുടേയും സ്ഥിതികളെ വൎണ്ണിക്കുന്ന ഭാഗങ്ങൾ ആരേയും കരയിപ്പിക്കുന്നവയാകുന്നു. ശൂൎപ്പണഖ ലളിതാരൂപവിശേഷത്തെ കളഞ്ഞു രാക്ഷസീരൂപത്തെ ധരിക്കുന്ന സന്ദൎഭത്തിൽ കവി ആ വികൃതവിഗ്രഹത്തെ വൎണ്ണിക്കുന്ന ഭാഗം ഭയജനകമെന്നല്ലാതെ പറയുവാനില്ല. ഇവിടെ കവിതയ്ക്കും ശൂൎപ്പണഖയ്ക്കും ഒരുപോലെയാണ് ആകൃതിയും പ്രകൃതിയും മാറുന്നതു്. സരസമായ ശൃംഗാരത്തിൽനിന്നു രൂക്ഷമായ ഭയാനകത്തിലേക്കു പ്രവേശിച്ചപ്പോൾ കവിതയ്ക്കു പെട്ടെന്നുണ്ടായ ഈ വ്യത്യാസം വിസ്മയകരമാകുന്നു. രൌദ്രാദിരസങ്ങളും അവിടവിടെ കല്പിക്കപ്പെട്ടിട്ടുണ്ടു്. ശൂൎപ്പണഖ രാമലക്ഷ്മണന്മാരുടേയും സീതയുടേയും വൃത്താന്തം പറഞ്ഞുകേൾപ്പിക്കുന്നസന്ദൎഭത്തിൽ രാവണനുണ്ടായ ഭാവഭേദത്തെ വൎണ്ണിക്കുന്ന ഭാഗം ഉദാഹരിക്കപ്പെടാം. ഇപ്രകാരം വിചാരിച്ചാൽ ഈ മഹാപ്രബന്ധം സൎവ്വരസങ്ങൾക്കും ആസ്പദമാണെന്നു തെളിയുന്നതാണ്.

പുനത്തിനു ശൃംഗാരത്തിനോടാണ് അധികം അഭിരു

ചിരിയെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. രസഭാവജതരംഗിതങ്ങളായ സന്ദർഭങ്ങളിൽ പുറത്തിൽ കാണുന്ന വൈഭവം നിസ്തുല്യമാകുന്നു. സജീവങ്ങളായ കല്പനകളെക്കൊണ്ടു മോടിപിടിപ്പിച്ചിട്ടുള്ള ശൃംഗാരത്താൽ സുമധുരിതങ്ങളായ ഭാഗങ്ങൾ ഈ പ്രബന്ധത്തിൽ അസംഖ്യങ്ങളാകുന്നു. അവയിൽ ഒന്നു മറ്റൊന്നിനേക്കാൾ താഴ്ന്നതെന്നു പറയാവുന്നതല്ല. മറ്റു കവികൾ പേരിനു മാത്രം എന്തെങ്കിലും പറഞ്ഞുവെന്നു വരുത്തിക്കൂട്ടി കഴിഞ്ഞുമാറുന്ന സന്ദർഭങ്ങളിൽ പുനം കാണിക്കുന്ന പ്രഭാവം ഒന്നു വേറെതന്നെയാണ്. ഋഷ്യശൃംഗമഹർഷിയെ ആനയിക്കുന്നതിനു വേശ്യാലങ്കാരശൃംഗാരത്തോട്കൂടി വാരനാരികൾ ചെന്ന്' പുറപ്പെടുന്ന ഒരു ഗദ്യം ഈ പ്രബന്ധത്തിലുണ്ട്. ഈ ഗദ്യംതന്നെ മുൻപറഞ്ഞ പ്രഭാവത്തിന് ഉദാഹരിക്കപ്പെടാം. സീതാസ്വയംവരം അഹല്യാമോക്ഷം എന്നീ ഭാഗങ്ങൾ ശൃംഗാരസുന്ദരങ്ങളാകുന്നു. ഭീകരാകൃതിരൂപയായ്' ശൂർപ്പണഖയെ കവി ലളിതാവേഷം കെട്ടിക്കുന്നത് ഒരു ദീർഘഗദ്യംകൊണ്ടാകുന്നു. ഇത്ര മനോഹരമായ ഒരു ഭാഷാഗദ്യം വേറെ ഉണ്ടെന്നു തോന്നുന്നില്ല. ബാണയുദ്ധം പ്രബന്ധത്തിൽ ഉഷയുടെ സൗന്ദര്യത്തെ വർണ്ണിച്ചിരിക്കുന്ന ഗദ്യവും ഗുണപുഷ്ടികൊണ്ട് ഈ ഗദ്യത്തിനോട് സദൃശമല്ലെന്നുതന്നെ പറയേണം. ലോകത്തിലെ സകല സുന്ദരപദാർത്ഥങ്ങളെയും ഏകത്ര ശേഖരിച്ചു വാരിക്കോരി ഭേദമില്ലാതെ ചിലവിട്ടുകൊണ്ടാണ് ഇവിടെ കവി 'ശൂർപ്പണഖയെ' ലളിതയായി സൃഷ്ടിച്ചിരിക്കുന്നത്. ഈ ഗദ്യത്തിന്റെ കല്പനയിൽ കവി കാണിച്ചിരിക്കുന്ന മനോധർമ്മവിലാസം സഹൃദയന്മാർ അനുഭവിച്ചുതന്നെ അറിയേണ്ടതാകുന്നു.

ഉദ്യാനപ്രവേശം ആകപ്പാടെ ശൃംഗാരനിമഗ്നമായ ഒരു ഭാഗമാകുന്നു. ഈ ഭാഗത്തെക്കുറിച്ച് അല്പംകൂടി വിമർശിക്കാം. രാവണൻ സീതയുടെ അടുക്കലേക്കു ശൃംഗാരക്കോപ്പുകൂട്ടി പോകുന്നതും വിവിധനയങ്ങളെ ഉപയോഗിച്ച് ആ സതീരത്നത്തെ വശീകരിക്കുവാൻ ശ്രമിക്കുന്നതും ആയ കഥാ

ശം ഉദ്യാനപ്രവേശത്തിൽ തുടങ്ങിയിരിക്കുന്നു. ഇത്രമാത്രം കല്പനാചാതുര്യത്തോടുകൂടി ഒരു കവിയും ഈ ഭാഗത്തെ വർണ്ണിച്ചിട്ടുള്ളതായി കണ്ടിട്ടില്ല. ഇവിടെ അഴകിയ രാവണനെ കവി സ്വന്തം വാഗ്വിലാസംകൊണ്ടു് ഒന്നുകൂടി അഴകു പിടിപ്പിക്കുന്നു.

വിദ്യുജ്ജിഹ്വാ വിളിച്ചീടിന സകലകലാസുന്ദരം ചന്ദ്രദേവം
ശുഭ്രം തൂവെണ്ണിലാവിന്നിതരമകളിവു വക്ത്രങ്ങളാകസ്യാം നിശായാം
മുക്താമാണിക്യമാലാമയമകൊട്ടകൊട്ടി ചായതാരാഗണാനാം-
മിത്രം മന്ദിച്ചു മുന്നാം ഗണമപിസവിധേ മേഘനാദസ്യമാനാം
സ്വച്ഛശ്രീ ഗന്ധർവ്വനാഥകിന്നരസന്നിധാനാം പുരസ്സ-
ദ്ധ്യാക്ഷേപം നടക്കുമ്പൊഴുതു വഴിയിൽ മിളിച്ചീടുമാനന്ദമാർഗ്ഗേ

* * * *

പാർത്തണം പോർപ്പാടേറെ കരുമയുരഗിമാനമതാൻ താൻ വിശേഷി-
ച്ചാർത്തണം മുൻപിലാക്കമാരമരപുരചകോരാക്ഷിമാരാതരാഗം

എന്നും മറ്റും നേരത്തെക്കൂട്ടിത്തന്നെ രാവണൻ പരിചാരികമാർക്കും പരിചാരകന്മാർക്കും ഓരോ നിയോഗങ്ങൾ കൊടുക്കുന്നു. ഓരോ കോപ്പും എടുത്തുകൊണ്ടു് അവർ പുറപ്പെടുന്ന കോലാഹലം ഒരു സമഗ്രതയോടെയാണു വർണ്ണിക്കുന്നതു്. ഈ സന്ദർഭത്തിൽ സരസകവിചൂഡാമണിയായ കുഞ്ചനെ സ്മരിക്കുന്നതു യുക്തമായിരിക്കും.

അടിപ്പിൻ തളമെല്ലാം തളിപ്പിൻ പനിനീരുകൾ
വഹിപ്പിനാലവട്ടം കൈവിളക്കും ചാമരങ്ങളും
കസ്തൂരികാചന്ദനകർപ്പൂരസഞ്ചയം വാരി
വിതറിനൊന്നുമെയ്യിൽ പനിനീരസംയുതം
അരമനതിന്നകമാകെയരമനതിന്നിടയും-
ഒരുമിച്ചു നാനാപുഷ്പരസം മണിനിരകളും
വളകളും കനകമാലകളും പുഷ്പമാലാ-
വലികളും നാസികാഭരണങ്ങളും മോതിരക്കാതം
ഉടഞ്ഞാണും ചിലമ്പും മെത്തത്താലിയും നല്ല
പാദകം തോടയും മുത്തുവിരിക്കും കോഥിരങ്ങളും
ധരിപ്പിൻ സുരകാമിനീമാരണിമാരായിട്ടും

(ലങ്കാമർദ്ദനം)

ഇവിടെ സ്വതന്ത്രമായ മനോധർമ്മത്തോടുകൂടി പുനം കാണിച്ചുകൊടുത്ത വഴിയെ സഞ്ചരിക്കുകയേ കുഞ്ചൻനമ്പിയാർ ചെയ്തിട്ടുള്ളു എന്നു കാണുവാൻ വിഷമതയില്ല. നമ്പിയാരും, രാവണൻെറ സീതയുടെ അടുക്കലേക്കുള്ള യാത്രയെ വളരെ മോടി പിടിപ്പിക്കുന്നുണ്ട്.

മാറുചിതമിട്ടും പനിനീർക്കുപ്പികളും വെട്ടിയുടച്ചു തളിച്ചു തളിച്ചും
ചെപ്പുതാമ്പാളം കൊട്ടങ്ങൾ കൊട്ടങ്ങളും നല്ല കളഭൻപെട്ടി ഇവനും
മുല്ലപ്പൂമണിമാലകളെട്ടും കസ്തൂരിക്കുഴമ്പുപിടിപ്പിച്ചാണങ്ങളി.
ലോലകനിറച്ചു വടിച്ചും തേച്ചും പാട്ടുകളോരോന്നൊത്തു മനോഹര.
മാമരമെന്നാലും തെപ്പാങ്ങകളിൽ മുന്നിൽ പലപല വിലസീടവു

ഇത്യാദി സന്ദർഭങ്ങളിൽ പുനംതന്നെയാണ നമ്പിയാരെ താങ്ങിവരുന്നതെന്നു സഹൃദയന്മാർക്കു നിഷ്പ്രയാസം മനസ്സിലാകുവുന്നതാണ്.

യാത്രയ്ക്കൊരുങ്ങിയ രാവണൻ തന്നെ സഹായിക്കുന്നതിനു നക്ഷത്രങ്ങളെ ഓരോന്നിനേയും പ്രത്യേകം പ്രത്യേകം വിളിച്ച് അപേക്ഷിക്കുന്നതു ഉദ്യാനപ്രവേശത്തിലെ രസപുഷ്ടമായ ഒരു ഭാഗമാകുന്നു.

മുന്നം പൊന്മേരുമിതൻപോലവതകളിൽ മാനിതം നല്ല പുതുതി.
പൊന്നിൻകുന്നുമടികളുണ്ടൊകൊണ്ടു തിരുമൽകാഴ്ചവച്ചീടുവാൻ നി
വന്നീടേൻ പുന്നുചന്ദ്രമുഖസഖഹി! മേളം കലർന്നിതുപോലെ
ധന്യേ! സീതാപ്രസാദത്തിനു ഇണപെടുമാറതി വിരുതാര്യേ!
മൂലമേ! ഉള്ളിലിനിയൊരായ്മയിൽ വരികാരാ ജാനകിമെത്തനനി-
ജേഷ്ഠകീർത്തും നിരസ്സമായിതിനു ഇതെച്ചിട്ടു കല്ലാടിമാറിം
കയ്ത്താരിൽ ചേർത്തുമോഹൽ പുതിയ പതിമൂം ചൊല്ലുമെന്നായപ്പുഴയർ.
കസ്തൂരികർപ്പൂരമണിമാണിക്യം മാനിനിയേവലിമാല?

* * * *

പൊൽത്താർ ബാണപ്പാട്ടിലിൽ മികവുപുകഴ്ചകൊണ്ട പുതുമ്പു (സ്വാതി-
ശ്രീത്യമേവുതും പുണർന്നീടിമാറിമേചകമാപ്യുഗ്രശരധരാ
ആസ്സം മാണിക്യമാലപുനരിയകയിനിൻ പാണിയിൽ പ്രാണനാഥാ.
ഗന്ധർവ്വരോമകപുഴപ്പെട്ടങ്കിതു മതത്തോഹിമേണ്ടാ മോഹിനിയ

ഇപ്രകാരം സീതയെ സ്വാധീനമാക്കുന്നതിനു രാവണൻ നക്ഷത്രങ്ങളോടു സഹായിക്കുവാൻ അപേക്ഷിക്കുന്നു. സീതയുടെ

മുൻപിൽവച്ചു കവി രാവണനെക്കൊണ്ടു ഒരു മഹാരാജന്റെ വേഷമാണു കെട്ടിക്കുന്നതു്. ഈ സന്ദർഭത്തിൽ ജളന്മാരെ കളിയാക്കുന്നതിൽ കവിക്കുള്ള പാടവവും, രാവണന്റെ മഹാരാജത്വഭാവംകൂടി വളരെ യോജിച്ചു പെരുമാറുന്നു.

മുങ്ങിപ്പൊങ്ങീട്ടൈരാവതകരകലിതനോ ദിവ്യഗംഗാപ്രവാഹേ
ഭംഗ്യാ സീതേ കളിപ്പാൻ കരതരുനിരയും വാസനാ കാനനീയേ
ശംഖധ്വാനാദിരാകം ശകനമതിമനോഹാരിതൂര്യാരവക്കോ-
ലംഗം മാണിക്യരത്നോപചിതമയമിതിലേ മാമകീനം പ്രഭാവം

* * * *

സർവ്വസ്ത്രീവർഗ്ഗമെല്ലാം തവ വിളിപണിചെയ്യുന്നതെന്നേപ്പിണഞ്ഞാൽ
മിക്കപ്പോഴും തലോടും ചരണസരസിജം പൂണ്ടുപിശുശ്രൂഷയാമാ

എന്നു മറ്റും രാവണൻ സ്വപ്രതാപത്തെ വർണ്ണിക്കുന്നു. ഗംഗാദിയിലെ സ്നാനം കല്പവൃക്ഷങ്ങളുടെ പരിചാരണം (ദേവാരത്തിനു) വാദ്യഘോഷങ്ങളോടുകൂടിയുള്ള യാത്ര എന്നിവ തന്നോടു ചേർന്നാൽ ഉണ്ടാകുന്ന സൌഭാഗ്യങ്ങളാണെന്നു രാവണൻ പറയുന്നു. ഗംഗയിലെ ജലത്തിനു ഐരാവതമദമലിനതകൊണ്ടു സൌരഭ്യം കല്പിച്ചതു ശ്ലാഘനീയമായിരിക്കുന്നു. വാദ്യഘോഷത്തിനു വേണ്ട ശബ്ദപ്രവൃദ്ധി ശംഖധ്വാനാദിമാർഗ്ഗത്തിനും ഉണ്ടു്. ഈ പ്രതാപഘോഷണത്തിലൊന്നിലും സീതയുടെ മനസ്സു ഇളകുന്നില്ലെന്നു രാവണനു മനസ്സിലാകുന്നതോടുകൂടി അടുത്ത നിമിഷത്തിൽ രാമനെ രാവണൻ ആക്ഷേപിച്ചുതുടങ്ങുന്നു.

അഗ്രേ കള്ളത്തൊഴിലിക്ക ചുമടും കെട്ടിപ്പിരട്ടും പശി.
മുഗ്രാന്താവഴിമേൽവധിച്ചു വിശവാം വൃദ്ധാം കൃശാം താടകാം
ചൊൽക്കൊള്ളും കളിയില്ലതിൽ വില്ലും കെട്ടിത്തിരിമത്തനായും
മുല്ലപ്പൂഴവിളയാടിച്ചു ചിരിപ്പിച്ചാൻ നിനന്നാശിവ്യാകുലം

എന്ന പദ്യത്തിൽ പ്രകാശിപ്പിച്ചിരിക്കുന്ന ആക്ഷേപം ആഴം കൂടിയ ഒന്നാകുന്നു. താടകാവധം ശിവചാപഭഞ്ജനം എന്നിവ ശ്രീരാമന്റെ പ്രതാപത്തെ കുറിക്കുന്ന രണ്ടു സംഭവങ്ങളാണല്ലോ. ഇവ രണ്ടും നിസ്സാരങ്ങളാകുന്നു എന്നാണു രാവണന്റെ പക്ഷം. 'വൃദ്ധാം കൃശാം' എന്ന വിശേഷണങ്ങളെക്കൊ

ന്റെ താടകയെ കൊല്ലുവാൻ ആർക്കും കഴിയുമെന്നു സമർത്ഥിച്ചിരിക്കുന്നു. പഴവില്ലൊടിച്ചതിലും രാമനെ മാനിക്കേണ്ടതായി ഒന്നും ഇല്ല. രാമൻ വളരെ ബലവാനാണെന്നും മറ്റും ഘോഷിക്കുന്നതു നിമിത്തമെന്നു സാരം.

രാമൻ പോൽതാൻ മനുഷ്യപ്പുഴുജനിവരാധീശപൻതാൻ കൊടുംകാ-
ടായാസസ്ഥാനമേൽതാലവനമഴകിയ ലങ്കാപുരിക്കുള്ളതാണോ
സാമാന്യം ഭൂതപൃച്ഛകളുടെപുരവല്ലാതെ നന്നെപ്പൂട്ടപ്പൻ
പാർമേൽ പാരമിത്രമേകം മരവിരിവായിനെ തങ്ങളിൽ കാണ്മതേതും

എന്നു രാവണൻ തനിക്കും രാമനും തമ്മിലുള്ള വ്യത്യാസത്തെ ഘോഷിക്കുന്നതും രസമായിട്ടുണ്ട്. എല്ലാംകൊണ്ടും രാമനു ഒരു യോഗ്യതയുമില്ലെന്നും താൻ വളരെ വിശിഷ്ടനാണെന്നും രാവണൻ സമർത്ഥിക്കുന്നു. ഈ സന്ദർഭത്തിലും കുഞ്ചനെ ഒന്നു സ്മരിക്കേണ്ടതുണ്ട്.

സൈപൽസ്ത്രീവർഗ്ഗങ്ങളെ തവവിളിപണിചെയ്യുന്നതെന്നപ്പുനാൾ...”

* * * *

എന്ന ഭാഗത്തിന്റെ ഒരു സരസവ്യാഖ്യാനമാണ്,

വിളിപണിസകലം ചെയ്യിപ്പാനും
കളിചിരിപൂണ്ടു വിനോദിപ്പാനും
അസുരസുരാപ്സരസ്സാമിനിമാരെ.
ഞാനൊവധിയവർ പിരിയാതെ വസിക്കും.

(ലങ്കാമർദ്ദനം)

എന്ന ഭാഗം. കുഞ്ചൻനമ്പിയാർ ഒരു മിനുക്കുപണി ചെയ്തിട്ടുണ്ടെന്ന വ്യത്യാസമേയുള്ളൂ.

രാമനവൻ ഭൂവനൈകനിതാന്തൻ
മാമുനിമാരുടെ കടിപ്പുകഞ്ഞിതോറും
നാമക്യൂമേനി നടന്നുമിരന്നും
ഭക്ഷിച്ചീടിലയായാൽ മറ്റൊരു കാട്ടിൽ
കഴിച്ചീടിലതെന്നേ മറ്റൊരു കാട്ടിൽ

* * * *

നിത്യം മറ്റൊരു കാട്ടിലുഴിച്ചു
പൊറുതിയില്ലാതൊരു ദേവിയുമില്ല

ഇത്യാദി രാവണൻ രാമനെ ആക്ഷേപിക്കുന്ന ഭാഗത്തിലും കുഞ്ചൻ പുറത്തിറ കടപ്പെട്ടിട്ടുണ്ട്. 'ഭാമയുമൊത്തി നടന്നമിന്നോം' ഇത്യാദി ഭാഗങ്ങളിൽ കുഞ്ചന്റെ മെച്ചം പുറത്തിന കിട്ടിയില്ലെന്ന സമ്മതിക്കണം; എന്നാൽ മേല്ക്കാലപ്പുഴപിള്ളും ടിച്ച'തിലും മറ്റും പുറത്തിന്റെ മെച്ചം തട്ടിയെടുക്കുന്നു. പെട്ടന്നു, രാമനെ ആക്ഷേപിക്കുന്നതുകൊണ്ട ഫലമില്ലെന്ന രാവണൻ മനസ്സിലാക്കുന്നു. പിന്നീട സ്വന്തം ധീരതയെക്കുറിച്ചു വിലപിക്കുകയാണ് ആ വിടപ്രഭു ചെയ്യുന്നത്. ഈ ദീനപാരവശ്യപ്രകടനവും നിഷ്ഫലമായിഭവിക്കുന്നു. രാവണനെക്കൊണ്ടു പരിഹാസരസികനായ കവി സീതയുടെ മുൻപിൽ ഒരു കരണ്ടാട്ടം കളിപ്പിക്കുകയാണ് ഉദ്യാനപ്രവേശംകൊണ്ടു ചെയ്യുന്നത്. ആകപ്പാടെ ഉദ്യാനപ്രവേശം രസമയംതന്നെ. എവിടെ നോക്കിയാലും ഫലിതം; എവിടെ നോക്കിയാലും നൂതനകല്പനകൾ; രാമായണചമ്പുവിലെ ഏററവും ഹൃദയംഗമമായ ഭാഗങ്ങളിൽ ഒന്നാണ ഉദ്യാനപ്രവേശമെന്നേ ചുരുക്കത്തിൽ പറയുവാനുള്ളു.

സുഗ്രീവസഖ്യത്തിൽ ശ്രീരാമന്റേയും അംഗുലീയാങ്കത്തിൽ സീതയുടേയും വിരഹപാരവശ്യത്തെ കവി നല്ല നൈപുണ്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു.

കമലതല്പായ്കയിൽ കാമനേരം
കണ്ണുചൊരാതി നരന്മഷകാഴ്മയെ
മലയസമീരണനേൽക്കുന്നേരം
മരണത്തിന്ന നിലത്തു കിടന്നും
ചെമ്പകമലർകണ്ടുവൃത്തു വീണ്ടും
ശോകംപൂണ്ടുമഹാശുകവിലാമസ

എന്ന ഭാഗം നോക്കുക. എത്ര പറഞ്ഞാലും കൊള്ളാം; അതിലൊക്കെ കവിയുടെ സ്വന്തം ഒരു കല്പന കാണാം. 'കണ്ണുപൊരാതി നടക്കുന്ന'തും 'മരണത്തിന്ന നിലത്തു കിടക്കു'ന്നതും മറ്റും കവിയുടെ ഈ സ്വന്തം കല്പനയാകുന്നു.

ഒരിച്ചാളുംസ് വരതുമ്പിച്ചുപാരതിരിയിൽ
നിശ്വാസപരാഗനിലചൂറു

അശ്രുജലകണാവൃതമാകിയ മുഖകമലമിതിരിയി-
    ച്ചുള്ളതി ചിലതാപാഴ്‌വരമ്മായെന്ന
തരളിതപ്രഭാപരമാകിയം പോയാതനി
    ച്ചപ്പിടം നിറികണ്ണുതള്ളുന്നു
താപശരണമാമരന്റെ പഴവടികൾ പാറുമള-
    വേലിപോലിയിൽ മനമുരുകിടുന്നു
സപദ്ദമായതന്ന നിശ്ശബ്ദം കിടപ്പി
    ദുല്ലിലമന്ന പറയുന്നു
തപ്പുരണങ്ങളിലരാഗിലയ നിശ്ചയമിതൊരു നിനവു
    വിരഹസിന്ധിനവധി മനസ്സു
ഇണപെട്ടരാത്രികളിലിണ വേറിടുന്നൊരുയിർ
    പിരിയുന്ന കോകങ്ങളെന്നതാം
ഇവിനകരനോയരിഭിരുകളിൽ വനജമുദ്ദവ
    മമാനിയിലനസികമുന്നം

എന്നു കവി വർണ്ണിച്ചിരിക്കുന്ന ഭാഗം പ്രേമലിയുമരിയശില പോലും ഏതുവിധം ഉള്ളതാണ്. ഇവിടെ കവിയുടെ സുകുമാരപദഘടനാപാടവത്തെക്കൂടി വായനക്കാർ മനസ്സിലാക്കേണ്ടതാകുന്നു. ലളിതപ്രസാദാദിഗുണങ്ങളും കവിയ്ക്കു് അത്യന്തം വശംവദങ്ങളാണെന്നു് ഈ ഉദ്ധരിച്ച ഭാഗത്തിൽനിന്നു വെളിവാകും. വിരഹിണിയായ സീതയുടെ ചിത്രത്തെ കവി എഴുതിഫലിപ്പിച്ചിരിക്കുന്നതിലും നമ്മുടെ ദൃഷ്ടി പതിയേണ്ടതായിട്ടുണ്ടു്.

കുങ്കിതമാണെന്നപോലെ കലിതമായിൽ നിപതിച്ചപ്പോടിച്ചുമതിൽ വീണി-
ട്ടമരുടിരബാട്ടഴന്നോമനകൾക്കായ വാർകുന്തളികങ്ങളികാം
തിങ്ങിടും കണ്ണുനീരാം നവജലനിപാതയോമ്പിവൃന്ദങ്ങൾ തങ്ങി-
ത്തഴച്ചപ്പുരൾപൂവുപോലെ പകലിരവുകൾ കണ്ണീർമാന്യാലിതാകാം
അശ്രുവാരം കണ്ണുനീർവാർത്തുനാവുപിടിച്ചു കിടക്കൽ വാച്ചലാവും
ഉദ്ഭൂതമാംഗരാഗം പൊലിമയോടു പിരണ്ടോരു വർണ്ണജാലാം
ഉടച്ചു നരാംതഴച്ചുള്ളിരവുപകൽ വിളർത്തിരുകോമൾകപോലം
വച്ചിട്ടം കൾത്തലം മൂടിനചൂളതരംപാസമാവാഗിയുമാം

ഈ ഭാഗം ഒരിക്കൽ വായിക്കുന്ന വായനക്കാരുടെ മനസ്സിൽനിന്നു സീതയുടെ ഈ വിരഹഖിന്നമായ ആകൃതി ഒരിക്കലും മറഞ്ഞുപോകുന്നതല്ല. പൊടി പിരണ്ട കേശം കണ്ണുനീർ വീ

ന്ന മുഖം വിളർത്ത കപോലം മുതലായവയുടെ ചിത്രം വരയ്ക്കുന്നതിൽ കവിയുടെ സങ്കല്പതൂലിക നല്ല വൈഭവം പ്രകടിപ്പിച്ചിരിക്കുന്നു.

മുല്ലനീലകാല്പവാസനോരുകളയസി ദശഗ്രീവമംഘ്ര്യാഗ്രഹീതം
ഉള്ളം പൂമൊട്ടുകണ്ടെൻ മനമതി ഭയപ്പെട്ടതിന്നാരമുണ്ടോ
അല്ലേ! തിങ്ങിട്ടിരുന്നു ചെവിയിൽ നിശിചരരമണീഘോരാട്ടഹാസാൻ
വെല്ലുന്നാരെന്തുപമീടേടിന മധുരമഞ്ജുസ്വരം ശ്രീനിനാദം

ഇത്യാദി സീതാവിലാപഭാഗവും വായനക്കാരെ രസിപ്പിച്ചു കൊണ്ടു കരയിപ്പിക്കുന്ന ഒന്നാകുന്നു. ഈ പദ്യത്തിന്റെ പൂർവ്വാർദ്ധത്തിൽ 'ദശഗ്രീവമംഘ്ര്യാഗ്രഹീതം' എന്നും ഉത്തരാർദ്ധത്തിൽ 'നിശിചരരമണീഘോരാട്ടഹാസാൻ' എന്നും പ്രയോഗിച്ച കവിയുടെ ഔചിത്യധർമ്മവിലാസത്തിന് അനുമം നമസ്കരിക്കണം. രാവണന്റെ ഭത്സനയേയും രാക്ഷസികളുടെ അട്ടഹാസത്തേയുംകാൾ ഭയത്തെ ജനിപ്പിക്കുന്നതായി ലങ്കയിലിരിക്കുന്ന സീതയ്ക്കു ലോകത്തിൽ ഒന്നും ഇല്ല. അതുകൊണ്ടു മുല്ലപ്പൂവിനേയും ഭൃംഗശബ്ദത്തേയും തത്സദൃശമായി കല്പിച്ചതു സന്ദർഭത്തിന് അത്യന്തം അനുകൂലവും രസപോഷജനകവും ആയിട്ടു ഭവിച്ചിരിക്കുന്നു.

'സീതാപരിത്യാഗം' മുഴുവൻ കരുണാത്മകമാകുന്നു. ഒരിടത്തു രാമന്റെ വിലാപം; മറ്റൊരിടത്തു ലക്ഷ്മണന്റെ വിഷാദം; വേറൊരിടത്തു സീതയുടെ സങ്കടം; എന്നുവേണ്ട 'സീതാപരിത്യാഗം' എന്ന ഭാഗത്തിലേക്കു പ്രവേശിക്കുന്ന വായനക്കാരുടെ കണ്ണുനീർ തോരുന്നതിന് അവസരം ലഭിക്കുന്നില്ല. നിരപരാധിനിയും പ്രേമസർവ്വസ്വവും വിശേഷിച്ചു ഗർഭിണിയും ആയ സീതയെ ഭയങ്കരമായ കാട്ടിൽ കൊണ്ടെത്തള്ളുക എന്ന സംഗതി ധർമ്മജ്ഞനായ രാമചന്ദ്രനു വിചാരിക്കാവുന്ന ഒന്നല്ല. എന്നാൽ എന്തു ചെയ്യും? 'ലോകാപവാദാൽ ഭയം' എന്ന വാക്യത്തിന്റെ സാരം ആർ നിഷേധിക്കുവാൻ ശക്തനാകുന്നു? ഒടുവിൽ സീതയെ പരിത്യജിക്കുന്നതിനുതന്നെ നിശ്ചയിച്ചു രാമചന്ദ്രൻ ലക്ഷ്മണനെ വിളിച്ച് അതിന് ഏർപ്പാ

ടു ചെയ്യുന്നു. ശ്രീരാമഭഗവാനു സീതയിൽ ഉള്ള പ്രണയം എത്രമാത്രം അഗാധവും വിശുദ്ധവും ആണെന്നു കവി ഈ സന്ദർഭത്തിൽ കാണിച്ചിട്ടുണ്ട്. ലക്ഷ്മണനു രാമാജ്ഞ കേൾക്കുന്നതിനു ഹിതമില്ല. എന്നാൽ ജ്യേഷ്ഠന്റെ കല്പനയാകകൊണ്ട് അതിനെ കേൾക്കാതെ എന്തു ചെയ്യും? ഭർത്താവു വഞ്ചിക്കുമെന്നു സ്വപ്നത്തിലും വിചാരമില്ലാത്ത സീത ഉത്സാഹത്തോടുകൂടി വനത്തിലേക്കു യാത്രയാകുന്നു.

ഖേദിച്ചിരിക്കരുതാരും വെറുതെ നാലുദിനത്തിനകത്തു വരുമെന്നങ്ങനെ നിനച്ചു
വരുന്നോ ദുഃഖപോതത്തിനു ചാലും ചഴവും കൊടുത്തിടായ്‌വിൻ!

എന്നു തന്റെ യാത്ര അവസാനത്തേതാണെന്ന് അറിയാതെ പാവപ്പെട്ട സീത സഖികൾക്കു ഓരോ നിയോഗങ്ങൾ കൊടുക്കുന്നു. 'നാലുദിനത്തിനകത്തു വരും' എന്നു സീത വിചാരിക്കുന്നു. എന്നാൽ ഈശ്വരമതമോ? എത്രയോ ദൂരെ സീതയെ എന്നന്നേക്കും അകറ്റുന്നതായിരിക്കുന്നു! സീതയ്ക്കു പുത്രിയെപ്പോലെ വളർത്തിയിട്ടുള്ള ലതകളേയും മറ്റും വിട്ടുപോകുവാൻ വളരെ സങ്കടമുണ്ട്.

ഓമനയ്ക്കായ് കാത്തുകിടന്നാകം കരുകപിച്ചുകവള്ളി ചെറുകഴേ
ഞാനൊന്നൊാട്ടു വനസന്നിധിയിൽ ചാരം നിൻപൂച്ചൂടുമതിനെന്നിനും തൈകളേ
കളഞ്ഞു ഞാൻ ഒരുകയുമല്ല പോരുന്നിടുന്നു

ഇത്യാദിഭാഗങ്ങളിൽ നിന്നു സീതയ്ക്കു അവയോടുള്ള വാത്സല്യാധിക്യം മനസ്സിലാകാം. ഈ ഭാഗം ആരുടെ ഹൃദയത്തേയും ദ്രവിപ്പിക്കുന്നതാകുന്നു. ലക്ഷ്മണൻ തയ്യാറാക്കിയ തേരിൽ കയറി സീത കാട്ടിലേക്കു തിരിക്കുന്നു. 'ബാലശൈവലവനങ്ങളിടിനനവമലരിൻ ചാർത്തുകൊണ്ടനന്ദിതശോഭങ്ങളായ' പോയ്പങ്ങളേയും 'ലീലാലോല'രായ മൃഗകുലത്തേയും കണ്ടുകണ്ട് ഉത്സാഹത്തോടുകൂടി സീത പോകുന്നു. ക്രമേണ ഭാരാ ദുർല്ലക്ഷണങ്ങൾ കാണുകയും സീതയുടേയും ലക്ഷ്മണന്റെയും മനഃസ്ഥിതി മാറുകയും ചെയ്യുന്നു. രാമാജ്ഞയെ സീതയോടു പറയണം; ദേവിയെ അനാഥയായി കാട്ടിൽ തള്ളിവിട്ടു പോകണം; ഇക്കാര്യങ്ങൾ എങ്ങിനെ ചെയ്യും? ചെയ്യാതിരിക്കും? ഇ

താനെ ലക്ഷ്മണന്റെ സങ്കടത്തിനു ഹേതു. ഒരു ഭാഗത്തു ഉൾക്കടമായി അടിച്ചു മുൻപോട്ടു കയറുന്ന ജ്യേഷ്ഠഭക്തി; മറുഭാഗത്തോ? ഭയങ്കരമായ അധൎമ്മം ചെയ്യുന്നതിനുള്ള മടി; ഇവയുടെ നടുവിൽ അകപ്പെട്ടു ലക്ഷ്മണൻ വല്ലാതെ കുഴങ്ങുന്നു. ജ്യേഷ്ഠഭക്തിക്കു ജയം കിട്ടാതെ നിവൃത്തിയില്ലല്ലോ. ഒടുവിൽ ലക്ഷ്മണൻ

“പോരാതെ മൈഥിലീകളഞ്ഞു വരുവാനെന്നോടു ചൊല്ലീടിനാൻ”

എന്നു രാമാജ്ഞയെ സീതയോടു പറയുന്നു. അനന്തരം ഉന്മാദിനിയായ സീതയുടെ സ്ഥിതിയെ കവിവാക്കിൽ തന്നെ പറയുന്നതു നന്നായിരിക്കും.

എന്നിവണ്ണം ഗിരം കേട്ടു വിദേഹനിസമ്പാതശങ്കാമകാരണം
ഖിന്നാമോഹിച്ചുവീണാളുഗതി യെന്നിലത്താതുരാകാതരാക്ഷി

ഈ മൌസ്ഥ്യമാണു കറെ നേരത്തേക്കു സീതയെ വശപ്പെടുത്തിയതു്. ലക്ഷ്മണന്റെ ദീൎഘമായ പരിചരണംകൊണ്ടു സീത ക്രമേണ മോഹസ്ഥിതിയിൽനിന്നു വേറുപെട്ടു എന്നുതന്നെ പറയാം. അനന്തരം സീത ലക്ഷ്മണന്റെ അടുക്കൽ ശ്രീരാമനോടു പറയുന്നതിന് ഒരു സന്ദേശം പറഞ്ഞയക്കുന്നു. ഈ സന്ദേശം പ്രൌഢവും ഗംഭീരവും ആയ ഒന്നാണ്. ശ്രീരാമന്റെ വിനാശാഗ്നിക്കു സീതയുടെ വാക്കുകൾ ഒരു ഘൃതധാരയായിരുന്നെന്നുകൂടി പറയാം.

ഈ സന്ദൎഭത്തിലൊക്കെ കവി കാളിദാസനെ നല്ലപോലെ അനുകരിച്ചിരിക്കുന്നു. സന്ദേശഭാഗത്തിൽ അധികവും കാളിദാസപദ്യങ്ങളെ ഭാഷപ്പെടുത്തി ചേൎത്തിരിക്കുന്നു.

ലക്ഷ്മണൻ സീതയെ വിട്ടുപിരിഞ്ഞുപോകുന്ന ഭാഗം അത്യന്തം സങ്കടകരമായ ഒന്നാകുന്നു.

എന്തിപ്പോൾ കരുതേണ്ടതും മുനിവരൻ വാല്മീകിയുണ്ടാ തപം
ചെയ്യുന്ന തപോവനം വഴിയിതല്ലൊ ചെന്നീടുവാൻ
നാഥേ! കേവലമാജ്ഞശാസനമിദം കേൾക്കുന്നിതേ ഭാവ ഖേ...
ഭാഗ്യം നിന്നപകാരമൊന്നുമിതുനാം ചെയ്തീലനിന്ദ്യയാം

എന്നു ലക്ഷ്മണൻ സീതയോടു പ്രാൎത്ഥിക്കുന്നതും,

[illegible]
[illegible]

എന്ന സീത ലക്ഷ്മണനെ സമാശ്വസിപ്പിക്കയാണ്ടും. ആയ ഭാഗങ്ങളും അത്ര കരയാതെ വായിക്കാവുന്നതല്ല. വനത്തിലുള്ള നദീവൃക്ഷലതാദികളോടും മുനികളോടും ദേവതകളോടും ദേവിയെ രക്ഷിക്കുന്നതിന്ന പ്രത്യേകം പ്രത്യേകം ലക്ഷ്മണൻ പ്രാർത്ഥിക്കുന്നു. ലക്ഷ്മണന്റെ സീതയിൽ ഉള്ള നിസ്തുലമായ ഭക്തിസ്നേഹബഹുമാനങ്ങളും എത്രമാത്രം വിപുലങ്ങളാണെന്ന കവി ഇവിടെ സ്പഷ്ടമാക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

ഇതാണ ലക്ഷ്മണന്റെ ഗംഗാദേവിയോടുള്ള പ്രാർത്ഥന. സീതയ്ക്ക് ശരീരപുഷ്ടിയുണ്ടായാൽ സന്തതിക്കുള്ള അനുഗ്രഹങ്ങളെക്കൊണ്ടു അതിനെ തീർക്കണം. ദേവി സ്നാനത്തിനായി വരുമ്പോഴും ഒഴുക്കിന്റെ ശക്തിയും കുറയ്ക്കണം; ഇത്രയുമാണ ഗംഗ സീതയ്ക്കുവേണ്ടി അനുഗ്രഹം ചെയ്യേണ്ടത്. ഈ പ്രാർത്ഥന അധികം സന്ദർഭോചിതമായിരിക്കുന്നു എന്ന പറയേണ്ടതില്ലല്ലോ.

[illegible]
[illegible]
[illegible]
[illegible]

എന്ന ലക്ഷ്മണൻ വനവാസികളായ മുനികളോട പ്രാർത്ഥിക്കുന്നു. സ്ത്രീ പരിത്യക്ത അനാഥ ഉൽകൃഷ്ടകുലജാത എന്നിവയെന്നെല്ലാംകൊണ്ടും രക്ഷണീയയാണ സീതയെന്ന സാരം. അനാഥസംരക്ഷണം മഹത്തുക്കളുടെ ധർമ്മമാണല്ലോ.

ഇപ്രകാരം സീതയെ രക്ഷിക്കുന്നതിന് ഇങ്ങനെയൊക്കെ വേണ്ട പ്രാർത്ഥനകൾ ചെയ്തു ലക്ഷ്മണൻ പിരിയുന്നു.

ജ്യേഷ്ഠാജ്ഞയാധീനസ്യ മന്ദഭാഗ്യസ്യ സർവ്വഥാ
ലക്ഷ്മണസ്യ പ്രണാമസ്യ പ്രതിഗ്രാഹ്യം പതിവ്രതേ:

എന്ന മട്ടിൽ സീതയെ പ്രണമിച്ചു ലക്ഷ്മണൻ പോകുന്നു. ഈ ശ്ലോകം ചെറിയതാണെങ്കിലും അർത്ഥംകൊണ്ടു വളരെ വിസ്തൃതത്തെ വഹിക്കുന്നുണ്ട്. ഒന്നാംപാദംകൊണ്ടു ലക്ഷ്മണൻ തന്റെ പാരതന്ത്ര്യത്തെ കാണിച്ചു തനിക്കു മനസ്സില്ലാതെ ജ്യേഷ്ഠന്റെ വേണ്ടിയാണ് ഈ അധർമ്മം പ്രവർത്തിച്ചതെന്നു അർത്ഥം. ശ്രീരാമന്റെ വേറെയും സോദരന്മാരുള്ള സ്ഥിതിക്ക് അവരോട് ആരോടും പറയാതെ തന്നോടുമാത്രം ഈ കാര്യം പറയുന്നതിന് എന്താണു കാരണം എന്ന ചോദ്യത്തിനു 'മന്ദഭാഗ്യസ്യ' എന്നതന്നെ സമാധാനം. ഭാഗ്യഹീനതകൊണ്ടാണു തനിക്ക് ഈ കർമ്മം ചെയ്യേണ്ടിവന്നതെന്നു സാരം. ദേവി! അപരാധനായി ഞാൻ ഇതാ നമസ്കരിക്കുന്നു. നീ നിന്റെ വത്സലനായ ലക്ഷ്മണനെ അനുഗ്രഹിക്കണമേ' എന്നാണു ലക്ഷ്മണന്റെ ആശയം.

ഇവ്വിധം പ്രാർത്ഥനയും മറ്റും ചെയ്തു വിഷാദത്തോടുകൂടി ലക്ഷ്മണൻ സീതയെ വിട്ടുപോകുന്നു. അനന്തരം

“ഉഴറിപ്പോന്ന സീതയെ കണ്ടും
ഭയമാർന്ന [illegible] കേട്ടും
[illegible]”

അനാഥയായിത്തീർന്നു ഭവിച്ച സീതയുടെ വൈവശ്യത്തെ വർണ്ണിക്കുന്ന കവി, വാസ്തവത്തിൽ ഇതുവരെ പണിതുവെച്ച കരുണാഹർമ്മ്യത്തിനു ഒരു മകുടം ചാർത്തുകയാണു ചെയ്യുന്നതു.

കല്യാണാകര [illegible] കൃപയുമാർന്നു മാതേനാ
[illegible] ലക്ഷ്മികളെ [illegible] മാതേനാ
[illegible] മാതേനാ
[illegible] മാതേനാ
[illegible] മാതേനാ
[illegible] വീണതുമാർന്നുമാതേനാ
[illegible] മാതേനാ

ഇത്യാദി പൂർവ്വസംഭവങ്ങളെ സ്മരിച്ചുകൊണ്ടുള്ള സീതയുടെ വി

ലാപം തള്ളിത്തിങ്ങിക്കലങ്ങിപ്പതക്കുമഴലിന്റെ ഒരു കലുഷമായ പ്രവാഹമാകുന്നു. ഒരിക്കലും കരകയറുവാൻ പാടില്ലാത്ത ഒരു അഗാധമായ ശോകാവേഗത്തിൽ കവി വായനക്കാരെയും സീതയെയും പിടിച്ചു് ആഴ്ത്തുന്നു. സീതയുടെ ഈ ദുഃഖം ആ വനത്തിന്റെ സ്ഥിതിയെത്തന്നെ മാററിമറിച്ചിരിക്കുന്നു.

വനലക്ഷ്മിക്കും ഖേദം തിങ്ങി
നദികളിൽ വെള്ളം ഝടിതി കലങ്ങി
ദിനകരനപ്പോൾ ജലധിയിൽ മുങ്ങി
മയൂരനൃത്തമുടനേ മങ്ങി
ഹരിണികൾ മുറവിളി ഝടിതി തുടങ്ങി
പക്ഷികൾനാദം കരുണം പൊങ്ങി

സീതയുടെ ദുഃഖം വനത്തിലുള്ള സകല ചരാചരങ്ങളേയും ഒന്നുപോലെ അസ്വസ്ഥങ്ങളാക്കി എന്നു ഈ ഭാഗത്തിൽനിന്നു കാണാം.

നൃത്യം മയൂരാഃ കുസുമാനി വൃക്ഷാഃ
ദർഭാനുപാത്താൻ വിജഹുർഹരിണ്യഃ
തസ്യാഃ പ്രപന്നേ സമദുഃഖഭാവം
അത്യന്തമാസീദ്രുദിതം വനേപി

എന്നു കാളിദാസർ ഈ സന്ദർഭത്തെ വർണ്ണിച്ചിരിക്കുന്നതു് ഇവിടെ സ്മരിക്കേണ്ടതാകുന്നു. വനത്തിൽ ഒരു ജീവിപോലും സീതയുടെ ദുഃഖത്തിൽ പങ്കുകൊള്ളാതെയില്ല. അചിരേണ വാല്മീകിയുടെ ആശ്രമത്തിൽ ചെന്നുചേരുന്നതോടുകൂടി സീതയുടേയും വായനക്കാരുടേയും അശ്രുപതനത്തിന് അല്പം ഒരു വിശ്രമം ലഭിക്കുന്നു.

വചനീയവചോവിഷാഗ്നിദഗ്ദ്ധേ
ശ്രവസി ത്വദ്ഗിരമേന നിർവൃതേ തേ
രഘുവീരമുഖാനവേക്ഷണാദ്യ
നയനേ ശോകജലതുഷാരലോകാൽ

എന്നു പുത്രലാഭത്താൽ ഉള്ള സീതയുടെ സന്തോഷത്തെ കവി വർണ്ണിക്കുന്നു. അപവാദശ്രവണജ്വാലാജാലംകൊണ്ടു മഹി

ച്ച സീതയുടെ ചെവികൾക്കു കുട്ടികളുടെ മധുരം നിർവൃതിയെ കൊടുത്തു. അതുപോലെ ഭർത്തൃമുഖാവലോകനം ഇല്ലാതിരിക്കുന്ന നേത്രങ്ങൾക്കു തദ്രൂപങ്ങളായ പുത്രമുഖങ്ങൾ ആനന്ദകങ്ങളായിഭവിച്ചു. വിരഹിണികളായ സ്ത്രീകൾക്കു സർവ്വപ്രകാരേണയും പുത്രദർശനം സന്തോഷകരമാകുന്നു. ഈ സ്ഥിതി സീതയ്ക്കു് ആശ്രമത്തിൽ ആശ്വാസത്തെ പ്രദാനംചെയ്തു.

കരുണാകല്ലോലിതമായ അഗ്നിപ്രവേശം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരു ഭാഗമാകുന്നു. ശ്രീരാമന്റെ വിലാപം സീതയുടെ കഷ്ടത മുതലായവയുടെ ഒരു ശരിയായ ചിത്രം ഇവിടെയും കവി നല്ല മനോധർമ്മത്തോടുകൂടി വരച്ചിരുന്നു്. സീത അഗ്നിപ്രവേശം ചെയ്യുന്നതിനു ശ്രീരാമൻ കല്പിക്കുന്നു. തീയൂതിക്കത്തിച്ചു. അതുകൾ പൂട്ടികഴിഞ്ഞു. തീ ജ്വലിക്കുന്നു. സീത ഉടൻ തീയിൽ ചാടിചാടിയില്ലെന്നു [illegible]. [illegible] രാമന്റെ രോദനം [illegible] നോക്കുക.

[illegible]
പ്രവേശനായി [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ഇതാണു ഈ സന്ദർഭത്തിൽ രാഘവന്റെ സ്ഥിതി. ഗാംഭീര്യവും ധൈര്യവും വീര്യവും ഒക്കെ എവിടെയോ പോയി. കേവലം ചപലനെപ്പോലെ ശ്രീരാമൻ വിലപിക്കുന്നു. പരിശുദ്ധമായ പ്രേമത്തിന്റെ കരകവിച്ചിൽ നോക്കുക.

ശോകത്തോടരികാതി പോയല്ലോ ...
വെറുതേ [illegible] കഴിയുമിതല്ലോ
വന്നവിരിവിനാൽ [illegible]കൊണ്ടോ.
[illegible] വെന്നു വിടപംതന്നെ
പവനതനൂജപരാക്രമ[illegible]
പഴുതേ പോയില്ലേ പലവകപാർത്താൽ
വന്നുള്ള [illegible] വയ്യെന്നു.
[illegible] വിനയംതന്നെ.

ഇപ്രകാരം മുൻപു ചെയ്തിട്ടുള്ള വ്യാപാരങ്ങളുടെ വൈഫല്യത്തെക്കുറിച്ചു ശ്രീരാമൻ അനുതപിക്കുന്നു. ഇവിടെയെല്ലാം കരുണംതന്നെ നിർഗ്ഗളമായി ഒഴുകുന്നു.

[illegible]
[illegible]
[illegible]
[illegible]

എന്നു അഗ്നിഭഗവാനോടു പ്രാർത്ഥിച്ചുകൊണ്ടു സീത തീയിൽ ചാടുന്ന ഭാഗം ശോകജനകമാകുന്നു.

ഹനൂമാൻ മുൻപു സീതയെ കണ്ടപ്പോഴും ദേവിയുടെ സ്ഥിതി വളരെ കഷ്ടതയിലായിരുന്നു. ഇപ്പോഴും ശ്രീരാമസമീപത്തുവെച്ചു കാണുന്ന സീതയുടെ സ്ഥിതി അങ്ങിനെയല്ല. ഇപ്പോഴത്തെ സീതയിൽ മുൻപറഞ്ഞ കഷ്ടതയുടെ സ്പർശം അല്പവും ഇല്ല. ഭർത്തൃയുക്തയായ ഒരു സ്ത്രീയുടെ സകല സൌഭാഗ്യങ്ങളും രാമസമീപസ്ഥയായ സീതയിൽ കാണുന്നു. ഈ സംഗതി ഹനൂമാനേയും ശങ്കാകുലിതനാക്കി. ഹനൂമാന്റെ വാക്കിൽ ഈ സംഗതി വ്യക്തമാകുന്നു.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

കസ്തൂരീമയചിത്രകാങ്കിതമിയം മുന്നേവളല്ലന്നമേ.
സന്താപേനവിളർത്തുളിതം ചുരതിപാതങ്ങളാലസലർനിന്നാ
ലവനിയും മലർബാണവില്ലിനുപമാനം തന്നതല്ലേ ലതാ
മലന്താർബാണമസൂയയാലിവമീം മെല്ലന്നചില്ലീപരി
സ്പന്ദനംനിന്നു വിപ്രകാശിതമിയം മുന്നേവളല്ലന്നമേ.
ദുഃഖം കൊണ്ടു കരഞ്ഞുതിവകലുഷം ബാഷ്പാംബുവാമെത്തിയ
ത്തുകൺകൂട്ടമതീയമെത്രയനിയം പാരിച്ചകാണ്മംവിധം
ചൊൽക്കൊള്ളും നവവിഭ്രമങ്ങൾ കരിഞ്ഞതസ്യാക്ഷിയുഷിതം
മല്ലൺകണ്ണ്മതുവാണിനിർല്ലയമിയം മുന്നേവളല്ലന്നമേ.

എന്നു ഹനുമാൻ സീതയുടെ രണ്ടു സ്വഭാവങ്ങളേയും വർണ്ണിക്കുന്നു. ഇപ്രകാരം സംഭവിച്ച സ്ഥിതിഭേദത്തിനു കാരണം സീത പറയാൻ തുടങ്ങുമ്പോൾതന്നെ തടയുന്നു. ഇക്കൂട്ടരുടെ സീതയുടെ സ്ഥിതി വളരെ കഷ്ടതയിലാകുന്നു. ഈ ഭാഗത്തിലൊക്കെയും കവി ഉൽകൃഷ്ടമായ മനോധർമ്മവൈഭവത്തെ പ്രകാശിപ്പിച്ചിട്ടുണ്ടെന്നു സഹൃദയന്മാർക്ക് ബോദ്ധ്യപ്പെടുന്നതാണ്. ഇക്കൂട്ടരുടെ അഗ്നിപ്രവേശവും ശോകമയം എന്നുതന്നെ പറയണം.

സപത്നീരോഷണവും കരുണരസകലുഷിതമായ ഒരു ഭാഗമാകുന്നു. ശ്രീരാമൻ ഹനുമൽവിഭീഷണാദികളെ ചേർപ്പിടിയുന്ന ഭാഗം ആരുടെ മനസ്സിനേയും അലിയിപ്പിക്കാതിരിക്കയില്ല.

കരുണത്തിൽ കാളിദാസന്റേയും ഭവഭൂതിയുടേയും നിലയല്ല പുനത്തിനുള്ളത്. കാളിദാസന്റെ വായനക്കാർ ശോകാവേഗത്തോടുകൂടി കണ്ണിൽനിന്നു പരിമിതങ്ങളായ ഏതാനും ബാഷ്പകണങ്ങളെ മോചിക്കുന്ന സന്ദർഭത്തിൽ ഭവഭൂതിയുടെ വായനക്കാർ ധാരധാരയായി തടവു കൂടാതെ അശ്രു വർഷിക്കുന്നു. എന്നാൽ അപാരമായ ശോകസമുദ്രത്തിന്റെ തള്ളിത്തള്ളി പൊങ്ങിവരുന്ന തരംഗമാലയിൽ മുങ്ങി അനങ്ങാതായിത്തീരുകയാണ് ഈ സന്ദർഭത്തിൽ പുനത്തിന്റെ വായനക്കാർ ചെയ്യുന്നത്. സീതയ്ക്കും രാമനും (സീതാപരിത്യാഗം, അഗ്നിപ്രവേശം) ശോകാശ്രുവ്യാമോഹാദികളെക്കൊണ്ടു

ഇങ്ങിനെതന്നെ ഒരു ലോകം സൃഷ്ടിച്ച കവി, വായനക്കാരെയും അവർ അറിയാതെ അപ്രകാരമുള്ള ഒരു ലോകത്തിലേക്കു കൊണ്ടുപോകുന്നു. ഇതാണു പൂനം ചെയ്യുന്നതു്. മഹത്തായ കല്പനാശക്തിയുള്ള ഒരു മഹാകവിയാണു പൂനം എന്നു ഈ സംഗതി തെളിയിക്കുന്നു.

രസലോകത്തിന്റെ ഏതംശത്തിലും പൂനത്തിന്റെ ആധിപത്യത്തിനു ഒരു കുറവുമില്ല. സന്ദർഭത്തിന് അനുകൂലമായി വായനക്കാരുടെ ചിത്തവൃത്തിയെ അനുനയിക്കുന്നതിനു പൂനത്തിന് ഒരു ക്ലേശവുമില്ല. കാവ്യകലയുടേയും ലോകവ്യവഹാരത്തിന്റേയും മർമ്മങ്ങളെ നല്ലതുപോലെ ഗ്രഹിച്ചു ഔചിത്യബോധത്തോടും മനോധർമ്മത്തോടുംകൂടി പ്രയോഗിക്കുവാൻ കഴിയുന്നവർ മാത്രമേ രസത്തിന്റെ കാര്യത്തിൽ വിജയം ലഭിക്കുകയുള്ളു. ഈ വിജയശ്രീയാൽ പൂനം സ്വയംവൃതനാകുന്നു. വായനക്കാരുടെ മനോവൃത്തിയെ എങ്ങിനെ ഇളക്കിവിടുവാനും പൂനത്തിനു കഴിയും. താൻ വിചാരിക്കുന്നതുപോലെ വായനക്കാരെ ചിരിപ്പിക്കുവാനും കരയിപ്പിക്കുവാനും വിസ്മയിപ്പിക്കുവാനും ഭയപ്പെടുത്തുവാനും പൂനത്തിനു ഒരു ക്ലേശവുമില്ല. ഏതെങ്കിലും ഒരു രസത്തിന്റെ കാര്യത്തിൽ പ്രത്യേകം മെച്ചം കൈക്കലാക്കിയിരിക്കുന്ന മഹാകവികൾ പലരും ഉണ്ടു്. എന്നാൽ ഇതരരസങ്ങളുടെ കാര്യത്തിൽ അവരുടെ നില അത്രയും ഉയർന്നതല്ല. ശൃംഗാരത്തിൽ അതിചതുരനായ കാളിദാസർ, വീരരൌദ്രങ്ങളെ സംബന്ധിച്ചു ആ മേന്മയില്ലെന്നു പണ്ഡിതന്മാർ പറയുന്നതു നിരർത്ഥമല്ല. വീരത്തിൽ അതിവീരനായ മുരാരിയെ ശൃംഗാരം തൊട്ടു തെറിപ്പിച്ചിട്ടുണ്ടോ എന്നു ശ്രുതകർന്നാടി ഉപയോഗിച്ചതെന്നു നോക്കണം. വീരരൌദ്രങ്ങളുടെ കാര്യത്തിൽ ക്ഷേമേന്ദ്രനു ക്ഷേമം കാണുന്നില്ല. എഴുത്തച്ഛൻ ചിരിക്കുകയും കുഞ്ചൻനമ്പിയാർ കരയുകയും ചെയ്യുന്ന സന്ദർഭങ്ങൾ എത്രയോ ദുർല്ലഭങ്ങൾ. ഇതാണു പല മഹാകവികളുടേയും സ്ഥിതി. ഇതിൽ ആരെയും കുറ്റപ്പെടു

ഉളവാറില്ല. ഇങ്ങിനെ വരുന്നതു സാധാരണമാണ്. ഈവ കുറവു തട്ടാത്ത ഒരു മഹാകവിയാണ് പൂനം. ഏതു രസവും പൂനത്തെ താനിയെ ഭജിക്കുന്നു. പൂനത്തിന്റെ കൃതിയിൽ ഹൃദയത്തെ പതിപ്പിക്കുന്നവർ വൈരസ്യമെന്ന്യേ ലളിതമായ ആനന്ദത്തിന് അതിഥികളായി ഭവിക്കുന്നു.

നഗരം അൎണ്ണവം ശൈലം വനം ആശ്രമം നായാട്ടു രാജ്യഭരണം കുമാരോദയം വിവാഹം യോഗം യുദ്ധം സൂൎയ്യചന്ദ്രോദയാസ്തമയങ്ങൾ ഋതു ഉദ്യാനം കേളി മുതലായി, ഒരു മഹാകാവ്യത്തിൽ, ഏതിനെക്കുറിച്ചെല്ലാം വൎണ്ണിച്ചിരിക്കണമെന്ന് ആചാൎയ്യന്മാർ വിധിച്ചിട്ടുണ്ടോ അവയുടെ എല്ലാം വൎണ്ണനം രാമായണപ്രബന്ധത്തിൽ അടങ്ങിയിരിക്കുന്നു. പേരിനുമാത്രം എങ്ങിനെയെങ്കിലും കൂട്ടിച്ചേൎത്തു വൎണ്ണിക്കയെന്ന് ഒഴിമാറിക്കുന്നതു പൂനത്തിനു പതിവല്ല. വൎണ്ണനത്തെ സംബന്ധിച്ചിടത്തോളം ശ്രീഹൎഷമാഘമങ്ഖകബാണാദികളാണു പൂനത്തിന്റെ ഗുരുക്കന്മാർ. മറ്റു കവികൾക്ക് ഒരു വഴിയും കൊടുക്കാത്തവയാണ് പൂനത്തിന്റെ വൎണ്ണനകൾ. ‘ബാണോച്ഛിഷ്ടം’ എന്നു സംസ്കൃതപണ്ഡിതന്മാർ പറയാറുണ്ട്. അതുപോലെ ‘പൂനോച്ഛിഷ്ടം’ എന്നും പറയാവുന്നതാണെന്നു തോന്നുന്നു. പൂനത്തിന്റെ വൎണ്ണനകൾ അത്രമാത്രം സൎവ്വങ്കഷങ്ങളാകുന്നു. വൎണ്ണ്യവസ്തുവിന്റെ ഏതു ചെറിയ അംശത്തിലും പൂനത്തിന്റെ ദൃഷ്ടി പതിയും. പൂനത്തിന്റെ വാഗ്വിലാസസ്സാമൎത്ഥ്യത്താൽ, എത്രമാത്രം വൈരൂപ്യത്തോടുകൂടിയ വസ്തുവും ഏറെവും ഹൃദയംഗമമാകുന്നു. കണ്ടാലതിവികൃതിയായ ശൂൎപ്പണഖയെ അതിമോഹിനിയായി വൎണ്ണിക്കുന്ന ഭാഗംതന്നെ ഈ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യം വെളിവാക്കുന്നതാണ്. വൎണ്ണനങ്ങൾ അധികവും ഗദ്യങ്ങളെക്കൊണ്ടു നിൎവ്വഹിക്കുന്നു. പദ്യങ്ങളിൽ ഉള്ളതിൽ കൂടുതൽ വൎണ്ണനാടോപം ഗദ്യങ്ങളിൽ കാണുവാൻ കഴിയുന്നു.

കവിയുടെ വൎണ്ണനപാടവം അതിപ്രകടമായി കാണു

ന്ന ഒരു ഭാഗമാകുന്നു ലങ്കാപുരീദഹനം. ഒരിക്കൽ വായിച്ചാൽ പിന്നെ ഈ ഭാഗം ആരും മറന്നുപോകുമെന്നു തോന്നുന്നില്ല. അത്രയ്ക്കു കവിയുടെ ചാതുൎയ്യം കരകവിഞ്ഞൊഴുകുന്ന ഒന്നാണ് ഈ വൎണ്ണനം. ഒരു വലിയ നഗരത്തിനു തീ പിടിച്ചാൽ അവിടെ ഉണ്ടാകുന്ന 'ബഹള'ങ്ങൾ വാസ്തവത്തിൽ ഊഹഗോചരങ്ങൾകൂടിയല്ല. ഇപ്രകാരം ദുരവസ്ഥയോടുകൂടിയ ലങ്കയുടെ ഒരു രൂപം കവി എങ്ങിനെ നമ്മെ കാണിക്കുന്നു എന്നു നോക്കുക.

ഒരിടത്തു,

ഗൃഹങ്ങളിലോടിയൊളിച്ചുവിരണ്ടീ—
ട്ടങ്ങേറ്റം വ്യാകുലമാനസരാം സ്ത്രീകളു-
മിളകിടുന്നല്ലോ.

മറ്റൊരിടത്തു,

ജാനകിയെപ്പാപിയിഹ വന്നതുകൊണ്ടേ
ഹാനികലന്നിതു മെത്തും നാമം
മെല്ലപ്പാപിനിതന്നുടെയോ-
ളില്ലാത കില്ലുകളെന്നു തരിവും

ഇത്യാദി ജനങ്ങളുടെ വിലാപം.

വന്നുപിടിക്കും വഹ്നിഭയാലിപ്പോൾ
മണിമേടകളിലോടിച്ചാടിയു-
മണിമതിൽമേൽ നിരന്നു നരന്മാ
രുകൊമ്പുവഴിയുള്ളവർ വാൾകഴിച്ചും
കരതിയന്നിളു കരയിക്കരിച്ചും
നിയം കരവുമെടുത്തു നടന്നും
തിക്കിയിൽ പുരക്കൂട്ടകൾ കൂടിനം

ഇതാണു വേറെയൊരിടത്തെ സ്ഥിതി. എന്തു ചെയ്താൽ തീയിന്റെ വായിൽനിന്നു രക്ഷ പ്രാപിക്കാമെന്നു വിചാരിച്ചു സംഭ്രമവ്യാകുലന്മാരായി ക്ലേശിക്കുന്ന ഒരു തരക്കാരുടെ സ്വഭാവമാണ് ഇവിടെ വൎണ്ണിച്ചിരിക്കുന്നതു്. വേറെ ഒരിടത്തെ സ്ഥിതി ഇതിലും പരിതാപജനകമാകുന്നു.

ചിത്രംശം പൃഥരചാരളിനു ഇടങ്ങിനാൻ
മേദങ്ങളിലമ്മ മരിച്ചുപുകയിയൊക്കെപ്പാതിരി

ദ്ധരചന്ദനം വച്ചുരചന്ദനം കണ്ണിമയാ
തേന്നാക്കിയിരുന്നം വീഥ്യപാതത്തും

ചിലർ കഴിച്ചുകൂട്ടുമ്പോളാണ മണിഗൃഹപംക്തികൾ വെന്തെരിയുന്നത്.

കരികളനിനദം കവചനമാശേ
ഴുഴകിനുരഗനിനദം ഘടചനം
ഭയപരശിതജനനാദം കവചന
കരയും കേളിതുരഗരവം കവചന
തിണ്ണിൽ കരിഞ്ഞുകിടന്നു ചിലർ
നദികളിലോടിച്ചാടുന്നു ചിലർ
പല്ലിളിക്കെ പായുന്നു ചിലർ
പങ്കജങ്ങൾ പൊളിക്കുന്നു ചിലർ
പാത്രം കെട്ടിയെടുക്കുന്നു ചിലർ
പൊന്നും പണവുമൊളിക്കുന്നു ചിലർ
നിലവിളികൊണ്ടു കലരുന്നു ചിലർ
മുറവിളികൊണ്ടു നടുങ്ങുന്നു ചിലർ

എന്നുള്ള സ്ഥിതി അനുകമ്പയോടെ സംഭ്രമജനകമാകുന്നു. ഒരിടത്തും ഒരാൾക്കും സ്വാസ്ഥതയില്ല. എവിടെ നോക്കിയാലും തീ പിടിച്ചിട്ടുള്ള ബഹളംതന്നെ. ചുരുക്കത്തിൽ ലങ്ക മുഴുവൻ വിലാപമയം ആയിരിക്കുന്നു എന്നേ പറയുവാനുള്ളു.

കർപ്പൂരതോരണങ്ങളെരിഞ്ഞു വെൺകാറകൾ വെന്തുരുകി
കസ്തൂരിച്ചിറ ചുട്ടിളച്ചു കളഭപ്പാറ്റു വരണ്ടുപോയിതു
കുങ്കുമമലയിലതിപിണഞ്ഞു താരകളികൾ തിരിപ്പോയി
മരതകവേദിക പൊരികനലായി

മഹാവിഭവശാലിനിയായ ലങ്കയുടെ സ്ഥിതി എത്രമാത്രം ശോചനീയമായിരിക്കുന്നു. കസ്തൂരിയും കളഭവും മറ്റും പാത്രങ്ങളിലാക്കി സൂക്ഷിക്കുകയല്ല ലങ്കയിൽ ചെയ്യുന്നത്. അവയെക്കൊണ്ട് ഓരോ പൊയ്കതന്നെ നിർമ്മിച്ചിരിക്കുന്നു. കർപ്പൂരംകൊണ്ടാണ തറയും ഉണ്ടാക്കിയിരിക്കുന്നത്. ലങ്കയിലെ ഐശ്വര്യത്തിന്റെ സ്വഭാവം ഈ വർണ്ണനത്തിൽനിന്ന ഗ്രഹിക്കാവുന്നതാണ്. അരനിമിഷംകൊണ്ട് ഇപ്രകാരമുള്ള വൈഭവം എല്ലാം വെന്തു ഭസ്മമായിപ്പോയി. തീ പിടിച്ച ലങ്കയുടെ

എല്ലാ അംശത്തിലും കവിയുടെ ദൃഷ്ടി പതിഞ്ഞിരിക്കുന്നു. ആ അംശങ്ങളെ നൂതനമായ സംബന്ധത്തോടുകൂടിയാണു കവി നമുക്കു കാണിച്ചുതരുന്നതു്. ഇവിടെ സ്വഭാവോക്തിയെയാണു കവി പ്രധാനമായി സ്വീകരിച്ചിരിക്കുന്നതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ടു്. അതിശയോക്ത്യാദിസ്പർശം ഇല്ലാതെ ഹൃദയംഗമമായി വർണ്ണിക്കുവാൻ കവിക്കുള്ള വിരുതു് ഈ ഭാഗത്തിൽനിന്നു തെളിയുന്നു.

സ്വഭാവസുന്ദരമായ വർണ്ണനത്തിനു് ഒരു ഭാഗംകൂടി താഴെ ഉദാഹരിച്ചുകൊള്ളുന്നു.

ഭോജ്യവ്യഞ്ജനമങ്ങു വരച്ചു-
ആജ്യഘടം നീ കൊണ്ടാ കന്യേ!
പുല്ലിനു പോയില്ലാരും നാളെ-
ക്കില്ലിന്നാകെക്കറുകപോലും
ബന്ധനമിന്നും വിട്ടില്ലല്ലീ!
ഖണ്ഡമിടേണ്ടവ കരുതേ ചിലർ
ദണ്ഡാദിസ്വാമ്യമഹിപ്പാൻ തോരണം
പിണ്ഡമിതൊന്നിന്നുമാകാ നൂനം.

വനവർണ്ണനത്തിൽ ഉൾപ്പെട്ടതാണു് ഈ ഭാഗം. വനത്തിൽ ഉള്ള ചില ആശ്രമങ്ങളിലെ ഋഷിമാരുടെ സംഭാഷണമാണു് ഇവിടെ ഉദ്ധരിച്ച ഭാഗത്തിൽ അടങ്ങിയിരിക്കുന്നതു്. മുനിമാർ പുല്ലിനു് ആവശ്യപ്പെടുന്നതും ഗുരുബന്ധനം പഠിക്കാത്ത ശിഷ്യനെ ശാസിക്കുന്നതും ആശ്രമത്തിന്റെ നിലയ്ക്കു വളരെ യോജിച്ചിരിക്കുന്നു. ഇപ്രകാരം വർണ്ണനങ്ങൾക്കു തന്മയത്വം വരുത്തുവാൻ പുനത്തിനു് അതിസാമർത്ഥ്യമുണ്ടു്:

വായുവില്ലാതെ ആയപ്പോൾ ഉള്ള ലോകസ്ഥിതിയെ വർണ്ണിക്കുന്നതിൽനിന്നു് അല്പം ഭാഗം എടുത്തു ചേർത്തുകൊള്ളുന്നു. കവിയുടെ നാനാമുഖമായ അവലോകനസ്വഭാവം ഗ്രഹിക്കുവാൻ ഈ ഭാഗം പ്രയോജനകരമായിരിക്കും.

പാരിൽപ്പെരുകിന കസ്തൂരിക്കും പരിമളസാരം നഷ്ടിപ്പിടിച്ചു
പുഴ പിൻചാലുരി വിഴ കിടപ്പായി ചെപ്പുതിരക്കൂട്ടുകളിൽ താഴെ
കലയാളിയുന്ന കവികൾക്കാകെ പന്നഗഗുരുശോഭനമൊഴി

പാകലവിപിനേ മംഗികാരത്തെ ഉല്ലികകളലകിന്നു ചമഞ്ഞു
ഒളചന്ദ്രർ ആണെന്ന അലംകൃതമാക്കി * * * * *
നീരപ്പാളികളം ഖരരമാറ്റ് നിയചുന്ന നാടന്നീലെങ്ങും
വിവിധമഹാപുഷ്പമണിനികരം വെണ്മകളെനിര വെറുതെയായി
പക്ഷികലത്തിൻ നഭസിപ്പാപ്പാൻ പക്ഷപുടത്തിൻ കെല്പുകൊണ്ടു
കതിരകളിളകാത്തം ഖരരമാറ്റ് കതിരവനുടനെ യാത്രയുമായി

ലോകത്തിന്റെ സൌന്ദര്യത്തെ അറിഞ്ഞ് ആസ്വദിക്കുന്നതിനും അതിനെ യഥോചിതം വർണ്ണിച്ചു മറ്റുള്ളവരെ രസിപ്പിക്കുന്നതിനും പൂർണ്ണ അധികാരിയാണ്. വായുവില്ലാതായപ്പോൾ ലോകത്തിലെ രമണീയപദാർത്ഥങ്ങളിൽ കവിയുടെ ദൃഷ്ടി ആദ്യം പതിഞ്ഞതിന് ഇതുതന്നെ കാരണം. സുന്ദരപദാർത്ഥങ്ങൾക്കു നേരിട്ട അസുന്ദരതയാണ് ഇവിടെ കവി വർണ്ണിച്ചിരിക്കുന്നത്.

പലതരകാന്തം പാതികളിച്ചും
പാതി മരിച്ചും പാതി മുറിച്ചും

എന്നിടിന്ന പലതരുടെ സ്ഥിതികളെ വർണ്ണിച്ചിരിക്കുന്നതും ഫലിതംതന്നെയായിരിക്കുന്നു. ഈ വർണ്ണനത്തിനു കവി താഴെ പറയുന്നവിധം മകുടം ചാർത്തുന്നു.

ഒന്നില്ലാതെയായ വിണ്ണുകൾപോലെ
കതിരകലാത്ത കണ്ണിണകൾപോലെ
ചിറകുമുറിഞ്ഞ ഖഗാവലിപോലെ
നരവരരില്ലാനാടുകൾപോലെ
പരിമളമില്ലാമലർനിരപോലെ
നീരില്ലാത്ത സരസ്സുകൾപോലെ
ധ്വനിയില്ലാതെയായ കണ്ഠംപോലെ
അറിവില്ലാത്ത കന്യകൾപോലെ
വൈധവ്യംവന്ന വധുവർപോലെ
കഷ്ടം ശിവശിവ കഷ്ടം കഷ്ടം
ത്രിഭുവനമൊരു കശ്മലമാമിതിൽ

വായുവില്ലാതായാൽ ലോകത്തിനു നേരിടുന്ന ദുസ്ഥിതിയെക്കുറിച്ച് ഇതിലധികം വർണ്ണിക്കാവുന്നതല്ല. ഈ ദുസ്ഥിതിയുടെ ഒരു ശരിപ്പകർപ്പ് ഇവിടെ കവി എഴുതിക്കാണിച്ചിരിക്കുന്നു.

ലോകകണ്ടകനായ രാവണനെ ശ്രീരാമചന്ദ്രൻ വധിച്ചതിനുശേഷം മൂന്നു ലോകങ്ങൾക്കും ഉണ്ടായ മംഗളസ്ഥിതിയെ 'പട്ടാഭിഷേക'ത്തിൽ കവി വളരെ ചാതുര്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. രാവണന്റെ ഉപദ്രവംനിമിത്തം സകലലോകത്തിനും നേരിട്ട സങ്കടത്തെ വർണ്ണിച്ച കവി, പിന്നീട് ഉണ്ടായ സ്വാതന്ത്ര്യത്തെ വർണ്ണിക്കുന്നതിന് അല്പവും പിശുക്കു കാണിച്ചിട്ടില്ല. എവിടെ നോക്കിയാലും ആഹ്ലാദചിഹ്നമല്ലാതെ കാണ്മാനില്ല. ഇതായി ലോകത്തിന്റെ നില.

സദസി ബൃഹസ്പതി പലനാൾകൂടിപ്പുരവും പാഠകങ്ങളെന്നാളിച്ചു
പലനാൾകൂടിപ്പവനനിദാനീം പണ്ടേപ്പോലെ വീയിതു പാർക്കൽ
പലനാൾകൂടി മഹേന്ദ്രനിദാനീം പച്ചക്കുനിരകൾ വിളയിപ്പിച്ചു
പാവകദേവൻ പലനാൾകൂടി സ്വാതന്ത്ര്യവശംകൃതി കേളുരുചിച്ചു

ബൃഹസ്പതി വായു ഇന്ദ്രൻ അഗ്നി എന്നിവർ വളരെക്കാലം രാവണോപദ്രവത്താൽ മുടങ്ങിക്കിടന്ന തങ്ങളുടെ ജോലികളെ യഥാപൂർവ്വം ചെയ്തുതുടങ്ങി. സ്വർഗ്ഗത്തിലെ സ്ഥിതി അത്യന്തം ആഹ്ലാദകരമായിരിക്കുന്നു.

'വിണ്ണോർ വീരരണിഞ്ഞുകളിഞ്ഞതമരസ്രസമോദമഴകിയിരിക്കും.
രൂപനിഷത്തുവിദ്വേഷനകലവിദ്യകൾനടനവതോടേറെയകലാപവു.
രൂപവനരസ്ത്യ കളിയും ചിരിയും ചതുരവിധിയിലൊറ്റുനടക്കും.
മരകതകൺകലകൊണ്ടു കവിക്കുമിയാ കഴൽമദസ്യനാമലരണികയും.
മഞ്ജുളമൂലികൾ മണിത്തറയേറായുകം ബലമായ്ക്ക് നൽപ്പുഷ്പമാരാവും
മല്ലികയാരും മെല്ലെച്ചിരിയും മല്ലികലതഃ ചില്ലിലനേറിവും
പുടവയുടുക്കയുമിടയ്പടിക്കയുമന്നൊളികയും ചോളമായരുവും'

ഇതൊക്കെയാണു സ്വർഗ്ഗത്തിലെ സ്ഥിതികൾ. ദേവേന്ദ്രന്റെ സഭയിൽ മുൻപിലത്തെപ്പോലെ ഉപനിഷദർത്ഥങ്ങളെക്കുറിച്ചുള്ള വാദങ്ങൾ തുടങ്ങി. കാമിനീകാമുകന്മാരുടെ നാനാപ്രകാരങ്ങളായ വിലാസങ്ങളും സ്വർഗ്ഗത്തിൽ വിളങ്ങി. ഭൂലോകത്തിലെ സ്ഥിതിയും പഴയതുപോലെ മംഗളകരമായിഭവിച്ചു. നിശാചരർ 'പൂർവ്വം നിയമം മുട്ടി'ച്ച ക്ഷേത്രങ്ങളിൽ യഥാപൂർവ്വം പൂജാദികർമ്മങ്ങൾ തുടങ്ങി. ബ്രാഹ്മണാദികൾക്കും സ്വസ്വധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു തടവില്ലാതെയായി. ഋഷി

കളുടെ തപസ്സു വൎണ്ണിച്ചു. ഈ സ്ഥിതികളെ കവി അനന്യസാധാരണമായ വാഗ്വിലാസത്തോടുകൂടി വൎണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. സൂചി കടത്തുവാൻ ഇടം കിട്ടിയാൽ അവിടെ തൂമ്പ കടത്തുക് എന്നൊരു പഴഞ്ചൊല്ലുണ്ടു്. വൎണ്ണനങ്ങളിൽ ഇതുതന്നെയാണു പുനത്തിന്റെ നയം. അല്പം മനോധൎമ്മം കാണിക്കുവാൻ ഒരു സൌകൎയ്യം കിട്ടിയാൽ മതി; കവി അവിടെ മനോധൎമ്മംകൊണ്ടു ഒരു പുതിയ ലോകത്തെത്തന്നെ രചിക്കുന്നു. ഗദ്യരൂപേണ ചെയ്യുന്ന വൎണ്ണനങ്ങളിൽ ഒക്കെ കവിയുടെ ഈ സ്വഭാവം തെളിഞ്ഞുവിളങ്ങുന്നുണ്ടു്.

ഉപമ സ്വഭാവോക്തി രൂപകം ശ്ലേഷം മുതലായ അലങ്കാരങ്ങൾക്കു കവിക്കു് അല്പവും ലോഭം ഇല്ല. നൂതനങ്ങളായ ആശയകല്പനകളെക്കൊണ്ടു മോടിപിടിപ്പിച്ചിട്ടുള്ള ഈ വക അലങ്കാരങ്ങളുടെ ഒരു കേളീവനമാണു രാമായണം പ്രബന്ധം. ഇതരകവികളിൽനിന്നു പുനത്തിനുള്ള പ്രത്യേകതയെ കാണിക്കുന്ന ഒരു പുതിയ രസികത്വം ഏതു കല്പനയിലും കാണാം. ഒരിടത്തും ശുഷ്കത കാണുകയില്ല.

ഉപമയിലും സ്വഭാവോക്തിയിലും കവിക്കുള്ള വൈഭവത്തെ പ്രകാശിപ്പിക്കുന്നതിനു, മുൻപു ഉദ്ധരിച്ചിട്ടുള്ള പല അംശങ്ങളും മതിയാകുമെന്നു വിശ്വസിക്കുന്നു.

മറ്റു കവികൾ ഒരു ഉപമ പ്രയോഗിച്ചു തൃപ്തിപ്പെടുന്ന സന്ദൎഭങ്ങളിൽ പത്തു ഉപമകൾ പ്രയോഗിച്ചാലും പുനത്തിനു അലംഭാവം വരുന്നില്ല.

പീയൂഷരശ്മി തന്നിൽ വിളങ്ങും
കൎപ്പൂരപ്പൊടി തൂകിനപോലെ
ത്രൈലോക്യത്തിൽ പൂശിയിതുപോലെ
പാൽക്കടലിനെ പരന്ന കണക്കെ
വെള്ളിക്കളിയൊരുക്കിയതു കണക്കെ
മുത്തുകൾകൊണ്ടു വിതച്ചു കണക്കെ

എന്നു കവി ചന്ദ്രികയെ വൎണ്ണിച്ചിരിക്കുന്നു. ഇവിടെ ഉപമകൾക്കു നല്ല സൌന്ദൎയ്യവും സൌരഭ്യവും ഉണ്ടെന്നു പറയേണ്ട

തില്ലല്ലോ. ഈ മാതിരി ഭാഗങ്ങൾ ഈ പ്രബന്ധത്തിൽ വളരെയുണ്ട്. പുറമെ ഇടയ്ക്കിടക്ക ചില ചില്ലറ ഉപമകൾ ഉപയോഗിച്ചുകാണുന്നു. അർത്ഥരസികത്വംകൊണ്ട് അവ വളരെ ആസ്വാദ്യങ്ങളാകുന്നു. രാക്ഷസന്മാർ ഹനുമാന്റെ വാലിന്മേൽ തുണി ചുററി തീ പിടിപ്പിച്ചതു 'ഫണാഗ്രദേശത്തും കാലപ്പാമ്പിനു പൂൺ പണിയുന്ന കണക്കെ'യാണെന്നു കവി കല്പിക്കുന്നു. ഇതു വിചാരരസമായ ഒരു കല്പനയാണ്. ഈ ഉപമയിൽനിന്നു ലങ്കയുടെ നാശം അടുത്തു എന്നുകൂടി ഗ്രഹിക്കേണ്ടതുണ്ട്. സീത അഗ്നിയിൽ ചാടുന്നതു 'തൂവെണ്ണിലാവിൻ നടുവിലൊരു ചകോരക്കിടാവെന്നപോലെ'യാണ്. തീയ്യിൽ ചാടുന്നതിനു സീതക്കു സന്താപമുണ്ടായില്ലെന്നു മാത്രമല്ല ആഹ്ളാദം ഉണ്ടായി എന്നുകൂടി ഈ ഉപമകൊണ്ടു സിദ്ധിക്കുന്നു. ഇതിൽനിന്നു സീതക്ക് ആത്മപരിശുദ്ധിയിൽ ഉള്ള വിശ്വാസം എത്രമാത്രം ഉറപ്പേറിയതാണെന്നു വിചാരിക്കാം. ആകാശത്തിൽനിന്നു മഴക്കാലത്തു ജലധാരകൾ വീഴുന്നതു 'വ്യോമവിതാനേ തൂക്കിട്ടു ചില കോമളമുക്താമാലകൾ' പോലെയാണെന്നു കവി കല്പിക്കുന്നു. അനുഭവത്തിൽ രസികത്വം കൂടിയ ഒരു കല്പനയാണ് ഇതെന്നു സ്പഷ്ടമാകുന്നു. 'ദയിതാവിരഹക്ലാന്തനായ' രാമനു വർഷകാലം വന്നപ്പോൾ 'പന്നഗത്തിന്റെ വല്മീകവാസക്രിയ' സംഭവിച്ചതുപോലെയായിയെന്നു കവി പറയുന്നു. പാമ്പെന്നു കേട്ടാൽ പേടിച്ചുവിറയ്ക്കുന്ന ഒരുത്തന്, അനവധി പാമ്പുകളുള്ള ഒരു പുററിൽ പാർക്കേണ്ടിവന്നാലത്തെ കഥ എത്രമാത്രം ഭയസംഭ്രമജനകമായിരിക്കും! മഴക്കാലം എന്നു കേട്ടാൽ ഭയപ്പെടുന്നവരാണല്ലോ വിരഹികൾ. അവർക്ക്, അതു് അനുഭവത്തിൽ വന്നാലത്തെ കഷ്ടം എത്ര കഷ്ടമാകുന്നു! രാമന്റെ ഈ കഷ്ടസ്ഥിതി ഈ ഉപമയിൽനിന്നു വ്യക്തമാകുന്നു. ഈവിധം സരസസരസങ്ങളായ ഉപമകളെ ഇടയിലിടയിൽ പല സന്ദർഭങ്ങളിലും ഉപയോഗിച്ചിട്ടുള്ളതിന്റെ രസികത്വം വായനക്കാർ അറിയേണ്ടതാണ്.

വാസ്തവം ആലോചിച്ചാൽ കാളിദാസരുടെ ഉപമാചാതുര്യം പുനത്തിനുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കുമെന്നാണെന്റെ വിശ്വാസം.

കനകഹരിണവേഷം വഹിച്ച മാരീചൻ സീതയുടെ സമീപത്തിൽ ചെന്നു നാനാചേഷ്ടാവിലാസങ്ങൾ കാണിക്കുന്ന ഭാഗം സ്വഭാവോക്ത്യലങ്കാരത്തിന്റെ ഒരു പരമമായ ഉദാഹരണമാകുന്നു. മനോഹരമായ ഒരു ഹരിണത്തിന്റെ വിലാസങ്ങളെ ഇവിടെ കവി നല്ല തന്മയത്വത്തോടുകൂടി കാണിച്ചിരിക്കുന്നു. സ്വഭാവോക്തികൊണ്ട് അസാധാരണഭംഗി ലഭിച്ചിട്ടുള്ള ഭാഗങ്ങൾ വേറെയും ഉണ്ട്. അഗ്നിപ്രവേശോദ്യുക്തയായ സീതയുടെ സ്ഥിതിയെ വർണ്ണിക്കുന്നതു് അപ്രകാരമുള്ള ഒരു ഭാഗമാകുന്നു. സ്വഭാവോക്തി വാസ്തവത്തിൽ ഫലിപ്പിക്കുവാൻ ക്ലേശമുള്ള ഒരു അലങ്കാരമാകുന്നു. ഉള്ളതു് അതുപോലെ പറഞ്ഞാൽ സഹൃദയഹൃദ്യം സ്വഭാവോക്തിയാകുകയില്ല. കവി അല്പം ഒരു കൂട്ടു് അതിൽ ചേർക്കണം; എന്നാൽ അങ്ങിനെ ചെയ്തു എന്നു തോന്നിക്കയുമരുതു്. ഭാവനാരസികത്വവും ഔചിത്യബോധവും തികഞ്ഞ കവികൾക്കു മാത്രമേ ഇങ്ങിനെ ചെയ്യാൻ കഴിയുകയുള്ളൂ. ഈ വിശിഷ്ടഗുണങ്ങൾ പുനത്തിന്റെ സ്വഭാവോക്തിയിൽ കാണാവുന്നതാണ്.

രൂപകശ്ലേഷാദ്യലങ്കാരങ്ങൾ ഈ മഹാകൃതിയിൽ അവിടെയവിടെ ധാരാളമുണ്ട്. ശ്ലേഷംകൊണ്ടുള്ള നാനാമുഖങ്ങളായ പ്രയോഗങ്ങൾ സംസ്കൃതശ്ലോകങ്ങളിൽ അധികമായി കാണുന്നു. അവയ്ക്കു പ്രത്യേകം ഉദാഹരണങ്ങൾ കാണിക്കേണ്ടതില്ല.

പുനം ഫലിതത്തിൽ അതിസമർത്ഥനാണ്. നമ്പൂതിരിമാർക്കു ജന്മനാ ഫലിതത്തിനു വാസന കൂടും. ഒരു നമ്പൂരി പിന്നെ സരസനായ കവികൂടിയാണെങ്കിൽ ഫലിതത്തിനു കാണുന്ന സാമർത്ഥ്യം വളരെ അധികമാകുന്നു. ചെറുശ്ശേരി മഹിഷമംഗലം പീവൊള്ളി വെൺമണി നടുവം മുതലായവരുടെ കൃതികൾ എത്രമാത്രം ഫലിതപ്രധാനങ്ങളാകുന്നെന്നു പറയേ

ങ്ങളില്ലല്ലോ. പുനം ഫലിതംകൊണ്ടു് ഇവരെയൊക്കെ ജ യിച്ചിരിക്കുന്നു. ആരെയും ചിരിപ്പിക്കുന്ന കുറിക്കുന്ന ഫലിത ങ്ങൾ രാമായണചമ്പുവിൽ സുലഭങ്ങളാകുന്നു.

'വേദാന്തം വായിക്കുന്നോരു ദ്വിജ—
രുപനിഷദർത്ഥം കാണുന്നതെന്തു്'

എന്നതു് ഒരു ഫലിതമാകുന്നു. ഒരു ശിഷ്യൻ വേദാന്തം പഠി ക്കണമെന്നുണ്ടു്; എന്നാൽ ഗുരുവിനു ഉപദേശിക്കത്തില്ല എന്നു കേൾക്കുന്നതത്രേ!

'രക്ഷാകരമാംപിടിച്ചിട്ടൊരു പുനാരത്തിലെ
ദുഷ്ടപ്രകാരത്താൽ പാദപ്രയാസം ശമിച്ചകുട്ടി
രക്ഷാവിശ്രുതന്മാരയക്കിനാൻ ഞാൻ'

എന്നതും ഒരു ഫലിതം തന്നെ. വഴിയാത്ര ചെയ്യുന്നവർ വഴി ക്കു ഭാണ്ഡാദികൾ എന്നതിനും ചക്കരവട്ടിൽ എടുക്കുക പതി വാണു്. ഇവിടെ രാക്ഷസന്മാർ ലങ്കാപുരത്തിലേക്കു യാത്ര പോകുന്നു. അപ്പോൾ ഒരു പാഥേയം കൂടെ എടുക്കണമല്ലോ. രാവണന്റെ മുഷ്ടികൾകൊണ്ടുള്ള സമ്മാനമാണു് ഈ പാഥേ യം. ശമിക്കെട്ടിയോരി എന്ന പ്രയോഗം പ്രത്യേകം ശ്ര ദ്ധേയമാണു. അവരുടെ പ്രിയ ഭക്ഷണങ്ങൾ കെട്ടിത്തലയിൽ വച്ചതാണു് ഈ പാഥേയം എന്നർത്ഥം. കേകടന്മാരെ നകുലങ്ങളെക്കൊണ്ടു ഉപമിച്ചിരിക്കുന്നതു മാത്രമല്ല ഫ ലിതമാകുന്നു. സർവ്വവിഷയങ്ങളെക്കൊണ്ടു വർണ്ണനത്തിലും ഒ രു ഫലിതം പ്രത്യേകതയുണ്ടു്. ഈ പ്രകാരമുള്ള സൂര്യോദയ വ ർണ്ണനങ്ങൾകൊണ്ടു ഗ്രന്ഥത്തിനു ലഭിച്ചതു്. പ്രഭാതവർണ്ണന യിൽ പൂങ്കോഴികളുടെ ശാപം എന്നതും ഒരു സാമാന്യപ്രയോ ഗമാകുന്നു. രാത്രി സുഖമായി കഴിച്ചുകൂട്ടുന്ന യുവതീയുവാക്ക ന്മാർക്കു വെളുപ്പാൻകാലത്തുള്ള കോഴിയുടെ ശബ്ദം വാസ്തവ ത്തിൽ ഒരു അരോചകമായതാണു്. ഈ പ്രകാരം കൂവുന്ന കോഴികളെ ശപിക്കാത്ത യുവാക്കന്മാർ കാണുകയില്ല. അവ രുടെ ശാപത്തിനു ശക്തിയില്ലാത്തതു കോഴികളുടെ ഭാഗ്യ കാ ലം തന്നെ. 'പുലികൾക്കാക്കാശപ്പുലകളി' എന്നതു ഒരു ന്ദു

തന്ന പ്രയോഗമാണ്. എല്ലാപ്പുലികളും ചത്താൽ പുലകുളിക്കാൻ ചില പുലികൾ എങ്ങിനെയുണ്ടാകുമെന്നു ആലോചിക്കേണ്ടതില്ല. 'കാലകാലാഭിധ ശിവനെനിക്കും തദാ വന്നുകൂടും' എന്ന ഫലിതവും നൎമ്മരസമാകുന്നു. ഇതുവരെ ശിവൻ മാത്രമേ കാലകാലൻ ആയിരുന്നുള്ളു. ഇന്നുമുതൽ ഞാനും (രാവണൻ) ആ പേരിനെ അൎഹിക്കും.

'കേട്ടില്ലല്ലീ പനസഫലങ്ങൾ
മനസാവാചാ തിന്നിട്ടുള്ളതു'

'മനസാവാചാ' തിന്നുക ഒരു നല്ല പ്രയോഗമാണ്. തിന്നാണമെന്നു വിചാരിച്ചിട്ടും പറഞ്ഞിട്ടും ഉണ്ട്. എന്നാൽ അതിനു കഴിഞ്ഞിട്ടില്ല. ഇതുവരെ അനുഭവിച്ചിട്ടില്ലെന്നു അൎത്ഥം.

'കൌബേരരാജൻ തൻപ്രിയതമയുടെ
.........മൊത്തുരമിക്കാരായി'

എന്നുള്ള കുഞ്ചൻനമ്പിയാരുടെ ഫലിതം നോക്കുക. ഇവിടെ മനസാതിന്നുന്നതിന്റെ ഒരു പകൎപ്പു തന്നെയാണു 'മൊത്തു രമിക്കുന്നതു'.

ഇവിടെ ഉദ്ധരിച്ചവ അവിടെയവിടെ ഉടക്കു കാണുന്ന ചില ഫലിതശകലങ്ങൾ മാത്രമാകുന്നു. പുനത്തിന്റെ നിസ്തുല്യമായ ഫലിതവിലാസം വൎണ്ണനതരംഗങ്ങളായ ഉത്തുംഗശൃംഗങ്ങളിൽ തടവില്ലാതെ ഒഴുകുന്നതു കാണാം. ചാക്യാന്മാർ ഇവക ഫലിതങ്ങളെക്കൊണ്ടാണു സദസ്സിൽ അധികം ശോഭിക്കുന്നതു. ഫലിതത്തിൽ പുനം കുഞ്ചനും വഴികാണിച്ചുകൊടുത്തിട്ടുണ്ട്.

പുനത്തിന്റെ സംബോധികളുടെ ചാതുൎയ്യം ഒരിക്കലും മറക്കാവുന്നതല്ല. അസാധാരണമായ അൎത്ഥപുഷ്ടിയെ വഹിക്കുന്ന സരസസംബോധികൾ രാമായണചമ്പുവിൽ അതിസുലഭങ്ങളാകുന്നു.

'കാമൽസമാൻ തൻ പ്രസാദാതുര കിരണശരങ്ങൾ [illegible]!'......
'[illegible] സംബോധ[illegible]!'
'.................... ...[illegible]
നിസ്തുല[illegible]!'

ഇത്യാദി സംബുദ്ധികൾ ഉദാഹരിക്കപ്പെടാം. ഇവ എല്ലാം ഉദ്ദേശിക്കുന്ന അർത്ഥത്തെ അതിഭംഗിയായി പ്രകാശിപ്പിക്കുന്നവയായിരിക്കുന്നു.

'വിദ്യുല്ലതീതൻകടാക്ഷമുളമാനവാനവദ്യാനേ!'

'രക്ഷോവംശത്തിനുള്ളിൽകലമരൊരു കളങ്കാങ്കുരാരോഗമേ!'

ഇത്യാദി പ്രയോഗങ്ങളും സരസങ്ങൾതന്നെ. വിചാരരസികന്മാർക്ക് ഇവ അത്യന്തം ഹൃദയംഗമങ്ങളായിരിക്കുമെന്നുമാത്രമേ പറയുവാനുള്ളൂ.

വെൺമണിയുടെ സംബുദ്ധികൾക്കു പ്രത്യേകം ഒരു രസികത്വം കാണുന്നുണ്ട്. പുനത്തിന്റെ അനുകരണംകൊണ്ടാണ് വെൺമണിക്ക് ഈ മെച്ചം കിട്ടിയതെന്നു സ്പഷ്ടമാകുന്നു.

'കാമബാണവിന്ദശില്പരകാന്ത്യകടാക്ഷമോഹമേ!'

ഇത്യാദി വെൺമണിയുടെ പ്രയോഗങ്ങളിൽ കാണുന്ന സാരസ്യം പുനത്തിന്റെ ശിഷ്യത്വംകൊണ്ടു ലഭിച്ചതാകുന്നു.

സ്ഥൂലമോ സൂക്ഷ്മമോ ആയ ഏതു ഭാവത്തെയും, വിശാലമായ അർത്ഥം അടക്കി ചുരുക്കത്തിൽ വർണ്ണിക്കുന്നതിനു പുനത്തിനു സാമർത്ഥ്യം ഇല്ലെന്നു പറയാവുന്നതല്ല. ചെറിയ വാക്യങ്ങളിൽ മഹത്തായ ഭാവവികാരതരംഗങ്ങളെ നിഗൂഹനം ചെയ്യുന്നതിനു പുനത്തിനു ക്ലേശമില്ല.

ആകവെണ്ണുടുവം തഴീയം വചനമണികൾകൊണ്ടൊരാളും തെളിയുമെന്നാ-
നാകസ്ത്രീജനങ്ങൾകാണമെളുതുവന്നു പാരത്തുതൈവമേ ഇത്യാദി

കൃത്രിമമായി ലജ്ജിതാഭാവവും കെട്ടി സമീപത്തു വന്ന ശൂർപ്പണഖയെ ഭഗവാൻ ഒന്നു നോക്കി എന്നാണ് ഈ ഉദ്ധരിച്ച ഭാഗത്തിന്റെ സാരം. എന്നാൽ ഈ നോട്ടത്തിൽ അടങ്ങിയിരിക്കുന്ന അർത്ഥം അതിഗംഭീരമാകുന്നു. 'വൈദഗ്ദ്ധ്യശാലി' എന്ന പദത്തിന്റെ അർത്ഥം ഇവിടെ പ്രത്യേകം വിചാരിക്കണം. എങ്കിൽ മാത്രമേ നോട്ടത്തിന്റെ ഗഹനത മനസ്സിലാകുകയുള്ളൂ. കൃത്രിമങ്ങളേയും അകൃത്രിമങ്ങളേയും തിരിച്ചറിയുന്നതിനു സാമർത്ഥ്യമുള്ളവൻ എന്നു 'വൈദഗ്ദ്ധ്യശാലി' എ

ന്ന പദത്തിന് അൎത്ഥം. ശൂൎപ്പണഖയുടെ വേഷത്തിന്റെയും വിചാരത്തിന്റെയും കൃത്രിമത്വം ഭഗവാൻ ഒരു നോട്ടംകൊണ്ടു തന്നെ മനസ്സിലാക്കുന്നു. "സ്ത്രീരൂപവും വികൃതയും ആയ ഒരു രാക്ഷസിയല്ലേ; സുരൂപയായ ഒരു സുന്ദരിയാണെന്നല്ലേ" എ-ന്ന ചോദ്യം അവിടെ ശ്രീരാമന്റെ നോക്കുന്ന രീതി കൺ-കോണുകളുള്ള നോട്ടത്തിൽ സ്ഫുരിക്കുന്നുണ്ട്. ഇപ്രകാരമാണ് ക-വി മഹത്തായ ഭാവവികാരചിത്രങ്ങൾ അല്പവാക്യങ്ങൾകൊ-ണ്ടു വരയ്ക്കുന്നത്.

ഭൂവിൽപ്പെണ്ണിന്നില്ലാതുള്ള ഭാഗ്യമെല്ലാമേ.
ദേവസ്ത്രീകൾക്കുമില്ലാ താളിപിഴിയാൻപോലും സീതയ്ക്കൊത്ത

എന്ന ശൂൎപ്പണഖ സീതയുടെ സൌന്ദൎയ്യത്തെ രാ-വണനോടു വൎണ്ണിച്ചുപറയുന്നു. 'താളി പിഴിയുക' എന്ന പ-ദത്തിന്റെ പ്രയോഗംകൊണ്ടു ദേവസ്ത്രീകൾക്കു സീതയുടെ ദാ-സ്യത്തിനും അധികാരമില്ലെന്ന സ്പഷ്ടമാകി. ഇതാണ ചമ-ൽക്കരിക്കുന്ന സമ്പ്രദായം. ഈ പ്രകാരമുള്ള വൎണ്ണനങ്ങൾ ഈ പ്രബന്ധത്തിൽ അധികമായിട്ടു കാണാവുന്നതാണ്. ചമ-ൽക്കരിപ്പാനുള്ള പൂൎണ്ണ അവകാശമാണല്ലോ മാത്രമേ ഇതൊന്നും പറഞ്ഞതിൽനിന്നു ധരിക്കേണ്ടതുള്ളൂ.

ശബ്ദങ്ങൾ പുറത്തിന്റെ പുറകേ പോകുന്നവയാണ്. ക-വിടത്തും അവയെ അന്വേഷിച്ചു പുറം ക്ലേശിച്ചിട്ടില്ല. ശബ്ദ-മോ പദ്യമോ ഭംഗിയായാൽ ദ്വിതീയാക്ഷരപ്രാസം പ്രായേ-ണ ഉപയോഗിച്ചിരിക്കുന്നു. സംസ്കൃതങ്ങളായ അനുപ്രാസാദി-കൾക്കൊരു സ്ഥാനം. എല്ലാ ഭാഷയിലേയും വൈചിത്ര്യത്തോ-ടുകൂടിയ ശബ്ദഘടനയിൽ പുറത്തിന് വളരെ ശ്രദ്ധ-യുണ്ട്.

അകലെയാമിനമാരാൽ കലൎന്നുള്ള
ശങ്കരവില്ലിന ശരചാപമായ
വിശ്വശരീരായി വിരാജമാനരു
ശൂൎപ്പണഖാനാസികച്ഛേദഹേതു
ഖരദിനകരവംശ
സുഗ്രീവമിത്രൻ സമഗ്രമതാളുൾ

ഈ മാതിരി ശബ്ദാലങ്കാരം വൃത്തബദ്ധനിബന്ധങ്ങളായ ഭാഷാശ്ലോകങ്ങളിൽ അധികം കാണാം.

ഉദ്യാനസാനുനിരകൾ കലർന്നു ഗൌതമനാടകം ശിതമിയന്നു
വാല്മീകികൊത്ത വാങ്മയമുദ്ഗതകീർത്തിമണ്ഡലം ശിരസാ ഹരി
പുലന്മൻ പലതരം കലഹമിയന്നു ദിക്പാലന്മാർ ദർപ്പമിയന്നു
ധർമ്മപതിക്കൊത്ത ധർമ്മമിയന്നു നിരൃതിപുരം നിരതിശയാനന്ദ

ഇങ്ങിനെ ശബ്ദങ്ങളെ ആവർത്തിക്കുന്നതിനു പൂന്താനത്തിനു വളരെ ശ്രദ്ധയുണ്ട്.

ഭോജനാധിപതിക്കഴിവന്നിഹ ഭോജനാഗമവും കിടയാതെയായി
അംഗമഹീശനകപ്പിലകിക്കൊണ്ടു അംഗമശേഷം കൃശതരമായി
കാലിംഗേശ്വരനാനന്ദിപ്പാൻ കാലിനു ശക്തി കുറഞ്ഞുതുടങ്ങി
കാശിനരേന്ദ്രനു കിങ്കരനായതു കാശിനു മുതലില്ലാതെ വലഞ്ഞു
കുന്തളനൃപനും കുന്തിച്ചീടാൻ കുന്തുകമേറി നടന്നുതുടങ്ങി
(കാർത്തവീര്യാർജ്ജുനവിജയം)

ഇത്യാദി ഭാഗങ്ങളിൽ കുഞ്ചൻനമ്പിയാർ മുമ്പു കാണിച്ച പൂന്താനത്തിന്റെ ശബ്ദാലങ്കാരത്തിന്റെ രീതിയെ സ്വാതന്ത്ര്യമായി സ്വീകരിച്ചിരിക്കുന്നു. ഗൗതമൻ ശിതം, വാല്മീകി വാങ്മയം, ദിക്പാലന്മാർ ദർപ്പം, ധർമ്മപതി ധർമ്മം, നിരൃതി നിരതിശയം, എന്നീ പദങ്ങളുടെ ഘടന നോക്കുക. ഭോജന ഭോജനം, അംഗ അംഗം, കാലിംഗ കാലു, കാശി കാശ്, കുന്തളം കുന്തം, എന്നീ പദങ്ങളുടെ ഘടനയും ഇതുപോലെതന്നെയിരിക്കുന്നു.

'[illegible]'
'[illegible]'
'[illegible]'
'സുഗ്രീവസുഗ്രീവമദംകരിക്കു'
'[illegible]'
'ഭാരതഭൂതധിനാഥ പ്രതിനിധിവരനേ!'

എന്നിവ വിശിഷ്ടങ്ങളായ ചില ശബ്ദാലങ്കാരശകലങ്ങളാകുന്നു. ഉൽകൃഷ്ടരായ കവികളുടെ ശബ്ദഘടനാപാടവം ഇവയിൽ തെളിഞ്ഞുകാണുന്നു.

'കന്യകശരൻതൻ കലമണിവില്ലിനു
കലമേശികനാം പുരികക്കൊടികൾ'
'കംബുവരസ്തുതി ലംബരകുംഭനാലംബിതമായ
ഗളാന്തരസീമനി'
'കഞ്ജനാകളഗിരി കണിമെയിളം
കണ്ഠപാലികളങ്ങായതാഗ'
'കാന്തിലമാകരം താകരംകണ്ടലചന്ദ്രവും
'ഉരസ്ഥലസ്തുതികളില്ലാത്തപൊങ്ങുന്നമാ
രളിസ്തുതിക്കണ്ടു കലങ്ങുന്നു."

എന്നിവയും ശബ്ദസുന്ദരങ്ങളായ ചില ഭാഗങ്ങളാകുന്നു. ഇവിടെയൊക്കെ കവിയിൽ കാണുന്ന ശബ്ദസ്വാധീനശക്തി വിസ്മയജനകമാകുന്നു. ഗുരുവിന്റെ ശിഷ്യന്മാർ എന്നപോലെയും രാജാവിന്റെ ഭൃത്യന്മാർ എന്നപോലെയും സദാ കവിയെ പദങ്ങൾ തനിയെ അനുഗമിക്കുകയാണു ചെയ്യുന്നതു്. ദണ്ഡകങ്ങളാണു കവിയുടെ നിരതിശയമായ പദസ്വാധീനശക്തിയെ കാണിക്കുന്നവ. പുരാണത്തിന്റെ സംസാരഭാഗത്തിൽ സർവ്വവിധാധ്വംസനവിശേഷപ്രശസ്തയായി നൃത്തമഹോത്സവത്തെ കൊണ്ടാടുന്ന ശബ്ദബ്രഹ്മദേവതയുടെ ഇന്ദ്രാപാദമ്പരകളിൽനിന്നു നിർഗ്ഗളിക്കുന്ന മധുരമായ ശബ്ദപ്രവാഹത്തിന്റെ പ്രതിധ്വനിയാണു ദണ്ഡകങ്ങളിൽ സർവ്വത്രികമായി പരിലസിക്കുന്നതു്. ഇപ്രകാരമുള്ള ശബ്ദപ്രതാപം രാമായണചമ്പുവിന്റെ ഒരു വിശേഷഗുണമാകുന്നു.

ചമ്പുക്കളിൽനിന്നു പല പഴയ പദങ്ങളേയും ഗ്രഹിക്കുവാനുണ്ടു്. അവയിൽ ചില പദങ്ങൾ ചമ്പുക്കളിൽമാത്രം ഉള്ളവയാകുന്നു. കാണക്കാണ, ഒക്കത്തക്ക, ഇവിടു്, ഉലാവുക, കലമ്പൻ, പെരുമാൻ, ചെറുമൻ, കയ്യൻ, മമ്മാ, ഒറ്റു്, ഒവ്വാ, താച്ചി, മിടമ, പുരാൻ, നല്ലൻ, നവൂത്തു, വെടിവിളക്കുക, ആനപ്പോരളി, കളികച്ചിപ്പിടിക്കുക, തലമുടേറുക, പുടപുഴങ്ങുക, മിട്ടാൽ, ഇട്ടേറു, പരിവട്ടം കെട്ടുക, പടപിശകുക, വെൽവാ, കല്പ്പാ, മാണി, പലവു, മദ്ധ്യേ, മേളം, ഗണപതിവല്ലുക, മുതലായവ പഴയ ഭംഗിയുള്ള പദങ്ങളാകുന്നു. ഇത്തരത്തെ പ

പച്ചമലയാളത്തിൽകൂടി ഈ വക പദങ്ങൾക്കു പ്രവേശം കാണുന്നില്ല. ചമ്പുക്കളിൽനിന്നു് ഈ വക പദങ്ങളേയും ശൈലികളേയും ശേഖരിച്ചു് അവസ്ഥാ ശരിയായി അർത്ഥനിർണ്ണയം ചെയ്തു ചേർക്കുന്നതു നമ്മുടെ നിഘണ്ടുവിന്റെ പുഷ്ടിക്കു വളരെ ആവശ്യമാകുന്നു. ഈ വക ഭാഷാപദങ്ങളെ വിസ്മരിച്ചുകൊണ്ടു രചിക്കപ്പെടുന്ന നിഘണ്ടു ആ പേരിനെ അർഹിക്കുമോ എന്നു സംശയമാണ്. ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ ഭാഷയിൽ പദങ്ങൾ കുറവാണെന്നു പറയുന്നവർ ഈ വക പദങ്ങളിലേക്കു ദൃഷ്ടിവയ്ക്കുന്നതു നന്നായിരിക്കും.

ഇനി ഈ പ്രബന്ധത്തിലെ ഭാഷാരീതിയെക്കുറിച്ചു വിചാരിക്കാം.

1. ശുദ്ധസംസ്കൃതം.
2. പ്രൌഢമണിപ്രവാളം.
3. ലളിതമണിപ്രവാളം.
4. (സംസ്കൃത)പ്രാകൃതം.
5. പച്ചമലയാളം.
6. ഭാഷാപ്രാകൃതം.

എന്നു ആറുവിധം ഭാഷാരീതികൾ രാമായണംപ്രബന്ധത്തിൽ കാണുന്നു. ഇവിടെ സംസ്കൃതപദങ്ങൾ അധികമായും കുറവായും ഉള്ള രീതികളെ പ്രൌഢവും ലളിതവും ആയ മണിപ്രവാളമെന്നു ഗണിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തെ മൂന്നു രീതികൾക്കും ഉദാഹരണങ്ങൾ മുൻപു ഉദ്ധരിച്ചിട്ടുള്ള പല ഭാഗങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. ഭാഷാപ്രാകൃതത്തിനു ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

ഹവാ! നല്ലവിശേഷം കേൾനീ നമുക്കെ തമ്പുരാനെന്നായ ഭാഗ്യം
തിരുമെയ്കണ്ടാൽ പൊന്നിൻകുടമല്ലൊ കാണിക്കയിപ്പില്ലാത കണ്ടതൻ
ഭണ്ഡാരീകൾ നായന്മാർക്കിന്നവർന്നുണ്ടോ ഭാഗ്യം നന്നായ
കണ്ണാടിയിൽമുഖം നോക്കുന്നതുപോൽ വൈദികൾ നല്ലതത്തിലരാകം
വന്നിട്ടുമേഘമാകവിരതന്ന പ്രാണർപ്പെടാപിരക്കുമൊതുകയ്യം ചിലർ
പൂരിക്കുമൊക്കപ്പുകൾ കാണ്മൂ,..........................

പ്രൌഢമണിപ്രവാളകൃത്യങ്ങൾ എഴുതി തഴമ്പുപിടിച്ച ഒരു തൂലികയിൽനിന്നാണ് ഈ വക ശ്ലോകങ്ങൾ ഉണ്ടായിട്ടുള്ളതെന്നു വിചാരിക്കുവാൻ വിഷമത തോന്നുന്നു. ആകപ്പാടെ പൊതുവേ വിചാരിച്ചാൽ പ്രൌഢി കൂടിയ മണിപ്രവാളമാണ് ഈ ചമ്പൂപ്രബന്ധത്തിന്റെ ജീവനായ ഭാഷാരീതി എന്നുതന്നെ പറയണം. അവ്യുല്പന്നന്മാർ ഗുരുജനസഹായത്തോടുകൂടിയല്ലാതെ ഈ പ്രബന്ധത്തിൽ പ്രവേശിക്കാവുന്നതല്ല. ഇരിമ്പുകൊണ്ടു വേലി ചുററും കെട്ടിയിട്ടുള്ള കരിമ്പിൻതോട്ടമാണു രാമായണചമ്പു. അതിനകത്തു കയറണമെങ്കിൽ വ്യുല്പത്തിയാകുന്ന ശക്തിയേറിയ ആയുധം കയ്യിൽ വേണം. ഒരു ഭാഷയിലെ കൃതി വായിച്ചു രസിക്കുന്നതിനു വേറെയൊരു ഭാഷയുടെ ജ്ഞാനം ആവശ്യമല്ല എന്നു ചോദിക്കുന്നവരുടെ അഭിപ്രായത്തിൽ ചില യുക്തികളും ന്യായങ്ങളും കണ്ടേക്കാം! എന്നാലും ഈ വക കൃതികളുടെ രൂപം ഇനി മാററാനാകിത്തീർക്കാവുന്നതല്ലല്ലോ. അവയെ ഉപേക്ഷിക്കുന്നതും അയുക്തം തന്നെ. സംസ്കൃതവും ഭാഷയും തമ്മിൽ ശ്രീകാന്തനും ശ്രീരമയും ഇണങ്ങി ചേരുന്നതായാൽ ആ പ്രകാരമുള്ള ഒരു സാഹിത്യത്തിന് എത്രമാത്രം ഉൽകൃഷ്ടപാരമ്യത്തെ പ്രാപിക്കുവാൻ കഴിയുമെന്നതിനു തികഞ്ഞ ഉദാഹരണമാണു രാമായണചമ്പു.

ചമ്പുക്കളിലെ മണിപ്രവാളരീതിയൊന്നു വേറെയാകുന്നു. കേവലം സംസ്കൃതത്തിലും ഭാഷയിലും ഉള്ള പദങ്ങളെ ഘടിപ്പിക്കുന്നതുകൊണ്ടു് ആ രീതിയുടെ സ്വാരസ്യം ലഭിക്കുകയില്ല. കഥകളികളുടെ ഭാഷാരീതി സംസ്കൃതപ്രചുരമായ ഒന്നാണ്. എന്നാൽ അതിനു ചമ്പുക്കളുടെ രീതിയ്ക്കുള്ള അനേകവൈചിത്ര്യമായ ഒരു സ്വാതന്ത്ര്യം കിട്ടിയിട്ടില്ല.

"നളിന[illegible] ഇതിപാദങ്ങളെ[illegible]
കരകമലം കൊണ്ട[illegible]
പദയുഗ[illegible] പരിപാലിത[illegible]"

എന്നും മറ്റും ചില കഥകളിയിലുള്ളതാകുന്നു. സംസ്കൃതത്തിൽ

എളുപ്പത്തിൽ കവിതയെഴുതാവുന്ന ഒരു വികൃതഭാഷയാണെന്നു ഈ രീതിയെക്കുറിച്ചു പറയാം. ഈ ദോഷം സബലമായ പദഘടനയെ ആശ്രയിച്ചിരിക്കുന്നു. പദങ്ങളുടെ സംഘടനയിൽ ഉള്ള പ്രത്യേക നിഷ്കർഷ ചമ്പൂപ്രബന്ധകർത്താക്കന്മാരുടെ ഒരു വിശിഷ്ടഗുണമാകുന്നു. ഈ ഗുണംകൊണ്ടാണു രാമായണചമ്പുവിനു് ഇത്രമാത്രം പ്രൗഢിയും സൌകുമാര്യ്യവും ലഭിച്ചിരിക്കുന്നതു്. വാസ്തവത്തിൽ മധുരമധുരഭാഷാസംസ്കൃതശബ്ദസമ്മേളനസരളിമയായ കാവ്യവാണീവിഭൂതിയുടെ സ്തനാംശങ്ങളാണു ചമ്പുക്കൾ. ഈ രീതിയുടെ സ്വാദു അറിഞ്ഞിട്ടുള്ള പണ്ഡിതന്മാർ ചമ്പുക്കളെ കണ്ണിൽനിന്നു താഴെ വയ്ക്കുന്ന സമയം ചുരുങ്ങും.

ചമ്പുക്കളുടെ പ്രതാപമാർത്താണ്ഡൻ അസ്തംഗതനായതിന്റെ ശേഷവും ദീർഘകാലം അവയുടെ ഭാഷാരീതി ഭാഷാലോകത്തെ ഭരിച്ചിരുന്നു. ചെല്ലൂർനാഥസ്തോത്രം മുതലായവയിൽ ചമ്പുക്കളുടെ ഭാഷാരീതിതന്നെ കാണുന്നു. ചമ്പുക്കളുടെ അഭിവൃദ്ധി നിലച്ചതിന്റെശേഷം ഉണ്ടായിട്ടുള്ള ഒരു കാവ്യമാകുന്നു ചന്ദ്രോത്സവം. ഈ കാവ്യത്തിലെ ഭാഷാരീതി ചമ്പുക്കളുടേതുതന്നെ. ചെലപ്പറമ്പിന്റെ ഭാഷാരീതി ചമ്പുക്കളുടേതിൽനിന്നു ഭിന്നമല്ല. അടുത്തകാലത്തു ജീവിച്ചിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ചമ്പുക്കളുടെ ഭാഷാരീതിയെ വളരെ ആദരിച്ചിട്ടുള്ള ഒരു മഹാകവിയാകുന്നു. അവിടത്തെ ശാകുന്തളം പദ്മനാഭപാദപദ്മശതകം മുതലായ കൃതികൾ ഉദാഹരിക്കപ്പെടാം. ഇതിൽനിന്നൊക്കെ ചമ്പുക്കളുടെ ഭാഷാരീതിക്കു ഭാഷാലോകത്തിൽ മഹത്തായ പ്രതിഷ്ഠ കിട്ടിയിരുന്നു എന്നു മനസ്സിലാക്കുവാൻ ക്ലേശമില്ല. ലീലാതിലകത്തിൽ ഉദാഹരിക്കപ്പെട്ടിട്ടുള്ള പല പദ്യങ്ങളിലും ചമ്പുക്കളുടെ ഭാഷാരീതിയുടെ സ്വാദു ഉണ്ടു്. ഭാഷാചമ്പുക്കളുടെ ആവിർഭാവത്തിനു മുൻപുതന്നെ, ഏറെക്കുറെ തത്തുല്യമായ ഒരു ഭാഷാരീതി പക്ഷേ പ്രചരിച്ചിരുന്നിരിക്കാം എന്നു

ഉത്ഭവം തോന്നുന്നു. ഇതിന്റെ വാസ്തവം എങ്ങിനെയെങ്കിലും ഇരിക്കട്ടെ; ശൈവ്വാണീകൈരളിമാർ അകമേയും പുറമേയും ഇണങ്ങി കയ്യുംകോർത്തുപിടിച്ചുകൊണ്ടു വിഹരിക്കുന്ന സൌഭാഗ്യം അനുഭവിക്കണമെന്നുള്ള സഹൃദയന്മാർക്കു ചമ്പുക്കളേയും വിശേഷിച്ചു രാമായണംപ്രബന്ധത്തേയുംകാൾ വലിയ അനുഗ്രഹം വേറെ കിട്ടുന്നതല്ല.

നമ്മുടെ ഗണനയെ അർഹിക്കുന്ന പല ദോഷങ്ങളും രാമായണം പ്രബന്ധത്തിൽ ഉണ്ട്. എല്ലാ ചമ്പുക്കളിലും കാണുന്ന ഒരു പ്രധാന ദോഷമാണ് യതിഭംഗം. ഈ ദോഷം രാമായണം പ്രബന്ധത്തിന്റെ പല ഭാഗങ്ങളേയും കർണ്ണശല്യകരങ്ങളാക്കുന്നുണ്ട്. സംസ്കൃതവൃത്തങ്ങളിൽ ഈ ദോഷം സുസഹമല്ല.

"ദേവാലപാനസ്ഥലായിതം മാരുതിയെ മഹിതവെണ്ണീറായിൽ**"

ഇവിടെ മാരുതിയെ (മാരുതിയെന്നു) വെട്ടിമുറിച്ചതു കഷ്ടമായി. രാക്ഷസന്മാരുടെ ബാണംകൊണ്ടു മാരുതിക്കു ഉണ്ടായിട്ടുള്ള മുറിവുകൾ കാലാന്തരേണ ഉണങ്ങുന്നവയാണ്. ഈ മുറിവു അങ്ങിനെയുള്ള ഒന്നല്ല.

"കിഷ്കിന്ധായുവരാജനോടൊരുമിച്ചു വിയോഗം പൂണ്ടവൻ"

ഇവിടെ 'വിയോ' എന്നിടത്തു യതി നില്ക്കുന്നു. അതിനാൽ 'ഗംപൂണ്ടവൻ' എന്നു വായിക്കണം.

"പൂരായിൽ മകുടം തെളിഞ്ഞു മലമാരുതം വെൻക**"

ഇവിടെ 'മാരുതി'യുടെ മുറിവു 'മലമാരുതം' പാറിയിരിക്കുന്നു.

"ശ്രീരാഘവൻ താഴെപ്പതിഞ്ഞ അൻപിനോടു ചുവടുറച്ചു നിന്നു**"

ഇവിടെ 'അൻപിനെ' രണ്ടാക്കിയതും നന്നായില്ല. ഈ മാതിരി യതിഭംഗങ്ങൾ പല പദ്യങ്ങളിലും കാണുന്നു. ഇവ ശ്രവണസൌഭാഗ്യത്തെ ഹരിക്കുന്നവതന്നെയാകുന്നു.

ഭാഷാസംസ്കൃതപദഘടനയിലുള്ള നിരങ്കുശതയാണു മറെറാരു ദോഷം. ശുദ്ധസംസ്കൃതപദ്യത്തിന്റെ ആദ്യം കാണാ

ന്ന കോണിൽ ചിലപ്പോഴം വല്ല ഭാഷാപദവും ഉപയോഗിക്കും. അതുപോലെ പച്ച മലയാളത്തിന്റെ നടുത്തു സംസ്കൃതക്രിയാപദവും ചേക്കും. ഇതാണു നിരങ്കുശതയുടെ സ്വഭാവം.

ശമിതശ്രുതിസ്മൃതിയുമസാവീൽ
ഹേതുശോവിലിനപാപമഗ സൌമിത്രയതതി
നയകാഴ്ന്നായനേകകാണ്ഡു"
ശോഭീചന്നമഴ്പൂരീചക്രേ"

ഈ ഭാഗങ്ങളിൽനിന്നു മുൻപറഞ്ഞ നിരങ്കുശതയുടെ സ്വഭാവം മനസ്സിലാക്കാം. 'അസാവീൽ' 'ഊരീചക്രേ' എന്ന ക്രിയാപദങ്ങൾ നിരങ്കുശമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതു്.

സമസ്തപദത്തിൽ വിശേഷണം ചേക്കുക, ഭാഷയിലും സംസ്കൃതത്തിലും ഉള്ള പദങ്ങൾക്കു ക്ലിഷ്ടമായവിധം സമാസം ഉണ്ടാക്കേണ്ടിവരിക എന്നിവ നിസ്സാരമല്ലാത്ത ചില ദോഷങ്ങളാകുന്നു.

ധൃഷ്ടതരനാം ബാലിവധത്തിനു'

എന്ന പ്രയോഗം നോക്കുക. ധൃഷ്ടതരൻ എന്ന പദം ബാലിയെയാണ വിശേഷിപ്പിക്കേണ്ടതു്. ഘടനയുടെ വൈകൃത്യംകൊണ്ട് അതു 'വധത്തെ' വിശേഷിപ്പിക്കുന്നതായിഭവിച്ചിരിക്കുന്നു.

വലമഥനൻതൻ കരഭുവിമിന്നും
വജ്രാപാതഭയേനനിരുദ്ധം'

ഇതും മുൻപു കാണിച്ചതുപോലെയുള്ള ഒരു വികൃതപ്രയോഗമാണ്. വലമഥനന്റെ കയ്യിൽ മിന്നുന്നതു വജ്രമാണു, ഭയമല്ല. മിന്നും എന്ന പദം വജ്രത്തോടു ചേരുന്നതല്ല. സമസ്തപദം സ്വീകരിച്ചതുകൊണ്ടു ഈ ക്ലേശം നേരിട്ടതാണ്.

'പാകലിമവൃകകിങ്ങിട്ടകാവ്യാദിതാകാം'
'അധരമണിരയമേതൽക്കുന്ന നിശ്വാസതാപം'
'ക്രേയ്ത്രാചമ്മേടിന മദലതതാച്ചാസവാവാഗ്നിവൃകാം'

എന്നീ ഘട്ടങ്ങളിലും മുൻപറഞ്ഞ ദോഷങ്ങൾ പ്രകടമായിക്കാണുന്നു. 'മകിണ്ണീടുന്ന' അന്വയംകൊണ്ട് അഭിരാമ എന്നതിന് അർത്ഥം കിട്ടുന്നില്ല. 'അസ്യൂതന്റെ പ്രത്യേകം പഠിഞ്ഞതോ ആകണം. ഇപ്പോഴത്തെ സ്ഥിതിയിൽ 'മകിണ്ണീ' ടുമെന്ന പദം 'അഭിരാമ'യോട് ചേരുന്നു. ഈ ദോഷം മറ്റു രണ്ടുദാഹരണങ്ങളിലും കണ്ടുകൊള്ളണം.

പോരും തെളിഞ്ഞിതകകാമ്പു നമുക്കിദാനീം'

ഇവിടെ 'അകകാമ്പു' സ്വഭാവമുള്ള പ്രയോഗമല്ല. ഭാഷയുടെ സ്ഥിതിക്ക 'അകക്കാമ്പ്' ആകണം. ഇതുപോലെ 'മനക്കാമ്പും'' ഈ പ്രബന്ധത്തിൽ ധാരാളമുണ്ട്.

അതിദൈർഘ്യം കൂടിയ സമാസങ്ങൾ സംസ്കൃതഗദ്യങ്ങളിൽ അധികമായി കാണുന്നു. ബാണാദികാവ്യമാർഗ്ഗങ്ങളിൽ പരിചയം സമ്പാദിച്ചിട്ടുള്ളവർ ഇതിനെ ഒരു ദോഷമായി ഗണിക്കുകയില്ലായിരിക്കാം. എന്നാൽ അവയിൽ സമാസക്ലേശം അധികമായിട്ടില്ലെന്നുള്ളത് ആരും സമ്മതിക്കുകതന്നെ ചെയ്യും.

സാധാരണ വായനക്കാർക്ക് അനുഗമിക്കുവാൻ വിഷമത തോന്നത്തക്കവിധം ആശയങ്ങളെ ദൈർഘ്യത്തോടുകൂടി ഘടിപ്പിക്കുന്നതു ചിലർ ഒരു ദോഷമായി ഗണിച്ചേക്കുവാൻ ഇടയുണ്ട്.

നിർമ്മലചന്ദ്രികാകാലം പാർത്തിഹ
നിരുപമിതന ദൃശ്യമഹിമയും.
വല്ലുല്ലരാജി പുഷ്പമഹോദക.
വിടപാങ്ങളിലെ മധുരമാർഗ്ഗ
ഹിന്ദിപ്പുഞ്ചിന സവിധകുണങ്ങൾ ശ-
രങ്ങൾകണ്ടക്ക സ്ഥാനതേറിച്ചുത-
കരാളാക്യ്യാഗാസ്വരർദ്ധിതക.
വിച്ചുളുക്കളോടു മന്ദമാരുതവി
ഭാരമിനിന്നു കിഴക്കൻദിക്കിൽ
കാന്തനാകരഞ്ഞോടുക്കണക്ക
തെളിവിലുദിക്കും ദിനകരരൂപക.

മാഗ്രം തട്ടിപ്പോട്ടകൊട്ടളുമി-
ളുന്തപിരിത്ത സുവർണ്ണസരോജഗം.
സൌരഭ്യധാസിക കല്യാണീദിന
ലക്ഷ്മീമിഴിനിഴൽ നാട്ടകമിതോരും
വീട്ടകമിതോരും പലപലകപലവഴി
ചെമ്പചിതറി നിറഞ്ഞുതുടങ്ങി.'

രാവണന്റെ വധാനന്തരം എല്ലാ ദിക്കിലും ഐശ്വര്യമുണ്ടായി എന്നേ പറയേണ്ടതുള്ളു. അതിനു ബ്രാഹ്മണരുടെ സന്ധ്യാവന്ദനം മന്ദേഹന്മാരുടെ മരണം സൂര്യന്റെ ഉദയം താമരയുടെ വികാസം ലക്ഷ്മീദേവിയുടെ സുസ്ഥിതി എന്നിവയെ കൂട്ടിയിണക്കി ഒരു ദീർഘകല്പന കവി ചെയ്തിരിക്കുന്നു. ആശയത്തിന്റെ ദൈർഘ്യംകൊണ്ടു സാധാരണക്കാർക്ക് അതിനെ അനുഗമിക്കുവാൻ ക്ലേശം കാണും. എന്നാൽ വിചാരരസികന്മാരായ സഹൃദയന്മാർ ഈ വിധമുള്ള ആശയപ്രവാഹത്തെ കവിയുടെ ഗുണമായിട്ടേ കരുതുകയുള്ളു.

'ഭുവനവിജയിനാ രാവണാരാതിനാനോട്' എന്നും മറ്റും സംസ്കൃതത്തെ അനുസരിച്ചു ഭാഷയിൽ വിളക്കിപ്പാകത്തിൽ വരുത്തുന്നതു അധികംപേരും ദോഷമായിട്ടേ ഗണിക്കുകയുള്ളു. ഈ മാതിരി പ്രയോഗങ്ങൾ ചമ്പുക്കളിൽ സുലഭങ്ങളാണ്.

'ശ്രീമന്മാടനൃപാലവംശസുകൃതശ്രാവിനാ സീമന്തിനി-
സീമന്തപ്പൂമാലികയ്ക്കു വിലസല്ലായണ്യലീലാനിധേ'
(രാജരത്നാവലീയം)

ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ഈ ദോഷങ്ങളെ അത്ര സാരമായി ഗണിക്കുവാനുണ്ടോ എന്നു സംശയമാണ്.

ചില സന്ദർഭങ്ങളിൽ കവിയുടെ ഔചിത്യദൃഷ്ടി അപഥത്തിൽ ചാടിയിട്ടുള്ളതായി കാണാം.

'ചൊല്ലാം നിന്നോടു സീതാമങ്കളകിശലയനാ ശക്യതാം ഭാർഗ്ഗവോരസ്സ
ഭല്ലാതാപാപതന്തുടനിതു വധുരതാലാഭാൽ പ്രസാദാ
മെല്ലെന്നംബുജാസ്യം തടിനീവിരതരകേളീസ്ഥിതാ തുഷ്ടിമച്ചാ
ഉല്ലാസ്യിൽ കാൽപിടിച്ചീടുകയിതു ഗുരുകാരുണ്യവാനാശ്രിതേന്ദ്രാൻ'
(പരശുരാമവിജയം)

എന്നു ഭാൎഗ്ഗവനെക്കൊണ്ടും

'ഭൈക്ഷമേവാനിപ്രമേയം പരമമുനിവരന്നാശ്രമം ചെയ്യണ്ടില്ലോ
പോരൽ
ഭൈക്ഷ്യമിക്കാനിന്തപസ്സും ജടയുമയിരുമ്പം കണ്ണിയംഗീശപരന്നീ'

എന്നു രാമനെക്കൊണ്ടും പറയിക്കുന്ന ഭാഗം ഔചിത്യഭ്രംശത്തിന്നു ഉദാഹരിക്കപ്പെടാവുന്നതാണ്. ലൗകികവിഷയവിരക്തനായി മഹാത്യാഗിയായിരിക്കുന്ന പരശുരാമനെക്കൊണ്ടു ഒരു ധൂൎത്തനായ വിടന്റെ പോലെ ഈ വാക്കുകൾ പറയിച്ചതു് അയുക്തമായിരിക്കുന്നു. 'സീതയെ തന്നാൽ നിന്നെ വിടാം' എന്നു പരശുരാമന്റെ വാക്കു നിസ്തുല്യമായ വിടചാപല്യത്തെ കാണിക്കുന്നു. ഈവിധം പരശുരാമന്റെ മാഹാത്മ്യത്തിന്നു കോട്ടം തട്ടിച്ചതു ക്ഷമിക്കാവുന്ന അപരാധമല്ല. ശ്രീരാമന്റെ വിനയഗാംഭീര്യാദിഗുണങ്ങൾക്കും വാട്ടം തട്ടിയിരിക്കുന്നു.

(൧) യൽഗതിം മതിമതാം വരേപ്സിതാം
പുണ്യതീൎത്ഥഗമനായ രക്ഷമേ
പീഡയിഷ്യതി ന മാം വിഷീദതാ
സ്വൎഗ്ഗപദ്ധതിരഭോഗലോലുപം

എന്നു കാളിദാസർ പരശുരാമന്റെ മാഹാത്മ്യത്തെ വൎണ്ണിക്കുന്നു. ഇതിൽനിന്നു സ്വൎഗ്ഗസുഖത്തെക്കൂടി വളരെ നിസ്സാരമായിട്ടാണ് ആ മഹാത്യാഗി ഗണിക്കുന്നതെന്നു മനസ്സിലാക്കാം.

(൨) രാഘവാപചിതയെന്നു തപോനിധേഃ
ക്ഷമ്യതാമിതി വദൻ സമസ്പൃശൽ

എന്നു ശ്രീരാമന്റെ വിനയാദിഗുണങ്ങളെയും കാളിദാസർ പ്രകാശിപ്പിക്കുന്നു. ഇപ്രകാരം ശുദ്ധാത്മാക്കളായ രാമന്മാരെക്കൊണ്ടു മുൻപു കാണിച്ചവിധം ഒരു സംഭാഷണം ചെയ്യിച്ചതു് ഒരു സാധാരണകവിക്കു പോലും പറ്റാത്ത തെറ്റാകുന്നു.

---

(൧) സാരം:— മേൽവിവരിച്ച തീൎത്ഥസേവയോടുകൂടി കഴിച്ചുകൂട്ടണമെന്നു എനിക്കു ആഗ്രഹമുണ്ടു്. ഞാൻ വിരക്തനായി. എനിക്കു സ്വൎഗ്ഗത്തിന്നു ആഗ്രഹമില്ല.

(൨) രാമൻ തപസ്വിയായ ഭാൎഗ്ഗവന്റെ പാദങ്ങളെ വന്ദിച്ചു.

ഖരവധാനന്തരം ശൂൎപ്പണഖ രാവണസദസ്സിൽ ചെന്നു തനിക്കു നേരിട്ട ആപത്തിനെക്കുറിച്ചു പറയുന്ന ഭാഗം അശ്ലീലസ്പൃഷ്ടമായിരിക്കുന്നു.

ഇന്നിയല്ലോ പുരുഷകാന്തനു മമദയിതം നിന്നെയൊന്നിനുമാത്രമേ.
ഭിന്നാമൽകാന്തനാക്കിപ്പതിയെച്ചൊടു പുണരുന്നതിനു പുണ്യമാം
കൃണ്ണേതന്നെകലസ്ത്രീകളുർമ്മ പുണരും ഭാഗ്യവാനിന്നുമയോഗ്യം
തന്നെക്കൊണ്ടു സോദരീസംഗമത്തിനിമന്ദോദരീസംഗമേളം

സോദരനായ രാവണനോടു ശൂൎപ്പണഖ പറയുന്നതാണ് ഈ ഭാഗം എന്ന് ഓൎമ്മിക്കുമ്പോഴാണ് അശ്ലീലദോഷത്തിന്റെ ആധിക്യം വ്യക്തമാകുന്നതു്. 'സോദരീസംഗമം' 'മന്ദോദരീസംഗം' എന്നീ പദങ്ങൾ കുറെ അധികം നഗ്നവും ആയിട്ടുണ്ട്. വാസ്തവത്തിൽ ശൂൎപ്പണഖ അത്ര മൂഢയല്ല.

* പ്രമത്തഃ കാമഭോഗേഷു സ്വൈരവൃത്തോ നിരങ്കുശഃ
സമുത്പന്നം ഭയം ഘോരം ബോദ്ധവ്യം നാവബുദ്ധ്യസേ
സക്തം ഗ്രാമ്യേഷു ഭോഗേഷു കാമവൃത്തം മഹീപതിം
ലുബ്ധം ന ബഹുമന്യന്തേ ശ്മശാനാഗ്നിമിവ പ്രജാഃ

(വാല്മീകിരാമായണം)

ഇത്യാദി ശൂൎപ്പണഖയുടെ വാക്കിൽനിന്നു അവൾ ധൎമ്മത്തെക്കുറിച്ചു ജ്ഞാനമുള്ളവളാണെന്നു മനസ്സിലാക്കാം. ആ വിധമാണു ശ്രീവാല്മീകി അവളെ സൃഷ്ടിച്ചിരിക്കുന്നതു്. ഈ സ്ഥിതിക്കു ഇത്രമാത്രം നീചവും അശ്ലീലദുഷ്ടവും ആയ വാക്ക് അവളെക്കൊണ്ടു പറയിപ്പിച്ചതു് അല്പവും നന്നായില്ല. സഹൃദയന്മാൎക്ക് ഈ ഭാഗം അത്യന്തം വൈരസ്യജനകമായിരിക്കുന്നു.

രാവണവധാനന്തരം സീത തന്റെ മുമ്പിൽ വന്ന സന്ദൎഭത്തിൽ രാമൻ ദേവിയോടു പറയുന്ന വാക്കുകൾ അനൌചിത്യം തികഞ്ഞവയാകുന്നു.

---

* സാരം:—പ്രമത്തനും കാമിയുമായി കഴിച്ചുകൂട്ടുന്ന നീ ഭയങ്കരമായ ആപത്തു വന്നിരിക്കുന്ന കഥ അറിയുന്നില്ല. അതു് അറിയേണ്ടതാണ്. ഗ്രാമ്യസുഖപ്രിയനും കാമവൃത്തനും ആയ രാജാവിനെ ചുടുകാട്ടിലെ തീയിനെപ്പോലെയേ ജനങ്ങൾ കരുതുകയുള്ളു. മാനിക്കയില്ല.

'അന്വേഷിച്ചുചെന്നതിനൊപ്പിച്ചുണ്ടികസുമകരംതീർത്തൊന്നെചൊല്ലി—
പോയ്ച്ചേർന്നായ്രാക്ഷസക്ഷേത്രം രക്ഷസിപാർത്തതൊരുസങ്കേതമല്ലയോ'

*　　*　　*　　*　　*

'പൌരുഷംകൊണ്ടുകളിപ്പാനിതുകര വിരുതിൽ കൊണ്ടുവന്നെയെന്നിങ്ങും
നമ്മോടിനിയപേക്ഷിച്ചതുമൊരുചതിയെന്നറിഞ്ഞിടിനേ? ഞാൻ'

*　　*　　*　　*　　*

എന്നു ഈ സന്ദർഭത്തിൽ രാമൻ പറയുന്നു. ഇതു അതിരുകടന്ന ഒരു പരുഷവാക്പ്രയോഗമായിപ്പോയി. സീത മുൻപേതന്നെ സങ്കേതഭൂമിയിൽവച്ച് രാക്ഷസന്മാരുമായി പറഞ്ഞൊത്തു. അതനുസരിച്ച് 'മാറിടൊപ്പിടിച്ചുതരണം' എന്നു പറഞ്ഞു രാമനെ അകററി. ലക്ഷ്മണനേയും സീത മനഃപൂർവ്വം മാററുകയാണു ചെയ്തതു്. ഇപ്രകാരം സ്വന്തം ആഗ്രഹത്തോടുകൂടിത്തന്നെയാണു സീത രാവണനെ പ്രാപിച്ചതു്. ഇതാണു മുൻപു പറഞ്ഞ രാമവാക്യത്തിന്റെ സാരം. 'ജനനംമുതൽ ചതിയറി'യാത്ത സാധ്വിയായ സീതയോടാണു രാമൻ ഇപ്രകാരം പറയുന്നതു്. വാസ്തവത്തിൽ രാമനു സീതയെക്കുറിച്ചു നല്ല അഭിപ്രായംതന്നെയാണു്. ജനങ്ങളെ ധരിപ്പിക്കുവാൻവേണ്ടി രാമൻ ഇപ്രകാരം പറയുന്നതാണെന്നതിനും സംശയമില്ല. എങ്കിലും ഇത്രയും പാരുഷ്യമേറിയ വാക്കുകൾ ഉപയോഗിക്കുവാൻ പാടില്ല. 'വേശ്യാസീമന്തമേ!' എന്നാണു ഇവിടെ രാമൻ സീതയെ വിളിക്കുന്നതു്. അഗ്നിയിൽ ചാടിയിട്ടും ശുദ്ധയാകാതിരുന്ന സീതയെ ഈ വാക്കു എത്രമാത്രം ഖേദിപ്പിച്ചിരിക്കണം എന്നു പറയാവുന്നതല്ല. ഗൌരവമായ സീതയുടെ ശുദ്ധിയിൽ ശങ്ക ജനിക്കുന്നതു യുക്തമാണു്. എന്നാൽ വാസ്തവം എല്ലാം (അംഗരാഗത്തിന്റെ കഥയും മറ്റും) അറിയുന്നവനാണു രാമൻ. ആ രാമന്റെ മുഖത്തുനിന്നാണു് 'വേശ്യാസീമന്തമേ' എന്ന വാഗ്ബാണം ഉണ്ടാകുന്നതു്. ഇവിടെ വാല്മീകിയെ സ്മരിച്ചാൽ നമ്മുടെ സംശയങ്ങൾ ഒക്കെ തീരുന്നതാണു്.

* പ്രാപ്തചാരിത്രസന്ദേഹാ മമ പ്രതിമുഖേ സ്ഥിതാ
ദീപോനേത്രാതുരസ്യേവ പ്രതികൂലാസി മേ ദൃഢാ
കഃ പുമാംസ്തു കുലേജാതഃ സ്ത്രിയം പരഗൃഹോഷിതാം
തേജസ്വീ പുനരാദദ്യാൽ സുഹൃല്ലോഭേന ചേതസാ
രാവണാങ്കപരിക്ലിഷ്ടാം ദൃഷ്ടാം ദുഷ്ടേന ചക്ഷുഷാ
കഥം ത്വാം പുനരാദദ്യാം കുലം വ്യപദിശൻ മഹൽ

(വാല്മീകിരാമായണം)

എന്നു രാമൻ സീതയോടു പറയുന്ന ഭാഗം വളരെ ഗംഭീരമായിരിക്കുന്നു. 'ദീപോനേത്രാതുരസ്യേവ' എന്ന ഭാഗംകൊണ്ടു്, വാസ്തവത്തിൽ എനിക്കാണു നിനക്കല്ല ദോഷം എന്നുകൂടി, രാമന്റെ വാക്കിൽനിന്നു വ്യക്തമാകുന്നുണ്ടിരിക്കുന്നു. ഇവിടെ രാമന്റെ വാക്കുകൾക്കു് അല്പവും പാരുഷ്യമില്ല. അവ ധർമ്മയുക്തങ്ങളായിത്തന്നെയിരിക്കുന്നു. ശ്രീരാമന്റെ ഉത്തമനായകത്വത്തിനു് ഈ വാക്കുകൾ അനുകൂലങ്ങളാകുന്നു. ഇവിടെയും പുറത്തിന്റെ അപരാധം ഗണനീയങ്ങളായിരിക്കുന്നില്ല.

ഈ വക ദോഷങ്ങൾ എത്രമാത്രം സാരതരങ്ങളാണെങ്കിലും ഈ മഹാപ്രബന്ധത്തിന്റെ പൊതുവേയുള്ള ഉൽക്കർഷത്തെ അവ അല്പവും ബാധിക്കുന്നില്ലെന്നു പ്രത്യേകം മനസ്സിലാക്കേണ്ടതാകുന്നു. സംസ്കൃതത്തിലും ഭാഷയിലും ഉള്ള ചമ്പുക്കളിൽ രാമായണംതന്നെ പ്രഥമഗണനീയം. സ്വാതന്ത്ര്യങ്ങളും നാനാമുഖങ്ങളും നൂതനങ്ങളും ആയ കല്പനകളുടെ ബാഹുല്യംകൊണ്ടും വിശേഷിച്ചു് കഥാവസ്തുവിന്റെ സർവ്വാംശങ്ങളിലും ചെയ്തിരിക്കുന്ന ഗാഢവും വിപുലവും ആയ സംസ്പർശംകൊണ്ടും ഭാഷാരാമായണചമ്പു സംസ്കൃതത്തിലുള്ള രാമായണം

* സാരം:—എന്റെ മുൻപിൽ നില്ക്കുന്ന നിന്റെ ചാരിത്രശുദ്ധിയെ കുറിച്ചു് എനിക്കു ശങ്ക തോന്നുന്നു. നേത്രരോഗിക്കു വിളക്കുപോലെ നീ എനിക്കു പ്രതികൂലയായിബ്ഭവിച്ചിരിക്കുന്നു. സൽക്കുലജാതനും മാനാഭിമാനങ്ങളോടു കൂടിയവനും ആയ ഒരു പുരുഷനും പരഗൃഹോഷിതയായ സ്ത്രീയെ സ്വീകരിക്കയില്ല. രാവണനാൽ സ്പർശിക്കപ്പെട്ടവളും ദുഷ്ടികാമത്തോടുകൂടി നോക്കപ്പെട്ടവളും ആയ നിന്നെ സ്വീകരിക്കുന്നതു ശരിയല്ല.

പ്രബന്ധത്തെ വളരെ താഴ്ത്തി വയ്ക്കുന്നു എന്നു സഹൃദയന്മാർ സമ്മതിക്കുന്നതാണ്. കാളിദാസന്റെ ഉപമ, ഭാരവിയുടെ അൎത്ഥഗൌരവം, ദണ്ഡിയുടെ പദലാളിത്യം മുതലായ പ്രസിദ്ധഗുണങ്ങളെല്ലാം ഏകത്ര ചേൎന്നു പരിലസിക്കുന്നതു രാമായണചമ്പുവിലാകുന്നു. മൂകന്റെ കല്പനാനാനാത്വം, ത്രിവിക്രമാദികളുടെ വക്രോക്തിവിലാസം എന്നീ ഗുണങ്ങൾക്കും ഈ പ്രബന്ധം വിഹാരരംഗമാകുന്നു. മേപ്പത്തൂരിന്റെ ഭക്തി, എഴുത്തച്ഛന്റെ ശാന്തി, കുഞ്ചന്റെ ഹാസ്യം, ഉണ്ണായിയുടെ പ്രൌഢി എന്നിവയും രാമായണം പ്രബന്ധത്തിൽ യഥോചിതം പരിലസിക്കുന്ന ഗുണങ്ങളാകുന്നു. ഗംഭീരാശയനായ എഴുത്തച്ഛന്റെ മുൻപിൽ, ഗുരുവിന്റെ സമീപത്തു ഭക്തയായ ശിഷ്യയെപ്പോലെയാണു സരസ്വതീദേവി വിനീതയായിട്ടു പെരുമാറുന്നതു. പരിഹാസരസികനായ കുഞ്ചന്റെ അടുക്കൽ വിനോദപ്രിയയായ ഒരു പത്നിയുടേതാണു വാഗ്ദേവതയുടെ നില; ഉണ്ണായിവാരിയരുടെ അടുക്കൽ ചെറ്റുമാറാതൊട്ടുകൂടിയ ഒരു ഭൃത്യയെപ്പോലെ സരസ്വതി വ്യാപരിക്കുന്നു. എന്നാൽ

ഗൃഹിണീ സചിവസ്സഖീമിഥഃ
പ്രിയശിഷ്യാ ലളിതേ കലാവിധൌ

എന്നു കാളിദാസമഹാകവി സന്ദൎഭവശാൽ പറഞ്ഞിട്ടുള്ളതിന്റെ തത്വം അനുസരിച്ചുള്ള പ്രണയിനീധൎമ്മങ്ങളെ എല്ലാം യഥാവസരം നിൎവ്വഹിച്ചുകൊണ്ടു അനുരാഗപരവശയായി വാഗ്ദേവി സൎവ്വദാ പരിലസിക്കുന്നതു പുനത്തിന്റെ അടുക്കൽ മാത്രമാകുന്നു. ഇതാണു പുനത്തിനും ഇതരകവികൾക്കും ഉള്ള വ്യത്യാസം. രാമായണം പ്രബന്ധത്തിന്റെ ഏതംശത്തിനും ഈ അഭിപ്രായത്തിന്റെ സാധുത്വം തെളിയിക്കുവാനുള്ള ശക്തിയുണ്ട്. രാമായണത്തിൽ കയ്യുവെച്ചു വിജയം നേടിയിട്ടുള്ളവരായി (സംസ്കൃതത്തിലും ഭാഷയിലും) അസംഖ്യം കവികളുടെ പേർ പറയാവുന്നതാണ്. പുനം അവരെ ഓരോരുത്തരെയും ജയിച്ചിരിക്കുന്ന സന്ദൎഭങ്ങൾ സുലഭങ്ങളാകുന്നു. 'ക

വിജ്ഞാതാപൂർവ്വാർത്ഥപ്രപാതനേന' എന്നു ശ്രീഹർഷമഹാകവി നൈഷധമഹാകാവ്യത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം രാമായണചമ്പുവിനും യോജിക്കും. എന്തെന്നാൽ പുനത്തിന്റെ മാർഗ്ഗം മറ്റു കവികൾ കണ്ടു കാൽവെച്ചിട്ടുള്ളതൊന്നല്ല. സർവ്വഥാ ഭാഷക്കു് അത്യന്തം അഭിമാനജനകമായ ഒരു ദിവ്യനിധിയാണു രാമായണചമ്പു എന്നു പറയാൻ മടിക്കേണ്ടതില്ല.

"വാചാമനന്തഭട്ടകവേസ്ത്വയൈവ മൂല്യം"

(സം. ഭാരതചമ്പു)

എന്ന് അനന്തഭട്ടൻ സ്വകൃതിക്കു വില നിശ്ചയിക്കുന്നതായി (ഭാരതചമ്പുവിൽ) കാണുന്നു. ഈ വാക്യത്തെ അല്പം വ്യത്യാസപ്പെടുത്തി

"വാചാം പുനസ്യ ഭുവനത്രയമേവ മൂല്യം"

എന്നാക്കിയാൽ പുനത്തിന്റെ രാമായണചമ്പുവിന്റെ നിലക്കു് അതു യോജിക്കുന്നതാണ്. എന്തെന്നാൽ സ്വർഗ്ഗാദി ലോകത്രയം തന്നെ പുനത്തിന്റെ വാക്പ്രപഞ്ചത്തിന്റെ ശരിയായ വില. ഇത്ര മാത്രം ഭാവനാരസികനും സർവ്വതന്ത്രസ്വതന്ത്രനും അനുഗൃഹീതനും ആയ ഒരു മഹാകവി വേറെ ഉണ്ടായിട്ടില്ല.

അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിരമഃ
പുളകോദ്ഗമകാരിവചഃ പ്രസരം
പുനമേവ പുനഃ പുനരുന്നമഥ

എന്ന പണ്ഡിതകവികേസരിയായ ഉദ്ദണ്ഡൻ നമ്മുടെ കവിയെക്കുറിച്ചു ചെയ്തിരിക്കുന്ന പ്രശംസയെ വീണ്ടും വീണ്ടും അഞ്ജലിബന്ധത്തോടും പുളകസമുദ്ഗമത്തോടുംകൂടി സ്മരിക്കാതിരിക്കുവാൻ സഹൃദയന്മാർക്കു സാധിക്കുന്നതല്ല. ഇതിലുമധികം ഉന്നതമായ എന്തൊരു സൌഭാഗ്യമാണു് ഒരു കവിക്കു ലഭിക്കുവാനുള്ളതു്!

പുനത്തിന്റെ പ്രബന്ധങ്ങളുടെ അടുത്തു നില്ക്കുവാനുള്ള

സൌഭാഗ്യം മഹിഷമംഗലത്തിന്റെ നൈഷധചമ്പുവിനാണു ലഭിച്ചിരിക്കുന്നതു്. സംസ്കൃതത്തിൽ ഒരു ഭാണവും ആശൌചഗ്രന്ഥവുംകൂടി ഈ കവി നിൎമ്മിച്ചിട്ടുണ്ടു്. ജ്യോതിഷം സംബന്ധിച്ചും ചില ഗ്രന്ഥങ്ങൾ മഹിഷമംഗലം രചിച്ചിട്ടുള്ളതായി കാണുന്നു. കാവ്യമാലയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൊടിവിരഹത്തിന്റെ കൎത്താവു് ഒരു മഹിഷമംഗലമാണു്; ഈ കവി നൈഷധചമ്പുകൎത്താവിൽനിന്നു ഭിന്നനാകുന്നു. ഈ കൊടിവിരഹം മേപ്പത്തൂർ ഭട്ടതിരിയുടെ കൃതിയാണെന്നു ചിലർ പറയുന്നതു ശരിയല്ല. മഹിഷമംഗലത്തിന്റെ കൃതികളിൽ ഇഷ്ടദേവതയായ വലയാധീശ്വരിയുടെ (ഊരകത്തു ഭഗവതി—പെരുമനം) സ്തോത്രം കാണാവുന്നതാണു്.

നൈഷധചമ്പുവിൽ പൂൎവ്വം ഉത്തരം എന്നു രണ്ടു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോ ഭാഗവും പ്രത്യേകം ഓരോ സ്തുതികൊണ്ടാണു് തുടങ്ങുന്നതു്. ദമയന്തീസ്വയംവരം കഴിഞ്ഞു നളൻ സുഖമായിരിക്കുന്നതുവരെയുള്ള കഥാംശം പൂൎവ്വഭാഗത്തിലും ശേഷമുള്ളതു് ഉത്തരഭാഗത്തിലും അടങ്ങിയിരിക്കുന്നു. നളന്റെ രാജ്യഭരണം ഹംസത്തിന്റെ ദൌത്യം വിരഹം വിവാഹം മുതലായവയെ ഒന്നാംഭാഗത്തിൽ കവി വളരെ പ്രൌഢിയോടും ചാതുൎയ്യത്തോടുംകൂടി വൎണ്ണിക്കുന്നുണ്ടു്. രാജസദസ്സിലേക്കു പ്രവേശിക്കുവാൻ ദമയന്തിയെ തയാറാക്കുന്നതു അതിപ്രൌഢകമനീയമായ ഒരു സംസ്കൃതഗദ്യംകൊണ്ടാകുന്നു. ശബ്ദാൎത്ഥാലങ്കാരങ്ങളുടെ സൎവ്വവിധാഡംബരങ്ങളും ഇത്രമാത്രം തികഞ്ഞു പരിലസിക്കുന്ന ഒരു ഗദ്യം ഭാഷയിൽ പുനത്തിന്റെ കൃതികളിലേ കാണുകയുള്ളൂ. ബാണൻ സുബന്ധു മേപ്പത്തൂർ മുതലായ സംസ്കൃതകവികളുടെ നായികാവൎണ്ണനാത്മകങ്ങളായ ഗദ്യങ്ങളുടെ സാഹോദൎയ്യത്തെ ഈ ഗദ്യത്തിനു കല്പിക്കാവുന്നതാണു്. നളന്റെ ചൂതുകളി പരാജയം വനയാത്ര ദമയന്തിയുടെ വിരഹം മുതലായവ ഉത്തരഭാഗത്തിൽ വൎണ്ണിച്ചിട്ടുള്ള കഥാംശങ്ങളാകുന്നു. പുനത്തെപ്പോലെ മഹിഷമംഗലവും ഗദ്യങ്ങളെക്കൊണ്ടു വൎണ്ണനങ്ങളെ നിൎവ്വഹിക്കുന്നു.

പുനം വെട്ടിയിട്ടുള്ള ചമ്പുപ്രബന്ധധാരാവിൽകൂടിയാണ മഹിഷമംഗലത്തിന്റെ സഞ്ചാരം. ഭാഷയുടെ രീതി വൎണ്ണനത്തിന്റെ സ്വഭാവം അൎത്ഥകല്പന മുതലായവയിലെല്ലാം പുനത്തിനു മഹിഷമംഗലം വളരെ കടപ്പെട്ടിരിക്കുന്നു. മഹിഷമംഗലം സ്വതന്ത്രകവിയല്ലെന്നു് ഇതുകൊണ്ടു് അൎത്ഥമാക്കേണ്ടതില്ല; പുനം കാണിച്ചു കൊടുത്തിരിക്കുന്ന മാൎഗ്ഗത്തെ ലംഘിക്കാത്ത ഒന്നാണ മഹിഷമംഗലത്തിന്റെ സ്വാതന്ത്ര്യം.

വിവാഹത്തിനു നാനാദേശങ്ങളിൽനിന്നു വന്നുചേൎന്നിരിക്കുന്ന നാനാജാതി ജനങ്ങളുടേയും രാജാക്കന്മാരുടേയും ചാപല്യങ്ങളെ കവി നല്ല ഫലിതചാതുൎയ്യത്തോടുകൂടി വൎണ്ണിച്ചിരിക്കുന്നു. 'ഇനാത്തേടം' കഴിച്ചു കൂട്ടുവാൻ ബുദ്ധിമുട്ടുന്ന രാജാക്കന്മാർ രാത്രിയെ യുഗശതസദൃശിയായി കല്പിക്കുന്നതും മറ്റും മഹിഷമംഗലത്തിന്റെ ഫലിതസന്താനങ്ങളാകുന്നു. ദമയന്തീപരിണയത്തിനു വന്ന എല്ലാ രാജാക്കന്മാരേയുംകൊണ്ടു കവി വിവാഹം ചെയ്യിക്കുന്നുണ്ടു്. നളഭിന്നന്മാരായ രാജാക്കന്മാർ 'ത്രപാനാമധേയ'യായ 'കന്യ'യെയാണ വിവാഹം ചെയ്യുന്നതെന്നു വ്യത്യാസമേയുള്ളു. അലക്ഷ്മീദേവിയെ ആവാഹിച്ചു നളൻ ആടുന്ന 'അഖിലാധിനാശോദയം നാടക'ത്തിന്റെ സ്വഭാവത്തേയും കവി സരസമായി വൎണ്ണിച്ചിരിക്കുന്നു. ദമയന്തിയുടെ വനസഞ്ചാരക്ലേശത്തെ വൎണ്ണിക്കുന്ന ഭാഗം ആരുടെ ഹൃദയത്തേയും ദ്രവിപ്പിക്കുന്ന ഒന്നാകുന്നു.

നൈഷധചമ്പുവിൽ ഗുണപുഷ്ടികൊണ്ടു് ഉത്തരഭാഗം തന്നെ മുൻപിട്ടു നില്ക്കുന്നതായി തോന്നുന്നു.

ഘോരാരണ്യേ ദേവപാദാംബുധിയിൽ മുഴുകി മാഴ്കീടുമെന്നോടുകൂടി-
പ്പോരേണ്ടാ നിങ്ങളാരും ഗുണഗണസഖികളേ! കൎമ്മതാളൂഴം മേ
നേരേ കാണേണ്ട ചേൎന്നങ്ങിനൊരു സുഖമേ വാണു കൊണ്ടിരിപ്പിൻ കാ-
ന്താരേ പോകുന്നു വന്നു ശിരസി ലിഖിതമെന്തിന്നിതെന്നും നജാനേ.[2]

എന്നും മറ്റും ദമയന്തി സ്വസഖികളോടു യാത്ര പറഞ്ഞു വനത്തിലേക്കു പുറപ്പെടുന്ന ഭാഗം ആരുടെ മനസ്സിനേയും ആകൎഷിക്കാതിരിക്കയില്ല.

‘കാന്താരേ! ഹന്ത മാം ജനരഹിതവിപുലമഹാസിന്ധുരേന്ദ്രാതിഭീമേ
കാന്താരേ പേക്ഷ്യ കിമുചിതമപഹായ പാപിനീ ഗ്നനാഥേ
കാന്താന്വേഷണത്തുപവും നിജഗമനമിദം യാത്രയും ചൊല്ലിയേച്ചു
കാന്തമെന്നെപ്പിരിഞ്ഞീടുവതുചിതമിളച്ചു പറഞ്ഞു നീ പുണ്യരാശേ!’

ഇത്യാദി ദമയന്തീവിലാപവും അങ്ങിനെ തന്നെ. ദമയന്തീവിലാപത്തിൽനിന്നും രസപുഷ്ടമായ ഒരു പദ്യംകൂടി താഴെ ചേൎക്കാം.

‘നാഥേ! നീ കേഴിയാതേ വരിക വരിക നിൻ ദുഃഖം നീക്കി നിന്റെ
പാദൈകസംവാഹകയായി പ്രണയിനി! നയനേ മാകുലാ ബാഷ്പപൂരം
ചേൎത്താലത്യാദിവൃന്ദം തവ വചനസുധാമാധുരീമൊന്നു കേൾപ്പൂ
ജാതാനന്ദാശ്രുകങ്ങൾക്കണനിവ്വിധ പുണ്യമേ നൈവജാതേ.’

ശബ്ദത്തിന്റെ പ്രൌഢിമയും ഈ പദ്യത്തിൽ കുറവില്ല.

‘അസ്തഗിരിശിഖരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം’ എന്നു ആരംഭിക്കുന്ന ഒരു സന്ധ്യാവൎണ്ണനം ഉത്തരഭാഗത്തിൽ ഉണ്ടു്. ഈ ഗദ്യം അത്യന്തം മനോഹരമാണെന്നു മാത്രമേ ചുരുക്കത്തിൽ പറവാനുള്ളു.

‘കലയന്തി കരേ മാലാം ഇലയന്തീ തനും ശുചാ
ദമയന്തീ ഗതാ ഭൂശം നമയന്തീ മുഖാംബുജം’

ഇതു ശബ്ദംകൊണ്ടും അൎത്ഥംകൊണ്ടും സുന്ദരമായ ഒരു പദ്യമാകുന്നു. ഈ പദ്യത്തിലെ ഒന്നാംപാദംകൊണ്ടു (കയ്യിൽ മാലവഹിച്ച) നായികയുടെ വിവാഹോചിതമായ തല്ക്കാലവേഷത്തേയും രണ്ടാമത്തേതുകൊണ്ടു ശരീരസൌന്ദൎയ്യാധിക്യത്തേയും കവി കാണിച്ചു. നാലാംപാദംകൊണ്ടു കുലസ്ത്രീസാധാരണമായ ലജ്ജയെക്കുറിച്ചു. വിചാരചതുരന്മാൎക്കു മനോരഞ്ജനകങ്ങളായ പല പദ്യങ്ങളും ഈ ചമ്പുവിൽ ഉണ്ടു്.

‘പോരാതെതെന്നധി മാനസ ചകോരക ചകോരകേ’
‘ജ്ഞാനകനാഴിച്ചു കുന്തൽ മമ കുതുകമോ പൊഴുളു പൂരകേ’
‘ശേഷസമേ നളനെയിന്നു കണ്ടിതോ
ഹംസമേ! ഖഗകുലാവതംസകേ’

എന്നും മറ്റും ശബ്ദസൌന്ദൎയ്യം തികഞ്ഞ പ്രയോഗങ്ങളും ഈ ചമ്പുപ്രബന്ധത്തിൽ ധാരാളം കാണുന്നുണ്ടു്. മഹിഷ

മംഗലത്തിന്റെ ദലകങ്ങളിൽ നിസ്തുല്യമായ ശബ്ദവിലാസം കാണാവുന്നതാണ്.

ഭാഷയുടെ ഗുണദോഷങ്ങളെ സംബന്ധിച്ചിടത്തോളവും രാമായണചമ്പുവിനെക്കുറിച്ചു പുറപ്പെടുവിച്ച അഭിപ്രായങ്ങൾ നൈഷധചമ്പുവിനും യോജിക്കും. ദുസ്സഹങ്ങളായ യതിഭംഗാദിദോഷങ്ങൾ നൈഷധചമ്പുവിൽ കാണാവുന്നവയാണ്. രാമായണം പ്രബന്ധം എന്ന പോലെ, ഈ ചമ്പുവും അവ്യുല്പന്നന്മാർക്കു രസിക്കാവുന്ന ഒന്നല്ല.

നെയ്യിളുമ്പിക്കായാഃ കുചാപി മാധുര്യഭരഃ'

എന്ന് ഈ കവി ഒരു സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നതിന്റെ യാഥാർത്ഥ്യം പൊതുവേ നൈഷധചമ്പുവിനും യോജിക്കും. ഈ ചമ്പു ചാക്യാന്മാർ ഉപയോഗിച്ചു വന്നിരുന്നുവോ എന്നു സംശയമാണ്. മഹിഷമംഗലത്തിനു ഈ ഒരു സൽസന്താനത്തിന്റെ ജനകത്വംകൊണ്ടു പൂർണ്ണമായ കൃതാർത്ഥതയെ വഹിക്കാവുന്നതാണ്.

നവീനകാലത്ത് ഉണ്ടായിട്ടുള്ള ചമ്പുപ്രബന്ധങ്ങളെ സ്വതന്ത്രങ്ങൾ പരതന്ത്രങ്ങൾ എന്നു രണ്ടായി വിഭജിക്കാം. ഇവയിൽ സ്വതന്ത്രങ്ങളായവയുടെ സംഖ്യ വളരെ ചെറിയതാകുന്നു. ഉഷാകല്യാണം ഗൗരീപരിണയം (ലക്ഷ്മീപുരത്തു രവിവർമ്മ) സുജാതോദ്വാഹം (ഉള്ളൂർ പരമേശ്വരയ്യർ) പാലാഴിമഥനം (പി. ശങ്കരൻ നമ്പിയാർ) എന്നിങ്ങനെ ചുരുക്കം ചിലവയുടെ പേരുകൾ മാത്രമേ ഈ ഉന്നതത്തിൽ സ്മരണീയങ്ങളായി തോന്നുന്നുള്ളൂ. വാസ്തവത്തിൽ ചമ്പുപ്രസ്ഥാനത്തിന്റെ വസന്തോത്സവം കഴിഞ്ഞുപോയതായിത്തന്നെ വിചാരിക്കാം.

സർവ്വർത്തുമനോഹരങ്ങളായ ചൈത്രരഥോദ്യാനഭൂമികളിൽ ഇരുന്ന് ആത്മനിർവൃതി അനുഭവിക്കുന്നവർ പെട്ടെന്ന് ഈ ലോകത്തിലുള്ള വല്ല പൂന്തോട്ടങ്ങളിലേക്കോ, വ്യോമഗംഗാതരംഗങ്ങളിൽ വിഹരിക്കുന്നവർ ഭൂമിയിലെ വല്ല ക

മലിനികളിലേക്കോ പ്രവേശിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന മനഃസ്ഥിതിഭേദമാണു പ്രാചീനചമ്പുക്കളിൽനിന്നു നവീനങ്ങളിലേക്കു കടക്കുന്ന നമുക്കു സംഭവിക്കുന്നതു്. അത്രമാത്രം പുരാതനങ്ങളും നൂതനങ്ങളും ആയ പ്രബന്ധങ്ങൾക്കു വ്യത്യാസമുണ്ടു്. ഭാഷയുടെ രീതി ആശയങ്ങളുടെ ഗതി കല്പനകളുടെ സ്വഭാവം മുതലായവയിലെല്ലാം ഈ വ്യത്യാസം തെളിഞ്ഞു കാണാം. ഇന്നത്തെകാലം ചമ്പൂക്കൾക്കു് അനുകൂലമല്ലെന്നു വിചാരിക്കുമ്പോൾ ഇത്രയുമെങ്കിലും സ്വതന്ത്രപ്രബന്ധങ്ങൾ ഉണ്ടായല്ലോ എന്നു വിചാരിച്ചു് ആഹ്ലാദിക്കുവാനേ അവകാശമുള്ളു. പൂർവ്വപ്രബന്ധങ്ങളാണു നമ്മുടെ കവികളെ ചമ്പൂസരണിയിലേക്കു് ആകർഷിച്ചതെന്നതിനു സംശയമില്ല. ഈ ആകർഷണത്തിന്റെ ഫലം കാലത്തിനു യോജിച്ചവിധം ആസ്വാദ്യമായിട്ടുണ്ടെന്നു പറയണം.

നവീനചമ്പുക്കളിൽ ഉഷാകല്യാണം തന്നെ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. ഭാഷയുടേയും ആശയങ്ങളുടേയും ലാളിത്യവും പ്രസന്നതയും ഈ കൃതിയുടെ വിശിഷ്ടഗുണങ്ങളാകുന്നു. ഉഷാകല്യാണത്തിലെ ഗദ്യങ്ങളുടെ രീതിക്കു പഴയതിൽനിന്നു വലിയ മാറ്റം കാണുന്നു.

> “ഇരവുപകലുമിതമം ചിതമംശത്തിലത്യുന്നതസന്തോപമകന്ന ചെന്താർമാതടോപമമകന്ന ചെന്തീക്കരുത്തിരുവരനെപ്പൊഴും കെല്പേം ബാണശുണ്ഡികൾ തോളുകളിൽ നിന്നു വാളും വിയർപ്പും ഉടനെ കുത്തുകുത്തുള്ള മാതവന്റെ നാരായണബാണങ്ങൾക്കൊപ്പ്രാതിരിപ്പുതന്നെയല്ലാതെ പൂതെളിയബാണത്തെ ഭാമാബാണമാക്കിയ നൽകണ്യകം ചെന്താണിന്നും കേളിന്നും നികാമത്തിനായിട്ടു തന്നനാചിയോൾ പാറികളിളികുന്ന പൂങ്കാവനത്തിങ്കലും വള്ളിമാളികപാളി വിളങ്ങുന്ന കേളീ തടാകത്തിലും തങ്കുംഗാളി ഉള്ളിക്കളിക്കുന്ന വള്ളിക്കടിത്തിലും നാണിക്കൊളുന്നി ചേണാർന്ന മിന്നുന്ന പൊന്മാളികക്കുള്ളിലും പ്രേമമാളിമാളികനം തന്നിലും പൊന്മണിത്തളി മാമരങ്ങൾമിഴുക്കംവിശേഷത്തിലും തൃപ്പമാം മാറശേഷത്തിലും ചിത്രവൈവാസ്യതയും * * * *”

ഗദ്യത്തിന്റെ രീതി, എത്രമാത്രം മാറിയിട്ടുണ്ടെന്നു് ഈ ഉദാ

ഹരണത്തിൽ നിന്നു ഗ്രഹിക്കാം. വൃത്തച്ഛായയുടെ ബന്ധത്തിൽനിന്നു മുക്തി ലഭിച്ചതാണു നവീനഗദ്യത്തിന്റെ ഒരു പരിഷ്കാരം. ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിനു ലാളിത്യപ്രസാദാദി ഗുണങ്ങൾ തികച്ചുമുണ്ടെന്നു കാണാമല്ലോ. അർത്ഥരസികത്വത്തിനും കുറവില്ല. രവിവർമ്മകവിരാജന്റെ ഒരു പ്രധാനകൃതിയാണ് ഉഷാകല്യാണം. സഹൃദയന്മാർക്ക് ഈ കാവ്യത്തെ വിസ്മരിക്കുവാൻ കഴിയുന്നതല്ല. സംസ്കൃതത്തിന്റെ പിടിയിൽനിന്നു വിടുവിച്ചു എന്നല്ല, ചമ്പുക്കളെ സംബന്ധിച്ച് രവിവർമ്മ തമ്പുരാൻ ചെയ്ത കാലോചിതമായ ഒരു പരിഷ്കാരമാകുന്നു. ഉഷാകല്യാണത്തിന്റെ സഹോദരസ്ഥാനത്തു നില്ക്കുവാൻ അർഹത ഗൌരീപരിണയത്തിനു ഉണ്ട്. ഈ കൃതി ഏതാനും ഭാഗം കാവ്യമഞ്ജരിയിൽ അല്ലാതെ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടുള്ളൂ. ഇതിൽനിന്നു രണ്ടു പദ്യങ്ങൾ താഴെ ചേർക്കുന്നു.

'ചിത്രം ചിത്രം മദനപരിതാപാദികൾക്കൊക്കെയൊന്നല്ലോ—
നത്തനപ്രാചീമുലയിലണിയും മുത്തുമാലാം വെടിഞ്ഞാൻ
ബദ്ധാരാഗം പുനരപി തഥാ ഭാഗരാഗം വളർത്താൻ
മുഗ്ദ്ധപ്രാചീ ശിശിരകരൻ കൂടെ വന്നീടിനാളുദയരാഗം.
ആനന്ദത്താലുലഞ്ഞീടുകന്നു പൂകെട്ടുകൊണ്ടന്നു ചന്ദ്രാവതംസ—
ന്നാനന്ദോദിതെ പീതാംബരകരനാഘനാഭ്രെവലെനസ്സയചന്ദ്രം
ഉന്നൽകളെച്ചുരത്തിപ്പൂഷ്പപതിയെയുന്നല്ലംഘിതയോ കണ്ടേച്ചായാൾ
മാനിച്ചീടുന്ന ജംഭാരിയുമിവയെനിന്നിന്നാളീടുമേവം.'

ഇവയിൽ ഒന്നാംപദ്യത്തിന്റെ വൈചിത്ര്യവും രണ്ടാമത്തേതിന്റെ ഭാവഗംഭീരതയും സഹൃദയന്മാരെ ആകർഷിക്കുന്ന ഗുണങ്ങളാണ്. രണ്ടാംപദ്യത്തിലെ 'പീതാംബരൻ' 'പശുപതി' 'ജംഭാരി' എന്നീ പദങ്ങളുടെ അർത്ഥം വിശേഷിച്ചു ചിന്തിക്കേണ്ടതുണ്ട്. വിശേഷപ്പെട്ട പട്ടുകളുള്ള പ്രഭുവായ ഭഗവാൻകൂടി തൊഴുതുകൊണ്ടു ദരിദ്രനായ ശിവനെ വന്ദിക്കുന്നു എന്നു 'പീതാംബര' പദത്തിൽനിന്ന് അർത്ഥം ധരിക്കണം. അതിൽനിന്നു ശിവന്റെ പ്രഭാവോൽകർഷം തെളിയുന്നു. ജംഭാരിപദം ഇന്ദ്രന്റെ പരാക്രമാധിക്യത്തെ ദ്യോതിപ്പിക്കുന്നു. അത്ര ബലവാനായ ഇന്ദ്രനും ശിവനെ വണങ്ങുന്നു എന്നു സ്വ

രം. ഈ മാതിരി ഗഹനങ്ങളായ ആശയങ്ങൾ ഗൌരീപരിണയത്തിൽ ധാരാളം കാണുന്നു. ഗദ്യങ്ങളിലും പ്രസാദാദിഗുണങ്ങൾ തികഞ്ഞു പരിലസിക്കുന്നുണ്ട്.

ഹിന്ദുരാജാക്കന്മാരുടെ അന്തഃഛിദ്രം നിമിത്തം രാജ്യം അന്യാധീനമായിബ്ഭവിച്ച ഇന്ത്യാചരിത്രാംശമാണു സുജാതോദ്വാഹത്തിലെ ഇതിവൃത്തം. ജയചന്ദ്രന്റെ പുത്രിയായ സുജാതയുടെ വിവാഹമാണ് ഈ ചമ്പുവിലെ മൎമ്മഭാഗം. ഹിന്ദുരാജാക്കന്മാരുടെ തൊഴുത്തിൽക്കുത്തു രാജ്യത്തിന് എത്ര വലിയ ആപത്തായിട്ടാണു പരിണമിച്ചതെന്ന് ഈ കാവ്യം പഠിപ്പിക്കുന്നു.

പുരാതനചമ്പുക്കളെ ആസ്വദിച്ച് ആസ്വദിച്ച് അനുഭവിച്ചിട്ടുള്ള ആനന്ദലഹരി സുജാതോദ്വാഹകൎത്താവിന്റെ തലക്കു നല്ലപോലെ പിടിച്ചിട്ടുണ്ട്. അവയിലെ ഗുണങ്ങളെ അനുകരിക്കുവാൻ ഈ ചമ്പുവിന്റെ കൎത്താവു നല്ലപോലെ ശ്രമിച്ചിരിക്കുന്നു. പഴയ ചമ്പുക്കളുടെ ഗുണങ്ങളെ വിസ്മരിക്കാതെ നൂതനമായ പരിഷ്കാരം സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു സുജാതോദ്വാഹത്തിന്റെ ഒരു ഗുണമാകുന്നു.

സുജാതോദ്വാഹത്തിൽ രചനയ്ക്കു പ്രൌഢിയും ഗാംഭീൎയ്യവും കൂടും.

'കൊണ്ടാടിക്കൊണ്ടനന്തോപരി നിഖിലജഗത്താപശാന്തിക്കു ഭക്താൎ-
ക്കശ്രാന്തമേകം വയറ്റിൽ കമലമൊടു ശയിക്കുന്ന കാരുണ്യവാരാശേ'.

* * * * *

എന്നു ആരംഭിക്കുന്ന ഭാഗംതന്നെ ഉദാഹരിക്കപ്പെടാം. 'അനന്തോപരി' 'താപശാന്തി' 'കമലം' എന്നീ പദങ്ങളിൽ ഭഗവൽപരവും മേഘപരവും ആയ അൎത്ഥത്തെ ഘടിപ്പിക്കുന്നതിൽ കവിക്ക് ഒരു ക്ലേശവുമില്ല. ഈ മാതിരി പ്രൌഢകല്പനകൾക്കു സുജാതോദ്വാഹത്തിൽ കുറവില്ല.

സുജാതയുടെ വിവാഹം മഹമ്മദന്മാരുടെ ആക്രമണം മുതലായവ വളരെ തന്മയത്വത്തോടുകൂടി ഈ ചമ്പുവിൽ വൎണ്ണി

കപ്പെട്ടിരിക്കുന്നു. നൂതനങ്ങളായ മനോധർമ്മങ്ങളും സരസങ്ങളായ ഫലിതങ്ങളും സുജാതോദ്വാഹത്തിൽ ധാരാളമുണ്ടു്. സർവ്വഥാ സഹൃദയന്മാർക്കു് ആരാധനീയമായ ഒരു കാവ്യമാണു സുജാതോദ്വാഹം എന്നു പറയാൻ മടിക്കേണ്ടതില്ല. പ്രശസ്തപണ്ഡിതനായ സി. പി. പരമേശ്വരൻപിള്ള അവർകൾ ഈ ചമ്പുവിനെക്കുറിച്ചു ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിരൂപണത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ഈ സന്ദർഭത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

പാലാഴിമഥനം പി. ശങ്കരൻനമ്പിയാരവർകളുടെ ബാല്യകാലത്തിലെ കൃതിയാകുന്നു. കവി ഭാഷാരീതികൊണ്ടുകൂടി പുരാതനചമ്പുക്കളെ അനുകരിച്ചിരിക്കുന്നു എന്നതു് ഈ പ്രബന്ധത്തിന്റെ ഒരു പ്രത്യേകതയാണു്. പഴയ ചമ്പുക്കളിൽ ഉള്ള അതിപരിചയമാണു് ഈ കൃതിയെഴുതുവാൻ കവിയെ പ്രേരിപ്പിച്ചതു്. "കാന്താളം നീണ്ടകണ്ണിൻ മുനകളുടെ കളിക്കുത്തരങ്ങൾക്കിജായാഃ" ഇത്യാദി പ്രയോഗങ്ങൾ, പൂർവ്വചമ്പുക്കളിൽ പരിചയിച്ചു നല്ല തഴക്കം വന്നിട്ടുള്ളവർക്കല്ലാതെ ലഭിക്കുകയില്ല.

രാമായണ(ഭോജ)വും ഭാരത(അനന്തഭട്ട)വും ഭാഷപ്പെടുത്തിയിട്ടുള്ള രണ്ടു ചമ്പുക്കളാകുന്നു. കടത്തനാട്ടു കൃഷ്ണവാരിയർ ചനാസ്സൂര ഉണ്ണിക്കൃഷ്ണവാരിയർ എന്നിവരാണു പരിഭാഷകന്മാർ. മൂലത്തിന്റെ പദലാളിത്യം പാകമാധുര്യം അർത്ഥസൌഷ്ഠവം മുതലായ ഗുണങ്ങൾ ഭാഷാരാമായണചമ്പുവിൽ കൃഷ്ണവാരിയർ കഴിയുന്നതും പ്രതിബിംബിപ്പിച്ചിട്ടുണ്ടു്. ഇന്നത്തെ ഭാഷയ്ക്കു യോജിക്കാത്ത ചില വികലപ്രയോഗങ്ങൾ ഉണ്ടെന്നു മാത്രമേ ഈ കൃതിക്കു് ഒരു ദോഷം പറയുവാനുള്ളു. ഈ ചമ്പു 'കവനോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അനന്തഭട്ടന്റെ ഭാരതചമ്പു ഭാഷപ്പെടുത്തി ഫലിപ്പിക്കുവാൻ സാമാന്യക്കാർക്കു സാധിക്കുകയില്ല. ഈ വിധം ഉള്ള ഒരു കൃതിയെ കോട്ടം ഒന്നും തട്ടിക്കാതെ ഭംഗിയായി

ഭാഷപ്പെടുത്തിയതിൽ ഉണ്ണിക്കൃഷ്ണവാരിയരെ അധികം ശ്ലാഘിക്കേണ്ടതുണ്ടു്. മൂലത്തിന്റെ ജീവനായ വൈചിത്ര്യത്തെ കളയാതെ ഭാഷയിലും പകർത്തി വയ്ക്കുന്നതിനു പരിഭാഷകൻ പല സന്ദർഭങ്ങളിലും ക്ലേശം അനുഭവിച്ചിട്ടുണ്ടെന്നു കാണാം. എന്നാൽ ഈ ക്ലേശം പരാജയത്തിലല്ല അവസാനിച്ചിരിക്കുന്നതെന്നു പറയുവാൻ സന്തോഷമുണ്ടു്. ഭാഷയ്ക്കു് ഈ ഭാരതചമ്പു ഒരു വിലകൂടിയ സമ്പത്തായിരിക്കുമെന്നു നിസ്സംശയം പറയാം.

സൽകവിവരിഷ്ഠനായ കവിയൂർ വെങ്കിടാചലയ്യർ അവർകളും ഭാരതചമ്പു ഭാഷപ്പെടുത്തിയിട്ടുണ്ടു്. ഈ ഭാഷാന്തരം മുഴുവൻ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടില്ല. വെങ്കിടാചലയ്യരുടെ ഭാഷയ്ക്കു ശുദ്ധിയും പ്രസാദാദിഗുണങ്ങളും കൂടുതലായിട്ടുണ്ടു്.

രാജസൂയം കിരാതം മുതലായ പ്രബന്ധങ്ങളെ (മേപ്പത്തൂർ) ഭാഷപ്പെടുത്തി കവനകൌമുദിയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. ഇതു് അത്യന്തം അഭിനന്ദനീയമായ ഒരു സാഹിത്യവ്യവസായമാകുന്നു. ഭാഷാപ്രബന്ധങ്ങളിൽ ഗദ്യസ്ഥാനത്തു വിവിധങ്ങളായ ദ്രാവിഡവൃത്തങ്ങളെ ഉപയോഗിച്ചുകാണുന്നു. ഈ നയം സഹൃദയന്മാൎക്കു് എത്രമാത്രം സമ്മതമാകുമെന്നു കണ്ടുതന്നെ അറിയണം.

പരേതനായ വയസ്കര മൂസ്സ് നിരനുനാസികം പ്രബന്ധം ഭാഷയാക്കിയിട്ടുണ്ടു്. ഈ ഭാഷാന്തരത്തിനു ന്യൂനതയൊന്നും പറയുവാനില്ല. വിശ്വഗുണാദർശത്തിന്റെ അല്പം ഭാഗം ഭാഷയാക്കി പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ടു്. പരിഭാഷകൻ ലക്ഷ്മീപുരത്തു രവിവൎമ്മയാകുന്നു. കാവ്യമഞ്ജരിയിൽ ആണു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

ഇത്രമാത്രമേ ഭാഷപ്പെടുത്തിയിട്ടുള്ള ചമ്പുക്കളെക്കുറിച്ചു പറയേണ്ടതുള്ളു.

ഇപ്പോൾ സംസ്കൃതത്തിലും ഭാഷയിലും ഉള്ള ചമ്പുക്കളെക്കുറിച്ചു് ഇവിടെ ദീർഘമായ ഒരു വിമർശനം ചെയ്തുവല്ലോ. ഈ നിരൂപണത്തിൽനിന്നു്,

(൪) സംസ്കൃതചമ്പുക്കൾക്കും ഭാഷാപ്രബന്ധങ്ങൾക്കും ഉള്ള അടുപ്പവും അകലിച്ചയും

(൫) സംസ്കൃതചമ്പുക്കളെക്കാൾ ഭാഷാപ്രബന്ധങ്ങൾക്കുള്ള ഗുണശ്രേയിഷ്ഠത

(൬) ഭാഷയിൽ ചമ്പുക്കൾ അറിക്കുന്ന സ്ഥാനത്തിന്റെ സ്വഭാവം

എന്നിവയെ അല്പമെങ്കിലും മനസ്സിലാക്കാമെന്നു വിശ്വസിക്കുന്നു. ഭാഷയ്ക്കു സംസ്കൃതത്തോടു സംഭവിച്ചിരിക്കുന്ന ബന്ധംനിമിത്തം സാഹിത്യത്തിന് ഉൽക്കർഷമോ അപകർഷമോ ഏതാണു ലഭിച്ചിരിക്കുന്നതെന്നും ഈ വിമർശനം തെളിയിക്കുന്നതാണ്. സംസ്കൃതപരിചയം കുറവുള്ളവർ പൂർവ്വികമായ ഒരു മഹാസാഹിത്യസമ്പത്തിന്റെ മാധുര്യത്തെ അല്പമെങ്കിലും അറിയുന്നതിനും അപ്രകാരം അവരുടെ ദൃഷ്ടി അതിലേക്ക് ആകർഷിക്കപ്പെടുന്നതിനും ഈ വിമർശനം അല്പമെങ്കിലും സഹായിച്ചാൽ എനിക്കു ധാരാളം കൃതാർത്ഥതയ്ക്കു അവകാശമുണ്ടാകുന്നതാണ്.

നമ്മുടെ സാഹിത്യം ചമ്പുക്കളുടെ ഛത്രച്ഛായയിൽ ദീർഘകാലം നിർബ്ബാധമായി സ്ഥിതിചെയ്തിരുന്നു. ഇക്കാലത്തു നൂറിൽ അധികം പ്രബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയുടെ എണ്ണം ചെറിയതാകുന്നു. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല പ്രബന്ധങ്ങളിലും വേണ്ട സംസ്കാരശുദ്ധി കാണുന്നില്ല. മുൻകാലത്തു ചാക്യാന്മാർ ചമ്പുക്കളുടെ അഭിവൃദ്ധിക്കു സഹായിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്തിരുന്നു. ഇനി അവർക്ക് അങ്ങിനെ ചെയ്തിട്ടു പ്രയോജനമില്ല. അതുകൊണ്ടു ഭാഷാപ്രണയികളുടെ ദൃഷ്ടി ചമ്പുക്കളിൽ ശ്രദ്ധയോടുകൂടി പതിക്കേണ്ടതത്യാവശ്യമാകുന്നു. കിളിപ്പാട്ടുകൾ തുള്ളൽപ്പാട്ടുകൾ കഥകളികൾ എന്നിവയെ നമുക്കു ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ലല്ലോ. ഇവയെപ്പോലെതന്നെ ചമ്പുക്കളെക്കുറിച്ചും വിചാരിക്കേണ്ടതാകുന്നു. ന

മ്മുടെ ചമ്പുക്കളുടെ ആവിർഭാവകാലം കേരളഭാഷയ്ക്കു ഒരു വസന്തസമാഗമമായിരുന്നു. ആക്കാലത്തെ കവികോകിലങ്ങളുടെ സരസകവനഗീതിവിശേഷത്തെ ഏതു രസികനാണ് ഉപേക്ഷിക്കുവാൻ കഴിയുന്നത്?

സർവ്വപ്രകാരേണയും ചമ്പുപ്രബന്ധസമുദായം നമ്മുടെ സാദരമായ ആരാധനയെ അർഹിക്കുന്ന ഒരു സാഹിത്യസമ്പത്താണെന്നുള്ളത് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ഉന്നതവും വിപുലവും ആയ ആത്മസംസ്കാരത്തേയും കാവ്യരസാസ്വാദനനിർവൃതിയേയും പരമമായ പുരുഷാർത്ഥത്തിന്റെ ലാഭത്തേയും ചമ്പുപ്രബന്ധപരിശീലനംകൊണ്ട് ആർക്കും സമ്പാദിക്കാവുന്നതാണ്. ഇവതന്നെയാണല്ലോ സാഹിത്യോപാസനത്തിന്റെ മഹനീയങ്ങളായ പ്രയോജനങ്ങൾ.



ഭാഷാപദ്യസാഹിത്യം.

൧൦൦൦—൧൧൦൦ (കൊല്ലവൎഷം)

൧൧൦൦-ാമാണ്ടോടുകൂടി അവസാനിച്ച നമ്മുടെ ശതവൎഷം പലതുകൊണ്ടും ലോകത്തിൽ പ്രത്യേകസ്മരണയെ അൎഹിക്കുന്ന ഒന്നാകുന്നു. വ്യതീതങ്ങളായ ശതാബ്ദങ്ങളിൽ ഒന്നിനും തന്നെ ചരിത്രത്തിൽ ഇത്രമാത്രം പ്രാധാന്യം ഉള്ളതായി തോന്നുന്നില്ല. ഈ ശതവൎഷത്തിൽ ഉണ്ടായിട്ടുള്ള അത്ഭുതപൂൎവ്വങ്ങളായ പല സംഭവങ്ങളും സംരംഭങ്ങളും ലോകത്തെ സമൂലം ഇളക്കിമറിച്ചിരിക്കുന്നു. മുൻപു മുപ്പതും നാല്പതും കൊല്ലങ്ങൾകൊണ്ടു സംഭവിക്കുന്ന സ്ഥിതിഭേദങ്ങൾ ഈ ശതാബ്ദത്തിൽ മൂന്നും നാലും സംവത്സരങ്ങൾകൊണ്ട് ഉണ്ടായിട്ടുള്ളതായി കാണാം. കഴിഞ്ഞ ശതവൎഷങ്ങളിൽ ഒന്നിലുംതന്നെ, ലോകത്തിന്, ഇത്രമാത്രം കണ്ടാൽ അറിയാത്ത മാററം ഉണ്ടായിട്ടില്ല. ഏതു രാജ്യത്തിലും ഉള്ള ജനവൎഗ്ഗത്തിന്റെ ജീവിതാദൎശം മതം ധൎമ്മം ഭാഷ സാമൂഹ്യവ്യവഹാരം മുതലായവയിലെല്ലാം, മുൻപു പറഞ്ഞ മാററത്തിന്റെ ശക്തിയേറിയ വ്യാപാരം ബാധിച്ചിരിക്കുന്നു. ഈ ശതവൎഷത്തിന്റെ ശൈശവദശയിൽ കണ്ട ലോകത്തെ അല്ല അതിന്റെ അന്ത്യകാലത്തു നാം കാണുന്നതെന്നു മാത്രമേ ചുരുക്കത്തിൽ പറയുവാനുള്ളു.

ഇപ്രകാരം സൎവ്വത്ര വ്യാപ്തമായിരിക്കുന്ന സ്ഥിതിഭേദം നമ്മുടെ ഭാഷയേയും ബാധിച്ചിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ശക്തിമത്തുകളായ പല സമരങ്ങളും ഈ കാലത്തിൽ നമ്മുടെ ഭാഷാലോകത്തിലും ഉണ്ടായിട്ടുണ്ട്. ഈ സംരംഭങ്ങൾ ഭാഷയുടെ ആകൃതിക്കും പ്രകൃതിക്കും പല വ്യത്യാസങ്ങളേയും ജനിപ്പിച്ചിരിക്കുന്നു. അതോടുകൂടി പഴയ സാഹിത്യപ്രസ്ഥാനത്തിനു പലതിനും ഉടവു തട്ടി. അവയുടെയിടയിൽ പുതിയവ സ്ഥാനം പിടിച്ചുതുടങ്ങി. ഈ ശതാബ്ദത്തിന്റെ ഉത്തരാൎദ്ധത്തിൽ ആണ് അതിദ്രുതഗതിയിൽ പല വലി

ള മാററങ്ങളും ഉണ്ടായതു്. ഒരു പുരുഷായുസ്സുകാലംകൊണ്ടു ഭാഷയുടെ സ്ഥിതിഗതികൾക്കു് എത്രമാത്രം മാററം സംഭവിച്ചിട്ടുണ്ടെന്നും, അതുകൊണ്ടു ലഭിച്ചിരിക്കുന്ന ഉൽകൃഷ്ടാപകൃഷ്ടങ്ങളുടെ സ്വഭാവം എന്തെന്നും അല്പം വിചിന്തനം ചെയ്യുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആയിരാമാണ്ടോടുകൂടി അവസാനിക്കുന്നതും അടുത്തു തുടങ്ങുന്നതുമായ ശതവർഷങ്ങളുടെ സന്ധി ഭാഷയ്ക്കു് അധികം ശോഭനമായ ഒന്നാകുന്നു. സരസ്വതീകടാക്ഷസമ്പന്നനായ കവീന്ദ്രൻ കോയിത്തമ്പുരാൻ സാഹിത്യസൂത്രധാരനായ ഇരവിവർമ്മൻതമ്പി മുതലായവരാൽ അനുഗ്രഹീതമായ ഒരു വിദ്വൽസദസ്സിന്റെ നേതാവും സംഗീതസാഹിത്യാദിസകലകലാനിപുണനും ഭക്തശിഖാമണിയും ആയ സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ കാലത്താണു നാടുവാണിരുന്നതു്. പൂർവ്വകലകളെ പ്രകാശിപ്പിച്ചു പോഷിപ്പിക്കുക എന്നതു് അവിടത്തെ പരിപാവനങ്ങളായ വ്രതങ്ങളിൽ ഒന്നായിരുന്നു. പ്രസിദ്ധവിദ്വാനും മഹാകവിയും ആയിരുന്ന കൊടുങ്ങല്ലൂർ ഇളയതമ്പുരാന്റെ ജീവിതകാലവും ഇതുതന്നെയാണു്.

ഇക്കാലത്തു് അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഭാഷാസാഹിത്യത്തിന്റെ ഒരു പ്രധാനശാഖ കഥകളിയാകുന്നു. കവികൾക്കു കഥകളിയോടു് ഇക്കാലത്തു് അസാമാന്യമായ അഭിരുചിയുണ്ടായിരുന്നതായി കാണുന്നു. ഈ അഭിരുചിയുടെ ഫലമായി പല കഥകളികളും ഭാഷയിൽ ഉണ്ടാകുവാൻ ഇടയായി. ജനങ്ങൾക്കും കഥകളിയോടു പ്രീതിയുണ്ടായിരുന്നു. കഥകളിയെ പോഷിപ്പിക്കുന്നതിനു നമ്മുടെ മഹാരാജാക്കന്മാരും പ്രത്യേകം ശ്രമിച്ചിരുന്നു എന്നുകൂടി പറയേണ്ടതുണ്ടു്.

പല കവികളും കഥകളികൾ നിർമ്മിച്ചിട്ടുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. എന്നാൽ അവയ്ക്കു് എല്ലാവയ്ക്കും വിജയം ലഭിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല; അതിനുള്ള സൌഭാഗ്യം ചുരു

ക്കും ചില കവികൾക്കു മാത്രമേ കിട്ടിയിട്ടുള്ളു. ഈ സൌഭാഗ്യം കൈവന്നിട്ടുള്ള രണ്ടു മഹാകവികളാണ (കിളിമാനൂർ) കവീന്ദ്രൻ കോയിത്തമ്പുരാനും ഇരയിമ്മൻതമ്പിയും. രാവണവിജയം (കോയിത്തമ്പുരാൻ) ദക്ഷയാഗം ഉത്തരാസ്വയംവരം കീചകവധം (തമ്പി) എന്നിവയാണ് ഇവരുടെ പ്രധാനകൃതികൾ.

ഈ കൃതികൾ പണ്ഡിതന്മാരും പാമരന്മാരും സംഗീതകുശലന്മാരും സാഹിത്യരസികന്മാരും ഒരുപോലെ പരിചിതങ്ങളാകുന്നു. ഇവയ്ക്കു ഭാഷയിൽ നല്ല പ്രതിഷ്ഠയും ലഭിച്ചിട്ടുണ്ട്. ആടിക്കാണുന്നതിനും പാടിക്കേൾക്കുന്നതിനും വായിച്ചുരസിക്കുന്നതിനും ഒന്നുപോലെ പ്രയോജനപ്പെടുന്നവയാണ് ഈ കൃതികൾ. രാവണവിജയത്തിൽ കോയിത്തമ്പുരാന്റെ സംഗീതനൈപുണ്യവും സാഹിത്യമർമ്മജ്ഞതയും വാഗ്വിലാസചാതുര്യവും ഒരുപോലെ പരിലസിക്കുന്നുണ്ട്. മാധുര്യത്തിനും കുറവില്ല. തമ്പിയുടെ കൃതികൾക്കുള്ളതിനേക്കാൾ പ്രൌഢിയും ഗാംഭീര്യവും രാവണവിജയത്തിനു കൂടും. രസാനുഗുണങ്ങളായ പദങ്ങളുടെ കല്പനയിൽ കോയിത്തമ്പുരാൻ ഒരതിവിദഗ്ദ്ധനാകുന്നു. ശ്രവണപുടങ്ങൾക്ക് ഒരുപോലെ മാധുര്യപ്രദമാണ് രാവണവിജയം. ലാളിത്യം പ്രസന്നത പദപരിപാകത മുതലായ ഗുണങ്ങൾ തമ്പിയുടെ കൃതികളിൽ അധികം കാണുന്നു. രാവണവിജയത്തിനുള്ളതുപോലെ പ്രചാരവും പ്രതിഷ്ഠയും ദക്ഷയാഗാദികൃതികൾക്കും ഉണ്ട്. ഈ കൃതികളിലെ പാട്ടുകൾ, അക്ഷരജ്ഞാനം ഇല്ലാത്ത പാമരന്മാർകൂടി ധാരാളം പാടിരസിച്ചുവരുന്നതെന്നുള്ള സംഗതി മറക്കത്തക്കതല്ല. ശബ്ദപ്രതാപം ആശയഗഹനത മുതലായവയെ കാണിക്കുന്ന പല പദ്യങ്ങളും ഗീതങ്ങളും കോയിത്തമ്പുരാന്റെയും തമ്പിയുടേയും മുൻപു പേർപറഞ്ഞ കൃതികളിൽ ഉണ്ട്. ഉത്തരാസ്വയംവരം കീചകവധം എന്നിവയിലെ പല ഗീതങ്ങളും എത്രമാത്രം ആലോചനാമധുരങ്ങളും ശ്രവണസുഭഗങ്ങളും ആണെന്നു പറഞ്ഞ് അറിയിക്കാവുന്നതല്ല. കോട്ടയത്തു തമ്പുരാനോ

ടെ —

യും ഉണ്ണായിവാരിയരേയും കഴിഞ്ഞാൽ പിന്നീട് ഉണ്ടായിട്ടുള്ള കഥകളികൎത്താക്കന്മാരിൽ, കോയിത്തമ്പുരാന്നും തമ്പിക്കും തന്നെ പ്രഥമസ്ഥാനം കൊടുക്കാവുന്നതാണ്. ഇവരുടെ കൃതികൾക്കു ലഭിച്ചിട്ടുള്ള പ്രതിഷ്ഠ ഒരിക്കലും പ്രചലിക്കുന്ന ഒന്നല്ല.

ദിലാസുരവധം പ്രഭാവതീസ്വയംവരം പാരിജാതഹരണം ശാകുന്തളം മുതലായ ആട്ടക്കഥകളുടേയും വിദ്വാൻ കോമ്പിയച്ഛൻ ചിറ്റൂർ സുബ്രഹ്മണ്യശാസ്ത്രി മകംനാൾ കോയിത്തമ്പുരാൻ മുതലായ കവികളുടേയും പേരുകൾ ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ട്. ഈ സന്ദൎഭത്തിൽ നമ്മുടെ സാദരമായ സ്മരണയെ അൎഹിക്കുന്ന ഒരു മഹാകവിയാകുന്നു കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ. ധ്രുവചരിതം പരശുരാമവിജയം ഹനുമദുത്ഭവം എന്നിവ അവിടുത്തെ കൃതികളാകുന്നു. ഇവ ഒരുവിധത്തിലും താഴ്ന്നുനില്ക്കുന്നവയല്ല. സാഹിത്യത്തിൽ എന്നപോലെ സംഗീതത്തിലും നിരുപമമായ നൈപുണ്യം അവിടുത്തേക്കു ഉണ്ടായിരുന്നു എന്ന് ഈ ആട്ടക്കഥകൾ തെളിയിക്കുന്നു. ഭാഷാവിഷയത്തിൽ വലിയ കോയിത്തമ്പുരാന്റെ നിഷ്കൎഷയെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ ശബ്ദസാമ്രാജ്യത്തിലും അവിടുത്തേക്ക് അസാമാന്യമായ ആധിപത്യശക്തിയുണ്ടായിരുന്നു എന്നുതന്നെ പറയണം. അവിടുത്തെ കഥകളികളിൽനിന്ന് ഈ അഭിപ്രായത്തിന്റെ സാധുത്വം മനസ്സിലാക്കാം. ഗുണപൌഷ്കല്യത്താൽ അവിടുത്തെ കൃതികളിൽ പരശുരാമവിജയം മുൻപിട്ടുനില്ക്കുന്നതായി തോന്നുന്നു. പാടിക്കേൾക്കുന്നതിനു മനോഹരങ്ങളായ പല ഗീതങ്ങളും ധ്രുവചരിതത്തിൽ ഉണ്ട്. സാഹിത്യത്തിൽ ഉന്നതസ്ഥാനത്ത് എന്നും പ്രശോഭിക്കുന്നവയാണു വലിയ കോയിത്തമ്പുരാന്റെ ഈ കൃതികൾ എന്നു പറയുവാൻ ഒന്നുകൊണ്ടും മടിക്കേണ്ടതില്ല.

ദുൎയ്യോധനവധം വയസ്കര നാരായണൻ മൂസ്സിന്റെയും ഗജേന്ദ്രമോക്ഷം വൈക്കത്തു പാച്ചുമൂത്തതിന്റെയും കൃതികളാ

കുന്നു. ഇവയിൽ ആട്ടിക്കണ്ടാൽ മുഷിച്ചിൽ ഉണ്ടാകുന്ന ഒന്നല്ല ദുര്യോധനവധം. വേഷക്കാർ എത്രയുണ്ടായാലും മതിയാകാത്തതു് ഈ കഥകളിയുടെ ഒരു ദോഷമാകുന്നു. ഭക്തന്മാരെ മുചുകുന്ദമോക്ഷം വളരെ രസിപ്പിക്കും.

ഇലത്തൂർ രാമശാസ്ത്രി പൂന്തോട്ടത്തു നമ്പൂതിരി എന്നിവരുടെ പേരുകൾ ഇവിടെ മറക്കാവുന്നവയല്ല. ആയില്യം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ സേവകനായിരുന്നു് ഉജ്ജ്വലമായ പാണ്ഡിത്യംകൊണ്ടും ഉൽകൃഷ്ടമായ കവനവൈഭവംകൊണ്ടും രണ്ടാമത്തെ ഉദ്ദണ്ഡനായി ശോഭിച്ചിരുന്ന മഹാകവിയായിരുന്നു ഇലത്തൂർ ശാസ്ത്രികൾ. ജലന്ധരാസുരവധം ശാസ്ത്രികളുടെ കൃതിയാകുന്നു. നമ്മുടെ കഥകളികളുടെ കൂട്ടത്തിൽ ഈ കൃതിക്കു് അത്യന്തം ശോഭനമായ ഒരു സ്ഥാനം ലഭിക്കുമെന്നതിനു സംശയമില്ല. പൂന്തോട്ടത്തു നമ്പൂതിരി ലബ്ധപ്രതിഷ്ഠനായ ഒരു മഹാകവിയാകുന്നു. ഈ മഹാകവിയുടെ സ്യമന്തകം സഹൃദയാരാധിതമായ ഒരു കൃതിതന്നെയാണു്.

കഥകളി കേരളീയക്കു് അത്യന്തം ഹിതകരവും പ്രൌഢവും ആയ ഒരു വിനോദമാകുന്നു. സംഗീതം സാഹിത്യം ആംഗ്യം കായികാഭ്യാസം മുതലായവയുടെ സമ്മേളനത്തോടുകൂടി ഒരു പ്രത്യേകരീതിയിൽ ഉള്ള കഥകളി കേരളത്തിൽ അല്ലാതെ വേറെ വല്ല ദേശത്തും ഉണ്ടെന്നു തോന്നുന്നില്ല. ശാസ്ത്രീയമായ സംസ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള ഒന്നാണു് ഈ കല. ചാക്യാന്മാരുടെ കൂടിയാട്ടത്തിൽനിന്നു് അങ്കുരിതമായി, ക്രമേണ ജനസമുദായത്തിന്റെ അഭിരുചിയും ഗതിയും അനുസരിച്ചു്, പരിഷ്കൃതവും വികസിതവും ആയ അവസ്ഥയെ പ്രാപിച്ചിട്ടുള്ള നാട്യകലയുടെ പരിണതരൂപത്തെയാണു കഥകളി കാണിക്കുന്നതു്. നാട്യകലയിൽ കേരളീയർക്കുള്ള സ്ഥാനം അദ്വിതീയമാണെന്നുള്ളതിനു കഥകളിയെക്കാൾ വലിയ തെളിവു് ആവശ്യമില്ല. പൂർവ്വകാലത്തു കഥകളിയെ ചരിതത്തിന്റെ യോഗ്യതയനുസരിച്ചു വിഭാഗമായും പ്രമുഖ

ന്മാരും ആദരിച്ചിരുന്നു. അതുകൊണ്ട് ഈ കലയ്ക്കു വേണ്ടിടത്തോളവും പുഷ്ടിയുണ്ടാകുവാൻ ഇടയായി. മഹാരാജാക്കന്മാരും പ്രഭുക്കന്മാരും കഥകളിയുടെ കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചുവന്നു. തിരുവിതാംകൂർ കൊച്ചി കോഴിക്കോട്ട കടത്തനാട്ട കോട്ടയം മുതലായ ദേശങ്ങളിലെ രാജാക്കന്മാർ കഥകളിക്ക് ഔന്നത്യം സമ്പാദിച്ചുകൊടുക്കുവാൻ വളരെ ശ്രമം ചെയ്തിട്ടുണ്ട്. അവർ സ്വന്തം രാജധാനികളിൽ കഥകളിക്കാരെ താമസിപ്പിച്ചു സൎവ്വചിലവുകളും കൊടുത്തു് അവരെ സംരക്ഷിച്ചുവന്നു. ഈ രാജാക്കന്മാർ പലരും കഥകളി നിൎമ്മിച്ചിട്ടുള്ള പ്രൌഢകവികളും കൂടിയാകുന്നു. മൂക്കില്ലസ്സാമൂതിരിക്ക് ഉണ്ടായിരുന്നതായി ഇന്ദുലേഖാകൎത്താവു വിവരിക്കുന്ന കഥകളിഭ്രാന്തു്, വാസ്തവത്തിൽ ഇന്നും മലബാറത്തിലെ പല വലിയ ജന്മികൾക്കും ഉണ്ട്. ഇതു ഗുണമായാലും ദോഷമായാലും കഥകളിയുടെ പരിപോഷണത്തിനു സഹായകരമായിത്തന്നെ ഭവിച്ചു. മഹാരാജാക്കന്മാരും പ്രഭുക്കന്മാരും ആദരിക്കുന്ന ഒരു കലയ്ക്കു ഒരു രാജ്യത്തിൽ (ജനങ്ങളുടെയിടയിൽ) സുസ്ഥിതി ലഭിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. ഇപ്രകാരമാണ് ഇക്കാലത്തു കഥകളിക്കു വേണ്ടിടത്തോളവും ഔന്നത്യം ലഭിച്ചതു്.

അടുത്ത അല്പം കാലമായി കേരളീയൎക്ക് കഥകളിയോടു വിരക്തി ജനിച്ചുകാണുന്നു. കാരണം എന്തുതന്നെയായാലും ഈ സ്ഥിതി ശോഭനമല്ല. ക്രമേണ ക്ഷീണിച്ചു ക്ഷീണിച്ചു് ശതവൎഷാവസാനദശയോടുകൂടി കഥകളി അധികവും മൃതപ്രായമായ ഒരു നിലയിൽ എത്തിയിരിക്കുന്നു. കഥകളിയുടെ നാശവത്തോടുകൂടി ഏററവും പ്രൌഢവും സുന്ദരവും ശാസ്ത്രീയവും ആയ ഒരു വിശിഷ്ടകല നമുക്കു നഷ്ടപ്പെടുന്നു എന്നതിനു സംശയമില്ല. ഭഗവൽകഥാശ്രിതങ്ങളാകയാൽ വിനോദിപ്പിച്ചുകൊണ്ട് ആത്മശുദ്ധിയെ പ്രദാനം ചെയ്യുന്നതിനുള്ള ശക്തി കഥകളികൾക്കുണ്ട്. അപ്പോൾ കഥകളികൾ നശിക്കുന്നതോടുകൂടി ആത്മസംസ്കാരലാഭത്തിനുള്ള ഒരു സരസമാൎഗ്ഗം

ഒടുങ്ങിപ്പോകുന്നു എന്നുകൂടി നാം ഓൎമ്മിക്കണം. സൎവ്വഥാ പുനൎജ്ജീവിപ്പിച്ചു സംരക്ഷിക്കപ്പെടേണ്ട ഒരു കലയാണു കഥകളി എന്നതിന്നു സംശയമില്ല.

കഥകളിയെ പുനൎജ്ജീവിപ്പിച്ചു പരിഷ്കരിക്കുവാനുള്ള ഒരു പരിശ്രമം ചിലർ തുടങ്ങിയിരിക്കുന്നതിനെക്കുറിച്ചു രണ്ടു വാക്കു പറയേണ്ടതുണ്ട്. കണ്ടേടത്തോളവും ഈ ശ്രമം ഫലപ്രദവും ശോഭനവും ആകുമെന്നു തോന്നുന്നില്ല. കഥകളിയിൽ, അതിന്റെ തന്മയത്വം കളഞ്ഞ്, നാടകത്തിന്റെ ധൎമ്മങ്ങളിൽ ചിലതിനെക്കൂടി ചേൎക്കുകയാണ് ഈ പരിഷ്കാരം ചെയ്യുന്നത്. ഈ ദുൎന്നയംനിമിത്തം, കഥകളിയുടെ നിലയിൽനിന്നു വിട്ടു നാടകസ്ഥാനത്തിൽ വേണ്ടവിധം എത്തിച്ചേരാത്ത ഒരു 'മിശ്രിത' കഥകളിയെ ബാധിച്ചിരിക്കുന്നു എന്നു പറയാം. ഏതു കലയ്ക്കും ഒരു തന്മയത്വം ഉണ്ട്. അതുതന്നെയാണ് അതിന്റെ ജീവൻ. ഈ തന്മയത്വം സൂക്ഷ്മങ്ങളും സ്ഥൂലങ്ങളും ആയ പല ധൎമ്മങ്ങളുടേയും ഒരു പ്രത്യേകരീതിയിൽ ഉള്ള സമ്മേളനം കൊണ്ട് ഉണ്ടാകുന്നു; അതിൽത്തന്നെ നില നില്ക്കുന്നു; അതിന്റെ നാശത്തിൽ നശിക്കുകയും ചെയ്യുന്നു. സൂക്ഷ്മങ്ങളും സ്ഥൂലങ്ങളും ആയ സ്വന്തം ധൎമ്മങ്ങളെ അന്യഥാകരിച്ചിട്ടു യാതൊരു കലയുടേയും തന്മയത്വത്തെ സംരക്ഷിക്കുവാൻകഴിയുന്നതല്ല. ധൎമ്മങ്ങൾ മാറുംതോറും തന്മയത്വം ക്ഷയിക്കുന്നു. ഈ വിധം തന്മയത്വം കുറയുന്നതോടുകൂടി ആ കല മറ്റൊന്നായി പരിണമിക്കുന്നു. ഇപ്രകാരം ഒരു അന്യഥാത്വം ആകുന്നു ഈ പരിഷ്കാരം കൊണ്ടു കഥകളിക്ക് ഉണ്ടായിട്ടുള്ളതെന്നു പറയാം. വേഷങ്ങൾ, ഭാഷണങ്ങൾ, മുതലായവകൊണ്ടു കഥകളിയെ 'നാടകീ'കരിക്കുന്ന നയത്തെ കലാമൎമ്മജ്ഞന്മാരായ സഹൃദയന്മാർ ആദരിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. കഥകളിയെ അതിന്റെ രൂപത്തിൽ അന്ത്യശ്വാസം വലിക്കുവാൻ അനുവദിക്കുന്നതുതന്നെ ഇതിനേക്കാൾഭേദം. ഈ സൽകലയെ, അതിന്റെ ജീവനായ തന്മയത്വത്തോടുകൂടി ആരാധിക്കുവാൻ വൈമനസ്യമുള്ളവർ, വിസ്മരിക്കുന്നതുതന്നെ നന്നായിരിക്കും.

പുരാണേതിഹാസാദിരൂപമായ സാഹിത്യത്തിൽ നമുക്ക് എത്രമാത്രം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്ന് ഇനി വിചാരിക്കേണ്ടിയിരിക്കുന്നു. സാഹിത്യത്തിന്റെ ഈ ശാഖയ്ക്കു നല്ല വെടിപ്പും തടിപ്പും ലഭിച്ചിട്ടുണ്ടെന്നു പറയണം. പഞ്ചമവേദമായ മഹാഭാരതം ആദിമഹാകാവ്യമായ വാല്മീകിരാമായണം എന്നീ മഹാകൃതികൾക്ക് ഈ ശതവർഷത്തിലാണു ഭാഷാന്തരങ്ങൾ ലഭിച്ചിട്ടുള്ളത്.

മഹാകവിയായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഭാഷപ്പെടുത്തിയിട്ടുള്ള മഹാഭാരതത്തെ സംബന്ധിച്ച് അല്പം വിശാലമായി നിരൂപണം ചെയ്യേണ്ടതുണ്ട്.

അകമേയും പുറമേയും അധികം മാഹാത്മ്യം ലഭിച്ചിട്ടുള്ള ഒരു സാഹിത്യസമ്പത്താകുന്നു മഹാഭാരതം. സപാദലക്ഷം ഗ്രന്ഥങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞാൽത്തന്നെ ഈ മഹാഗ്രന്ഥത്തിന്റെ സ്ഥൌല്യം ഏകദേശം മനസ്സിലാക്കുവാൻ കഴിയും. വിശ്വവന്ദ്യമായ ഭഗവദ്ഗീത സനത്സുജാതീയം വിദുരവാക്യം സഹസ്രനാമം മുതലായ വിജ്ഞാനസാമ്രാജ്യങ്ങൾ മഹാഭാരതമഹാലോകത്തിന്റെ ചില കോണകോണങ്ങൾമാത്രമാകുന്നു. ഇതുകൊണ്ടുതന്നെ ഈ മഹാകൃതിക്കുള്ള അത്യന്തരമാഹാത്മ്യത്തിന്റെ രൂപം ഊഹിക്കാം. മഹാഭാരതത്തിന്റെ മാഹാത്മ്യത്തെ തൽകർത്താവിന്റെ ഭാഷയിൽ തന്നെ പ്രകാശിപ്പിക്കുന്നതു യുക്തമായിരിക്കും.

'നാലുവേദങ്ങളുംഗോപനിഷത്തൊത്തറിവോനാകിലും
ഇയ്യാഖ്യാനമറിഞ്ഞീടാതവൻ പണ്ഡിതനല്ലെടോ
അർത്ഥശാസ്ത്രമിതെന്നല്ല ധർമ്മശാസ്ത്രമിതുത്തമം
കാമശാസ്ത്രമിതാം വ്യാസശ്രീമഹർഷിവിനിർമ്മിതം
ഇബ്ഭാരതം കേൾക്കിലന്യശ്രാവ്യകാവ്യം രുചിച്ചിടാ
കുയിൽനാദം കേൾക്കിലുഗ്രധ്വാങ്ക്ഷവാണി കണക്കിനെ
ഇതിഹാസമിതിങ്കൽനിന്നുതിരും കവിബുദ്ധികൾ
പഞ്ചഭൂതത്തിൽ നിന്നിപ്രപഞ്ചസൃഷ്ടിയതുപ്പടി
ഇയ്യാഖ്യാനം വിഷയമായ്പ്പുരാണം നില്പു ഭിന്നമേ!
അന്തരിക്ഷം വിഷയമായ് നാല്വഴിപ്രജപോലവേ

ഇമ്മാഖ്യാനത്തിലടങ്ങാത്ത കഥയൊന്നില്ല ഭൂമിയിൽ
ആഹാരമൊന്നുമില്ലാതെ ദേഹനില്പുകണക്കിനേ
ഇമ്മാഖ്യാനം കവിവരരാശ്രയിച്ചുപജീവനം
അഭിവൃദ്ധിക്കൊതിച്ചുള്ളഭൃത്യരാഭിജാതേശ്വരൻപടി
ഈക്കാവ്യത്തിലുമേ ചെല്ലുമാറാൻ കവികളില്ലിഹ
സൽഗൃഹസ്ഥനിലും ശേഷമുള്ളാശ്രമം മൂന്നുമാംവിധം.'

ഈ മഹാസാഹിത്യത്തെ സംബന്ധിച്ചിടത്തോളവും ഈ അഭിപ്രായം ഒട്ടും അധികമായിട്ടുള്ളതല്ല. അത്രമാത്രം സർവ്വവിധതത്വധർമ്മരത്നാഗാരമായിട്ടുള്ള ഒരു കൃതിയാണു മഹാഭാരതം. സനത്സുജാതീയം ഗീത മുതലായ ഭാഗങ്ങളിൽ അതിഗഹനങ്ങളായ ആദ്ധ്യാത്മികതത്വങ്ങളുടെ സർവ്വരഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. സർവ്വതോമുഖങ്ങളായ ലൌകികതത്വങ്ങളേയും ഉപദേശിക്കുന്ന ഒന്നാണു് അതിവിസ്തൃതമായ ശാന്തിപർവ്വം. അനുശാസനവും പ്രൌഢിയും ഗാംഭീര്യവും തികയുന്ന ഒന്നുതന്നെ. ഗഹനതകൂടിയ വിഷയങ്ങൾ വരുമ്പോൾ അവയെ സരസസരസങ്ങളായ ഉപാഖ്യാനങ്ങളെക്കൊണ്ടു സുഗമങ്ങളാക്കുക എന്നതു മഹാഭാരതത്തിന്റെ ഒരു പ്രത്യേകഗുണമാകുന്നു. രസപുഷ്ടങ്ങളായ വളരെ ഉപാഖ്യാനങ്ങൾ മഹാഭാരതത്തിൽ ഉണ്ടു്.

* വ്യാസഗിരാം നിര്യാസം
സാരം വിശ്വസ്യ ഭാരതം വന്ദേ.

എന്നു മഹാകവിയായ ഗോവർദ്ധനാചാര്യർ പറഞ്ഞിരിക്കുന്നതു വളരെ വാസ്തവമാകുന്നു.

ഭാരതമിട്ടമദ്യയം നമാമഃ
കൃഷ്ണം മഹാഭാരതവാരിരാശിം
സൽകേകിനോ യസ്യ നിശമ്യ ശബ്ദാൻ
മത്താഃ പ്രനൃത്യന്തി മഹാഗഭീരാൻ.

എന്നാണു മറെറാരു മഹാകവി മഹാഭാരതകർത്താവിനെ സ്തു

---

* സാരം:— ശ്രീവേദവ്യാസഭഗവാന്റെ വാക്പ്രവാഹരൂപമായ ഭാരതത്തിൽ സർവ്വലോകങ്ങളുടേയും സാരാംശം എല്ലാം അടങ്ങിയിരിക്കുന്നു.

തിച്ചിരിക്കുന്നതു്. മിന്നൽപിണരുകളെപ്പോലെയുള്ള ജടക
ളെ വഹിച്ചിരിക്കുന്ന കൃഷ്ണരൂപത്തോടുകൂടിയ വ്യാസഭഗവാൻ
ഒരു മേഘംതന്നെയാകുന്നു. ഈ മേഘം പെയ്യുന്ന ജലമാണു
മഹാഭാരതം. ഈ മേഘത്തിന്റെ ഗംഭീരശബ്ദം കേട്ടിട്ടു സത്തു
ക്കളാകുന്ന മയിലുകൾ ആഹ്ലാദിച്ചു നൃത്തം ചെയ്യുന്നു. മഹാഭാ
രതകർത്താവിന്റെ ഈ യോഗ്യതയെ ആരും സമ്മതിക്കുകത
ന്നെ ചെയ്യും. ജലം ലോകത്തിൽ സസ്യാദികൾക്കു് ഏതുവി
ധം ജീവചൈതന്യപ്രദമാകുന്നുവോ അതുപോലെ സകല ധ
ർമ്മങ്ങൾക്കും ഉപജീവനാകരമായ ഒന്നാണു മഹാഭാരതം എന്നു
കൂടി ഇവിടെ നാം മനസ്സിലാക്കേണ്ടതുണ്ടു്. ദേശകാലാദിഭേ
ദമില്ലാതെ പൊതുവേ മനുഷ്യസമുദായത്തിനു് അംഗീകരിക്കാവു
ന്നവയും അംഗീകരിക്കേണ്ടവയും ആയ എത്രയെത്ര ധർമ്മങ്ങ
ളാണു് ഈ മഹാകൃതിയിൽ അടങ്ങിയിരിക്കുന്നതെന്നു പറയാ
വുന്നതല്ല. മനുഷ്യസമുദായത്തിനു്, വിശേഷിച്ചും പൌരസ്ത്യ
ർക്കു് ഇതിനൊക്കാൾ വലിയ ഒരു സാഹിത്യസത്തു വേറെ ഇല്ലെ
ന്നുതന്നെയാണു പറയേണ്ടതു്.

മഹാഭാരതത്തിന്റെ ഈവിധമുള്ള യോഗ്യതയെ പാശ്ചാ
ത്യപണ്ഡിതന്മാരും ആദരിക്കുന്നുണ്ടു്. "മഹാഭാരതം ഒരു ഗ്ര
ന്ഥമല്ല; അനവധി ഗ്രന്ഥങ്ങൾ അടങ്ങിയിട്ടുള്ള ഒരു ഗ്രന്ഥ
ശാലയാകുന്നു" എന്നു് ഒരു പണ്ഡിതൻ പറയുന്നു. ഈ അ
ഭിപ്രായം വളരെ യഥാർത്ഥംതന്നെ. വിവിധങ്ങളായ അനവ
ധി ഗ്രന്ഥങ്ങൾ ഉള്ള ഒരു വലിയ ഗ്രന്ഥശാലയുടെ പരിചയം
കൊണ്ടു് ഉണ്ടാകുന്ന ജ്ഞാനം മഹാഭാരതം പഠിക്കുന്നതുകൊ
ണ്ടു ലഭിക്കുന്നു. മഹാഭാരതം വായിച്ചുപഠിക്കാത്ത ഒരു പൌര
സ്ത്യന്റെ സ്ഥിതി, രക്ഷാകർത്താക്കന്മാർ ഇല്ലാത്ത ഒരു കുട്ടിയു
ടേതിനു സമമാണെന്നു വേറെ ഒരു പണ്ഡിതൻ അഭിപ്രായ
പ്പെടുന്നു. ഈ അഭിപ്രായവും യുക്തംതന്നെ. മാതാപിതാക്ക
ന്മാരുടെ ദൃഷ്ടിയിൽ വളരുവാൻ ഇടയാകാത്ത ഒരു കുട്ടി വഴിക
ളിൽ (തെരുവുകളിൽ) അലഞ്ഞുനടന്നു് അനാഥമായി പല
'നാനാവിധ'ങ്ങളും കാണിച്ചു് അധഃപതിക്കുന്നു. ഇതു ചെ

യ്യണം; ഇതു ചെയ്യരുതു്; എന്നു നമ്മെ ശാസിച്ചു നല്ലവഴികളിൽക്കൂടി നടത്തി നമ്മുടെ ധൎമ്മശ്രദ്ധയെ പോഷിപ്പിക്കുന്ന ഒരു രക്ഷാകൎത്താവാണു മഹാഭാരതം. ഈ രക്ഷാധികാരിയുടെ ദൃഷ്ടിയിൽ ധൎമ്മഭംഗത്തിനു വശപ്പെട്ടു ലഭിക്കുവാൻ ഇടയാകാതെ വരുന്നവർ ദുഃഖിതന്മാരും അനാഥന്മാരും ആയി കാടുകയറി നശിക്കുന്നു. ഇത്രയും പ്രസ്താവിച്ചതിൽനിന്നു മഹാഭാരതപരിചയം നമുക്കു് ഒരിക്കലും ഒഴിച്ചുവെയ്ക്കാവുന്ന ഒന്നല്ലെന്നു വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇപ്രകാരം പ്രാധാന്യമേറിയ മഹാഭാരതത്തെ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയരെ പരിചയപ്പെടുത്തുന്ന വിഷയത്തിൽ പൂൎവ്വപിതാക്കന്മാർ ശ്രമിക്കാതിരുന്നിട്ടില്ല. കണ്ണശ്ശഭാരതം ഭാരതമാല ഭാരതം കിളിപ്പാട്ടു മുതലായ കൃതികൾ അവരുടെ ശ്രമത്തിൻെറ സന്താനങ്ങളാകുന്നു. ഇവയെല്ലാം മഹാഭാരതത്തിൻെറ സംഗ്രഹരൂപങ്ങളാണു്. ഇവയുടെ കൎത്താക്കന്മാർ യഥേഷ്ടം മൂലത്തിലെ പല ഭാഗങ്ങളേയും ചുരുക്കുകയോ അല്ലെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടു്. അതിനാൽ മൂലത്തിൻെറ യഥാൎത്ഥരൂപം കാണിക്കുന്നതിനു് ഇവ അസമൎത്ഥങ്ങളാകുന്നു. കൽക്കത്തായിൽ, പ്രസിദ്ധഭാഗവതരായ പ്രതാപചന്ദ്രരായി വളരെ ക്ലേശം അനുഭവിച്ചു മഹാഭാരതം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയപ്പോൾ, ഈ മഹാഗ്രന്ഥത്തെ (മൂലം) ഒരു ചെറിയ അൎത്ഥത്തോടുകൂടി മലയാളാക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു ചില പണ്ഡിതന്മാർ ശ്രമിക്കുകയുണ്ടായി. 'ജ്ഞാനപ്രകാശിക' എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയ ഭാരതത്തിൻെറ ഈ പ്രസിദ്ധീകരണം പൂൎണ്ണമായതായി അറിയുന്നില്ല. ഈ മഹത്തായ പരിശ്രമത്തെ എത്രമാത്രം അഭിനന്ദിച്ചാലും മതിയാകുകയില്ല. മഹാഭാരതത്തെസ്സംബന്ധിച്ചിടത്തോളം നമുക്കുള്ള സമ്പാദ്യമിത്രമാത്രമാകുന്നു. ഇത്രയും പറഞ്ഞതിൽനിന്നു മഹാഭാരതത്തിൻെറ ഒരു സമഗ്രമായ രൂപം കൈരളി വളരെ അക്ഷമയോടുകൂടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമ്പത്താണെന്നു തെളിയുന്നുണ്ടല്ലോ.

ഈ സന്ദൎഭത്തിലാണു് വ്യവസായസമ്പന്നനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ മഹാഭാരതം ഭാഷപ്പെടുത്തുവാൻ ഉദ്യമിച്ചതു്. ഭാരതം ഭാഷയാക്കുക എന്നതു് അത്യന്തം ദുഷ്കരമായ ഒരു കാൎയ്യമാകുന്നു. ഈ ഗ്രന്ഥത്തിന്റെ വൈപുല്യംതന്നെ ആരേയും സംഭ്രമിപ്പിക്കുമെന്നതിനു സംശയമില്ല. അസാധാരണമായ ഉത്സാഹം പരിശ്രമം ക്ഷമ വൈദുഷ്യം മുതലായ ഗുണങ്ങൾ ഉള്ളവൎക്കല്ലാതെ ഇപ്രകാരം ഒരു വ്യവസായത്തിൽ ഏൎപ്പെടാവുന്നതല്ല. വലിയ പണ്ഡിതന്മാൎക്കുകൂടി ആശയം മനസ്സിലാക്കുവാൻ ക്ലേശം ഉണ്ടാകുന്ന പല ഭാഗങ്ങളും അവിടെയവിടെയായി ഭാരതത്തിൽ ഉണ്ടു്. വ്യാസഭഗവാൻ നിൎമ്മിച്ച മഹാഭാരതം എഴുതിയതു വിഘ്നേശ്വരനായ ഗണപതിയായിരുന്നു എന്നും, ലേഖകനു് അൎത്ഥഗ്രഹണത്തിനു വിഷമതയെ ജനിപ്പിക്കുന്ന പല പദ്യങ്ങളും കവി മനഃപൂൎവ്വം ഇടക്കിടക്കു അതിൽ ചേൎത്തിട്ടുണ്ടെന്നും കാണുന്നു. അവക ഭാഗങ്ങളുടെ അൎത്ഥം ആൎക്കും ദുൎഗ്രഹങ്ങൾ തന്നെ.

'ഭാരതവ്യപദേശേന
ഹ്യാമ്നായാൎത്ഥശ്ച ദൎശിതഃ'

എന്നു മഹാഭാഗവതത്തിൽ കാണുന്നതിൽനിന്നു വേദാൎത്ഥം മുഴുവൻ ഭാരതത്തിൽ സംഗ്രഹിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. അതുകൊണ്ടു വേദങ്ങളിലും അവയുടെ ഭാഷ്യങ്ങളിലും നല്ല പരിചയമുള്ളവൎക്കു മാത്രമേ ഭാരതത്തിന്റെ സാരം മുഴുവൻ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. ഗീത സനൽസുജാതീയം വിദുരവാക്യം മുതലായ പ്രൌഢഗംഭീരങ്ങളായ ഭാഗങ്ങളുടെ ആശയം എത്ര വലിയ പണ്ഡിതന്മാൎക്കും വ്യാഖ്യാനസഹായംകൂടാതെ മനസ്സിലാകുന്നതല്ല. ഇടക്കിടയിൽ വൈദികങ്ങളായ വാക്യങ്ങളും (പ്രയോഗങ്ങളും) മന്ത്രങ്ങളും മറ്റും ഭാരതത്തിൽ ധാരാളമുണ്ടു്. മുൻപു ഭാരതത്തിനു പല വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നെങ്കിലും 'നീലകണ്ഠീയം' എന്നൊന്നു മാത്രമേ സുലഭമായി കണ്ടുവരുന്നുള്ളു. ഇതിൽനിന്നൊക്കെ മഹാഭാരതം ഭാഷപ്പെടു

ണ്ടുവാൻ ഉദ്യമിക്കുന്ന ഒരാളിന്റെ ക്ലേശം എത്രമാത്രം ബാഹുല്യവും വിപുലവും ആണെന്ന് ഊഹിക്കാം; ഭാഷപ്പെടുത്തേണ്ടതോ? ഏററവും കൃശയായ കൈരളിയിലേക്കും! ഈ സംഗതികൾ എല്ലാം വിചാരിച്ചാൽ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ശ്രമം പരാജയത്തിൽ പര്യവസാനിച്ചാൽത്തന്നെയും അവിടത്തെ കുററം പറയുവാൻ ആർക്കും മനസ്സു വരുന്നതല്ല.

ഈവക ക്ലേശങ്ങൾ എല്ലാം ഇരുന്നിട്ടും ഭാരതം ഭാഷപ്പെടുത്തുന്ന വിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പൂർണ്ണമായ വിജയമാണ ലഭിച്ചിരിക്കുന്നതെന്നു കാണുമ്പോൾ അവിടത്തെ എത്രമാത്രം പ്രശംസിച്ചാലും മതിയാകുന്നതല്ല. അധികം ആഴമുള്ളതും ഇടയ്ക്കിടയ്ക്കു അപകടമുണ്ടാകുന്ന പാറകളോടുകൂടിയതും അന്തമില്ലാത്തതും ആയ ഒരു കടലിനോടു ഭാരതത്തെ ഉപമിക്കാം. മഹാവിദ്വാന്മാർക്കുകൂടി ഈ കടലിനെ തരണം ചെയ്യുന്നതിനു കപ്പലിന്റെ സഹായം ആവശ്യമാകുന്നു. ഈ വിധം ഉള്ള ഒരു മഹാസമുദ്രത്തെ കപ്പലിന്റെയോ പൊങ്ങുതടിയുടെയോ കൂടെ സഹായമില്ലാതെ കയ്യുകൊണ്ടു നീന്തിക്കടക്കുകയാണ കുഞ്ഞിക്കുട്ടൻതമ്പുരാൻ ചെയ്തിട്ടുള്ളതു്. സാക്ഷാൽ സമുദ്രത്തെ കുടിച്ചുവററിച്ച അഗസ്ത്യനേയും, ചാടിക്കടന്ന ഹനുമാനേയുംകാൾ കൂടുതൽ വൈഭവം, മഹാഭാരതസമുദ്രം കയ്യുകൊണ്ടു നീന്തിക്കടന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാണിച്ചിട്ടുണ്ടെന്നുതന്നെ പറയണം.

ഭാരതം വൃത്താനുവൃത്തമായിട്ടാണ ഭാഷപ്പെടുത്തിയിട്ടുള്ളതു്. ഈവിധമുള്ള ഭാഷാന്തരം കവിക്കു വളരെ സ്വാതന്ത്ര്യഭംഗത്തേയും ക്ലേശത്തേയും ജനിപ്പിക്കുന്നു. മൂലത്തിലെ വിസ്തൃതമായ ആശയത്തെ പരിമിതമായ ഭാഷയിൽ പ്രകാശിപ്പിക്കുന്നതിനു വൃത്താനുവൃത്തനിയമം, വിശേഷിച്ചും ചെറിയ വൃത്തങ്ങളിൽ, ഒരു വലിയ തടസ്ഥംതന്നെയാണ്. ഈ നിയമം ഭാഷാന്തരത്തിൽ സ്വീകരിക്കുന്നതു സർവ്വത്ര ദുസ്സാധ്യമാകുകയില്ല. വാസ്തവമിപ്രകാരമാണെങ്കിലും ഭാരതം ഭാഷാന്തരത്തിൽ വൃത്താനുവൃത്തനിയമം സ്വീകരിച്ചതു യുക്തമായിയെന്നുതന്നെ പറയ

ന്നം. ഇപ്രകാരംതന്നെ അതിസ്ഥൂലമായ ഗ്രന്ഥത്തെ, ഇതിലും അധികം സ്ഥൂലമാക്കാതിരിക്കുന്നതിനു വൃത്താനുവൃത്താദിയമനിർബ്ബന്ധംകൊണ്ടാണ സാധിച്ചത്.

മുൻപു പല പ്രൌഢകൃതികളെയും ഭാഷയാക്കി തഴമ്പു പിടിച്ചിട്ടുള്ള ഒരു കയ്യാണ ഭാരതത്തിന്റെ കാൎയ്യത്തിൽ ചെലവായിട്ടുള്ളതു്. മൂലത്തിന്റെ ആശയത്തെ അതുപോലെ ഭാഷയിലും പകൎത്തുന്നതിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ സാമാന്യം നല്ല സാമൎത്ഥ്യം കാണിച്ചിട്ടുണ്ട്. മൂലശ്ലോകത്തിലെ (സംസ്കൃത)പദം മലയാളികൾക്കു മനസ്സിലാകുന്നതാണെങ്കിൽ ആ പദംതന്നെ ഭാഷയിലും വെയ്ക്കും; അല്ലെങ്കിൽ മൂലപദത്തിനു ശരിയായ ഭാഷാപദം ചേൎക്കും. ഒന്നുകൊണ്ടും അൎത്ഥം വിശദമായില്ലെങ്കിൽ കൂടുതൽ പദങ്ങൾ പ്രയോഗിക്കും. സാമാന്യേന ഇതാണ ഭാഷപ്പെടുത്തുന്ന വിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ സ്വീകരിച്ചിട്ടുള്ള നയത്തിന്റെ സ്വഭാവം. ഭാഷക്കു നല്ല ഒഴുക്കം പുഷ്ടിയും കാണും. അൎത്ഥത്തിനു അൎത്ഥവും പദത്തിനു പദവും കൊടുത്തു സംസ്കൃതപദ്യങ്ങളെ ഭാഷയാക്കുന്നതിനു പരിഭാഷകനുള്ള സാമൎത്ഥ്യം നിസ്തുല്യമാകുന്നു. ഒരു പദം മൂലശ്ലോകത്തിന്റെ ഒരു സ്ഥാനത്തു പ്രത്യേകയോഗ്യതയോടുകൂടിയിരിക്കുന്നതാണെങ്കിൽ ഭാഷയിലും അതുപോലെയുള്ള സ്ഥാനത്തുതന്നെ ആ പദത്തെയോ അൎത്ഥത്തെയോ പ്രയോഗിച്ചിരിക്കും. ഇക്കാൎയ്യത്തിൽ പരിഭാഷകനു വളരെ ശ്രദ്ധയുണ്ട്. മൂലത്തെ അതിശയിക്കത്തക്ക മെച്ചമുള്ള പല പദ്യങ്ങളേയും ഭാഷയിൽ കാണാം. അൎത്ഥം അറിയാൻ ക്ലേശമുള്ള പല സന്ദൎഭങ്ങളിലും മൂലപദങ്ങളെ അതുപോലെ ഭാഷയിലും പ്രയോഗിക്കാൻ പരിഭാഷകനു മടിയില്ല. ചില ഉദാഹരണങ്ങൾ താഴെ ചേൎത്തുകൊള്ളുന്നു.

മൂലം.

യമാരാധ്യാൎജ്ജുനോ ദേവദേവം
കിരാതരൂപം ത്ര്യംബകം തോഷ്യയുദ്ധേ

അവാപ്തവന്തം പാശുപതം മഹാസ്ത്രം
തദാ നാശംസേ വിജയായ സഞ്ജയ!

യദാശ്രൗഷം ത്രിദിവസ്ഥം ധനഞ്ജയം
ശക്രാത് സാക്ഷാദ് ദിവ്യമസ്ത്രം യഥാവത്.
അധീയാനം ശംസിതം സത്യസന്ധം
തദാ നാശംസേ വിജയായ സഞ്ജയ!

യദാശ്രൗഷം കാലകേയാസ്തതസ്തേ
പൗലോമാനോ വരദാനാച്ച ദൃപ്താഃ
ദേവൈരജേയാ നിർജ്ജിതാ ഫൽഗുനേന
തദാ നാശംസേ വിജയായ സഞ്ജയ!

(ആദിപർവ്വം)

ഭാഷ.

എന്നു കേട്ടു ദേവൻ കിരാതരൂപൻ
തന്നെ യുദ്ധത്തിൽ പ്രീതനാക്കീട്ടു പാർത്ഥൻ
നന്ദ്യയാ വാങ്ങീ പാശുപതാസ്ത്രമെന്നാൽ
അന്നേ തീർന്നു സഞ്ജയാ മേ ജയാശ.

എന്നു കേട്ടു വിണ്ണിലും ശക്രപാർശ്വം
ചിന്നിപ്പിക്കയെന്നു നിജാസ്ത്രങ്ങളെ
ഇന്ദ്രൻ തന്നോടസ്ത്രജാലം ഗ്രഹിച്ചു.
അന്നേ തീർന്നു സഞ്ജയാ മേ ജയാശ.

എന്നു കേട്ടു വരദാനദൃപ്തരാം—
ദേവാജയ്യന്മാർ കാലകേയാസുരന്മാർ
പൗലോമന്മാരിവരൊടുങ്ങിയെന്നും.
അന്നേ തീർന്നു സഞ്ജയാ മേ ജയാശ.

ഇവിടെ മൂലത്തിന്റെ ആശയം, അല്പവും ക്ലേശംകൂടാതെ ഭാഷയ്ക്കും ലഭിച്ചിരിക്കുന്നു. 'യദാശ്രൗഷം' 'തദാനാശംസേ' എന്നീ പദങ്ങളെ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന സ്ഥാനത്തു തന്നെ, അവയുടെ അർത്ഥത്തെ ഭാഷയിലും പ്രയോഗിച്ചിരിക്കുന്നു. ഇതിൽനിന്നു മൂലകാരന്റെ ആശയമർമ്മം പരിഭാഷകൻ മനസ്സിലാക്കിയിട്ടുണ്ടെന്നു കാണാം. 'തദാനാശംസേ വിജയായ സഞ്ജയ' എന്ന മൂലത്തിന് 'അന്നേ തീർന്നു സഞ്ജയാ മേ ജയാശ' എന്ന ഭാഷയും നന്നായിട്ടുണ്ട്. ഈ ഭാഗം

ശബ്ദഭംഗിയിൽ മൂലത്തെ അതിശയിക്കുന്നു. ഇവിടെ 'യഥാ' 'തഥാ' എന്ന മൂലപദങ്ങൾക്ക് 'എന്നോ' 'അന്നോ' എന്ന ഭാഷ മതിയായിട്ടില്ലെന്ന് ഒരു കുറ്റം വേണമെങ്കിൽ പറയാം. 'എപ്പോഴു കേട്ടു അപ്പോഴുതന്നെ ജയത്തിൽ, ആശയില്ലാത്തവനായിബ്ഭവിച്ചു' എന്ന അർത്ഥത്തിനാണു ശക്തിയുള്ളത്. അതുകൊണ്ട് ഈ ആക്ഷേപം കേവലം നിരർത്ഥമല്ല.

മൂലം

ഭീഷ്മേ ശാന്തനവേ രാജൻ സ്ഥിതേ പുരുഷസത്തമേ
സപൂർവവൃദ്ധകേ രാജൻ കഥം കൃഷ്ണോഽർച്ചിതസ്ത്വയാ
അശ്വത്ഥാമ്നി സ്ഥിതേ വീരേ സർവ്വശാസ്ത്രവിശാരദേ
കഥം കൃഷ്ണസ്ത്വയാ രാജന്നർച്ചിതഃ കുരുനന്ദന!
ദുര്യോധനേ ച രാജേന്ദ്രേ സ്ഥിതേ പുരുഷസത്തമേ
കൃപേ ച ഭാരതാചാര്യേ കഥം കൃഷ്ണസ്ത്വയാർച്ചിതഃ

(സഭാപർവ്വം)

ഭാഷ

ഭീഷ്മൻ ശാന്തനവൻ ഭൂപ പുരുഷവരനിരിപ്പതിൽ
സപൂർവവൃദ്ധനിവൃത്തരാളുള്ളെന്തേ പൂജിച്ചുകൊള്ളുന്നു?
സർവ്വശാസ്ത്രജ്ഞനാം വീരനശ്വത്ഥാമാവിരിക്കവേ
കുരുനന്ദന രാജൻ താനെന്തേ പൂജിച്ചുകൊള്ളുന്നു?
രാജേന്ദ്രൻ പുരുഷശ്രേഷ്ഠൻ ദുര്യോധനനിരിക്കവേ
കൃപാചാര്യനുമുള്ളപ്പോളെന്തേ പൂജിച്ചുകൊള്ളുന്നു?

മൂലത്തിലെ രസവും വിശേഷിച്ച് പ്രസാദാദിഗുണങ്ങളും ഇവിടെ ഭാഷയിലും അതുപോലെത്തന്നെ പകർന്നിരിക്കുന്നു. അർത്ഥത്തിന് അസ്പഷ്ടതയോ ക്ലിഷ്ടതയോ ഭാഷയിൽ സംഭവിച്ചിട്ടില്ല.

മൂലം

കഥം ഹ്യരാജാ ദാശാർഹോ മദ്ധ്യേ സർവ്വമഹീക്ഷിതാം
അർഹണാമർഹതി തഥാ യഥാ യുഷ്മാഭിരർച്ചിതഃ

ഭാഷ.

രാജാവല്ലാത്ത ദാശാർഹൻ രാജാക്കന്മാർ നടുക്കഹോ
അർഹണയ്ക്കർഹനോ നിങ്ങളർഘ്യം ചെയ്തമാതിരി

അർഘ്യപൂർവ്വകം പാദ്യപാത്രം മഹാർഹ്യം
തദാ നാശംസേ വിജയായ സഞ്ജയ!

യദാശ്രൗഷം ത്രിദിവസ്ഥം ധനഞ്ജയം
ശക്രാൽ സാക്ഷാൽ ദിവ്യമസ്ത്രം യഥാവത്.
അധീയാനം ശംസിതം സത്യസന്ധം
തദാ നാശംസേ വിജയായ സഞ്ജയ!

യദാശ്രൗഷം കാലകേയാസ്തതസ്തേ
പൌലോമാനോ വരദാനാച്ച ദൃപ്താഃ
ഭുജവേഗേന നിർജ്ജിതാ ഹ്യർജ്ജുനേന
തദാനാശംസേ വിജയായ സഞ്ജയ!

(ആദിപർവ്വം)

ഭാഷ.

എന്നോ കേട്ടു ദേവലോകനായകന്റെ
തന്നെപ്പാതിൽ പ്രീതനാകിട്ടു പാർത്ഥൻ
നന്ദ്യാ വാങ്ങീ പാശുപതാസ്ത്രമെന്നാ-
ന്നന്നേ തീർന്നു സഞ്ജയാ മേ ജയാശ.

എന്നോ കേട്ടു വിണ്ണിലുമത്ര ചെന്നു
മിന്നിപ്പിക്കും ഇന്ദ്രൻ നിശ്ശങ്കമോടേ
ഇന്ദ്രൻ തന്നോടസ്ത്രജാലം ഗ്രഹിച്ചു-
ന്നന്നേ തീർന്നു സഞ്ജയാ മേ ജയാശ.

എന്നോ കേട്ടു വരമദ്യാദൃതർക്കു-
കവചധൃതർ കാലകേയാസുരന്മാർ
ഒരു ഭൂലോകനാഥനാൽ ഭഞ്ജിപ്പൂതവരെന്നു-
ന്നന്നേ തീർന്നു സഞ്ജയാ മേ ജയാശ.

ഇവിടെ മൂലത്തിന്റെ ആശയം, അല്പവും ക്ലേശംകൂടാതെ ഭാഷയ്ക്കും ലഭിച്ചിരിക്കുന്നു. 'യദാശ്രൗഷം' 'തദാനാശംസേ' എന്നീ പദങ്ങളെ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന സ്ഥാനത്തു തന്നെ, അവയുടെ അർത്ഥത്തെ ഭാഷയിലും പ്രയോഗിച്ചിരിക്കുന്നു. ഇതിൽനിന്നു മൂലകാരന്റെ ആശയമർമ്മം പരിഭാഷകൻ മനസ്സിലാക്കിയിട്ടുണ്ടെന്നു കാണാം. 'തദാനാശംസേ വിജയായ സഞ്ജയ' എന്ന മൂലത്തിന് 'അന്നേ തീർന്നു സഞ്ജയാ മേ ജയാശ' എന്ന ഭാഷയും നന്നായിട്ടുണ്ട്. ഈ ഭാഗം

മൂലം.

നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ
ഉഭയോരപി ദൃഷ്ടോന്തസ്ത്വനയോസ്തത്വദർശിഭിഃ

*　　*　　*　　*

യ ഏനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതം
ഉഭൗ തൌ ന വിജാനീതോ നായം ഹന്തി ന ഹന്യതേ

ഇത്യാദി ഗഹനതരാശയങ്ങളോടുകൂടിയ ഗീതാപദ്യങ്ങളെ,

ഭാഷ.

ഇല്ലാത്തതുണ്ടാവില്ലുള്ളതില്ലാതാവില്ലൊരിക്കലും
ഉള്ളതിനില്ലതിനും തത്വദർശികൾ കണ്ടതാം

*　　*　　*　　*　　*

ഇവനെ കൊല്ലുവോനെന്നും ഹതനെന്നും ധരിപ്പവർ
അറിയുന്നില്ലിരുവരും കൊല്ലുകില്ലിവനില്ലിവൻ

എന്നും മററും സംസ്കൃതത്തിന്റെ കല്പനകളെ അവിടം ഭാഷയാക്കുവാൻ ശ്രമിക്കുമ്പോൾ കഴിയുന്നതല്ല. മൂലത്തിന്റെ അർത്ഥത്തെ പരിഭാഷകൻ ഇവിടെ ഒരുപോലെ തന്നെ ഭാഷയിൽ പകർത്തിയിരിക്കുന്നു. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ വളരെ ക്ലേശമനുഭവിക്കുന്നു കവിക്ക്. 'ഭാഷസ്ഥതേ'ത്യാദി ഭാഗങ്ങളിലേക്കു കടക്കുമ്പോൾ പലർക്കും വിസ്മയം തോന്നുന്നതാണ്.

മൂലം.

ദാനം ഭക്ഷ്യം ശ്രുതം വീര്യം ഹ്രീ കീർത്തിർബുദ്ധിരേവ ച
സന്നതിഃ ശ്രീർധൃതിസ്തുഷ്ടിഃ പുഷ്ടിശ്ചാപി ത്വയാച്യുതേ

(സഭാപർവ്വം)

ഭാഷ.

ദാനം ഭക്ഷ്യം ശ്രുതം ശൌര്യം ശ്രീകീർത്തിമതിയാം മതി
സന്തതിശ്ശ്രീധൃതിപുഷ്ടിതുഷ്ടികളിവ കണ്ണനിൽ

ഇപ്രകാരം കവിയെ സഹായിക്കുന്ന സന്ദർഭങ്ങൾ മഹാഭാരതത്തിൽ സുലഭങ്ങളാകുന്നു. 'സന്തതി' എന്ന പാഠമാണ് ഇവിടെ പരിഭാഷകൻ സ്വീകരിച്ചിരിക്കുന്നത്. 'സന്നതി' എന്ന

ണാമെന്ന ശരിയായ പാഠമെന്നു തോന്നുന്നു. അഹങ്കാരം അല്പവും ഇല്ലാത്ത നില-താഴ്മ-എന്നു 'സന്നതി' പദത്തിന്റെ അൎത്ഥം. ഈ അൎത്ഥം സന്ദൎഭത്തിനു വളരെ യോജിച്ചിരിക്കുന്നു.

മൂലത്തിന്റെ മൎമ്മം മുഴുവൻ ഗ്രഹിച്ച് ഭാഷയിൽ പ്രകാശിപ്പിക്കുന്നതിനു തമ്പുരാൻ വളരെ ശ്രമം സഹിച്ചിട്ടുണ്ട്. പല വ്യാഖ്യാനങ്ങളുടെ സഹായത്തേയും അവിടുന്ന് ആശ്രയിച്ചിട്ടുണ്ടെന്നു തെളിയുന്നു. പല സന്ദൎഭങ്ങളിലും ഈ ശ്രമം ഭാഷാന്തരത്തിനു സാഫല്യത്തെ പ്രദാനം ചെയ്തിരിക്കുന്നു.

മൂലം.

പശ്യൈതാം പാണ്ഡുപുത്രാണാമാചാൎയ്യ മഹതീം ചമൂം
വ്യൂഢാം ദ്രുപദപുത്രേണ തവ ശിഷ്യേണ ധീമതാ

ഭാഷ.

കണ്ടാലും പാണ്ഡവരുടെ യാചാൎയ്യ പെരുതാം പട
ധീമാൻ ദ്രുപദജൻ നിന്റെശിഷ്യൻ വ്യൂഹം ചമച്ചിതാ

ദുൎയ്യോധനൻ ദ്രോണരോടു പറയുന്നതാണ് ഈ ഭാഗം. 'ആചാൎയ്യ, പാണ്ഡവന്മാരുടെ വലിയ പടയെ കണ്ടാലും' എന്നാണ് ഇവിടെ സാമാന്യേന സംഗതമായ അൎത്ഥം. ഈ സന്ദൎഭത്തിൽ 'പാണ്ഡുപുത്രാണാമാചാൎയ്യ' എന്ന ആചാൎയ്യപദത്തെ 'പാണ്ഡുപുത്രാണാം' എന്ന പദത്തോടു സംബന്ധിപ്പിക്കാം. പാണ്ഡുപുത്രന്മാരുടെ ഗുരുഭൂതനായുള്ളവരേ! എന്ന് ആചാൎയ്യപദത്തിന്ന് അൎത്ഥം. 'എന്റെ ശത്രുക്കളായ പാണ്ഡവന്മാരെ അങ്ങു ധനുൎവ്വേദമഭ്യസിപ്പിച്ച സമൎത്ഥന്മാരാക്കിയതാണ് ഈ ആപത്തിന്നൊക്കെ കാരണ'മെന്നുകൂടി ദുൎയ്യോധനന് ആശയം ഉണ്ട്. 'പാണ്ഡവരുടെ യാചാൎയ്യ' എന്ന ഭാഷ ഈ അൎത്ഥത്തെക്കൂടി സ്പഷ്ടമാക്കുന്നു. മൂലത്തിലെ ധീമാൻ ദ്രുപദപുത്രൻ ശിഷ്യൻ എന്നീ പദങ്ങളുടെ ആശയശക്തി ആ പദങ്ങൾകൊണ്ടു മാത്രമേ വെളിവാകുകയുള്ളു. അതുകൊണ്ടു ഭാഷയിൽ ആ പദങ്ങളെത്തന്നെ പ്രയോഗിച്ചു ദ്രോണരെ വധിക്കാനായി ജനിച്ചവനായിരുന്നിട്ടും, ആ ദ്രോണരിൽനിന്നു ധനുൎവ്വേദരഹസ്യം പഠിച്ചുള്ളതുകൊണ്ടാണു ധീമാൻ എന്നു പൂൎവ്വസൂരികൾ (മൂല

ത്തിൽ) വിശേഷണം കൊടുത്തതു്. ശത്രുനാശകമായ ദ്രുപദപദം കേൾക്കുമ്പോൾ ദ്രോണർക്കു മനഃക്ഷോഭം ഉണ്ടാകണം. അതിനുവേണ്ടി 'ദ്രുപദപുത്രൻ' എന്ന പദം പ്രയോഗിച്ചിരിക്കുന്നു. സ്വശത്രുവിനുകൂടി വിദ്യാപ്രദാനം ചെയ്യുകകൊണ്ടു ദ്രോണരുടെ ഹൃദയവിശാലതയും ഇവിടെ വ്യഞ്ജിതമായി. ഈമാതിരി സന്ദർഭങ്ങളിൽ മൂലപദങ്ങളെത്തന്നെ ഭാഷയിലും ഉപയോഗിക്കുന്ന കവിയുടെ സാഹിത്യമർമ്മജ്ഞതയെ സവിശേഷം ശ്ലാഘിക്കേണ്ടതാകുന്നു.

പക്ഷെ ചില സന്ദർഭങ്ങളിൽ അനാവശ്യങ്ങളായ പദങ്ങളെ സ്വീകരിക്കേണ്ടി വന്നിട്ടുണ്ടു്. ദ്രുതതരമായ ഗതിയിൽ പതിരോധകമായ ശൈഥില്യം സംഭവിച്ചിട്ടുള്ള സന്ദർഭങ്ങളും ഇല്ലായ്കയില്ല.

> തമൈവ സംപതന്ത്യേതേ ഖേചരീ ബഹുപാദപാത്
> ഉപാസതേ ശ്വേതകാകീയൈഃ പ്രിയകാമാ യശസ്വിനീ

എന്ന പദ്യത്തിന്റെ ഭാഷയിൽ

> വെള്ളക്കാക്കപ്രിയയാംകൈകാ-
> ങ്ങളിണക്കിയശസ്വിനീ

എന്നു കാണുന്നു. 'ശ്വേതകാകീയ'പദത്തിനു 'വെള്ളക്കാക്ക' എന്ന അർത്ഥം ശരിയല്ലെന്നു തോന്നുന്നു. "ശ്വാവിനെപ്പോലെ ഉണർച്ചയോടും മാനിനെപ്പോലെ ഭയത്തോടും കാകനെപ്പോലെ ലക്ഷണങ്ങളറിഞ്ഞുംകൊണ്ടു ശുശ്രൂഷിച്ച" എന്നു ശ്വേതകാകപദത്തിനു (മുൻപു പറഞ്ഞ) 'ജ്ഞാനപ്രകാശിക' എന്ന ഭാഷാവ്യാഖ്യാനത്തിൽ അർത്ഥം പറഞ്ഞുകാണുന്നു. സംസ്കൃതവ്യാഖ്യാതാക്കന്മാരുടെ അർത്ഥവും ഇതിൽനിന്നു ഭിന്നമല്ല. ഇപ്രകാരം ഉള്ള ന്യൂനതകൾ ചില സന്ദർഭങ്ങളിൽ കാണുന്നുണ്ടെങ്കിലും അവയൊന്നും ഭാഷയുടെ പൊതുവെയുള്ള മാഹാത്മ്യത്തെ ഹനിക്കുന്നതല്ല.

ആകപ്പാടെ വിചാരിച്ചാൽ ഭാരതം ഭാഷാന്തരസംബന്ധിച്ചിടത്തോളവും കുഞ്ഞിക്കുട്ടൻതമ്പുരാൻ ചെയ്ത പരിശ്രമം അ

മാഹാത്മ്യം എന്നുതന്നെ പറയണം. എഴുത്തച്ഛൻ കുഞ്ചൻ മുതലായ പൂർവ്വമഹാകവികൾക്കുകൂടി സാധിക്കാത്ത ഒരു വലിയ കാര്യം അവിടുന്നു ഭാരതഭാഷാന്തരംകൊണ്ടു സാധിച്ചിരിക്കുന്നു. മനുഷ്യലോകത്തിന്റെ പൊതുവെയുള്ള ഒരു തത്വഭണ്ഡാഗാരമാണു മഹാഭാരതം. ഈ കൃതിയെ ഭാഷപ്പെടുത്തിയ കുഞ്ഞിക്കുട്ടൻതമ്പുരാൻ കേരളീയർക്കു ചെയ്തുകൊടുത്ത അനുഗ്രഹം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. കൃശവും അധുനാതനവും ആയ നമ്മുടെ പദ്യസാഹിത്യത്തിനു ഭാരതംഭാഷ ഒരുകണ്ടും പുറത്തും അസാധാരണമായ പരിപുഷ്ടിയെ പ്രദാനംചെയ്തിരിക്കുന്നു. കുടിലുകളിലും കൊട്ടാരങ്ങളിലും ഒന്നുപോലെ ജനങ്ങൾ ആദരിച്ചുവരുന്ന ഈ മഹാകൃതി ഭാഷയുടെ ശാശ്വതമായ ഒരു സമ്പത്താകുന്നു. കേരളവ്യാസൻ എന്ന പേരിൽ അവിടുത്തെ ജനങ്ങൾ ആരാധിച്ചുവരുന്നതു യുക്തംതന്നെ. ഇതിൽ കൂടുതൽ ധന്യത്വവും ജന്മസാഫല്യവും ഒരു കവിക്കു ലഭിക്കേണ്ടതായിട്ടില്ല.

ഭാരതത്തോളംതന്നെ പ്രാധാന്യത്തെ അർഹിക്കുന്ന മറ്റൊരു മഹാകൃതിയാണു വാല്മീകിരാമായണം. ഇതിൽ ഇരുപത്തിനാലായിരം ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു. ആദിമഹാകാവ്യമായ വാല്മീകിരാമായണത്തിനു വേദസദൃശമായ മാഹാത്മ്യമാണു കല്പിക്കപ്പെട്ടിരിക്കുന്നതു്. ഭാരതംപോലെ ഈ മഹാകാവ്യവും ഭക്തിയോടുകൂടി ഹിന്ദുക്കളാൽ ആരാധിക്കപ്പെട്ടുവരുന്നു.

* വിഹിതഘനാലങ്കാരം
വിചിത്രവർണ്ണാവലീമയസ്ഫുരണം
ശക്രായുധമിവ വക്രം
വല്മീകഭുവം കവിം വന്ദേ

---

* സാരം:—ഘനാലങ്കാരമായതും, (ഘനം=ഉത്തമം; മേഘം.) വിചിത്രവർണ്ണങ്ങൾ (ഭംഗിയുള്ള പല നിറങ്ങൾ; വർണ്ണങ്ങൾ.) സ്ഫുരിക്കുന്ന ഇന്ദ്രധനുസ്സുപോലെ വക്രവും, (വക്രോക്തിസുന്ദരം) ആയ രാമായണകാവ്യം.

എന്നു ഗോവൎദ്ധനാചാൎയ്യർ പറയുന്നതിൽനിന്നു വാല്മീകിരാമായണത്തിലെ സാഹിത്യപ്രസ്ഥാനം എത്രമാത്രം ഉൽകൃഷ്ടമാണെന്നു മനസ്സിലാക്കാം.

വാല്മീകിമാദ്യം പ്രണമാമി കവിം തം
ജഗദ്ധിതായാതിപവിത്രവൃത്തം
സരസ്വതീം യോ വിതതാന ദിവ്യാം
ഭഗീരഥഃ സിന്ധുമിവാത്രലോകേ

എന്നു മറെറാരു മഹാകവി (സ്വൎഗ്ഗാരോഹണകൎത്താവു നാരായണൻനമ്പൂതിരി) രാമായണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതും അൎത്ഥവത്താകുന്നു. വാല്മീകിയും ഭഗീരഥനും തുല്യന്മാരാകുന്നു. ഒരാൾ ദേവലോകത്തിൽനിന്നു സരസ്വതിയേയും മറെറയാൾ ഗംഗയേയും ഭൂമിയിൽ അവതരിപ്പിച്ചു. തന്മൂലം ജനങ്ങൾക്കു സംസാരക്ലേശത്തിൽനിന്നു മോചനത്തിനു മാൎഗ്ഗം ലഭിച്ചു. പവിത്രതാ ശുദ്ധി സംസാരക്ലേശമോചനശക്തി മുതലായവ ഗംഗയിലെന്നപോലെ രാമായണത്തിലും ഉണ്ടെന്നു മനസ്സിലാക്കണം.

ഇപ്രകാരം വിശിഷ്ടമായ രാമായണത്തിനു പല രൂപങ്ങളും ഭാഷയിൽ മുൻപു ഉണ്ടായിട്ടുണ്ട്; എന്നാൽ വൃത്താനുവൃത്തവും സമഗ്രവും ആയ ഒരു ഭാഷാന്തരം മഹാകവി വള്ളത്തോൾ നാരായണമേനവന്റെ പരിശ്രമംകൊണ്ടാണു ലഭിച്ചത്. കുഞ്ചിക്കുട്ടൻതമ്പുരാന്റെ ഭാരതം എന്നപോലെത്തന്നെ നാരായണമേനവന്റെ രാമായണവും ഭാഷയുടെ ഒരു അക്ഷയനിധിയായി ഭവിച്ചിരിക്കുന്നു.

രാമായണംമൂലത്തെ ഭാഷപ്പെടുത്തുന്ന ഒരു കവിക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ട്; അവ ഭാരതം ഭാഷപ്പെടുത്തുന്ന കവിക്കുള്ളതുപോലെ കൎക്കശങ്ങളല്ലായിരിക്കാം; എങ്കിലും സാധാരണക്കാൎക്ക് അധൈൎയ്യത്തെ പ്രദാനംചെയ്യുന്നവയാകുന്നു. പാഠങ്ങളുടെ വിവിധതാനിമിത്തം ശുദ്ധമായ പാഠം തിരഞ്ഞെടുക്കുന്നതാണ് ഒരു വലിയ ക്ലേശം; വാല്മീകിയുടെ അനുഷ്ടുപ്പുകളുടെ ആശയവൈപുല്യവും ഭംഗിയും ഭാഷയിലേക്കു പകൎത്താവുന്നവയല്ല. ആശയം ഒന്നിനു മറെറാന്നായി പരിണ

ഷിക്കുക, പറയുക മുതലായ പല ദോഷങ്ങളും പരിഭാഷയിൽ സാധിക്കുവാൻ ഇടയുണ്ട്. ഈവക ദൃഷ്ടാന്തങ്ങൾ പലതും നാരായണമേനോൻ ഒരുവിധം ഒഴിപ്പിച്ചിട്ടുണ്ടെന്നുതന്നെ പറയണം.

പ്രസാദം ലാളിത്യം മുതലായ ഗുണങ്ങൾകൊണ്ട് ആക്ഷം തുളിക്കുന്ന ഒന്നാണ രാമായണംഭാഷ. ക്ലിഷ്ടത, അർത്ഥഹാനി മുതലായ ചില ദോഷങ്ങൾ രാമായണം ഭാഷയുടെ ആദിഭാഗങ്ങളിൽ ദൃഷ്ടമായി കാണുന്നുണ്ട്; എങ്കിലും ക്രമേണ ഈവക ദോഷങ്ങൾ തീരെ നിശ്ശേഷിക്കുന്നു. രാമായണംപരിഭാഷയുടെ മദ്ധ്യഭാഗം കഴിഞ്ഞാൽ ശേഷമുള്ളത് ഒരു പരിഭാഷയാണെന്നു തോന്നുകയില്ല. അത്രമാത്രം ഭാഷയ്ക്ക് അക്ലിഷ്ടതയും രമണീയതയും ഉണ്ട്. രാമായണംഭാഷയെ ഒന്നുകൊണ്ടും കേരളീയർക്കു വിസ്മരിക്കുവാൻ കഴിയുന്നതല്ല.

ഭാഗവതം ഭാഷ (ഗദ്യം) വാസിഷ്ഠം ബ്രഹ്മാണ്ഡപുരാണം മഹാഭാസ്യമാഹാത്മ്യം ദേവീഭാഗവതം കൽക്കിപുരാണം ശൈവപുരാണം വിഷ്ണുപുരാണം എന്നീ മഹാഗ്രന്ഥങ്ങളുടെ ഭാഷകളും ഇവിടെ സാദരം സ്മരിക്കേണ്ടതായിട്ടുണ്ട്. സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ള ഈവക ഗ്രന്ഥങ്ങൾ ഭാഷാപ്രണയികളുടേയും വിശേഷിച്ചു ഭക്തന്മാരുടേയും പ്രീതിഭാജനമാങ്ങളെ അർഹിച്ചിട്ടുള്ളവയാകുന്നു. നമ്മുടെ ഗദ്യസാഹിത്യത്തിന്റെ പുഷ്ടിയെ വർദ്ധിപ്പിക്കുന്നതിന് ഇവിടെ പറഞ്ഞ ഗ്രന്ഥങ്ങൾ ചെയ്തിട്ടുള്ള സഹായത്തിന് അതിരു കല്പിക്കാവുന്നതല്ല. കൊച്ചുണ്ണിത്തമ്പുരാൻ കുഞ്ഞിക്കുട്ടി ഭാഷാഭാരതകർത്താവു ചാത്തുക്കുട്ടി മന്നാടിയാർ രാമുമേനോൻ കാത്തുള്ളി അച്യുതമേനോൻ പി. നാരായണപ്പിഷാരടി മുതലായ മഹാകവികളുടെ അക്ഷീണപരിശ്രമഫലമായിത്തീർന്നതാണ നമുക്കീ സാഹിത്യനിധികൾ ലഭിച്ചത്. ഇവരെ എത്രമാത്രം നാം ബഹുമാനിച്ചാലും മതിയാകുകയില്ല.

ഭാരതം രാമായണം എന്നീ മഹാഗ്രന്ഥങ്ങളെപ്പോലെ പ്രാധാന്യമേറിയ ഒന്നാണ ഭാഗവതം. മഹനീയനിലയിൽ

രാമായണത്തേയും ഭാരതത്തേയും കാൾ ഭാഗവതത്തിനു വൈശിഷ്ട്യം കൂടുമെന്നു പറയണം. ലൌകികസുഖാസക്തന്മാരായ ഭോഗലോലുപന്മാരായ ക്ഷുദ്രരാജാക്കന്മാരുടെ ചരിതത്തിനാണു ഭാരതത്തിൽ പ്രാധാന്യം കൊടുത്തിരിക്കുന്നതു്. ഭഗവൽഭക്തിയെ സംബന്ധിച്ചിടത്തോളവും അല്പം താഴ്ന്നതാണു ഭാരതത്തിന്റെ നില. ധർമ്മപ്രധാനമായ ഒരു മഹാകാവ്യമാണു വാല്മീകിരാമായണം. എന്നാൽ അടിതൊട്ടു മുടിവരെ ഒരുപോലെ ഭക്തിക്കു പ്രാധാന്യം കല്പിച്ചു രചിക്കപ്പെട്ടിട്ടുള്ളതു ഭാഗവതം മാത്രമാകുന്നു. ഭക്തന്മാർക്കു് ഇത്രമാത്രം രുചികരമായ ഒരു പുരാണം വേറെയില്ല. ഭക്തിയെ പ്രധാനമായി മുൻനിറുത്തിക്കൊണ്ടാണു സകലധർമ്മങ്ങളേയും വിവരിച്ചിരിക്കുന്നതെന്നുള്ളതാണു ഭാഗവതത്തിന്റെ വിശേഷം. അർത്ഥത്തിന്റെ അഗാധതയും കാർക്കശ്യവും പ്രൌഢിയും രസികതയും ഭാഗവതത്തിനു കൂടും. 'വിദ്യാവതാം ഭാഗവതേ പരീക്ഷാ' എന്നു അഭിജ്ഞന്മാർ പറയുന്നതു ഭാഗവതത്തിന്റെ സ്ഥിതി മനസ്സിലാക്കിയിട്ടുതന്നെയാണു്. ഇപ്രകാരം മാഹാത്മ്യമേറിയ ഭാഗവതത്തെ മുഴുവൻ ഭാഷാഗാഥയാക്കി ഭക്തന്മാരെയും സഹൃദയന്മാരെയും അനുഗ്രഹിച്ചു കൊച്ചുണ്ണിത്തമ്പുരാൻ ഈ ഒരു മഹാകൃതിയുടെ കർത്തൃത്വംകൊണ്ടുതന്നെ കൃതകൃത്യനായി ഭവിച്ചിരിക്കുന്നു.

വൃത്താനുവൃത്തമായി ഒരു കൃതിയെ ഭാഷപ്പെടുത്തുന്നതിനു കവിക്കു് ഉണ്ടാകുന്ന ക്ലേശങ്ങൾ ഒന്നും കൊച്ചുണ്ണിത്തമ്പുരാനെ ബാധിക്കുവാൻ ഇടയില്ല. ഗാഥയാകകൊണ്ടു കവിക്കു സ്വാതന്ത്ര്യവും സൌകര്യവും കൂടും. ഇതുനിമിത്തം, അത്യന്തഗഹനങ്ങളെക്കൊണ്ടു ദുരവഗാഹങ്ങളായ പല ഭാഗങ്ങളിലേയും ആശയങ്ങളെ ഭാഷയിൽ ഭംഗിയായി പ്രകാശിപ്പിക്കുന്നതിനു കൊച്ചുണ്ണിത്തമ്പുരാനു കഴിഞ്ഞിട്ടുണ്ടു്. ഒരിടത്തും അർത്ഥത്തിനു കാലുഷ്യമോ ക്ലിഷ്ടതയോ സംഭവിച്ചിട്ടുണ്ടെന്നു പറയുവാനില്ല. എല്ലാം സംഗ്രഹമാകുന്നു. ഇതാണു ഭാഗവതംഗാഥയുടെ സ്വാ

ധാരണസ്വഭാവം. സ്ത്രീകൾക്കും കുട്ടികൾക്കുംകൂടി പാടിരസിക്കുന്നതിനും അതേസമയത്തുതന്നെ ഭഗവൽസ്മരണംകൊണ്ടു ആത്മശുദ്ധി ലഭിക്കുന്നതിനും ഒരു പുതിയ മാർഗ്ഗത്തെ ഭാഗവതഗാഥ വെട്ടിത്തുറന്നു തന്നിരിക്കുന്നു. ഭാഷയുള്ളിടത്തോളംകാലം കേരളീയർ ഈ മാർഗ്ഗത്തെ ഗാഢമായ ഭക്തിയോടുകൂടി ആദരിക്കുന്നതാണ്.

യോഗവാസിഷ്ഠം പ്രൌഢിയും പുഷ്ടിയും കൂടിയ ഒരു ഗ്രന്ഥരത്നമാകുന്നു. സാഹിത്യഗുണംകൊണ്ടാണെങ്കിൽ ഇതിനെ ജയിക്കുവാനുള്ള കൃതി ഇതിനുമാത്രമേയുള്ളൂ എന്നാണു പറയേണ്ടതു്. ആദ്യഭാഗങ്ങൾ കർക്കശങ്ങളാണ്. അവയിൽ പ്രായേണ ലൌകികന്മാർക്ക് ഒരു രസവും തോന്നുകയില്ല. ഈവിധം കഠിനവും സൌന്ദര്യവും ആയിത്തീരുന്ന ഗഹനമായ ഒരു ഗ്രന്ഥത്തെ സർവ്വജനാകർഷകവും അതിമധുരവും ആയ ഒരു മഹാകാവ്യം ആക്കുകയാണ് വാസിഷ്ഠകർത്താവു ചെയ്തിരിക്കുന്നതു്. സാഹിത്യപരിചയസഹിതരായ ആത്മനിർവൃതിയുടെ മാധുര്യത്തെ പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്നവർ വാസ്തവത്തിൽ വാസിഷ്ഠത്തെയാണു പാരായണം ചെയ്യേണ്ടതു്. വാസിഷ്ഠത്തിലെ കവിത, സർവ്വവിനോദവിമുക്തയായി ദുഃഖം അടക്കുവാൻ പാടില്ലാത്ത അന്തഃപുരവാസത്തോടും ശാന്തിയോടുംകൂടി പരിലസിക്കുന്ന മുഗ്ദ്ധയായ ഒരു യോഗിനിയുടെയും, അതേസമയത്തുതന്നെ സർവ്വവിധാലങ്കാരഭൂഷിതയായി അനേകം മധുരവിലാസങ്ങൾകൊണ്ടു് ആകർഷിച്ചു തന്നിൽ ലയിപ്പിച്ചു പരമാനന്ദത്തെ പ്രദാനം ചെയ്യുന്ന ഒരു രമണീയമായ കാമിനിയുടെയും, സാദൃശ്യത്തെ വഹിക്കുന്നു. വാസിഷ്ഠത്തിലുള്ളതല്ലാതെ വേറെ യാതൊരു അലങ്കാരം കാണുമെന്നു തോന്നുന്നില്ല. വാസിഷ്ഠത്തിൽനിന്നു് എടുത്തു മിനുക്കപ്പണി ചെയ്തു തിരുകിയിട്ടുള്ളവയാണു കാളിദാസന്റെ പല പ്രസിദ്ധങ്ങളായ ഉപമകളും. ഭാവവൃത്തിയും വാസിഷ്ഠത്തോടു വളരെ കടപ്പെട്ടിരിക്കുന്നു. ഭാഷാഗ്രന്ഥങ്ങളിലെങ്കിൽ അദ്ധ്യാത്മ ഒരു സൽഗ്രന്ഥം വിസ്മരിക്കാവുന്നതല്ല വാസിഷ്ഠം.

ങ്ങളിലെ കവിതാഗുണത്തെയോ സഹൃദയനോ ഭാഷാജ്ഞനാകുമാ കുന്നു. ഇപ്രകാരമുള്ള വാസിഷ്ഠത്തിനു വേണ്ടവിധം പൂർണ്ണമായ ഒരു ഭാഷാന്തരം നമുക്കു ലഭിച്ചിട്ടില്ല. നമുക്കു ലഭിച്ചിട്ടുള്ള ഭാഷാവാസിഷ്ഠം മൂലത്തിന്റെ ഒരു സംഗ്രഹമാകുന്നു. വാസിഷ്ഠത്തിന്റെ വൃത്താനുവൃത്തമായ ഒരു ഭാഷാന്തരം ഇടക്കാലത്ത് ഉണ്ടാകുവാൻ തുടങ്ങി. ഭാഗ്യദോഷത്താൽ ആ ശ്രമത്തിനു വേണ്ട വിജയം ഉണ്ടായില്ല. 'ഉള്ളതുകൊണ്ട് ഓണം' എന്ന പഴഞ്ചൊല്ലുപോലെ, നമുക്കു തല്ക്കാലം ഈ വാസിഷ്ഠംകൊണ്ട് തൃപ്തിപ്പെടുകയേ നിവൃത്തിയുള്ളൂ. സാക്ഷാൽ വാസിഷ്ഠത്തിന്റെ സാരവും വിപുലമായ രൂപത്തിന്റെ സ്വഭാവവും ഈ ഭാഷാവാസിഷ്ഠംകൊണ്ട് അറിയുവാൻ കഴിയും. ദേവീഭാഗവതവും ഹാലാസ്യമാഹാത്മ്യവും ഭക്തന്മാർ എന്നും ആദരിക്കുന്ന രണ്ടു മഹാകൃതികളാണ്. കല്ക്കിപുരാണം സ്കാന്ദപുരാണം എന്നിവയെ ഭാഷപ്പെടുത്തിയതിൽ വിശേഷാലെന്നോണം പ്രസിദ്ധകവിയും ആയ കടവിൽ ശങ്കരക്കുട്ടിമേനവൻ വിജയിയായി ഭവിച്ചിരിക്കുന്നു എന്നുതന്നെ പറയാം. പുരാണങ്ങൾ എല്ലാം തത്വബോധികളാണ്. അവയുടെ കൂട്ടത്തിൽ വിഷ്ണുപുരാണത്തിന് ഉന്നതമായ സ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നു. വാസനയും വൈദുഷ്യവും വിളങ്ങിച്ച ഭക്തിയും തികഞ്ഞ വിശിഷ്ടകവിയായ ഇരിങ്ങാലക്കുട നാരായണപിഷാരടിയാണ് വിഷ്ണുപുരാണം ഭാഷപ്പെടുത്തിത്തന്നിട്ടുള്ളത്. മററു പുരാണങ്ങളെപ്പോലെയുള്ള സ്ഥൗല്യം ഇല്ലെങ്കിലും വിഷ്ണുപുരാണത്തിന്റെ പ്രകൃതിക്കു ഗാംഭീര്യം കൂടും. മൂലത്തിന്റെ ഗുണങ്ങളെ പിഷാരടി ഭാഷയിലും സാമർത്ഥ്യത്തോടുകൂടി പകർത്തിയിട്ടുണ്ട്.

സാഹിത്യപ്രണയികളുടെ ഭക്ത്യാദരങ്ങളെ അർഹിക്കുന്ന ഒരു മഹാകൃതിയാകുന്നു ഭാരതമഞ്ജരി ഭാഷ. 'കവനോദയ' പ്രവർത്തകനായിരുന്ന് ആയുഷ്കാലത്തിന്റെ അധികം ഭാഗവും ഭാഷാപോഷണത്തിനായിത്തന്നെ ദീക്ഷിച്ചുകൊണ്ടു കഴിച്ചുകൂട്ടിയ മഹാഭാഗനായ കടത്തനാട്ട് ഉദയവർമ്മരാജാവു പല കവികളെക്കൊ

ണ്ടും ഭാഷാന്തരം ചെയ്യിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു ഈ കൃതി. ഉദയവൎമ്മതമ്പുരാന്റെ നാമധേയം ഈ രണ്ടു വിശിഷ്ടകൃതിയുടെ പ്രസിദ്ധീകരണംകൊണ്ടുതന്നെ സഹൃദയന്മാരുടെ ശാശ്വതാരാധനയെ അൎഹിക്കുന്ന ഒന്നായി ഭവിച്ചിരിക്കുന്നു.

ബൃഹൽകഥാമഞ്ജരി രാമായണമഞ്ജരി ഭാരതമഞ്ജരി എന്നീ മൂന്നു കൃതികളും കവിചൂഡാമണിയായ ക്ഷേമേന്ദ്രന്റെ കവിതാലതയിലെ അനൎഘരസസമ്പന്നകളായ മൂന്നു മഞ്ജരികളാകുന്നു. സഹൃദയഭ്രമരങ്ങളെ ആകൎഷിച്ച് ആഹ്ലാദിപ്പിച്ച് ഉന്മദിപ്പിക്കുന്നതിനുള്ള ശക്തിവിശേഷം ഈ മൂന്നു മഞ്ജരികൾക്കും ഒരുപോലെയുണ്ട്. ഇവ മൂന്നും മൂന്നു മഹത്തുകളായ കൃതികളെ സംഗ്രഹിച്ചിട്ടുള്ളവയാണെന്ന് ഇവയുടെ പേരുകളിൽനിന്നു മനസ്സിലാക്കാം; എങ്കിലും ഇവ മറെറാരുനിലയിൽ സ്വതന്ത്രകൃതികളുമാകുന്നു. സംസ്കൃതസാഹിത്യത്തിൽ ഈ മൂന്നു കൃതികൾക്കും ഉന്നതസ്ഥാനംതന്നെ ലഭിച്ചിരിക്കുന്നു.

ഈ മഞ്ജരികളിൽ ഏതെങ്കിലും ഒന്നിന്നു മററവയേക്കാൾ മെച്ചംകൂടുമെങ്കിൽ അതു ഭാരതമഞ്ജരിയാകുന്നു. അതിവിസ്തൃതമാകകൊണ്ടു മഹാഭാരതം മുഴുവൻ വായിച്ചു പഠിക്കുക എന്നതു് സാധാരണക്കാൎക്കു സാധിക്കയില്ല; സൗകൎയ്യവും ക്ലേശക്ഷമതയും അധികമുള്ളവൎക്കുമാത്രമേ അങ്ങിനെ ചെയ്യുവാൻ കഴികയുള്ളു. പരിശ്രമവിമുഖന്മാരും സൗകൎയ്യവികലന്മാരും ആയ സഹൃദയന്മാൎക്കു ഭാരതമഞ്ജരി വലിയ അനുഗ്രഹമാകുന്നു. മഹാഭാരതം മുഴുവൻ പഠിച്ചാൽ ഉണ്ടാകുന്ന പ്രയോജനം ലഭിക്കത്തക്കവിധം, അതിലെ എല്ലാ ഭാഗങ്ങളേയും സംഗ്രഹിച്ചാണു ഭാരതമഞ്ജരി രചിച്ചിരിക്കുന്നതു്. ഈ അഭിപ്രായത്തെ ക്ഷേമേന്ദ്രന്റെ വാക്കിൽ തന്നെ വെളിപ്പെടുത്താം.

> ഭാരതഹാരപ്പുണ്യജലമഹാഭാരതദിഗ്രചിതഃ
> സമസ്യാവയവായ ഭേദ്യേഷു മൂൎത്തിമേയ ഉപവേക്ഷ്യതേ.

മഹാഭാരതത്തിനും ഭാരതമഞ്ജരിക്കും ഉള്ള ബന്ധം ഈ പദ്യ

ത്തിൽനിന്നു മനസ്സിലാക്കാം. ഒരു വലിയ ഗജത്തിന്റെ ആകൃതി മുഴുവൻ ചെറിയ കണ്ണാടിയിൽ പ്രതിബിംബിക്കുന്നു; ഇതുപോലെയാണു മഹാഭാരതം ഭാരതമഞ്ജരിയിൽ പ്രതിഫലിക്കുന്നതു്. മഹാഭാരതം മുഴുവൻ ഭാരതമഞ്ജരിയിൽ സംഗ്രഹിക്കുന്ന കാൎയ്യത്തിൽ ക്ഷേമേന്ദ്രൻ നിസ്തുല്യമായ വൈഭവം കാണിച്ചിട്ടുണ്ടു്. ഒരുലക്ഷത്തിയിരുപത്തിയഞ്ചായിരം ഗ്രന്ഥങ്ങൾ മഹാഭാരതത്തിൽ ഉണ്ടെന്നു മുൻപു പറഞ്ഞുവല്ലൊ. ഇവയുടെയെല്ലാം സാരം പതിനാറായിരം ഗ്രന്ഥങ്ങളിൽ സംഗ്രഹിക്കുകയാണു ക്ഷേമേന്ദ്രൻ ചെയ്തിരിക്കുന്നതു്. ആനയെ നാഴികുടത്തിൽ അടയ്ക്കുക എന്നു കേട്ടിട്ടുണ്ടു്. ഏറെക്കുറെ അതുപോലെയുള്ള ഒരു പ്രവൃത്തിയാണു ക്ഷേമേന്ദ്രൻ ഇവിടെ ചെയ്തിരിക്കുന്നതു്. മഹാഭാരതം മൂലത്തിലെ ഉപാഖ്യാനങ്ങളെ ചുരുക്കുകയും വിസ്തരിക്കുകയും സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതിൽ ക്ഷേമേന്ദ്രൻ ശ്ലാഘനീയമായ ഔചിത്യബുദ്ധി പ്രകാശിപ്പിച്ചിരിക്കുന്നു. ഭഗവദ്ഗീത, സനത്സുജാതീയം, വിദുരവാക്യം മുതലായ പ്രൌഢഭാഗങ്ങളുടെ സാരാംശത്തെ ക്ഷേമേന്ദ്രൻ ഭംഗിയായി സംഗ്രഹിച്ചിട്ടുണ്ടു്. അസ്പഷ്ടവും ദുൎഗ്രഹവും ആയ രീതിയിൽ ഭാരതത്തെ സംഗ്രഹിക്കുകയല്ല ക്ഷേമേന്ദ്രൻ ചെയ്തിട്ടുള്ളതെന്നു നാം പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. ക്ഷേമേന്ദ്രന്റെ നൂതനവും പരിപാകസുന്ദരവും ആയ കവിതാപ്രസ്ഥാനം ഭാരതമഞ്ജരിയിൽ സൎവ്വത്ര പരിലസിക്കുന്നതു കാണാം. ഈ കവീന്ദ്രന്റെ കാവ്യപ്രസ്ഥാനം മററു കവികൾക്കു ലഭിക്കുന്നതല്ല; ആഡംബരം അല്പവുമില്ലാത്ത പദപ്രയോഗം; പാകതയും പ്രസന്നതയും ശാന്തതയും തികഞ്ഞ ആശയം; വളരെ പരിമിതവും എന്നാൽ അതിമധുരവും ആയ വൎണ്ണനം; ഇവയൊക്കെ ക്ഷേമേന്ദ്രകവിതയുടെ പ്രത്യേകഗുണങ്ങളാകുന്നു. മററു കവികൾ രണ്ടും മൂന്നും സൎഗ്ഗങ്ങൾകൊണ്ടു വൎണ്ണിക്കുന്ന വിഷയങ്ങൾ ക്ഷേമേന്ദ്രൻ ഒന്നോ രണ്ടോ പദ്യങ്ങളേയോ പാദങ്ങളേയോ കൊണ്ടായിരിക്കും വിസ്തരിക്കുന്നതു്. എന്നാൽ ഈ ഒന്നോ രണ്ടോ പദ്യങ്ങളി

ലാ പദങ്ങളിലും കാണുന്ന സൌകൎയ്യം ഇതരകവികളുടെ നീണ്ടുതടിച്ച ഗ്രന്ഥങ്ങളിൽ കാണുകയുമില്ല. പ്രകൃതി വൎണ്ണിക്കു ചാൻ ഒരു സാമൎത്ഥ്യം ക്ഷേമേന്ദ്രന്ന വേറെതന്നെയുണ്ടു്. ശബ്ദ പ്രതാപം ഇത്രമാത്രം കാണുന്ന ഒരു കവി വേറെ ഉണ്ടോ എന്നു സംശയം തോന്നുന്നു. അനാവശ്യമായി അലങ്കാരങ്ങളെ വലിച്ചുവാരിക്കൂട്ടി നടക്കുന്ന സ്വഭാവം ക്ഷേമേന്ദ്രകവിതാവിലാസിനിക്കു താല്പൎയ്യം ഉള്ളതല്ല. ഈവിധം ഉള്ള ക്ഷേമേന്ദ്രകവിതാഗുണങ്ങളുടെ വിഹാരരംഗമാകുന്നു ഭാരതമഞ്ജരി. ഈ മഹാകൃതിയുടെ പ്രണയനംകൊണ്ടാണു ക്ഷേമേന്ദ്രന്നു 'വ്യാസദാസൻ' എന്ന അപരാഭിധാനം ലഭിച്ചതെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു മാന്യപ്പെട്ടതായ ഒരു ഉത്തമസാഹിത്യമാണു ഭാരതമഞ്ജരി എന്നു സ്പഷ്ടമായല്ലോ. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കടത്തനാട്ടു കൃഷ്ണവാരിയർ, ടി. നാരായണൻനമ്പി, ടി. എം. രാമൻനമ്പി മുതലായ കവിപുംഗവന്മാരാണു ഭാരതമഞ്ജരിയുടെ പരിഭാഷകന്മാർ. ഈ സൽകവികളേയും ഇവരുടെ നേതാവായ ഉദയവൎമ്മരാജാവിനേയും ഭാഷാഭാരതമഞ്ജരിയുടെ കാൎയ്യത്തിൽ എത്രമാത്രം അഭിനന്ദിച്ചാലും അധികമാകുന്നതല്ല.

മൂലത്തിന്റെ ഗുണങ്ങളെ ഭാഷയിലും സംരക്ഷിച്ചിട്ടുള്ള കാൎയ്യത്തിൽ മുൻപറഞ്ഞ കവികൾ അഭിമാനാൎഹന്മാർതന്നെയാകുന്നു. വായനക്കാരെ മുഷിപ്പിക്കുന്ന ഭാഗങ്ങൾ കുറയും. ചില ഉദാഹരണങ്ങൾ കാണിക്കാം.

മൂലം.

[illegible]
വിപ്രയുക്ത [illegible]
[illegible]
[illegible]
[illegible]
[illegible] പതിതൈരിവ

* * *

ചകോരേ കാനനാന്തേ നൃത്യതിവിഷമിഷൂണാമുപൈതി
സംതർജ്ജനത്തേദ്ധ്യാനാം ദ്രുതമിതി പ്രായുക്തയദതിവ

*   *   *

പ്രിയാമിപല്ലവാ വാരിധാരാസാരരവം ശ്രുത്വാ
ശുഭ്രപുഷ്പമോദങ്ങളേകകണ്ണും കരഞ്ഞുകാ
പീതാം കദംബകോരകേണ്യാ മധുമത്തസ്സമീരണഃ
മന്ദ്രാഢ കേതകീവനാന്തപരാഗപടപല്ലവം (ആരണ്യപർവ്വം)

ഭാഷ.

ഘനൻ ചുട്ടം കാമധൂമം പരന്നപടി കാറൊഴും
വിരഹിക്കാലനാം കാലം വിരവോടുപയാതമായ്
മൃദംഗമിത്രമേയോടും മയിലിനു പണിക്കരാം
തുടിക്കോളാപ്പൃഥിതോനം കുടിലുംകൊണ്ടു തേടിനാൻ
പുതുനീർത്തുള്ളി കാടെല്ലാം പതിഞ്ഞു വിലസുന്നതായ്
കാണായിതികളാൽ തെളിവിണ നക്ഷത്രപംക്തിപോൽ

*   *   *   *

കാറ്റു ശോഷിച്ചു മേഘങ്ങളൊക്കെയും നേരത്തു വീണതാം
ഇന്ദ്രായുധങ്ങളോ ഇതു തോന്നും ചെയ്തീന്നെകുളിയാൽ

*   *   *

പ്രിയാളന്തളിരിൽപ്പെട്ടും തോയധാരാരവങ്ങളെ
കേൾക്കെച്ചുവിയുന്നതിക്കാലമോം കേട്ടിളമാനകൾ
കടമ്പിൻ പൂക്കലമതൊന്നൊട്ടുടൻ മന്ദസമീരണൻ
കേതകപ്പൂന്തൊടിച്ചെല്ലം വീശുന്നു മട്ടിച്ചുതാൻ

ഇവിടെ മൂലത്തിലെ ആശയങ്ങളെ, വലിയ കുറവൊന്നും കൂടാതെ ഒരു വിധം ഭംഗിയായി ഭാഷയിൽനിന്നും ഗ്രഹിക്കുവാൻ കഴിയും. 'ചുട്ടം കാമധൂമം' 'വിരഹിക്കാലനാം കാലം' ഇത്യാദി പ്രയോഗങ്ങളിൽ ഘടനയ്ക്കു ശുദ്ധി മതിയായിട്ടില്ല. 'മാനകൾ' എന്ന പ്രയോഗവും ഭംഗിയില്ലാത്ത ഒന്നാണ്. 'മയിലിനു പണിക്കരാം' എന്ന ഭാഷയിൽ മൂലത്തിലെ 'താണ്ഡവ' എന്ന പദത്തിന്റെ ഛായ വന്നതു നന്നായില്ല. 'ആചാര്യ' പദത്തിനു 'പണിക്കർ' എന്ന ഭാഷ നന്നായി. സാമാന്യേന ഭാഷ മൂലത്തോടു യോജിച്ചതെന്നായിരിക്കുന്നു.

മൂലം.

ക്ഷത്രാധ്വാ പ്രതോകാരകരാളതാവല്‍ക്രാന്താവവിസ്താരധനാസ്ഥിതസ്യ
ഏകാഹൂതിതാം രിപുസൈന്യമേതത്പ്രയാതു മേ കോപഹുതാശനസ്യ

ഭാഷ.

ക്ഷത്രാധ്വാ പ്രതോകാരതയേശിഞ്ജാര്‍ക്രന്ദാരവൃന്ദചാപ ശിഖാതിഭസ്സും
കലന്ന കോപാഗ്നിയിലിന്നു ശത്രുകളെ ഞാനാഹൂതിചെയ്യിട്ടന്നേന്‍

ഉത്തരന്റെ വീരവാദമാണു് ഈ പദ്യത്തില്‍ അടങ്ങിയിരിക്കു ന്നതു്. ഭാഷ ഒരു വിധം തരക്കേടില്ലെന്നു മാത്രമേ ഇവിടെ പറയുവാനുള്ളൂ. മൂലത്തിലെ 'കരാളവിസ്താര'പദങ്ങളും 'ഏകാഹൂതി'യും വീരത്തിനു് അകത്തും പുറത്തും വീഴ്ചം കൂട്ടുന്നവയാണു്. അവയ്ക്കു ഹാനി വന്നതോടുകൂടി ഭാഷയിലെ വീര്യശ്രീ താളുപോലെ വാടിത്തളര്‍ന്നുപോയി. (ഭാഷ) മുഴുവായ ശിഞ്ജാപദം വീരഗതിക്കു തടവു് ഉണ്ടാക്കുന്നൊന്നാണു്. ഈ ദോഷം വിസ്താരമല്ലെങ്കിലും ആകപ്പാടെയുള്ള മൂലാര്‍ത്ഥത്തിന്റെ രൂപം ഭാഷയില്‍നിന്നു ഗ്രഹിക്കുവാന്‍ കഴിയും.

മൂലം.

സഹസ്രരശ്മിപ്രതിബിംബദീപ്തപ്രപഞ്ചദാവാനലമന്നിരീക്ഷ്യ
മഹാരഥവ്യൂഹധരാന്ധകാരേ സേനാവനേ കിം ഹരിണഃ കരോമി
ഹരേഹാനിയത്രസ്വാജവേ നതാപദൃപാപന്നമുഷ്ടചിപരേഖാമശജ്ജഃ
കരാളവേല്ലത്കരവാളധാരഃ പിനഷ്ടിമാം ശത്രുകോലമേവഃ

ഭാഷ.

ഘോരാസിദാവാഗ്നി പരന്നതായിപ്പൊരാളികാരായ കിരാതരസ്സും
പാരാതെ വഞ്ചിച്ചിവളന്ന വീരസേനാവനേ മാനിവനെന്തുചെയ്യും
അമ്പോ കടഞ്ഞീടുകനി ക്ഷണത്തില്‍ കഠിനഗംഭീരരവം കലന്ന
വന്‍പോരരിശാര്‍ദ്ദുകില്‍ ഖഡ്ഗധരന്‍ പെട്ടുകാരകൊല്ലുവതിന്നു

(ശേഖ

രണാഭിതവായ ഉത്തരന്റെ വിലാപത്തില്‍ ഉള്ളതാണു് ഈ ഭാഗം. ഇവിടെ 'സഹസ്രരശ്മിപ്രതിബിംബദീപ്ത'പദത്തിന്റെ(മൂലം) അര്‍ത്ഥത്തെ താങ്ങിനില്ക്കുവാന്‍ 'ഘോര'പദത്തിനു ശക്തി പോരാതിരിക്കുന്നു. 'സഹസ്രരശ്മി'പദത്തെ മൂലത്തില്‍ ഉപയോ

ഗിച്ചിട്ടുള്ള രശ്മികളുടെ ആധിക്യത്തെയും കാഠിന്യത്തെയും കാണിക്കുവാനാകുന്നു. ഭാഷയിൽ ഈ സന്ദർഭത്തിനു മുഴുവൻ ഹാനിതട്ടിയിട്ടുണ്ട്. '[illegible]'പദം (മൂലം) കളഞ്ഞതും ഉപേക്ഷക്കു ഇടയായി. '[illegible]'ത്തിനു മൂലത്തിൽ ഇല്ലാത്ത യോഗ്യത 'വിര'പദംകൊണ്ടു കല്പിച്ചതു് അല്പം ആശ്വാസകരംതന്നെ. 'അന്യോന്യ മടങ്ങിടുക നീ ക്ഷണത്തിൽ' എന്ന പാദത്തിന് അടുത്തതിനോടു സംബന്ധം ഇല്ലാതിരിക്കുന്നതു് വായനയുടെ ഒരു ദോഷംതന്നെ. ഭാഷാന്തരം വൃത്താനുവൃത്തമായതുകൊണ്ടാണു് ഈ ദോഷങ്ങൾ സംഭവിച്ചതു്. മൂലത്തിന്റെ വിശാലമായ അർത്ഥത്തെ ഭാഷയിൽ തിരിക്കുന്നതിനെ കടത്തേണ്ടിവന്നപ്പോൾ ചില അംശങ്ങൾ വിട്ടുപോയിട്ടുണ്ടെന്നു വിചാരിക്കുവാനുള്ളൂ. ഒക്കപ്പാടെ വിചാരിച്ചാൽ മൂലത്തോടു ഭാഷ ഒരു വിധം അടുത്തിട്ടുണ്ടെന്നുതന്നെ പറയാം.

മൂലം.

[illegible]
[illegible]
[illegible]
പ്രത്യാഖ്യാനവികല്പ[illegible] മൂലം വിരമതാം

ഭാഷ.

[illegible]
[illegible]
[illegible]
ഉന്നും പിന്നിലണച്ചു [illegible] കളഞ്ഞിതെ

ഇവിടെ ഭാഷയ്ക്കു [illegible] ഒന്നും തട്ടിയിട്ടില്ല. 'പ്രത്യാഖ്യാനവികല്പ[illegible]' എന്ന 'മൂല'ത്തിന്റെ വികാരം 'ഉന്നും പിന്നിലണച്ചു [illegible]ത്തിൽ' ഉണ്ടാകുവാൻ ഇടയില്ലെന്നേ [illegible]ള്ളു.

ഇവിടെ കാണിച്ച ഉദാഹരണങ്ങൾകൊണ്ടു [illegible] ഭാഷയുടെ (മൂലത്തിന്റെയും) സാദൃശ്യസ്വഭാവം മനസ്സിലാക്കാവുന്നതാണ്. ഭാഷയ്ക്കു ചില ന്യൂനതകൾ തട്ടിയിട്ടുണ്ടെന്ന

തന്നെ പറയണം. വൈദഗ്ദ്ധ്യം വാസനാ പരിശ്രമം മുതലായവ യിൽ ഒരേ നിലയിൽ സ്ഥിതിചെയ്യുന്നവരല്ല പരിഭാഷകന്മാർ എന്ന സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതായുണ്ട്. പാകപ്പിഴ അശക്തി പടുത്വവൈകല്യം മുതലായ ദോഷങ്ങളും ചില സന്ദർഭങ്ങളിൽ കാണുന്നതിന് ഇതുതന്നെ കാരണം. വ്യാകരണാദിശാസ്ത്രങ്ങളെക്കൊണ്ടു ഭാഷയെ ക്ലിപ്തപ്പെടുത്തിയ കാലത്ത് ഇന്നത്തെപ്പോലെ സംസ്കൃതശുദ്ധി ഭാഷക്ക ലഭിച്ചിട്ടില്ലായിരുന്നു എന്ന വസ്തുതയും മറക്കത്തക്കതല്ല. എന്നാൽ പരിഭാഷകന്മാർ അല്പം കൂടുതൽ ശ്രദ്ധിച്ചിരുന്നു എങ്കിൽ ചില ഭാഗങ്ങൾ കുറെക്കൂടി നന്നാകുമായിരുന്നു എന്നു തോന്നുന്നു.

മൂലം.

അദ്യാ മധുവപുശണ്ഡപാണ്ഡിമശ്യാമപാണ്ഡിതഃ
ഏകാ ഷഡ്ഭാവമൂലശ്രീണാം സംസ്പൃശ്യയോഷാപാരം

*　　　　*　　　　*　　　　*

മാ സാഹസം കുരു ചരിപല്ലിംഗേ വിചാരയ്യ
വിദധാതി സിംഹമന്ദ്രാഗ്രാൽ സ്വയം ഗാത്രം പ്രഖാദതി

ഭാഷ.

അന്യന്മാരസ്പൃശ്യസ്ത്രീകൾക്കുള്ള തേജസ്സാതിശയമായ
കണ്ണുനീരൊഴുകിപ്പിച്ച തന്നെയായാളെ ഉപേക്ഷിക്കുക

*　　　　*　　　　*　　　　*

ഒരു പക്ഷിയൊന്നെപ്പോലെയെന്നാളുകളെപ്പോലും
സിംഹത്തിന്റെ തേറ്റയിൽ ചെന്നു മാംസം താനേ ഭക്ഷിച്ചിട്ടും

ഇത്യാദി ഭാഗങ്ങൾ ഉദാഹരിക്കപ്പെടാം. മൂലത്തിൽ 'മധുവപുശണ്ഡപാണ്ഡിമശ്യാമപാണ്ഡിതഃ' 'സംസ്പൃശ്യയോഷാപാരം' എന്നിവ പ്രയോഗനൈപുണ്യവും രസപരിപോഷകങ്ങളും ആയ പദങ്ങളാണ്. ഭാഷയിൽ ഈ പദങ്ങളുടെ അർത്ഥത്തിനു സ്ഥാനമേയില്ല. 'മാസാഹസം ചരിപല്ലി' എന്ന ഭാഗത്തിന് 'അരുതേ' ന്ന ഭാഷ, മൂലവുമായി വളരെ അകന്നിരിക്കുന്ന ഒന്നാണ്. 'ഖാദതി' പദത്തിന് 'ഭക്ഷിച്ചിട്ടും' എന്ന അർത്ഥവും മതിയാകുകയില്ല. പക്ഷി സിംഹത്തിന്റെ തേറ്റയിൽ ചെന്നു കടിക്കുക

യേ ചെയ്യുന്നുള്ളു; മാംസം ഭക്ഷിക്കുന്നതിന്നു ഇടയാകുന്നില്ല; അപ്പോഴും അതു ഹനിക്കപ്പെടുന്നു. ഇപ്രകാരമുള്ള സാഹസമാണു പക്ഷി ചെയ്യുന്നതു്. ഭാഷയിൽനിന്നു് ഈ അൎത്ഥം കിട്ടുന്നില്ല.

ഈമാതിരി ന്യൂനതകൾ അവിടെയവിടെയുണ്ടെങ്കിലും ഭാരതമഞ്ജരിഭാഷ കൈരളിയുടെ ഒരു ശോഭനമായ ആഭരണമായി പരിലസിക്കുമെന്നതിന്നു സംശയമില്ല. ഈ മഹാകൃതി ഒരു മാസികയായിട്ടാണു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. ഈ മഹനീയമായ കാവ്യത്തെ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്കു ആസ്വദിക്കുവാൻ കഴിയത്തക്ക വിധം ഭാഷയാക്കി കൈരളിയെ അനുഗ്രഹിച്ച മുൻപറഞ്ഞ വിശിഷ്ടകവികളോടും അവരുടെ നേതാവായിരുന്ന കടത്തനാട്ടു് ഉദയവൎമ്മരാജാവിനോടും ഭാഷാപ്രണയികൾ എത്രമാത്രം കൃതജ്ഞത വിചാരിച്ചാലും മതിയാകുന്നതല്ല.

ശോഭനമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഒന്നാണു പുരാണേതിഹാസാദിരൂപമായ സാഹിത്യശാഖയെന്നു് ഇത്രയും പ്രസ്താവിച്ചതിൽനിന്നു മനസ്സിലാകുന്നുണ്ടല്ലോ. ഈ ശാഖയിൽ ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങൾ എല്ലാം സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ളവയാകുന്നു. രാമായണം ഭാരതം ഭാഗവതം വാസിഷ്ഠം മുതലായവയെക്കാൾ അനൎഘങ്ങളായ സാഹിത്യങ്ങൾ നമുക്കു വേറെയില്ല. നമുക്കു പഞ്ചഭൂതങ്ങളോടെന്നപോലെ അത്രമാത്രം അവിച്ഛേദ്യമായ ഒരു ബന്ധമാണു് അവയോടുള്ളതു്. എത്രമാത്രം ആവേശത്തോടുകൂടി നൂതനവിചാരധാരാപരമ്പരകൾ നമ്മുടെ മനസ്സിൽ പ്രവഹിച്ചുകൊണ്ടിരുന്നാലും നമുക്കു് ഈ സാഹിത്യശാഖയോടുള്ള അഭിരുചിയും ആദരവും കുറയുന്നില്ലെന്നുള്ളതുതന്നെ അതിന്റെ മാഹാത്മ്യത്തിന്നു സാക്ഷ്യം വഹിക്കുന്നു. നമ്മുടെ ആത്മാവിന്നു ശോഭനമായ സംസ്കാരത്തെ ജനിപ്പിച്ചു ഐഹികവും പാരത്രികവും ആയ ശ്രേയസ്സിനെ പ്രദാനംചെയ്തു നമ്മെ കൃതകൃത്യ

ന്മാരാക്കുന്നതിന് ഈ സാഹിത്യശാഖയ്ക്കുള്ള ശക്തി അത്യന്തം അപരിമിതമാകുന്നു. നമുക്ക് അറിയേണ്ട സകലധൎമ്മങ്ങളെയും ഈ ശാഖയിൽ ഉള്ള ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്. (കന്നംതന്നെ വിട്ടുപോയിട്ടില്ല.) ഏതൊന്നിനെ അധികരിച്ചിടത്തോളവും ഈ സാഹിത്യശാഖ ഒരു കാമധേനുതന്നെയാകുന്നു. കറക്കുന്നവന്റെ ശക്തിയും രുചിയും അനുസരിച്ചു വേണ്ടതെല്ലാം അതിൽനിന്നു സമ്പാദിക്കുവാൻ കഴിയും. അത്രമാത്രം അതിനു യോഗ്യതയുണ്ട്. വാസ്തവത്തിൽ ഈ സാഹിത്യശാഖയാണു ജനങ്ങളുടെ പൊതുസ്വത്ത്. സ്ത്രീകളും വൃദ്ധന്മാരും പാമരന്മാരും ഈ ശാഖയിലുള്ള ഗ്രന്ഥങ്ങളെ ഭക്തിയോടുകൂടി പതിവായി പാരായണം ചെയ്യുന്നു. മഹാകാവ്യങ്ങൾ നാടകങ്ങൾ സന്ദേശങ്ങൾ ഖണ്ഡകാവ്യങ്ങൾ മുതലായ ഇനങ്ങളിൽ ഉള്ള ഗ്രന്ഥങ്ങൾ എല്ലാം ഒരു പ്രത്യേകനിലയിൽ സ്ഥിതിചെയ്യുന്ന ജനങ്ങളാൽ മാത്രമേ ആദരിക്കപ്പെടുന്നുള്ളു. എന്നാൽ സഹൃദയന്മാരുടെയോ (പള്ളിക്കൂട)വിദ്യാൎത്ഥികളുടെയോ കൂട്ടത്തിൽ സ്ഥാനം ലഭിച്ചിട്ടില്ലാത്തവരാണു മുമ്പു പറഞ്ഞ സ്ത്രീകളും വൃദ്ധന്മാരും മറ്റും. അവൎക്കാൎക്കും വാസിഷ്ഠം ദേവീഭാഗവതം മുതലായ ഗ്രന്ഥങ്ങളെ ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. ഇത്രമാത്രം ആദരണീയമായി പൊതുസ്വത്തായിച്ചമച്ചിരിക്കുന്ന ഈ സാഹിത്യശാഖയുടെ അഭിവൃദ്ധിക്കു വളരെ ക്ലേശം സഹിച്ച കവിവരന്മാർ അത്യന്തം അഭിനന്ദനീയന്മാരാകുന്നു.

ഇത്രയും പറഞ്ഞതിൽനിന്ന് ഈ ശാഖയ്ക്കു പൂൎണ്ണമായ ഔന്നത്യം ലഭിച്ചിട്ടുണ്ടെന്നു വിചാരിക്കരുത്. പുരാണം ഇതിഹാസം ഉപപുരാണം മുതലായവയുടെ വൎഗ്ഗത്തിലുള്ള അനവധിഗ്രന്ഥങ്ങൾ സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തേണ്ടതായിട്ടുണ്ട്. അവയും സൎവ്വപ്രകാരേണയും പ്രാധാന്യത്തെ അൎഹിക്കുന്നവയാകുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പോലെയുള്ള ഒരു മഹാവ്യാസനായി ഉണ്ടായിരുന്നെങ്കിൽ ന

ത്തുടെ ഈ ശാഖയ്ക്കു കൂടുതൽ അഭിവൃദ്ധി ലഭിക്കുമായിരുന്നു. അവിടുത്തെ ആകാലികമായ ചരമഗതി ഈ ശാഖയ്ക്കു് ഒരു വലിയ ഭാഗ്യദോഷമായിട്ടാണു പരിണമിച്ചിട്ടുള്ളതു്. ശക്തിയുള്ള കവികൾ ഈ സംഗതിയിൽ അവിടുത്തെ അനുകരിക്കുന്നതു യുക്തമായിരിക്കും.

പാന തുള്ളൽപ്പാട്ടു വഞ്ചിപ്പാട്ടു് എന്നീ ശാഖകളിൽ പല കൃതികളും ഉണ്ടായിട്ടുണ്ടു്. ഈ ശാഖയ്ക്കും ഒരുവിധം നല്ല പുഷ്ടിതന്നെ ലഭിച്ചിരിക്കുന്നു. വൈദഗ്ദ്ധ്യം കുറഞ്ഞ സാധാരണക്കാർക്കും ഈ ശാഖയിലുള്ള കൃതികൾ രസിക്കുന്നവയാണു്. യുദ്ധകാണ്ഡം തോരണയുദ്ധം അഷ്ടമി(പാന) ശ്രീരാമോത്സവം ഭദ്രോല്പത്തി എന്നിവ ഇക്കാലത്തു നമുക്കു ലഭിച്ചിട്ടുള്ള പ്രധാനപാനകളാകുന്നു. (കൊച്ചിയിൽ) സുഭദ്രത്തമ്പുരാൻ വൈക്കത്തു നീലകണ്ഠൻമൂത്തതു വൈക്കം സി. എൻ. രാമൻപിള്ള വള്ളത്തോൾ നാരായണമേനവൻ എന്നീ വിശിഷ്ടകവികളാണു് ഇവയുടെ കർത്താക്കന്മാർ. ഭക്തന്മാരെയും സാഹിത്യപ്രണയികളെയും ഒന്നുപോലെ രസിപ്പിക്കുന്നവയാണു് ഈ കൃതികൾ. ഇവ സ്വതന്ത്രങ്ങളാകുന്നു.

ഇവയിൽ തോരണയുദ്ധം അത്യന്തം രസപുഷ്ടമായ ഒരു കൃതിയാകുന്നു. അക്ലിഷ്ടസുന്ദരമായ ഘടന, നൂതനമായ മനോധർമ്മവിലാസം, പദപരിപാകത മുതലായ ഗുണങ്ങൾ ഈ പാനയിൽ തെളിഞ്ഞു പരിശോഭിക്കുന്നു.

പണ്ടുകണ്ടുകാത്തുതിങ്ങിതികണ്ഠനെത്തപംചെയ്തു ശോഭനെ
കണ്ടനേരം ഭഗവതിയെക്കൂടെക്കണ്ടു ദേവനോടൊന്നിച്ചുള്ളനേരം
നാരിമാരുടെ കാൽക്കൽ വണങ്ങിയാൽ ശിരസ്സു കാവുമെന്നാളുള്ള ഞാൻ
സപ്തലോകജനനിയെന്നാകിലും ശപ്ഥമിട്ടെയെന്നു വണങ്ങീല
എന്തുരാവണ! നിന്നുടെ ചിന്തിതമെന്തെന്നാകിലുമിന്നു പറഞ്ഞാലും
അന്തകാരിപുരാനെ കനിഞ്ഞിന്നു സന്തോഷിച്ചതും ചെയ്യാതെ നേരുള്ള
യാചിച്ചാലല്ലേ പോരാവുമെയെന്നാളുള്ള യാചിച്ചീലവരങ്ങളെന്തൊന്നും
ദേവൻതന്നെ വിചാരിച്ചു നമുക്കു ഭാവമെല്ലാമറിഞ്ഞു വരം നൽകി
ഹന്ത വിനോദം കൊണ്ടിന്നിനിക്കൊക്കെയെത്രയും ബാഹുൽമദമാനമെയെന്നു
തോളുംകൊണ്ടെന്നെനോക്കുന്നകന്നു മാത്രമൊന്നിനിയില്ല രാമകീ!

മദനാവേശചലിതമാനസനായ രാവണൻ സീതയോടു സങ്കടം പറയുന്ന ഈ ഭാഗത്തിൽ, ആ രാക്ഷസേന്ദ്രന്റെ അഹങ്കാരം ദുരഭിമാനം അനന്യസ്വാപം സീതയിലുള്ള ആസക്തി മുതലായവ ഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്നു. 'സർവ്വലോകജനനിയാകിലും സ്ത്രീയാകകൊണ്ടു പാർവ്വതിയെക്കൂടി ഞാൻ വന്ദിച്ചില്ല'എന്നുള്ള രാവണന്റെ വാക്കിൽ ദുരഭിമാനത്തിന്റെയും അഹങ്കാരത്തിന്റെയും നിസ്സീമമായ ഒരു പ്രസ്ഫുരണമാണു കാണുന്നതു്. 'യാചനം ദൈന്യമാകയാൽ ശിവൻ പ്രത്യക്ഷമായി വന്നു അരുളിയിട്ടും ചോദിച്ചപ്പോഴും ഞാൻ ഒന്നും വേണമെന്നു പറഞ്ഞില്ലെന്നുള്ള' ഭാഗവും അങ്ങിനെതന്നെ ദുരഭിമാനാതിരേകദ്യോതകമായിരിക്കുന്നു. 'ആ ഞാൻ ഇതാ നിന്നെ നമസ്കരിക്കുന്നു' എന്നു പറയുന്നതിൽനിന്നു് ആ ദൃപ്തപ്രൌഢന്റെ സീതയോടുള്ള ആസക്തിയുടെ ആധിക്യം വ്യക്തമാകുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ കവി പ്രകടിപ്പിച്ച മനോധർമ്മം പൂർവ്വാശയത്തിൽനിന്നു ഗൃഹീതമാണെങ്കിലും, അതിനു നല്ല മിനുക്കുപണി ചെയ്തിട്ടുണ്ടു്.

* യാച്ഞാദൈന്യപരാഞ്ചി യസ്യ കലഹായന്തേ മനാംസി സ്വയം.
തം വൃണാതി ത്യജിതം മുഖാനി സ ദശഗ്രീവഃ കഥം കഥ്യതെ

എന്നുള്ള ഭട്ടമുരാരിയുടെ പദ്യാംശത്തെ ഇവിടെ കവി സ്മരിച്ചിരിക്കുന്നു. രാക്ഷസന്മാർ അക്ഷകുമാരന്റെ മരണവൃത്താന്തത്തെ രാവണനോടു പറയുന്ന അല്പം ഭാഗം താഴെ ചേർക്കുന്നു.

ഓടിയോടിത്തളർന്നവർ കേഴിട്ടും ഏറെ പുകിളർന്നു ശോഷിച്ചു രാക്ഷസർ
'എന്തു നിങ്ങൾ വിറക്കുന്നു ദൂതരേ' 'എന്തെന്നൊന്നുമറിവീല ഞങ്ങളും'
'എന്തു സങ്കടമായി നിങ്ങൾക്കു' 'എന്തിനിയിപ്പറവതു കാവലരെല്ലാം'
'കേൾക്കായമങ്ങളെ ഭടന്മാരെ!' 'കേൾക്കരാതകമായ്ത്തന്നെ ചെവ്വുമോ'
'യുദ്ധംചെയ്യുവാൻ നിങ്ങൾ പോയില്ലേ' 'യുദ്ധംചെയ്യുവാൻ ഞങ്ങൾ പോയിരുന്നു'
'കൊല്ലുവാൻ കഴിവില്ലയോ നിങ്ങൾക്കു' 'കൊല്ലുവാൻ കുറെയുണ്ടു പരാധീനം'

---

* സാരം:—യാചിക്കുന്നതു് അഭിമാനത്തിനു യോജിച്ചതല്ലെന്നു കരുതി രാവണന്റെ മുഖങ്ങൾ പത്തും തമ്മിൽ 'നീ വരം ചോദിക്ക, നീ വരം ചോദിക്ക' എന്നു പറഞ്ഞു കലഹിച്ചു.

ബാലനാ,യിതാ കർക്കടകീടകൻ' ബാലനായില കർക്കടപുംഗവൻ'
കൂടെപ്പോന്നവരെങ്ങുപോയാരെ' കൂടെപ്പോന്നവർ കാലാലയത്തിങ്കൽ'
നമ്മുടെ സുതൻ വന്നുചേരില്ലയോ' സമ്മതിച്ചില്ല പോരുവാനായവൻ'
'തമ്മിൽ സംസാരിച്ചെന്തുനിശ്ചയിച്ചിതോ' 'തമ്മിൽ സംസാരമുണ്ടായി
(ലേശമേ'
'യുദ്ധമുണ്ടായതില്ലയോ തങ്ങളിൽ' 'യുദ്ധംചെയ്തു കഴിഞ്ഞതുമേതാനും'
'നാളെയെന്നുകരുതി പിരിഞ്ഞിതോ' 'മൂലിയന്നോടു കയ്യേറ്റകൂട്ടമോ'
'എന്തുകാരണം പുത്രൻവരാഞ്ഞതി—' 'നേരുതന്നെ ചൊല്ലണമിച്ചിടങ്ങളും'
'ഉള്ളവണ്ണമശേഷം കഥിക്കുവി'—'നെള്ളോളമാറാ വല്ലതുണ്ടെങ്കിൽ'
'കള്ളന്മാരേ! പറയാഞ്ഞതാൽ നിങ്ങളെ നല്ലതിയങ്ങ പുറത്തുകളയുവൻ'
'എങ്കിൽ ഞങ്ങളെ ശിക്ഷണത്തിലും സങ്കടപ്പെടുകിലും ഫലമില്ല
ലങ്കാനായകാ! നിന്റെ തനയനെ ശങ്കകൂടാതെ കൊന്നു കപിവരൻ
കണ്ഠമൊടിച്ചു ഞങ്ങളെ ഇന്നുതന്നെ കഴിയിൽ ഒട്ടുപേരെ ധരിപ്പിപ്പാൻ
ഞങ്ങളാലെല്ലാം മാത്രം ഗമിച്ചതില്ലങ്ങു ശേഷിച്ചിട്ടുള്ള ധരിച്ചാലും'

തന്റെ മകനു വല്ല ആപത്തും വന്നിരിക്കുമോ എന്നുള്ള സംശയവും, തന്മൂലം രാവണനു സമരവൃത്താന്തം അറിയുവാനുള്ള ആഗ്രഹവും, ഭടന്മാർക്കു യഥാർത്ഥം പറയുവാനുള്ള മടിയും പതങ്ങലും എല്ലാം ഇവിടെ കവി നല്ല മനോധർമ്മത്തോടുകൂടിത്തന്നെ വർണ്ണിച്ചിരിക്കുന്നു. തന്റെ ചോദ്യങ്ങൾക്കൊന്നിനും വ്യക്തമായ സമാധാനം ഇല്ലാതെ ഒഴിഞ്ഞും കഴിഞ്ഞും അസ്പഷ്ടമായി പറയുന്ന ഭടന്മാരോട് ഒടുവിൽ രാവണൻ കോപിക്കുന്നതും അവർ യഥാർത്ഥസംഭവം അറിയിക്കുന്നതും എല്ലാം ലോകസ്വഭാവത്തിനു വളരെ യോജിച്ചതന്നെയായിരിക്കുന്നു.

വീരവീരകുമാരാസുകുമാര മാരസുന്ദര മാമകതനയ.
ധൈര്യവും തവ ജീവനുംകൊണ്ടു നീ ദൂരത്തേക്കൊരു ദിക്കിൽ വസിക്കുന്നു
ഇന്ദുസുന്ദരമേറെയൊന്നിവ ഫാലത്തിൽനിന്നു കാലം പൊഴിയുന്ന
മന്ദഹാസമാം ചന്ദ്രിക കാണാതെയിട്ടെന്റെ നേത്രചകോരങ്ങൾ കേഴുന്നു
എന്തിനായിട്ടിനി മമ ജീവിതമെന്തിനായിട്ടിനി മമ രാജ്യവും
എന്തിനായിട്ടു ബുദ്ധിയും ശക്തിയും പാർത്തലത്തിൽ വളർന്നൊരു കീർത്തിയും
പാത്രമായൊരു നമ്മുടെ പുത്രനെ ധൂർത്തനാം കപി കൊന്നുകളഞ്ഞു
(പോയല്ലോ
എത്രപേരാളുകളുണ്ടു ശിവശിവ * * * *
ഇത്യാദി രാവണവിലാപവും,

അല്ലലിൽപുനരിപ്പോളവനെ ഞാൻ നല്ല ബാണങ്ങൾകൊണ്ടു വധിച്ചുടൻ
ഉല്ലാസത്തോടു കൊണ്ടിങ്ങുപോരുവനില്ലതിനു നമുക്കൊരു സംശയം
അല്ലലോചനമാർക്കും ശിരസ്സുകളെല്ലാവർക്കും കളിപ്പതിനായിട്ടു
നല്ല പന്തുകളായിട്ടുടൻ നമുക്കു മുല്ലമൂട്ടിലൊളിക്കിലിട്ടുക്കാം
പല്ലിളിച്ചു വനങ്ങളിലോരോരോ വല്ലികൾതോറും നടന്നീടുന്ന
മല്ലകരാമനാകുമവനെ ഞാൻ നല്ല വല്ലികൾകൊണ്ടു വരിഞ്ഞുടൻ
കല്യനാകും ഭവാനുടെ കാൽക്കൽ വെക്കുന്നുണ്ടെനിക്കു താണുവണങ്ങുവാൻ

എന്നുള്ള ഇന്ദ്രജിത്തിന്റെ പ്രതിജ്ഞയും സ്വാഭാവികവും രസപുഷ്ടവും ആയിട്ടുണ്ട്. പ്രതാപശാലിയായ തന്റെ പുത്രനെ ധൂർത്തനായ ഒരു കുരങ്ങു കൊന്നു എന്നു കേൾക്കുമ്പോൾ ജനങ്ങൾ എന്തു പറയുമെന്നുള്ളതാണു രാവണന്റെ വലിയൊരു സങ്കടം. രാവണന്റെ ദുരഭിമാനപ്രകാശനത്തിനു കവി ഇവിടേയും സ്ഥാനം അനുവദിച്ചിരിക്കുന്നു. 'മുല്ലമൂട്ടിലൊളിക്കിലിട്ടുക്കാം' എന്ന ഭാഗത്തിലെ ഫലിതവും സ്വഭാവോക്തിയും അധികം രസകരമായിട്ടുണ്ട്.

കവി ഭഗവദ്രൂപത്തെ വർണ്ണിക്കുന്ന ഒരു ഭാഗംകൂടി താഴെ ഉദ്ധരിക്കാം. നിർമ്മലമായ ഭക്തിയാൽ കവിയുടെ ഹൃദയം എത്രമാത്രം തരംഗിതമാണെന്ന് ഈ ഭാഗം വെളിവാക്കുന്നു.

ഇന്ദ്രനീലമണിനിഭസുന്ദരസാന്ദ്രശോഭയെ കാണായി മദ്ധ്യത്തിൽ
നിന്നുസൂക്ഷിച്ചനേരം ദശവദനാനുജനാം വിഗ്രഹം കാണായി
അരുണാംബുജസ്പൃശ്യജാധരം ഫണിഭൂഷണതുല്യമുഖാംബുജം
കരുണാർദ്രകടാക്ഷനിരീക്ഷണപരിശോഭിതവാനരസൈനികം
ശരദിന്ദുവിനിന്ദിതചന്ദ്രികാതരുണീമന്ദഹാസസുസ്മിതം
മദനശോഭിതകാന്തസ്ഥലം നിജകരശോഭിതബാണധനുർദ്ധരം
പരിവീതപിശംഗപ്രതിനവരുചിവസ്ത്രകടീതടം
ശരണാഗതലോകപരിതാപഹരണൈകമധുപാദസരോരുഹം
ഇതി രാമസ്വരൂപത്തെക്കണ്ടുടൻ പരിതോഷമിയന്നിതെല്ലാവരും

ഇവിടെ പദങ്ങൾ പ്രസാദലാളിത്യാദിഗുണപുഷ്ടങ്ങളായിരിക്കുന്നു എന്നുകൂടി പറയേണ്ടതുണ്ട്. മുമ്പ് ഉദ്ധരിച്ച ഭാഗങ്ങൾ പോലെ രസപുഷ്ടിയോടുകൂടിയവയാണ് ഈ കൃതിയുടെ ഇതരഭാഗങ്ങളും. മൃദുലപദവിന്യാസസുന്ദരമായ ശൈലി ഈ കൃ

തിയിൽ എവിടേയും പരിലസിക്കുന്ന രീതിയാകുന്നു. ദുർല്ലഭമായി ചില വികലപ്രയോഗങ്ങൾ ഈ കൃതിയിൽ ഉണ്ടെന്നുള്ളതിനെ മറച്ചുവെയ്ക്കുന്നില്ല. 'ശേഖരിച്ചിട്ടുണ്ടെ'ന്നു പറയുന്നതിനു പകരം 'ഉണ്ടു ശേഖരിച്ചിട്ട്' എന്നു പ്രയോഗിക്കുന്നതു് അല്പവും ഹൃദ്യമല്ല. 'ഇന്ദുസുന്ദരമായോരുനിന്മുഖചന്ദ്രൻ' എന്ന പ്രയോഗവും ഭംഗി കുറഞ്ഞതുതന്നെ. 'ഇന്ദുസുന്ദരം' എന്ന പദത്തിൽനിന്നു ചന്ദ്രനെപ്പോലെ സുന്ദരം എന്നു അർത്ഥം കിട്ടുന്നു. പിന്നെ 'മുഖചന്ദ്രൻ' എന്നു (വീണ്ടും) രൂപകമായി പ്രയോഗിച്ചതും അനാവശ്യമായിപ്പോയി. ഈ വക ക്ഷുദ്രദോഷങ്ങൾ ഗണനീയങ്ങളല്ല. സർവ്വഥാ സഹൃദയന്മാരെ രസിപ്പിക്കുന്ന ഒരു സൽകാവ്യമാണു തോരണയുദ്ധംപാന.

യുദ്ധകാണ്ഡം സാമാന്യം വലിയ കൃതിയാണ്. ഈ കൃതിയുടെ കർത്രി ശ്രീരാമഭഗവാന്റെ ഭക്തയായിരുന്നു എന്നു തെളിയുന്നു. ഭാഷയുടെ രീതിയ്ക്ക്, പ്രസന്നതയും മാധുര്യവും ഉണ്ട്. ഭൂതനാഥോത്ഭവം അർത്ഥപുഷ്ടികൊണ്ടു മുൻപിട്ടുനില്ക്കുന്ന ഒരു പാനയാണ്. പ്രൌഢങ്ങളായ പല കല്പനകളും ഈ കൃതിയിൽ കാണുന്നവ കവിയുടെ അസാമാന്യമായ കവനവൈഭവത്തിനു ലക്ഷ്യങ്ങളാകുന്നു. ഈ കൃതിയുടെ ഏതു ഭാഗത്തിലും ശബ്ദപ്രൌഢിയും അർത്ഥപുഷ്ടിയും ഒരുപോലെ പരിലസിക്കുന്നുണ്ട്. ശിവോല്പത്തി ഭക്തന്മാരെ പ്രത്യേകിച്ചു രസിപ്പിക്കും. ഈ പാനയിൽ സാഹിത്യഗുണങ്ങൾക്കും കുറവില്ല. അഷ്ടമിപ്പാന വൈക്കത്തു അഷ്ടമിമഹോത്സവത്തെ അധികരിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണ്. അഷ്ടമിമഹോത്സവത്തിന്റെ നാനാമുഖങ്ങളായ വിശേഷങ്ങളെ ഈ കൃതിയിൽ തന്മയത്വത്തോടുകൂടി കവി വർണ്ണിച്ചു ഫലിപ്പിച്ചിട്ടുണ്ട്.

'തുള്ളൽ' പലരും സഞ്ചരിക്കുവാൻ ശ്രമിച്ചിട്ടുള്ള ഒരു സാഹിത്യസരണിയാകുന്നു. എന്നാൽ ഈ വഴിയെ പോയിട്ടുള്ളവരിൽ അധികം പേർക്കു വിജയം കിട്ടിയിട്ടുണ്ടെന്നു തോന്നുന്നില്ല. തുള്ളൽകഥകളെ രചിച്ചിട്ടുള്ള പല കവികൾക്കും പ

രാജയം സംഭവിച്ചുകാണുന്നതിനുള്ള കാരണം അധികം ആലോചിക്കാതെതന്നെ മനസ്സിലാകും. സർവ്വതന്ത്രസ്വതന്ത്രനും സരസ്വതീവിലാസഭാസുരനും ആയ കുഞ്ചൻനമ്പിയാരുടെ തുള്ളലുകൾ അസാധാരണമായ ഫലിതപ്രാചുര്യത്തോടുകൂടിയവയാകുന്നു. മററുഗുണങ്ങൾ ഉണ്ടെങ്കിലും ഫലിതപുഷ്ടികൂടി ഇല്ലെങ്കിൽ അപ്രകാരമുള്ള കഥ തുള്ളൽകഥയോടു ജനങ്ങൾക്കു് അഭിരുചിയുണ്ടാകുവാൻ ഞെരുക്കമാണു്. കുഞ്ചൻനമ്പിയാരെപ്പോലെ അനുഗൃഹീതമായ വാഗ്വിലാസമുള്ള മഹാകവികൾക്കു് അല്ലാതെ ഫലിതം നിറഞ്ഞ തുള്ളൽകഥകൾ രചിക്കുവാൻ കഴിയുകയില്ലല്ലോ. ഇതുതന്നെ 'തുള്ളലിൽ' കൈവെച്ചിട്ടുള്ള കവികളിൽ പലക്കും പരാജയം ഉണ്ടാകുന്നതിനു കാരണം. കൊച്ചുണ്ണിത്തമ്പുരാൻ (കൊടുങ്ങല്ലൂർ) സുന്ദരകാണ്ഡം മുഴുവൻ തുള്ളൽപാട്ടായി നിർമ്മിച്ചിട്ടുണ്ടു്. ഇതു സാമാന്യം വലിയ ഒരു കൃതിയാകുന്നു. കരീന്ദ്രൻ കോയിത്തമ്പുരാന്റെ സന്താനഗോപാലം, ശീവൊള്ളി നാരായണൻനമ്പൂരിയുടെ ഘോഷയാത്ര, വെണ്മണി മഹൻനമ്പൂരിയുടെ പാഞ്ചാലീസ്വയംവരം, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ശ്രുതനാഭോത്ഭവം, പാട്ടൂട്ട രാമവർമ്മതിരുമുല്പാടിന്റെ ഭഗവദ്ദൂതു്, കരിമ്പറ്റ ഗോവിന്ദമേനവന്റെ ഉത്തരാസ്വയംവരം, പാറമാത്തിൽ ഗോവിന്ദൻനമ്പിയുടെ യയാതിചരിതം, നരസിംഹൻ എമ്പ്രാന്തിരിയുടെ രുക്മാംഗദചരിതം, എന്നിവയുടെ പേരുകൾ ഇവിടെ സ്മരിക്കേണ്ടവയാകുന്നു. വ്യാസോല്പത്തി പട്ടാഭിഷേകം (അമ്പാടി കുഞ്ഞികൃഷ്ണപ്പുതുവാൾ) സുവർണ്ണകലശം തുള്ളൽ (അമ്പലപ്പുഴ മാധവപ്പുതുവാൾ—വൈക്കം സി. എൻ. രാമൻപിള്ള) എന്നീ കൃതികളുടെ പേരുകളും ഇവിടെ എടുത്തുപറയേണ്ടവതന്നെ.

സന്താനഗോപാലവും ഘോഷയാത്രയും കുഞ്ചന്റെ കൃതികളോടു സാദൃശ്യം വഹിക്കുന്നവയാകുന്നു. രചനയുടെ ലാളിത്യം ഫലിതത്തിന്റെ ചാതുര്യം പദങ്ങളുടെ ധാരാളത്വം മുത

ലായവ ഈ രണ്ടു കൃതികൾക്കും ഒന്നുപോലെയുണ്ട്. പ്രൌഢഗംഭീരമായ രാവണവിജയം എഴുതിയ കവിയാണ സന്താനഗോപാലം നിൎമ്മിച്ചതെന്ന തോന്നുകയില്ല; ഭാഷയെ സംബന്ധിച്ചിടത്തോളവും അത്രമാത്രം രചനാസാരള്യം സന്താനഗോപാലത്തിന് ഉണ്ട്. യാഗം മൃതപുത്രനായ ബ്രാഹ്മണന്റെ ദുഃഖം മുതലായവ എത്രമാത്രം മനോധൎമ്മത്തോടുകൂടിയാണ വൎണ്ണിച്ചിട്ടുള്ളതെന്ന പറയാവുന്നതല്ല. ബ്രാഹ്മണന്റെ വിലാപം ആരേയും കരയിപ്പിക്കുന്ന ഒരു ഭാഗമാകുന്നു. രസപൂൎണ്ണങ്ങളായ നൂതനകല്പനകൾ ഈ ചെറിയ കൃതിയിൽ എവിടേയും കാണാവുന്നവയാണ്.

കാൎമ്മുകകാണ്ഡഗതാഗ്രശരൌഘബാഹുലതാഭിഃ കാണ്ഡകൂടം കരാളമുഗ്ര-
ഭ്രൂഭംഗഭീമമുഖനിപതിതയാസിനിതിമിരചയനീലകണ്ഠോപമാഃ ॥

* * * * (രാവണവിജയം)

എന്നും മറ്റും പ്രൌഢങ്ങളും ഗംഭീരങ്ങളും ആയ ഭാഗങ്ങൾ എഴുതി പരിശീലിച്ചിട്ടുള്ള ഒരു കയ്യിൽനിന്ന്,

കാച്ചിൽ വച്ചീടുന്ന കടച്ചുനൊന്തിതി—
തെച്ചുതന്നതിന് വിലകെട്ടിരിക്കുന്നു?

ഇത്യാദി പച്ചമലയാളത്തിൽ ഫലിതത്തോടുകൂടിയ കല്പനകൾ നിൎഗ്ഗളിക്കുക എന്നത് അത്യന്തം വിസ്മയകരമാകുന്നു. ഈ ഹൃദയംഗമമായ ചെറിയ കൃതി പൂൎണ്ണമാകാതെ വന്നതു മലയാളികളുടെ വലിയ ഭാഗ്യദോഷംതന്നെ.

ഹാസ്യപ്രിയനായ ശിവോള്ളിനമ്പൂരി ഫലിതത്തിൽ ആൎക്കും പിറകിൽ നില്ക്കുന്ന ഒരു കവിയല്ല. വെൺമണിയേയും കുഞ്ചനേയും ജയിക്കുന്ന ഫലിതവിലാസത്തോടുകൂടിയ കല്പനകൾ ശിവോള്ളിയിൽ കാണുന്നുണ്ട്. ഘോഷയാത്രയ്ക്കുള്ള ദുൎയ്യോധനന്റെ പുറപ്പാടുവരെയുള്ള ഭാഗമേ രചിക്കപ്പെട്ടിട്ടുള്ളു. നമുക്കു ലഭിച്ചിട്ടുള്ള ഈ ചെറിയ ഭാഗത്തിൽനിന്നുതന്നെ രസികതാപം തികഞ്ഞ ഒരാളാണ കവിയെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ഘോഷയാത്രയ്ക്കു ഉദ്യമിക്കുന്ന ദുൎയ്യോധനന്റെ

സേവകന്മാരുടെ വട്ടംകൂട്ടുകൾ കവി എങ്ങിനെ വർണ്ണിച്ചിരിക്കുന്നു് എന്നു നോക്കുക.

കിട്ടുമ്മിഹരിക്കാരനെക്കെട്ടിന മേലാലെവിടെപ്പോയീ?
പട്ടരു വരവാനെന്നൊരു മാനം പട്ടക്കാരനറിഞ്ഞാൽ പണിപോം
പൊട്ടപ്പാക്കുകളുന്തുകളേവേർ. ചെട്ടുഗമിപ്പാനെന്തു തല്ലേന്നോ
കെട്ടിയ പെണ്ണിനെ കൂട്ടിപ്പാൻ പണിപെട്ടീലുന്നോ കണ്ടാലറിയാം
അച്ചികളൊത്തിഹ ഇരുകണക്കിൽ നിശ്ചലമാരായ് നിന്നീടുന്നു
പശ്ചിമഗോപുരമതിലുമിരുപ്പും പച്ചിലപോലും കണ്ടാലറിയാം

ഇവിടെ കൊട്ടാരംസേവകന്മാരുടെ നിയോഗങ്ങൾ നല്ല ഫലിതചാതുര്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. 'കളുന്ത്' എന്ന പദത്തിന്റെ ഔചിത്യം ഇവിടെ പ്രത്യേകം വിചാരിക്കേണ്ടതാണ്.

മുന്നൻ നാണുവിനായുധമില്ലേ മൂന്നേ ചെയ്യും കല്ലു കടിപ്പാൻ
ആനക്കാരും തോട്ടിയുമെവിടെ മാനം നോക്കി മിഴിച്ചാൽ മതിയോ?

ഇത്യാദി ഭാഗങ്ങൾ കുഞ്ചൻനമ്പിയാരുടെ ചില വർണ്ണനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്.

ആരെന്നാരാലും നമ്മുടെ കൂടെപ്പോരണമെന്നു ഇനിയാമീടേണം
വാരസ്ത്രീപക്ഷത്തിനും കളി വാരവധൂജനമീവകയൊന്നും
തീരെസ്സംശയമില്ല കൊട്ടാരം. നാരായണനിൽ കാര്യമതില്ല
ചോരിനൊടൊത്തനായിത്താചിവരുടെ കാരിയമെല്ലാം കവിളിൽതന്നെ

എന്നു ഇടയിലുള്ള ഭാഗങ്ങളും കവിയുടെ കല്പനാവിലാസത്തിന് ഉദാഹരിക്കപ്പെടാവുന്നവയാകുന്നു. കാട്ടിലേക്കു ദുർയ്യോധനനോടുകൂടി ബ്രാഹ്മണരാരുംതന്നെ പുറപ്പെടേണ്ടതില്ലെന്ന് ആലോചിക്കുന്നതു് അവരുടെ സ്വഭാവം അറിഞ്ഞിട്ടുതന്നെയാണ്. ഇതുപോലെ രസകരങ്ങളായ കല്പനകൾ ഘോഷയാത്രയിൽ മിക്ക ഭാഗങ്ങളിലും കാണുവാൻ കഴിയും. സന്താനഗോപാലംപോലെതന്നെ, ഈ കൃതിയും അപൂർണ്ണമായിട്ടുവിട്ടുള്ളതു സഹൃദയന്മാർക്കു സങ്കടകരമായിരിക്കുന്നു. ഇവിടെ പേർപറഞ്ഞ ഇത്തരങ്ങളായ തുള്ളൽക്കഥകളിൽ പല സാഹിത്യഗുണങ്ങളും ഉണ്ട്. അമ്പാടി ഗണപതിക്കുഞ്ഞപ്പൊതുവാൾ

അമ്പലപ്പുഴ മാധവപ്പൊതുവാൾ വെണ്മണി മഹൻനമ്പൂതിരി മുതലായവർ വാസനയും രസികതയാലും തികഞ്ഞു്, പ്രതിഷ്ഠ ലഭിച്ചിട്ടുള്ള വിശിഷ്ടകവികളാകുന്നു. അവരുടെ കൃതികൾക്കു തത്തുല്യമായ യോഗ്യതയും ഉണ്ടെന്നു പറയുവാൻ മടിക്കേണ്ടതില്ല.

സമുദ്രലംഘനം സീതാസന്ദർശനം സീതാസാന്ത്വനം തോരണയുദ്ധം ലങ്കാദഹനം ശ്രീരാമസന്ദർശനം ചൂഡാമണിപ്രദാനം എന്നു് ഏഴു ഭാഗങ്ങൾ സുന്ദരകാണ്ഡംതുള്ളലിൽ അടങ്ങിയിരിക്കുന്നു. ശ്രീരാമഭക്തന്മാരെ അത്യന്തം ആഹ്ലാദിപ്പിക്കുന്ന ഒന്നാണു് ഈ കൃതിയെന്നു് ആദ്യമേ പറഞ്ഞുകൊള്ളുന്നു. രാമായണത്തിൽ സുന്ദരകാണ്ഡം അധികം മാഹാത്മ്യമുള്ള ഒരു ഭാഗമാകുന്നു. അതുകൊണ്ടു് ഈ കാണ്ഡത്തിലെ രാമായണകഥാംശത്തെ കൊച്ചുണ്ണിത്തമ്പുരാൻ ഇതിവൃത്തമായി അംഗീകരിച്ചതിൽ ഔചിത്യം ഉണ്ടു്. പുനം നമ്പൂരിയുടെ നിസ്തുലപ്രസന്നഗംഭീരമായ വാഗ്വിലാസം നിസ്തുല്യമായി വിഹരിക്കുന്ന ഒന്നാണു രാമായണചമ്പുവിലെ സുന്ദരകാണ്ഡം. അനുഗൃഹീതഹാസ്യകവിയായ കുഞ്ചൻനമ്പിയാരും 'സുന്ദരകാണ്ഡ'ത്തിൽ കയ്യു വെച്ചിട്ടുണ്ടു്. അതുകൊണ്ടു സാമാന്യനായ ഒരു കവിക്കു സുന്ദരകാണ്ഡത്തിൽ വിജയം കിട്ടാവുന്നതല്ല; എങ്കിലും ധീരതയോടുകൂടിത്തന്നെ കൊച്ചുണ്ണിത്തമ്പുരാൻ സുന്ദരകാണ്ഡത്തിൽ പ്രവേശിച്ചിരിക്കുന്നു.

കൊച്ചുണ്ണിത്തമ്പുരാന്റെ കവിത സ്വഭാവേനതന്നെ പ്രൌഢമാണു്. 'കേട്ടാൽ ഭംഗി ചുരുക്കമർത്ഥമധികം' എന്നു അവിടത്തെ കവിതയെക്കുറിച്ചു സഹൃദയന്മാർ പറയുന്ന അഭിപ്രായം അയഥാർത്ഥമല്ല. സാധാരണ തുള്ളൽപ്പാട്ടുകളുടെ നില വിചാരിച്ചാൽ അവയ്ക്കു പ്രൌഢി കുറഞ്ഞിരിക്കുകയാണെന്നൊന്നു തെളിയും. കൊച്ചുണ്ണിത്തമ്പുരാന്റെ കവിതയുടെ സവിശേഷങ്ങളായ ഗുണങ്ങൾ സുന്ദരകാണ്ഡംതുള്ളലിൽ സ്പഷ്ടമായി പ്രതിഫലിക്കുന്നുണ്ടു്.

നൂതനങ്ങളായ മനോധർമ്മങ്ങളും സരസങ്ങളായ ഫലിതങ്ങളും ഈ കൃതിയിൽ ഇല്ലെന്നു പറയാവുന്നതല്ല. പുതിയ കല്പനകളെക്കൊണ്ടു മോടി പിടിപ്പിച്ചിട്ടുള്ള സന്ദർഭങ്ങൾ ഈ തുള്ളൽപാട്ടിൽ പലതും ഉണ്ട്. ഒരു ഭാഗം ഉദ്ധരിക്കാം.

ചൊല്ലാർന്നസീതയെ സ്വാധീനമാക്കുവാൻ
തെല്ലിതു രാക്ഷസനാരികളെങ്കിലും
ഉൾപ്പൂവിൽ വരുന്നിതോ എന്നു നോക്കീടും
കെട്ടുപ്പോരു കാണാഞ്ഞു വല്ലാതെ മാഴ്കിയും
വീർപ്പിട്ടുഴന്നും നിശാചരിമാരുടെ
വാശ്ശിട്ടു പാർത്തങ്ങുപസിച്ചുകിടക്കിലും
മേൽപ്പോട്ടു നോക്കീട്ടു ചിന്തിച്ചുമാറാവും
കീഴ്പ്പോട്ടു നോക്കീട്ടു ദുഃഖിച്ചുമിങ്ങിനെ
പാരം പരിശ്രമിച്ചുമത്തന്നായി * *

രാവണൻ നേരം കഴിച്ചുകൂട്ടുന്ന തിരിവാടിയിലാണ രാക്ഷസികൾ ഫലമൽസീതാസംഭാഷണകാര്യം പറയുന്നതിന് ആ രാക്ഷസേശ്വരന്റെ മുമ്പിൽ വന്നുചേരുന്നത്. രാവണനും അവരും തമ്മിലുള്ള സംഭാഷണത്തെ അല്പം ഇവിടെ ഉദ്ധരിക്കുന്നതു യുക്തമായിരിക്കും.

കാഴ്ചസ്പൃഹമാർക്കാരതു കണ്ടിച്ചാ നാശരാധീശൻ
'സരസം ഞാനങ്ങനെയാം സമയമായെന്നുണ്ടോ'
'വിരസതരം ഞാൻതന്നെ വിടവിലങ്ങനെയെന്നോ'
'അരികരം ജാനകിക്കുള്ളവെല്ലാം തീർന്നുപോയോ'
'വഴിപോലെ ജാനകിക്കുള്ളവെല്ലാം തീർന്നിതിപ്പോൾ'
'നേരിയിൽ വിരഹവേദനതീർന്നിരിക്കാംമോ
നന്നായി പ്രസാദിച്ചോ' 'നന്നായി പ്രസാദിച്ചു'
'കളവാരംബുജകാന്തി വിളയാട്ടമവൾ മുഖം
തെളിവോടു വിളങ്ങുന്നോ' 'തെളിവോടു വിളങ്ങുന്നു'
'എന്നാൽ ജാനകിയെശംചൊന്നിടുന്നുണ്ടിപ്പോൾ
നന്നായിട്ടണിയാനിടുവാനതിന്നിനു വൈകുന്നു
ചൊട്ടുകൾ പലകറികൂട്ടുകൾ ഭൂഷണങ്ങൾ
പട്ടുകളിവയൊന്നും പെട്ടിക്കാരവിടെന്നു?'

രാക്ഷസികളുടെ വാക്കിൽനിന്ന സീത താനിക്ക സ്വാധീനയായി എന്നു ധരിച്ചു കൌതുകത്തോടുകൂടി ശൃംഗാരക്കോപ്പു കൂട്ടി

പുറപ്പെടുന്നതിന് ഉദ്യമിക്കുന്ന രാവണനോടു വീണ്ടും അവർ പറയുന്നു.

"പട്ടുകളും പൊട്ടുകളും തൊട്ടുള്ളവയൊന്നും
പെട്ടിയെടുപ്പവരെന്തിനിപ്പോഴും പ്രഭോ!
പെട്ടെന്നു വൻപടവെട്ടുവാൻ വൻപുള്ള
ചട്ടറ്റ കിങ്കരന്മാരെ വരുത്തുക"
"കിങ്കരന്മാരെ വരുത്തുന്നതെന്തിനു
ഹുങ്കാരമേകുന്ന വൈരിയുണ്ടാകുക"
"കങ്കേളികാനനം തല്ലിത്തകർത്തൊരു
ഹുങ്കാരമോടെയാ വൈരിനിൽക്കുന്നിതേ"
"ഏതൊരുവൻ ദൈത്യനോ ദേവനോ ചൊന്നാലും
മനുജനെങ്കിലുമാശു സംഹരിച്ചീടുവൻ"
"പോരാത്ത ദേവനും ദൈത്യനുമല്ലവൻ
ഘോരാകൃതിപൂണ്ട മർക്കടനാണഹോ"

തന്റെ കാര്യം സാധിച്ചുപോയി എന്നു വിചാരിച്ചു ആഹ്ലാദിച്ച ചപലനും ധൂർത്തനും ആയ രാവണനു പെട്ടെന്ന് അഭിമാനക്ഷയകരവും വൈരോദ്ദീപകവും ആയ വൃത്താന്തമാണു കേൾക്കുവാൻ ഇടയാകുന്നത്. ലോകമനോവൃത്തിയുടെ ഭേദങ്ങളിൽ ഉണ്ടാകുന്ന വികാരങ്ങളുടെ ഗതിയെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിലും സരസമായി വർണ്ണിക്കുന്നതിലും ഇവിടെ കവി ശ്ലാഘനീയമായ വൈഭവത്തെ കാണിച്ചിരിക്കുന്നു.

വാനവർ വരനേയും വധിപ്പാൻ വൻപെഴുന്നോരും
വാനരപ്രഹരത്താൽ തലതകർന്നു മുടിഞ്ഞുപോയ്

എന്നും മറ്റും രാവണകിങ്കരന്മാർ പറയുന്ന ഭാഗം ഫലിതപ്രൗഢി തികഞ്ഞു പരിലസിക്കുന്നതാകുന്നു.

നാളീകബാണവശേ വനിതപോലെ
നാളീകൻപക്ഷു പാളിപോയവൻ
കാളീകാമഗാത്രവധത്തിനാ-
കേളീചതുരൻ കാളീസഖൻ

ഇത്യാദി ശബ്ദാലങ്കാരസുഭഗങ്ങളായ ഭാഗങ്ങളും അവിടവിടെയായി സുന്ദരകാണ്ഡത്തുള്ളലിൽ ഉണ്ട്.

എല്ലാംകൊണ്ടു വിചാരിച്ചാലും സുന്ദരകാണ്ഡത്തുള്ളൽ ഭാ

ണല്ലൊ ഒരു വലിയ ആളാണെന്നുതന്നെ പറയണം. പറമേ രസികത്വം പൊതുവെ കുറയുമെങ്കിലും അകത്തേക്കു കടന്നാൽ സഹൃദയന്മാൎക്കു രസിക്കുന്നതിനുള്ള വക ഈ വിശിഷ്ടകൃതിയിൽ ധാരാളമുണ്ട്.

വഞ്ചിപ്പാട്ടുകളുടെ ഇനത്തിൽ പല കൃതികളും ഉണ്ടായിട്ടുണ്ട്; എന്നാൽ അവയിൽ പലതും നമ്മുടെ ശ്രദ്ധയെ അൎഹിക്കുന്നവയല്ല. ഒറവങ്കര നമ്പൂരിയുടെ (നീലകണ്ഠൻ—മൂസ്സ്) രുഗ്മിണീസ്വയംവരം സഹൃദയമനോഹരമായ ഒരു നല്ല കാവ്യമാകുന്നു. വലിയ പണ്ഡിതനായിരുന്ന നമ്പൂരിയുടെ വാഗ്വിലാസം നിരുപമമായി പ്രവഹിക്കുന്ന പല ഭാഗങ്ങളും ഇതിലുണ്ട്. ഒറവങ്കര നമ്പൂരിയുടെ കല്പനകൾക്കു നല്ല പുതുമയും ചാതുൎയ്യവും കാണും. ഈ ഗുണങ്ങൾ രുഗ്മിണീസ്വയംവരത്തിൽ പ്രകാശിക്കുന്നുണ്ട്.

അടുത്തതായി നമുക്കു പ്രവേശിക്കുവാനുള്ളതു മഹാകാവ്യപ്രസ്ഥാനത്തിലേക്കാകുന്നു. സംസ്കൃതത്തിൽനിന്നാണു ഭാഷക്കു് ഈ കാവ്യശാഖ ലഭിച്ചതു്. സംസ്കൃതസാഹിത്യത്തിൽ മഹാകാവ്യപ്രസ്ഥാനത്തിനു പ്രധാനമായതും അതിവിശാലവും ആയ സ്ഥാനം കിട്ടിയിട്ടുണ്ട്. മഹാകാവ്യപ്രപഞ്ചംനിമിത്തം ഗീൎവ്വാണിക്കു ഉണ്ടായിട്ടുള്ള പരിഷ്കാരവും പുഷ്ടിയും ഇത്രമാത്രമെന്നു പറയാവുന്നതല്ല. മഹാകാവ്യത്തെ സംബന്ധിച്ചിടത്തോളം കൈരളി ഈ ശതവൎഷത്തിൽ ഗീൎവ്വാണിയെ അനുകരിക്കുവാൻ തുടങ്ങിയിട്ടേയുള്ളു. ഇതിന്റെ ഫലമായി നമുക്കു ചില മഹാകാവ്യങ്ങൾ കിട്ടിയിട്ടുണ്ട്. അവയുടെ എണ്ണം വളരെ ചെറിയതാകുന്നു.

ഭാഷയിൽ ഒന്നാമതായുണ്ടായ മഹാകാവ്യം അഴകത്തു പത്മനാഭക്കുറുപ്പിന്റെ അഴകൊത്തു തികഞ്ഞ രാമചന്ദ്രവിലാസമാകുന്നു. മഹാകാവ്യത്തിന്റെ ലക്ഷണങ്ങൾ എല്ലാം രാമചന്ദ്രവിലാസത്തിൽ തികഞ്ഞു വിലസിക്കുന്നുണ്ട്. അദ്ദേഹം കല്പനയിലും ശബ്ദഘടനയിലും കവികളെപ്പോലെ നിപുണനാ

കുന്നു. ഈ കാവ്യത്തിലെ പദ്യങ്ങളിലെ അംശങ്ങളിൽ ഒരു വലിയഭാഗം ഭോജചമ്പു രഘുവംശം അനർഘരാഘവം മുതലായ കൃതികളിൽനിന്നു ഗൃഹീതമാകുന്നു; എങ്കിലും കവിയുടെ സ്വന്തം ഭാവനാവിലാസവും അവിടവിടെ പ്രകാശിക്കുന്നുണ്ട്. ശബ്ദാലങ്കാരവിഷയത്തിൽ രാമചന്ദ്രവിലാസകർത്താവു ഇതരമഹാകാവ്യകർത്താക്കന്മാരെ അതിശയിച്ചുനില്ക്കുന്നു. ഭാരവി മാഘൻ വേദാന്തദേശികാചാര്യർ ആനന്ദവർദ്ധനൻ മുതലായവർ അവരുടെ കൃതികളിൽ സ്വീകരിച്ചിരിക്കുന്ന ശബ്ദവൈചിത്ര്യപ്രസ്ഥാനത്തെ മുഴുവൻ ഭാഷയ്ക്കു് ആദ്യമായി പരിചയപ്പെടുത്തിക്കൊടുത്തതു പത്മനാഭക്കുറുപ്പാകുന്നു. ഈ വിഷയത്തിൽ കുറുപ്പിനെ എത്ര ശ്ലാഘിച്ചാലും മതിയാകുകയില്ല. വർണ്ണനങ്ങൾ എല്ലാം ഉജ്ജ്വലങ്ങളും പ്രൌഢങ്ങളും ആകുന്നു എന്ന സംഗതി രാമചന്ദ്രവിലാസത്തെക്കുറിച്ചു പറയുവാനുള്ള മറെറാരു ഗുണമാണ്. താടകാവധം പരശുരാമവിജയം ശ്രീരാമവിരഹദുഃഖം സുഗ്രീവസഖ്യം മുതലായവ രാമചന്ദ്രവിലാസത്തിൽ വളരെ ചാതുര്യത്തോടുകൂടി വർണ്ണിക്കപ്പെട്ടിട്ടുള്ള ചില ഭാഗങ്ങളാകുന്നു. അടുത്തുണ്ടായ രണ്ടു മഹാകാവ്യങ്ങളാണു രഘുവംശചരിതവും ഉമാകേരളവും. ലക്ഷണസമ്പൂർണ്ണത ഈ കൃതികൾക്കുമുണ്ട്. ആശയങ്ങളുടെ ഗഹനത പ്രൌഢി നൂതനത്വം മുതലായ ഗുണങ്ങളിൽ ഉമാകേരളത്തിനു പ്രഥമസ്ഥാനം കല്പിക്കണം. തിരുവിതാംകൂർ രാജ്യം പൂർവ്വകാലത്തു ഭരിച്ചിരുന്ന ഉമയമ്മറാണിയുടേയും കോട്ടയം കേരളവർമ്മരാജാവിന്റെയും ചരിത്രമാണിതിലെ ഇതിവൃത്തം; ഇതുനിമിത്തം ഉമാകേരളം എന്ന പേർ അന്വർത്ഥംതന്നെ. കവി പുതിയതായി ഒരു രവിവർമ്മനേയും കല്യാണിയേയുംകൂടി സൃഷ്ടിച്ചു കഥാവസ്തുവിനു പുഷ്ടി വരുത്തിയിട്ടുണ്ട്. കേരളകാളിദാസനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഉമാകേരളത്തിനു പ്രൌഢതാകല്പനാദിഗുണവൈപുല്യം നിമിത്തം നൈഷധീയചരിതമഹാകാവ്യസാദൃശ്യം കല്പിച്ചിരിക്കുന്നു. ഉമാകേരളത്തിനു് അത്രമാത്രം പ്രൌഢി ഉണ്ടെന്നാണു് അവിടുത്തെ അ

ഭിപ്രായം. അവിടുത്തെ ഈ അഭിപ്രായം സഹൃദയജനസമാദരണീയമായിത്തന്നെയിരിക്കുന്നു എന്നു പറഞ്ഞാൽ ഉമാകേരളത്തിന്റെ വൈഭവത്തെക്കുറിച്ചു വേറെയൊന്നും പറയേണ്ടതില്ല. വിചാരരസികന്മാരായ പ്രൌഢവിദ്വാന്മാർക്കു മാത്രമേ ഉമാകേരളത്തിൽ പ്രവേശിക്കുവാനവകാശമുള്ളു. ഈ സംഗതി ഈ കാവ്യത്തിനു ഒരു ന്യൂനതയായി കരുതുന്നവർ ഉണ്ടായിരിക്കാം. എന്നാൽ,

> മൃദുകതിരലക്ഷണാർമ്മയയി സുധീഭ്യ സുധിയഃ
> കിമസ്യാ നാമസ്യാദരസപുരുഷാനാദരഭരൈഃ

എന്നുള്ള ശ്രീഹർഷമഹാകവിവാക്യത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തിന്റെ രഹസ്യം അവർ ഓർമ്മിക്കേണ്ടതാകുന്നു. ആദിത്യവർമ്മരാജാവിന്റെ മരണം, എട്ടുവീട്ടിൽ പിള്ളമാരുടെ യോഗം, രാജകുമാരന്മാരുടെ നിർഗ്ഗമനം, രാജ്ഞിയുടെ വിലാപം, സന്ദേശം, മുതലായവ രസപുഷ്ടികൊണ്ടു നിസ്തുലമായ സഹൃദയശ്ലാഘയെ അർഹിക്കുന്ന ചില ഭാഗങ്ങളാകുന്നു. ശത്രുബാധയെല്ലാം ശമിച്ചതിന്റെശേഷം രാജ്യത്തിനുണ്ടായ സ്വാസ്ഥ്യത്തിന്റെ സ്വഭാവത്തെയും സ്പൃഹണീയതയേയും വർണ്ണിച്ചിരിക്കുന്ന ഭാഗവും അത്യന്തം വിശിഷ്ടംതന്നെ. ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും സാമഞ്ജസ്യാദിഗുണങ്ങൾ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ളതു ഈ ഭാഗത്തിലാണെന്നു കാണുന്നു. ആദിസർഗ്ഗത്തിൽ ദുസ്സഹമായ ശബ്ദക്ലേശം കാണുന്നുണ്ടെങ്കിലും പിന്നീടുള്ളവയിൽ അതു ക്രമേണ കുറഞ്ഞുകുറഞ്ഞു നാമാവശേഷമായി ഭവിച്ചിട്ടുണ്ട്. നഗരാർണ്ണവശൈലാദികളേയും മറ്റും കവി സാമർത്ഥ്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. ശബ്ദലോകത്തിൽ പന്തളത്തു രാജാവു (കേരളവർമ്മ) ജന്മനാതന്നെ ഒരു രാജാവാണ്. ഈ രാജത്വത്തിന്റെ നാനാമുഖമായ ശക്തിതികളെ പരിശോഭിക്കുന്ന ഒരു കാവ്യമാണു രുഗ്മാംഗദചരിതം. ലളിതാർത്ഥകല്പനയിലും അവിടുന്നു നിപുണൻതന്നെ. രുഗ്മാംഗദചരിതത്തിൽ, ഒരു മഹാകാവ്യത്തിനു ഉണ്ടായിരിക്കേണ്ട യോഗ്യ

തകൾ എല്ലാം തികച്ചും വിളങ്ങുന്നുണ്ട്. വിപുലമായ പാണ്ഡിത്യവും വാസനാബലവും കൈവന്നിട്ടുള്ള ഒരു മഹാകവിയാണു പന്തളത്തു തമ്പുരാൻ എന്നു രുഗ്മാംഗദചരിതത്തിന്റെ ഏതു ഭാഗവും കാണിക്കുന്നു. ചിത്രസർഗ്ഗത്തിൽ അവിടുന്നു ഏകദേശം വേദാന്തദേശികാചാര്യർക്കു സദൃശമായ കല്പനാസാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുണ്ട്.

വിഷ്ണുഭക്തന്മാരെ വളരെ രസിപ്പിക്കുന്ന ഒരു കൃതിയാണു രുഗ്മാംഗദചരിതം എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഭഗവത്ഭക്തിയുടെ മാഹാത്മ്യത്തെയാണു ഈ കാവ്യം പ്രധാനമായി പഠിപ്പിക്കുന്നതു്. ഭക്തന്മാർക്കു എന്തെല്ലാം ആപത്തുകൾ സംഭവിച്ചാലും അവയൊക്കെ നശിച്ചു് അവർ മുക്തന്മാരായി ഭവിക്കുന്നു എന്നുള്ളതു രുഗ്മാംഗദചരിതത്തിൽനിന്നു പഠിക്കേണ്ട ഒരു സാരതത്വമാകുന്നു. നായാട്ടു, മോഹിനീദർശനം, രാജാവിന്റെ വ്രതം മുടക്കുവാനുള്ള മോഹിനിയുടെ ശ്രമം, പുത്രനെ വധിക്കുവാനുള്ള രാജാവിന്റെ ഉദ്യമം, മോഹിനിയുടെ കുടിലത മുതലായവയെ രുഗ്മാംഗദചരിതത്തിൽ വളരെ ചാതുര്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. ഇവയിലൊക്കെ കവിയുടെ നൂതനമനോധർമ്മവിലാസം പരിസ്ഫുരിക്കുന്നുണ്ട്. രാമചന്ദ്രവിലാസം ഉമാകേരളം രുഗ്മാംഗദചരിതം എന്നിവ നമ്മുടെ സാഹിത്യത്തിൽ ഉന്നതസ്ഥാനത്തെ അർഹിക്കുന്ന മൂന്നു മഹാകാവ്യങ്ങളാകുന്നു. ഇവയിൽ ഒന്നു മറ്റൊന്നിനെക്കാൾ മീതെയെന്നു പറയുവാനില്ല. ഒന്നിൽ ആധിക്യേന കാണുന്ന ഒരു ഗുണം മറ്റൊന്നിൽ അത്രമാത്രം കണ്ടില്ലെന്നു വന്നേക്കാം; വേറെ ഒരു ഗുണമായിരിക്കും പ്രാധാന്യേന കാണുന്നതു്; ഇത്രമാത്രമേ വ്യത്യാസമുള്ളൂ. ഈ മൂന്നു മഹാകൃതികളും മൂന്നു വിധമാണെങ്കിലും, ഒരു വിധത്തിൽ ഭാഷാപദ്യസാഹിത്യത്തിനു പുഷ്ടിയും സൌഭാഗ്യവും ജനിപ്പിക്കുന്നവയാണെന്നു നിസ്സംശയം പറയാം.

ചിത്രയോഗം (വള്ളത്തോൾ നാരായണമേനവൻ) പാ

ണ്ഡവോദയം (കൊച്ചുണ്ണിത്തമ്പുരാൻ) എന്നിവയും വിശിഷ്ടങ്ങളായ രണ്ടു മഹാകാവ്യങ്ങളാകുന്നു. കഥാസരിത്സാഗരത്തിൽനിന്നു സംഗ്രഹിതമായ ചിത്രയോഗത്തിലെ കഥാവസ്തു. പറയത്തക്ക രസികത്വമൊന്നും ഈ ഇതിവൃത്തത്തിന് ഇല്ല. നാരായണമേനവന്റെ സ്വതന്ത്രകൃതികളിൽ ചിത്രയോഗത്തിനുതന്നെ പ്രാധാന്യം കല്പിക്കണം. സൌഷ്ഠവപ്രസാദാദിഗുണങ്ങൾ ചിത്രയോഗത്തിലെ മിക്ക പദ്യങ്ങൾക്കും ഉണ്ട്. രചനയ്ക്കു ക്ലിഷ്ടത ഒരിടത്തുമില്ലെന്നുതന്നെ പറയണം. സഹൃദയന്മാരെ ബലാൽ ആകർഷിക്കുന്ന അതിമനോഹരങ്ങളായ അർത്ഥകല്പനകളോടുകൂടിയ പദ്യങ്ങൾ ചിത്രയോഗത്തിൽ അസംഖ്യം ഉണ്ട്. പഴയ രീതി വിടാതെ നൂതനങ്ങളായ ആശയങ്ങളെ ഹൃദയംഗമങ്ങളായി കല്പിക്കുന്നതിനു ചിത്രയോഗകർത്താവ് നിപുണനാകുന്നു. ശബ്ദപ്രതാപം ചിത്രയോഗത്തിൽ ഒരിടത്തുമില്ല. നായാട്ടു പ്രഭാതം സന്ധ്യ കുമാരക്രീഡ വിവാഹം ഗ്രീഷ്മം മുതലായവയെക്കുറിച്ചെല്ലാം ചിത്രയോഗത്തിൽ ചെയ്തിരിക്കുന്ന വർണ്ണനങ്ങൾ അതിസുന്ദരങ്ങളായ അർത്ഥകല്പനകൾകൊണ്ടു കഞ്ചുകിതങ്ങളാകുന്നു. ചിത്രയോഗത്തിൽ ശൂന്യവർണ്ണനം കുറയും.

മഹാഭാരതം വിരാടപർവ്വത്തിലെ ഇതിവൃത്തമാണു പാണ്ഡവോദയത്തിലെ കഥാവസ്തു. കൊച്ചുണ്ണിത്തമ്പുരാൻ മനസ്സുവെച്ചും മനസ്സുവെയ്ക്കാതെയും കാവ്യം എഴുതുന്ന ഒരു കവിയാണ്. സഹൃദയന്മാർക്ക് ഈ രണ്ടു രീതിയും തിരിച്ച് അറിയുവാൻ പ്രയാസമില്ല. പാണ്ഡവോദയത്തിൽ രണ്ടുതരത്തിലുള്ള കവിതയും ഉണ്ട്. അതുകൊണ്ടു പാണ്ഡവോദയത്തിലെ ചില ഭാഗങ്ങൾ ശുഷ്കങ്ങളായി വായനക്കാർക്കു തോന്നും. എന്നാൽ കവി മനസ്സുവെച്ചു നിർമ്മിച്ചിട്ടുള്ള പല ഭാഗങ്ങളുടേയും രസികത്വം സഹൃദയന്മാരുടെ തല കുലുക്കിക്കുന്നവതന്നെയാണ്. അപ്രകാരമുള്ള ഭാഗങ്ങൾ പാണ്ഡവോദയത്തിൽ വളരെയുണ്ട്. കവിയുടെ അസാമാന്യമായ കല്പനാചാതുര്യത്തെ പ്രകാശിപ്പിക്കുന്നവയായി ഈ മഹാകൃതിയിൽ വളരെ പദ്യ

തേറ്റം കാണ്മാൻ കഴിയും. കീചകവധം ഗോഗ്രഹണം പാഞ്ചാലീവൎണ്ണനം മുതലായ ഭാഗങ്ങൾ ഈ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യത്തെ തെളിയിക്കുന്നവയാണ്. പ്രായേണ രചനയ്ക്കു അക്ലിഷ്ടതയും സുഗമതയും ഈ കവിതയിൽ എവിടെയും ഉണ്ട്. രസികത്വം തികഞ്ഞ ഫലിതങ്ങൾക്കും അലങ്കാരധോരണിക്കും ഈ കൃതിയിൽ ഒരു കുറവുമില്ല. വൈചിത്ര്യപ്രസ്ഥാനത്തിലും കവി കണ്ണുവെച്ചിട്ടുണ്ട്. സാരങ്ങളും നാനാപ്രകാരങ്ങളും ആയ സന്മാൎഗ്ഗങ്ങളെ ഉപദേശിച്ചിട്ടുണ്ടെന്നുള്ളതു ഈ കൃതിയുടെ മഹാനാം ഗുണമാകുന്നു. ചിത്രയോഗത്തെ അതിശയിക്കുന്ന പല ഭാഗങ്ങളും ഉണ്ടെങ്കിലും, പൊതുവെ വിചാരിച്ചാൽ ചിത്രയോഗത്തെക്കാൾ ചില പടികൾ താഴ്ന്നതുതന്നെ പാണ്ഡവോദയത്തിന്റെ സ്ഥാനം എന്നു പറയേണ്ടതാകുന്നു.

രാജരാജവൎമ്മപ്രസ്ഥാനത്തിന്റെ യശസ്തംഭമായ കേശവീയം ഇവിടെ നമ്മുടെ ചിന്തയെ അവകാശപ്പെടുന്ന ഒരു ഉത്തമമഹാകാവ്യമാകുന്നു. മഹാഭാഗവതപ്രസിദ്ധമായ സ്യമന്തകകഥയെ ആസ്പദമാക്കി രചിച്ചിരിക്കുന്ന ഈ കാവ്യം ലളിതപദവിന്യാസരസികയായ വൈദൎഭീരീതിയുടെ നൃത്തശാലയാകുന്നു എന്നു പറയുന്നതിൽ അതിശയോക്തിസ്പൎശം അല്പവും ഇല്ല. കേശവീയത്തിൽ വൎണ്ണനകൾ പരിമിതങ്ങളാകുന്നു; എന്നാൽ നീണ്ടു തടിച്ചവയല്ലെന്നു സാരം. പദ്യങ്ങൾ പ്രായേണ ധ്വനിരുചിരങ്ങളായിരിക്കും. അനാവശ്യമായ ശബ്ദാൎത്ഥപ്രതാപങ്ങൾ കാണുകയില്ല. ഇവയൊക്കെ കേശവീയത്തിന്റെ ഗുണങ്ങളാണ്. കേശവീയത്തിന്റെ ഇതരങ്ങളായ രണ്ടു ഗുണങ്ങൾ പ്രസാദവും സൌഷ്ഠവവും ആകുന്നു. രചനയ്ക്കു ഒരിടത്തും ക്ലിഷ്ടതയില്ല. കവി ദ്വിതീയാക്ഷരപ്രാസത്തെ പൊതുവേ വൎജ്ജിച്ചിരിക്കുന്നു.

കാളിദാസകവീന്ദ്രന്റെ

കൎണ്ണാമൃതസൂക്തികൾ

കേശവീയകാവ്യോദ്യാനത്തിൽ സഞ്ചരിക്കുന്ന കേശവപിള്ളയ്ക്കു ചെയ്തുകൊടുത്തിട്ടുള്ള സഹായം ചില്ലറയൊന്നുമല്ല. കാളിദാസകാവ്യങ്ങളിൽ ഉള്ള നിരന്തരപരിശീലനംകൊണ്ടു കവിക്കു ലഭിച്ചിട്ടുള്ള സംസ്കാരവിശേഷത്തിന്റെ സൌരഭ്യസംഭൃതമായ ഒരു ഉദ്ഗാരമാണു കേശവീയം എന്നു മാത്രമേ ചുരുക്കത്തിൽ പറയുവാനുള്ളു. കേശവീയത്തിലെ വൈദർഭീരീതിയെ പ്രത്യേകം ശ്ലാഘിക്കേണ്ടതുണ്ടു്. എന്നാൽ ശബ്ദാഡംബരബഹുലമായ ഗൌഡീമാർഗ്ഗത്തിൽനിന്നു കൈരളിയെ ആദ്യമായി മോചിപ്പിച്ചതു കേശവീയമാണെന്നുള്ള അഭിപ്രായം സഹൃദയന്മാർ സമ്മതിക്കുമെന്നു തോന്നുന്നില്ല. ചെറുശ്ശേരിയുടെ ഗാഥ ചന്ദ്രോത്സവം മുതലായ കൃതികൾ കൈരളിക്കു വൈദർഭിയുമായി പരിചയപ്പെടുവാനുള്ള സൌഭാഗ്യത്തെ ജനിപ്പിച്ചിട്ടുള്ളവയാകുന്നു. 'വിപഞ്ചീസ്വനസൌഭാഗ്യ'യായ വൈദർഭിയുടെ ഒരു ജയപതാകയാകുന്നു കൃഷ്ണഗാഥ. ഇതുപോലെ വേറെയും കൃതികൾ ഉണ്ടു്. എന്നാൽ അധുനാതനകവികളിൽ വൈദർഭീരീതിയെസ്സംബന്ധിച്ചിടത്തോളം കേശവപിള്ളയെപ്പോലെ മനസ്സിരുത്തിയിട്ടുള്ള കവികൾ വേറെയില്ലെന്നുതന്നെ പറയണം. കേശവപിള്ളയുടെ അവസാനകാലത്തെ സന്താനമായ ഈ കാവ്യം ഭാഷയുടെ ഒരു വിലപിടിച്ച സമ്പത്തുതന്നെയാകുന്നു.

കൃഷ്ണവിലാസം കുമാരസംഭവം രഘുവംശം ആംഗലസാമ്രാജ്യം എന്നിവ സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ള മഹാകാവ്യങ്ങളാകുന്നു. കവിയൂർ രാമൻനമ്പ്യാർ രാജരാജവർമ്മ കോയിത്തമ്പുരാൻ പി. ജി. രാമയ്യർ കണ്ടൂർ നാരായണമേനവൻ കെ. സി. കേശവപിള്ള എന്നിവരാണു പരിഭാഷകന്മാർ.

പ്രശസ്തകവിയായ കവിയൂർ രാമൻനമ്പിയാരുടെ പ്രധാനകൃതി കൃഷ്ണവിലാസംഭാഷയാകുന്നു. സുകുമാരമഹാകവിയുടെ സുകുമാരവചോവിലാസത്തിനു വിഹാരരംഗമായി ഭവിച്ചിട്ടുള്ള മഹാകാവ്യമാണു കൃഷ്ണവിലാസം. അപൂർണ്ണമായ ഈ

കാവ്യത്തെ മുഴുവനാക്കുവാൻ സാക്ഷാൽ കാളിദാസൻ ആരംഭിച്ചു എന്നും അപ്പോൾ 'പട്ടിന്റെകൂടെ വാഴനാരു ചേരുകയെ' ന്ന് അശരീരിവാക്കുണ്ടായി എന്നും ഒരു ഐതിഹ്യം കേട്ടിട്ടുണ്ട്. ഈ ഐതിഹ്യത്തിൽനിന്നു പ്രധാനമായി ഒരു തത്വം ഗ്രഹിക്കാവുന്നതാകുന്നു. അതായതു സുകുമാരകവിത്വം പട്ടാണെങ്കിൽ കാളിദാസകവിത വാഴനാരാണെന്നുള്ളതുതന്നെ. ഇത്രമാത്രം യോഗ്യത തികഞ്ഞ മഹാകാവ്യമാണ് കൃഷ്ണവിലാസം. അക്ലേശലേശമായ രചനാഭംഗി ആശയങ്ങളുടെ ലാളിത്യം പ്രസന്നത ഗംഭീരത പരിപാകത മുതലായ ഗുണങ്ങളാൽ ആത്മനിവൃതിയെ പ്രദാനംചെയ്യുന്നതിനു കൃഷ്ണവിലാസത്തെപ്പോലെ സമർത്ഥങ്ങളായ കാവ്യങ്ങളുടെ സംഖ്യ ചെറിയതാകുന്നു. സർവ്വത്ര കാണുന്ന അകൃത്രിമമായ ഒരു രമണീയത കൃഷ്ണവിലാസത്തിന്റെ ഒരു ജീവനാണ്. സുകുമാരകവിയുടെ ഈ മഹാകാവ്യത്തെ ഭാഷയാക്കിയ കവിയൂർ രാമൻനമ്പിയാരും ഒരു സുകുമാരകവിയാകുന്നു. ഭാഷാന്തരം ചെയ്യുന്ന കാര്യത്തിൽ രാമൻനമ്പിയാരുടെ സാമർത്ഥ്യം ചിലപ്പോൾ ചാത്തുക്കുട്ടിമന്നാടിയാരിൽകൂടി കാണുകയില്ല. മൂലത്തിന്റെ അർത്ഥത്തെ ജീവനും സൌന്ദര്യവും കളയാതെ ഭാഷയിലും പകർത്തിവെയ്ക്കുവാൻ രാമൻനമ്പിയാർക്ക് ഒരു പ്രത്യേകവാസനയുണ്ട്.

ഭൃശപരിഗതമച്ഛതായയെന്നു കസ്തൂരികാപരയനായാതിന്നാം വസന്തം
വചനസവകമേനഭ്രമിതന പ്രതിനാദാളുവകകാകിലശ്ശുരംസ്യൈ
* * * *
ഭുവനേനാദ്ധനായ പുഷ്പചാപ സഹകാരാങ്കുരബാണനർമ്മധാനാ
അവൻസംപൂർണ്ണനായിവന്നിതപ്പോ വനവീഥീമപ്പുള്ളുവാഗ്രഹസ്യ
* * * *
പ്രതമൌനമനാരതതപോവനം വ്രതകൃപനായപോയനേ മരിതപ
ഉരയുനതപറണാംവിധാളം പരപുഷ്ടാസ്സുകാനനീവി
* * * *
നവശാദ്ധപലമലയശെവിരീദ നയനപ്രീതികൊൾക്കരിഗുണശോപാ
ഗളിതാളുവർമകാലലഷ്ട്രാഗ്നൈണാലധതകമിനവലഞ്ചാരതൃാ

(കൃഷ്ണവിലാസം)

എന്നു മൂലപദ്യങ്ങളുടെ ഭാഷ താഴെ ചേൎക്കുന്നു.

നവകലികയമുൻപിൽ കാട്ടുവച്ചിട്ടവാനായ്
തരുണിയമിതു! വസന്തം വന്നിവൃന്ദത്തെ വനായ്
ഫലിയൊട്ടുതവണക്കാർ വന്നു ചൊല്ലുംപ്രകാരം
പരഭൃതനിരചൊല്ലി മഞ്ജുവാം കൂജിതത്താൽ.

* * * *

ഉലകുകളെ മുടിപ്പാൻ ചാപചൂതാസ്ത്രമേന്തും
നലമൊടു സുമചാപൻ കയ്യിലേന്തീടുമപ്പോൾ
തളിർവിരലുകൾ കൊണ്ടാലാട്ടിടും വല്ലിയെല്ലാ-
മലിവിനൊടഭയം തന്നായ് കാട്ടിടും മട്ടിലായി

* * * *

സതതമുതിരുമെന്നാംപൂന്തേൻ നിഷ്യന്ദവാസ-
ത്വതമുപവനമാകുന്നാളുടെ മെയ്യിലേകാങ്കം
ചിതമൊടു സഹകാരത്തിൻറെ പുഷ്പോൽഗമങ്ങൾ-
മദപരവശതയ്ക്കും പാരമുണ്ടായ് തുടിർന്നു.

* * * *

ചുഴലമുകിലവർഷാലയപ്പി മഞ്ഞുമൊക്കെയിപ്പോ-
കഴലിണയിലലാക്ഷാവിദ്രുമം കണ്ടുകൊ
അഴകിനു നിജമാലേ പാരിലേക്കിന്ദ്രഗോപ-
പ്പുഴുനിരയരുണങ്ങൾക്കൊട്ടു കൊടുത്തു തന്നീ

ഇവിടെ മൂലത്തിൻറെ അൎത്ഥം സൌന്ദൎയ്യത്തോടുകൂടി ഭാഷയിൽ പകൎന്നിരിക്കുന്നതു കാണാം. രചനയ്ക്കും നല്ല സൌഷ്ഠവം ഉണ്ട്. നമ്പിയാർ ഭാഷപ്പെടുത്തിയിട്ടുള്ള പദ്യങ്ങൾ സ്വതന്ത്രങ്ങളെന്നല്ലാതെ തോന്നുകയില്ല.

തപനീയവിദ്രുമമണിസ്ഫടികോപ-
നയസീ പുഷ്പചിത്രകസമേതാഃ
ഘനസാരകേശകലാപചകോരബിംബാ
രമയാമാസ വിലാസിനീമശ്ശ്രീഃ

എന്നു അലങ്കാരസുന്ദരമായ പദ്യത്തിൻറെ ഭാഷ താഴെ ചേൎക്കുന്നു.

ഹേമോജ്ജ്വലാഭരണങ്ങളിന്നവൊട്ടുങ്കളിൽ തന്നെ-
ശ്യാമളാഭിരാമമായിപ്പൂണ്ട മുകുന്ദനേറെ

കരാമം ശിരോരത്നകലാപമാരം കലന്ന
താരാമയിൽപ്പീലികളിൽ പ്രമോദം വളർന്നീ.

മൂലത്തിലെ അലങ്കാരകല്പനയുടെ ഭംഗിയ്ക്കു ഭാഷയിലും കടുകിടയും കുറവില്ല.

വിഫലീകൃതസംരംഭം വീക്ഷ്യ തം പാകശാസനം
മഹാസേവാസമുൽഫുല്ല കടാക്ഷൈരമരാംഗനാഃ

*　　*　　*　　*

ഏകേന പാണികമലേന മദേന സഖീനാം
ഹസ്താഗ്രപൂരത്രചലന്ന ചലം മഹാന്തം
ദേവസ്സ ഏവ സുരസിന്ധുഗണേനമുകതം
ദേവേന്ദ്രമപ്രതിനിചയം ന ശശാക ക്ലേഷ്ടാ

എന്ന പദ്യങ്ങളെ എത്രമാത്രം അക്ലിഷ്ടമായി ഭാഷപ്പെടുത്തിയിരിക്കുന്നു എന്നു കാണിക്കാം.

ഗോവർദ്ധനം നൽ കുടയാക്കിയന്ന
ശ്രീവൃദ്ധിയെന്നുള്ളൊരു കൈതവത്താൽ
തവൽപ്രയത്നം വിഫലീഭവിച്ചു
ദേവേന്ദ്രനെ നോക്കി ഹസിച്ചു നൂനം

*　　*　　*　　*

ഒരോരോരോ ഏഴു ദിവസം തനിയേ വഹിക്കാ.
ഒരോർക്കിലേ വലിയ കുന്നു വഹിച്ച ദേവൻ
ഏറെക്കഴിഞ്ഞു മുടിയിൽ സുരസിന്ധുസംഘം
മുറ്റം ചൊരിഞ്ഞ കുസുമങ്ങൾ പുകഴ്ന്നകാലേ

കവിയുടെ സാമർത്ഥ്യത്തിന് ഈ പദ്യങ്ങളും ഉദാഹരണങ്ങൾ തന്നെ. ലളിതങ്ങളായ ഭാഷാപദങ്ങൾ നമ്പിയാർക്കു വളരെ സ്വാധീനങ്ങളാകുന്നു. അതുകൊണ്ടു നമ്പിയാർക്കു വളരെ വിജയം ലഭിച്ചിരിക്കുന്നു. ഇവിടെ ഒടുവിൽ കാണിച്ച പദ്യത്തിൽ 'സലീലം' എന്ന മൂലപദത്തിന്റെ അർത്ഥം വിട്ടുപോയി എന്നു വേണമെങ്കിൽ പരിഭാഷയ്ക്കു ഒരു ദോഷം പറയാം. പർവ്വതം എടുത്തുകൊണ്ട് ഏഴു ദിവസം നില്ക്കുന്നതിനു ഭഗവാന് ഒരു ശ്രമവും ഉണ്ടായില്ല; അങ്ങിനെ ചെയ്തത് ഒരു കളി—നേരമ്പോക്കായിട്ടാണു എന്ന അർത്ഥത്തെ സലീലപദം കു

റിക്കുന്നു. ഈ അൎത്ഥം ഭഗവന്മാഹാത്മ്യത്തെ വൎദ്ധിപ്പിക്കുന്നു.

ഒരു ക്ലേശവുംകൂടാതെ സരളപദങ്ങളെക്കൊണ്ടു മിശ്രിതമായ ഭാഷയിൽ മൂലാൎത്ഥത്തെ അതിന്റെ ഭംഗി വിടാതെ പകൎത്തിവെയ്ക്കുന്നതിലാണു നമ്പിയാരുടെ മിടുക്കു നാം കാണുന്നതു്. കവിയുടെ ഈ സാമൎത്ഥ്യംനിമിത്തം കൃഷ്ണവിലാസംഭാഷ ഒരു സ്വതന്ത്രകൃതിയാണെന്നല്ലാതെ സഹൃദയന്മാൎക്കു തോന്നുകയില്ല. വിശിഷ്ടമായ കൃഷ്ണവിലാസംഭാഷയുടെ കൎത്തൃത്വംനിമിത്തം കവിയൂർ രാമൻനമ്പിയാർ കൈരളിയുടെ നിത്യസ്മരണയ്ക്കു് അൎഹനായിഭവിച്ചിരിക്കുന്നു.

രഘുവംശംഭാഷയും നമുക്കു വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു നിധിതന്നെ. കാളിദാസമഹാകവിയുടെ സാരസ്വതവിലാസത്തിന്റെ ഭണ്ഡാഗാരവും മഹാകാവ്യപ്രസ്ഥാനഹൎമ്മ്യത്തിന്റെ മണിമകുടവും ധൎമ്മശാസ്ത്രരഹസ്യങ്ങളുടെ ജീവാത്മാവും സഹൃദയന്മാരുടെ ചിരന്തനതപഃപരിപാകഫലവും ആയ ഒരു മഹാകാവ്യമാണു രഘുവംശം എന്നു പറഞ്ഞാൽത്തന്നെ അതിന്റെ യോഗ്യതയ്ക്കു മതിയാകയില്ല. അത്രയ്ക്കു മാഹാത്മ്യം രഘുവംശത്തിനുണ്ടു്. ശാകുന്തളത്തിനുള്ളതിനേക്കാൾ ഉയൎന്ന സ്ഥാനം രഘുവംശത്തിനു കല്പിച്ചുകൊടുക്കുന്ന സഹൃദയന്മാർ ചുരുക്കമല്ല. മാഹാത്മ്യം തികഞ്ഞ ഈ കാവ്യത്തെ ഭാഷയിലാക്കുക എന്നതു ക്ലേശമേറിയ ഒരു പ്രവൃത്തിയാകുന്നു.

ധ്വനിഭിരുത്തമവിദ്വദ്ഭിഃ പ്രീണയന്തീ
സഹൃദയമഭിരാമൈരാദൃതാ ഭാവഭേദൈഃ
സരസമുചിതശബ്ദാമാശ്രിതാ വിശ്വലോകം
സുഖയതി സുകുമാരാ കാളിദാസസ്യ വാണീ

എന്നു ചന്ദ്രോത്സവകൎത്താവു പറഞ്ഞിരിക്കുന്നതു കാളിദാസസരസ്വതിയുമായി നല്ലപോലെ പരിചയപ്പെട്ടവൎക്കുള്ള സൌഭാഗ്യം അനുഭവിച്ചതിനുമേൽ തന്നെയാകുന്നു. ഈ പദ്യത്തിൽ പറഞ്ഞിരിക്കുന്ന കാളിദാസകവിതാഗുണങ്ങളിൽ അധികവും സംസ്കൃതഭാഷയോടു മാത്രമേ ഇണങ്ങുകയുള്ളു. അവ മറ്റൊരു ഭാഷയിലാണെങ്കിൽ പത്തിനു രണ്ടുവീതമെങ്കിലും പ്രകാശി

ക്കുകയില്ല. ഈ തത്വം വിചാരിച്ചാൽ രഘുവംശം ഭാഷയാക്കുന്ന ഒരു കവിക്ക് എത്രമാത്രം പരാജയം വന്നാലും, സ്വന്തം അസാമൎത്ഥ്യമെന്നു കരുതി, അതിൽ ഇച്ഛാഭംഗം വഹിക്കേണ്ടതില്ലെന്നു തെളിയും. ഒരു വലിയ പാത്രത്തിൽ ഇരുന്നിരുന്ന സാധനം മുഴുവൻ, അതിനു യോജിപ്പില്ലാത്ത മറ്റൊരു ചെറിയ പാത്രത്തിൽ പകൎത്തണം എന്നു വന്നാൽ, അപ്രകാരം ചെയ്യുന്നവൻ എത്ര വിരുതനായാലും ചില കോട്ടങ്ങളും വാട്ടങ്ങളും തട്ടുകതന്നെ ചെയ്യും. എന്നാൽ അതു വിചാരിച്ച് അപ്രകാരമുള്ള പ്രവൃത്തിയിൽനിന്നു പിന്മാറുന്നതും യുക്തമല്ല. കൈരളിക്കു യോഗ്യത മുഴുവൻ തികഞ്ഞിട്ടു മാത്രമേ മറ്റു ഭാഷകളിൽനിന്നു വിശിഷ്ടകൃതികൾ ഭാഷപ്പെടുത്തുവാൻ പാടുള്ളു എന്നു കരുതുന്നതു വലിയ മൌഢ്യമാകുന്നു. ഇപ്രകാരം എന്തുകൊണ്ടു വിചാരിച്ചാലും രഘുവംശം ഭാഷയാക്കിയ കണ്ടൂർ നാരായണമേനവന്റെ ശ്രമം ആദരണീയമായിത്തന്നെയിരിക്കുന്നു.

മൂലത്തിന്റെ ശബ്ദത്തിനും അൎത്ഥത്തിനും ഉള്ള ഭംഗിയെ നിവൃത്തിയുള്ളിടത്തോളം പരിഭാഷകൻ ഭാഷയിൽ സംരക്ഷിച്ചിട്ടുണ്ട്.

മൂലം.

നിൎദ്ദിഷ്ടവിഷയസ്നേഹസ്സ ദശാന്തമുപേയിവാൻ
ആസീദാസന്നനിൎവ്വാണഃ പ്രദീപാൎച്ചിരിവോഷസി

* * * *

രാമമന്മഥശരേണ താഡിതാ ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ ജീവിതേശവസതിം ജഗാമ സാ

ഇത്യാദി പദ്യങ്ങളെ അവയുടെ ചാതുൎയ്യം കളയാതെ മറ്റൊരു ഭാഷയിൽ തൎജ്ജമചെയ്യുന്നതിന് എത്ര നിപുണനായ പരിഭാഷകനും സാധിക്കുകയില്ല. എന്നാൽ ഈ വക പദ്യങ്ങളുടെ കാൎയ്യത്തിൽക്കൂടി കണ്ടൂരിനു പരാജയം പറ്റിയിട്ടില്ല.

ഭാഷ.

ആഹരിച്ചു വിഷയത്തിലിണങ്ങും.
സ്നേഹമഖിലമുള്ള ദശാന്തമണഞ്ഞോൻ

ദേഹനാശവുമടുത്തിരവരാം.
ശ്ലാഘമീപശിഖമാതിരിയായി

*　　　*　　　*　　　*

ഏറി രമണീയമാകുമിപ്പൂമാല്യമെ-
റ്റായിനാൽ വലഞ്ഞരിയ കാന്തചന്ദനം
ആതിയായ് നിശാചരിയണഞ്ഞുനിന്നുപോ-
യപ ജീവിതങ്ങനകമേന്നൊരാലയേ

എന്ന ഭാഷയിൽ മൂലത്തിന്റെ മെച്ചവും ആധിക്യവും കിട്ടിയിട്ടുണ്ട്. മൂലത്തിലെ നാനാർത്ഥപദങ്ങളെ ഈ മാതിരി സന്ദർഭങ്ങളിൽ ഭാഷയിലും പ്രയോഗിക്കുന്ന നയം ഗ്രാഹ്യമാകുന്നു. ആ പ്രകാരം ചെയ്തില്ലെങ്കിൽ മൂലാർത്ഥപുഷ്ടിക്ക് ഉടവു തട്ടുന്നു. 'വിനയസ്നേഹശാലി'പദങ്ങളെ എന്നപോലെതന്നെ 'നിർവ്വാണം' എന്ന മൂലപദത്തേയും ഭാഷയിൽ സ്വീകരിക്കാമായിരുന്നു. 'നിർവ്വാണത്തി'ന്റെ യോഗ്യത കേവലം 'ദേഹനാശ'ത്തിനു കിട്ടുന്നതല്ല.

മൂലം.

രാത്രിർഗ്ഗതാ മതിമതാം വര! മുഞ്ച ശയ്യാം
ധാത്രാ ദ്വിധൈവ നനു ധൂർജ്ജഗതോ വിഭക്താ
താമേകതസ്തവ ബിഭർത്തി ഗുരുർവ്വിനിദ്ര-
സ്തസ്യാ ഭവാനപരധുര്യപദാവലംബീ

ഭാഷ.

കഴിഞ്ഞു ബുധവര്യ! രാവിനിയെണീക്ക ശയ്യാഭുവി-
ന്നൊഴിഞ്ഞരുളു വിധിഭരം പകുതി നിൻപിതാവായതിൽ
വഴിക്കു രസമോടെടുത്തിതു വിനിദ്രനങ്ങുന്നുമ-
ക്കഴിഞ്ഞിനിയെഴുന്നൊരപ്പകുതിയുമെടുത്തിടുവാൻ

മൂലം.

വാചംയമത്വാത് പ്രണതിം മമൈഷ
കമ്പേന കിഞ്ചിത് പ്രതിഗൃഹ്യ മൂർദ്ധ്നഃ
ദൃഷ്ടിം വിമാനവ്യവധാനമുക്താം
പുനസ്സഹസ്രാർച്ചിഷി സന്നിധത്തേ

ഭാഷ.

മൗനനിമിത്തം തലയൊന്നിളക്കിയി-
ങ്ങാനമ്മൾ ചെയ്യും നമനത്തെയേറ്റിവൻ

യാനം വെടിഞ്ഞും മൌനാദ്യ നൃപനിൽ.
താനാകുമിച്ഛയ്ക്കിന്നില്ല വിഞ്ജനി മുനി.

ഇവിടെ ഭാഷയിൽ മൂലത്തിന്റെ ഭംഗിയും ലാളിത്യവും വന്നിട്ടുണ്ട്. 'വാചംയമതപാൽ' ഇത്യാദി പദ്യത്തിന്റെ ഭാഷ അധികം നന്നായി. വളരെ ആശയവിശാലതയുള്ള ഒരു പദ്യത്തെ, ഇപ്രകാരം ഭംഗിയായി ഭാഷപ്പെടുത്തുവാൻ ഏറെപ്പേർക്ക് കഴികയില്ല.

മൂലത്തിന്റെ തേജസ്സും പുഷ്ടിയും തീരെ കിട്ടാതെ ക്ഷീണം തട്ടിയിട്ടുള്ള പല പദ്യങ്ങളും രഘുവംശഭാഷയിൽ ഉണ്ടെന്നുള്ള വാസ്തവംകൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു.

മൂലം.

പുരാ സ ദർഭാങ്കുരമാത്രവൃത്തി-
ശ്ചരൻ മൃഗൈസ്സാർദ്ധമൃഷിർമ്മഘോനാ
സമാധിഭീതേന കിലോപനീതഃ
പഞ്ചാപ്സരോയൌവനകൂടബന്ധം

ഭാഷ.

ദർഭാഗ്രമാത്രം തിന്നിന്നു മഹർഷി പുരാ
മാനൊത്തു വാണോരവനെച്ചതിച്ചുപോൽ
ധ്യാനത്തിനാൽ പേടിയെഴും പുരന്ദരൻ
താനന്നു വിട്ടോരു വരാപ്സരസ്സുകൾ.

മൂലത്തിന്റെ ഭംഗി ഇവിടെ ഭാഷയ്ക്കില്ല. 'ചരൻ' എന്ന മൂലവും 'വാണോരു' എന്ന ഭാഷയും യോജിക്കാത്തവയാണ്. 'മൃഗ'ത്തിന്റെ സ്ഥിതിക്ക 'ചരൻ' എന്നാണ് ആവശ്യം. മൃഗധർമ്മയുക്തനായ മുനിയെ പിടിക്കുന്നതിന്ന കാളിദാസർ വളരെ കൗതുകത്തോടുകൂടിയാണ് പുരന്ദരനെക്കൊണ്ട 'പഞ്ചാപ്സരോയൌവനകൂടബന്ധ'ത്തെ പണിയിപ്പിച്ചത്. ഭാഷയിൽ അതു വേണ്ടെന്ന വെച്ചതു വലിയ കഷ്ടമായി. ഭാഷയും ക്ലിഷ്ടമായിരിക്കുന്നു. ഇപ്രകാരം മൂലവുമായി ഇണങ്ങാത്ത പദ്യങ്ങൾ പലതും വേറെയുമുണ്ട്.

ആകപ്പാടെ വിചാരിച്ചാൽ രഘുവംശഭാഷയെക്കുറിച്ചു നമുക്കു തൃപ്തിപ്പെടുവാനവകാശം കാവ്യമാർഗ്ഗത്തിൽ സഞ്ച

രിച്ചു പഴക്കവും തഴക്കവും കിട്ടിയിട്ടുള്ള കണ്ടൂർ നാരായണമേനവൻ ശ്രമിച്ചതുകൊണ്ടാണ രഘുവംശഭാഷ ഇത്രയുമെങ്കിലും ഹൃദ്യമായതെന്നുള്ള സംഗതി മറക്കാവുന്നതല്ല. കുമാരസംഭവവും നാരായണമേനവൻ ഭാഷയാക്കിയിട്ടുണ്ട്. രഘുവംശഭാഷയെക്കുറിച്ച് ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ കുമാരസംഭവംഭാഷയേയും സംബന്ധിപ്പിക്കാവുന്നവയാണ്.

കുമാരസംഭവത്തെ സുഗൃഹീതനാമാക്കളായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനും പി. ജി. രാമയ്യരും ഭാഷയാക്കിയിട്ടുണ്ട്. ഇവയിലെ ഭാഷാരീതി ആൎക്കും മനസ്സിലാകുന്നതാണ്. ഭാരതചരിത്രത്തെ സംബന്ധിക്കുന്നതും പ്രൌഢപണ്ഡിതനായ ഏ. ആർ. രാജരാജവർമ്മത്തമ്പുരാന്റെ കവനവൈഭവം സർവ്വത്ര തെളിഞ്ഞുപരിലസിക്കുന്നതും ആയ ഒരു സംസ്കൃതമഹാകാവ്യമാണ് ആങ്ഗലസാമ്രാജ്യം. പല സംസ്കൃതകൃതികളേയും ഭാഷയാക്കി വേണ്ട നിപുണത സമ്പാദിച്ചിട്ടുള്ള കെ. സി. കേശവപ്പിള്ളയാണ് ഈ കൃതിയുടെ പരിഭാഷകൻ എന്നു പറഞ്ഞാൽ ഭാഷയുടെ യോഗ്യത വിസ്തരിക്കേണ്ടതില്ല. മൂലത്തെ അതിശയിച്ചു പ്രകാശിക്കുന്ന പല പദ്യങ്ങളും ആങ്ഗലസാമ്രാജ്യംഭാഷയിൽ ഉണ്ട്. കേശവപ്പിള്ളയോടു കൈരളിക്കുള്ള കടപ്പാടിനെ ഈ ഭാഷാകാവ്യം വളരെ വൎദ്ധിപ്പിച്ചിരിക്കുന്നു.

നമ്മുടെ മഹാകാവ്യസരണി ഭാഷയ്ക്കു രമണീയതയേയും പുഷ്ടിയേയും ജനിപ്പിക്കുന്നുണ്ടെന്നു സന്തോഷത്തോടുകൂടി പറയാം; എന്നാലും ഈ പ്രസ്ഥാനത്തിന് ഇനിയും വളൎച്ച ലഭിക്കേണ്ടതായിട്ടുണ്ട്. സംസ്കൃതത്തിൽനിന്നു പല കൃതികളേയും ഭാഷാന്തരം ചെയ്യണം; സ്വതന്ത്രങ്ങളായ പല പ്രസ്ഥാനങ്ങളും ഉണ്ടാകുകയും വേണം; എങ്കിൽ മാത്രമേ മഹാകാവ്യശാഖയുടെ അഭിവൃദ്ധി പൂൎണ്ണമാകുകയുള്ളു. ശ്രീകണ്ഠചരിതം ഹരവിജയം ശിവലീലാൎണ്ണവം ജാനകീഹരണം ഹീരസൌഭാഗ്യം നവസാഹസാങ്കചരിതം നരനാരായണാനന്ദം ചൈലചരിതം പദ്യചൂഡാമണി യാദവാഭ്യുദയം ബാലഭാരതം

വിക്രമാങ്കചരിതം മുതലായി, പരിഭാഷകന്മാരുടെ ദൃഷ്ടി പതിയേണ്ടതായി പല മഹാകാവ്യങ്ങളും സംസ്കൃതത്തിലുണ്ട്. മാഘം കിരാതാൎജ്ജുനീയം മുതലായ പ്രസിദ്ധകാവ്യങ്ങൾക്കും നമുക്കു പരിഭാഷകൾ ലഭിച്ചിട്ടില്ല. കേരളീയരുടെ സംസ്കൃതമഹാകാവ്യങ്ങളായ രാഘവീയം രാമചരിതം ഉത്തരനൈഷധീയം സുഭദ്രാഹരണം മുതലായവയുടെ പരിഭാഷകൾ കിട്ടുവാൻ നമുക്കു പ്രത്യേകം അവകാശമുണ്ട്. സീതാഹരണം രാഘവപാണ്ഡവീയം ഭട്ടികാവ്യം മുതലായവ ഓരോ പ്രത്യേകപ്രസ്ഥാനങ്ങളിൽ ഉണ്ടായിട്ടുള്ള മഹാകാവ്യങ്ങളാകുന്നു. ആ രീതികളിൽ നമ്മുടെ ഭാഷയിൽ കാവ്യങ്ങൾ ഉണ്ടാകുന്ന കാൎയ്യം എളുപ്പമല്ലു; എങ്കിലും പണ്ഡിതന്മാരായ കവികൾ യഥാശക്തി ഈ പ്രസ്ഥാനങ്ങളിൽ ദൃഷ്ടി പതിപ്പിച്ചാൽ കൊള്ളാം.

ഈ അവസരത്തിൽ മഹാകാവ്യപ്രസ്ഥാനത്തെ സംബന്ധിച്ചു ചില ദുർവാദങ്ങൾ ഇടയ്ക്കിടയ്ക്കു കേൾക്കാറുണ്ടെന്നുള്ള ശോചനീയമായ വാസ്തവംകൂടി ഇവിടെ തുറന്നുപറഞ്ഞുകൊള്ളട്ടെ.

(൧) കാവ്യത്തിന്റെ പൊതുവെയുള്ള പുഷ്ടി
(൨) വൎണ്ണ്യവിഷയങ്ങളുടെ ആധിക്യം
(൩) വൎണ്ണനങ്ങളുടെ ദൈൎഘ്യം
(൪) അലങ്കാരങ്ങളുടെ ആധിക്യം
(൫) കൃത്രിമത

എന്നിവ മഹാകാവ്യങ്ങളുടെ ദോഷങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ ദോഷങ്ങളാൽ മാഘമങ്ഖകാദികളുടെ പ്രസ്ഥാനം കൃത്രിമവും ദുഷ്ടവും ആയിപ്പോയി എന്നും പൊതുവേ അവയിൽ യഥാൎത്ഥകവിത്വം ഇല്ലെന്നും ആണു നവീനന്മാരുടെ അഭിപ്രായം. ലക്ഷണങ്ങളൊപ്പിക്കുവാൻവേണ്ടി അസ്ഥാനങ്ങളിൽക്കൂടി 'നഗരാൎണ്ണവശൈലാദി'കളെ വൎണ്ണിച്ചു കാവ്യശരീരത്തിനു കൃത്രിമപുഷ്ടി ഉണ്ടാക്കുകയാണു മാഘമങ്ഖകശ്രീഹൎഷാദികൾ ചെയ്തിരിക്കുന്നതെന്നു നവീനന്മാർ പറയുന്നു. ഈ

അഭിപ്രായങ്ങളെ നമുക്ക് ഇവിടെയൊന്നു കൂലങ്കഷമായി പരിശോധിക്കേണ്ടതുണ്ടു്.

രാമായണം ഭാരതം ഭാഗവതം വാസിഷ്ഠം മുതലായവയാണു നമ്മുടെ ആദിമഹാകാവ്യങ്ങൾ. അനന്തരം ഉണ്ടായിട്ടുള്ള ശാസ്ത്രങ്ങൾക്കും കാവ്യങ്ങൾക്കും ആദർശങ്ങളേയും മാർഗ്ഗങ്ങളേയും സൃഷ്ടിച്ചുകൊടുത്തതു് ഇവയാകുന്നു. ഒരു മഹാകാവ്യത്തിന് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എല്ലാം ഇവയിൽ മാത്രമേ തികഞ്ഞുകാണുന്നുള്ളു. ഈ പൂർവ്വസാഹിത്യങ്ങൾ നോക്കി അവയുടെ ധർമ്മങ്ങളേയും സ്വഭാവങ്ങളേയും ഗ്രഹിച്ചു വേണ്ട സംസ്കാരത്തോടുകൂടിയാണ് അനന്തരകാലത്തിൽ ആചാര്യന്മാർ ശാസ്ത്രങ്ങളെ രചിച്ചിട്ടുള്ളതു്. ദണ്ഡി വാമനൻ മമ്മടൻ മുതലായ ആചാര്യന്മാരോ, മാഘൻ മങ്ഖകൻ ഹർഷൻ മുതലായ കവികളോ ശാസ്ത്രങ്ങളേയും കാവ്യങ്ങളേയും രചിച്ചിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളവും സ്വാതന്ത്ര്യത്തോടുകൂടി പറയത്തക്ക അപരാധം ഒന്നും ചെയ്തിട്ടില്ല. നവീനമതപ്രകാരം മഹാകാവ്യപ്രസ്ഥാനം ദുഷ്ടവും ത്യാജ്യവും ആയ ഒന്നാണെങ്കിൽ ഈ വിഷയത്തിൽ വാല്മീകിവ്യാസന്മാർതന്നെ പ്രഥമാപരാധികൾ.

ആദിമഹാകാവ്യങ്ങളെ പുരസ്കരിച്ചുകൊണ്ടു മാഘാദികാവ്യസമുദായത്തെ ഒന്നു പരിശോധിച്ചുനോക്കാം. വാസ്തവത്തിൽ പേരിനുമാത്രം വർണ്ണ്യവിഷയങ്ങളെ സ്പർശിക്കുകയേ മാഘാദികൾ ചെയ്തിട്ടുള്ളു. ഈ സ്പർശനം അത്യന്തം ലഘുവാകുന്നു. അതായതു് ഒരു മഹാകാവ്യത്തിന്റെ സ്ഥിതിയ്ക്കു വേണ്ടിടത്തോളവും പുഷ്ടം ആയിട്ടില്ലെന്നു അർത്ഥം. സാമാന്യം ദൈർഘ്യത്തോടുകൂടിയ നൂറിലധികം സർഗ്ഗങ്ങളുള്ള ഒരു വൻപിച്ച കാണ്ഡംകൊണ്ടും, അസംഖ്യം അദ്ധ്യായങ്ങളടങ്ങിയ പല പർവ്വങ്ങളെക്കൊണ്ടും ആണു വാല്മീകിയും വ്യാസനും (രാമായണം-ഭാരതം) യുദ്ധത്തെ വർണ്ണിച്ചിരിക്കുന്നതു്. രഘുവംശം മാഘം കിരാതാർജ്ജുനീയം ശ്രീകണ്ഠചരിതം എന്നീ കാവ്യങ്ങളിൽ ഏതാനും ചില സർഗ്ഗങ്ങളേയോ അംശങ്ങളേയോ കൊണ്ടു യു

ഭാവവർണ്ണനം നിർവ്വഹിച്ചിരിക്കുന്നു. ഒരു സർഗ്ഗം തികച്ചു ഋതുവർണ്ണനത്തിനു കാളിദാസർ ഉപയോഗിച്ചിട്ടില്ല. ശരത്തു വർഷ മുതലായ ഋതുക്കൾ ഐശ്വര്യം കൂടിയ സർഗ്ഗങ്ങൾകൊണ്ടു രാമായണത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. വർണ്ണനാവൈശദ്യദോഷം കല്പിക്കപ്പെട്ടിരിക്കുന്ന മാഘത്തിലോ? ഋതുക്കളുടെ വർണ്ണനം എല്ലാം ഒരു സർഗ്ഗംകൊണ്ടു കഴിച്ചുകൂട്ടി. ശരാശരി വീതിക്കുന്നതായാൽ ഓരോ ഋതുവിനും പത്തു ശ്ലോകങ്ങൾവീതം കിട്ടുമോ എന്നു സംശയം. ഭാരവിയും, കൂടാതെ കഴിയുകയില്ലല്ലോ എന്നു വിചാരിച്ചിട്ടെന്നപോലെ, ചില ഋതുക്കളെ ഒന്നിനു മാത്രം വർണ്ണിച്ചിട്ടേയുള്ളു. കാളിദാസരുടെ നില ഇതിലും പരുങ്ങലാണ്. പത്തോ പന്ത്രണ്ടോ പദ്യങ്ങൾകൊണ്ടു ഗ്രീഷ്മത്തിനേയും കഴിച്ച് ഒരു സർഗ്ഗത്തിന്റെ മുക്കാൽഭാഗം കൊണ്ടു വസന്തത്തെയും വർണ്ണിച്ചു കാളിദാസർ കൃതാർത്ഥനായി. മങ്ഖകൻ മാഘനോടു വർണ്ണനയിൽ ഒട്ടടുത്തുനില്ക്കും, ചില സന്ദർഭങ്ങളിൽ മാഘനേക്കാൾ അല്പംകൂടി മുൻപോട്ടു പോകുന്നുമുണ്ട്. രത്നാകരന്റെ നില മങ്ഖകന്റേതുതന്നെ. നീലകണ്ഠദീക്ഷിതർ അധികവും കാളിദാസരെ അനുകരിക്കുന്നു. മാഘമങ്ഖകാദികളുടെ വർണ്ണനകളേക്കാൾ പുഷ്ടി കൂടുന്നവയാണു ശ്രീഹർഷന്റേവ. നഗരം ശൈലം വനം കുമാരോദയം വിവാഹം മുതലായവയെക്കുറിച്ച് എല്ലാം വാല്മീകി രാമായണത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഒരു സർഗ്ഗമെങ്കിലും ഒരു വിഷയത്തെക്കുറിച്ചു വർണ്ണിക്കുന്നതിന് ഉപയോഗിച്ചിരിക്കും. ഇതാണു രാമായണാദികളുടെ നില. വാല്മീകിരാമായണത്തിൽ അയോദ്ധ്യ ദണ്ഡക മുതലായവയെ വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങൾ നോക്കുക. ധർമ്മോപദേശത്തെ സംബന്ധിച്ചാണെങ്കിൽ ആദിമഹാകാവ്യങ്ങൾ പരിപൂർണ്ണതയെ പ്രാപിച്ചവയാണ്. അവയിൽ പറയപ്പെടാതെ ഒരു ധർമ്മവും കാണുകയില്ല. ഏതെങ്കിലും ഒരു ധർമ്മത്തെക്കുറിച്ച് ഉപദേശിക്കുന്നതിനു പല സർഗ്ഗങ്ങൾ ഉപയോഗിക്കപ്പെട്ടിരിക്കും. 'കച്ചിൽ'പദംകൊണ്ട് ആരംഭിക്കുന്ന പദ്യങ്ങളോടുകൂടിയ ഒരു സർഗ്ഗം രാമായണത്തിൽ ഉ

ണ്ടു്. ഈപ്രകാരമുള്ള അദ്ധ്യായങ്ങൾ ഭാരതത്തിലും കാണാം. ആഗതരോടു സാധാരണയായി കുശലപ്രശ്നം ചെയ്യുന്നതു മാത്രമാണു് ഈ ഭാഗം. എന്നാൽ ഔചിത്യം അനുസരിച്ചു പല ധർമ്മങ്ങളുടേയും രഹസ്യങ്ങൾ അവയിൽ അടക്കിയിരിക്കുന്നു. നിസ്സാരകാര്യങ്ങളിൽക്കൂടി ആദികവികളുടെ ധർമ്മോപദേശനിർബ്ബന്ധം ഇപ്രകാരമുള്ളതാണു്. ഈ സ്ഥിതിയിൽ പ്രൌഢധർമ്മങ്ങളെ ഉപദേശിക്കേണ്ട സന്ദർഭങ്ങൾ വരുമ്പോൾ അവയെ അവർ എങ്ങിനെ ആദരിക്കുമെന്നു പറയേണ്ടതില്ലല്ലോ. പേരിനു മാത്രം എങ്ങിനെയെങ്കിലും വർണ്ണനം കഴിച്ചുകൂട്ടുക എന്ന ദരിദ്രന്മാരുടേയോ പിശുക്കന്മാരുടേയോ സ്വഭാവം ആദികവികൾക്കു തീരെ പരിചിതമില്ലാത്ത ഒന്നാണു്. അലങ്കാരങ്ങളുടെ അതിധാരാളത്വം ആദികാവ്യങ്ങളിൽ എന്നപോലെ മറ്റുള്ളവയിൽ കാണുകയില്ല. ഉപമ രൂപകം എന്നീ അലങ്കാരങ്ങളുടെ ഒരു വലിയ സങ്കേതഭൂമിയാണു രാമായണവും വാസിഷ്ഠവും. സാമാന്യേന ഒരു പദ്യത്തിൽ ഒരു ഉപമവീതം വാസിഷ്ഠത്തിൽ ഉണ്ടു്. രൂപകപ്രവാഹത്തിനും കുറവില്ല. വൈരാഗ്യപ്രകരണത്തിൽ കാണിച്ചിരിക്കുന്ന രൂപകപ്രതാപം പ്രത്യേകം വക്തവ്യമാകുന്നു. മാഘാദികൾ ചിത്രസർഗ്ഗത്തിൽ ചെയ്തിട്ടുള്ളതുപോലെ അല്ലെങ്കിലും മറ്റൊരു നിലയിൽ ശബ്ദത്തിനും അർത്ഥത്തിനും വൈചിത്ര്യം രാമായണത്തിൽ ഉണ്ടു്. മാഘാദികൾക്കു വൈചിത്ര്യമാർഗ്ഗം കാണിച്ചുകൊടുത്തതു രാമായണമാണെന്നുള്ളതു് എടുത്തുപറയേണ്ടതായ ഒരു വാസ്തവമാകുന്നു. വക്രോക്തിവിലാസവും രാമായണത്തിന്റെ ജീവൻ തന്നെ. മുൻപൊരു സന്ദർഭത്തിൽ ഉദ്ധരിച്ച ഗോവർദ്ധനാചാര്യരുടെ പദ്യത്തിൽ, വാല്മീകി, ശക്രായുധംപോലെ വക്രതയും വിചിത്രവർണ്ണസ്ഫുരണവും ഘനാലങ്കാരശോഭയും ഉള്ള ഒരു കവിയാണെന്നു പറഞ്ഞിരിക്കുന്നതു യഥാർത്ഥം ഗ്രഹിച്ചിട്ടുതന്നെയാകുന്നു.

മാഘാദികൾ ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും കാണിച്ചിരിക്കുന്ന വൈചിത്ര്യങ്ങൾ കൃത്രിമങ്ങളാണെന്നു നവീന

ന്മാർ ആക്ഷേപവിധേയന്മാരാകുന്നുണ്ട്. ഈ വിഷയത്തിലും വാല്മീകിതന്നെയാണു മാഘാദികൾക്കു മാർഗ്ഗദർശി.

സാ വിഹ്വലാശോകലതാപ്രതാനാ
വനസ്ഥലീ ശോകലതാപ്രതാനാ
ജാതാ ദശാസ്യപ്രമദാവനസ്യ
കപേർബ്ബലാദ്ധി പ്രമദാവനസ്യ

എന്ന രാമായണപദ്യവും,

ഛായാം നിജസ്ത്രീചടുലാലസാനാം
മദേന കിഞ്ചിച്ചടുലാലസാനാം
കുർവ്വാണമുല്പിഞ്ജലജാതപത്രൈ-
ർവ്വിഹംഗമാനാം ജലജാതപത്രൈഃ

എന്ന മാഘപദ്യവും നോക്കുക. ചിത്രവിഷയത്തിൽ പൂർവ്വന്മാരേക്കാൾ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് ആ പ്രസ്ഥാനത്തിന് അധികം വിശാലത വരുത്തിയെന്നുള്ളതു മാത്രമാകുന്നു മാഘാദികളുടെ തെറ്റ്.

തതസ്സ മദ്ധ്യംഗതമംശുമന്തം
ജ്യോത്സ്നാവിതാനം മഹദുദ്വമന്തം
ദദർശ ധീമാൻ ദിവി ഭാനുമന്തം
ഗോഷ്ഠേ വൃഷം മത്തമിവ ഭ്രമന്തം
ലോകസ്യ പാപാനി വിനാശയന്തം
മഹോദധിം ചാപി സമേധയന്തം
ഭൂതാനി സർവ്വാണി വിരാജയന്തം
ദദർശ ശീതാംശുമഥാഭിയാന്തം

ഇത്യാദി ശബ്ദസൌന്ദര്യവിലാസത്തോടുകൂടിയ പല പദ്യങ്ങളും, ആദികവിയുടെ മുഖത്തിൽനിന്നു നിർഗ്ഗളിച്ചിട്ടുള്ളവയാണ്. കാവ്യങ്ങളിൽ ശബ്ദചിത്രത്തിന്റെ സ്ഥാനം ഉയർന്നതല്ലെങ്കിലും അതു പരിത്യാജ്യമാണെന്നു വരുന്നില്ല. ഈ തത്ത്വമാണ് നമ്മെ പൂർവ്വകവികൾ പഠിപ്പിക്കുന്നത്. പത്തോ ഇരുപതോ സർഗ്ഗങ്ങളുള്ള ഒരു കാവ്യത്തിൽ ഒരു സർഗ്ഗം മാത്രമേ സാധാരണ ചിത്രത്തിന് ഉപയോഗിക്കപ്പെടുന്നുള്ളൂ. ചിത്രത്തിൽ ഓരോ ഇനത്തിലും ഉള്ള പദ്യം ഒന്നോ രണ്ടോ അല്ലാതെ അതിലധികം ഉണ്ടായിരിക്കയില്ല. ഈ നിലയിലും ആ

തിനോടു ദുസ്സഹമായ വൈരസ്യം തോന്നുന്നവൎക്കു് ഇതരഭാഗങ്ങൾകൊണ്ടു തൃപ്തിപ്പെടാവുന്നതാണല്ലോ.

ശ്ലേഷാദ്യലങ്കാരസമ്പൎക്കംകൊണ്ടു മാഘാദികവിതാമാൎഗ്ഗം കൃത്രിമമാകുന്നു എന്നാണു മറെറാരു ആക്ഷേപം. ശ്ലേഷം അത്യുക്തി വിരോധാഭാസം പ്രൌഢോക്തി മുതലായവ മാഘമങ്ഖകാദികൾ അധികം പ്രയോഗിച്ചിട്ടുള്ള അലങ്കാരങ്ങൾതന്നെയാണു്. എന്നാൽ ഇവയുടെ സ്പൎശംകൊണ്ടു കവിത കൃത്രിമമാകുന്നതു് എങ്ങിനെയെന്നു് അറിയുന്നില്ല. ശ്ലേഷാശ്ലേഷസുന്ദരങ്ങളായ പല പദ്യങ്ങളും രാമായണത്തിൽ ഉണ്ടു്.

ചഞ്ചച്ചന്ദ്രകരസ്പൎശഹൎഷോന്മീലിതതാരകാ
അഹോ രാഗവതി സന്ധ്യാ ജഹാതി സ്വയമംബരം

(വാ-രാമായണം.)

കരാദിനാനാൎത്ഥയുക്തങ്ങളായ പദങ്ങളുടെ പ്രയോഗംകൊണ്ടാണു് ഈ പദ്യത്തിനു് ഇത്രമാത്രം ഹൃദ്യത കിട്ടിയതു്. ചന്ദ്രനും നക്ഷത്രങ്ങളും തെളിഞ്ഞു; ചുവപ്പുനിറത്തോടുകൂടിയ സന്ധ്യാകാലം കഴിയാറായി; ഇത്രമാത്രമേ ഇവിടെ സാമാന്യേന സംഗതമായ അൎത്ഥമുള്ളു. അനുരാഗശാലിനിയായ ഒരു നായികയ്ക്കു് പ്രിയജനസമാഗമത്തിൽ ഉണ്ടാകുന്ന അവസ്ഥാവിശേഷം ഇവിടെ പ്രതീയമാനമാകുന്നതു നാനാൎത്ഥപദപ്രയോഗസാമൎത്ഥ്യംകൊണ്ടാകുന്നു. ഇങ്ങനെ കവി നാനാൎത്ഥപദങ്ങളെ പ്രയോഗിച്ചതുകൊണ്ടു കവിതയ്ക്കു് അധികം മെച്ചം കിട്ടിയിട്ടുണ്ടെന്നാണു പറയേണ്ടതു്. ഈ മാൎഗ്ഗത്തെത്തന്നെ മാഘാദികളും ആദരിച്ചിരിക്കുന്നു.

അനുരാഗവന്തമപി ലോചനയോ-
ൎദ്ദധതം വപുസ്സുഖമതാപകരം
നിരകാസയദ്രവിമപേതവസും
വിയദാലയാദപരദിഗ്ഗണികാ

(മാഘം)

രാഗതാപാദിപദങ്ങളുടെ നാനാൎത്ഥങ്ങളിലാണു് ഈ പദ്യസൌന്ദൎയ്യത്തിന്റെ ജീവൻ ഇരിക്കുന്നതു്. എല്ലാ ഗുണമുണ്ടെ

ങ്കിലും പണമില്ലെങ്കിൽ കാമുകന്മാരെ ഗണികകൾ പുറത്തു തള്ളിക്കളയുന്നുവെന്നുള്ള ലോകസ്വഭാവം ഇവിടെ കവി ഉപദേശിച്ചിരിക്കുന്നു. അനുരാഗസൌന്ദൎയ്യാദിഗുണങ്ങളോടുകൂടിയവനാണെങ്കിലും വസു (ധനം-ശോഭ) ശൂന്യനായതുകൊണ്ടു് ആദിത്യനെ പശ്ചിമദിക്കാകുന്ന ഗണിക ആകാശമാകുന്ന സ്വഗൃഹത്തിൽനിന്നു നിഷ്കാസനംചെയ്തു. സൂൎയ്യബിംബം ചുവന്നു; ചൂടു കുറഞ്ഞു കാണവൎക്കു സുഖം കൊടുക്കുന്ന ഒന്നായി ആദിത്യന്റെ ബിംബം; ക്രമേണ പ്രകാശം കുറഞ്ഞു സൂൎയ്യൻ ആകാശത്തെ വിട്ടു; ഇത്രമാത്രം പ്രകൃതാൎത്ഥം. ഇവിടെ കവിയുടെ കല്പനാചാതുൎയ്യത്തിന് എത്ര സഹൃദയനാണു നമസ്കരിക്കാത്തതു്? കാളിദാസനെപ്പോലെതന്നെയല്ലെങ്കിലും മറെറാരു നിലയിൽ മാഘാദികളും വാല്മീകിയുടെ സാഹിത്യപഥത്തെ ആദരിക്കുന്നവരാകുന്നു. ചില വിഷയങ്ങളിൽ, ശൃജനാപധാനഗമനത്തെ സംബന്ധിച്ചിടത്തോളവും കാളിദാസനെക്കാൾ മാഘാദികൾക്കു് അധികം മുൻപോട്ടു പോകുവാൻ കഴിഞ്ഞിട്ടുണ്ടു്; വേറെ ചില വിഷയങ്ങളിൽ കാളിദാസനായിരിക്കും ഈ മെച്ചം. ഇതാണു കാളിദാസനും മാഘാദികൾക്കും ഉള്ള വ്യത്യാസം.

മാഘാദികാവ്യങ്ങളിൽ കാണുന്ന ശ്ലേഷോജ്ജ്വലത്വം അനാവശ്യമോ കൃത്രിമമോ എന്നു പറയുന്നതിനു സ്വന്തം രുചിയും പരിചയവും മാത്രമേ നവീനന്മാൎക്കു പ്രമാണങ്ങളായി കാണുകയുള്ളൂ. ഔചിത്യവും ആവശ്യവും അനുസരിച്ചു് അത്യന്തം ശ്ലാഘനീയമായവിധം ശ്ലേഷപ്രയോഗസാമൎത്ഥ്യം കാണിച്ചിട്ടുള്ളവരാണു ശ്രീഹൎഷൻ മാഘൻ മുതലായ കവികൾ എന്നു സഹൃദയന്മാർ തല കുലുക്കി സമ്മതിക്കണം. നൈഷധീയചരിതത്തിൽ കൃത്രിമമായി നളവേഷം കെട്ടിയ ഇന്ദ്രാദിദിക്പാലന്മാരെയും സാക്ഷാൽ നളനെയും വൎണ്ണിക്കുന്ന ഭാഗം ഉദാഹരിക്കപ്പെടാം. ഇവിടെ ഇന്ദ്രാദികളെയും നളനെയും ഒരേ പദ്യങ്ങൾകൊണ്ടു വൎണ്ണിച്ചിരിക്കുന്നു. വളരെ ഔചിത്യപൂ

ബുദ്ധിയും സാമൎത്ഥ്യവും ഉള്ള ഒരു മഹാകവിക്കല്ലാതെ ഇപ്രകാരമുള്ള ഒരു സന്ദൎഭത്തെ ഇങ്ങിനെ വൎണ്ണിച്ചുഫലിപ്പിക്കുവാൻ കഴിയുകയില്ല. ഒരു പദ്യത്തിൽ ഇന്ദ്രാദികളേയും നളനേയും സംബന്ധിക്കുന്നതായി അഞ്ചു അൎത്ഥം ഉണ്ട്. അസാധാരണമായ കവിയുടെ ഔചിത്യശുദ്ധിക്കും കല്പനാപ്രൌഢിക്കും ഈ ഭാഗം പരമമായ ഉദാഹരണമാണ്. ഇന്ദ്രനേയും നളനേയും വൎണ്ണിക്കുന്ന ഒരു പദ്യം താഴെ ഉദ്ധരിക്കാം. രചനയെത്രമാത്രം അക്ലിഷ്ടവും പ്രൌഢവും ആയിരിക്കുന്നു എന്നു നോക്കുക.

ബ്രൂമഃ കിമസ്യ വരവൎണ്ണിനി വീരസേനോദ്-
ഭൂതിം മദിഷ്ടബലവിജിതപരപൌരുഷസ്യ
സേനാചരീഭവദിഭാനനദാനവാരി-
വാഹസ്യ യസ്യ ജനിതാ സുരഭീ രണശ്രീഃ

ഇവിടെ ആദ്യമായി നളപക്ഷത്തിലെ അൎത്ഥം വിചാരിക്കാം: ഹേ! സുന്ദരിയായ ദമയന്തി! ഇവൻ വീരസേനപുത്രനും പ്രതാപശാലിയും ആയ നളനാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. യുദ്ധഭൂമിയിൽ ആനകളുടെ മുഖത്തുനിന്നു നിൎഗ്ഗളിക്കുന്ന മദജലധാരകൊണ്ട് ഇവൻെറ രണലക്ഷ്മി സൌരഭ്യത്തോടുകൂടിയതാകുന്നു. ഇവിടെ വീരസേനപദപ്രയോഗംകൊണ്ടു 'നളൻ' എന്ന അൎത്ഥം സ്പഷ്ടമാക്കി. ഇനി ഇന്ദ്രപക്ഷത്തിലെ അൎത്ഥം നോക്കാം. വലാസുരനെ ജയിച്ച പൌരുഷത്തോടുകൂടിയവനും വീരസേന (വീരയായ സേന)യുള്ളവനുമായ ഇവൻ ഇന്ദ്രനാണെന്നു സ്പഷ്ടമാകുന്നു. ഇവൻെറ രണാങ്കണത്തിൽ വിഘ്നേശപാദനും വിഷ്ണുവും അധിവസിക്കുന്നു. അതുകൊണ്ട് അസുരന്മാൎക്ക് ഇവൻെറ രണശ്രീയെ വലിയ ഭയമാണ്. 'വല' 'അസുര' എന്നീ പദങ്ങളുടെ പ്രയോഗം ഇന്ദ്രനാണെന്നുള്ള അൎത്ഥത്തെ ക്ലേശമില്ലാതെ പ്രകാശിപ്പിക്കുന്നു. ഈ വൎണ്ണനം കേട്ടാൽ ഇന്ദ്രനെ തന്നെക്കുറിച്ചാണെന്നു തോന്നും; നളനും അങ്ങിനെതന്നെ. പ്രകൃതത്തിൽ ഇപ്രകാരം ഉള്ള വൎണ്ണനം വളരെ ആവശ്യവുമാകുന്നു. മാഘത്തിൽ (കരെ കടവിൽ) ശിശുപാലദൂതൻ ഭഗവാനെ നിന്ദിക്കുന്നതായി ഒരു ഭാഗമു

ണ്ട്. ഈ ഭാഗംകൊണ്ടുതന്നെ ദൂതൻ ഭഗവൽപ്രശംസയും സാധിച്ചിരിക്കുന്നു. മാനിയായ ശിശുപാലൻ ഭഗവാന്റെ യോഗ്യതകളെ ഉള്ളുകൊണ്ട് അറിയുന്നുണ്ട്; എങ്കിലും പുറമേ കാണിക്കാതെ നിന്ദിക്കുകയാണു ചെയ്യുന്നത്. ഈ സ്ഥിതിക്കു ശിശുപാലന്റെ രണ്ടുവിധമുള്ള ഭാവങ്ങളേയും അതുപോലെ പ്രകാശിപ്പിക്കുകയാണു വേണ്ടത്. മുൻപു ശ്രീഹർഷൻ കാണിച്ചതായി പറഞ്ഞിരിക്കുന്ന ഔചിത്യത്തെ ഇവിടെ മാഘൻ രക്ഷിച്ചിരിക്കുന്നു.

വിഹിതാപചിതിർമ്മഹീഭൃതാം
ഭവിഷ്യതാമാഹിതസാധുസഞ്ചരൈഃ
ഭയസന്നഃ പരസ്പരമുച്ചകൈഃ
ക്ഷയതാമേഷ്യപ്രതിക്ഷമാഗതാം

എന്ന പദ്യം നോക്കുക. നിനക്കു ഹാനി വന്നു, നീ, ശത്രുക്കൾ നിമിത്തം ഭയന്നു നാട്ടിൽ നിലയില്ലാതെ പർവ്വതസാനുക്കളിൽ സഞ്ചരിക്കേണ്ടിവരും എന്നാണു നിന്ദാപരമായ അർത്ഥം. നീ രാജപൂജിതനായി ശത്രുക്കൾക്കു ഭീതിയെ കൊടുത്ത് അനുചരന്മാരോടുകൂടി, സകലരാജാക്കന്മാർക്കും നാഥൻ (ചക്രവർത്തി) ആയി ശോഭിക്കുവാൻ സംഗതി വരുമെന്ന സ്തുതിയും ഇതിൽത്തന്നെ അടങ്ങിയിരിക്കുന്നു. 'അപചിതി' 'സാനുചര'ാദി നാനാർത്ഥപദങ്ങളുടെ പ്രയോഗസാമർത്ഥ്യം സഹൃദയന്മാർ പ്രത്യേകം വിചാരിക്കേണ്ടതാണ്. ഈ മാതിരി പദ്യങ്ങളുടെ ആശയഗ്രഹണം, അഭ്യാസത്തിന്റെയും പരിചയത്തിന്റെയും കുറവുനിമിത്തം ചിലർക്കു ക്ലേശകരം ആയി ഭവിച്ചേക്കാം. അതുകൊണ്ട് ഈവിധം ഉള്ള കല്പനം ഹേയമെന്നു വരുന്നതല്ല. പ്രൌഢിയേയും ഔചിത്യത്തേയും സംരക്ഷിക്കുവാൻ ശ്ലേഷാലങ്കാരം ഈ മാതിരി സന്ദർഭങ്ങളിൽ കവിയെ വളരെ സഹായിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. ശ്ലേഷം തൊട്ടുപോയാൽ കവിത കൃത്രിമമായി എന്നു ഘോഷിക്കുന്നവർ കവിധർമ്മത്തിന്റെ നാനാമുഖതയെക്കുറിച്ച് അല്പം ശാന്തവും ഗാഢവും ആയി ആലോചിച്ചാൽ വലിയ ഉപകാരമായിരിക്കും.

മാഘം കിരാതാൎജ്ജുനീയം നൈഷധീയചരിതം ശ്രീകണ്ഠചരിതം മുതലായവ ആദിമഹാകാവ്യങ്ങളെ അപേക്ഷിച്ച് വളരെ താഴ്ന്ന പടിയിൽ നില്ക്കുന്നു എന്നു പറഞ്ഞുവല്ലോ. അതിനു പ്രത്യേകിച്ചു കാരണമുണ്ടു്. വിദ്യാൎത്ഥികളുടെ ഉപയോഗത്തെക്കൂടി തൽകൎത്താക്കന്മാർ സ്മരിച്ചിരിക്കുന്നു. സിദ്ധരൂപം അമരകോശം ശ്രീരാമോദന്തം മുതലായവ പഠിച്ചുകഴിഞ്ഞാൽ പിന്നീടു മാഘം രഘുവംശം നൈഷധീയചരിതം മുതലായവയിൽ വിദ്യാൎത്ഥികൾ കടന്നു വരുന്നു. ഇതു പഴയ രീതിയിൽ സംസ്കൃതം പഠിക്കുന്നവരുടെ ഒരു പതിവാണെന്നു് ഇന്നും കാണുവാൻ കഴിയും. 'ബാലഭാരതം' മുതലായ പേരുകൾ ബാലന്മാൎക്കുവേണ്ടി ഉണ്ടാക്കിയതു് എന്ന അൎത്ഥത്തെ സ്പഷ്ടമാക്കുന്നു. വിദ്യാൎത്ഥിദശയെ അതിക്രമിച്ചു പണ്ഡിതസ്ഥാനത്തെ പ്രാപിച്ചാലും പിന്നെയും ജനങ്ങൾ ഇവയെ ആദരിക്കുന്നതു് ഇവയുടെ ഗുണോൽകൎഷതകൊണ്ടാകുന്നു. പഠിക്കുന്ന കുട്ടികൾക്കു ചിത്രങ്ങളോടു വലിയ ഇഷ്ടം ഉണ്ടായിരിക്കും. ഇന്നും പള്ളിക്കൂടങ്ങളിൽ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങളിൽ പലവക ചിത്രങ്ങൾ ചേൎക്കുന്നുണ്ടല്ലോ. ബാലഹൃദയത്തെ ആകൎഷിക്കുന്നതിനാണു് ഇപ്രകാരം ചെയ്യുന്നതു്. പൂൎവ്വകവികൾ കാവ്യങ്ങളിൽ ചിത്രം ചേൎത്തിരിക്കുന്നതു് ഈ രഹസ്യം മനസ്സിലാക്കിത്തന്നെയാണു്. ചിത്രത്തിന്റെ സ്വഭാവം ഒന്നു മാറുമെന്നേ വ്യത്യാസമുള്ളു. ഉയൎന്ന നിലയിൽ എത്തിയവർ, തങ്ങൾക്കാവശ്യമില്ലെന്നു വിചാരിച്ചു് ഈ ചിത്രപ്രസ്ഥാനത്തെ അധിക്ഷേപിക്കുന്നതു യുക്തമല്ല. മാഘം രഘുവംശം മുതലായ കാവ്യങ്ങൾ, അവ പഠിക്കുന്നവരുടെ ബുദ്ധിബലത്തെക്കൂടി നോക്കി തദനുസരണം രചിക്കപ്പെട്ടിട്ടുള്ളവയാകയാലാണു്, ആദിമഹാകാവ്യങ്ങളിലെപ്പോലെ വൎണ്ണനാരീതിപൌഷ്കല്യം അവയിൽ കാണാത്തതു്. ഈ കാവ്യങ്ങളെ പഠിക്കാതെ ഒരു വിദ്യാൎത്ഥിക്കും വ്യുൽപത്തി ലഭിക്കുന്നതല്ല. ആരുടേയും പ്രത്യേകിച്ചു് ഒരു ശാസനയുംകൂടാതെ എത്രയോ അധികം കാലമായി

ഈ കാവ്യങ്ങളെ ഗുരുക്കന്മാർ പഠിപ്പിച്ചും ശിഷ്യന്മാർ പഠിച്ചും വരുന്നു എന്ന ഏകസംഗതിതന്നെ അവയോടു സഹൃദയന്മാൎക്കുള്ള ആദരാധിക്യത്തെയല്ലയോ വെളിവാക്കുന്നത്?

വൎണ്ണനങ്ങൾ നിറഞ്ഞുതടിച്ച കാവ്യശരീരം വ്യഥാസ്ഥൂലവും കൃത്രിമവും ആയി എന്ന് ഈ ചെറിയതരം കാവ്യാവലികളെക്കുറിച്ചു നാം കുററംപറഞ്ഞു അവയെ ത്യജിക്കുകയാണെങ്കിൽ ആദിമഹാകാവ്യസമുദായസമുദ്രത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നിലയെന്തായിരിക്കും? വാസ്തവത്തിൽ ഈ മഹാസമുദ്രത്തിൽ വിഹരിക്കുന്നതിനു നമ്മെ സന്നദ്ധന്മാരാക്കുന്ന ചെറിയ കാവ്യങ്ങളാണു് ഇന്നു നാം മഹാകാവ്യങ്ങളായി വ്യവഹരിക്കപ്പെട്ടുവരുന്ന മാഘാദികൾ. ഇവയുടെ ആക്ഷേപംകൊണ്ടു നാം സാധിക്കുന്ന കാൎയ്യം നമ്മുടെ സംസ്കാരലാഘവത്തിന്റെ ശോചനീയമായ പ്രകാശനമാകുന്നു.

മഹാകാവ്യങ്ങളുടെ സ്ഥാനത്തു ലഘുകാവ്യങ്ങളെ പ്രതിഷ്ഠിക്കണമെന്നാണു ചിലരുടെ അഭിപ്രായം. ഏതു ഭാഷയുടേയും പ്രൗഢിക്കും പോഷണത്തിനും മഹാകാവ്യങ്ങൾതന്നെയാണു് ആവശ്യം. ലഘുകാവ്യങ്ങൾ വേണ്ടുവതന്നെ; എന്നാൽ മഹാകാവ്യങ്ങളെക്കൊണ്ടല്ലാതെ ഒരു സാഹിത്യത്തിനും ശോഭനമായ പുഷ്ടി ഉണ്ടാകുന്നതല്ല. സംസ്കൃതത്തിന്റെ സ്ഥിതിയെക്കുറിച്ചുതന്നെ വിചാരിക്കാം. അസംഖ്യം പുരാണങ്ങൾ ഇതിഹാസങ്ങൾ ഉപപുരാണങ്ങൾ മഹാകാവ്യങ്ങൾ മുതലായവയെക്കൊണ്ടാണു് ആ സാഹിത്യം സൎവ്വാദരണീയമായ മാഹാത്മ്യത്തെ സമ്പാദിച്ചിരിക്കുന്നത്. മഹാകാവ്യങ്ങൾ ഉള്ള ഒരു സാഹിത്യത്തിൽ ലഘുകൃതികൾ ഭൂഷണങ്ങളാകുന്നു. ഒരു ലഘുകൃതി ഏററവും വിശിഷ്ടമായി എന്നോ തൽകൎത്താവിനു അപ്രചലപ്രതിഷ്ഠ കിട്ടിയെന്നോ വരാം. എന്നാലും മഹാകാവ്യത്തിന്റെ സ്ഥാനം ആ കൃതിക്കു ലഭിക്കുന്നതല്ല. മഹാകാവ്യങ്ങളെ വിട്ടു ലഘുകാവ്യങ്ങളെക്കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്ന നില ഒരു സമുദായത്തിനു നേരിട്ടാൽ, അതിന്റെ സാ

ഹിത്യസംസ്കാരം അത്യന്തം ലഘുതയെ പ്രാപിച്ചിരിക്കുന്നു എന്നു കരുതാവുന്നതാണ്. ഈ സന്ദർഭത്തിൽ ജനങ്ങളുടെ സാഹിത്യവ്യവസായത്തെ ക്രമേണ ഉയർത്തി, അവരെ മഹാകാവ്യപരിശീലനത്തിന് അർഹന്മാരാക്കുകയാണ് അഭിജ്ഞന്മാർ ചെയ്യേണ്ടതു്. മഹാകാവ്യങ്ങളുടെ അഭാവം ഒരു ഭാഷക്കു ദുസ്സഹമായ അപകർഷം തന്നെയാണ്. ലഘുകൃതിസമ്പാദനംകൊണ്ടു ഈ ന്യൂനത പരിഹരിക്കപ്പെടാവുന്നതല്ല.

ഏതുവിധം വിചാരിച്ചാലും മഹാകാവ്യസമുദായത്തിന്റെ ശിരസ്സിൽ നവീനന്മാർ കെട്ടിവെച്ചിരിക്കുന്ന അപരാധങ്ങൾ നിലനില്ക്കുന്നവയല്ലെന്നു തെളിയും. പ്രൗഢമായ പാണ്ഡിത്യവും വാസനയും പരിശ്രമവും തികഞ്ഞിട്ടുള്ള കവികൾ മഹാകാവ്യങ്ങളുടെ രചനക്കുതന്നെയാണ് ഉദ്യമിക്കേണ്ടതു്. ലഘുകാവ്യങ്ങൾ ലഘുക്കളുടെ കാവ്യങ്ങളാകുന്നു. വാസനയും വൈദഗ്ദ്ധ്യവും ശ്രമവും മററും ലഘുദശയെ അതിക്രമിക്കാത്ത നിലയിൽ സ്ഥിതിചെയ്യുന്ന ഒരു തരക്കാർ ലഘുകാവ്യങ്ങളുടെ കാര്യത്തിൽ പ്രത്യേകം ദൃഷ്ടി വയ്ക്കുന്നവരായിരിക്കും. അതിനാൽ ലഘുകാവ്യങ്ങളുടെ അഭാവം ഭാഷയെ ബാധിക്കുന്നതല്ല. മഹാകവികൾ തങ്ങളുടെ വിസ്തൃതമായ പാണ്ഡിത്യത്തെയും പരിശ്രമത്തെയും ലഘുകാവ്യമാർഗ്ഗത്തിൽ സമർപ്പിക്കുന്നതു് ഒരു വലിയ അപരാധമാകുന്നു.

നക്ഷത്രതാരാഗ്രഹസങ്കുലാപി
ജ്യോതിഷ്മതീ ചന്ദ്രമസൈവ രാത്രിഃ

എന്നുള്ള കാളിദാസകവിവാക്യത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഈ സന്ദർഭത്തിൽ ഭാഷാപ്രണയികളും വിശേഷിച്ചു മഹാകവികളും ഓർമ്മിക്കുന്നതു് അനുഗ്രഹമായിരിക്കും. ലഘുകാവ്യസഹസ്രങ്ങളാകുന്ന 'നക്ഷത്രതാരാഗ്രഹ'ങ്ങൾ എത്രമാത്രം തെളിഞ്ഞുദിച്ചു പരിലസിച്ചാലും മഹാകാവ്യസമുദായമാകുന്ന ചന്ദ്രമസ്സിനെക്കൊണ്ടല്ലാതെ ഭാഷാരജനി ജ്യോതിഷ്മതിയായി ഭവിക്കുന്നതല്ല.

ഖണ്ഡകാവ്യങ്ങളുടെ നിലയിൽനിന്നു് ഉയൎന്നിട്ടുള്ളവയും മഹാകാവ്യത്തിന്റെ സ്ഥാനത്തു് എത്തിയിട്ടില്ലാത്തവയും ആയി ഒരുതരം കാവ്യങ്ങൾ ഉണ്ടു്. ഇവയിൽ മഹാകാവ്യങ്ങൾക്കുള്ള ഗുണങ്ങൾതന്നെ അല്പം താഴ്ന്നനിലയിൽ കാണാവുന്നതാണു്. ഈ ഇനത്തിൽ ഉള്ള രണ്ടു സൽകാവ്യങ്ങളാണു വിജയോദയവും സാവിത്രിയും. ശശാംഗചരിതത്തിന്റെയും പാണ്ഡവോദയത്തിന്റെയും സഹോദരങ്ങളാണു് ഈ കൃതികൾ. പ്രൌഢകല്പനാസുരഭിലമായ മലയാംകൊല്ലം കൊച്ചുണ്ണിത്തമ്പുരാന്റെ മറെറാരു വിശിഷ്ടകാവ്യമാകുന്നു. ചിങ്ങം തുടങ്ങിയുള്ള എല്ലാ മലയാളമാസങ്ങളേയുംകുറിച്ചു് ഈ കാവ്യത്തിൽ വൎണ്ണിച്ചിരിക്കുന്നു. ഓരോ മാസത്തിലും കേരളീയൎക്കുള്ള വിശേഷങ്ങൾ കവിയുടെ ദൃഷ്ടിയിൽ സമുചിതമായി പതിഞ്ഞിട്ടുണ്ടു്. പ്രൌഢമായ അൎത്ഥാലങ്കാരകല്പന ഈ കാവ്യത്തിന്റെ പ്രത്യേകഗുണമാകുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ 'കേരള'ത്തിലെ ഇതിവൃത്തം കേരളചരിത്രമാണു്. പ്രസിദ്ധനായ കെ. എം. ഈ കാവ്യത്തെക്കുറിച്ചു ഇപ്രകാരം പറയുന്നു. "ദിവസേന നശിച്ചുപോയിക്കൊണ്ടിരിക്കുന്നവയും അപൂൎവ്വം ചില വൃദ്ധന്മാരുടെ ഇടയിൽ മാത്രം ശേഷിച്ചുകിടപ്പുള്ളവയും ഇതരദേശീയന്മാൎക്കു് ഒരുവിധത്തിലും പ്രാപ്യമല്ലാത്തവയും ചരിത്രസാമഗ്രികളുടെ ഇടയിൽ ഒരു പ്രധാനസ്ഥാനം കൊടുക്കത്തക്കവയും ആയ അനേക ഐതിഹ്യങ്ങളെ കിട്ടിയിടത്തോളം ശേഖരിച്ചു് ഒരു കാവ്യരൂപേണ രേഖപ്പെടുത്തിവെക്കുക എന്നു മാത്രമേ ഈ ഗ്രന്ഥകാരൻ അഭിമാനിക്കുന്നുള്ളു." ഈ അഭിപ്രായം കേരളത്തെസ്സംബന്ധിച്ചു യഥാൎത്ഥമാകുന്നു. പ്രാചീനങ്ങളും നവീനങ്ങളും ആയി പല കേരളചരിത്രങ്ങളും നമുക്കു കിട്ടിയിട്ടുണ്ടു്. എന്നാൽ സരസപദ്യരൂപേണ ഭാഷയ്ക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ കേരളചരിത്രം ഈ 'കേരളം' തന്നെയാകുന്നു. ഈ കാവ്യന്റെ അപൂൎണ്ണത സഹൃദയന്മാരായ ചരിത്രപ്രിയന്മാരെ ഖേദിപ്പിക്കുന്ന ഒന്നായിരിക്കുമെന്നതിനു സംശയമില്ല.

പഞ്ചതന്ത്രം സഹൃദയാനന്ദം എന്നു രണ്ടു കാവ്യങ്ങളെ കുറിച്ചുകൂടി ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഇവ സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ളവയാണ്. ശുദ്ധി കൂടിയ ഭാഷയിൽ മൂലത്തിന്റെ ഗുണങ്ങളെ പ്രതിബിംബിപ്പിക്കുന്നതിനു ഈ കൃതികളുടെ കർത്താക്കന്മാർ സാധിച്ചിട്ടുണ്ടെന്നും പറയാം.

ഈ ഇനത്തിൽ പല സംസ്കൃതകാവ്യങ്ങളും ഭാഷപ്പെടുത്തേണ്ടവയായിട്ടുണ്ട്. വിഷ്ണുവിലാസം ഭിക്ഷാടനം നളോദയം ശങ്കരാഭ്യുദയം ഗംഗാവതരണം മുതലായ അസംഖ്യം സംസ്കൃതകാവ്യങ്ങളുടെ ഭാഷാന്തരം ലഭിക്കേണ്ടതു് അത്യാവശ്യമാകുന്നു. രാമപാണിവാദൻ ഉൽപ്രേക്ഷാവല്ലഭൻ വാമനൻ രാജചൂഡാമണിദീക്ഷിതർ നീലകണ്ഠദീക്ഷിതർ മുതലായ മഹാകവികളുടെ സാരസ്വതവിലാസത്തിന്റെ പരിണതഫലങ്ങളായ ഈ വക കാവ്യങ്ങളുടെ ഭാഷാന്തരങ്ങൾ നമ്മുടെ കാവ്യഭണ്ഡാഗാരത്തിന്റെ വിലയേയും വിശാലതയേയും വർദ്ധിപ്പിക്കുമെന്നതിനു സംശയമില്ല. നമ്മുടെ ചക്രകവിയുടെ കാവ്യങ്ങൾക്കു എല്ലാം ഭാഷാന്തരം ലഭിക്കണം. ദശാവതാരചരിതം ഭരതചരിതം പതഞ്ജലിചരിതം കമ്പരായചരിതം എന്നീ സംസ്കൃതകാവ്യങ്ങളുടെ പേരുകളും ഇവിടെ സ്മരിക്കേണ്ടവയാകുന്നു. ക്ഷേമേന്ദ്രൻ രാമഭദ്രദീക്ഷിതർ മുതലായവരുടെ വാഗ്വിലാസം സംസ്കൃതാനഭിജ്ഞന്മാരായ കേരളീയർക്കു ആസ്വാദ്യമാക്കിത്തീർക്കുന്നതിനു വേണ്ട ശ്രമം പണ്ഡിതന്മാരായ കവികൾ ചെയ്യേണ്ടതാകുന്നു.

കവനകൌമുദി ഭാഷാപോഷിണി രസികരഞ്ജിനി വിദ്യാവിനോദിനി മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല കാവ്യങ്ങളുടേയും പേരുകൾ ഇവിടെ ഓർമ്മിക്കേണ്ടതാകുന്നു. ഈ വക മാസികകളിൽ അസംഖ്യം ചെറിയ കാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ അധികവും സ്വതന്ത്രങ്ങളാകുന്നു. ശകുന്തള ഉപദേശകോശ ദേവദത്തൻ രത്നാവലി

സത്യവതി പ്രമദ്വരാചരിതം മാലതി സ്വാഹാസുധാകരം ഗജേന്ദ്രമോക്ഷം സീമന്തിനീചരിതം മുതലായവയുടെ പേരുകൾ ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ, പന്തളം കേരളവൎമ്മതമ്പുരാൻ, നടുവത്തു മഹൻനമ്പൂരി, കാലടി രാമൻനമ്പിയാർ, കുറിപ്പുറത്തു കേശവൻനായർ, കടവിൽ കുഞ്ഞികൃഷ്ണമേനോൻ, കണ്ടൂർ നാരായണമേനോൻ, പി. ജി. രാമയ്യർ, ഒറവങ്കുര ശങ്കരൻനമ്പൂരി, കൃഷ്ണൻകർത്താവ്, ലക്ഷ്മണൻനമ്പൂരി, രാമൻപിള്ള (വസ്സം) മുതലായ കവികളാണ് ഈ വക കാവ്യങ്ങളുടെ കർത്താക്കന്മാർ. ഈ കാവ്യങ്ങളിൽ അധികവും കവികൾ കൂട്ടുകൂടി രചിച്ചിട്ടുള്ളവയാണ്. ഇവയിൽ പലതിലും കാവ്യഗുണങ്ങൾ തികഞ്ഞു പ്രകാശിക്കുന്നുണ്ട്. സത്യവതി സന്താനഗോപാലം മുതലായവ ഇപ്രകാരമുള്ള ചില കൃതികളാകുന്നു.

അമിതമായ അഭിവൃദ്ധി ലഭിച്ചിട്ടുള്ള മറെറാരു സാഹിത്യശാഖയാകുന്നു നാടകം. ഈ ഇനത്തിൽ ആദ്യമായി ഉണ്ടായ കൃതി കേരളവൎമ്മ വലിയ കോയിത്തമ്പുരാൻെറ അഭിജ്ഞാനശാകുന്തളമാകുന്നു. ഈ നാടകത്തിൻെറ ആവിർഭാവത്തോടുകൂടി ജനങ്ങളുടെയിടയിൽ ഒരു അതിരില്ലാത്ത നാടകഭ്രമമുണ്ടായി. ക്രമേണ പല കവികളും സംസ്കൃതത്തിൽനിന്നു നാടകങ്ങൾ (രൂപകങ്ങൾ) ഭാഷപ്പെടുത്തുവാനും സ്വയമേവ നിൎമ്മിക്കുവാനും തുടങ്ങി. ഈവിധം നാടകകർത്താക്കന്മാരായി ഭവിച്ച കവികളിൽ പലരും വ്യുല്പത്തിയും വാസനയും വളരെ കുറഞ്ഞവരായിരുന്നു. അതുകൊണ്ടു നാട്യകലയുടെ ശാസ്ത്രീയങ്ങളായ മൂലതത്വങ്ങളെ അറിയുന്നതിനും അറിഞ്ഞാൽ തന്നെ ആദരിക്കുന്നതിനും അവൎക്കു കഴിഞ്ഞിരുന്നില്ല. ഇക്കാലത്ത് ഉണ്ടായിട്ടുള്ള സ്വതന്ത്രരൂപകങ്ങളിൽ അധികവും ശുഷ്കങ്ങളായി സഹൃദയശ്ലാഘയെ അൎഹിക്കാതിരുന്നതിനു ഇതുതന്നെ കാരണം. ശുഷ്കരൂപകങ്ങളുടെ അഭിവൃദ്ധി ഏററവും ഉത്സാഹമായപ്പോൾ ആണു രസികശിരോമണിയായ രാമക്കുറുപ്പിൻെറ ച

ക്ഷീപങ്കരം ആവിൎഭവിച്ചത്. ഈ പരിഹാസകവനം അതിന്റെ ഉദ്ദേശത്തെ ഒരുവിധം നിൎവ്വഹിക്കുകതന്നെ ചെയ്തു. ദുൎന്നാടകപ്രകരമാകുന്ന മേഘപടലങ്ങളുടെ പിടിയിൽനിന്നു വിമുക്തമായി നമ്മുടെ സാഹിത്യാന്തരിക്ഷം ഇപ്രകാരമാണു വിശുദ്ധപ്രകാശത്തെ വഹിച്ചതെന്നു പറയേണ്ടതാകുന്നു.

ഭാഷാരൂപകങ്ങളിൽ ഉത്തമസ്ഥാനത്തെ അൎഹിക്കുന്നവ സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ളവതന്നെയാകുന്നു. ഇവയിൽ ശാകുന്തളവും ഉത്തരരാമചരിതവുംതന്നെ പ്രഥമഗണനീയങ്ങൾ.

കവിതാ കാളിദാസസ്യ
തത്ര ശാകുന്തളം മതം.'

എന്നു സഹൃദയന്മാർ തല കുലുക്കി സമ്മതിച്ചിരിക്കുന്ന ഒരു കാവ്യരത്നമാണു ശാകുന്തളം. ഈ കൃതിക്കു കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ ചെയ്തിരിക്കുന്ന ഭാഷ, കൈരളിയുടെ ഒരു അമൂല്യമായ ഭൂഷണമാകുന്നു. മൂലത്തിന്റെ സൎവ്വരഹസ്യങ്ങളേയും അറിഞ്ഞ് അവയെ ഭംഗിയായി ഭാഷയിൽ പ്രകാശിപ്പിക്കുന്നതിൽ പരിഭാഷകൻ നല്ല സാമൎത്ഥ്യം കാണിച്ചിട്ടുണ്ട്. ഭാഷാശാകുന്തളത്തിന്റെ ചില ഭാഗങ്ങൾ മൂലത്തെ അതിശയിക്കത്തക്ക രസികത്വം വഹിക്കുന്നവയാകുന്നു എന്നു സഹൃദയന്മാൎക്ക് അറിയുവാൻ കഴിയും. ശാകുന്തളഭാഷയിൽ സംസ്കൃതപദപ്രയോഗം കുറെ അതിരു കടന്നുപോയി എന്നു ഒരു ദോഷം ചിലർ പറയുന്നുണ്ട്. ഈ ദോഷം സമ്മതിക്കത്തക്കതുതന്നെ.

വമത്ത്യൎസ്യ ഹൃതാശനം ഹിമച്ഛലേന ബിഭ്രതി.
സ്വപരച്യുതാംശ! ഖലുവൽ സുരാസുഗാൻ വിഭൂഷസി

ഇത്യാദി ഭാഗങ്ങൾ ഉദാഹരിക്കപ്പെടാം. അവ്യുല്പന്നന്മാൎക്ക് ഈ മാതിരി 'ഭാഷ'കൊണ്ട് ഒരു പ്രയോജനവും ഇല്ല. എന്നാൽ ഇപ്രകാരമുള്ള ഭാഗങ്ങൾ ശാകുന്തളത്തിൽ വളരെക്കുറച്ചുമാത്രമേ ഉള്ളു എന്നു കാണിക്കേണ്ടതാകുന്നു.

മാരന്നാരെന്നറിയാത്ത മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവൾ
താനെങ്ങോ നാഗരികാംഗനാരസികനാമെന്നോ ഭ്രമിപ്പിച്ചുവാൻ

ഇത്യാദി സ്വഗ്രന്ഥങ്ങളും മൂലത്തെ അതിശയിക്കത്തക്കവിധം രസികത്വം കൂടിയവയും ആയ ഭാഗങ്ങൾ ശാകുന്തളത്തിൽ ഉണ്ട്.

ക്വ വയം ക്വ പരോക്ഷമന്മഥോ
മൃഗശാവൈസ്സമമേധിതോ ജനഃ

എന്ന മൂലം നോക്കുക. 'പരോക്ഷമന്മഥോ' എന്ന പദത്തിന്റെ 'മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവൾ' എന്ന ഭാഷ മൂലത്തെ അതിശയിക്കുന്നു എന്നാണ്. മന്മഥകഥയുടെ ഗന്ധം പോലും ഇല്ലാത്തവൾ എന്നു വചനത്തോടുകൂടി കാമിക്കുന്നതിനുള്ള അയോഗ്യത വർദ്ധിക്കുന്നതാണല്ലോ. അതുപോലെ 'വയം' എന്ന പദത്തിന്റെ 'നാഗരികാംഗനാരസികനാമെന്നോ' എന്ന ഭാഷയും സഹൃദയന്മാൎക്കു പുളകം ഉണ്ടാക്കുന്നു എന്നാണ്. ഇവിടെ മൂലത്തിൽ കല്പിച്ചിട്ടുള്ളതിൽ കൂടുതലായി ശകുന്തളയുടെ അയോഗ്യതയും രാജാവിന്റെ യോഗ്യതയും ഭാഷയിൽ പ്രകാശിപ്പിക്കപ്പെട്ടു. അതോടുകൂടി തനിക്ക് ഒരുവിധത്തിലും ശകുന്തളയോട് അനുരാഗമുണ്ടാകുവാൻ ഇടയില്ലെന്നുള്ള രാജാവിന്റെ ആശയം അധികം സമൎത്ഥിതമായി. മൂലകവിയുടെ ആശയമൎമ്മങ്ങളെ നല്ലപോലെ മനസ്സിലാക്കിയിട്ടുള്ള ഒരു മഹാപണ്ഡിതനല്ലാതെ ഈവിധം ഭാഷപ്പെടുത്തുവാൻ കഴിയുന്നതല്ല. സംസ്കൃതപദപ്രയോഗം അധികമായിപ്പോയി എന്ന സംഗതി, പൊതുജനങ്ങൾക്കു ശാകുന്തളത്തോടുള്ള അഭിരുചിയെ അല്പവും കുറച്ചിട്ടില്ല. വാസ്തവത്തിൽ പൂന്തം ഉണ്ണായിവാരിയർ മഴമംഗലം കോട്ടയത്തു തമ്പുരാൻ മുതലായ പൂൎവ്വകവികളുടെ ഭാഷയിൽ പരിചയിച്ചു തഴമ്പു വന്നിട്ടുള്ള ഹൃദയങ്ങൾക്കു വലിയ കോയിത്തമ്പുരാന്റെ ഭാഷാരീതിയിൽ വിശേഷിച്ച് ഒരു കുറവും തോന്നുവാനിടയില്ല. വലിയ കോയിത്തമ്പുരാൻതന്നെ സംസ്കൃതപദങ്ങൾ കുറച്ചു ശാകുന്തളത്തെ ഒന്നു പരിഷ്കരിച്ചിട്ടുണ്ട്. ഈ പരിഷ്കരിക്കപ്പെട്ട ശാകുന്തളത്തിൽ

മുൻപു് പറഞ്ഞ ദോഷം വളരെ കുറവാകുന്നു. പി. ജി. രാമയ്യർ എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ എന്നിവരും ശാകുന്തളത്തിന്റെ പരിഭാഷകന്മാരാകുന്നു. സംസ്കൃതപദങ്ങൾ കുറവാണെന്ന സംഗതിയിൽ ഇവ വലിയ കോയിത്തമ്പുരാന്റെ ശാകുന്തളത്തെ അതിശയിച്ചിരിക്കുന്നു.

ഭവഭൂതിയുടെ കൃതികളിൽ പ്രഥമഗണനീയം ഉത്തരരാമചരിതമാകുന്നു.

ഉത്തരേ രാമചരിതേ
ഭവഭൂതിർവിശിഷ്യതേ

എന്നാണു പണ്ഡിതന്മാർ ഈ നാടകത്തെക്കുറിച്ചു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ പ്രൗഢകൃതിയുടെ പരിഭാഷകൻ സുഗൃഹീതനാമാവായ ചാത്തുക്കുട്ടിമന്നാടിയാരാകുന്നു. ഉത്തരരാമചരിതം ഭാഷയാക്കുന്നതിനു വളരെ വിഷമതകൾ ഉണ്ടു്. മൂലത്തിലെ ആശയങ്ങളാണെങ്കിൽ അധികം ഭാവഗഹനങ്ങൾ; ഗദ്യങ്ങളും പദ്യങ്ങളും ദീർഘദീർഘങ്ങളായ സമാസപദങ്ങളെക്കൊണ്ടു പരിഭാഷകന്മാരെ ക്ലേശിപ്പിക്കുന്നവ; വ്യാഖ്യാനങ്ങളും പാഠങ്ങളും വിവിധങ്ങൾ; ഈ ക്ലേശങ്ങൾ ഒക്കെ ഇരുന്നിട്ടും ഉത്തരരാമചരിതം ഭാഷയാക്കുന്ന കാൎയ്യത്തിൽ മന്നാടിയാർ വിജയത്തെ പ്രാപിച്ചിരിക്കുന്നു. സംസ്കൃതപദങ്ങൾ കുറഞ്ഞു ലാളിത്യവും പ്രസാദവും കൂടിയിരിക്കും എന്നതു മന്നാടിയാരുടെ ഭാഷയ്ക്കുള്ള ഗുണമാകുന്നു. വ്യുൽപന്നന്മാൎക്കെന്നപോലെ അവ്യുൽപന്നന്മാൎക്കും ഉത്തരരാമചരിതത്തിൽ നിൎഭയം പ്രവേശിച്ചു രസിക്കാം. ഈ ഗുണംനിമിത്തം ശാകുന്തളങ്ങൾക്കു് ഉള്ളതിനേക്കാൾ കൂടുതൽ മെച്ചം ഉത്തരരാമചരിതത്തിനു കല്പിച്ചു കൊടുക്കുന്നവർ പലരും ഉണ്ടു്.

ഏതസ്മിന്മദകലമല്ലികാക്ഷപക്ഷ-
വ്യാധൂതസ്ഫുരദുരുദണ്ഡപുണ്ഡരീകാഃ
ബാഷ്പാംഭഃപരിപതനോദ്ഗമാന്തരാളേ
സംദൃഷ്ടാഃ കുവലയിനോ മയാ വിഭാഗാഃ

എന്ന മൂലപദ്യത്തിന്റെ ഭാഷാന്തരം താഴെ ചേൎക്കുന്നു.

അംഭോജാക്ഷി! മദിച്ചഹംസഗണമൊട്ടിടുന്ന പക്ഷങ്ങളാൽ
വണ്ണംകൂടിയ തണ്ടലത്തെ വെളിയിൽ കാണുംവിധം ഭംഗിയിൽ
അംഭോജങ്ങളുമൊപ്പവും നിറയുമീപ്പമ്പാപ്രദേശങ്ങളെ-
കണ്ണീർ വീഴുമുടൻ നിറഞ്ഞിടുമതിൻമദ്ധ്യത്തിലീക്ഷിച്ചു ഞാൻ

ഇവിടെ 'കണ്ണീർവീഴുമുടൻനിറഞ്ഞിടു'മെന്ന ഭാഷ വളരെ നന്നായിട്ടുണ്ട്. ഭാഷയിലെ 'ഉടൻ' മൂലത്തിലില്ലാത്തതാണ്. കണ്ണിൽനിന്നു ബാഷ്പം വീണാൽ പിന്നെയും അതു വന്നുനിറയുന്നതിനു താമസമില്ലെന്നുള്ള അവസ്ഥ സങ്കടത്തിന്റെ ആധിക്യത്തെ കാണിക്കുന്നതിനാൽ ഭാഷാകാരന്റെ ഔചിത്യത്തെ പ്രശംസിക്കേണ്ടിയിരിക്കുന്നു. ദൈർഘ്യം കൂടിയ സമാസപദങ്ങളെ എങ്ങിനെയാണ് കവി രുചിയായി ഭാഷപ്പെടുത്തുന്നതെന്നും ഈ ഭാഷയിൽനിന്നു ഗ്രഹിക്കേണ്ടതുണ്ട്. ഒരു ഉദാഹരണംകൂടി കാണിക്കാം.

മൂലം.

ഇഹ സമദശകുന്താക്രാന്തവാനീരമുക്ത-
പ്രസവസുരഭിശീതസ്വച്ഛതോയാവഹന്തി
ഫലഭരപരിണാമശ്യാമജംബൂനികുഞ്ജ-
സ്ഖലനമുഖരഭൂരിസ്രോതസോ നിർഝരിണ്യഃ

ഭാഷ.

വാനീരത്തിൽ മദിച്ച പക്ഷികളിരിക്കുമ്പോൾ കൊഴിഞ്ഞുള്ള നൽ
സൂനംകൊണ്ടു സുഗന്ധമാർന്നു തണുപ്പുള്ള സ്വച്ഛവെള്ളത്തൊടും
താനേ കാറ്റിൽ പഴുത്തു നീലനിറമാം ജംബൂവനമൂട്ടിൽ വൻ-
ധ്വാനത്തോടൊഴുകുന്ന ചോലകളിതാ നാനാവഴിക്കീവനേ

മൂലത്തിന്റെ അർത്ഥത്തിന് അല്പവും കാലുഷ്യം തട്ടാതെ ഇപ്രകാരം സരളമായ ഭാഷയിൽ അതിനെ പകർത്തുവാൻ അധികം പേർക്കു കഴിയുന്നതല്ല. ഒരു പദം മൂലത്തിൽ എത്രമാത്രം ദൈർഘ്യം കൂടിയതായാലും കൊള്ളാം; നല്ല ലളിതഭാഷയിൽ അതിന്റെ അർത്ഥം വിശദമാക്കുവാൻ മന്നാടിയാർക്ക് ഒരു സാമർത്ഥ്യം വേറെയുണ്ട്. ഈ സാമർത്ഥ്യമാണ് ഇവിടെ ഉദ്ധരിച്ച പദ്യത്തിൽ കാണുന്നത്. മൂലത്തിന്റെ സൌന്ദര്യത്തിനു കോട്ടം തട്ടിയിട്ടുള്ള ഭാഗങ്ങൾ ഭാഷയിൽ ഇല്ലായ്കയില്ല.

കണ്ഡൂലദ്വിപഗണ്ഡപിണ്ഡകഷണോൽകമ്പേന സമ്പാതിഭി-
ൎഘൎമ്മസ്രംസിതബന്ധനൈഃസ്വകുസുമൈരൎച്ചന്തിഗോദാവരീം

എന്ന ഭാഗത്തിന്റെ ഭാഷയെ പരിശോധിക്കാം.

ചൂടേറിട്ടുള്ളത്തട്ടാലൎന്നിലയെ മദിച്ചാനഗണ്ഡങ്ങൾ തേച്ചി-
ട്ടാടുമ്പോളാശു ഗോദാവരിയിലിഹ പൊഴിക്കുന്നു വീരുദ്ഗണങ്ങൾ

*   *   *   *

ഇവിടെ മൂലത്തിന്റെ ആകപ്പാടെയുള്ള അൎത്ഥം ഭാഷയിൽ കിട്ടുന്നുണ്ട്. 'വൃക്ഷങ്ങൾ പുഷ്പങ്ങളെക്കൊണ്ടു ഗോദാവരിയെ അൎച്ചിക്കുന്നു' എന്ന അൎത്ഥം മൂലത്തിൽ സ്പഷ്ടമാകുന്നു. ഉത്തമഗൃഹസ്ഥന്മാരുടെ മദ്ധ്യാഹ്നകാലധൎമ്മംകൂടി ഇവിടെ മൂലത്തിൽ പ്രതീയമാനമാകുന്നുണ്ട്. തങ്ങളുടെ സൎവ്വശ്രേയസ്സിന്നും മൂലമായ ഗോദാവരിയെ വൃക്ഷങ്ങൾ ആരാധിക്കുന്നു എന്നു പറഞ്ഞതിൽനിന്നു അവയുടെ ഉത്തമധൎമ്മവും ഗോദാവരിയുടെ (ആരാധനീയമായ) ദിവ്യത്വവുംകൂടി വ്യഞ്ജിതമാകുന്നു. 'സമ്പാതിഭിഃ' എന്ന പദംകൊണ്ടു തൃപ്തിപ്പെടാതെ 'അൎച്ചന്തി' എന്നുകൂടി മൂലത്തിൽ പ്രയോഗിച്ചിരിക്കുന്നതിന്റെ ഗഹനത ആലോചിക്കേണ്ടതാകുന്നു. 'അൎച്ചന്തി' എന്ന പദം കളഞ്ഞപ്പോൾ ഗോദാവരിയും ഭാഷയും ഒരുപോലെ അൎച്ചനീയമല്ലാതെയായി ഭവിച്ചു.

വൃത്രാരാതിക്കുപോലും പകയിലഭയസന്ധാനമെപ്പോഴുമേകി-
ഭൂപൂൎവ്വന്മാരെ രക്ഷിപ്പതിന്നുടനെതിരിയും ക്ഷാത്രതേജോഗ്നിയോടും
വൎത്തിക്കും വിശ്വഗോപ്ത്രോദയവനുപകരണത്തിന്നു കിട്ടീടിലിന്നൻ-
കുഞ്ഞുംഘോരാസ്ത്രദീപ്തിപ്പുതുവെളിയണിഞ്ഞുള്ള വില്ലിന്റെ ഭാഗ്യം

എന്നിങ്ങനെ ഓജസ്സും തേജസ്സും തികഞ്ഞ പല പദ്യങ്ങളും മന്നാടിയാരുടെ ഭാഷാന്തരീകരണനിപുണതയെ കാണിക്കുന്നവയായി ഉത്തരരാമചരിതത്തിലുണ്ട്. ചുരുക്കം ചില സന്ദൎഭങ്ങളിൽ അബദ്ധപാഠങ്ങൾ പരിഭാഷകനെ വഴി തെറ്റിച്ചിട്ടുണ്ടെന്നുകൂടി പ്രസ്താവിക്കേണ്ടതാകുന്നു.

ഉത്തരരാമചരിതഭാഷ കൈരളിയുടെ ഒരു അമൂല്യനിധിയാകുന്നു. ഈ ഒരു വിശിഷ്ടകൃതി മന്നാടിയാരുടെ പേരി

ന്നു ഭാഷാലോകത്തിൽ ദൃഢപ്രതിഷ്ഠമാക്കിച്ചെയ്യുന്നതാണ്.

മന്നാടിയാരുടെ മറെറാരു കൃതിയാണു ജാനകീപരിണയം നാടകം. മൂലത്തിന്റെ കർത്താവു അനുഗൃഹീതമഹാകവിയും രാമഭക്തശിഖാമണിയും ആയ രാമഭദ്രദീക്ഷിതരാകുന്നു. ഗുണപുഷ്ടമായ ഒരു കൃതിയാണു ജാനകീപരിണയം. രാമഭദ്രദീക്ഷിതരുടെ കവനവൈഭവവും കല്പനാചാതുര്യവും മററും ഈ നാടകത്തിൽ നിരുപമമായി പ്രകാശിക്കുന്നുണ്ട്. ഉത്തരരാമചരിതം ഭാഷയാക്കുന്നതിനുമുൻപാണു മന്നാടിയാർ ഈ കൃതിയിൽ കയ്യുവച്ചതു്. അതുകൊണ്ടു മന്നാടിയാരുടെ ഗുണങ്ങൾ ഈ കൃതിയിൽ വേണ്ടവിധം പുഷ്ടിയെ പ്രാപിച്ചുകാണുന്നില്ല. ഭാഷയിൽ അരുചിജനകങ്ങളായ പല പ്രയോഗങ്ങളും ഉണ്ടു്. ജാനകീപരിണയത്തിനു ഉത്തരരാമചരിതത്തിന്റെ സഹോദരസ്ഥാനം കല്പിച്ചുകൊടുക്കാവുന്നതാകുന്നു.

കാളിദാസന്റേയും ഭവഭൂതിയുടേയും ഇതരരൂപകങ്ങളും (വിക്രമോർവ്വശീയം മാളവികാഗ്നിമിത്രം മഹാവീരചരിതം മാലതീമാധവം) മൃച്ഛകടികം പ്രസന്നരാഘവം അനർഘരാഘവം ചണ്ഡകൗശികം വേണീസംഹാരം മുദ്രാരാക്ഷസം തപതീസംവരണം സുഭദ്രാധനഞ്ജയം നാഗാനന്ദം രത്നാവലി പ്രിയദർശിക പ്രബോധചന്ദ്രോദയം ആശ്ചര്യചൂഡാമണി ഭൈമീപരിണയം എന്നിവയും ഭാഷപ്പെടുത്തിയിട്ടുള്ള രൂപകങ്ങളാകുന്നു. ഭാസകൃതികൾക്കും ഭാഷാന്തരം ലഭിച്ചിട്ടുണ്ട്. മാളവികാഗ്നിമിത്രം വിക്രമോർവ്വശീയം മുതലായവയ്ക്കു് ഒന്നിലധികം ഭാഷാന്തരങ്ങൾ ലഭിച്ചിട്ടുണ്ടെന്നുകൂടി പറയേണ്ടിയിരിക്കുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ കണ്ടൂർ നാരായണമേനോൻ ചെറിയ കുഞ്ഞുണ്ണിയച്ചൻ കൊട്ടാരത്തിൽ ശങ്കുണ്ണി രാജരാജവർമ്മ കോയിത്തമ്പുരാൻ കമ്മനം കോവിന്ദപ്പിള്ള പന്തളത്തു കേരളവർമ്മതമ്പുരാൻ നടുവത്തു മഹൻനമ്പൂതിരി കവിയൂർ രാമൻനമ്പിയാർ കടത്തനാട്ടു ഉദയവർമ്മതമ്പുരാൻ നാണുവയ്യാശാസ്ത്രി മുതലായവരാണ് മുൻപു പറഞ്ഞ രൂപകങ്ങളുടെ പരിഭാഷകന്മാർ. ഇവിടെ പേർപറഞ്ഞ രൂപകങ്ങൾ സംസ്കൃതത്തിൽ

രണ്ടാംതരത്തിലും മൂന്നാംതരത്തിലും ഉൾപ്പെടുന്നവയാണു്. ഒന്നാംതരത്തിൽ ഉള്ള ശാകുന്തളാദികളെ അപേക്ഷിച്ചു്, ഗുണത്തിങ്കൽ ഇവയ്ക്കു് അത്രമാത്രം കുറവും കാണും. കുഞ്ഞിക്കുട്ടൻ തമ്പുരാൻ (പന്തളം) കേരളവൎമ്മതമ്പുരാൻ കണ്ടൂർ നാരായണമേനവൻ കടത്തനാട്ടു് ഉദയവൎമ്മതമ്പുരാൻ നടുവത്തു മഹൻനമ്പൂതിരി മുതലായ കവികൾ ഭാഷപ്പെടുത്തിയിട്ടുള്ള കൃതികൾക്കു തദ്വിചിത്രങ്ങളായ ഗുണങ്ങൾ ഉണ്ടെന്നു പറയാവുന്നതാണു്. ഈവക കൃതികൾ നമ്മുടെ രൂപകസാഹിത്യത്തിനു് അസാമാന്യമായ പരിപുഷ്ടിയെ ജനിപ്പിച്ചിരിക്കുന്നു എന്നു ഭാഷാപ്രണയികൾക്കു് ആഹ്ലാദിക്കാവുന്നതാകുന്നു.

ഇവിടെ പേർപറഞ്ഞ ഭാഷാരൂപകങ്ങൾ എല്ലാം ഒരുപോലെ മെച്ചം തികഞ്ഞവയാണെന്നു പറയാവുന്നതല്ല. ചിലവയിൽ കുറ്റങ്ങളും കുറവുകളും ധാരാളം ഉണ്ടെന്നുതന്നെ പറയണം. അവയുടെ ഗുണദോഷങ്ങളെക്കുറിച്ചു പണ്ഡിതന്മാർ വേണ്ടവിധം നിരൂപണംചെയ്തിട്ടുണ്ടു്. അനൎഘരാഘവം വേണീസംഹാരം മുദ്രാരാക്ഷസം മുതലായ ചില കൃതികളെ ഭാഷയാക്കുന്നതിനു് അധികം ക്ലേശമുണ്ടു്. സംസ്കൃതത്തിൽ അവയ്ക്കുള്ള പ്രൌഢിയേയും ഗംഭീരതയേയും ഭാഷയിലും കളയാതെ സംരക്ഷിക്കുന്ന കാൎയ്യം എളുപ്പമല്ല. ഇവയിൽ കയ്യു വയ്ക്കുന്നവർ എത്ര നിപുണന്മാരായാലും ചില കുറ്റങ്ങൾ ഭാഷയിൽ സംഭവിക്കുകതന്നെ ചെയ്യും. 'മുരാരേസ്തൃതീയഃപന്ഥാഃ' എന്നാണു പണ്ഡിതന്മാർ പറയുന്നതു്. ഈവിധമുള്ള അനൎഘരാഘവത്തെ ഏതു മഹാകവിക്കും നിർദ്ദോഷലേശമായി ഭാഷയാക്കാവുന്നതല്ല. ഒരു സൽകവിയ്ക്കു കിട്ടാവുന്ന വിജയം അനൎഘരാഘവത്തിന്റെ കാൎയ്യത്തിൽ കുമ്മനം ഗോവിന്ദപ്പിള്ളയ്ക്കു ലഭിച്ചിട്ടുണ്ടെന്നു പറയാം. മൈഥിലീപരിണയത്തിന്റെ കാൎയ്യത്തിൽ കെ. പി. കറുപ്പന്റെ നിലയും ഇതുതന്നെ. കടത്തനാട്ടു് ഉദയവൎമ്മതമ്പുരാന്റെ പ്രിയദൎശികയും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ആശ്ചൎയ്യചൂഡാമണിയും ശ്ലാഘയെ അൎഹിക്കുന്ന രണ്ടു

ഭാഷാന്തരങ്ങളാകുന്നു. കുലശേഖരകവിരാട്ടിന്റെ സംവരണ ധനഞ്ജയങ്ങൾക്കു ഭാഷ കിട്ടുന്നതിനു നമുക്കു പ്രത്യേകം അവകാശമുണ്ട്. കാളിദാസകൃതികളിൽ അതിപരിചയത്താൽ ലഭിച്ചിട്ടുള്ള സംസ്കാരവിശേഷമാണു കുലശേഖരനെ ധനഞ്ജയാദിപ്രണയനത്തിനു പ്രേരിപ്പിച്ചതു്.

കല്പ്പ്യന്തേ നഃ കാളിദാസപ്രഥിതരചനാഃ കല്പപൂരീക്രിയാസു

എന്നു കവി പ്രകാരാന്തരേണ ഈ അഭിപ്രായത്തെ തുറന്നു സമ്മതിക്കുന്നു. ഇപ്രകാരം സജീവമായ കാളിദാസപ്രസ്ഥാനാനുകരണംകൊണ്ടു സൌന്ദൎയ്യവും പ്രൌഢിയും തികഞ്ഞ ഒരു കൃതിയാണു ധനഞ്ജയം. കവിയൂർ രാമൻനമ്പിയാരാണു് ഈ കൃതിയുടെ പരിഭാഷകൻ. ഈ കവിയുടെ നില പരിഭാഷകഗണനയിൽ ഏതാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ധനഞ്ജയംഭാഷയും അത്രയ്ക്കു നന്നായിട്ടുണ്ടു്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മാലതീമാധവവും പ്രത്യേകം പേർ പറയേണ്ട ഒരു വിശിഷ്ടകൃതിയാകുന്നു.

ഈ ഇനത്തിൽ പല കൃതികളുടേയും ഭാഷാന്തരങ്ങൾ സംസ്കൃതത്തിൽനിന്നു നമുക്കു ലഭിക്കേണ്ടതുണ്ടു്. ബാലഭാരതം ബാലരാമായണം (രാജശേഖരൻ) സങ്കല്പസൂര്യോദയം (വേദാന്തദേശികർ) സീതാരാഘവം ചന്ദ്രിക (രാമപാണിവാദൻ) മല്ലികാമാരുതം (ഉദ്ദണ്ഡൻ) വസുമതീവിക്രമം (കാക്കശ്ശേരി ഭട്ടതിരി) നളചരിതം (നീലകണ്ഠദീക്ഷിതർ) കമലിനീകളഹംസം (രാജചൂഡാമണിദീക്ഷിതർ) മുതലായവയുടെ പേരുകൾ ഇവിടെ മറക്കാവുന്നവയല്ല. ഭാണപ്രഹസനാദിരൂപകശാഖകളിൽ നമുക്കുള്ള സമ്പത്തു വളരെ ചുരുങ്ങിയതാകുന്നു. ഈ വക ശാഖകളിൽ ഉള്ള പല സംസ്കൃതകൃതികളേയും ഭാഷപ്പെടുത്തേണ്ടതുണ്ടു്.

സ്വതന്ത്രനാടകങ്ങളുടെ കാൎയ്യത്തിൽ നമ്മുടെ നില വളരെ പരുങ്ങലുതന്നെ. നാടകങ്ങൾ അസംഖ്യം ഉണ്ടായിട്ടുണ്ടു്. എന്നാൽ വിലയും നിലയും ലഭിച്ചിട്ടുള്ളവ ചുരുക്കമാകുന്നു. ഇ

ടക്കാലത്തു കവികളെ ബാധിച്ച അസ്സഹനീയമായ നാടകഭ്രമത്തിന്റെ നിർജ്ജീവസന്താനങ്ങളാണ് ഈ സ്വതന്ത്രനാടകങ്ങളിൽ അധികം എണ്ണവും; 'നാടകാന്തം കവിത്വം' എന്നാണു പണ്ഡിതമതം. നമ്മുടെ കവികളിൽ പലരും ഈ തത്വം മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയം തോന്നുന്നു. പക്ഷേ 'നാടകാദ്യം കവിത്വം' എന്നായിരിക്കാം അവരുടെ വിചാരം. കുറെ ഗദ്യവും പദ്യവും (ഇടവിട്ടു) അങ്കങ്ങളും ഉണ്ടായാൽ അതു ഒരു നാടകമായി എന്നു പലർക്കും അഭിപ്രായമുണ്ടായിരുന്നതായി ഊഹിക്കാം.

മത്വാ പദഗുമ്ഫനമേവ കാവ്യം
മന്ദാഃ സ്വയം താവദതി ചേഷ്ടമാനാഃ
മജ്ജന്തി ബാലാ ഇവ പാണിപാദൈഃ
പ്രസ്പന്ദമാത്രം പ്ലവനം വിദന്തഃ

എന്നുള്ള നീലകണ്ഠദീക്ഷിതരുടെ പദ്യം ഇവിടെ അനുസ്മരിക്കുന്നതു യുക്തമായിരിക്കും. കയ്യും കാലും ചലിപ്പിക്കുന്നതുകൊണ്ടുമാത്രം ഒരു ക്രിയ നീന്തലാകുന്നതല്ലല്ലോ. ഇപ്രകാരമുള്ള നാടകങ്ങളിൽ അധികവും ചക്രീചക്രത്തിലെ കംഭാണ്ഡന്റെ ഭാണ്ഡത്തിൽനിന്നു പുറപ്പെട്ട അസ്ത്രങ്ങളേറ്റ് എവിടെയോ പോയി മറഞ്ഞതു വലിയ ഉപകാരമായി. വിദ്യാവിനോദിനിയുടെ അഭിപ്രായമന്ത്രങ്ങളും നാടകദുർദ്ദേവതാബാധയിൽനിന്നു ഭാഷയെ രക്ഷിക്കുന്നതിനു വളരെ പ്രയോജനപ്പെട്ടു. ഇന്ദുമതീസ്വയംവരം മനോരമാവിജയം മുതലായ കൃതികൾക്കു വിദ്യാവിനോദിനിയിൽനിന്നു ലഭിച്ചിട്ടുള്ള സമ്മാനങ്ങളുടെ സ്വഭാവം സഹൃദയന്മാർ മറന്നിരിക്കുവാൻ ഇടയില്ല. ഈ വക ക്ഷുദ്രനാടകങ്ങളുടെ നഷ്ടം ഭാഷയ്ക്ക് ഒരു വലിയ ലാഭമായിത്തന്നെ പരിണമിച്ചു.

സ്വതന്ത്രനാടകങ്ങളിൽ വിശിഷ്ടങ്ങൾ ഇല്ലെന്നു ധരിക്കേണ്ടതില്ല. ഉമാവിവാഹം ചന്ദ്രിക (കൊച്ചുണ്ണിത്തമ്പുരാൻ–കുഞ്ഞിക്കുട്ടൻതമ്പുരാൻ) സുഭദ്രാർജ്ജുനം (ഇക്കാവമ്മ) ഹരിശ്ചന്ദ്രചരിതം (കല്ലാശ്ശൂൽ കുട്ടപ്പമേനോൻ) കുചേലഗോപാലം (കൊ

ട്ടാരത്തിൽ ശങ്കുണ്ണി) ഭഗവദ്ദൂത് അക്രൂരഗോപാലം (നടുവത്തു് അച്ഛൻനമ്പൂതിരി) സന്താനഗോപാലം (കുഞ്ഞിക്കുട്ടൻതമ്പുരാൻ) ദേവയാനീചരിതം (കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പ്) വൈദേശീവാസുദേവം (കുട്ടമത്തു കുഞ്ഞനുക്കുറുപ്പ്) യയാതിചരിതം (തേലപ്പുറത്തു നാരായണൻനമ്പി) എന്നിവ സ്വതന്ത്രങ്ങളായ ചില രൂപകങ്ങളാകുന്നു. ഇവയിലെ ഇതിവൃത്തസ്വഭാവം പേരിൽനിന്നു ഗ്രഹിക്കാവുന്നതാണല്ലോ.

നമ്മുടെ നാട്യശാസ്ത്രങ്ങളുടെ സ്വഭാവം വിചാരിച്ചാൽ ഒരു നാടകം ഉണ്ടാക്കി വിജയം സമ്പാദിക്കാമെന്നുള്ള അഹങ്കാരം സാമാന്യനായ ഒരു കവിക്കു് ഉണ്ടാകുന്നതല്ല. ഭരതാദ്യാചാര്യവിരചിതങ്ങളായ ശാസ്ത്രങ്ങൾ പരിഷ്കാരപാരമ്യത്തെ പ്രാപിച്ചിട്ടുള്ളവയും അവയുടെ അനുസരണം ഏതു കൃതിക്കും ഉൽകർഷപ്രദവും ആണെന്നു് ആരും സമ്മതിക്കും; എന്നാൽ അതോടുകൂടി, അവ നാടകകർത്താക്കന്മാരെ സംബന്ധിച്ചിടത്തോളവും മുള്ളുകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരുമാതിരി ഏകാന്തത്തടവുകളാണെന്നും പറയേണ്ടതുണ്ടു്. സാധിക്കേണ്ടവയായ നിയമങ്ങളുടെ ബഹുത്വവും കാഠിന്യവും അവയിൽ പ്രവേശിക്കുന്ന ഏതു വിദഗ്ദ്ധനായ കവിക്കും ചില മുറിവുകളും ചതവുകളും ഉണ്ടാക്കാതിരിക്കയില്ല. അവയെ അനുസരിച്ചുകൊണ്ടു് ഉന്നതവും വിശാലവും ആയ ഒരു അന്തരിക്ഷത്തിൽ സ്വാച്ഛന്ദ്യത്തോടുകൂടി സഞ്ചരിക്കണമെങ്കിൽ കവിക്കു നല്ല യോഗാഭ്യാസസിദ്ധിതന്നെ ഉണ്ടായിരിക്കണം. ഈ "യോഗസിദ്ധി" കൈവന്നിട്ടുള്ള കവികളുടെ കൃതികൾക്കു് അത്രമാത്രം ഉൽകർഷവും കാണും. കാളിദാസർ ഭവഭൂതി മുതലായിച്ചുരുക്കം ചില മഹാകവികൾക്കല്ലാതെ ഈ നിലയെ പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പല കവികൾക്കും നാടകരചനയിൽ പരാജയം സംഭവിച്ചിട്ടുണ്ടു്; കവികളിൽ പലരും ഈ മാർഗ്ഗത്തിൽ കാലു വെയ്ക്കുകതന്നെ ചെയ്തിട്ടില്ല. നാടകപ്രസ്ഥാനത്തിന്റെ വിഷമതയും ഭരതശാസ്ത്രത്തിന്റെ കാഠിന്യവും ആണു് ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. ഈ സാഹിത്യസര

ണിയെ സംബന്ധിച്ചിടത്തോളവും സംസ്കൃതകവികളുടെ നിലയിതാണെങ്കിൽ ഭാഷാകവികളുടെ സ്ഥിതിയെന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. സാമാന്യം കൊള്ളാവുന്നവയെന്നു ഗണിച്ചുവരുന്ന നമ്മുടെ ചില നാടകങ്ങളിൽത്തന്നെ ശാസ്ത്രദൃഷ്ട്യാ പല ന്യൂനതകളും കാണുന്നുണ്ടു്. ഭാഷയ്ക്കു ശാസ്ത്രീയമാർഗ്ഗത്തിൽ വേണ്ട പരിഷ്കാരം ഉണ്ടായിട്ടില്ലാത്ത ഒരു കാലത്താണു നമ്മുടെ നാടകങ്ങളുടെ ഉല്പത്തി. അതുകൊണ്ടു നാം ഈ വക നാടകങ്ങളുടെ നിരൂപണത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യുന്നതു് ഒരു വലിയ ധർമ്മമായിരിക്കും.

മുൻപു പേർ പറഞ്ഞ നാടകങ്ങളിൽ ഭഗവദ്ദൂതു് അക്രൂരഗോപാലം സന്താനഗോപാലം കുചേലഗോപാലം എന്നിവ ഭക്തിപ്രധാനങ്ങളായ കൃതികളാകുന്നു. ഭക്തികൊണ്ടു ഭഗവദ്ദൂതുതന്നെ മുൻപിട്ടുനില്ക്കുന്നു. ഇതു നടുവത്തു് അച്ഛൻനമ്പൂരിയുടെ പ്രധാനകൃതിയാണു്. ലാളിത്യവും പ്രസാദവും തികഞ്ഞ പദങ്ങളുടെ അകൃത്രിമമായ ഘടന ദ്രാക്ഷാപാകം എന്നിവ അച്ഛൻനമ്പൂരിയുടെ കവിതാഗുണങ്ങളാകുന്നു. ഇവയെല്ലാം ഈ നാടകത്തിൽ തികഞ്ഞു പരിലസിക്കുന്നുണ്ടു്. അച്ഛൻനമ്പൂരി ജന്മനാ ഒരു വലിയ ഭക്തനാകുന്നു. അതുകൊണ്ടു ഭക്തിയുടെ മാഹാത്മ്യം ഈ കവിയുടെ മിക്ക കൃതികളിലെയും പ്രധാനഗുണമായി പരിണമിച്ചിരിക്കുന്നു. ഈ ഒരു ഗുണംതന്നെ ഭഗവദ്ദൂതിന്റെ ഉൽകർഷത്തെ പ്രദാനംചെയ്തിരിക്കുന്നു. കവിയുടെ ഹൃദയത്തിൽ തിങ്ങിവിങ്ങി ഒരുവിധത്തിലും ഒതുക്കുവാൻ പാടില്ലാതെ പൊട്ടിപ്പുറത്തേക്കു പുറപ്പെടുന്ന ഭക്തിയുടെ പാരവശ്യം ഈ കൃതിയിൽ പല സന്ദർഭങ്ങളിലും കാണാവുന്നതാണു്. വിശ്വരൂപം കുന്തീവാക്യം മുതലായ ഭാഗങ്ങൾ ഉദാഹരിക്കപ്പെടാം. കരുണാദിരസങ്ങൾക്കും ഈ കൃതിയിൽ സ്ഥാനമുണ്ടു്. അക്രൂരഗോപാലവും ഭക്തികൊണ്ടു ഭഗവദ്ദൂതിന്റെ അടുത്ത സ്ഥാനത്തു നില്ക്കുന്നു. ഇതു് ഒരു അപൂർണ്ണകൃതിയാകുന്നു. കവിയുടെ ഭക്തിപാരവശ്യവും മറ്റും ഈ കൃതിയിലും

ധാരാളം കാണുന്നുണ്ട്. അക്രൂരന്റെ അമ്പാടിയിലേക്കുള്ള യാത്രയും മററും ഉദാഹരിക്കപ്പെടാം.

കാളിന്ദീനദിതന്നിൽ നന്മൾ വെളിവായ്ക്കാണും പ്രവാഹത്തിനെ-
ക്കാളും തെളിന്നു ഹൃദി രക്തിബലമുണ്ടെന്നല്ല മന്മാനസം
കാളാംഭോദനിറം കലർന്ന ഭഗവാൻ ശ്രീകൃഷ്ണനെക്കാണുവാൻ
കാളുംമോദമൊടേററിടുന്നതിനൊരൊട്ടാകുന്നു നോക്കീടുകിൽ

* * * *

എന്നാൽ കാളിന്ദിയാമിന്നദിയുടെ കരയിൽക്കൂടി യാത്രചെയ്തുപോയി-
പ്പിന്നെഗ്ഗോവർദ്ധനാദ്രിപ്രവരവരതടെ തന്നെയങ്ങോട്ടു ചെന്നാൽ
വന്യശ്രീ ചേർന്ന വൃന്ദാവനമതിലണയാമപ്പൊഴങ്ങോട്ടു കാണാം
മുന്നിൽ ശ്രീനന്ദഗോപാലയമതിലണവാനാണു നാം പോണതല്ലോ

കവിയുടെ നിർമ്മലമായ ഭക്തിപ്രവാഹത്തെ വെളിവാക്കുന്നവയാണ് ഈ ഭാഗങ്ങൾ. അപ്പൻനമ്പൂരിയുടെ ശയ്യയും ആക്കം സുഖകരമാകുന്നു.

മുല്ലാതെ ഞാൻ ചെയ്യാത്ത പുണ്യങ്ങളെല്ലാം.
മിഴിപ്പൂരം മുരാരണ്ടു ശരീരമായി
കേളുവോടിതാ മുന്നിൽ വിളങ്ങീടുന്നു
കർപ്പൂരമോലും പ്രഭയോടുകൂടി

എന്നുതുടങ്ങി അർത്ഥഭംഗി തികഞ്ഞ ഭാഗങ്ങളും ഈ കൃതിയിൽ സുലഭങ്ങളാകുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സ്വതന്ത്രനാടകങ്ങളിൽ കുചേലഗോപാലംതന്നെ പ്രഥമഗണനീയം. സന്താനഗോപാലം ദ്വിതീയമാകുന്നു. ഈ രണ്ടു കൃതികളും ഭക്തന്മാരെ വളരെ രസിപ്പിക്കുന്നവയാണ്.

ദേവയാനീചരിതം യയാതിചരിതം എന്നിവയുടെ ഇതിവൃത്തം ഒന്നുതന്നെ. ഇവയിൽ ആദ്യത്തേതു സംഗീതനാടകമാകുന്നു. രചനയ്ക്കു പ്രൌഢിയും ലാളിത്യവും യയാതിചരിതത്തിനു കൂടും. രംഗപ്രയോഗത്തിൽ സാമാജികന്മാരെ കൂടുതൽ ആകർഷിക്കുന്നതു ദേവയാനീചരിതം ആകുന്നു. കുഞ്ഞിക്കൃഷ്ണക്കുറുപ്പിനു ശബ്ദാലങ്കാരത്തെ സംബന്ധിച്ചിടത്തോളവും ഒരു വിരുതു വേറെതന്നെയുണ്ട്; അർത്ഥനിഷ്കർഷം കുറവില്ല. ഈ രണ്ടു ഗുണങ്ങളും തികഞ്ഞുപ്രകാശിക്കുന്ന കുറുപ്പിന്റെ പ്രധാ

നകൃതി ദേവയാനീചരിതം ആകുന്നു. ദേവയാനിയുടേയും ശൎമ്മിഷ്ഠയുടേയും കലഹം തന്മൂലമുള്ള രാജാവിന്റെ ദൌസ്ഥ്യം മുതലായവയെ വൎണ്ണിക്കുന്നതിൽ കുറുപ്പിന്നുതന്നെ മെച്ചം കൂടുതൽ കാണുന്നു. തന്മയത്വം തികഞ്ഞ ഭാഗങ്ങൾ യയാതിചരിത്രത്തിൽ ഉണ്ടു്. സംഭ്രമജനകങ്ങളായ വികാരങ്ങളുടെ ചിത്രം ആകൎഷണീയമായി എഴുതുന്നതിനു കുറുപ്പിന്റെ തൂലികതന്നെ അധികം പാടവം പ്രകടിപ്പിച്ചിരിക്കുന്നു.

രംഗം ഭൂഷണമേകം രജനിയതു തിരശ്ശീല ദീപം ദിനേശൻ
ശൃംഗാരാദ്യുല്ലസജ്ജീവികൾ നടനിവഹം കൎമ്മസംഘം മൃദംഗം
സംഗീതം വാസനാ തൽപ്രകൃതിനടിയൊടീനാടകം കണ്ടെഴും നി-
സ്സംഗീതാൻ സൂത്രധാരൻ പരമതകരൻ നിങ്ങളെക്കാത്തിടട്ടേ

ശംഖസമം ഗളനിലയേ.
ദീട്ടം ഹേ ദേവി! കുണ്ഡമംഗലനിലയേ
ഗൌരി! ഗിരീന്ദ്രമകളേ!
ശങ്കരി! നൽകേ നമുക്കു നീ നന്മകളേ

ഇവയിൽ ഒന്നാമത്തെ പദ്യം അൎത്ഥപ്രൌഢിക്കും രണ്ടാമത്തെതു ശബ്ദാലങ്കാരധോരണിക്കും ഉദാഹരിക്കപ്പെടാം. ഇവിടെ (ഒന്നാംപദ്യം) 'വാസനാ' എന്നു ദീൎഘമായി പ്രയോഗിച്ചതു ഭാഷയുടെ നിലയ്ക്കു നന്നായില്ല. 'നൽകേ' (രണ്ടാംപദ്യം) എന്നതു തെക്കൎക്ക്' അല്പവും രുചിക്കാത്ത പ്രയോഗമാണു്. ദേവയാനീചരിതം ഏഴാമങ്കം അധികം നന്നായിട്ടുണ്ടു്. രാജകുമാരന്മാരുടെ കളി, അവിടെ ദേവയാനി ചാടിവീണു കാണിക്കുന്ന ധൃഷ്ടത, ശൎമ്മിഷ്ഠയുടെ അസ്വാസ്ഥത, രാജാവിന്റെ ധൎമ്മസങ്കടം മുതലായവയെ വൎണ്ണിച്ചുഫലിപ്പിക്കുന്നതിൽ കുറുപ്പു നല്ല സാമൎത്ഥ്യം കാണിച്ചിട്ടുണ്ടു്.

വൈദേഹീവാസുദേവവും ഒരു നല്ല കൃതിയാകുന്നു. കുഞ്ഞുണ്ണിക്കുറുപ്പിൽ കാണുന്ന ശബ്ദവൈഭവം കുഞ്ഞുക്കുറുപ്പിന്റെ കവിതയിലും ഉള്ള ഒരു ഗുണമാകുന്നു.

അരുളിമാകന്ദഫലവും
മധുരമൊഴു വി- സ്തൃത ലതകളിൽ പൂക്കുലയും

സൌരഭ്യസാലവനി-
യതിലതിസുഖമമരളിട്ടുനിതാ സാലവനീ
* * * (മൂന്നാമങ്കം)
ഇനി ദുഃഖം മതിമതിയേ
മധിണി! സൌഖ്യം നിനക്കേറും മതിമതിയേ!
നിഷ്പ്രിയനാമവരനെത്തീ-
ട്ടങ്ങിരങ്ങനാരിക ചൈതന്യനാമവനത്തീ (നാലാമങ്കം)

എന്നിവ കവിയുടെ ശബ്ദരചനാധാടിയെ കാണിക്കുന്ന ചില പ്രയോഗങ്ങളാണ്. 'സാലവനീയതിൽ' 'മതിമതിയേ!' (ബുദ്ധിശാലിനീ എന്നത്ഥം) എന്നീ പ്രയോഗങ്ങൾ ഹൃദ്യങ്ങളായിരിക്കുന്നില്ല എങ്കിലും യമകമാകയാൽ ക്ഷന്തവ്യംതന്നെ. യമകകല്പിതങ്ങളായ പദ്യങ്ങൾ വേറെയും ഈ കൃതിയിൽ ഉണ്ട്. രംഗത്തിൽ പ്രയോഗിക്കേണ്ടവയാണ നാടകങ്ങൾ; ആ സ്ഥിതിക്ക് അവയിൽ യമകാദിചിത്രപ്രയോഗങ്ങൾ ഘടിപ്പിക്കുന്നതു യുക്തമാകുന്നതല്ല.

താതൻ കിഴ്വൻ ശിഷ്യരായ്ത്തന്നെയുണ്ടെൻ-
ചതുസ്സാരം പാദുകത്തിനു പക്ഷേ
പുത്രനാലും തന്നിരുപ്രതാപൻ
ശ്രീരാമോവായുണ്ട ചിന്തനാവേണ്ടു.

എന്നത് അത്ഥപുഷ്ടമായ ഒരു പദ്യമാകുന്നു. വൈരസ്യജനകങ്ങളായ ചുരുക്കം ചില പദപ്രയോഗങ്ങളും വൈദർഭീവാസുദേവത്തിൽ ഉണ്ട്. എന്നാൽ അവ കൃതിയുടെ പൊതുവേയുള്ള ഗുണത്തെ ബാധിക്കുന്നവയല്ല.

വെണ്മണി മഹൻനമ്പൂതിരി പല നാടകങ്ങളും വിരചിച്ചിട്ടുണ്ട്. അവയിൽ പലവയും അപൂർണ്ണങ്ങളാകുന്നു. അതിമോഹം പീയൂഷവിശ്ലേഷം മുതലായവ വെണ്മണിയുടെ കൃതികളാകുന്നു. ശാസ്ത്രീയദൃഷ്ട്യാ പരിശോധിച്ചാൽ ഇവയിൽ ചില ദോഷങ്ങളും കാണാവുന്നതാകും; രംഗപ്രയോഗത്തിനുള്ള യോഗ്യതയും ചുരുങ്ങും. എന്നാൽ ഇവറ്റു അസാധാരണങ്ങളായ ചില ഗുണങ്ങൾ ഉണ്ടെന്നു സഹൃദയന്മാർ സമ്മതിക്കാതെ തരമില്ല. വെണ്മണി നിസ്തുല്യമായ വാസനാബലം തി

കുന്ന ഒരു കവിയാണ്. ചുററുമുള്ള ലോകവൃത്താന്തങ്ങളെ അവേക്ഷണം ചെയ്യുന്നതിനു വേണ്ട വിരുതും ഈ കവിയ്ക്കുണ്ട്. സൎവ്വോപരി വെണ്മണിയിൽ കാണുന്ന ഒരു വിശിഷ്ടഗുണം തന്റെ ഉള്ളിൽ ഉള്ളതിനെ സരസമായി പറഞ്ഞു ഫലിപ്പിക്കുന്നതിനുള്ള വാസനയാകുന്നു. എന്തു എങ്ങിനെ പറഞ്ഞാലും കൊള്ളാം, അതിലൊക്കെ ഒരു രസികത്വം ഉണ്ടായിരിയ്ക്കും. ഈ ഒരു ഗുണംകൊണ്ടു വെണ്മണിനമ്പൂതിരി അക്കാലത്തും പിന്നീടും ഉണ്ടായിട്ടുള്ള പല കവികളേയും അതിശയിച്ചു നില്ക്കുന്നു. ഭ്രുതിഭ്രഷ്ടചരിതം ശൃംഗാരതിലകം പൂരപ്രബന്ധം മുതലായവയിലാണു വെണ്മണിയുടെ മുൻപു പറഞ്ഞ കവിതാഗുണങ്ങൾ അധികം പ്രകാശിക്കുന്നതു്. അതിമോഹാദി നാടകങ്ങളിൽ ഈവക ഗുണങ്ങൾ ധാരാളമുണ്ടു്. അവയിൽ പല സന്ദൎഭങ്ങളിലും നൂതനകല്പനകളും കാണുവാൻ കഴിയും. വെണ്മണിനമ്പൂതിരിയുടെ ഈവക കൃതികളിൽനിന്നു വിലയേറിയ പല തത്വങ്ങളും നമുക്കു പഠിക്കുവാനുണ്ടെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ശീവള്ളിയുടെ ദുസ്വപ്നനാടകം ഫലിതപ്രധാനമായ ഒരു കൃതിയാകുന്നു. ഹാസ്യപ്രിയനായ കവിയുടെ രസികത്വത്തിന് ഈ കൃതിയിൽ ഒരു കുറവും ഇല്ല.

നാടകശാഖയെ സംബന്ധിച്ചിടത്തോളവും നമുക്കു പൊതുവെ വലിയ അതൃപ്തിക്കു വകയില്ലെന്നു വ്യക്തമായല്ലോ. ക്രമേണ കവികൾക്കു നാടകത്തിലുള്ള ഭ്രമം കണക്കിലധികം കുറഞ്ഞുതുടങ്ങി. ഈ സന്ദൎഭത്തിലാണു തമിഴ്നാടകക്കാർ കേരളത്തിൽ പ്രവേശിച്ചതു്. അപ്പോൾ ജനങ്ങളുടെ ഭ്രമം തമിഴ്നാടകങ്ങളിലേക്കായി. കേരളീയൎക്കു കഥകളിയിലും ഭാഷാനാടകത്തിലും അഭിരുചി കുറഞ്ഞതു തമിഴ്നാടകക്കാൎക്കു വിജയത്തിനു നല്ല കാരണമായി ഭവിച്ചു. സാധാരണക്കാരെ ആകൎഷിക്കുന്നതിനുവേണ്ട കോപ്പുകൾ തമിഴ്നാടകക്കാൎക്കു തികച്ചുമുണ്ടു്. അവരുടെ 'സീനു'കൾതന്നെ ആരേയും വ്യാമോഹിപ്പിക്കുന്നവയാണു. (തമിഴ്)പാട്ടുകളുടെ കാൎയ്യത്തിലും മെച്ചം കൂടും. ഈ സംഗതികളാണു തമിഴ്നാടകങ്ങൾക്കു് ഇവിടെ

പ്രതിഷ്ഠയുണ്ടാക്കിക്കൊടുത്തതു്. ശാസ്ത്രീയമായ സംസ്കാരം കൊണ്ടു വിശിഷ്ടമായ അഭിനയരീതിയെസ്സംബന്ധിച്ചിടത്തോളവും തമിഴ്നാടകങ്ങളുടെ നില വളരെ താഴ്ന്നതും ദയനീയവും ആകുന്നു; എങ്കിലും അവ കേരളത്തിൽ കാലെടുത്തുവെച്ചതു ശുഭമുഹൂൎത്തത്തിലാകയാൽ അവയ്ക്കു് ഇവിടെ നല്ല സ്വാഗതംതന്നെ കിട്ടി. വാസ്തവത്തിൽ സംസ്കാരശുദ്ധി തികഞ്ഞ ഒരു നാട്യപ്രസ്ഥാനത്തിന്റെ ഉയൎന്നനിലയിൽനിന്നു തങ്ങൾക്കു സംഭവിച്ച അധഃപതനത്തെയാണു കേരളീയൎക്കു തമിഴ്നാടകങ്ങളോടു് ഉണ്ടായ അഭിരുചി വെളിവാക്കുന്നതു്. സൂക്ഷ്മങ്ങളായ മനോവൃത്തികളെ തന്മയത്വത്തോടുകൂടി അഭിനയിച്ചു ഫലിപ്പിക്കുന്നതിനു നടന്മാൎക്കും അതുകണ്ടു രസിക്കുവാൻ സാമാജികന്മാൎക്കും സാമൎത്ഥ്യം വേണം. രംഗങ്ങളിൽ 'കാടും പടലും' വലിച്ചുകൂട്ടി 'സീനകൾ' കാണിക്കുന്നതിനും അവയിൽ രസിക്കുവാനും എളുപ്പം കഴിയും. വ്യാമോഹജനകങ്ങളായ സ്ഥലവിഭവങ്ങൾ ഒന്നും കേരളീയരുടെ നാടകത്തിനും കഥകളിക്കും ഇല്ല. ശാകുന്തളം ഉത്തരരാമചരിതം മുതലായ ഉത്തമനാടകങ്ങൾ അഭിനയിക്കുന്നതിനും കണ്ടു രസിക്കുന്നതിനുംവേണ്ട ശാസ്ത്രീയമായ സംസ്കാരത്തിനു തമിഴ്നാടകങ്ങളുടെ ആവിൎഭാവത്തിനുശേഷം വളരെ ഇടിവു തട്ടിയിട്ടുണ്ടു്.

അഭിവൃദ്ധിക്കുറവുള്ള ഒരു ശാഖയാകുന്നു സന്ദേശം. കാവ്യഗുണപുഷ്ടികൊണ്ടു പരമോന്നതസ്ഥാനത്തെ അധിരോഹണം ചെയ്തിരിക്കുന്ന കൃതി കേരളകാളിദാസനായ കേരളവൎമ്മ വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശമാകുന്നു. സന്ദേശചൂഡാമണിയായ ഉണ്ണുനീലിസന്ദേശത്തിന്റെ പ്രകാശനദശവരെയും സന്ദേശലോകത്തിലെ കിരീടം വഹിച്ചിരുന്നതു മയൂരസന്ദേശമായിരുന്നു. വലിയ കോയിത്തമ്പുരാന്റെ സ്വതന്ത്രഭാഷാകൃതികളിൽ ഈ സന്ദേശത്തിനുതന്നെ പ്രഥമസ്ഥാനം കല്പിക്കണം. പ്രൌഢിയും ഗാംഭീൎയ്യവും ഇത്രമാത്രം തികഞ്ഞ ഒരു സന്ദേശം അടുത്തകാലത്തുവരെ ഉണ്ടായിട്ടില്ല. ശബ്ദഭംഗിയിലും കവി വളരെ ശ്രദ്ധ കാണിച്ചിരിക്കുന്നു. കാവ്യത്തി

ലെ നായകൻ കവിതന്നെയാണ്; നായികയോ പ്രൌഢയായ ഒരു മഹാരാജ്ഞി; വിയോഗദുഃഖം കവിയാൽ അനുഭൂതം; ഈ സംഗതികൾ മയൂരസന്ദേശത്തിന് ഇതരകാവ്യദുർല്ലഭമായ ഒരു തന്മയത്വത്തെ പ്രദാനംചെയ്തിരിക്കുന്നു.

ഈ സന്ദേശത്തിന്റെ ആവിർഭാവം സഹൃദയലോകത്തെ എത്രമാത്രം ആഹ്ലാദതരളമാക്കി എന്നു പറയാവുന്നതല്ല. പ്രകൃത്യാ സരളവും സരസവും ആയ ചന്ദ്രമനോവനെപ്പോലെയുള്ളവരുടെ ഹൃദയസിരകളെ ഇളക്കിമറിച്ച് ആമൂലം കാവ്യരസാനന്ദതരംഗങ്ങളിൽ നിമജ്ജിപ്പിച്ചതിലല്ല ഈ കാവ്യത്തിന്റെ വൈഭവം സ്ഥിതിചെയ്യുന്നത്; പിന്നെയോ? കാവ്യങ്ങളുടെ ഗുണാംശങ്ങളെ നിവൃത്തിയുള്ളിടത്തോളവും കാണുകയില്ലെന്നുള്ള കർശവ്രതത്തോടുകൂടിയ 'വിദ്യാവിനോദിനി'യെ ആകർഷിച്ചു രസിപ്പിച്ചു മയിപ്പിച്ചതിലാണ് ഈ കൃതിയുടെ സാമർത്ഥ്യം നിലപിടിക്കുന്നത്. എത്ര തവണ വായിച്ചിട്ടും മതിയായിട്ടില്ല എന്നു മയൂരസന്ദേശത്തെക്കുറിച്ചു വിദ്യാവിനോദിനി അഭിപ്രായം പറഞ്ഞിരിക്കുന്നു. ഈ കാവ്യത്തെ സംബന്ധിച്ച് എല്ലാ സഹൃദയന്റേയും അനുഭവം ഇതുതന്നെയാകുന്നു.

അർത്ഥപ്രൌഢി അലങ്കാരരസികത്വം മുതലായ ഗുണങ്ങൾ തികഞ്ഞ പദ്യങ്ങൾ മയൂരസന്ദേശത്തിൽ വളരെയുണ്ട്. കേവലം ശുഷ്കമായ ഒരു ശ്ലോകവും ഈ കൃതിയിൽ കാണുകയില്ല.

ലോകത്രാണവ്യതനവിരതം സേവയാ ലാളയന്തം.
ശ്ലോകപ്രീതാശയമദയക്ഷാന്തനോ ശ്രീവിശാഖൻ
കോകദ്വന്ദ്വാഭകുചഭരസുഭഗമാർ സന്തപിക്കും നൃകീട-
ശ്ലോകത്തെത്തിത്തിരളുടനേ മംഗളം ഭംഗമെന്യേ.

*　　　　*　　　　*

സന്താനാദപ്പൂഴുതമിളമ നീലകണ്ഠാംബജന്മാ-
ശ്രാന്തം സന്താപമയമതിരികിൽ കണ്ടു സദ്ഗുണ്ഡരാകം
ഗ്രാന്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹബന്ധം
ചിന്തം തന്നിൽ ഗുണമനോഗാധികപ്രേമവാന്താം ഭവാനം.

ഇവ അൎത്ഥപുഷ്ടിക്ക് ഉദാഹരിക്കാവുന്ന ചില പദ്യങ്ങളാകുന്നു. 'ഉദയമക്കാരൻ' എന്ന പദത്തിന്റെ അൎത്ഥചാതുൎയ്യം ആലോചിച്ച് അറിയേണ്ടതാകുന്നു. 'വിശാഖ' പദവും അൎത്ഥഗൎഭം തന്നെ. മയൂരത്തേയും ഭഗവാനേയും തുല്യമായി ബന്ധിക്കുന്നവിധം ചെയ്തിരിക്കുന്ന അൎത്ഥകല്പനയും സഹൃദയന്മാരെ വളരെ രസിപ്പിക്കുമെന്നതിനു സംശയമില്ല. മയൂരസന്ദേശത്തിൽ വൎണ്ണിച്ചിട്ടുള്ള ദേശങ്ങൾ കവി കണ്ടു പരിചയിച്ചിട്ടുള്ളവയാണ്. അതുകൊണ്ടു വൎണ്ണനയ്ക്കു വളരെ തന്മയത്വം കൂടിയിട്ടുണ്ട്. കവി തിരുവനന്തപുരം കൊല്ലം മുതലായ നഗരങ്ങളെ നല്ല ചാതുൎയ്യത്തോടുകൂടി വൎണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. മേഘസന്ദേശത്തേക്കാൾ കൂടുതൽ ശബ്ദഭംഗിയുണ്ടെന്നുള്ളതു മയൂരസന്ദേശത്തിന്റെ ഒരു ഗുണമാകുന്നു.

മയൂരസന്ദേശത്തിന്റെ ആവിൎഭാവത്തിനുശേഷം പല കവികളുടേയും ദൃഷ്ടി സന്ദേശകാവ്യമാൎഗ്ഗത്തിലേക്കു പതിഞ്ഞു. ഇതുകൊണ്ടുതന്നെ അവൎക്ക് മയൂരസന്ദേശത്തോടുള്ള ബഹുമാനം ഊഹിയ്ക്കാവുന്നതാണ്. ഇതിന്റെ ഫലമായി പല സന്ദേശകാവ്യങ്ങളും ഉണ്ടാകുവാൻ ഇടയായി. അവയിൽ വിപ്രസന്ദേശം ഗന്ധസന്ദേശം എന്നിവയുടെ പേരുകൾ സ്മരണീയങ്ങളാകുന്നു. പി. ജി. രാമയ്യരുടെ പ്രധാനമായ ഒരു കൃതിയാണു വിപ്രസന്ദേശം.

മിന്നൽക്കാമഞ്ചലകളുഴവർ പേരുകേട്ടോരു വീട്ടിൽ
കുന്നൽക്കണ്ണാൾ കുടമണിയും നാണിയെന്നുള്ള തന്വീ

യാണു വിപ്രസന്ദേശത്തിലെ നായിക. സന്ദേശം പറഞ്ഞയയ്ക്കുന്നതു നായികയാണെന്നുള്ളത് ഈ കൃതിയുടെ ഒരു വിശേഷമാകുന്നു. ശബ്ദത്തിൽ കവി വലിയ കോയിത്തമ്പുരാനെ പൂൎണ്ണമായി അനുകരിച്ചിരിക്കുന്നു. സാരള്യം പ്രസാദം രചനാസൌഷ്ഠവം മുതലായ ഗുണങ്ങൾ വിപ്രസന്ദേശത്തിൽ സുലഭങ്ങളാകുന്നു. രാമയ്യരുടെ ഈ വിശിഷ്ടകാവ്യത്തെ ഭാഷാപ്രണയികളായ കേരളീയർ എന്നും ആദരിക്കുമെന്നതിനു സംശ

യമില്ല. ഗരുഡസന്ദേശം എം. രാജരാജവൎമ്മതമ്പുരാന്റെ കൃതിയാകുന്നു. മയൂരസന്ദേശത്തെ അനുകരിച്ച് ഈ കാവ്യത്തിൽ പല അൎത്ഥകല്പനകളും ചെയ്തിട്ടുണ്ട്. വ്യാഖ്യാനസഹായംകൂടാതെ അൎത്ഥം ഗ്രഹിക്കുവാൻ വിഷമതയുള്ള പല പദ്യങ്ങളും ഗരുഡസന്ദേശത്തിലുണ്ട്. രചനയ്ക്കു പ്രസാദം കുറയും. ക്ലിഷ്ടങ്ങളായ പല പ്രയോഗങ്ങളും കാണുന്നു; എങ്കിലും വിചാരരസികന്മാരായ പണ്ഡിതന്മാൎക്ക് ഈ കൃതി അതൃപ്തിയെ കൊടുക്കുന്നതല്ല.

ഭ്രമരസന്ദേശം ഹംസസന്ദേശം മുതലായി വേറെയും ചില കൃതികൾ ഉണ്ടായിട്ടുണ്ട്.

കോകിലശുകമേഘസന്ദേശങ്ങൾ സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ളവയാകുന്നു. ഇവയിൽ ആദ്യത്തെ രണ്ടെണ്ണത്തിന്റേയും കൎത്താവു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനാകുന്നു. മേഘസന്ദേശത്തിനു രണ്ടുമൂന്നു ഭാഷാന്തരങ്ങൾ ഉണ്ടായിട്ടുണ്ട്. എ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ, എണ്ണക്കാട്ട രാജരാജവൎമ്മതമ്പുരാൻ, പട്ടം കൊച്ചുകൃഷ്ണപിള്ള, കുണ്ടൂർ നാരായണമേനവൻ എന്നിവർ പരിഭാഷകന്മാരാകുന്നു. ശുകസന്ദേശത്തിന്റേയും കോകിലസന്ദേശത്തിന്റേയും പരിഭാഷകൾ കൈരളിയുടെ അനൎഘനിധികൾതന്നെ. ഭാഷപ്പെടുത്തുന്ന കാൎയ്യത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാന് ഒരു പ്രത്യേകവിരുതുണ്ട്. ചില സന്ദൎഭങ്ങളിൽ തമ്പുരാൻ മന്നാടിയാരേയും താഴ്ത്തിവെക്കുന്നു എന്ന് ഈ പരിഭാഷകൾ വായിച്ചിട്ടുള്ളവർ സമ്മതിക്കും. എത്ര വലിയ ദുൎഘടഘട്ടത്തിലും ഒരു ക്ലേശലില്ലായ്ക തമ്പുരാനുള്ള ഒരു ഗുണമാകുന്നു. മൂലത്തിന്റെ അൎത്ഥത്തെ ഭംഗിയേറിയ ഭാഷയിൽ പകൎത്തുന്ന കാൎയ്യത്തിൽ സാമാന്യേന കുഞ്ഞിക്കുട്ടൻതമ്പുരാൻ എല്ലാ പരിഭാഷകരേയും ജയിച്ചുതന്നെ നില്ക്കുന്നു. ലക്ഷ്മീദാസന്റെ പ്രൗഢിയും ഉദ്ദണ്ഡന്റെ പാണ്ഡിത്യവും കൈരളിക്കു വശപ്പെടുന്ന ഗുണങ്ങളല്ല. അവയെ ഭാഷയിൽ പകൎത്തുവാൻ തമ്പുരാൻ ചെയ്ത പരിശ്രമം നല്ലപോലെ ഫലിച്ചിട്ടുണ്ട്. മേഘസന്ദേശത്തിന്റെ പ

തിരോഷകൾ സാമാന്യേന നന്നായിട്ടുള്ളവയാണെന്നുതന്നെ പറയാം.

ഹംസസന്ദേശാദി പല കാവ്യങ്ങൾക്കും ഭാഷാന്തരം നമുക്കു ലഭിക്കേണ്ടതുണ്ടു്. അവയിലേയ്ക്കു പണ്ഡിതന്മാരായ കവികളുടെ ദൃഷ്ടി പതിയുമെന്നു വിശ്വസിക്കുന്നു.

(൧) ഭഗവൽസ്തോത്രം (൨) രാജസ്തുതി (൩) സമാജോപദേശം (൪) ശൃംഗാരം (൫) വിലാപം (൬) വിനോദം (൭) പ്രകൃതിവൎണ്ണനം (൮) ചരിത്രം (ഐതിഹ്യം) (൯) ദേശയാത്ര (൧൦) എഴുത്തു് എന്നീ ഇനങ്ങളിലായി അസംഖ്യം അസംഖ്യം ലഘുകാവ്യങ്ങൾ ഉണ്ടായിട്ടുണ്ടു്. സാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠയെ അൎഹിക്കത്തക്കവണ്ണം യോഗ്യത കൂടിയ പല കൃതികളും ഈ വൎഗ്ഗങ്ങളിൽ ഉണ്ടെന്നു പറയാവുന്നതാണു്. പ്രതിഷ്ഠ കിട്ടിയിട്ടുള്ള മഹാകവികൾതന്നെയാണു് ഇവയിൽ അധികം എണ്ണത്തിന്റെയും കൎത്താക്കന്മാർ. ആ സ്ഥിതിക്കു് അവ അസൽകാവ്യങ്ങളാകുവാൻ ഇടയില്ലല്ലൊ. നമ്മുടെ ഭാഷാഭണ്ഡാരത്തെ പരിപോഷിപ്പിക്കുന്നതിന്നു് ഈ വൎഗ്ഗങ്ങളിലുണ്ടായിട്ടുള്ള കാവ്യങ്ങൾ സമൎത്ഥങ്ങളാകുന്നു.

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ കൊച്ചുണ്ണിത്തമ്പുരാൻ വെണ്മണിനമ്പൂരിമാർ നടുവത്തു നമ്പൂരിമാർ ഒറവങ്കര നമ്പൂരി കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ വള്ളത്തോൾ നാരായണമേനോൻ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ എന്നിവർ വിശിഷ്ടങ്ങളായ പല സ്തോത്രങ്ങളെയും രചിച്ചിട്ടുള്ളവരാകുന്നു. ഭക്തന്മാൎക്കു ഈശ്വരവിചാരം ഉണ്ടാകുന്നതിന്നു അതേസമയത്തുതന്നെ സാഹിത്യസാരസ്യസുഖം ലഭിക്കുന്നതിന്നും ഇവരുടെ കൃതികൾനിമിത്തം ഇടയാകുന്നു. വലിയ കോയിത്തമ്പുരാന്റെ പാദപത്മശതകം സ്തോത്രങ്ങളുടെ ഒരു മകുടമാകുന്നു. വാൎദ്ധക്യകാലത്തു വിഷയവിരക്തനായിബ്ഭവിച്ച കവിയുടെ ഹൃദയത്തിൽനിന്നു് അകൃത്രിമമായ വാങ്മാധുൎയ്യത്തോടുകൂടി പുറപ്പെടുന്ന ഭക്തിയുടെ ഒരു നിഷ്യന്ദമാണു് ഈ

കൃതിയിൽ അവതരിപ്പിക്കപ്പെടുന്നത്. പൂർവ്വകാലത്തു ചെയ്തിട്ടുള്ള ചാപല്യങ്ങളെ അനുസ്മരിച്ചുകൊണ്ടു കവി ചെയ്തിരിക്കുന്ന ഭഗവൽപ്രാർത്ഥന ആരുടെ ഹൃദയത്തെയും ആകർഷിക്കാതെയിരിക്കയില്ല.

യാമീഹ കം ശരണ-മംബുജലോചന! ലോകേ-
കാമീ ഭയച്ചരണനാരാരിണ ദക്ഷരാജ്യനാൻ
ക്ലീബകാവ്യമഹാമോഹന! പാമനാദ-
സദാരി! മേധികരണമനികിനിയമൃജമം

ഇത്യാദി പ്രാർത്ഥനകൾ ഭക്തിപരവശനായ കവിയുടെ ഹൃദയത്തിൽനിന്നു നിർവ്യാജമായി പുറപ്പെടുന്നവയാകുന്നു.

സംഗീതസാഹിതികളിൽ കളിയാടിലില-
സംഗീർഗ്ഗവ്യായിരചുകൾസുകരാസുമൻ
അംഗീകരോമി പരമാദ്ഭുതവപ്രവാള-
ഭംഗീതരംഗിതഭോഗദതം ദ്വീപസവം

എന്നും മറ്റുമുള്ള കവിയുടെ പൂർവ്വവൃത്താനുസ്മരണകൾ ഭക്തിയുടെ ശക്തിയെ വർദ്ധിപ്പിക്കുന്നവയാകുന്നു. വലിയ കോയിത്തമ്പുരാന്റെ പ്രാസനിർബ്ബന്ധവും അർത്ഥാലങ്കാരചാതുര്യവും ഈ ചെറിയ കാവ്യത്തിൽ തെളിഞ്ഞു വിളങ്ങുന്നുണ്ട്. വള്ളത്തോളിന്റെയും ഒറവങ്കരയുടേയും ദേവീസ്തവങ്ങൾ ഗുണപാരമ്യത്തെ പ്രാപിച്ചിട്ടുള്ളവയാണ്. ഭക്തികൊണ്ടെന്നപോലെ സാഹിത്യഗുണങ്ങൾകൊണ്ടും ഇവ ആദരണീയങ്ങൾതന്നെ. വള്ളത്തോളിനു പ്രസാദവും ലാളിത്യവും കൂടും; ഒറവങ്കരയുടെ ഫലിതചാതുര്യവും ചിന്താശക്തിയും സ്തോത്രങ്ങളിൽ പല സന്ദർഭങ്ങളിലും പ്രകാശിപ്പിച്ചിട്ടുണ്ട്. കൊച്ചുണ്ണിത്തമ്പുരാന്റെ സ്തോത്രങ്ങൾ പ്രൗഢി കൂടുന്നവയാണ്. വെണ്മണി നമ്പൂരിമാരുടെയും നടുവത്തു നമ്പൂരിമാരുടേയും സ്തോത്രങ്ങളെ ഏറെക്കുറെ ഒരേ നിലയിൽ ഗണിക്കാം. ഫലിതം പ്രസാദം ലാളിത്യം മുതലായവ ഇവയിലെ പ്രധാനഗുണങ്ങളാകുന്നു.

നാരായണീയം, അമൃതലഹരി, സുധാലഹരി, കരുണാലഹരി മുതലായവ ഭാഷപ്പെടുത്തിയിട്ടുള്ള സ്തോത്രങ്ങളാകുന്നു.

കെ. സി. കേശവപ്പിള്ള, പി. നാരായണപ്പിഷാരടി, പണ്ഡിതർ ഇ. വി. രാമൻ നമ്പൂതിരി എന്നിവരാണ പരിഭാഷകന്മാർ. നാരായണീയത്തിന്ന രണ്ടു പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. ശങ്കരാചാര്യസ്വാമി മേല്പുത്തൂർ ഭട്ടതിരി ജഗന്നാഥപണ്ഡിതർ എന്നീ അനുഗ്രഹീതകവികളാണ മൂലത്തിന്റെ കർത്താക്കന്മാർ. അവരുടെ വാഗ്വിലാസചാതുര്യം പ്രസിദ്ധമാണല്ലൊ. സംസ്കൃതപരിചയം ഇല്ലാത്ത കേരളീയൎക്ക് ഈ കവികളുടെ കവിതാമാധുര്യം ആസ്വദിക്കുവാൻ ഇടവരുത്തിയ പരിഭാഷകന്മാരെ ഭക്തജനങ്ങൾ സവിശേഷം ശ്ലാഘിക്കുന്നതാണ്. പരിഭാഷകന്മാർ ഉദ്ഭടമായ വൈദുഷ്യവും വാസനയും പരിശ്രമവും ഉള്ളവരാകകൊണ്ടു ഭാഷാന്തരങ്ങൾക്കു അത്രമാത്രം മെച്ചം കിട്ടിയിട്ടുണ്ട്. കേശവപിള്ളയുടെ നാരായണീയം ഭാഷയെക്കാൾ പിഷാരടിയുടേതിന്നു ഗുണം കൂടുമെന്നു കാണുന്നു. പിഷാരടിയുടെ നാരായണീയം ഭാഷയിൽ ഗുരുപവനപുരേശനെ സംഗമേശനായി മാററിയിട്ടുണ്ട്. ഇഷ്ടദേവതാപക്ഷപാതംതന്നെ ഇങ്ങിനെ ചെയ്യുവാൻ കാരണം. ഈ വിധം ചെയ്തതുകൊണ്ടു കൃതിയുടെ ഗുണപൌഷ്കല്യത്തിന്നു കുറവു സംഭവിച്ചിട്ടില്ല. നാരായണപ്പിഷാരടിയുടെ ഭാഷ ശ്രേധാനാരായണീയമാണെന്നു ഒരു വിശേഷം ഉണ്ട്. ഈ കൃതി പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ജഗന്നാഥപണ്ഡിതരുടെ ശബ്ദഭംഗിയെ, അർത്ഥസൌഷ്ഠവത്തിന്നു ഹാനി തട്ടാതെ ഭാഷയിലും സംരക്ഷിക്കുവാൻ പരിഭാഷകനായ രാമൻ നമ്പൂരിക്കു നല്ലപോലെ കഴിഞ്ഞിട്ടുണ്ട്. പണ്ഡിതരുടെ ലഹരികളിൽ കരുണാലഹരി പ്രധാനമായ ഒന്നാണ്. അതിന്റെ ഭാഷ പ്രത്യേകിച്ചു നന്നായിട്ടുണ്ടു. സ്വതന്ത്രകൃതിയാണെന്ന് തോന്നിക്കത്തക്കവണ്ണം ഉൽകൃഷ്ടാതിശയം കരുണാലഹര്യാദി കൃതികളുടെ ഭാഷക്കു സിദ്ധമായിട്ടുണ്ടെന്നുള്ളതിന്നു സഹൃദയഹൃദയം തന്നെ സാക്ഷി.

സംസ്കൃതത്തിൽനിന്നു പല സ്തോത്രങ്ങളുടേയും ഭാഷ നമുക്കു ലഭിക്കേണ്ടതായിരിക്കുന്നു. ശ്രീശങ്കരാചാര്യസ്വാമി, മേല്പുത്തൂർ ഭട്ടതിരി, രാമപാണിവാദൻ എന്നീ കേരളീയകവികളുടെ സ്തോ

ത്രങ്ങൾക്കുതന്നെ മുഴുവൻ ഭാഷ ലഭിച്ചിട്ടില്ല. ബാണൻ മധുസൂദനസരസ്വതി മയൂരൻ വേദാന്തദേശികർ അപ്പയ്യദീക്ഷിതർ രാമഭദ്രദീക്ഷിതർ നീലകണ്ഠദീക്ഷിതർ വെങ്കിടാദ്ധ്വരി മുതലായവർ വിവിധങ്ങളായ സ്തോത്രപ്രബന്ധങ്ങളെ വിരചിച്ചിട്ടുണ്ട്. അവയുടെ ഭാഗ്യം കിട്ടാതെ നിവൃത്തിയില്ല. ലക്ഷ്മീസഹസ്രം (വെങ്കിടാദ്ധ്വരി) പാദുകാസഹസ്രം(വേദാന്തദേശികർ) ശ്രീപാദസപ്തതി (മേപ്പത്തൂർ ഭട്ടതിരി) എന്നിവകൾ സ്തോത്രങ്ങളുടെ പരിശോധകന്മാർ എത്ര ഭാഗ്യവും ഗരിമാവത്തേയും വിശാലതയേയും ജനിപ്പിക്കുന്നവയാകുന്നു. ഇവയുടെ ഭാഷ ഭക്തന്മാർക്കു വിശേഷിച്ചും വലിയ അനുഗ്രഹമായിരിക്കുമെന്നതിനു സംശയമില്ല. ഈശ്വരസാമീപ്യത്തെപ്രാപിക്കുന്നതിനുള്ള സുലഭമായ ഒരു മാർഗ്ഗമാകുന്നു സ്തോത്രപാരായണം. സാഹിത്യപരിചയത്തിനും ഈ മാർഗ്ഗം പ്രയോജനപ്പെടുന്നു. അതുകൊണ്ടു കേരളീയർക്കു സ്തോത്രപാരായണത്തിനു വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു പണ്ഡിതന്മാരുടെ ഒരു കടമയാകുന്നു.

നമുക്കു രാജസ്തോത്രങ്ങൾ ധാരാളമായി ലഭിച്ചിട്ടുണ്ട്; എങ്കിലും ഗുണപുഷ്ടികൊണ്ടു നമ്മുടെ ഹൃദയത്തെ ഗ്രഹിക്കുന്നവയുടെ സംഖ്യ വളരെ ചെറിയതാകുന്നു.

'നരാണാം ച നരാധിപം'

എന്നു ഭഗവത്ഗീതയിൽ ഉപദേശിച്ചിരിക്കുന്നതനുസരിച്ചു, പൌരസ്ത്യർ രാജാക്കന്മാരെ ഈശ്വരതുല്യന്മാരായി വിചാരിച്ചു പൂജിക്കുന്നു. അതുകൊണ്ട് അവർ പൊതുവേ രാജഭക്തന്മാരാകുന്നു. മററുള്ളവരെ അപേക്ഷിച്ചു കേരളീയർ രാജഭക്തിയിൽ വളരെ മുൻപിട്ടു നില്ക്കുന്നു. ഇതുതന്നെ മറൊരേടത്തും ഇല്ലാത്തവിധം രാജസ്തോത്രങ്ങൾ കേരളത്തിൽ അധികം ഉണ്ടാകുവാൻ കാരണം. വിശിഷ്ടസന്ദർഭങ്ങളിൽ രാജാക്കന്മാർക്കു കാഴ്ചവയ്ക്കുവാൻ കവികൾ നിർമ്മിച്ചിട്ടുള്ളവയിൽ സരസങ്ങളായ പല സ്തോത്രങ്ങളും ഉണ്ട്. എസ്. പരമേശ്വരയ്യർ മേലങ്ങത്തു് അച്യുതമേനോൻ വാസുദേവനമ്പൂരി എന്നിവർ രാജസ്തോത്രമ

യങ്ങളായ കാവ്യങ്ങൾ രചിച്ചിട്ടുള്ളവരാകുന്നു. ഇവയിൽ ഭക്തിഗീതി മുതലായവ സഹൃദയന്മാരാൽ ശ്ലാഘിക്കപ്പെട്ടിട്ടുള്ളവയാണ്. രാജേന്ദ്രകർണ്ണപൂരം പ്രാണാളമാനം മുതലായവയെപ്പോലെ പ്രൌഢിയും രസികതയും തികഞ്ഞ സ്തോത്രങ്ങൾ ഈ ശാഖയിൽ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ മാതിരി കൃതികളുടെ ഭാഷാന്തരം കിട്ടിയാൽ വലിയ ഭാഗ്യമാകുന്നതാണ്.

സന്മാർഗ്ഗോപദേശകങ്ങളായ കാവ്യങ്ങളുടെ വർഗ്ഗത്തിൽ അന്യാപദേശങ്ങൾക്ക് ഒരു പ്രധാനസ്ഥാനം കല്പിക്കാം. ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള ഒരു സ്വതന്ത്രകൃതി ഗ്രാമത്തിൽ കോയിത്തമ്പുരാന്റെ അന്യാപദേശമാകുന്നു. ഈ കാവ്യം ചെറിയതെങ്കിലും വിശിഷ്ടത കൂടിയതാണ്. തമ്പുരാനു സൽക്കവികളുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനം സമ്പാദിച്ചുകൊടുക്കുവാൻ ഈ കാവ്യം സമർത്ഥമാകുന്നു. സഹൃദയന്മാരെ രസിപ്പിക്കുന്ന നൂതനങ്ങളായ പല കല്പനകളും ഈ കാവ്യത്തിൽ ഉണ്ട്. സംസ്കൃതത്തിൽനിന്നു രണ്ടു അന്യാപദേശങ്ങൾ ഭാഷപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഒന്നിന്റെ പരിഭാഷകൻ കേരളവർമ്മ വലിയ കോയിത്തമ്പുരാനാകുന്നു. സംസ്കൃതപദങ്ങൾ കുറഞ്ഞു ലളിതമായ ഭാഷകൊണ്ട് ആരേയും ആകർഷിക്കുന്നതാണ് വലിയ കോയിത്തമ്പുരാന്റെ അന്യാപദേശം ഭാഷ. രണ്ടാമത്തതിന്റെ പരിഭാഷകൻ സി. എൻ. രാമൻപിള്ളയാകുന്നു. ഈ കവിയുടെ ഒരു പ്രധാന കൃതിയാണ് അന്യാപദേശം ഭാഷ. നാനാമുഖങ്ങളായ ലോകതത്വങ്ങളെ വളരെ സരസമായി ഉപദേശിച്ച് സഹൃദയന്മാരെ വശീകരിക്കുന്നതിന് ഈ കൃതികൾക്ക് രണ്ടിനും ഒരുപോലെ ശക്തിയുണ്ട്. ഇവ രണ്ടും ഭാഷയുടെ വിലപിടിച്ച ആഭരണങ്ങളാകുന്നു. ഒട്ടല്ലാത്ത കവികളുടെ അന്യാപദേശങ്ങൾക്ക് പരിഭാഷ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ അന്യാപദേശകാവ്യമാർഗ്ഗത്തിനു വിശാലതയും രമണീയതയും വർദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നത്. സുഭാഷിതരത്നഭാണ്ഡാഗാരം ഭർത്തൃഹരിനീതിശതകം മുതലായവ സദുപദേശാ

തൎമകങ്ങളായ ചില കാവ്യങ്ങളുമാകുന്നു. ഇവ സംസ്കൃതത്തിന്റെ പരിഭാഷകളാണ്. വിവിധങ്ങളായ സന്മാൎഗ്ഗങ്ങളെ ഉപദേശിക്കുന്ന മറെറാരു കാവ്യമാണു സോമന്റെ ഉപദേശങ്ങൾ. ഈവക കൃതികൾ അധികവും വിദ്യാൎത്ഥികൾക്കാണു പ്രയോജനപ്പെടുന്നതു്. വിവിധവിഷയങ്ങളെ അധികരിച്ചു് സന്മാൎഗ്ഗോപദേശപ്രധാനങ്ങളായ കാവ്യങ്ങൾ നമുക്കു് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ക്ഷേമേന്ദ്രൻ ബൽഹണൻ വേദാന്തദേശികർ മുതലായവരുടെ ചില കൃതികൾ ഭാഷപ്പെടുത്തിയാൽ ഈ ശാഖയ്ക്കു വേണ്ട പരിപോഷണം ലഭിക്കുന്നതാണു്.

ശൃംഗാരകൃതികൾ രചിക്കാത്ത കവികൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ പലരുടേയും ശൃംഗാരകൃതികൾ നഗ്നങ്ങളും അശ്ലീലാദിദോഷങ്ങളും ആയിരിക്കുന്നു എന്നതു ഒരു ശോചനീയമായ വാസ്തവമാകുന്നു. അതുകൊണ്ടു ആവക കൃതികളെക്കുറിച്ചു ഇവിടെ ഒന്നും ചിന്തിക്കേണ്ടതില്ല. അമരുകാദി സംസ്കൃതകാവ്യങ്ങളെ അനുകരിച്ചു് ആദ്യമായി ഭാഷയിൽ ഉണ്ടായ ഒരു ശൃംഗാരകാവ്യം വിലാസലതികയാകുന്നു. ശാസ്ത്രീയമായ സംസ്കാരശുദ്ധി ലഭിക്കുന്നതായാൽ ശൃംഗാരത്തിനു് എത്രമാത്രം ഉൽകൎഷത്തെ പ്രാപിക്കുവാൻ കഴിയുമെന്നതിനു പരമമായ ഉദാഹരണമാണു വിലാസലതിക. ഇതിലെ പദ്യങ്ങൾ അദൂഷ്യങ്ങളും അക്ലിഷ്ടങ്ങളും രസപുഷ്ടങ്ങളും ആയിരിക്കുന്നു. വള്ളത്തോൾ തൂലികയുടെ ഒരു സത്തമസന്താനമാണു് ഈ കാവ്യം. അമരുകം പുഷ്പബാണവിലാസം എന്നീ സംസ്കൃതകൃതികൾക്കു് ഉണ്ടായിട്ടുള്ള ഭാഷാന്തരങ്ങൾ രണ്ടു പ്രശസ്തശൃംഗാരകാവ്യങ്ങളാണ്. ഇവ രണ്ടും സഹൃദയന്മാരെ ബലാൽ ആകൎഷിക്കുന്നവയാകുന്നു. കേരളവൎമ്മ വലിയ കോയിത്തമ്പുരാനാണു് അമരുകത്തിന്റെ പരിഭാഷകൻ. അന്യാപദേശം ഭാഷയുടെ സഹോദരസ്ഥാനം അമരുകം ഭാഷയ്ക്കു കല്പിച്ചു കൊടുക്കാം. ലാളിത്യവും ശുദ്ധിയും തികഞ്ഞതാണു് അമരുകത്തിന്റെ ഭാഷാരീതി. പ്രസാദം കൂടിയ ഭാഷയിൽ ശൃംഗാരാ

യി മൂലത്തിലെ ആശയത്തെ പ്രകാശിപ്പിക്കുന്നതിനു സൽകവിയായ പള്ളിത്തു രാമനുള്ള സാമൎത്ഥ്യം പുഷ്പബാണവിലാസം വെളിവാക്കുന്നുണ്ടു്. ഈ ചെറിയ കാവ്യത്തിനും ഭാഷയിൽ ഒരു നല്ല സ്ഥാനംതന്നെ കിട്ടിയിരിക്കുന്നു.

ഭാണങ്ങളെ ശൃംഗാരകാവ്യങ്ങളുടെ ഇനത്തിൽ ഉൾപ്പെടുത്താം. ഈ വൎഗ്ഗത്തിൽ സ്വതന്ത്രങ്ങളായ സൽകാവ്യങ്ങൾ വളരെ കുറച്ചു മാത്രമേ ഉണ്ടായിട്ടുള്ളു. വെണ്മണിനമ്പൂരിയുടെ കാമതിലകം രസപുഷ്ടിയുള്ള ഒരു ഭാണമാകുന്നു. സംസ്കൃതത്തിൽനിന്നു പല ഭാണങ്ങളേയും ഭാഷപ്പെടുത്തിയെങ്കിൽ മാത്രമേ ഈ ശാഖയുടെ ദാരിദ്ര്യം ശമിക്കുകയുള്ളു.

ശൃംഗാരകാവ്യങ്ങളെസ്സംബന്ധിച്ചിടത്തോളവും ശ്രേഷ്ഠകവിയായ കുമാരനാശാന്റെ പ്രസ്ഥാനം പൌരസ്ത്യന്മാരുടേതിൽനിന്നു ഭിന്നമായ ഒന്നാണ്. നളിനി കരുണ ദുരവസ്ഥ മുതലായവ ഈ പ്രസ്ഥാനത്തിന്റെ സന്താനങ്ങളാകുന്നു. ഈ പ്രസ്ഥാനം ആശാനു വളരെ പരാജയം ഉണ്ടാക്കിയിരിക്കുന്നു എന്നാണു പറയേണ്ടതു്. യഥാൎത്ഥമായ പ്രേമ(അനുരാഗ)ത്തിന്റെ സാത്വികമായ ശുദ്ധിയേയും സ്വഭാവത്തേയും അറിയുന്നതിനും അവയെ വേണ്ട വിഭാവങ്ങളെക്കൊണ്ടു ഉചിതമായി പ്രകാശിപ്പിക്കുന്നതിനും ആശാനു കഴിഞ്ഞിട്ടില്ല; അത്രയുമല്ല കേവലം ബാലന്മാൎക്കുകൂടി സംഭവിക്കാത്ത തെറ്റുകൾ ഈ വിഷയത്തിൽ ആശാനു പററിയിട്ടുണ്ടെന്നുകൂടി പറയണം. കരുണയിലെ നായികയായ വേശ്യയും നായകനായ ഉപഗുപ്തനും തമ്മിൽ ഉള്ള അനുരാഗത്തിന്റെ സ്വഭാവത്തെ വൎണ്ണിച്ചിരിക്കുന്നതു നോക്കിയാൽ ഈ അഭിപ്രായത്തിന്റെ വാസ്തവം തെളിയും. ഈ കൃതിയിൽ നായികയായ വേശ്യയ്ക്കു തന്റെ കാമുകനിൽ ഉള്ള അനുരാഗം കൃത്രിമമോ അകൃത്രിമമോ എന്നു കാണിക്കുവാൻ കവിക്കു കഴിഞ്ഞിട്ടില്ല. ദുരവസ്ഥയിൽ കാണുന്ന പ്രേമവും സാത്വികമായ മനോവൃത്തിയുടെ ഫലമല്ല. മനശ്ശാസ്ത്രത്തിന്റെ പ്രാഥമികതത്വങ്ങളെക്കൂടി ആശാൻ വിസ്മരിച്ചതായി

കാണുന്നു. മാംസമൊക്കെ ശോഷിച്ച് ഓജസ്സും സൌന്ദര്യവും കറഞ്ഞ് അസ്ഥിമാത്രാവശേഷയായി ഭവിച്ച ഒരു വിരക്തയായ ശൃംഗാരദേവതയെ ആണ് ആശാന്റെ നളിനിയിൽ കാണുന്നത്. ശൃംഗാരപ്രധാനങ്ങളായ കാവ്യങ്ങളിൽ ആത്മചിന്തയ്ക്കു (ശാന്തിക്കു) വേണ്ടതിലധികം സ്ഥാനം കൊടുക്കുന്നതു യുക്തമല്ല. ശൃംഗാരവും ശാന്തിയും ഒരുമിച്ചിരിക്കുന്ന രസങ്ങളല്ല. അവ വിഭിന്നമനോവൃത്തികളുടെ ഫലങ്ങളാകുന്നു. ഇവയെ കൂട്ടിക്കലർത്തിയതിൽ ആശാനു വലിയ പാകപ്പിഴ സംഭവിച്ചു. ഇതുനിമിത്തം ആശാന്റെ ശൃംഗാരം വിരക്തിജനകമായി. ആത്മതത്വചിന്തനത്തിൽ വിചക്ഷണനായ ആശാനെസ്സംബന്ധിച്ചിടത്തോളവും ഈ പരാജയം ഒരു സാരമായ ദോഷമല്ലായിരിക്കാം; എന്നാൽ ശാസ്ത്രസമ്മതവും പൂർവ്വകവിവരിഷ്ഠന്മാരാൽ അംഗീകൃതവും ആയ ശൃംഗാരസരണിയെ ആശാന്റെ ഈ നയം കലുഷമാക്കിയിട്ടുണ്ടെന്നുതന്നെ പറയണം. നളിനിയിലും കരുണയിലും കാണുന്ന പ്രേമം (അനുരാഗം) ലോകത്തിലും ശാസ്ത്രത്തിലും കാണുവാൻ കഴിയാത്ത ഒന്നാണ്. ദുരവസ്ഥയിലെ അനുരാഗത്തിനും പരിശുദ്ധി കാണുന്നില്ല. ബന്ധനസ്ഥനായ അനിരുദ്ധൻ മുതലായ കൃതികൾ ഉത്തമാനുരാഗത്തിന് ഉദാഹരിക്കപ്പെടാവുന്നവയാണ്. ഇതുപോലെ വേറെയും പല സൽകാവ്യങ്ങൾ ഈ വർഗ്ഗത്തിൽ ഉണ്ടായിട്ടുണ്ട്.

ഇഷ്ടജനവിയോഗംനിമിത്തം കവികൾ രചിച്ചിട്ടുള്ള കരുണാത്മകങ്ങളായ കൃതികളാണു വിലാപകാവ്യങ്ങൾ. 'പ്രരോദനം' ഈവിധം ഉള്ള ഒരു സൽകാവ്യമാകുന്നു. ആസന്നമരണചിന്താശതകം കണ്ണുനീർത്തുള്ളി വീണപൂവു എന്നിവയും വിലാപകാവ്യവർഗ്ഗത്തിൽ ഗണിക്കപ്പെടേണ്ടവതന്നെ. ആശാൻ പ്രകൃത്യാ ആദ്ധ്യാത്മികവിഷയചിന്താചതുരനാകുന്നു. ആത്മചിന്തയ്ക്കു ഒരു അവസരം കിട്ടിയാൽ ആശാൻ അതിനെ വ്യർത്ഥമാക്കുകയില്ല. വീണപൂവ് ഒരു ചെറിയ കാ

വ്യമെങ്കിലും അതു സഹൃദയന്മാരെ കണക്കിലധികം ആകർഷിച്ചിരിക്കുന്നു. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ആകസ്മികമായ ചരമത്തെ അധികരിച്ചു രചിച്ചിട്ടുള്ളതാണു പ്രരോദനം. ഇതു് ആത്മതത്വരഹസ്യങ്ങളെ തുറന്നുകാണിക്കുന്ന ഒരു കൃതിയാകുന്നു. ലൌകികവിഭവങ്ങളുടെ അല്പത ആത്മീയസുഖത്തിന്റെ നിത്യത മുതലായവയെ പ്രരോദനം ഭംഗിയായി പഠിപ്പിക്കുന്നുണ്ടു്. ജഗന്നാഥപണ്ഡിതരുടെ ഭാമിനീവിലാസത്തിൽനിന്നു ഒരു ഭാഗം ഭാഷയാക്കി, കെ. സി. കേശവപ്പിള്ള ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഈ ചെറിയ കൃതി രസപുഷ്ടികൊണ്ടു് അദ്വിതീയമായ ഒന്നാകുന്നു. 'വിലാപ'ശാഖയിൽ കാവ്യങ്ങൾ ഉണ്ടാകുവാൻ തുടങ്ങിയിട്ടേയുള്ളു. ഭാവിയിൽ ഈ ശാഖെക്കു പുഷ്ടി കിട്ടുമായിരിക്കാം.

വിനോദപ്രധാനങ്ങളായ കാവ്യങ്ങളെ രചിക്കുന്നതിനു് എല്ലാവർക്കും സാമർത്ഥ്യം ലഭിച്ചു എന്നു വരുന്നതല്ല. വളരെ ചുരുക്കം കവികളുടെ ദൃഷ്ടി മാത്രമേ ഈ ശാഖയിലേക്കു പതിഞ്ഞുകാണുന്നുള്ളു. 'വിദൂഷകത്വ'മാണു വിനോദകാവ്യങ്ങളുടെ ജീവൻ. ഫലിതത്തോടുകൂടി പരിഹാസത്തെ പ്രയോഗിക്കുവാൻ മിടുക്കുള്ളവർക്കല്ലാതെ വിനോദകാവ്യങ്ങളിൽ വിജയം ലഭിക്കുന്നതല്ല. മത്സ്യസന്ദേശം (ശീവൊള്ളി) ചക്കീചങ്കരം (രാമക്കുറുപ്പ്) എന്നിവയെ വിനോദകാവ്യങ്ങളായി ഗണിക്കാം. ശീവൊള്ളിയുടേയും രാമക്കുറുപ്പിന്റെയും ഫലിതവിലാസത്തോടുകൂടിയ കല്പനകൾ ആരേയും രസിപ്പിക്കുന്നവയാണെന്നു് ഈ കൃതികൾ വെളിവാക്കുന്നു. സന്ദേശങ്ങളേയും നാടകങ്ങളേയും പരിഹസിക്കുന്നതിനുവേണ്ടിയാണു് ഈ കൃതികളെ തൽകർത്താക്കന്മാർ രചിച്ചിട്ടുള്ളതു്. കൊച്ചുനമ്പൂതിരി ഒരു വലിയ രസികനും ഫലിതക്കാരനും ആയിരുന്നു. സംഘംകളി (യാത്രകളി)ക്കാരുടെ ഉപയോഗത്തിനുവേണ്ടി ഇദ്ദേഹം രചിച്ചിട്ടുള്ള പല ഒറ്റശ്ലോകങ്ങളും പാട്ടുകളും പ്രസിദ്ധങ്ങളാണു്. കൊച്ചുനമ്പൂതിരിയെപ്പോലെ വിനോദകവനത്തിൽ രസികനാ

യ ഒരു കവി വേറെ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ സന്ദർഭത്തിൽ പട്ടമന കൊച്ചുണ്ണിനമ്പൂതിരിയുടെ പേർകൂടി സ്മരിക്കേണ്ടതുണ്ട്. ആരേയും ആകർഷിക്കുന്ന പരിഹാസകവനങ്ങൾ രചിക്കുവാൻ കൊച്ചുണ്ണിനമ്പൂതിരിക്കു പ്രത്യേകം ഒരു ചാതുര്യം കാണുന്നു. ഈ കവിയുടെ ലഘുകൃതികൾക്കു വിനോദകാവ്യവർഗ്ഗത്തിൽ ഒരു മാന്യസ്ഥാനം ലഭിക്കാതെയിരിക്കയില്ല. വിനോദകാവ്യങ്ങൾ ഭാഷയിൽ ഉണ്ടാകേണ്ടതു ആവശ്യമാകുന്നു.

പ്രകൃതിയെ വർണ്ണിച്ചുകൊണ്ടു പ്രത്യേക കാവ്യങ്ങൾതന്നെ രചിക്കുവാൻ കവികൾക്ക് ഉത്സാഹം ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. 'പ്രകൃതി' (എം. ആർ. കൃഷ്ണവാരിയർ) 'വിശ്വരൂപം' (വി. സി. ബാലകൃഷ്ണപ്പണിക്കർ) മുതലായവ ഈ ഇനത്തിലുള്ള ചില സൽകാവ്യങ്ങളാകുന്നു. തിരുവിതാംകൂറിന്റെ കിഴക്കൻപ്രദേശങ്ങളിലുള്ള ഭയങ്കരങ്ങളായ അരണ്യങ്ങളേയും ഉന്നതങ്ങളായ മലകളേയും സ്വച്ഛജലകളായ നദികളേയും 'പ്രകൃതിയിൽ' സാമർത്ഥ്യത്തോടുകൂടി വർണ്ണിച്ചിട്ടുണ്ട്; ഈവക പ്രകൃതിസൌന്ദര്യങ്ങളെ ഇത്രമാത്രം ഭംഗിയായി വർണ്ണിക്കുന്ന ഒരു കാവ്യം വേറെ ഉണ്ടെന്നു തോന്നുന്നില്ല. വിശ്വരൂപത്തിന്റെ പ്രകൃതിയൊന്നു വേറെയാണ്. അലങ്കാരസരസങ്ങളായ കല്പനകളാണു വിശ്വരൂപത്തെ മോടിപിടിപ്പിച്ചിരിക്കുന്നതു്. വിശ്വരൂപത്തിന്റെ രമണീയമായ വൈചിത്ര്യം ബാലകൃഷ്ണപ്പണിക്കരുടെ വാഗ്വിലാസത്തിൽ പ്രതിബിംബിച്ചു 'വിശ്വരൂപത്തെ' ഏററവും ഹൃദ്യമായ ഒരു കാവ്യമാക്കിയിട്ടുണ്ട്. പ്രൌഢനായ ഒരു തത്വചിന്തകൻകൂടിയാണെന്നുള്ളതു ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിശിഷ്ടഗുണമാണ്. അക്ലിഷ്ടവും സുഖകരവും ആയ ഒന്നാണു ബാലകൃഷ്ണപ്പണിക്കരുടെ കവനമാർഗ്ഗം. ഈ വർഗ്ഗത്തിൽ ഗണിക്കേണ്ട പ്രൌഢമനോഹരമായ ഒരു കാവ്യമാണ് ഉദയോദ്യാനം (പി. നാരായണപ്പിഷാരടി). നൂതനങ്ങളും സുഭഗങ്ങളും ആയ കല്പനകളെക്കൊണ്ടു ഈ കാവ്യം അത്യന്തം ആസ്വാദ്യമാകുന്നു. ഈ ശാഖയ്ക്കു ഭാവിയിൽ വിശാലത വർദ്ധിക്കുമെന്ന് ഊഹിക്കുവാൻ വഴിയുണ്ട്.

ചരിത്രകാവ്യങ്ങൾ ഐതിഹ്യങ്ങളെ അധികരിച്ചു രചിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഇപ്രകാരമുള്ള കാവ്യങ്ങൾ ഭാഷയിൽ എത്രയുണ്ടായാലും മതിയാകുന്നതല്ല. പല തരത്തിലുള്ള ഐതിഹ്യങ്ങൾ കേരളത്തിൽ നടപ്പുണ്ട്. മിക്കവാറും അവ നശിച്ചുതുടങ്ങിയിരിക്കുന്നു. അവയ്ക്കു കാവ്യരൂപേണ സുസ്ഥിതി സമ്പാദിച്ചുകൊടുക്കുന്നതു സർവ്വഥാ പ്രയോജനകരമായിരിക്കും. ദേശാഭിമാനാഭിഗുണങ്ങളെ വർദ്ധിപ്പിക്കുന്നതിന് ഈ മാതിരി കൃതികൾക്കു ശക്തിയുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാൻ ഈ വിധം ഉള്ള ഐതിഹ്യങ്ങളെ ശേഖരിക്കുന്നതിനും അവയ്ക്കു കാവ്യരൂപേണ പ്രതിഷ്ഠ സമ്പാദിച്ചു കൊടുക്കുന്നതിനും വളരെ ശ്രദ്ധ കാണിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇത്രയും ശ്രദ്ധ വേറെ ആരും പ്രകടിപ്പിച്ചിട്ടില്ല. പല ഐതിഹ്യങ്ങളേയും അവിടുന്നു ലഘുകൃതികളായി രചിച്ചിട്ടുണ്ട്. സാധാരണ സംഭാഷണരീതിയിൽ യാതൊരു ക്ലേശവുമില്ലാതെ സരസപദ്യങ്ങളെ നിർമ്മിക്കുന്നതിന് അവിടുന്നു നല്ല സമർത്ഥനാണ്. ഇപ്പുൽക്കോളാമ്പി കല്യക്കമിട്ടാവൂർ ഗ്രഹം മുതലായവ ഈ അഭിപ്രായത്തിന്റെ സാധുത്വത്തെ തെളിയിക്കുന്ന ലഘുകാവ്യങ്ങളാകുന്നു.

ഇപ്പുഴ്ച്ചപ്പുഴുങ്ങുന്ന ശാസ്ത്രരഥേ നല്ല സാമർത്ഥ്യമുള്ളി
ഇപ്പുൻനമ്പൂരിയോടീശാ മതിമതിയറിയും നിരന്നോരാൻ മുൻപുയരാ
ഇപ്പോൾ കാട്ടിത്തരാമെന്നവളുടെ തലയിൽ തർപ്പണം ചെയ്തുവിപ്രൻ
ഇപ്പുൽക്കോളാമ്പി കൊണ്ടിട്ടിരിയൊരു കലശാദ്യഭിഷേകം

എന്നുള്ള ഇപ്പുൽക്കോളാമ്പിയിലെ പദ്യം നോക്കുക. ഇവിടെ സംഭാഷണത്തിനു നല്ല തന്മയത്വം വന്നിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇപ്രകാരം രുഷ്ടനായ ഭർത്താവിനാൽ അഭിഷിക്തയായ ഭാര്യയുടെ വേഷത്തെ വർണ്ണിക്കുന്ന പദ്യവുംകൂടി ഉദ്ധരിക്കാം.

മുടിമുതലടിയോളം തുപ്പലാലാർദ്രമായും
കൊടിയ കറയിനാലും പാണ്ഡികാദേവിപോലെ
കടിപിടി ചുവന്നുംകൊണ്ടു നിന്നിട്ടു പിന്നെ-
മടിയൊടു പള്ളിയിലേക്കാ വേഷമോടങ്ങിറങ്ങി

ഈ പദ്യത്തിലെ ചണ്ഡികാദേവിയുടെ ഉപമ വളരെ കണക്കിന യോജിച്ചിരിക്കുന്നു. ഇപ്രകാരം സ്ഥലവികാരഭേദങ്ങളെ സരളഭാഷയിൽ പ്രകാശിപ്പിക്കുവാൻ കുഞ്ചിക്കുട്ടൻതമ്പുരാൻ അദ്വിതീയനാകുന്നു.

അടിയിലധികമേൽക്കും ക്രൂരമേ ചഞ്ചുസാരം—
കൊപ്പാടിയൊട്ടുകിടയാകും ക്ഷണമർദ്ദനത്തിലൊന്നി
നെടിയുമവനാപാത്രം പൂർത്തിയായ് വിസ്മൃതം പാർ—
വടിവൊടുടനിലാവിൻ സ്വാദറിഞ്ഞാൻ ചകോരൻ.

എന്നുള്ള തുപ്പൽക്കോളാമ്പിയിലെ ഒരു ഹൃദയംഗമമായ ചന്ദ്രികാവർണ്ണനമാകുന്നു. പക്ഷി—(ചകോരം) എന്നുകൂടി അർത്ഥമുള്ള ദ്വിജപദം ഇവിടെ കവി പ്രയോഗിച്ചതു പ്രയോജനകരമായിരിക്കുന്നു. അകൃത്രിമമായ ഒരു സാരള്യം ഈ പദ്യത്തിൽ കളിയാടുന്നുണ്ടെന്നു സഹൃദയന്മാർക്കു കാണാം.

അരിശമൊടവനന്നാ വിപ്രനൊന്നാക്കുന്നുമിട്ടി.
ദ്രുതിയൊടു നടത്തി ബ്രഹ്മഹത്യാവിവാദം

ഇത്യാദി സരസകല്പനകളും ഈ കൃതിയിൽ ധാരാളമുണ്ട്. കുഞ്ചിക്കുട്ടൻതമ്പുരാന്റെ ഐതിഹ്യരൂപങ്ങളായിട്ടുള്ള കൃതികളിൽ തുപ്പൽക്കോളാമ്പിതന്നെ പ്രഥമഗണനീയമെന്നു തോന്നുന്നു. കല്യക്കമില്ലാപ്പൂർഗമം മുതലായ കൃതികളുടെ പേരുകളും ഇവിടെ സ്മരിക്കേണ്ടതുണ്ട്. കോമപ്പൻ പാക്കനാർ (കണ്ടൂർ നാരായണമേനവൻ) എന്നിവയും രണ്ടു പ്രശസ്തകാവ്യങ്ങളാകുന്നു. പുരാതനങ്ങളായ ഐതിഹ്യങ്ങൾതന്നെ അവയിലെ വിഷയങ്ങൾ. കണ്ടൂർ നാരായണമേനവന്റെ സ്വതന്ത്രമായ രചനാചാതുര്യം ഈ വക കൃതികളിലാണ് അധികം പൂർണ്ണമായി കാണുന്നത്. ഇവയിൽ കോമപ്പനു മെച്ചം കൂടുന്നു. ഇതു സ്വാമിഭക്തിയെ ഉദ്ദീപിപ്പിക്കുന്ന ഒരു കൃതിയാകുന്നു. പാക്കനാരിൽനിന്നു പല നല്ല പാഠങ്ങളും പഠിക്കുവാനുണ്ട്. നൃഷ്ടക്കാലടി ഭട്ടതിരിയെ സംബന്ധിച്ചുള്ള പ്രസിദ്ധമായ ഐതിഹ്യത്തെ വിഷയമാക്കി കവിചതുരനായ പൂഞ്ഞാറ്റിൽ അവിട്ടം നാൾ തമ്പുരാൻ വിരചിച്ചിട്ടുള്ള കാവ്യവും രസപുഷ്ടമായ ഒരു കൃതിയാകുന്നു. ചില സംഗതികളിൽ കുഞ്ചിക്കുട്ടൻ തമ്പുരാന്റെ

ഒരു ആരാധികയായി അവിടുന്നോടു തമ്പുരാനെ ഗണിക്കാം.

ദേശയാത്രയെ അധികരിച്ചു നിർമ്മിക്കുന്ന കാവ്യങ്ങൾ ഹൃദയത്തിന് ഉല്ലാസത്തേയും ദേശജ്ഞാനത്തേയും ഉണ്ടാക്കുന്നതിനു വളരെ പ്രയോജനപ്പെടും. ഈ വർഗ്ഗത്തിൽ കാവ്യങ്ങൾ ഉണ്ടാകേണ്ടതു് ആവശ്യമാകുന്നു. അഷ്ടമിയാത്ര (നടുവത്തു് അച്ഛൻനമ്പൂതിരി) ഭാഷാപോഷിണിസഭായാത്ര (കൊട്ടാരത്തിൽ ശങ്കുണ്ണി) രാമേശ്വരയാത്ര (ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ) എന്നിങ്ങനെ ചുരുക്കം ചില കൃതികളുടെ പേരുകൾ ഇവിടെ പറയാവുന്നതാണ്. അച്ഛൻ നമ്പൂതിരിയുടെ പ്രസാദമാധുര്യാദിഗുണങ്ങൾ അഷ്ടമിയാത്രയിൽ തികച്ചു കാണുന്നുണ്ട്. കവിയും വലിയ കോയിത്തമ്പുരാനുമായി വള്ളത്തുവെച്ചുണ്ടായ കൂടിക്കാഴ്ച ഇതിൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. അഷ്ടമിമഹോത്സവത്തിന്റെ ആഡംബരാദികളെക്കുറിച്ചുള്ള വർണ്ണനത്തിലും നല്ല തന്മയത്വം ഉണ്ട്. ശങ്കുണ്ണിയുടെ യാത്രയും ചുരുങ്ങിയ മട്ടിലുള്ള ഒന്നല്ല. കോട്ടയത്തുനിന്നു പുറപ്പെട്ടു തലശ്ശേരിയിൽ എത്തുന്നതുവരെയുള്ള യാത്രയെ ശങ്കുണ്ണിയും നല്ലപോലെ വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. സഹൃദയന്മാരെ രസിപ്പിക്കുന്ന ഒന്നാണ് ഒടുവിന്റെ യാത്ര. ഈ വർഗ്ഗത്തിൽ ഉൾപ്പെടുത്താവുന്ന ചില കൃതികൾ വേറെയുമുണ്ട്.

കവികൾ തങ്ങളിൽ ശ്ലോകത്തിൽ എഴുത്തയയ്ക്കുക സാധാരണമാണ്. പ്രസിദ്ധകവികളുടെ വകയായി വളരെ എഴുത്തുകൾ ഇപ്രകാരം ശ്ലോകത്തിൽ ഉണ്ടായിട്ടുണ്ട്. അവയിൽ കുറെയൊക്കെ പ്രസിദ്ധീകൃതങ്ങളാകുന്നു. കവികൾ പദ്യരൂപേണതന്നെ വാദപ്രതിവാദങ്ങൾ നടത്തുകയും സാധാരണയായിരുന്നു. ഈവക എഴുത്തുകളിൽ രസഭൂയിഷ്ഠങ്ങളായ പല പദ്യങ്ങളുമുണ്ട്. വെൺമണിയുടെ കവിപുഷ്പമാല ഉദാഹരിക്കപ്പെടാം. ഒറ്റ ശ്ലോകങ്ങളുടെ കാര്യത്തിൽ ചില കവികൾക്കു വളരെ വിരുതു കാണുന്നുണ്ട്. അവയിൽ പലതും സഹൃദയന്മാർക്കു കാണാതെ അറിയാവുന്നവയാണ്. പദ്യരൂപങ്ങളായ

എഴുത്തുകൾക്കും വാദപ്രതിവാദങ്ങൾക്കും, (ഉത്സാഹശീലനായ വറുഗീസുമാപ്പിളയുടെ കാലത്തു്) മലയാളമനോരമ ഒരു ശോഭനമായ രംഗമായിരുന്നു. പിന്നീടു പ്രസിദ്ധിയേയും പ്രതിഷ്ഠയേയും പ്രാപിച്ചിട്ടുള്ള പല കവിവീരന്മാരും മലയാളമനോരമയിൽ സാഹിത്യപരാക്രമം പ്രകടിപ്പിച്ചിട്ടുള്ളവരാകുന്നു. വറുഗീസുമാപ്പിള മനോരമയിൽ സാഹിത്യവിനോദത്തിനും ഒരു നല്ല സ്ഥാനം അനുവദിച്ചു കൊടുത്തിരുന്നു. പല എഴുത്തുകളും മനോരമയിലാണു് ആദ്യം പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ളതു്. വില്വട്ടത്തു രാഘവൻ നമ്പിയാർ മൂറിങ്ങൂർപോററി അമ്പലപ്പുഴ മാധവപ്പുതുവാൾ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള കവിയൂർ രാമൻ നമ്പിയാർ മുതലായവർ മനോരമയിലെ സാഹിത്യസംരംഭത്തിന്റെ നായികഭാഗം വഹിച്ചിട്ടുള്ളവരാകുന്നു. അക്കാലത്തു മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എഴുത്തുകളും ചിത്രപദ്യങ്ങളും മററും ഇപ്പോൾ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്നു പറയാം. അവയിൽ അല്പം ഭാഗങ്ങൾ മാത്രമേ ഇപ്പോൾ സുലഭങ്ങളായിട്ടുള്ളു. ഈവക സാഹിത്യസമ്പത്തിനെ ശേഖരിച്ചു സംരക്ഷിക്കുന്നതു് അത്യാവശ്യം എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അവയെ പരിത്യജിക്കുന്നതു് ഒരു വിധത്തിലും ശോഭനമായിരിക്കയില്ല.

പദ്യസാഹിത്യത്തിന്റെ ആത്മീയമായ പരിഷ്കാരത്തിനും ഔന്നത്യത്തിനും പ്രയോജനപ്പെടുന്ന ശാസ്ത്രങ്ങൾ ഉണ്ടാകുവാൻ തുടങ്ങിയിട്ടേയുള്ളു. ഈവക ഗ്രന്ഥങ്ങൾ പലതും നമുക്കു് ഉണ്ടാകേണ്ടതായിത്തന്നെയിരിക്കുന്നു. സദ്വൃത്തമാല (കടത്തനാട്ടു് ഉദയവർമ്മ രാജാ) വൃത്തമഞ്ജരി (ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ) എന്നിവ വൃത്തശാസ്ത്രഗ്രന്ഥങ്ങളാകുന്നു. സംസ്കൃതസഹായം കൂടാതെ വൃത്തങ്ങളെക്കുറിച്ചു വിശേഷജ്ഞാനം സമ്പാദിക്കണമെന്നുള്ളവൎക്കു് ഈ ഗ്രന്ഥങ്ങൾ വളരെ പ്രയോജനത്തെ ചെയ്യും. രചനയുടെ പ്രസാദാദിഗുണങ്ങൾകൊണ്ടും വിവരണങ്ങളുടെ സുഗമതകൊണ്ടും സദ്വൃത്തമാല വൃത്തമഞ്ജരിയെ അല്പം അതിശയിക്കുന്നില്ലയോ എന്നു

സംശയം തോന്നുന്നു. ഉദാഹരണപദ്യങ്ങൾ ദേവീസ്തുതിപരങ്ങളാണെന്നുള്ളതു് ഈ കൃതിയുടെ മറെറാരു ഗുണമാകുന്നു. ഭോജരുദ്രാദിശാസ്ത്രകാരന്മാരുടെ പാദങ്ങളെ വഴിപോലെ അനുസരിച്ചുകൊണ്ടാണു് ഉദയവർമ്മരാജാവു് ഈ കൃതി നിർമ്മിച്ചിരിക്കുന്നതു്. കവിതാവിഷയത്തിൽ പ്രാഥമികപരിശ്രമം ചെയ്യുന്നവരെ വളരെ സഹായിക്കുന്ന ഒരു സരളകൃതിയാണു് ഈ ഗ്രന്ഥകാരന്റെ 'കവിതാഭരണം.' പ്രസിദ്ധവിദ്വാനായ വല്ലത്തു പാച്ചുമൂത്തതും എ. ആർ. രാജരാജവർമ്മ തമ്പുരാനും ഓരോ അലങ്കാരഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. അലങ്കാരലോകത്തിലേക്കു കാലെടുത്തു വെയ്ക്കുവാൻ തുടങ്ങുന്ന വിദ്യാർത്ഥികൾക്കു് ഈ ഗ്രന്ഥങ്ങൾ ഒരു അനുഗ്രഹം തന്നെയാണു്.

ഭാഷാഭൂഷണം തന്നെ നമ്മുടെ അലങ്കാരഗ്രന്ഥങ്ങളിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്നു. അപ്പയ്യദീക്ഷിതർ ജഗന്നാഥപണ്ഡിതർ മുതലായ ആചാര്യന്മാരുടെ വന്ദ്യപാദങ്ങളെ പിന്തുടർന്നുകൊണ്ടു രചിതമായിരിക്കുന്ന ഈ ഗ്രന്ഥം ഭാഷയുടെ ഒരു വിലപിടിച്ച സമ്പത്തുതന്നെയാണു്. ശബ്ദം അർത്ഥം എന്നിവയെ സംബന്ധിക്കുന്ന അലങ്കാരങ്ങളെക്കുറിച്ചെല്ലാം ഭാഷാഭൂഷണം സമഗ്രമായി വിവരണം ചെയ്യുന്നുണ്ടു്. വിദ്യാർത്ഥികൾക്കെന്നപോലെ പണ്ഡിതന്മാർക്കും ഭാഷാഭൂഷണം സഹായകരമാകുന്നു. രാജരാജവർമ്മകോയിത്തമ്പുരാൻ പല ശാസ്ത്രങ്ങളേയും രചിച്ചിട്ടുണ്ടു്; എന്നാൽ നമ്മുടെ പദ്യസാഹിത്യത്തിനു് അന്തസ്സംസ്കാരസൌന്ദര്യത്തേയും ഉന്നതിയേയും ജനിപ്പിക്കുന്നതിൽ ഭാഷാഭൂഷണംതന്നെ പ്രഥമഗണനീയം.

വിദ്യാവിനോദിനി മാസികയിൽ ഒരു അലങ്കാരശാസ്ത്രം പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ടു്. ഈ ശാസ്ത്രം പൂർണ്ണമായിട്ടുണ്ടെന്നു തോന്നുന്നില്ല. കണ്ടിടത്തോളം ഭാഗം, അധികം ദുർഗ്രാഹ്യമായിത്തന്നെയിരിക്കുന്നു. ഭാഷാഭൂഷണത്തെ അപേക്ഷിച്ചു ചില വിഷയങ്ങളിൽ ഈ ശാസ്ത്രത്തിനു കൂടുതൽ യോഗ്യത കാണുന്നുണ്ടു്.

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് ഉദയാലങ്കാരമാകുന്നു. കടത്തനാട്ട് ഉദയവർമ്മരാജാവിന്റെ നേതൃത്വത്തിൽ ഉള്ള കവിസംഘത്തിലെ പ്രധാനാംഗവും കവനോദയത്തിന്റെ ഒരു പ്രവർത്തകനും സുപ്രസിദ്ധരസികകവിയും ആയ കെ. സി. നാരായണൻ നമ്പിയാരാണ് ഉദയാലങ്കാരത്തിന്റെ കർത്താവു്. ഈ ശാസ്ത്രം പ്രതാപരുദ്രീയത്തെ അനുസരിച്ചു രചിക്കപ്പെട്ടിരിക്കുന്നു. പ്രതാപരുദ്രീയത്തിലെ വിഷയങ്ങൾ ഉദയാലങ്കാരത്തിൽ ഒട്ടധികവും അടങ്ങിയിട്ടുണ്ട്. ഉദാഹരണപദ്യങ്ങളിൽ 'പ്രതാപരുദ്രനെ' 'ഉദയവർമ്മ'യായി മാറ്റിച്ചിട്ടുണ്ടെന്നുള്ളതു് ഒരു വിശേഷമാകുന്നു. ലക്ഷണം വിവരണം ഉദാഹരണം എന്നിവ അത്യന്തം സുഗ്രഹങ്ങളാകത്തക്കവിധം ലാളിത്യമുള്ളവയാണ്. ഉദയാലങ്കാരത്തിന്റെ ഉദയം സാഹിത്യത്തിനു ഒരു പുതിയ പ്രകാശത്തെ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ ഗ്രന്ഥം നാരായണൻ നമ്പിയാരുടെ ഒരു പ്രധാന കൃതിയാകുന്നു.

> ദർപ്പമാത്സര്യയുക്തൻ ചണ്ഡവൃത്തിവികത്ഥനൻ
> മായാവി സ്വപ്രശംസക്രൂരൻ തന്നെ ധീരോദ്ധതൻ മതം

(ഉദയാലങ്കാരം. നായകപ്രകരണം)

ലക്ഷണങ്ങൾ എത്രമാത്രം സുഗ്രഹങ്ങളാണെന്ന് ഈ ഉദാഹരണത്തിൽനിന്നു മനസ്സിലാക്കാം. ഉദാഹരണത്തിനു കൊടുത്തിരിക്കുന്ന പദ്യങ്ങൾ എല്ലാം രസഭൂയിഷ്ഠങ്ങളാകുന്നു. നമ്പിയാരുടെ സരസപദവിലാസത്തിന്റെ പ്രത്യേകതയെ കാണിക്കുന്നതാണ് ഓരോ ശ്ലോകവും.

> പോരും സാമൂരി! കോപത്തിരിതിരിയുകയോ കൊച്ചിതന്നെച്ചുമല്ലാം
> ചേരം വേണാട്ടിരിക്കുന്നതിലിതമധുനാ കോട്ടയം കോട്ടപോരായോ
> ആരും ബ്രിട്ടീഷുനിയിക്കുമിരിവിടെയതിർക്കുന്ന യോദ്ധാക്കളും ഞങ്ങൾ
> ഞായം പാരാതെ കയർന്നീടുമുദയനൃപശ്രേഷ്ഠപട്ടാളവർഗ്ഗം

ഈ ശ്ലോകത്തിൽ 'ഉദയനൃപശ്രേഷ്ഠപട്ടാളവർഗ്ഗ'ത്തിന്റെ ഔദ്ധത്യം കാണിച്ചിരിക്കുന്നു.

'കവിപ്രൗഢോക്തി സിദ്ധാർത്ഥശക്തിമൂലമായ വസ്തുധ്വനിക്ക്' ഉദാഹരണം ഉദ്ധരിക്കാം.

തൈലസ്വരത്തിൽ കുംഭകോണം പുരളികളിലെഴും സ്കന്ദയാഗങ്ങളിലൂടെ.
ഭോഗവ്യാപാരം പെട്ടെന്നു തൻകേളിയുടെ വഴിയിൽ സഞ്ചരിക്കുന്നതായി
കേരളത്തിൽ പുരാണന്മാരുടെ ഗണങ്ങളിൽ പാടിട്ടും ഒഴിവില്ല പ-
ക്ഷികൾ സങ്കീർത്തി കേട്ടതിന്നു ബഹുളിതമായുള്ളതു സ്പഷ്ടമായി

ഇവിടെ ഉദയവർമ്മതമ്പുരാന്റെ യശസ്സു സഞ്ചാരങ്ങൾക്കുകൂടി വിസ്മയകരമെന്നു വ്യക്തം.

ഇതാണു ഉദയാലങ്കാരത്തിന്റെ സ്വഭാവം. കേരളീയർ ഈ ശാസ്ത്രത്തോടു കൂടുതൽ ആദരവു കാണിക്കേണ്ടതാണ്.

കോവുണ്ണി നെടുങ്ങാടിയുടെ കേരളകൌമുദി വ്യുല്പത്തികാമന്മാരായവർക്കു ഒരിക്കലും വിസ്മരിക്കാവുന്ന ഗ്രന്ഥമല്ല. സാഹിത്യശാസ്ത്രസംബന്ധങ്ങളായ എല്ലാ വിഷയങ്ങളേയും നെടുങ്ങാടി സ്പർശിച്ചിട്ടുണ്ട്. ഗുരുസഹായമില്ലെങ്കിൽ ഈ കൌമുദി സാധാരണക്കാർക്കു സുഗമമാകുന്നതല്ല. കേരളിക്കു ഈ കൌമുദി ഒരു വിലപിടിച്ച ആഭരണം തന്നെയാണ്. നാടകപ്രവേശിക (ഏ. ഡി ഹരിശർമ്മ) നാട്യശാസ്ത്രത്തെ അധികരിച്ചു വിരചിച്ചിട്ടുള്ള ഒരു ഗ്രന്ഥമാകുന്നു.

ശാസ്ത്രഗ്രന്ഥങ്ങളുടെ കുറവുനിമിത്തം പദ്യസാഹിത്യത്തിൽ പല ദോഷങ്ങളും സംഭവിച്ചുകാണുന്നു. ഈ ന്യൂനത പരിഹരിക്കപ്പെടണം. സാഹിത്യകലയുടെ സൂക്ഷ്മതരങ്ങളായ ധർമ്മങ്ങളെക്കുറിച്ചു വിശദവും വിശാലവും ആയി നിരൂപണം ചെയ്യുന്ന പല ഗ്രന്ഥങ്ങളും സംസ്കൃതഭാഷയിൽ ഉണ്ട്. മമ്മടൻ ആനന്ദവർദ്ധനൻ ദണ്ഡി വാമനൻ ഭാമഹൻ ജഗന്നാഥപണ്ഡിതർ മുതലായ ആചാര്യന്മാരാൽ വിരചിതങ്ങളായ ആവക ഗ്രന്ഥങ്ങളെ അനുകരിച്ചു സ്വതന്ത്രഗ്രന്ഥങ്ങൾ ഉണ്ടാകുന്നതു ഉത്തമമാകുന്നു. അവയ്ക്കു വിസ്തൃതങ്ങളായ ഭാഷാവ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതും നന്നുതന്നെ. ഇപ്രകാരം ചെയ്യുകിൽ മാത്രമേ സാഹിത്യത്തിന്റെ വിശാലമായ സ്വരൂപത്തെയും ഗഹനങ്ങളായ ധർമ്മങ്ങളേയും സാധാരണക്കാർ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ പദ്യകൃതികൾക്കു ഒരുവിധമല്ലെങ്കിൽ മറ്റൊരു വിധം സംസ്കൃതവുമായി സംബന്ധമുണ്ടു

ന്നു കരണം. ഈ സ്ഥിതിക്ക് അവയെ ശരിയായി പഠിക്കുന്നതിനു ശാസ്ത്രഗ്രന്ഥങ്ങളുടെ സഹായം കഴിച്ചുകൂടെന്നു വന്നുകൂടുന്നു. പൂർവ്വമേയുള്ള പുഷ്ടിയിൽ നമുക്ക് അഭിമാനിക്കാമെങ്കിലും ശാസ്ത്രീയമായ ആത്മസംസ്കാരത്തിന്റെ കാര്യത്തിൽ ഭാഷയുടെ നില ഇന്നു ശോഭനമായിട്ടില്ല. കവികളേയും സഹൃദയന്മാരേയും വിദ്യാർത്ഥികളേയും നിരൂപകന്മാരേയും സഹായിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങൾ ഇന്നു വളരെ കുറവാകുന്നു. നിരൂപണപ്രസ്ഥാനത്തിനു ഉത്കൃഷ്ടതയും വിശാലതയും അന്തസ്സും ലഭിച്ചിട്ടില്ല. ഈ വക ന്യൂനതകളെല്ലാം ബഹുമുഖങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളുടെ സത്ഭാവംകൊണ്ടു മാത്രമേ പരിഹരിക്കുവാൻ കഴിയുകയുള്ളു.

ഭാഷയിൽ പദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളവും ഒരു നിരൂപണകല ആരംഭിച്ചിട്ടുണ്ട്. അതു വികസിക്കുവാൻ തുടങ്ങിയിട്ടേയുള്ളു. കെ. രാമകൃഷ്ണപിള്ള സി. അച്യുതമേനോൻ പി. കെ. നാരായണപിള്ള എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ടി. കെ. കൃഷ്ണമേനോൻ മുതലായ പണ്ഡിതന്മാർ പദ്യസാഹിത്യത്തിനു ശാസ്ത്രീയമായ ഒരു നിരൂപണപ്രസ്ഥാനം സൃഷ്ടിക്കുന്ന വിഷയത്തിൽ വളരെ പരിശ്രമിച്ചിട്ടുണ്ട്. നിഷ്പക്ഷവും കുലങ്കഷവും കഴിയുന്നതും ശാസ്ത്രീയവും ആയി കാവ്യങ്ങളെ നിരൂപണം ചെയ്യുന്നതിന് അച്യുതമേനവനുള്ള ശ്രദ്ധ വിപുലമാണെന്നു വിദ്യാവിനോദിനി തെളിയിക്കുന്നു. പല സന്ദർഭങ്ങളിലും ദോഷദൃഷ്ടിക്ക് അതിരുകടന്ന കാർക്കശ്യം സംഭവിച്ചിട്ടുണ്ടെന്നുള്ളതു വിദ്യാവിനോദിനിയുടെ ഒരു ദോഷമായി ചിലർ വിചാരിക്കാനിടയുണ്ട്. ആളും തരവും നോക്കാതെയുള്ള വിദ്യാവിനോദിനിയുടെ നിർഭയമായ നിരൂപണനയം മൂലം പല കൃതികളുടേയും ഗർവ്വം അലസിപ്പോയിട്ടുണ്ടെന്നു പറയണം. രാമകൃഷ്ണപിള്ളയുടേയും നിരൂപണരീതി കർക്കശതരമാണ്; എങ്കിലും അതു ഭാഷയ്ക്കു വളരെ സഹായം ചെയ്തിട്ടുണ്ട്. പി. കെ. നാരായണപിള്ള കൃഷ്ണഗാഥയേയും, രാജരാജവർമ്മ കോയിത്തമ്പുരാൻ ശാകുന്തളത്തേയും നളചരി

ത്തം കഥകളിയേയും (അവതാരികകൾ), ടി. കെ. കൃഷ്ണമേനോൻ ഉത്തരരാമചരിതം മാലതീമാധവം മുതലായവയേയും കുറിച്ചു ചെയ്തിട്ടുള്ള വിമർശനങ്ങൾ ഉത്തമങ്ങളും നിരൂപണകലയ്ക്കു മാതൃകയായിബ്ഭവിച്ചിട്ടുള്ളവയും ആകുന്നു. കവികളും നിരൂപകന്മാരും സാരസ്വതകലകൊണ്ടു തന്നെയാണു വ്യാപരിക്കുന്നതു്; ജ്ഞാനചൈതന്യംതന്നെ രണ്ടു പേരുടേയും കലകളുടെ ജീവൻ. ഈവിധം ജ്ഞാനംകൊണ്ടു വ്യാപരിക്കുന്ന നിരൂപകന്മാർ പരുഷരോഷപരങ്ങളും കർക്കശങ്ങളും ആയ വാക്പ്രയോഗങ്ങൾ ചെയ്യുന്നതു് അല്പവും യുക്തമല്ല. പല നിരൂപകന്മാരും ഈ തത്വത്തെ വിസ്മരിച്ചു കാണുന്നു. കർത്താക്കന്മാരുടെ ദ്വേഷപാരുഷ്യംകൊണ്ടു പല നിരൂപണങ്ങളും നിഷ്പ്രയോജനങ്ങളും ഗർഹ്യങ്ങളും ആയി ഭവിച്ചിട്ടുണ്ടു്. 'അനുദ്വേഗകരം വാക്യം' എന്നുള്ള ഗീതോപദേശത്തെ കാവ്യനിരൂപകന്മാരും ആദരിക്കേണ്ടതാണു്. സ്വാർത്ഥലാഭത്തിനുവേണ്ടി ഗ്രന്ഥകാരന്മാരെയോ ഗ്രന്ഥങ്ങളെയോ സംബന്ധിച്ചു ചെയ്യുന്ന മിത്ഥ്യാപ്രശംസകളും ഉത്തമനിരൂപണമാകയില്ല. അരാഗദ്വേഷഹൃദയന്മാരായ പണ്ഡിതന്മാർ ശാസ്ത്രീയമായി കൃതികളുടെ മർമ്മാംശങ്ങളെ സ്പർശിച്ചു ചെയ്യുന്ന സരസനിരൂപണങ്ങൾകൊണ്ടേ മാത്രമേ ഫലം ലഭിക്കയുള്ളു. ശക്തിയുള്ള നിരൂപകന്മാർ ഈ വിമർശനസരണിയെ അനുഗ്രഹിക്കുവാനാണു ശ്രമിക്കേണ്ടതു്.

പ്രാധാന്യേന പദ്യസാഹിത്യത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധിച്ചിട്ടുള്ള മാസികകളാകുന്നു കവനകൌമുദിയും കവനോദയവും കാവ്യമഞ്ജരിയും. ഭാഷയിൽ നൂതനകൃതികൾ ഉണ്ടാകുന്നതിനും പ്രാചീനഗ്രന്ഥങ്ങളെ പ്രകാശിപ്പിക്കുന്നതിനും ഈ മാസികകളുടെ പ്രവർത്തകന്മാർ വളരെ ശ്രദ്ധിച്ചിട്ടുണ്ടു്.

എന്നും തിങ്ങളിമാസത്തി-
ലൊന്നിലും പതിനഞ്ചിലും

പ്രസിദ്ധപ്പെടുത്തിയിരുന്ന കാലത്തു കവനകൌമുദിയുടെ നില ശോഭനമായിരുന്നില്ല. മാസികയായതോടുകൂടി കൌമുദിയു

ടെ പൂൎവ്വസ്ഥിതിക്കു മാററമുണ്ടായി. വ്യവസായസമ്പന്നനും ഭാഷാപ്രണയിയും സൽകവിയും ആയ പി. വി. കൃഷ്ണവാരിയർ കൌമുദിയുടെ ഉടമസ്ഥത വഹിച്ചതോടുകൂടി അതിനു രാജസ്സും പുഷ്ടിയും പൂൎണ്ണമായി കിട്ടി. ഇന്നത്തെ നമ്മുടെ പദ്യസാഹിത്യത്തിന്റെ ചരിത്രത്തിൽ കൌമുദിക്കു ഒരു നല്ല അദ്ധ്യായത്തിനു അവകാശം ഉണ്ടു്. പേരുകേട്ട പല സൽകവികളും കൌമുദിയിൽ കടന്നു പയററി അടുക്കും മിടുക്കും സമ്പാദിച്ചിട്ടുള്ളവരാകുന്നു. പ്രാചീനഗ്രന്ഥങ്ങളെ സംസ്കരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും ഭാഷയ്ക്കു ആവശ്യമുള്ള കൃതികളെ യോഗ്യന്മാരെക്കൊണ്ടു വിരചിപ്പിച്ചു പ്രകാശിപ്പിക്കുന്നതിനും കവനോദയപ്രവൎത്തകനായിരുന്ന ഉദയവൎമ്മരാജാവു് അമിതമായി പരിശ്രമിച്ചിട്ടുണ്ടു്. കവനോദയമുഖേന പ്രകാശിതങ്ങളായ സൽഗ്രന്ഥങ്ങൾ നിസ്സംഖ്യങ്ങളാകുന്നു. ഭാഷയുടെ അനൎഘസമ്പത്തുകളായ ഭാരതചമ്പു ചന്ദ്രോത്സവം മുതലായവ കവനോദയമുഖേനയാണു പ്രകാശിതങ്ങളായതു്. അല്പകാലത്തെ ജീവിതംകൊണ്ടു് അനല്പമായ ഒരു ശ്രേയസ്സു കവനോദയം ഭാഷയ്ക്കു സമ്പാദിച്ചുകൊടുത്തിരിക്കുന്നു എന്നു നിസ്സങ്കം പ്രസ്താവിക്കാവുന്നതാണു്. കവനോദയത്തിന്റെ 'നയത്തെത്തന്നെ സ്വീകരിച്ച കാവ്യമഞ്ജരിയും (ചങ്ങനാശ്ശേരി) ഭാഷയ്ക്കു മറക്കുവാൻ പാടില്ലാത്ത ചില ഉപകാരങ്ങൾ ചെയ്തിട്ടുണ്ടു്. ഈ മൂന്നു മാസികകളുടെയും പേരുകൾ സഹൃദയന്മാൎക്കു ഒരിക്കലും മറക്കുവാൻ കഴിയുന്നതല്ല.

കൊടുങ്ങല്ലൂർ പ്രസ്ഥാനം ഈക്കാലത്തുള്ള പ്രസ്ഥാനങ്ങളിൽ പ്രാധാന്യമേറിയ ഒന്നാകുന്നു. ഈ പ്രസ്ഥാനത്തിന്റെ ഉല്പത്തി കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരിൽ നിന്നാണെന്നു പേരുകൊണ്ടുതന്നെ ഗ്രഹിക്കാം. കാത്തുള്ളി അച്യുതമേനവൻ. വെൺമണി നമ്പൂരിമാർ നടുവം നമ്പൂരിമാർ അമ്പാടി കുഞ്ഞികൃഷ്ണപ്പുതുവാൾ കൂനേഴത്തു പരമു മേനവൻ മുതലായ കവികളാണു് ഈ പ്രസ്ഥാനത്തിന്റെ പരിപോഷകന്മാർ.

സംസ്കൃതപദങ്ങളെ (പ്രത്യയങ്ങളെ നിശ്ശേഷം) കഴിച്ചുവ

ശ്ശുക; ഭാഷയുടെയും പ്രതിപാദനത്തിന്റെയും രീതി സാധാരണക്കാർക്ക് എളുപ്പം മനസ്സിലാകത്തക്കവിധം ലാളിത്യവും പ്രസന്നതയും ഉള്ളതായിരിക്കുക; എന്നിവയാണ കൊടുങ്ങല്ലൂർ പ്രസ്ഥാനത്തിന്റെ [illegible]ങ്ങളായ ഗുണങ്ങൾ. ശ്രവണസുഭഗമായവിധം പദങ്ങളെ ഘടിപ്പിക്കുന്ന വിഷയത്തിലും കൊടുങ്ങല്ലൂർപ്രസ്ഥാനക്കാർ വളരെ മനസ്സുവെച്ചിട്ടുണ്ട്. ഈ സംഗതിയിൽ വെണ്മണി നമ്പൂരിമാർ അതിരറ്റ വിജയം സമ്പാദിച്ചവരാകുന്നു. ഭാഷയെ കഴിയുന്നതും ശുദ്ധമായവിധം (അശുദ്ധപ്രയോഗങ്ങൾ കൂടാതെ) പ്രയോഗിക്കുന്നതിനും കൊടുങ്ങല്ലൂർപ്രസ്ഥാനക്കാർ പ്രത്യേകം ദൃഷ്ടിവെച്ചിട്ടുണ്ടെന്നു കാണാം. കൊടുങ്ങല്ലൂർ പ്രസ്ഥാനത്തിന്റെ മാർഗ്ഗദർശി കുഞ്ഞിക്കുട്ടൻ തമ്പുരാനാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

കഴിയുന്നതും ഭാഷാപദങ്ങളെ മാത്രമേ ഉപയോഗിക്കുകയുള്ളു എന്നതു കൊടുങ്ങല്ലൂർ പ്രസ്ഥാനക്കാരുടെ ഒരു നിർബ്ബന്ധമാണ്. ഈ നിർബ്ബന്ധം ക്രമേണ പരമകാഷ്ഠയെ പ്രാപിച്ചു. അതോടുകൂടിയാണ സംസ്കൃതപദങ്ങളെ നിശ്ശേഷം പരിത്യജിച്ചുകൊണ്ടുള്ള 'നല്ല ഭാഷ'യുടെ ഉല്പത്തി. 'നല്ല ഭാഷ'തന്നെ ആ പേരിനെ അർഹിക്കുന്നില്ലെന്നുള്ള ആക്ഷേപം പുറപ്പെട്ടപ്പോൾ അതു 'പച്ചമലയാള'മായിപ്പരിണമിച്ചു. പച്ചമലയാളത്തിൽ ക്രമേണ കവികൾക്കു ഭ്രമം കൂടിവന്നു. അപ്പോൾ ഈ പ്രസ്ഥാനത്തിൽ പല ലഘുകാവ്യങ്ങളും ഉണ്ടാകുവാൻ ഇടയായി. ഇപ്രകാരം ഉണ്ടായിട്ടുള്ള കാവ്യങ്ങളിൽ കുണ്ടൂരിന്റെ കോമപ്പൻ കുഞ്ഞൻ പാക്കനാർ എന്നിവ മാതൃസ്ഥാനത്തെ അർഹിക്കുന്നവയാണ്. പച്ചമലയാളത്തിനു കുണ്ടൂർ ഒരു നല്ല [illegible]കുന്നു. അക്ലിഷ്ടമായി കോമളങ്ങളായ മലയാളപദങ്ങളെക്കൊണ്ടു സരളമായ അർത്ഥകല്പനയോടുകൂടി പച്ചമലയാളകാവ്യങ്ങൾ രചിക്കുവാൻ കുണ്ടൂരിനുള്ള സാമർത്ഥ്യം വേറെ അധികം കവികളിൽ കാണുന്നില്ല. പി. ജി. രാമയ്യർ, കൊട്ടാരത്തിൽ ശങ്കുണ്ണി, പന്തളത്തു കേരളവർമ്മ തമ്പുരാൻ, ഉള്ളൂർ പരമേശ്വ

രസ്സർ മുതലായവർ ഈ കാവ്യസരണിയിൽക്കൂടി സഞ്ചരിച്ചിട്ടുള്ള ചില കവികളാകുന്നു.

പറയത്തക്ക പുഷ്ടിയൊന്നും കൂടാതെ പച്ചമലയാളം പച്ചയിലേതന്നെ കരിഞ്ഞുപോയി എന്നു കാണുന്നു. വാസ്തവത്തിൽ പച്ചമലയാളക്കാരുടെ നയം ഗ്രാഹ്യമല്ല. സംസ്കൃതപദങ്ങളെ സ്വീകരിക്കുന്നതിൽ മാത്രമേ അവൎക്കു കഠിനമായ വൈമനസ്യമുള്ളു. ദീൎഘമായി ഭാഷയിൽ പ്രതിഷ്ഠയെ പ്രാപിച്ചു കാലഘടനവാദത്തിനുകൂടി ഇടയില്ലാത്തവിധം ഭാഷയുടെ സ്വന്തം സമ്പത്തായിഭവിച്ചിട്ടുള്ള നഖമുഖദിവസരാത്രിസൂൎയ്യചന്ദ്രാദി പദസമുദായത്തെക്കൂടി പച്ചമലയാളക്കാർ ബഹിഷ്കരിച്ചിരിക്കുന്നു. തൽസ്ഥാനത്തു സ്വീകരിക്കപ്പെടുന്നവയോ? ആരും കേട്ടിട്ടില്ലാത്തവയായ ദ്രാവിഡപദങ്ങൾ! 'ബോട്ട്' 'ബഞ്ച്' മുതലായ വിദേശഭാഷാപദങ്ങളെ ഇവൎക്കു സ്വീകരിക്കുവാൻ മടിയില്ല. ഇതിൽനിന്നു പച്ചമലയാളക്കാരുടെ നയത്തിനു ശുദ്ധിയില്ലെന്നു വ്യക്തമായല്ലോ. സംസ്കൃതപദങ്ങളെ വേണ്ടെന്നുവച്ചതോടുകൂടി പ്രൗഢകല്പനകളെ മനഃപൂൎവ്വം ഉപേക്ഷിക്കേണ്ടിവരുന്നു. ഈ നിലയിൽ കാവ്യത്തിന്റെ ആഭ്യന്തരഗുണം കുറയാതെ തരമില്ല. ഇതുനിമിത്തം ഈ മാതിരി കാവ്യങ്ങളിൽ ശബ്ദം എത്രമാത്രം പച്ചയാകുന്നുവോ അത്രമാത്രം അൎത്ഥത്തിനു ഉണക്കം തട്ടുന്നു. ഇതു നിസ്സാരമായ ദോഷമല്ല.

വാസ്തവം ഇപ്രകാരമാണെങ്കിലും 'പച്ചമലയാളത്തെ' ഒരു നിലയിൽ സ്വീകരിക്കുന്നതുതന്നെ യുക്തം. അതിനെ 'ചിത്ര'വൎഗ്ഗത്തിൽ ഉൾപ്പെടുത്താം. അപ്പോൾ അൎത്ഥസംബന്ധമായുള്ള മുൻപറഞ്ഞ ദോഷം ഗണിക്കേണ്ടതില്ലെന്നു തെളിയും. ഭാഷയുടെ ശക്തിയേയും കവിയുടെ സാമൎത്ഥ്യത്തേയും പ്രകടിപ്പിക്കുന്നതിനു 'ചിത്ര'കാവ്യങ്ങൾ കൊള്ളാവുന്നവയാണല്ലോ. ഏതായാലും പച്ചമലയാളത്തിനു ഇനി പുനൎജ്ജന്മം ഉണ്ടാകുമെന്നു തോന്നുന്നില്ല.

കേരളവൎമ്മ വലിയ കോയിത്തമ്പുരാന്റെയും രാജരാജവൎമ്മ കോയിത്തമ്പുരാന്റെയും മാൎഗ്ഗങ്ങളെ ആശ്രയിച്ചു രണ്ടു സാഹിത്യപ്രസ്ഥാനങ്ങൾകൂടി ഭാഷയ്ക്കു ലഭിച്ചിട്ടുണ്ടെന്നു ചില നിരൂപകന്മാർ പറയുന്നു. കേരളവൎമ്മപ്രസ്ഥാനം രാജരാജവൎമ്മപ്രസ്ഥാനം എന്നു വ്യവഹരിക്കപ്പെട്ടുവരുന്ന സാഹിത്യമാൎഗ്ഗങ്ങൾ വാസ്തവത്തിൽ ഭിന്നങ്ങളോ നൂതനങ്ങളോ അല്ല. അൎത്ഥംകൊണ്ടു പുരാതനമായ സംസ്കൃതസാഹിത്യത്തേയും ശബ്ദംകൊണ്ടു പ്രാചീനഭാഷയേയും പൂൎണ്ണമായി ആദരിക്കുകയാണു വലിയ കോയിത്തമ്പുരാൻ ചെയ്തിട്ടുള്ളതു്. പുനം ഉണ്ണായി മഴമംഗലം മുതലായ മഹാകവികളുടേതിൽനിന്നു് അല്പവും ഭിന്നമല്ല വലിയ കോയിത്തമ്പുരാന്റെ പ്രസ്ഥാനം എന്നു സ്പഷ്ടമാണു്. സംസ്കൃതപദപ്രയോഗബാഹുല്യത്തെ സംബന്ധിച്ചും വലിയ കോയിത്തമ്പുരാൻ പുതിയതായി ഒരു തെറ്റും ചെയ്തിട്ടില്ല. ദ്വിതീയാക്ഷരപ്രാസത്തെ സ്വാതന്ത്ര്യാനുരൂപം കൊണ്ടു പരിഷ്കരിക്കുക മാത്രമേ വലിയ കോയിത്തമ്പുരാൻ പുതിയതായി ചെയ്തിട്ടുള്ളു. കേരളവൎമ്മപ്രസ്ഥാനം നൂതനമാണെന്നു കല്പിച്ചു് അതിന്റെ ശിരസ്സിൽ പല ദോഷങ്ങളേയും കെട്ടിവെച്ചു്, അതിൽ കവിതതന്നെ ഇല്ലെന്നു ചിലർ ഘോഷിച്ചുവരാറുണ്ടു്. ഇവരുടെ ആക്ഷേപം പഴയ സംസ്കൃതസാഹിത്യത്തെയും ഭാഷാകവിതയേയും മുഴുവൻ ബാധിക്കത്തക്കവിധം വ്യാപ്തി കൂടിയതാകുന്നു. ഈ അഭിപ്രായം ചിന്താകോടിയിൽത്തന്നെ ഉൾപ്പെടുത്തേണ്ടതില്ല. സർവ്വതന്ത്രസ്വതന്ത്രനായ ഒരു മഹാകവിയാണു വലിയ കോയിത്തമ്പുരാൻ. അനുഗ്രഹീതനായ മേല്പുത്തൂർ നാരായണഭട്ടതിരിയുടെ കാലത്തിനുശേഷം, സാഹിത്യത്തിന്റെ സർവ്വശാഖകളിലും അത്രമാത്രം സ്വാതന്ത്ര്യത്തോടും പ്രതാപത്തോടുംകൂടി വിഹരിക്കുവാൻ തക്കവണ്ണം സകലകലാപാരംഗതത്വവും പ്രതിഭാപ്രഭാവവും തികഞ്ഞിട്ടുള്ള ഒരു കവിസമ്രാട്ടു കേരളത്തിൽ അവതരിച്ചിട്ടുണ്ടെങ്കിൽ അതു വലിയ കോയിത്തമ്പുരാൻ മാത്രമാകുന്നു. ഭാഷയുടെ ഔന്നത്യത്തിനു് അവിടുന്നു് എന്തെല്ലാം വിധമാണു പരി

ശ്രമിച്ചിട്ടുള്ളതെന്നു പറയാവുന്നതല്ല. ഇക്കാലത്തു ശ്രേഷ്ഠതയെ പ്രാപിച്ചിട്ടുള്ള കവികളിലും ഭാഷാഭിമാനികളിലും അവിടത്തോട് ഏതെങ്കിലും വിധം കടപ്പാട് ഇല്ലാത്തവർ വല്ലവരുമുണ്ടോ എന്നു സംശയമാണ്. ഭാഷാപോഷണവ്രതത്തോടുകൂടി നടത്തിവന്ന പല പത്രങ്ങൾക്കും മാസികകൾക്കും സമാജങ്ങൾക്കും അവിടുന്ന് ഒരു ജീവതേജസ്സുതന്നെയായിരുന്നു.

ഗുണൈകപക്ഷാ ബുധധീഃ ദ്രുത-
നിരൂക്ഷചക്ഷുർവിശേഷചര്യാ

എന്നുള്ള അഭിമതത്തെ അവിടുന്നു വളരെ ആദരിച്ചിരുന്നു. പരദോഷവാഗ്വിലാസകല്പനമായ നിരൂപണരീതി രാക്ഷസമാകുന്നു. ഈ നയം അവിടത്തേക്കു സ്വപ്നത്തിലും പരിചയമുള്ള ഒന്നല്ല. കോട്ടയത്തു തമ്പുരാൻ പുനം ഉണ്ണായി മുതലായ കവീന്ദ്രന്മാരുടെ കൃതികൾക്കുള്ളതുപോലെ ഉന്നതമായ ഒരു സ്ഥാനം വലിയ കോയിത്തമ്പുരാന്റെ കാവ്യങ്ങൾക്കും ലഭിക്കുമെന്നു നിസ്സംശയം പറയാവുന്നതാണ്.

ക്ഷേമേന്ദ്രൻ കാളിദാസർ ചക്രൻ മുതലായവരുടെ സാഹിത്യമാർഗ്ഗത്തോടു സാമീപ്യം വഹിക്കുന്ന ഒന്നാണു രാജരാജവർമ്മപ്രസ്ഥാനം. ഭാരതമഞ്ജരിഭാഷയുടെ ആവിർഭാവത്തോടുകൂടി ഈ പ്രസ്ഥാനം കൈരളിക്കു പരിചയപ്പെട്ടു എന്നു വിചാരിക്കാം. കെ. സി. കേശവപിള്ള ഈ പ്രസ്ഥാനത്തിന്റെ ഉത്തമനായ ഒരു അനുയായിയായിരുന്നു. ക്ഷേമേന്ദ്രാദികളുടെ പ്രസ്ഥാനത്തിന്, ഭാഷയിൽ അതിന്റെ യോഗ്യതയനുസരിച്ചുള്ള ഒരു സ്ഥാനം കിട്ടിയിട്ടുണ്ടെന്നു പറയാവുന്നതല്ല. ഈ ശോച്യസ്ഥിതി അചിരേണ ഭേദപ്പെടുമായിരിക്കാം.

ഭാഷാപ്രണയികൾക്ക് അഭിമാനത്തേയും പുളകത്തേയും ഉണ്ടാക്കുന്നവിധം ഒരു ഉന്നതസ്ഥിതി ഈ ശതവർഷത്തിലെ പദ്യസാഹിത്യത്തിനു ലഭിച്ചിട്ടുണ്ടെന്ന് ഇതുവരെ ചെയ്ത വിമർശനംകൊണ്ടു ഗ്രഹിക്കുവാൻ കഴിയും. മങ്ങിയാലും പ്രകാശിച്ചും നശിച്ചാലും ഉജ്ജീവിച്ചും അധഃപതിച്ചാലും ഉദ്ഗമിച്ചും സ്ഥിതിചെയ്യു കൈരളിയുടെ വിശാലതയേയും ജനസമുദായ

ത്തിന്റെ ആത്മസംസ്കാരത്തെയും സംരക്ഷിക്കുവാൻ നിപുണങ്ങളായ അസംഖ്യം വിശിഷ്ടകാവ്യങ്ങൾ ഈ ശതവർഷത്തിൽ ഉണ്ടായിട്ടുണ്ട്. പൂർവ്വങ്ങളായ (സംസ്കൃത)ശാസ്ത്രങ്ങളേയും കവിതാപ്രസ്ഥാനങ്ങളേയും അനുസരിക്കുന്ന ഒന്നാണു നമ്മുടെ ഈ ശതവർഷത്തിലെ പദ്യസാഹിത്യം എന്നു പറഞ്ഞാൽ മതിയാകുകയില്ല; അവയോട് അത്യന്തം സാമീപ്യത്തെയും അഥവാ താദാത്മ്യത്തെത്തന്നെയും പ്രാപിച്ചിട്ടുള്ളതാണ് ഈ പദ്യസാഹിത്യപ്രസ്ഥാനം എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കവികൾ സംസ്കൃതപണ്ഡിതന്മാരായിരുന്നതുകൊണ്ടാണു സാഹിത്യത്തിന് ഈ സ്ഥിതി സംഭവിച്ചതു്.

വിവിധശാഖകളിൽ ഉണ്ടായിട്ടുള്ള കൃതികൾ പുരാണേതിഹാസമഹാകാവ്യാദിരൂപമായ സംസ്കൃതസാഹിത്യസമുദായത്തോടു ദൃഢബന്ധത്തെ വഹിക്കുന്നവയാണെന്നു കാണുന്നുണ്ടല്ലോ. ഈ ബന്ധം നിമിത്തം അവയ്ക്കു് അസാധാരണങ്ങളായ ചില ഗുണങ്ങൾ കിട്ടിയിട്ടുണ്ട്. അവ അധികവും ഭക്തിജ്ഞാനസംവർദ്ധകങ്ങളായിരിക്കുന്നു എന്നതുതന്നെ ഒരു പ്രധാന ഗുണം. ഭഗവൽസായൂജ്യപ്രാപ്തിക്കു വിവിധങ്ങളായ മാർഗ്ഗങ്ങൾ ഉള്ളവയിൽ ഭക്തിപ്രധാനമായതിനു യോഗ്യത കൂടുമെന്നാണ് ഋഷിമതം. അനുഭവവും അങ്ങിനെതന്നെ. പുരാണേതിഹാസാദികളോടു നമ്മുടെ സാഹിത്യത്തിനു മൂലബന്ധം ഉണ്ടാകുന്നതിനു് ഇതുതന്നെ കാരണം.

ന യദ്വചശ്ചിത്രപദം ഹരേര്യശോ
ജഗത്പവിത്രം പ്രഗൃണീത കർഹിചിത്
തദ്വായസം തീർത്ഥമുശന്തി മാനസാ
ന യത്ര ഹംസാ നിരമന്ത്യുശിക്ക്ഷയാഃ

തദ്വാഗ്വിസർഗ്ഗോ ജനതാഘവിപ്ലവോ
യസ്മിൻ പ്രതിശ്ലോകമബദ്ധവത്യപി
നാമാന്യനന്തസ്യ യശോങ്കിതാനി യ-
ച്ഛൃണ്വന്തി ഗായന്തി ഗൃണന്തി സാധവഃ

എന്നു ശ്രീമഹാഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. ഒരു കാ

വ്യം എത്രമാത്രം വിശിഷ്ടമായാലും ഭഗവാന്റെ ചരിതത്തെ വിസ്മരിക്കുന്നതല്ലെങ്കിൽ അതിനെ സജ്ജനങ്ങൾ ആദരിക്കുന്നില്ല; നേരെമറിച്ച് ഭഗവച്ചരിതത്തെ വർണ്ണിക്കുന്നതാണെങ്കിൽ ഗുണം കുറഞ്ഞ കാവ്യത്തേയും സത്തുക്കൾ ആദരിക്കുന്നു. സർവ്വഥാ ഭഗവൽഭക്തിതന്നെ ശ്രേഷ്ഠഗുണം. നമ്മുടെ ആളുകളുടെ ഇടയിൽ അല്പവും ഇളകാത്തവിധം ഇതു വേരൂന്നിട്ടുള്ള ഒരു അഭിപ്രായമാകുന്നു. കവികൾക്കും സാധാരണ ജനങ്ങൾക്കും ഭഗവത്കഥാത്മകങ്ങളായ പുരാണാദികളോടു നിരുപമമായ ഭക്തിയും ബഹുമാനവും ഉണ്ടാകുന്നതിന് ഇതുതന്നെ കാരണം. നമ്മുടെ ചില കൃതികളിൽ പല ന്യൂനതകളും കണ്ടേക്കാം. അപ്രകാരമുള്ളവയിൽ ഭക്തിമാർഗ്ഗത്തിനു കാലുഷ്യത്തെ ജനിപ്പിക്കുന്നവ വളരെ കുറവായിരിക്കുമെന്നതിനു സംശയമില്ല. കുലീനതാദിഗുണവിശിഷ്ടന്മാരായ പുരുഷന്മാരെ മാത്രമേ കഥാനായകന്മാരായി കല്പിക്കാറുള്ളു. ഈ കാര്യത്തിൽ കവികൾക്കു വലിയ നിർബ്ബന്ധമുണ്ട്.

* കോന്വസ്മിൻ സാമ്പ്രതം ലോകേ ഗുണവാൻ കശ്ച വീര്യവാൻ
ധർമ്മജ്ഞശ്ച കൃതജ്ഞശ്ച സത്യവാക്യോ ദൃഢവ്രതഃ
ചാരിത്രേണ ച കോ യുക്തഃ സർവ്വഭൂതേഷു കോ ഹിതഃ
വിദ്വാൻ കഃ കസ്സമർത്ഥശ്ച കശ്ചൈകപ്രിയദർശനഃ
ആത്മവാൻ കോ ജിതക്രോധോ ദ്യുതിമാൻ കോനസൂയകഃ
കസ്യ ബിഭ്യതി ദേവാശ്ച ജാതരോഷസ്യ സംയുഗേ
ഏതദിച്ഛാമ്യഹം ശ്രോതും പരം കൗതൂഹലം ഹി മേ.

(ശ്രീവാല്മീകിരാമായണം.)

എന്ന ഭാഗത്തിൽനിന്നു, തന്റെ കഥാനായകന്റെ ഗുണപുഷ്ടിയിൽ ശ്രീവാല്മീകിക്കു നിർബ്ബന്ധമുണ്ടായിരുന്നതായി വെളിവാകുന്നു. ഏതദ്വിധഗുണപരിപൂർണ്ണനായ ഒരു മഹാപുരുഷ

---

* സാരം:—ഇപ്പോൾ ലോകത്തിലുള്ള പുരുഷന്മാരിൽ, വീര്യം ധർമ്മജ്ഞത കൃതജ്ഞത സത്യനിഷ്ഠ വ്രതദാർഢ്യം ചാരിത്രശുദ്ധി സർവ്വജീവിപ്രിയത്വം വൈദുഷ്യം സാമർത്ഥ്യം സൌന്ദര്യം ജിതേന്ദ്രിയത്വം പ്രതാപം മുതലായ ഗുണങ്ങളൊക്കെ ആർക്കാണ് ഉള്ളതെന്നു അറിയുവാൻ ആഗ്രഹിക്കുന്നു.

ന്റെ ചരിത്രമാണെന്നുള്ളതുകൊണ്ട വാല്മീകിരാമായണത്തിന ലോകത്തിൽ ലഭിച്ചിട്ടുള്ള ഔന്നത്യം അനിതരസാധാരണമാകുന്നു.

(൧) രഘൂണാമന്വയം വക്ഷ്യേ തനുവാഗ്വിഭവോപി സൻ
തദ്ഗുണൈഃ കർണ്ണമാഗത്യ ചാപലായ പ്രചോദിതഃ

എന്ന കാളിദാസർ രഘുവംശത്തിന്റെ പ്രാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഉൽകൃഷ്ടഗുണശാലികളായ രഘുവംശരാജാക്കന്മാരുടെ ഇതിവൃത്തത്തെ അധികരിച്ച രചിച്ചിരിക്കുന്നതുകൊണ്ട രഘുവംശത്തിന ഒരു മെച്ചം പ്രത്യേകിച്ചുണ്ട്.

(൨) പവിത്രമത്രാതനുതേ ജഗദ്യുഗേ
സ്മൃതാ രസക്ഷാളനയേവ യത്കഥാ
കഥം ന സാ മദ്ഗിരമാവിലാമപി
സ്വസേവിനീമേവ പവിത്രയിഷ്യതി

എന്ന ശ്രീഹർഷമഹാകവി സ്വകഥാനായകന്റെ മാഹാത്മ്യത്തെക്കുറിച്ച പറഞ്ഞിരിക്കുന്നു.

കതികൃതയഃ കതികവയഃ
കതിനാദ്യാഃ കതിഭാന്തികതിഭവിതാരഃ
തദപിപ്രവർത്തയതിമാം
ശങ്കരചാരിത്ര്യസങ്കഥാലോഭഃ

എന്ന നീലകണ്ഠവിജയത്തിന്റെ ആരംഭത്തിൽ നീലകണ്ഠദീക്ഷിതർ പറഞ്ഞിരിക്കുന്നു. ശിവഭക്തിപാരമ്യംതന്നെയാണ കവിയെ ഈ കൃതി രചിക്കുവാൻ പ്രേരിപ്പിച്ചതു് എന്ന് ഈ പ്രസ്താവനയിൽനിന്ന മനസ്സിലാക്കാം. ഇതരകവികളും ഈ വിഷയത്തിൽ പൂർവ്വമാർഗ്ഗത്തെ അനുഗമിച്ചിട്ടുള്ളവർതന്നെയായിരുന്നു. എഴുത്തച്ഛൻ പൂന്താനം ഉണ്ണായി മുതലായ ഭാഷാകവി

(൧) എനിക്ക വാഗ്വൈഭവം കുറവാണ്; രഘുവംശരാജാക്കന്മാരുടെ ഗുണങ്ങളുടെ ആകർഷണംകൊണ്ടാണ ഞാൻ ഈ ചാപല്യത്തിന ശ്രമിക്കുന്നതു്.

(൨) കലിയുഗത്തിങ്കൽ നളന്റെ കഥ, വിചാരിക്കുന്നവരുടെ കല്മഷത്തെ കളയത്തക്കവിധം ശുദ്ധിവരുത്തിയ ഫലമാണ്. അതു എന്റെ വാക്കിനു ശുദ്ധിവരുത്തം.

കളും ഈ കാൎയ്യത്തിൽ സംസ്കൃതകവികളുടെ ഉത്തമന്മാരായ അനുയായികൾതന്നെ. കാവ്യകലയുടെ ആത്മീയങ്ങളായ ആദൎശങ്ങളെ പരിപാലിക്കുന്നതിനുള്ള ശക്തി നമ്മുടെ സാഹിത്യത്തിനു ലഭിച്ചതു കവികളുടെ ഈ നിഷ്കൎഷമൂലമാകുന്നു. ഇതു്, ഈ ശതവൎഷത്തിലെ പദ്യസാഹിത്യത്തെസ്സംബന്ധിക്കുന്ന ഒരു പ്രധാനമായ (ആത്മീയ)ലക്ഷണംതന്നെ.

ഈ ശതവൎഷത്തിലെ പദ്യസാഹിത്യം ഗൈൎവ്വാണിയുടെ ഹസ്തത്തെ ആശ്രയിച്ചുകൊണ്ടാണു് അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവിടെ സംസ്കൃതത്തിലേയും ഭാഷയിലേയും കാവ്യധൎമ്മങ്ങൾ ഒന്നുതന്നെ എന്നുകൂടി മനസ്സിലാക്കേണ്ടതുണ്ടു്. അതിനാൽ ഭാഷാകാവ്യങ്ങളുടെ ധൎമ്മസ്വഭാവം ഗ്രഹിക്കുന്നതിനു സംസ്കൃതസാഹിത്യത്തിന്റെ ആഭ്യന്തരധൎമ്മങ്ങളുടെ ഒരു സ്ഥൂലരൂപമെങ്കിലും അറിയേണ്ടതു് അത്യാവശ്യമാകുന്നു. ഈ നിലയിൽ ആവക ധൎമ്മങ്ങളുടെ അല്പമായ ഒരു വിമൎശനം ഇവിടെ പ്രയോജനകരമായിത്തീരുമെന്നു വിശ്വസിക്കുന്നു

കഃ അൎത്ഥഃ കഃ ശബ്ദഃ കോ രസഃ കോ ഭാവഃ
കോ വ്യംഗ്യഭേദഃ കാ വാക്യാകൃതിഃ
കിയത്സൂക്തിഃ കവിനാന്തരേയം
കിമസ്തി രാജ്ഞഃ കിയതീഹ ചിന്താ

(ശിവലീലാൎണ്ണവം)

അൎത്ഥം ശബ്ദം രസം ഭാവം വ്യംഗ്യഭേദം വാക്യം മുതലായവയിലൊക്കെ കവി മനസ്സുവയ്ക്കണം. ഇവയിലൊന്നിലും കേടുതട്ടരുതു്; ഉത്തമനായ ഒരു രാജാവിനുകൂടി, കവിയ്ക്കുള്ളിടത്തോളവും മനസ്സിരുത്തി പ്രവൎത്തിക്കേണ്ട വിഷയങ്ങൾ ഇല്ല.

അൎത്ഥാസ്സന്തി ഘനാഃ പദാനി ബഹുശസ്സന്തി സ്വയം
നാനാവിധാസ്സൂക്തയോ രസവ്യഞ്ജകാസ്സന്തു പ്ര
സംപ്രദായസ്സിദ്ധാ നനാവയവ ഗതിസ്സൂക്തയഃ
ഔചിത്യം വിനാ രസജ്ഞോ ഗഹനം കവിത്വം

(ശ്രീകണ്ഠചരിതം.)

കവിത്വം സുഗമമായ ഒരു അവസ്ഥയല്ല. അൎത്ഥം പദശുദ്ധി രീതിഘടന വക്രത രസം എന്നിവയൊക്കെ കാവ്യത്തിലുണ്ടായിരിക്കണം. ഇവയിൽ ഒന്നുണ്ടെങ്കിൽ മറെറാന്നിനു ഹാനി വരും. ഇതാണു സാധാരണ സ്വഭാവം. ഈ സ്ഥിതിക്കു ദോഷംകൂടാതെ ഈ വക ഗുണങ്ങൾ എല്ലാം ഉണ്ടായിരിക്കുക എന്നതു് എളുപ്പം സംഭവിക്കുന്നതല്ല. ഇതുതന്നെ കവിത്വം ഗഹനമെന്നു പറയുന്നതിന്റെ സാരം. 'കവിതാരീതിൎവൈഷമ്യമത്രേ' എന്നു ഭാഷയിലും പ്രസിദ്ധമാകുന്നു.

> കാവ്യം ത ഏവ ഗഹനം കലയന്തി പ്രിയാൎത്ഥം
> ശക്താസ്ത ഏവ രസപുഷ്ടസകം പ്രമാണം
> മന്ദ്രേഷു ഏഷു നഹി തേഷ്വനിരൎത്ഥകത്വ-
> സ്സൃഷ്ടിഃ ഏവ സൎവ്വഗുണവൎണ്ണ പ്രയാസകം
>
> (ശ്രീകണ്ഠചരിതം)

കാവ്യത്തെ കഠിനമായ അൎത്ഥകല്പനയോടുകൂടി നിൎമ്മിക്കുവാൻ കഴിയുന്ന കവിക്കു മാത്രമേ സംപ്രണയനശക്തി ഉണ്ടാകുകയുള്ളു. ആദിത്യൻ കഠിനരശ്മികളെക്കൊണ്ടു ലോകത്തെ ദഹിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണു ലോകം മുഴുവൻ പയസ്സിൽ മുക്കുവാനുള്ള ശക്തിയും സൂൎയ്യനു കിട്ടുന്നതു്. ഈ അഭിപ്രായത്തെ എല്ലാവരും സമ്മതിക്കുമെന്നു തോന്നുന്നില്ല. ലളിതങ്ങളായ പല കാവ്യങ്ങളും രസസമൃദ്ധങ്ങളായിക്കാണുന്നുണ്ടെന്നുള്ള സംഗതിതന്നെ അതിനു കാരണം. എന്നാൽ ഗഹനാൎത്ഥകല്പനയും ഒരു സംപ്രണയനമാൎഗ്ഗമാണെന്നു മാത്രമേ ഇവിടെ പ്രധാനമായി മനസ്സിലാക്കേണ്ടതുള്ളു. മാഘം കിരാതാൎജ്ജുനീയം നൈഷധീയചരിതം ശ്രീകണ്ഠചരിതം ഹരവിജയം മുതലായി സംസ്കൃതത്തിലും, ഉമാകേരളം രുഗ്മാംഗദചരിതം മുതലായി ഭാഷയിലും പല കാവ്യങ്ങളും ഉണ്ടായിട്ടുണ്ടല്ലോ. ഇവയ്ക്കു കാഠിന്യം കൂടുമെന്നുള്ളതും സ്പഷ്ടമാണു്. ഈ കാഠിന്യത്തെയാണു് അവയുടെ സംബന്ധിച്ചിടത്തോളവും രസസമൃദ്ധിക്കു ഹേതുവായി പരിണമിച്ചിട്ടുള്ളതെന്നു ഗ്രഹിക്ക

ങ്ങളാകുന്നു. അതുകൊണ്ടു മങ്ഖകമഹാകവിയുടെ അഭിപ്രായം ആദരണീയംതന്നെ.

തൈസ്തൈരലങ്കൃതിശതൈരവതംസിതോപി
രൂഢോ മഹത്യപി പദേ ധൃതസൗഷ്ഠവോപി
നൂനം വിനാ ഘനരസപ്രസരാഭിഷേകം
കാവ്യാധിരാജപദമർഹതി ന പ്രബന്ധഃ

ഇവിടെ രസപ്രാധാന്യത്തെക്കുറിച്ചു പറയുന്നു. വിലപിടിച്ച അലങ്കാരങ്ങളും പദപ്രൗഢി (സ്ഥാനവലിപ്പം) എന്നിങ്ങനെ പല യോഗ്യതകളും ലഭിക്കുന്നതുകൊണ്ട് ഒരു കൃതിയ്ക്കു പ്രബന്ധരാജത്വം ഉണ്ടാകുന്നതല്ല. അതു രസംകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതെന്നുള്ളതു് കഴിച്ചുവെയ്ക്കുവാൻ പാടില്ലാത്ത യോഗ്യതയാകുന്നു. [അലങ്കാരാദിസിദ്ധമായ വൈഭവം എത്രമാത്രമുണ്ടെങ്കിലും അഭിഷേകംകൂടാതെ ഒരാളും രാജാവായി ഭവിക്കുന്നതല്ലല്ലോ]

വക്രോക്തയോ യത്ര വിഭൂഷണാനി
വാക്യാർത്ഥബാധഃ പരമഃ പ്രകർഷഃ
അർത്ഥഃ ക്വ നാമ [illegible]
സാ കാചിദന്യാ സരണിഃ കവീനാം

(ശിവലീലാർണ്ണവം)

കവിയുടെ മാർഗ്ഗം ലൗകികന്മാരുടേതിൽനിന്നു അത്യന്തം ഭിന്നമായ ഒന്നാകുന്നു. ലൗകികന്മാർ ദൂഷണങ്ങളെന്നു ഗണിക്കുന്നവയെല്ലാം കാവ്യസരണിയിൽ ശ്രേഷ്ഠതയെ അർഹിക്കുന്നു. വക്രോക്ത്യാദികൾ തല്പ്രകാരമുള്ളവയാകുന്നു.

പദാനി വ്യുത്പത്തികാവ്യരീതി-
രസ്ഥാനഗന്താനി ന ശോഭയന്തി
[illegible]
[illegible]

(ശിവലീലാർണ്ണവം)

പദങ്ങളെ ഔചിത്യബോധത്തോടുകൂടി പ്രയോഗിക്കണം. അ

സ്ഥാനസ്ഥങ്ങളായ പദങ്ങൾ ശോഭയെ വഹിക്കുന്നതല്ല. ചെവിയിൽ ധരിക്കേണ്ട ആഭരണം നാസാഗ്രത്തിൽ അണിയുന്നതായാൽ ഭംഗി കിട്ടുന്നതല്ലല്ലോ. ഔചിത്യത്തിൽ കവി സർവ്വദാ ശ്രദ്ധാലുവായിരിക്കണമെന്നു സാരം.

അന്യോന്യസംസർഗ്ഗവിശേഷരമ്യാ-
പ്യലംകൃതിഃ പ്രത്യുത ശോചനീയാ
നിർവ്യംഗ്യസാരേ കവിസൂക്തിബന്ധേ
നിഷ്ക്രാന്തജീവേ വപുഷീവ ഭൂഷാ

(ശിവലീലാർണ്ണവം)

ജീവൻ പോയ ശരീരത്തിൽ എത്ര വിശിഷ്ടമായ ആഭരണവും ശോഭിക്കയില്ല. വ്യംഗ്യവർജ്ജിതമായ കാവ്യത്തിലെ അലങ്കാരത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. വ്യംഗ്യത്തിനു പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു.

അജ്ഞാതപാണ്ഡിത്യരഹസ്യമുദ്രാ
യേ കാവ്യമാർഗ്ഗേ ദധതേഭിമാനം
തേ ഗാരുഡീയാനനധീത്യ മന്ത്രാൻ
ഹാലാഹലാസ്വാദനമാരഭന്തേ

(ശ്രീകണ്ഠചരിതം)

ശ്രുതകലാശാസ്ത്രലക്ഷ്യമായ പാണ്ഡിത്യം സമ്പാദിക്കാത്തവർ കാവ്യാഭിമാനം ആപേക്ഷിക്കുന്നു. ഗരുഡമന്ത്രത്തിന്റെ സിദ്ധിയില്ലാത്തവർ ഹാലാഹലത്തെ ഭക്ഷിച്ചാൽ ഉണ്ടാകുന്ന ഫലം ഉളവാക്കാവുന്നതാണ്; അഭ്യാസശൂന്യന്മാരായ കാവ്യാഭിമാനികളുടെ നില എത്രതന്നെയല്ല.

അന്യത്ര തത്രാദിന സ്വാതിരേകം
സച്ഛന്ദസംശ്ലേഷണ ചാതുരീ പൂർണ്ണാ
ഭജന്തി ശാസ്ത്രേണ ഗിരിഗുഹൽപ്പാഃ
സുരാധിരാജസ്യ ഹി കഥം കവിത്വം

(ശ്രീകണ്ഠചരിതം)

രത്നാഢ്യപൃഥ്വീസംപൂർണ്ണം (സമ്പത്തു) എന്നിവയില്ലാത്ത ഒരുത്തൻ ലോകത്തിൽ ഒരു മഹാപ്രഭുവാകുന്നില്ല. ആരുംകൂടാതെ

കൾ (രീതി) ദരിദ്രന്മാക്കുള്ളതാകുന്നു. ഇതുപോലെ ചമൽക്കാരതരമായ അത്ഥം, വിശിഷ്ടമായ ശബ്ദം (സ്വവണ്ണം) എന്നിങ്ങിനെയുള്ള ഗുണങ്ങൾ ഉള്ളവർ മാത്രമേ കവിശ്രേഷ്ഠന്മാരാകുകയുള്ളു. രീതികൊണ്ടു മാത്രം കവിക്കു യോഗ്യത ലഭിക്കുന്നില്ല. അത്ഥത്തിന്റെയും ശബ്ദത്തിന്റെയും കല്പനയിൽ കവി നിപുണനായിരിക്കണം. ശബ്ദം വജ്ജ്യമെന്നുള്ള അഭിപ്രായം സാധുവല്ല. ഈ അഭിപ്രായം 'രീതിരാത്മാകാവ്യസ്യ' എന്ന വാമനമതത്തോടു യോജിക്കുന്നില്ല.

സാഹിത്യധമ്മങ്ങളെക്കുറിച്ചു പൂവ്വകവികൾക്കുള്ള അഭിപ്രായത്തിന്റെ ഒരു സ്ഥൂലരൂപം ഇപ്പോൾ അല്പമെങ്കിലും വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. സംസ്കൃതത്തിൽനിന്നു ഭാഷയാക്കിയിട്ടുള്ള നമ്മുടെ പദ്യകൃതികളെ പരിചയിക്കുന്നവർ വിശേഷിച്ചും ഇവിടെ വിവരിച്ച സാഹിത്യധമ്മങ്ങളുടെ സ്വഭാവം അറിഞ്ഞിരിക്കേണം. മഹാകാവ്യാദിസരണികളിൽ പ്രവേശിക്കുന്നവരും ഈ സാഹിത്യതത്വങ്ങളെ സ്മരിച്ചിരിക്കേണ്ടത് അത്യാവശ്യമാകുന്നു. ഈവക തത്വങ്ങളെ വേണ്ടതുപോലെ ധരിക്കാതെയും അഥവാ അവയെ ആദരിക്കാതെയും ചില നൂതനവിമശകന്മാർ നമ്മുടെ പദ്യസാഹിത്യത്തെ വിമശനംചെയ്തു കാണുന്നുണ്ട്. ഈ സാഹസരസികന്മാർ

ഭക്തഗാഭധീയതേനനധീത്യമന്ത്രാൻ
ഫാലേയഫാലപ്പസപ്രജ്ഞനതാഭജന്തേ

എന്നുള്ള മങ്ഖകമഹാകവിയുടെ ആക്ഷേപത്തിനു അഹന്മാരായി ശോച്യശോച്യന്മാരായിരിപ്പിക്കുന്നു എന്നതു വിസ്മരിക്കത്തക്കതല്ല.

പൊതുവെ പദ്യസാഹിത്യത്തെ ബാധിച്ചുകാണുന്ന ചില ദോഷങ്ങളെക്കുറിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. സാമാന്യേന പല കൃതികളിലും കാണുന്ന ഒരു പ്രധാനദോഷം സൗന്ദര്യം കുറവാകുന്നു. സന്ധിവൈകല്യം ഘടനാദൗർബല്യം വൃത്തനിയമലംഘനം നിരത്ഥപദപ്രയോഗം മുതലായ ദോഷങ്ങൾ പല

പദ്യകൃതികളിലും കാണുന്നുണ്ടു്. പ്രസിദ്ധന്മാരായ പല മഹാകവികളുടെ കാവ്യങ്ങൾകൂടി ഈവക ദോഷങ്ങളുടെ പിടിയിൽനിന്നു മുക്തങ്ങളല്ല. ചില ഉദാഹരണങ്ങൾ കാണിക്കാം.

പോകാം ഞാനെങ്ങിനെയെൻ പ്രകൃതിയിവ നിനച്ചു ചിന്തിച്ചിടുന്നു

* * * * *

നോക്കുന്നു ദൃഷ്ടകളുൾക്കടയുടെ വഴിയാൽ...........
നില്പിപ്പതമാക്ഷിതന്റെ ഒരു മനക്കതലച്ചിച്ചുവോ.........
ഉരക്കവനിപാലകരേ! തീർച്ചയായില്ലയിതപ്പോൾ.........
ശ്രീധിക്കും ബാലസിംഹങ്ങളെ ചമരികൾ പോരില്ല.........
അക്ഷമകേകനിവൻ വൻപ്രതിജ്ഞാ...............
കിളികൾക്കുപോലെ നഖങ്ങൾ ചുമന്നു............

(ജാനകീപരിണയം നാടകം)

ഇവിടെ കീഴ്വരയിട്ടിട്ടുള്ള ഭാഗങ്ങൾ നോക്കിയാൽ ദോഷസ്വഭാവം മനസ്സിലാകും. 'ഞാൻ എങ്ങിനെ പോകും' എന്നും 'ഇപ്പതമാക്ഷിതന്റെ നില്പ്' എന്നും വേണ്ടതിനു പകരം 'പോകാം ഞാനെങ്ങിനെയെൻ' 'നില്പിപ്പതമാക്ഷിതന്റെ' എന്നു പ്രയോഗിച്ചതു ദുഷ്ടാന്വയം ആയിരിക്കുന്നു. 'നഖങ്ങൾ ചുമന്നു' എന്ന ഭാഗത്തിൽ 'ൾ' അധികമായി വരുത്തി പ്രയോഗിച്ചതു നന്നായില്ല.

എല്ലാബ്ജത്തിനു ഭംഗി കരുവാ പായൽ പതിഞ്ഞീടിലും

(ഭാഷാശാകുന്തളം)

ഇത്യാദിപ്രയോഗങ്ങൾ അനുകരണീയങ്ങളല്ല.

* * * * *

മന്ദം കലന്നാനനം..........

(ജാനകീപരിണയം)

ശ്ലീവായി വേഗവരുന്നതെന്തെടോ -
ഭ്രൂവായനാസദൃശമായ കരാമിപോൾ

(കുണ്ഡവിലാസം ഭാഷ)

* * * * *

ഇവിടെ സന്ധിവൈകല്യം സംഭവിച്ചിട്ടുണ്ടു്. (കലൻ+ആ

നനം) കലന്നാനനം എന്നതു ശാസ്ത്രസമ്മതമായ പ്രയോഗമല്ല. 'തമേതരെ' എന്നതു സംസ്കൃതപ്രത്യയത്തോടുകൂടിയ പദമാണ്. ഭാഷാവ്യാകരണനിയമം അനുസരിച്ച് ഇവിടെ 'യാ' ഗമം ഉണ്ടാകുന്നതല്ല. അതുകൊണ്ടു 'തമേതരേ യുളവായ' എന്നതു തെററായ പ്രയോഗം തന്നെയാണ്. യുക്തമല്ലാത്ത വിധം പദങ്ങളെ മുറിക്കുക, പദ്യങ്ങളിൽ രണ്ടും മൂന്നും പാദങ്ങളെ യോജിപ്പിക്കുക എന്നിവയും സാരങ്ങളായ ദോഷങ്ങളാകുന്നു.

നാകംസദ്മപനാദയോഗ്യയായമേ-
ദിനിയെ മൂടിക്കുവതിനോ പ്രചണ്ഡനാം
അനിലൻ ഘോരാപയനാദ്യുക്തസഖ്യയ-
ത്തിനാ മംഗശീകാറാക്കുളവാക്കി വീശിനാൻ

(കൃഷ്ണവിലാസം)

ഈ പദ്യത്തിൽ മേദിനിയെ രണ്ടായി (മേ—ദിനി) വെട്ടിമുറിച്ചു രണ്ടു പാദങ്ങളിൽ ചേർത്തിരിക്കുന്നു. (പ്രചണ്ഡനാം അനിലൻ) എന്നതു് രണ്ടും മൂന്നും പാദങ്ങളെ യോജിപ്പിക്കുന്ന പ്രയോഗമാണ്. ഇവയും ശാസ്ത്രസമ്മതങ്ങളല്ല.

വേകയതിനിനിക്കിനി ദ്ദുവല്ലമേ-
ദ്യുതണ്ണപ്രതിനിശാചരവല്ലഭേ!
തവമയല്ലാശിരകമഴിവില്ലമേ.
ഷെവിരടയെന്തിതു ഞാൻ വിധിവല്ലഭേ

(കുഞ്ചിക്കുട്ടൻ തമ്പുരാൻ)

ഇവിടെ 'മേ'ത്തെ ഭേദംചെയ്തു രണ്ടാക്കിയതു നന്നായില്ലെങ്കിലും യമകത്തിലാകയാൽ ക്ഷന്തവ്യമാകുന്നു.

ഒരു രാത്രി തനാളിയിലുള്ളയാമം
നാരായണൻ തൻ കഥയാൽ നയിച്ചു്
ഒരു പരം സ്വപരാഗ്രജശാലിനേയ-
നാരദരൂപതെന്നരസാശയിച്ചവൻ

(കൃഷ്ണവിലാസം)

രണ്ടാം പാദത്തിന്റെ അന്ത്യത്തിൽ (നയിച്ച്) ഇപ്രകാരം പ്രയോഗിക്കുന്നതു സാധുവല്ല.

എൻ കാന്താ പോയതെങ്ങനെയിഗിരിവരനി ചാപൽകവേഗം...

(ജാനകീപരിണയം)

കാമൻ കാന്തകിശ്വല്ലന്നോടുപശമിപ്പിക്കാമിനീ തന്മനോ.
ധാമത്തിങ്കൽ നയിച്ചു സന്തതമിതനീടുന്ന സൌഖ്യത്തൊടും

(വൈദർഭീവാസുദേവം)

'കാന്താ' 'കാമിനീ' 'വല്ലന്നോടുപശമിപ്പ്' എന്നീ പ്രയോഗങ്ങൾ സമ്മതിക്കപ്പെടാവുന്നവയല്ല. ഭാഷയുടെ നിലയ്ക്കു ദീർഘം കൂടാതെ പ്രയോഗിക്കുന്നതുതന്നെയാണു ഭംഗി.

നിരർത്ഥപദപ്രയോഗം ഒരു സാരമായ ദോഷമാണ്. പാരാതേ ഹന്ത തിണ്ണം ബത ചാലു ചേലു നലം പേർത്തു കില്ലു ചേണു ചൊല്ലാർന്ന മുതലായവ പ്രസിദ്ധങ്ങളായ നിരർത്ഥപദങ്ങളാകുന്നു. അസ്ഥാനങ്ങളിൽ ഉപയോഗിച്ചതന്നെയാണ് ഇവ നിരർത്ഥങ്ങളായത്.

വൻപോടും സുകവേ കഴിച്ചുവിടെ നിരന്നുതിച്ചു പത്മനേരു.
അമ്പും പെടിതൊപ്പിനെ കരളിൽ ചേർന്നു ചേപ്പുല്ലുമേ

(നടുവത്തു അച്ഛൻനമ്പൂതിരി)

ഒരു കന്യയെപ്പുനരഹോ ജനിച്ചപോൽ.
ഒരുമനാൽ വധിക്കുവതിനാഗ്രഹത്തോടെ
ചരണങ്ങളാൽ ബത പിടിച്ചു പാറമേൽ
വിരവോടടിക്കുവതിനായ് തുനിഞ്ഞു ഞാൻ.

(കൃഷ്ണവിലാസം)

വൻപു അമ്പു പുനഃ അഹോ ബത വിരവൊടു എന്നീപദങ്ങൾ ഇവിടെ നിരർത്ഥങ്ങളാകുന്നു. കഠിനമായി പ്രയത്നിച്ചാൽ ചില പദങ്ങൾ നിരർത്ഥങ്ങളല്ലെന്നു സമാധാനം പറയുവാൻ കഴിയുമായിരിക്കാം! എന്നാൽ ഈ മാതിരി പദങ്ങളെ വർജ്ജിക്കുന്നതാണു യുക്തം.

നിരർത്ഥപദപ്രയോഗത്തിൽ മഹാ ക്ലേശമില്ലാത്ത കവി

കൾ പലതും ഉണ്ടു്. ചിലർ 'അതും ഇതും' കൊണ്ടു പാദം നിറയ്ക്കുന്നു. ദ്വിതീയാക്ഷരപ്രാസനിർബ്ബന്ധംകൊണ്ടാണു നിരർത്ഥപദങ്ങൾ കടന്നുകൂടുന്നതെന്നുള്ള അഭിപ്രായത്തിൽ അല്പം വാസ്തവം ഉണ്ടെന്നു സമ്മതിക്കുകതന്നെ വേണം; എന്നാൽ നിരർത്ഥപദങ്ങളിൽനിന്നു കൃതികളെ രക്ഷിക്കുന്നതിനു ദ്വിതീയാക്ഷരപ്രാസത്തെ പരിത്യജിക്കുന്നതു് ഒരു വലിയ സാഹസംതന്നെയായിരിക്കും. ഈ വിഷയത്തെക്കുറിച്ചു രൂക്ഷമായ വാദപ്രതിവാദം നടന്നു ഒടുവിൽ ദ്വിതീയാക്ഷരപ്രാസം "കൈരളീമഹിളതൻമംഗല്യമാണെ"ന്നു തീർച്ചപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്കു ഈ സന്ദർഭത്തിൽ കൂടുതലായി ഒന്നും പറയേണ്ടതില്ല.

കവികൾ പണ്ഡിതന്മാരാകയാൽ ഇവിടെ കാണിച്ച വിധമുള്ള ദോഷങ്ങളെ പരിഹരിക്കുവാൻ വിഷമതയില്ല; അവർ അല്പം മനസ്സുവച്ചാൽ മതിയാകും. അതോടുകൂടി ഭാഷയ്ക്കു ആദരണീയമായ ഒരു സംസ്കാരശുദ്ധിയും ലഭിക്കുന്നതാണു്.

പദ്യസാഹിത്യത്തെ ആഭ്യന്തരമായി ബാധിക്കുന്ന ചില ദോഷങ്ങളും ഉണ്ടു്. വർണ്ണനം ഇതിവൃത്തം മുതലായവയെ പരിശോധിച്ചാൽ ഈ ദോഷങ്ങളുടെ സ്വഭാവം മനസ്സിലാകും. ഒരു പഴയ ചടങ്ങിനെ അനുസരിച്ചു പുതുമയൊന്നും കൂടാതെ ശുഷ്കമായ കല്പനയോടുകൂടിയ വർണ്ണനങ്ങൾ പല കൃതികളിലും കാണുന്നു. പല കവികളുടേയും നായികാദിവർണ്ണനങ്ങൾ ഈ ദോഷത്താൽ സ്പൃഷ്ടങ്ങളായിരിക്കുന്നു. ശൃംഗാരം ബീഭത്സം മുതലായ രസങ്ങളെ വളരെ നഗ്നമായി പ്രയോഗിച്ചിരിക്കുന്നതാണു മറ്റൊരു ദോഷം. അസന്മാർഗ്ഗോപദേശം ചെയ്യുക എന്നുള്ള ദുസ്സഹമായ ഒരു ദോഷമാകുന്നു. മനഃപൂർവ്വം ശാസ്ത്രമാർഗ്ഗത്തെ ചിലർ ഉല്ലംഘിച്ചു കാണുന്നുണ്ടു്. സമുദായാഭിപരിഷ്കാരത്തിനുവേണ്ടി സാഹിത്യത്തിന്റെ ശോഭനമായ മാർഗ്ഗത്തെ പങ്കിലമാക്കിവെയ്ക്കുന്ന നയവും തുടങ്ങിവെച്ചിട്ടുണ്ടു്. ഈ വക ദോഷങ്ങൾ പരിഹരിക്കപ്പെടേണ്ടവയാകുന്നു.

നമുക്ക സന്തോഷത്തെയും സംതൃപ്തിയെയും പ്രദാനം ചെയ്യത്തക്കവിധമുള്ള ഒരു അഭിവൃദ്ധി പദ്യസാഹിത്യത്തിന ലഭിച്ചിട്ടുണ്ടെന്ന പറയുവാൻ മടിക്കേണ്ടതില്ല. പദ്യസാഹിത്യത്തിന്റെ പ്രധാനങ്ങളായ മിക്ക ശാഖകൾക്കും നല്ല പുഷ്ടി ഉണ്ടായിട്ടുണ്ട്. ഇത്രയും പ്രസ്താവിച്ചതിൽനിന്ന പദ്യസാഹിത്യത്തിന്റെ അഭിവൃദ്ധി പൂൎണ്ണതയെ പ്രാപിച്ചിരിക്കുന്നു എന്ന വിചാരിക്കരുത്. ഓരോ ശാഖയിലും ഉണ്ടാകേണ്ട ഗ്രന്ഥങ്ങളെ സംബന്ധിച്ച് തത്തൽസന്ദൎഭങ്ങളിൽ പറഞ്ഞിട്ടുള്ളതാകുന്നു. ആവിധം ഉള്ള ഒരു പുഷ്ടി സാഹിത്യത്തിന് ഉണ്ടാകേണം. സംസ്കൃതത്തെ അനുസരിച്ച് പല സ്വതന്ത്രപ്രസ്ഥാനങ്ങളും നമ്മുടെ പദ്യസാഹിത്യത്തിന് ഉണ്ടാകാതെ നിവൃത്തിയില്ല. ഗൈൎവ്വാണിയുടെ ഹസ്താവലംബം നിമിത്തമാണ കൈരളീപദ്യസാഹിത്യത്തിന് ഇന്നു നാം കാണുന്ന യോഗ്യത ഉണ്ടായിട്ടുള്ളത്. ഭാവിയിലും, ഈവിധമുള്ള വൈശിഷ്ട്യത്തെ വൎദ്ധിപ്പിച്ച സംരക്ഷിക്കണമെങ്കിൽ ഭാഷക്കു ഗൈൎവ്വാണിയുമായുള്ള ബന്ധത്തെ പരിപാലിക്കാതെ നിവൃത്തിയില്ല. പദ്യസാഹിത്യത്തിന്റെ ഔന്നത്യത്തിന വേണ്ടി പരിശ്രമിക്കുന്ന കവികളും പണ്ഡിതന്മാരും ഭാവിയിലും ഈ തത്വത്തെ വേണ്ടുംപോലെ മനസ്സിലാക്കി പ്രവൎത്തിക്കുമെന്ന വിശ്വസിക്കാം.

ഭാഷക്കു ശോഭനമായ ഒരു ഔന്നത്യം സമ്പാദിച്ചുകൊടുക്കുക എന്നതു ദീൎഘകാലത്തെ പരിശ്രമംകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. ഇന്ന് ഉന്നതനിലയിൽ സ്ഥിതിചെയ്യുന്ന ഭാഷകളെല്ലാം ആ അവസ്ഥയെ പ്രാപിച്ചത് ഒന്നോ രണ്ടോ ദിവസമോ മാസമോ കാലംകൊണ്ടല്ല; അനേകം ശതവൎഷങ്ങൾകൊണ്ടാകുന്നു. ഇതിലേക്ക വേണ്ടി പല പണ്ഡിതന്മാരും സംശിതവ്രതന്മാരായി പരിശ്രമിച്ചിട്ടുണ്ടെന്നും കാണാം. അതുപോലെ നമ്മളും വേണ്ടവിധം ശ്രമിക്കുന്നതായാൽ ഒരു സുന്ദരമായ ഭാവി, ഭാഷക്കു ഉണ്ടാക്കുവാൻ കഴിയും. ഭാഷയുടെ ശ്രേയസ്സിനവേണ്ടി ചെയ്യുന്ന ശ്രമങ്ങൾ എല്ലാം, സ്വന്തം മാതാവിന്റെ പരിപാലനത്തിനുള്ള ശ്രമങ്ങൾപോലെ [illegible] [illegible]

ദപ്രദങ്ങളായിട്ടേ ഭവിക്കുകയുള്ളൂ. സൽപുത്രന്മാൎക്ക് മാതൃപാദാരാധനംപോലെ ആഹ്ലാദജനകമായി ലോകത്തിൽ വേറെ ഒന്നുംതന്നെയില്ല. ഭാഷയെന്നതു (സരസ്വതി) നമുക്കു വിദ്യയുടെ അധിഷ്ഠാനദേവതയാകുന്നു; അതായത് ഈശ്വരി എന്ന് അൎത്ഥം. ഈ സ്ഥിതിക്കു ജ്ഞാനസ്വരൂപിണിയായ ഭാഷയുടെ ഭജനം നമ്മുടെ ഒഴിച്ചുകൂടാത്ത കടമകളിൽ ഒന്നാണെന്നു വന്നുകൂടുന്നുണ്ടല്ലോ. ഈശ്വരനെ ഭജിക്കുന്നതിനു പ്രഭുവിനും ദരിദ്രനും പണ്ഡിതനും പാമരനും ശക്തനും അശക്തനും—എന്നുവേണ്ട എല്ലാ തരത്തിലുമുള്ളവൎക്കും അവകാശമുള്ളതാകുന്നു. യാതൊരു കാരണത്താലും ഈ അവകാശം ഹനിക്കപ്പെടുന്നില്ല. ഈ നിലയിൽ വിചാരിക്കുമ്പോൾ സാഹിത്യരൂപമായ വ്യവസായം ജ്ഞാനസ്വരൂപിണിയായ സരസ്വതിയുടെ (ഈശ്വര) ഭജനമായി പരിണമിക്കുന്നു എന്നു സ്പഷ്ടമാണ്. സ്വന്തം ശക്തി അനുസരിച്ചു വാഗ്ദേവിയെ ആരാധിക്കുവാൻ ആൎക്കും കഴിയും. ഇപ്രകാരം എല്ലാവരും സ്വശക്തിയനുസരിച്ചു പ്രവൎത്തിച്ചാൽ പല തുള്ളി പെരുവെള്ളം’ എന്നു പറയുന്നതുപോലെ ശോഭനമായ ഒരു സ്ഥിതി ക്രമേണ ഭാഷയ്ക്കു ലഭിക്കാതിരിക്കയില്ല. പൂൎവ്വന്മാരായ പണ്ഡിതന്മാരും കവികളും പൊതുജനങ്ങളും ഈ തത്വത്തെ മനസ്സിലാക്കി ഭാഷയോടുള്ള തങ്ങളുടെ കടമയെ നിൎവ്വഹിച്ചിട്ടുള്ളവരാകുന്നു. നമ്മളും, അവരുടെ അനുഗാമികളാണെന്നു പ്രവൃത്തിരൂപേണ കാണിക്കുവാൻ ശ്രമിക്കുന്നതായാൽ കൈരളിയുടെ ഭാവി ശോഭനമായിഭവിക്കുമെന്നതിനു സംശയമില്ല. അതിനു സൎവ്വശക്തനും ജ്ഞാനസ്വരൂപിയും ആയ ഭഗവാന്റെ പൂൎണ്ണമായ അനുഗ്രഹം ലഭിക്കുമാറാകട്ടെ!

മഹാകവി രാമപാണിവാദൻ.

കേരളത്തിൽ എന്നല്ല ദക്ഷിണഭാരതത്തിൽതന്നെ ജീവിച്ചിരുന്നിട്ടുള്ള സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഉന്നതമായ ഒരു സ്ഥാനത്തിന് അവകാശിയാകുന്നു രാമപാണിവാദൻ. കുലശേഖരൻ മേല്പുത്തൂർ ശക്തിഭദ്രൻ എന്നീ സംസ്കൃതമഹാകവികളോടു തുല്യമായ ഒരു സ്ഥാനം സംസ്കൃതസാഹിത്യത്തിലും കുഞ്ചൻനമ്പിയാർ ഉണ്ണായിവാരിയർ മുതലായവരെപ്പോലെയുള്ള ഒരു നില ഭാഷയിലും രാമപാണിവാദനു കിട്ടുവാൻ അവകാശമുണ്ട്. ഒരു കയ്യുകൊണ്ടു സംസ്കൃതത്തിലും മറേറക്കയ്യുകൊണ്ടു ഭാഷയിലും ഒരുപോലെ ഹൃദയംഗമമായി കാവ്യരചന ചെയ്തു സവ്യസാചിപ്രതാപത്തെ കാണിച്ചു ഗൈൎവ്വാണീകൈരളികളെ അനുഗ്രഹിച്ചിട്ടുള്ള കവികൾ രാമപാണിവാദനെപ്പോലെയുള്ളവർ ചുരുക്കമാകുന്നു. ശ്രവ്യകാവ്യങ്ങളെയെന്നപോലെ ദൃശ്യകാവ്യങ്ങളെ വിരചിക്കുന്നതിനും രാമപാണിവാദൻ നിപുണനാകുന്നു. ഒരു ശാസ്ത്രകാരൻെറ നിലയിലും നമ്മുടെ കവിയുടെ സ്ഥാനം ഉയൎന്നതുതന്നെ. പാണിവാദൻ ഒരു പ്രൌഢനായ വ്യാഖ്യാതാവുകൂടിയാകുന്നു എന്നു പറയേണ്ടതുണ്ട്.

രാഘവീയം വിഷ്ണുവിലാസം സീതാരാഘവം ചന്ദ്രിക എന്നിവ പാണിവാദൻെറ പ്രധാനകൃതികളാകുന്നു. ഭാഷാകൃതികളാണു വിഷ്ണുഗീതയും പഞ്ചതന്ത്രവും. പാണിവാദൻ ശ്രീകൃഷ്ണവിലാസം രാഘവീയം വിഷ്ണുവിലാസം എന്നീ കൃതികൾക്കു വ്യാഖ്യാനങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. ഇവ കൂടാതെ പല ഭഗവൽസ്തോത്രങ്ങളും പാണിവാദൻെറ വകയായിട്ടുണ്ട്. കവി രാമഭദ്രദീക്ഷിതരെപ്പോലെ ഒരു വലിയ രാമഭക്തനായിരുന്നു എന്നു വിചാരിക്കാവുന്നതാണ്. പാണിവാദൻെറ കൃതികൾ അധികവും പ്രസിദ്ധപ്പെടുത്താത്തവയാകുന്നു.

പൂജനീയനായ ഈ മഹാകവിയെക്കുറിച്ചു കേരളീയർ വേ

ങ്ങളെപ്പോലെ അറിഞ്ഞു ആദരിക്കുന്നില്ലെന്നുള്ളതു ശോച്യമായ ഒരു വാസ്തവമായിരിക്കുന്നു. എന്നാൽ പാണിവാദനെക്കുറിച്ചു അന്വേഷണങ്ങൾ ചെയ്യുന്നതിൽ ഇയ്യിടെയായി പണ്ഡിതന്മാർ അല്പം ശ്രദ്ധിച്ചുകാണുന്നുണ്ട്. ഈ അന്വേഷണത്തിന്റെ ഫലമായി രാമപാണിവാദനും കുഞ്ചൻനമ്പിയാരും ഒരാൾതന്നെയെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചരിത്രഗവേഷണകുശലനായ എസ്സ്. പരമേശ്വരയ്യരവർകൾ ഈ അഭിപ്രായക്കാരനാകുന്നു. കുഞ്ചൻനമ്പിയാർക്ക് സംസ്കൃതത്തിലും രാമപാണിവാദന്റെ ഭാഷയിലും കാവ്യങ്ങൾ നിർമ്മിക്കുവാൻ നൈപുണ്യമുണ്ടായിരുന്നു എന്ന സംഗതിയായിരിക്കാം ഈ അഭിപ്രായത്തിന്റെ മൂലം. എന്നാൽ രാമപാണിവാദന്റെ പ്രസ്ഥാനത്തിൽ സംസ്കൃതകൃതികളെ നിർമ്മിക്കുവാൻ കുഞ്ചൻനമ്പിയാർക്കും തുള്ളൽപാട്ടുകളെപ്പോലെയുള്ള ഭാഷാകാവ്യങ്ങളെ രചിക്കുവാൻ രാമപാണിവാദനും എത്രമാത്രം സാധിക്കുമെന്നും ഇവരുടെ രണ്ടുപേരുടേയും പ്രസ്ഥാനങ്ങൾതന്നെ ഭിന്നങ്ങളല്ലയെന്നും ഉള്ള സംഗതികൾ ഇവിടെ വിചാരിക്കേണ്ടതുണ്ട്.

കുഞ്ചൻനമ്പിയാരും രാമപാണിവാദനും രണ്ടുപേരാണെന്നു കാണുവാൻ അധികം ക്ലേശമില്ലെന്നാണ് എനിക്കു തോന്നുന്നത്. സംസ്കൃതകവിതയെ സംബന്ധിച്ചിടത്തോളവും രാമപാണിവാദൻ കുഞ്ചൻനമ്പിയാർക്ക് അടുക്കുവാൻ കഴിയാത്ത വിധം അത്രയധികം ഉയർന്ന ഒരു സ്ഥാനത്താണു സ്ഥിതിചെയ്യുന്നതു്, എന്നാൽ ഭാഷാകവിതകൊണ്ടു പാണിവാദനു കുഞ്ചൻനമ്പിയാരാകുവാൻ അത്രയധികം പാടില്ലായ്കയില്ലെന്നു കാണാവുന്നതുമാണ്. രാമപാണിവാദനെപ്പോലെയുള്ള ഒരു കവി കേരളത്തിൽ വേറെ ഉണ്ടായിട്ടില്ല. കാളിദാസരുടെ അർത്ഥനിഷ്കർഷയും ശബ്ദഭംഗിയിൽ തദധികം ശ്രദ്ധയും നമ്മുടെ മഹാകവിയിലുണ്ട്. ഔചിത്യദീക്ഷ, അർത്ഥശുദ്ധി, പ്രസാദം, പാകമാധുര്യം, സംസ്കാരപാരമ്യം മുതലായവ നമ്മുടെ മഹാകവിയിൽ അതിശയേന കാണുന്ന ചില ഗുണങ്ങളാകുന്നു. മു

രാരി രാമഭദ്രദീക്ഷിതർ രാജശേഖരൻ മുതലായ മഹാകവികളിൽ കാണുന്ന നാടകരചനാപാടവം നമ്മുടെ പാണിവാദനിലും കാണുവാൻ കഴിയും. കുഞ്ചൻനമ്പിയാർ സ്വപ്നത്തിൽ പോലും കണ്ടിട്ടില്ലാത്ത ഒരു സംസ്കൃതശുദ്ധി രാമപാണിവാദന്റെ ഭാഷാകവിതയുടെ ഒരു പ്രത്യേകഗുണമാകുന്നു. തുള്ളൽ പാട്ടുകളിൽ കാണുന്ന നിരങ്കുശത്വം രാമപാണിവാദന്റെ കൃതിയിൽ 'മരുന്നിനുപോലും' ഉണ്ടായിരിക്കുന്നതല്ല. ഭാഷാകവിതയെ സംബന്ധിച്ചിടത്തോളവും കുഞ്ചൻനമ്പിയാൎക്കും പാണിവാദനും തമ്മിൽ ഇതാണ് ഒരു പ്രധാനവ്യത്യാസം കാണുന്നതു്. സംസ്കൃതസാഹിത്യത്തിൽ അത്യുന്നതസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന നമ്മുടെ കവീന്ദ്രനെ കുഞ്ചൻനമ്പിയാരെപ്പോലെയുള്ള ഒരു നിരങ്കുശഭാഷാകവിയിൽ കൊണ്ടു ലയിപ്പിക്കുകയെന്നതു്, ആകാശഗംഗയെ ഭൂമിയിൽ കൊണ്ടുവന്നു ഒരു കുളത്തിൽ അന്തർഭവിപ്പിക്കുന്നതുപോലെയും, നന്ദനോദ്യാനത്തെ ഭൂമിയിലെ വല്ല പൂന്തോട്ടങ്ങളിലും ലയിപ്പിക്കുന്നതുപോലെയും, ഒരു വലിയ സാഹസമായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഇതരങ്ങളായ തെളിവുകൾ എത്രമാത്രം പ്രാബല്യേന ഉണ്ടെന്നുവരികിൽതന്നെയും, കുഞ്ചൻനമ്പിയാരും രാമപാണിവാദനും രണ്ടുപേരാണെന്നു, ഇവരുടെ സാഹിത്യപ്രസ്ഥാനങ്ങളുടെ ഭിന്നതതന്നെ വിളിച്ചുപറയുന്നുണ്ട്. ഈ സ്ഥിതിക്കു മുൻപറഞ്ഞ തെളിവുകളുടെ അഭാവത്തിൽ ഇവർ രണ്ടുപേരും ഒരാൾതന്നെയെന്നു വിശ്വസിക്കുന്നതു മഹാസാഹസമായിരിക്കുമെന്നു പ്രസ്താവിക്കേണ്ടതില്ലല്ലോ.

(൪) രാമപാണിവാദന്റെയും കുഞ്ചൻനമ്പിയാരുടേയും കൃതികളിൽനിന്നു അവരെക്കുറിച്ചു കിട്ടുന്ന വിവരങ്ങൾ.

(൧.) ജീവിച്ചിരുന്ന കാലം.

(൨.) സാഹിത്യപ്രസ്ഥാനം.

(൩) മററു തെളിവുകൾ.

എന്നു നാലു സംഗതികളെക്കുറിച്ച് ഇവിടെ പ്രധാനമായി വിചാരിക്കേണ്ടതുണ്ട്.

രാമപാണിവാദനെക്കുറിച്ചു തൽകാവ്യങ്ങളിൽനിന്നു കിട്ടുന്ന വിവരങ്ങൾ നമുക്ക് ഈ സന്ദർഭത്തിൽ അധികം പ്രയോജനപ്പെടുന്നവയാണ്. 'മംഗല'ഗ്രാമമാണു പാണിവാദന്റെ സ്വദേശം; ഗുരുനാഥൻ ഒരു നാരായണഭട്ടതിരിയാകുന്നു. പാണിവാദനു ഗുരുവിനെപ്പററി വളരെ ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നു. ഈ ഭട്ടതിരി ഒരു മഹാകവിയാണെന്നു പാണിവാദൻ പറയുന്നു. തൃപ്പറങ്ങോട്ടുക്ഷേത്രവുമായി പാണിവാദന് ഒരു ബന്ധം ഉണ്ടായിരുന്നിരിക്കണം. ഒരുപക്ഷേ ഈ ക്ഷേത്രത്തിലെ കഴകം നമ്മുടെ കവിയുടെ പൂർവന്മാർ ചെയ്തിരുന്നിരിക്കാം. വെട്ടത്തുനാട്ടു ശ്രീവീരരായ രാജാവിനെ പാണിവാദൻ സ്മരിക്കുന്നുണ്ട്. (തിരുവിതാംകൂറിൽ) ൯൩൩-ൽ നാടുനീങ്ങിയ മഹാപ്രതാപശാലിയായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിനെക്കുറിച്ചു നമ്മുടെ കവിക്കു നിസ്തുല്യഭക്തിയുണ്ടായിരുന്നു. ഈ മഹാരാജാവിനെ ആശ്രയിച്ചു, പാണിവാദൻ, തിരുവനന്തപുരത്തു അല്പകാലം താമസിച്ചിട്ടുണ്ടെന്നു ഊഹിക്കാം. പാണിവാദൻ പാലിയത്തച്ചന്റെയും ഒരു ആശ്രിതനായിരുന്നു. രാമകുബേരനെന്നാണ് ഈ പാലിയത്തച്ചന്റെ പേർ. കവി, ചേന്നമംഗലത്തു താമസിക്കുന്ന കാലത്തു ഈ പാലിയത്തച്ചന്റെ നിയോഗം അനുസരിച്ചാണ് വിഷ്ണുവിലാസംകാവ്യം രചിച്ചത്. ഈ കവിയുടെ പ്രധാനസംസ്കൃതകൃതി രാഘവീയമഹാകാവ്യമാകുന്നു. 'ഭാഗവതത്തെ' അധികരിച്ച് ഒരു ചമ്പുക്കൂടി പാണിവാദൻ രചിച്ചിട്ടുണ്ടെന്നു ഞാൻ ഊഹിക്കുന്നു. പാണിവാദന്റെ കൃതികളിൽ അവ രചിച്ചതു ഇന്നായാളാണെന്നു വ്യക്തമായി പറഞ്ഞിരിക്കും. ഈ അഭിപ്രായങ്ങളെ സ്ഥാപിക്കുന്ന ഭാഗങ്ങൾ തൽകൃതികളിൽനിന്ന് ഉദ്ധരിച്ചുകൊള്ളുന്നു.

(൧) "അത്യുജ്ജ്വലപ്രകാശരാജ്യപ്രകാശകസ്യ പ്രതാപവിവേകവിദ്യാവിശേഷശാലിനഃ ശ്രീവീരരായമഹാരാജസ്യ ആജ്ഞയാ ശ്രീപരക്രോഡനാമ ക്ഷേത്രമധിവസതഃ ശൂലാഗ്രകീലിതകിന്നരസ്യ ഭഗവതഃ ശ്രീപരമേശ്വരസ്യ മഹാകൃഷ്ണചതുർദ്ദശീമഹോത്സവപ്രസംഗേന സംഗതായാമസ്യാം പരിഷദി മംഗളഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതാം ചന്ദ്രികാന്നാമ വീഥികാമഭിനേതുമഭിലഷാമഃ"

(ചന്ദ്രിക-വീഥി)

ഇവിടെ 'പ്രകാശം' വെട്ടത്തുനാടിനേയും ശ്രീപരക്രോഡം തൃപ്പരങ്ങോടിനേയും കുറിക്കുന്നു.

(൨) "ശ്രീനാരായണഭട്ടപാദകരുണാപീയൂഷലേശോക്ഷണാ-
ദിഷ്ടാം പുഷ്ടിമുപൈതി യസ്യ കവിതാകല്പദ്രുമസ്യാങ്കുരഃ"

*   *   *   *

(സീതാരാഘവം.)

(൩) കരോതു നാരായണഭട്ടദേശിക-
പ്രസാദനിർദ്ദോഷനിശാകരദീധിതിഃ
മദന്തരിന്ദൂപലമുദ്ഗിരദ്ഗിരീ-
ഝരീപരിസ്യന്ദതയാതിസുന്ദരം.

(വിഷ്ണുവിലാസം.)

*   *   *   *

---

(൧) സാരം:—വെട്ടത്തുനാടിനു പ്രകാശത്തെ ജനിപ്പിക്കുന്നവനും പ്രതാപാദിഗുണങ്ങളുള്ളവനും ആയ ശ്രീവീരരായ മഹാരാജാവിന്റെ നിയോഗത്താൽ, തൃപ്പരങ്ങോട്ടു ഭഗവാന്റെ ക്ഷേത്രത്തിൽ ഉത്സവത്തിനു വന്നിരിക്കുന്നവരുടെ സദസ്സിൽ, രാമപാണിവാദരചിതമായ 'ചന്ദ്രിക'യെ അഭിനയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

(൨) സാരം:—നാരായണഭട്ടതിരിയുടെ കൃപയാലത്രെ രാമപാണിവാദന്റെ കവിത പുഷ്ടിയെ പ്രാപിച്ചതു്.

(൩) സാരം:—ഗുരുനാഥനായ നാരായണഭട്ടതിരിയുടെ അനുഗ്രഹമാകുന്ന പൂർണ്ണചന്ദ്രൻ, എന്റെ ഹൃദയമാകുന്ന ചന്ദ്രകാന്തത്തെ സരസവാക്പ്രവാഹംകൊണ്ടു മനോഹരമാക്കിത്തീർക്കട്ടെ. (ഗുരുപ്രസാദത്താൽ എനിക്കു വാഗ്വിലാസം ലഭിക്കട്ടെ.)

(ക) ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദാദയം.
[illegible] രാഘവീയമിതിയത് കാവ്യം കൃതം കേനചിത്
(രാഘവീയം.)

* * * *

(ഖ) ശ്രീനാരായണഗുരവേ.
കരുണാപാത്രേണ രാമപാണിവാദേന
(ശ്രീകൃഷ്ണവിലാസം വ്യാഖ്യാനം.)

* * * *

സഹൃദയനായ നാരായണഭട്ടതിരിയെപ്പറ്റി, രാമപാണിവാദനു എത്രമാത്രം ഭക്തിബഹുമാനങ്ങൾ ഉണ്ടെന്നു ഈ ഭാഗങ്ങൾ തെളിയിക്കുന്നു. ഈ നാരായണൻ സാക്ഷാൽ മേല്പുത്തൂർ ഭട്ടതിരിയാണെന്നു പ്രശസ്തവിമർശകനായ ശ്രീമാൻ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. അവർകൾ പറയുന്നു.

(ഗദ്യമാലിക ഭാഗം ൩.)

ഈ അഭിപ്രായം സ്വീകാര്യമായി തോന്നുന്നില്ല. "ആയുരാരോഗ്യസൌഖ്യം" ഭട്ടതിരിയുടെ കാലത്തെ വെളിവാക്കുന്നതാണെന്നുള്ളതിന് ആർക്കും സന്ദേഹമില്ല.

* [illegible]
(സീതാരാഘവം.)

(ക) നാരായണഭട്ടപാദരുടെ അനുഗ്രഹത്താലാണ് രാഘവീയം രചിച്ചത്.

(ഖ) നാരായണഭട്ടപാദരുടെ അനുഗ്രഹത്തിനു പാത്രമായ രാമപാണിവാദൻ.

* സാരം:— മനോഗുണശാലിയും, തിരുവനന്തപുരത്തിന്റെ ഭൂഷണം അതിശയിക്കത്തക്ക വിഭവങ്ങളോടുകൂടിയവനും, തന്റെ സർവ്വസ്വവും ശ്രീപത്മനാഭന് അർപ്പിച്ചവനും, സർവ്വരാജാക്കന്മാരാലും കീർത്തിക്കപ്പെട്ടവനും, അധൃഷ്യനും, ആയ മാർത്താണ്ഡവർമ്മരാജാവിന്റെ ആജ്ഞയാൽ വസന്തോത്സവം വിചാരിച്ചു ആയ ബ്രാഹ്മണരുടെ സദസ്സിൽ ഈ നാടകം അഭിനയിക്കുന്നു.

ഇവിടെ കവി സ്മരിച്ചിരിക്കുന്ന മാൎത്താണ്ഡവൎമ്മ, അതിപ്രതാപശാലിയായിരുന്ന രാജ്യം മുഴുവൻ ശ്രീപത്മനാഭന് അൎപ്പണം ചെയ്തു ൯൩൩-ൽ നാടുനീങ്ങിയ മഹാരാജാവുതന്നെയാണെന്നു 'പത്മനാഭാൎപ്പിതസമസ്തനിജവിഭവോ' എന്ന പദം സ്പഷ്ടമാക്കുന്നു. 'ഇദാനീന്തനോ' എന്ന പദവും പ്രയോജനകരമാണ്. കവിയും മാൎത്താണ്ഡവൎമ്മമഹാരാജാവും ഒരുകാലത്തുതന്നെ ജീവിച്ചിരുന്നു എന്നു ഇതിൽനിന്നു ഗ്രഹിക്കേണ്ടതാകുന്നു. "ഐശ്വര്യാരോഗ്യസൌഖ്യ"ത്തിനും (കൊല്ലം ൭൦൫) ഈ കാലത്തിനും (൯൩൩-നു മുൻപു) തമ്മിൽ വളരെ വ്യത്യാസമുണ്ടു്. അതുകൊണ്ടു മേല്പത്തൂർ ഭട്ടതിരിയല്ല രാമപാണിവാദന്റെ ഗുരുവെന്നു സ്പഷ്ടം. കൊല്ലം ൮൫൦-നു മുമ്പു ഭട്ടതിരിയുടെ സ്വൎഗ്ഗാരോഹണം കഴിഞ്ഞിരിക്കുന്നു. കടമാളൂർ തെക്കേടത്തു വിദ്വാന്മാരായ പല ഭട്ടതിരിമാരും ഉണ്ടായിരുന്നു എന്നും അവരിൽ ഒരാളായിരിക്കണം പാണിവാദന്റെ ഗുരുവെന്നും ചില പണ്ഡിതന്മാർ പറയുന്നു. ഈ അഭിപ്രായവും യുക്തിയുക്തമായി തോന്നുന്നില്ല. വെട്ടത്തുനാടു കേരളത്തിന്റെ വെട്ടമായ ഒരു നാടുതന്നെയായിരുന്നു. മുൻകാലത്തു പണ്ഡിതന്മാരും കവികളും ആയി അനവധി പേർ അവിടെ ജീവിച്ചിരുന്നു. അവരിൽ ഒരാളായിരിക്കണം നമ്മുടെ കവിയുടെ ഗുരുവെന്നു എനിക്കു തോന്നുന്നു. "ഭട്ടപാദ"പ്രയോഗംകൊണ്ടു ഈ നാരായണഭട്ടതിരി ശ്രൗതവും അസാധാരണനായ ഒരു വിദ്വാനായിരുന്നെന്നു വിചാരിക്കണം. പാണിവാദന്റെ വിദ്യാഭ്യാസം അധികവും സ്വദേശത്തുതന്നെ നിൎവ്വഹിച്ചതായി വരുവാനാണു യുക്തി. തെക്കേടത്തു ഭട്ടതിരിമാരുടെ വൈദുഷ്യചരിത്രത്തെക്കുറിച്ചു തൃപ്തികരമായ അറിവു കിട്ടുന്നതുവരെ, അവരിൽ ഒരാളാണു നമ്മുടെ 'നാരായണഭട്ടപാദർ' എന്നു വിശ്വസിക്കുവാൻ വഴി കാണുന്നില്ല.

(ക) ചകാസ്തി ചൂർണ്ണീസരിതസ്തടേ ശ്രീമ
ന്നികേതനം യസ്യ ജയന്തമംഗലം
സനാതനാനന്ദതനു: പ്രകാശതാം
സ നാരസിംഹം വപുരാശ്രിതോ ഹരി:

എന്ന പദ്യത്തോടുകൂടി വിഷ്ണുവിലാസം ആരംഭിക്കുന്നു. ഇവിടെ ജയന്തമംഗലം എന്നു പറഞ്ഞിരിക്കുന്നതു ചേന്നമംഗലത്തെ ഉദ്ദേശിച്ചാണു്. പാലിയംവക ഒരു 'വിഷ്ണുവിലാസ'ഗ്രന്ഥത്തിൽ താഴെ കൊടുക്കുന്ന പദ്യം കാണുന്നു.

(ഖ) ശ്രീമദ്രാമകവേശ്വരോ മനുജതി: ശ്രീപാലിയശ്രീപതി
പ്രീതിസ്ഫീതമനാ മദീയമനകലിതം ഭകനാപി നാനാരസം
കാവ്യം വിഷ്ണുവിലാസനാമകമലങ്കാരൈ: കഥാവർണ്ണനം
പൂർണ്ണം ഹന്ത ജയന്തമംഗലകഥാവിഷ്ണോ: കൃപാമാശ്രിതാൽ

ഈ പദ്യത്തിൽനിന്നു നമ്മുടെ കവിയും പാലിയത്തച്ചനും തമ്മിൽ ഉള്ള ബന്ധം ഗ്രഹിക്കാം. രാമകവേശ്വരൻ എന്നു പേരായ പാലിയത്തച്ചന്റെ നിയോഗംകൊണ്ടാണു് വിഷ്ണുവിലാസം വിരചിച്ചതെന്നു ഇവിടെ കവി വ്യക്തമാക്കിയിരിക്കുന്നു.

ശ്രീകരന്മാരാമാദ്യനാം പാലിയാധിശന്റെ
ശ്രീകലാലംബനം ചെയ്ക വരുമെന്നു
ശ്രീകാന്തദേവൻ ജയന്താലയശാലൻ
ശ്രീകശ്യപസേവിതൻ ശ്രീനൃസിംഹാകൃതി
ശ്രേയസ്സു നല്കും നിനക്കിന്നഹോ സതതം.

എന്നു വിഷ്ണുഗീതയുടെ പ്രാരംഭത്തിലും കവി ഈ പാലിയത്തച്ചനെ സ്മരിച്ചിരിക്കുന്നു. ഇതിൽനിന്നൊക്കെ നമ്മുടെ പാണിവാദൻ ഈ പാലിയത്തച്ചന്റെ ആശ്രിതനായിരുന്നു എന്നു തെളിയുന്നു. പാണിവാദൻ മിക്ക കൃതികളിലും സ്വന്തം പേർ തെളിച്ചുപറയുന്നുണ്ടു്.

(ക) ജയന്തമംഗലത്തു ചൂർണ്ണീതീരത്തിങ്കൽ നരസിംഹരൂപത്തോടുകൂടി ശ്രീവിഷ്ണുഭഗവാൻ വസിക്കുന്നു.

(ഖ) സുശീലനായ പാലിയത്തച്ചൻ രാമകവേശ്വരൻ നിയോഗിച്ചതുകൊണ്ടു നാനാരസപൂർണ്ണവും ഭഗവൽകഥാവർണ്ണനാത്മകവും ആയ വിഷ്ണുവിലാസംകാവ്യം രചിച്ചു.

ചന്ദ്രികാനാമവീഥീയമേകാങ്കചരിതോജ്ജ്വലാ
ഏകാങ്കാ പാണിവാദേന രാമനാമ്നാ വിനിർമ്മിതാ

*　　*　　*　　*

പഞ്ചതന്ത്രം നീതിശാസ്ത്രം ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന ബാലാനാം ബോധഹേതവേ

എന്നിവ ചന്ദ്രികാവീഥിയുടേയും പഞ്ചതന്ത്രത്തിന്റേയും അവസാനഭാഗത്തിൽ കാണുന്ന പദ്യങ്ങളാകുന്നു. പഞ്ചതന്ത്രം കുഞ്ചൻനമ്പിയാരുടെ കൃതിയാണെന്നു വിശ്വസിച്ചുവരുന്നതു് അബദ്ധമാണെന്നു ഇവിടെ സ്പഷ്ടമാണല്ലൊ.

രാമപാണിവാദൻ മാർത്താണ്ഡവർമ്മമഹാരാജാവിനെക്കുറിച്ചു ഭക്തിബഹുമാനങ്ങളോടുകൂടി സ്മരിക്കുന്നുണ്ടു്. എന്നാൽ മാർത്താണ്ഡവർമ്മയ്ക്കുശേഷം നാടുവാണ ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിനെക്കുറിച്ചു് ഒന്നും പറഞ്ഞുകാണുന്നില്ല. ചെമ്പകശ്ശേരിരാജാവു്, മാർത്താണ്ഡവർമ്മമഹാരാജാവു്, ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവു്, എന്നിവരെ കുഞ്ചൻനമ്പിയാർ അനേകസന്ദർഭങ്ങളിൽ സ്തുതിച്ചിരിക്കുന്നു. ചെമ്പകശ്ശേരിരാജാവിന്റേയും മാർത്താണ്ഡവർമ്മയുടേയും കാലത്തു കുഞ്ചൻനമ്പിയാരുടെ സാഹിത്യജീവിതം ആരംഭിച്ചിട്ടേയുള്ളു. അതിനു പൂർണ്ണമായ വികാസവും പ്രതിഷ്ഠയും കിട്ടിയതു ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിന്റെ കാലത്താകുന്നു. കുഞ്ചൻനമ്പിയാർ അവിടത്തെ ആശ്രയിച്ചാണു പ്രധാനമായ സാഹിത്യജീവിതം നയിച്ചിട്ടുള്ളതു്. രാമപാണിവാദൻ ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിനെ ആശ്രയിച്ചിട്ടുണ്ടായിരുന്നെങ്കിൽ ആ സൂചന കൃതികളിൽ കാണുമായിരുന്നു എന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. വാർദ്ധക്യദശയിലായിരിക്കണം രാമപാണിവാദൻ മാർത്താണ്ഡവർമ്മയെ ആശ്രയിച്ചിട്ടുള്ളതു്. അതുകൊണ്ടു ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിന്റെ നാടുവാഴ്ചക്കുമുൻപാണു രാമപാണിവാദന്റെ ജീവിതകാലം എന്നു നിശ്ചയിക്കാം. കുഞ്ചൻനമ്പിയാർ ചെമ്പകശ്ശേരി തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലാണു ജീവിതം അധികവും നയി

ച്ചിട്ടുള്ളതു്. ചേന്നമംഗലം പാലിയം വെട്ടം തൃപ്പാറങ്ങോട്ടു മുതലായവയുടെ സ്മരണം കുഞ്ചൻനമ്പിയാരുടെ കൃതികളിൽ കാണുന്നില്ല. മാത്തൂർ കടമാളൂർ കുമാരനല്ലൂർ മുതലായ തെക്കൻക്ഷേത്രങ്ങളിലെ ദേവന്മാരെയാണു കുഞ്ചൻനമ്പിയാർ ഭജിച്ചിട്ടുള്ളതു്. നാരായണഭട്ടതിരിയെ കുഞ്ചൻനമ്പിയാർ ഒരിടത്തും സ്മരിക്കുന്നില്ലെന്നുള്ള സംഗതി പ്രത്യേകം വിചാരിക്കേണ്ടതാകുന്നു. ഗുരുനാഥനെ സ്മരിക്കുന്ന കാര്യത്തിൽ രാമപാണിവാദനുള്ള ശ്രദ്ധ മുൻപു കാണിച്ചിട്ടുണ്ടല്ലോ. കുഞ്ചൻനമ്പിയാരും ഗുരുവിനെ സ്മരിക്കുന്നുണ്ടു്.

ധരണീസുരവരകുലഹാരമണി
കരണീയങ്ങളിലതികുശലമതി
തരണിസമാനൻ ശ്രീഗുരുവരനവ.
ഒരുനമ്പീശനവൻ കരുണാനിധി
കരുണാഗുണഗണനിധി നായകനാം
ഗുരുനാഥൻമമ വാഴ്കതുടർന്നും.

(പ്രദോഷമാഹാത്മ്യം)

എന്ന ഭാഗത്തിൽനിന്നു കുഞ്ചൻനമ്പിയാരുടെ ഗുരു ഒരു ബ്രാഹ്മണനാണെന്നു മനസ്സിലാക്കാം. ദ്രോണമ്പള്ളി ആചാര്യനും ഉണ്ണിരവിക്കുറുപ്പും കുഞ്ചൻനമ്പിയാരുടെ ഗുരുനാഥന്മാരായിരുന്നു. അമ്പലപ്പുഴ (തോട്ടമുടിപ്രവൃത്തിയിൽ) ദ്രോണമ്പള്ളി എന്ന ഇല്ലത്തു് ഉണ്ടായിരുന്ന ഒരു ബ്രാഹ്മണനാണു് ഈ ആചാര്യൻ. ഉണ്ണിരവിക്കുറുപ്പിന്റെ ഭവനം 'നന്തിക്കാട്ടാ'കുന്നു. കുഞ്ചൻനമ്പിയാർ വെട്ടം മുതലായ വടക്കൻദിക്കുകളിൽ അധികകാലം അധിവസിച്ചിരുന്നതായി വിശ്വസിക്കാൻ വഴിയില്ല. എന്നാൽ രാമപാണിവാദൻ വടക്കേദിക്കിലുള്ള പ്രഭുക്കന്മാരെ ആശ്രയിച്ചാണു സാഹിത്യജീവിതം നയിച്ചിട്ടുള്ളതെന്നു വിചാരിക്കാവുന്നതാണു്.

കുഞ്ചൻനമ്പിയാരുടെയും രാമപാണിവാദന്റെയും സാരസ്വതം രണ്ടുമാർഗ്ഗങ്ങളിൽക്കൂടിയാണു പ്രവഹിക്കുന്നതു്. രസികശിരോമണിയായ ഒരു ഭാഷാകവിയാണു കുഞ്ചൻ; എന്നാൽ രാമപാണിവാദനോ? പ്രൌഢനും ഗംഭീരനും ആയ ഒരു സം

സ്സ്തമഹാകവി. കുഞ്ചൻനമ്പിയാർക്ക് സംസ്കൃതത്തിൽ കവിത നിർമ്മിക്കുന്നതിന് അഭിരുചി കുറയും. സാധാരണക്കാരും നാടന്മാരുമായ പാമരന്മാരുടെ ഹിതത്തെ കുഞ്ചൻനമ്പിയാർ അധികം നോക്കിയിരിക്കുന്നു; ഇവരെ ആകർഷിക്കുന്നതിനു കഴിയുന്നവിധം ആണു തുള്ളൽപാട്ടുകളെ രചിച്ചിരിക്കുന്നത്.

ചിരിക്കുന്ന കഥ കേട്ടാൽ ചിരിക്കരുതെന്നല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ജനമൊരെ
ചിരിക്കാതെ രസിപ്പിപ്പാനാരിക്കുന്നെങ്കിലല്ലെ -
നിരീശ്വരനാകിലുമതാരുമൊന്നുമേ വേണ്ട.

(കാലകേയവധം)

ഈ ഭാഗത്തിൽനിന്നു കവി സാധാരണക്കാരുടെ ഹിതത്തെ അധികം നോക്കിയിട്ടുണ്ടെന്നു ഗ്രഹിക്കാം. നിരക്ഷരകുക്ഷികളായ പട്ടാളക്കാരാണു നമ്പിയാരുടെ സഭാവാസികൾ.

ഭാഷയാക്കുന്നതിനടിയനു സംസ്കൃതമാവിച്ചരിതമശേഷം പോരാ
ദോഷവിചാരപ്പെടുകല്ലദിപ്പോൾ മന്ദിവിലിനതിൽ
ശങ്കയില്ല പാമരന്മാർക്കും രസിച്ചിടാ കുരസംസ്കൃതം
ഭാഷയായ് പറയുമതിൽ ചില ദൂഷണമുണ്ടെങ്കിലും

എന്നും, (കീചകവധം.)

സജ്ജനങ്ങളിലെ സംസ്കൃതകവി കേൾക്കുമെങ്കിലും
ദുർജ്ജനങ്ങളിനടിക്കലമരസമെന്നുകിട്ടു കാരണം
മജ്ജനങ്ങളുടെ സഭയിലുള്ളൊരു പടയണിക്കിതാ ചേരുവാൻ
വടിവിയന്നൊരു പാതകങ്ങളാക്ഷേപമെന്നു ചിലർ വരും
കടുകട്ടിക്കഠിനസംസ്കൃതവികടകവി കേറിയാൽ
ഭടജനങ്ങൾക്കു രസിക്കയില്ല തിരിക്കയുമില്ലയുതർ
ഭാഷയെറിയുന്ന നല്ല മണിപ്രവാളമതിങ്കലോ
ദൂഷണം വരുവാനില്ല വിശേഷദൂഷണമാസ്ഥയും

(സഭാപ്രവേശം)

എന്നും, ഉള്ള ഭാഗങ്ങളിൽനിന്നു കുഞ്ചൻനമ്പിയാർ സാധാരണജനങ്ങളുടെ മനോഗതിയെ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുണ്ടെന്നു കാണുന്നു. കുഞ്ചൻനമ്പിയാർക്കു സംസ്കൃതകാവ്യരചനയിൽ അഭിരുചി കുറയുവാൻ ഇതുതന്നെ കാരണം. രാമപാണിവാദന്റെ സഭാവാസികൾ, 'സമധീതവേദശാസ്ത്രന്മാ'രും 'സരസ

കാവ്യരസമർമ്മജ്ഞന്മാരും ശാസ്ത്രജ്ഞന്മാരും ആയ 'ബ്രാഹ്മണവരിഷ്ഠ'ന്മാരാണു്. അവരെ ആകർഷിക്കണമെങ്കിൽ അത്യുചിതമായ പ്രൌഢിയും ഗാംഭീര്യവും കൃതികൾക്കുണ്ടായിരിക്കണം. ഇതാണു സീതാരാഘവമാഘവീയാദികാവ്യങ്ങളുടെ നില. കംസവധം കഥകളി (കുഞ്ചൻനമ്പിയാർ) ഒരു ശുദ്ധകൃതിയല്ലായിരിക്കാം; എന്നാൽ രാമപാണിവാദനും കുഞ്ചൻനമ്പിയാരും ഒന്നാണെന്നുള്ള അഭിപ്രായത്തെ സ്ഥാപിക്കുന്നതിനു്, ഈ കഥകളിയിലെ സംസ്കൃതപദ്യങ്ങൾ, സഹൃദയനായ ഏതു വിമർശകനേയും വളരെ വിഷമിപ്പിക്കുമെന്നതിനു സംശയമില്ല. തികഞ്ഞ കേരളീയത്വമാണു കുഞ്ചൻനമ്പിയാരുടെ കൃതികളുടെ ജീവൻ. എന്നാൽ ഗംഭീരവും വിപുലവും ആയ ഭാരതീയത്വമാണു രാമപാണിവാദകവിതയുടെ ചൈതന്യം. ഖനിയിൽനിന്നും എടുത്തു അതേവിധം ഉപയോഗിക്കുന്ന രത്നങ്ങൾപോലെയുള്ളവയാണു കുഞ്ചൻനമ്പിയാരുടെ കൃതികൾ. ആകരത്തിന്റെ യോഗ്യതകൊണ്ടു രത്നങ്ങൾ എത്രമാത്രം തിളങ്ങുന്നവയും അമൂല്യങ്ങളും ആണെങ്കിലും സംസ്കാരശുദ്ധിയില്ലെങ്കിൽ ചില കരടുകൾ സംഭവിക്കുന്നതു സാധാരണമാണു്. കുഞ്ചൻനമ്പിയാരുടെ കൈകടന്ന സ്വാതന്ത്ര്യം അല്ലെങ്കിൽ നിരങ്കുശത്വം ഈ സംസ്കാരക്കുറവിന്റെ ഫലമാകുന്നു; 'തോന്നിയതു തോന്നിയതുപോലെ പറയുക' എന്നതാണു നമ്പിയാരുടെ നയം. സരസ്വതീകടാക്ഷത്താൽ, അതു സഹൃദയന്മാർക്കു രസകരമായി പരിണമിക്കുകയും ചെയ്യും. കുഞ്ചൻനമ്പിയാരുടെ ഈ നിലയല്ല രാമപാണിവാദന്റേതു്. നിരങ്കുശത്വം രാമപാണിവാദനില്ല. ഖനിയിൽ ഉണ്ടാകുന്ന രത്നങ്ങളെ, എത്രമാത്രം തേച്ചുമിനുക്കി പൊടിയും കറയും നിശ്ശേഷം കളഞ്ഞു നിർമ്മലങ്ങളാക്കാമോ അത്രയും ശോഭയും പ്രകാശവും വിലയും കൂടുന്നു. ഈവിധം ആനർഘ്യം തികഞ്ഞിട്ടുള്ളവയാണു രാമപാണിവാദന്റെ കൃതിരത്നങ്ങൾ.

കുഞ്ചൻനമ്പിയാരും രാമപാണിവാദനും ഒരു കുഡുംബത്തിൽ മിക്കവാറും ഒരുകാലത്തു ജീവിച്ചിരുന്നതായിട്ടാണു് അ

ന്വേഷണംകൊണ്ടു് അറിയുന്നതു്. രാമപാണിവാദന്റെ മരുമകനോ അനുജനോ ആയിരിക്കണം കുഞ്ചൻനമ്പിയാർ. ചെമ്പകശ്ശേരിരാജാവു മാർത്താണ്ഡവർമ്മമഹാരാജാവു് എന്നിവരുമായുള്ള പരിചയം കുഞ്ചൻനമ്പിയാൎക്കു ലഭിക്കുവാൻ ഇടയായതു രാമപാണിവാദൻ നിമിത്തമാകുന്നു. രാമപാണിവാദൻ ചെമ്പകശ്ശേരിയിൽ താമസിച്ചിട്ടുള്ളതായി തെളിവുണ്ടു്. ചന്ദ്രികയിൽ കാണുന്ന മംഗലം കിള്ളിക്കുറിശ്ശിമംഗലമാകുന്നു. കുഞ്ചൻനമ്പിയാൎക്കും കിള്ളിക്കുറിശ്ശി പ്രധാനമാണല്ലോ. ഇവിടത്തെ ക്ഷേത്രം അറ്റകുറ്റപ്പണി ചെയ്ത രാമപാണിവാദൻ നമ്മുടെ മഹാകവിയിൽനിന്നു ഭിന്നനും അടുത്തകാലത്തു ജീവിച്ചിരുന്ന ആളുമാകുന്നു.

കെല്പും തൊഴുമായതിതകളിയൊപ്പാളിയിരിക്കുമാറാരതിവന്നുപാത്രം
ചെന്നീട്ടന്നായ കാലം കിടന്നു പരമിത മാസ്സിലെ ധന്യധന്യഃ
കൃഷ്ണപാദകമലദ്വന്ദ്വത്തിലർപ്പിതമതിസ്സോ മാതുലഃ കൃഷ്ണനാമാ
വിഷ്ണുസ്സായുജ്യമാപ്പാ വിഹിതമതിനപ്പുറമിങ്ങു മോക്ഷഹീനാ.

എന്ന (കുഞ്ചൻനമ്പിയാരുടെ) ചരമപദ്യത്തിൽനിന്നു കുഞ്ചന്റെ ശരിയായ പേർ കൃഷ്ണനെന്നാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. കൃഷ്ണൻ എന്ന പേർ കണ്ണനായി ക്രമേണ 'കുഞ്ച'നായി പരിണമിക്കുവാൻ യുക്തിയുണ്ടു്. എന്നാൽ 'രാമൻ' കുഞ്ചനാകുന്നതിനു വഴിയില്ല. "രാമേണപാണിവാദേന" എന്നു നമ്മുടെ കവിതന്നെ പല സന്ദൎഭങ്ങളിലും സ്പഷ്ടമായി തുറന്നു പറഞ്ഞിരിക്കുന്നു. 'മാതുലഃ കൃഷ്ണനാമാ' എന്നു വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള കൃഷ്ണനും, രാമപാണിവാദനും രണ്ടുപേരാണെന്നു വിചാരിക്കുന്നതിനേ തെളിവുകൾ കാണുന്നുള്ളു.

രാമപാണിവാദന്റെ കൃതികളിൽ സീതാരാഘവവും രാഘവീയവും പ്രാധാന്യത്തെ അൎഹിക്കുന്നു.

ഏഴങ്കങ്ങളുള്ള ഒരു നാടകമാകുന്നു സീതാരാഘവം. യാഗരക്ഷമുതൽ രാവണവധാനന്തരം ശ്രീരാമൻ അയോദ്ധ്യയിൽ പ്രവേശിച്ചു പട്ടാഭിഷേകം കഴിഞ്ഞു സുഖമായി വസിക്കുന്നതുവരെയുള്ള രാമായണകഥാഭാഗം ഈ നാടകത്തിൽ അടങ്ങിയി

രിക്കുന്നു. കവി, ഇതിവൃത്തത്തിൽ നൂതനങ്ങളായ പല കല്പനകളും ചെയ്തിട്ടുണ്ട്. അവ രസസമുൽകർഷജനകങ്ങൾതന്നെയാകുന്നു. മൂന്നാമങ്കത്തിൽ ജനകമഹാരാജാവു പുത്രിമാരെ ഭർത്തൃഗൃഹത്തിലേക്കു യാത്രയയക്കുന്നതായി ഒരു ഭാഗമുണ്ട്. കാളിദാസകവിശ്രേഷ്ഠന്റെ ശാകുന്തളം നാലാമങ്കത്തെ അനുകരിച്ചു ചെയ്തിരിക്കുന്ന ഈ ഭാഗം, ദീപത്തിൽനിന്നു കൊളുത്തിയ മറ്റൊരു ദീപംപോലെ പ്രകാശപടിമയെത്തന്നെ വഹിക്കുന്നു.

* പ്രത്യക്ഷമാകാനി കരേ ചരതോ വിലോക്യ ... —
നാകമ്പ്യ പ്രണിപാത്യ നമസ്കൃപിസ്വ ...
[illegible]
ബ്രഹ്മ ... പ്യ ... പി ... ദയ ...

എന്നുള്ള പുത്രിവിയോഗവ്യാകുലനായ ജനകന്റെ മനഃസ്ഥിതിയെ വർണ്ണിക്കുന്ന ഒരു പദ്യമാകുന്നു. വശികളെയുംകൂടി വിവശന്മാരാക്കുന്നതിന് അസാധാരണശക്തിയുള്ള ഒന്നാണ് അപത്യസ്നേഹമെന്ന് ഈ പദ്യത്തിൽനിന്നു വെളിവാകുന്നു.

"വൈക്ലബ്യം മമ താവദീദൃശമഹോ സ്നേഹാദരണ്യൗകസഃ"
(അഭി: ശാകുന്തളം)

എന്ന ഭാഗത്തിന്റെ ഒരു സ്വതന്ത്രവ്യാഖ്യാനമാണു മുൻപറഞ്ഞ പദ്യം. 'അരണ്യൗകസഃ' എന്ന പദത്തിനു, പ്രപഞ്ചബന്ധം സകലം ഉപേക്ഷിച്ചു കാട്ടിൽവന്നു തപോവൃത്തിയോടുകൂടി ജീവിക്കുന്ന ഒരു യോഗി—ബ്രഹ്മജ്ഞാനി എന്ന് അർത്ഥം. ഈ ആശയത്തെ പാണിവാദൻ ഭംഗിയായി വിവരിക്കുകയാണു ഇവിടെ ചെയ്തിരിക്കുന്നതു്. എത്രവലിയ യോഗിക്കും മുറിച്ചുകളയുവാൻ പാടില്ലാത്ത ഒരു വലിയ പാശമാണു പുത്രസ്നേഹമെന്നു കവി ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

---

* സാരം:—മനസ്സു അടക്കമില്ലാതെ വിഷയങ്ങളിൽ സഞ്ചരിക്കുന്ന ഒരു വാരണമാണ്. ഇതിനെ അഭ്യാസയോഗമാകുന്ന തോട്ടികൊണ്ടു അടക്കി ബ്രഹ്മത്തിൽ തളച്ചിടുന്നവരാണ് സജ്ജനം. അവർക്കുംകൂടി പുത്രസ്നേഹം മോഹകരംതന്നെ.

(a) "സ്നേഹപാശമിമം ഛിന്ധി ദൃഢം പാണ്ഡുഷു വൃഷ്ണിഷു."
(മഹാഭാഗവതം)

എന്നുള്ള കുന്തീദേവിയുടെ പ്രാൎത്ഥനയും ഇവിടെ സ്മരണീയമാകുന്നു. ഈ പാശം ഭഗവദനുഗ്രഹംകൊണ്ടല്ലാതെ മുറിക്കാവുന്നതല്ല.

(b) ധാത്രീന്ദ്രശ്ചക്രവൎത്തീ ദശരഥനൃപതിശ്ചാപി കല്യാണിനീ
കൌസല്യാ സത്സപത്നീസഹിതനിജകലാകൌശല്യ കല്യാണികാ
കൈകേയീ ച ഹിതോപലംഭനപരാ സുമിത്രാ സുമിത്രാ ച തേ.
പ്രീത്യാ നിസ്തുലയന്തി വസ്സുചരിതൈൎയ്യാത്രായോദ്ധ്യാംഗതാ.

എന്നതും പ്രൌഢമായ ഒരു ഉപദേശമാകുന്നു. അയോദ്ധ്യാധിവാസം സൎവ്വപ്രകാരേണയും ഉത്സാഹജനകമായിരിക്കുമെന്നു ഇവിടെ കാണിച്ചിരിക്കുന്നു. കുടുംബിനീധൎമ്മങ്ങളെ ഉപദേശിക്കുന്നതായി,

"ശുശ്രൂഷസ്വ ഗുരൂൻ കുരു പ്രിയസഖീവൃത്തിം സപത്നീജനേ"

എന്നു തുടങ്ങുന്ന ഒരു പദ്യം, ശാകുന്തളത്തിൽ ഉണ്ടല്ലോ. അതിനെ എങ്ങിനെ പാണിവാദൻ അനുകരിച്ചിരിക്കുന്നു എന്നു നോക്കുക.

(c) യശ്ശ്വശ്രൂശുശ്രൂഷണേന ശ്വശുരമപി തഥാ ബാലകാന്നാലിവൎഗ്ഗം
ഭൃത്യാൻ ഭൃത്യപ്പ്രേണ സ്ഥിതമുചിതമനുഗ്രാഹനൈൎന്നൃപലോകം

(a) സാരം:—എനിക്ക സംബന്ധം ബന്ധുക്കളാണെന്നുള്ള സ്നേഹം ധൎമ്മപുത്രാദിപാണ്ഡവന്മാരോടും വൃഷ്ണിയാദവന്മാരോടും ഉണ്ട്. ഇതുനിമിത്തം വളരെ ദുഃഖിക്കുവാൻ ഇടയായി. ഭഗവാനേ! നിന്തിരുവടി അനുഗ്രഹിച്ചു ദുഃഖഹേതുവായ ഈ സ്നേഹപാശത്തെ അറുത്തുകളയണമേ!

(b) സാരം:—ചക്രവൎത്തിയായ ദശരഥമഹാരാജാവിനോടും, ശ്വശ്രുക്കളായ കൌസല്യാദിരാജ്ഞിമാരോടുംകൂടി സന്തോഷിച്ചു അയോദ്ധ്യയിൽ താമസിക്കുമ്പോൾ ക്രമേണ ഞങ്ങളെക്കുറിച്ചുള്ള സ്മരണ നിന്നുപോകുന്ന കാൎയ്യം.

(c) സാരം:— പലവിധത്തിൽ ഉള്ള ആളുകൾ അധിവസിക്കുന്നതാണ് ഒരു കുടുംബം. അവിടെയൊരു നല്ല കുടുംബിനിയായി ശോഭിക്കണമെങ്കിൽ, ഓരോരുത്തരുടേയും നിലയറിഞ്ഞു അവരോട് ഉചിതമായി വ്യാപരിക്കണം. ഭൎത്താവിന്റെ അച്ഛനേയും അമ്മയേയും പ്രീതി

ഭ്രാതൄനന്യോന്യമൈത്ര്യാ സമധികസമുപസ്ഥാപയന്തീനരാണാം,
രാജ്യാന്യധ്യാസതാം ഭവതപതിഗൃഹേ പൂജിതാ രാജിതാശ്ച

ഒരേ കുഡുംബത്തിൽ അധിവസിക്കുന്ന ശ്വശ്രുരാദിജനങ്ങളോടു ഏതുവിധം നീതിയോടുകൂടി പെരുമാറണം എന്നു ഇവിടെ കവി പഠിപ്പിക്കുന്നു. ഈവിധമുള്ള നയത്തോടുകൂടി പെരുമാറുന്നവൾക്കു് ആരുടേയും ബഹുമതിയും ധർമ്മനിഷ്ഠകൊണ്ടുള്ള ശ്രീയും കിട്ടുന്നതാണെന്നു 'പൂജിതാഃ' 'രാജിതാഃ' എന്ന പദങ്ങൾ ധ്വനിപ്പിക്കുന്നു. കുഡുംബിനീധർമ്മത്തിന്റെ വിവിധങ്ങളായ രഹസ്യങ്ങളെ ഇവിടെ കവി ഭംഗിയായി ഉപദേശിച്ചിരിക്കുന്നു.

* ഭർത്താ കാമം ഭവതു ഭവനേ വാ വനേ വാ വസേദ്വാ
പ്രായേണാസ്യ കുചനവിഷയസ്സ്വയമേവാപചാരം വാ
സച്ചാരോ വാ ഭവതു ചരതുന്നാഥവാ സച്ചരാചി-
ച്ഛായേവൈനം പ്രതിപദമിയാൽ കേവലം സൈവ സാധ്വീ

എന്ന പദ്യത്തിൽ സാധ്വീധർമ്മത്തെ അടക്കിയിരിക്കുന്നു. ഇതിൽ കൂടുതലായ ഒരു ഉപദേശം യാതൊരു സ്ത്രീക്കും ലഭിക്കുവാനില്ല.

അശോകാങ്കത്തിൽ മായാവസു എന്ന രാക്ഷസൻ വേഷപ്രച്ഛന്നനായി രാമലക്ഷ്മണന്മാരുടെ സമീപത്തിൽ ചെന്നു രാവണൻ സീതയെ നിഗ്രഹിച്ചു എന്നും ഹനുമാനും ഹതനായി എന്നും വ്യാജവർത്തമാനം പറയുന്ന ഒരു ഭാഗമുണ്ടു്. ഇതു കവിയുടെ ഒരു നൂതനകല്പനയാകുന്നു. രാവണന്റെ വിരഹഖേദ

സ്വന്തം ഗുരുജനങ്ങളാണു്. അവരെ ശുശ്രൂഷിക്കണം. ദാസികളെ വിനോദംകൊണ്ടും, ഭൃത്യന്മാരെ അഭീഷ്ടദാനംകൊണ്ടും പ്രീണിപ്പിക്കണം. അതുപോലെ മറ്റു ബന്ധുക്കളോടും സന്തോഷമായി പെരുമാറണം. എങ്കിൽ മാത്രമേ ശ്രേയസ്സു ഭവിക്കുകയുള്ളു.

* സാരം:—ഏതവസ്ഥയിലും ഭർത്താവിനെ നിഴലെന്നപോലെ അനുഗമിക്കുന്നതാണു സാധ്വിയുടെ കടമ. ഭർത്താവു വീട്ടിലും കാട്ടിലും വാസസിച്ചു എന്നു വരാം. സമ്പന്നനും വിപന്നനും ആകുന്നതും സാധാരണമാണു്. അതുപോലെ സച്ചരിത്രനും പതിതനും ആയേക്കാം. അപ്പോഴെല്ലാം ഭർത്താവിനെ ത്യജിക്കരുതു്.

ഖത്തെ വൎണ്ണിച്ചിരിക്കുന്ന ഭാഗത്തിലും കവി നല്ല മനോധൎമ്മം പ്രകടിപ്പിച്ചിരിക്കുന്നു. ശ്രീരാമൻ രാവണവധം കഴിഞ്ഞു സീതയുമൊന്നിച്ച് അയോദ്ധ്യയിലേക്കു ചെയ്യുന്ന വിമാനയാത്ര ഈ നാടകത്തിലെ ഏററവും മനോഹരമായ ഒരു ഭാഗമാകുന്നു. കാളിദാസനെ അനുകരിച്ച പല മഹാകവികളും ഈ വിമാനയാത്രയിൽ കണ്ണുവച്ചിട്ടുണ്ട്. ഭട്ടമുരാരി രാജശേഖരൻ ക്ഷേമേന്ദ്രൻ മുതലായവരുടെ ശ്ലോകങ്ങൾ ഈ സന്ദൎഭത്തിൽ പ്രത്യേകിച്ചു സ്മരിക്കപ്പെടേണ്ടവയാകുന്നു. ഇവരിൽ രാജശേഖരനും മുരാരിയും കാളിദാസനോടു മനഃപൂൎവ്വം മത്സരിച്ചുനില്ക്കുന്നു എന്നുതന്നെ കാണാം. ഈ സന്ദൎഭത്തിൽ പാണിവാദനും നിസ്തുല്യമായ വൈഭവം കാണിച്ചിരിക്കുന്നു.

* പശ്യന്ത്വശ്രാന്തഭൃംഗീ [illegible] വിഭ്രമപാതാ-
വ്യാധൂത [illegible] സുന്ദരീകീൎണ്ണാം
ചിത്രാൎണ്ണാ [illegible] വിവിധ [illegible] —
[illegible] സാമ്യം [illegible] ചിത്രകൂടഃ

എന്ന ചിത്രകൂടവൎണ്ണനം അതിന്റെ പ്രകൃതിക്കു വളരെ യോജിക്കുന്ന ഒന്നാണ്. പ്രാന്തപ്രദേശങ്ങളിൽ ശോഭിക്കുന്ന വൃക്ഷങ്ങൾ പുഷ്പങ്ങൾ അവയിൽ പറന്നുകളിക്കുന്ന പക്ഷികൾ മുതലായവയിലൊക്കെ കവിയുടെ ദൃഷ്ടി പതിഞ്ഞിട്ടുണ്ട്. 'സൌൎണ്ണചൂൎണ്ണാവകീൎണ്ണാം' 'ചേലാഞ്ചലാന്താം' എന്ന വിശേഷണങ്ങൾ മേരുസാമ്യകല്പനയെ ഏററവും പ്രൌഢവുമാക്കിയിരിക്കുന്നു.

---

* സാരം:—ഈ കാണുന്നതു ചിത്രകൂടപൎവ്വതമാണ്. ഉന്മദകോകിലാദിപക്ഷികൾ പാറക്കെട്ടുകളിൽ ചിറകടിയിൽനിന്നുണ്ടാകുന്ന കാററു, വൃക്ഷങ്ങളിലെ പൂക്കളിലുള്ള പൊടിയിളക്കി പുറമേ വ്യാപിക്കുന്നതുനിമിത്തം ഈ ഗിരി പൊടിയുടയതായിട്ടു ശോഭിക്കുന്നു. അത്രയുമല്ല, വിവിധധാതുക്കളും ഇതിൽ ഉണ്ട്. ഇതൊക്കെക്കൊണ്ടു അകൃത്രിമമായി ദേവവിമാനത്തെപ്പോലെ ചിത്രകൂടം പ്രകാശിക്കുന്നു.

(ക) അസ്മിംസ്താതവിപത്തിമാത്മജതയാകർണ്ണയന്തി: പുരാ
നാസ്മാഭി: പരമേഭിരപ്യതിതരാമാക്രന്ദിതം ശാഖിഭി:
യേരുന്മോത്പുനാപി പുഷ്പനയനൈരശ്രൂണ്യമുഞ്ചന്നമീ
ഭൃംഗാരാവമിഷാദ്വിലാപവചനാന്യുച്ചൈരിതാന്യേതരീ

എന്നതു് അത്ഥഗാഢവും അലങ്കാരസുന്ദരവും ആയ ഒരു പദ്യമാകുന്നു. ദശരഥമഹാരാജാവിന്റെ മരണവൃത്താന്തം ഭരതൻ പറഞ്ഞപ്പോൾ ശ്രീരാമാദികളെപ്പോലെ, വനത്തിലുള്ള വൃക്ഷങ്ങളും വിഷാദിച്ചു എന്നു കവി ഇവിടെ കാണിച്ചിരിക്കുന്നു. ദുഃഖഗാഢമായ മനോവൃത്തിയെ ഇവിടെ കവി വല്ല മനോധമ്മത്തോടുകൂടി വണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. സീതാവിരഹിയായ ശ്രീരാമന്റെ ദുസ്ഥിതിയെ (രാമന്റെ വാക്കിൽ) വണ്ണിക്കുന്നതായി, അനർഘരാഘവത്തിൽ ഉള്ള ഒരു പദ്യം ഈ സന്ദർഭത്തിൽ ഓമ്മയിൽ വരുന്നു.

(ഖ) അസ്മിന്നാശ്ച്യമനസ്പൃശി പരിസരേ കാദംബിനീഡംബരേ
സ സ്നിഗ്ദ്ധ വങ്കരശ്ശരാ കദ്രുപായസോ മാസി വർഷന്നപി
യശോദാവചഷിന്നാശാവിദിരിപി താപ്ലാവിതതരാം തഥാ
ഭൃഷ്ടാ കന്ദളിതം നാകകിദിരപി പ്രാന്തേ സംഗീതകം

സന്തപ്തനായ ശ്രീരാമന്റെ കഷ്ടാവസ്ഥ കണ്ടു കാട്ടിലുള്ള സകല ചരാചരങ്ങളും അസ്വസ്ഥങ്ങളായി ഭവിച്ചു എന്നു കാണിക്കുന്നതാണു മുരാരിയുടെ വണ്ണനം. ഈ പദ്യം മനസ്സിൽ വച്ചുകൊണ്ടാണു രാമപാണിവാദൻ മുൻപറഞ്ഞ പദ്യം നിമ്മിച്ചതെന്നു വിചാരിക്കാവുന്നതാണു്.

(ക) സാരം:—പിതാവായ ദശരഥമഹാരാജാവിന്റെ ചരമവൃത്താന്തം ഇവിടെവെച്ചാണു ഭരതൻ പറഞ്ഞതു്. അതു കേട്ടപ്പോൾ നാം മാത്രമല്ല, ഈ വൃക്ഷങ്ങളുംകൂടി സങ്കടപ്പെട്ടു. ഇപ്പോഴും ഇവ പുഷ്പങ്ങളാകുന്ന കണ്ണുകളിൽനിന്നു തേനെന്ന വ്യാജേന നീരൊലിപ്പിച്ചു, ഭൃംഗശബ്ദമെന്ന കളവിൽ വിലാപവാക്കുകളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

(ഖ) സാരം:—ഇതു മാല്യവാനാണു്. മഴക്കാലത്തു ഞാൻ ഇവിടെവച്ചു വളരെ സങ്കടപ്പെട്ടു. അതു കണ്ടു വൃക്ഷങ്ങളും മയിലുകളും അസ്വസ്ഥങ്ങളായിട്ടു് ഭവിച്ചു.

(൧) രോമന്ഥമന്ഥരതരാ ശ്ശിശവോ ശ്രയന്തി പ്രാന്തേഷു കസ്തൂരികാ-
ക്രീഡാസക്തശുകീനിവാരിതശുകവ്യാവൽഗിതാ പാദപാഃ
ഹവ്യദ്രവ്യസുഗന്ധിഗന്ധവഹനാ വ്യാധൂതധൂമാവലീ-
ശ്ശ്യാമീഭൂതവിയൽപ്രദേശനികരാഃ കസ്യാശ്രമാ ഉത്ഭൃതാ

എന്നതു് ഏതു സഹൃദയനേയും ആകർഷിക്കുന്ന സ്വഭാവസുന്ദരമായ ഒരു ആശ്രമവർണ്ണനമാകുന്നു. പ്രാന്തങ്ങളിൽ പശുക്കിടാങ്ങൾ കളിച്ചുനടക്കുന്നതും, ആശ്രമത്തിന്റെ ഉള്ളിൽ ഇരുന്നു ഋഷികൾ ഹോമിക്കുന്നതും മറ്റും കവിദൃഷ്ടിക്കു ഗോചരമായിരിക്കുന്നു.

(൨) നീവാരൗദനമണ്ഡമുഷ്ണമധുരം സദ്യഃ പ്രസൂതാ പ്രിയാ-
പീതാദഭ്യധികം തപോവനമൃഗഃ പര്യാപ്തമാചാമതി.

(ഉത്തരരാമചരിതം)

* * * *

എന്നുള്ള ഭവഭൂതിയുടെ ആശ്രമവർണ്ണനത്തോടു്, ഈ ഭാഗം അല്പവും താഴ്ന്നുനില്ക്കുന്നില്ലെന്നു സഹൃദയന്മാർ സമ്മതിക്കുന്നതാണു്. നിർമ്മലമായ ആശ്രമസ്വഭാവത്തെ അതേ രൂപത്തിൽ അകൃത്രിമഭംഗിയോടുകൂടി കവിതയിൽ പ്രതിബിംബിപ്പിക്കുന്നതിനു ഭവഭൂതിക്കെന്നപോലെ രാമപാണിവാദനും കഴിഞ്ഞിട്ടുണ്ടു്.

ഇത്രയും ചെയ്ത വിമർശനത്തിൽനിന്നു സീതാരാഘവത്തിന്റെ ഒരു സ്ഥൂലരൂപം വായനക്കാർക്കു മനസ്സിലാക്കാവുന്നതാണു്. നാടകരചനാവിഷയത്തിൽ ദാക്ഷിണാത്യന്മാർക്കു സാമർത്ഥ്യം ഇല്ലെന്നാണു പൊതുവെ ഒരു അഭിപ്രായം. ഈ ആക്ഷേപം അയഥാർത്ഥ്യമല്ല. എന്തെന്നാൽ ദാക്ഷിണാത്യന്മാ

(൧) പശുക്കിടാങ്ങൾ കളിച്ചു നടക്കുന്നതും ഉപരിഭാഗങ്ങളിൽ സുഗന്ധധൂമം പരക്കുന്നതുമായ ഈ ആശ്രമം ആരുടെയാണു്.

(൨) പരിഭാഷ:—
ചോറുള്ളതായ് മധുരമായുള്ള വാർത്ത വരിനെൽക്കഞ്ഞി തൃപ്തിയോടുടൻ
പെറ്റുള്ള തൻ പ്രിയ കുടിച്ചിട്ട പിൻപിത കുടിക്കുന്നിതാശ്രമമൃഗം.

* * * * *

ചാത്തുക്കുട്ടിമന്നാടിയാർ.

ത്തിൽനിന്നു ഉണ്ടായിട്ടുള്ള ഉത്തമനാടകങ്ങളുടെ സംഖ്യ വളരെ ചെറിയതാകുന്നു. ഈ സംഗതി വിചാരിച്ചാൽ രാമപാണിവാദന്റെ സീതാരാഘവത്തിന്റെ കാൎയ്യത്തിൽ ലഭിച്ചിരിക്കുന്ന വിജയം അഭിനന്ദനീയമാണെന്നു പറയണം. ബാലരാമായണം ജാനകീപരിണയം പ്രസന്നരാഘവം ആശ്ചൎയ്യചൂഡാമണി മുതലായ നാടകങ്ങളുടെ കൂട്ടത്തിൽ ഒരു ശ്രേഷ്ഠമായ സ്ഥാനം സീതാരാഘവത്തിനു കിട്ടുവാൻ അവകാശമുള്ളതാകുന്നു.

ചന്ദ്രിക വീഥിയാണെന്നു മുൻപു പറഞ്ഞുവല്ലൊ. ഇതിൽനിന്നു രണ്ടു പദ്യങ്ങളെ താഴെ ചേൎത്തുകൊള്ളുന്നു.

(ക) ഉന്മീലന്നവചൂതപുഷ്പമകരേ കപുഷ്ട്വാ മരന്ദാസവം
സംക്രാമ്യത്യതി സ്വയം സ്വവധൂചഞ്ചുപുടേ കോകിലഃ
കിഞ്ചൈതാമധിതാലവൃന്തസദൃശൈഃ പക്ഷൈൎവ്വിധുന്വൻ പുനഃ
മാല്യത്യാവൃതിപാനകേളിജനിതാനസ്യാഃ ശ്രമാംശ്ശാമയൻ

* * * * *

(ഖ) ആതാമ്രാംശുമരീചിപാവകമുഖേ താരാളിലാജാഞ്ജലി–
ൎഹുത്വൈഷ പ്രവികീൎയ്യതേ പുനഃ സായന്തന്യ രാഗാമയാ
രക്താംശോദരപടാവഗുണ്ഠനവതീ സദ്യഃ സന്ധ്യാവധൂഃ
ഭൎത്താരം യത്ര ച വാസരം വരയതേ കൎമ്മാവസാനാകൃതി.

* * * *

ഇവയിൽ ഒന്നാമത്തെ പദ്യം സ്വഭാവോക്തികൊണ്ടും രണ്ടാമത്തെ രൂപകംകൊണ്ടും അത്യന്തം ആസ്വാദ്യമായിരിക്കുന്നു. പ്രേമാകുലമായ ചിത്തവൃത്തികൊണ്ടു പരവശമായ കോകിലമിഥുനത്തിന്റെ സരസാവസ്ഥ ഒന്നാമത്തെ പദ്യംകൊണ്ടു ലഭി

(ക) സാരം:—കോകിലം, വിടരുന്ന മാമ്പൂവാകുന്ന പാത്രത്തിൽ മരന്ദാസവം നിറച്ചിട്ടുള്ള സ്വന്തം പിടയുടെ ചഞ്ചുക്കളിൽ പകരുന്നു. അതുമല്ല, താലവൃന്തസദൃശമായ ചിറകുകൾകൊണ്ടു വീശി അതിന്റെ അതിയായ പാനകേളികൊണ്ടുണ്ടായ ശ്രമത്തെ ശമിപ്പിക്കുകയും ചെയ്യുന്നു.

(ഖ) ചുവന്ന ശോഭമായ വസ്ത്രംകൊണ്ടു ശരീരം മറച്ചു സന്ധ്യയാകുന്ന സ്ത്രീ അരുണപ്രകാശമാകുന്ന അഗ്നിയിൽ നക്ഷത്രലാജം ഹോമിച്ചു വാസരമായ നായകനെ വരിക്കുന്നു.

ത്തമായി വർണ്ണിച്ചിരിക്കുന്നു. വാസരത്തിന്റെയും സന്ധ്യയുടെയും വിവാഹത്തെ വേണ്ട ചടങ്ങുകളോടുകൂടി വർണ്ണിക്കുന്നതാണു രണ്ടാമത്തെ പദ്യം. 'മകരാങ്കമോദപടാവഗുണ്ഠനവതീ' എന്ന പദപ്രയോഗം ഉചിതവും അർത്ഥപുഷ്ടവും ആയിട്ടുണ്ട്. വിവാഹത്തിനു തയ്യാറായി നില്ക്കുന്ന സ്ത്രീയുടെ തല്ക്കാലവേഷത്തെ കുറിക്കുന്നതാണ് ഈ പദം. രാമപാണിവാദൻ വേറെയും ചില രൂപകങ്ങൾ രചിച്ചിട്ടുള്ളതായി അറിയുന്നു.

പാണിവാദന്റെ കൃതികളിൽ പ്രാധാന്യം അർഹിക്കുന്നതു രാഘവീയമഹാകാവ്യമാകുന്നു. ഈ കാവ്യത്തിന്റെ ഇതിവൃത്തം രാമായണമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതിൽ ഇരുപതു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. അനവധി മഹാകവികൾ (പല രൂപങ്ങളിൽ) കയ്യാളിച്ചിട്ടുള്ള ഒന്നാണു രാമായണം; എങ്കിലും നമ്മുടെ കവിവര്യന്റെ കയ്യിൽ കിട്ടിയപ്പോൾ മുൻപൊന്നും കാണാത്ത ഒരു നൂതനത്വം അതിനു സർവ്വത്ര ലഭിച്ചിട്ടുണ്ട്. നമ്മുടെ കവി ഒരു രാമഭക്തനാകുന്നു. അതുകൊണ്ടു രാമപരങ്ങളായ ഇതിവൃത്തങ്ങളോടു് കവിക്ക് അധികം അഭിരുചി ഉണ്ടായിരുന്നതായി വിചാരിക്കാം. ഈ അഭിരുചിതന്നെ രാമചരിതപരമായ രാഘവീയത്തിന്റെ ഉപന്യാസത്തിനും ഹേതു. ഈ കാവ്യത്തിന്റെ മാഹാത്മ്യം അതിനോടു പരിചയപ്പെട്ടുതന്നെ അറിയേണ്ടതാണ്. നൂതനമായ കല്പനകൊണ്ടു് ആഹ്ലാദകരമല്ലാത്ത പദ്യം ഈ കാവ്യത്തിൽ ഇല്ലെന്നുതന്നെ പറയാം. സരസ്വതീകടാക്ഷം അത്രമാത്രം പൂർണ്ണമായി ലഭിച്ചിട്ടുള്ള ഒരു മഹാകവിയാണു പാണിവാദൻ. ചില ഉദാഹരണങ്ങൾ കാണിക്കാം.

* [illegible]
[illegible]

---

* സാരം:—ശരത്തിനു [illegible] അതിന്നു [illegible]മായിരുന്നു. അതായതു ഉണ്ടോ ഇല്ലയോ എന്ന വാദത്തിന് അവകാശമായിരുന്നു എന്ന് അർത്ഥം. എന്നാൽ ശരം [illegible]കൂടി ഈ വാദങ്ങൾ

കൃതനാസ്തികതാ ഹ്യാസ്തികവംശജാതൈ
വിചക്ഷണൈ ശങ്കധിസ്ഥിതൈ വിശേഷ

* * * * *

* അഞ്ജനാശ്രയശിഖണ്ഡിവിഭ്രമൈ
ധാർത്തരാഷ്ട്രശകുനിവ്യഥാകരൈഃ
രാഘവം പ്രതി ഘനാഗമസ്സദാ
ഭാവിഭാരതരണം വ്യസൂചയത്.

ഇവയിൽ ഒന്നാമത്തെ പദ്യം രാത്രിമാരുടെ ശബ്ദത്തെ വൎണ്ണിക്കുന്നതാകുന്നു. മഴക്കാലത്തെ വൎണ്ണിക്കുന്നതാണ് രണ്ടാമത്തേത്; നാസ്തികമായിരുന്ന മദ്ധ്യം ഭഗവൽസഹവാസത്താൽ ആസ്തിക്യത്തെ വഹിച്ചു എന്ന കല്പന യുക്തിയുക്തമായിട്ടുണ്ട്. നാസ്തികന്മാർ ആസ്ഥാനങ്ങളിൽ ദുർവ്വാദകോലാഹലം കൂട്ടുന്നവരാണെന്നുകൂടി 'വിവാദഗോചരാഃ' എന്ന പദം ധ്വനിപ്പിക്കുന്നു. ദൂരമായ ഭാവിയിൽ ഉണ്ടാകുവാൻപോകുന്ന ഭാരതരണാവസ്ഥയെ മഴക്കാലം ശ്രീരാമനു കാണിച്ചുകൊടുത്തു എന്ന ഉൽകല്പന ചിത്രതരമായ ഒന്നാണ്. അടുത്ത ഭാവിയിൽ ഉണ്ടാകുവാൻപോകുന്ന രാവണയുദ്ധത്തെയാണ് ഈ ഘനാഗമം സൂചിപ്പിച്ചിരുന്നതെന്നുവരികിൽ കല്പനായ്ക്കു പ്രകൃതത്തിൽ ഔചിത്യം ലഭിക്കുമായിരുന്നു. ഈ ഉൽകല്പനയിൽനിന്നു കവിയുടെ ശ്ലേഷാലങ്കാരപാടവം മനസ്സിലാക്കാവുന്നതാണ്. പൂൎവ്വകൃതമായ വാഗ്ദാനത്തെ ലംഘിച്ചു, സുഖാനുഭോഗതല്പരനും മത്തനുമായി കഴിച്ചുകൂട്ടിയ സുഗ്രീവനെ അറിയിക്കാനായി ശ്രീരാമൻ ലക്ഷ്മണനോടു പറഞ്ഞയക്കുന്ന ഭാഗത്തിൽനിന്നു രണ്ടു പദ്യങ്ങളെ താഴെ ഉദ്ധരിക്കുന്നു. പ്രൌഢിയും ഗഹനതയും

മായ നാസ്തിക്യം നശിച്ചു. മദ്ധ്യം പ്രകാശത്തെ (ആസ്തിക്യത്തെ) വഹിച്ചു. ആസ്തികശിരോമണിയായ ഭഗവാൻ അധിവസിക്കുമ്പോൾ നാസ്തിക്യത്തിനു സ്ഥാനമില്ലല്ലോ.

* മഴക്കാലം ഭാരതയുദ്ധാവസ്ഥയെ സൂചിപ്പിച്ചു. അഞ്ജനങ്ങളെ (അഞ്ജനനെ) ആശ്രയിച്ചു മയിൽ (ശിഖണ്ഡി) നൃത്തം ചെയ്തു. (യുദ്ധത്തെയും കാട്ടി.) ധാർത്തരാഷ്ട്രപക്ഷികൾക്കു (കൌരവന്മാൎക്കും ശകുനിക്കും) സങ്കടമായി.

തികഞ്ഞ ആശയങ്ങളെ കല്പിക്കുന്നതിൽ കവിക്കുള്ള വിരുത് ഈ ഭാഗത്തിൽ കാണുവാൻ കഴിയും.

* ഫലദിഹാന ഇവ ധർമ്മപദ്ധതൌ
ഘോരതാനിരപി ഹന്ത തിഷ്ഠതേ
ദൃഷ്ടമേതദ്ഭവതാ ചിരന്തനം
ത്സ്വാപി ഹന്ത ഗണിതോ ന ജാംബവാൻ
ഈദൃശം കഥമുപേക്ഷതേ ഭവാൻ
നന്ദിതം വിജയമുഖ്യതസ്സഭാ
ആവയോർഘടയിതുസ്സഖേ മുഖം
ധർമ്മാർത്ഥവിദുഷാ ഹനൂമതാ

ഈ ഭാഗം എത്രമാത്രം ആസ്വാദ്യമാണെന്നു വിചാരിക്കാം. ബാലി ഹതനായപ്പോൾ സുഗ്രീവനു നിഷ്പ്രയാസം രാജ്യം കിട്ടി. പിന്നീടു മുൻപു ശ്രീരാമനോടു ചെയ്ത സത്യത്തെക്കുറിച്ചു ഒരു വിചാരവുമില്ലാതെ സുഗ്രീവൻ താരയുമായി സുഖിച്ചു കഴിച്ചുകൂട്ടി. ഈവിധം കഴിച്ചുകൂട്ടുന്നു എങ്കിലും ഭഗവാനു സുഗ്രീവനോട് അല്പവും കോപമോ സ്നേഹശൈഥില്യമോ ഉണ്ടാകുന്നില്ല. ഭഗവാൻ ഈ സന്ദർഭത്തിലും ശാന്തനും ഗംഭീരനുമത്രെ. ഈ ശാന്തതയുടേയും ഗംഭീരതയുടേയും വൈഭവത്തെ ആണ് ഇവിടെ ഉദ്ധരിച്ച പദ്യങ്ങൾ വഹിക്കുന്നതു്. 'ഈദൃശം കഥമുപേക്ഷതേ' 'ആവയോർഘടയിതുസ്സഖേ' എന്നീ ഭാഗങ്ങൾ സുഗ്രീവന്റെ ഹൃദയത്തെ ഉമിത്തീയിട്ടുപോലെ നീറുന്നവയാകുന്നു. 'സഖേ' എന്ന പദംകൊണ്ടു സ്നേഹിതന്മാരോടു ഈവിധം ആണോ ചെയ്യേണ്ടതെന്നുള്ള അർത്ഥം ധ്വനിപ്പിച്ചി

* സാരം:—നിന്റെ അടുത്തു നില്ക്കുന്ന വൃദ്ധനായ ജാംബവാൻ നീതിശാസ്ത്രപാരംഗതനാകുന്നു. നിശ്ചയം? ഇന്നലെ ജനിച്ച ഒരു യുവാവു്. ഈ സമിതിക്ക നീ ജാംബവാനെ എന്താണു കരുതു്. സത്യലംഘനം ചെയ്തു യുദ്ധനായി കഴിയുന്നതു യുക്തമാണോ എന്നു ജാംബവാനോടു ചോദിക്കാമായിരുന്നല്ലോ. ധർമ്മശാസ്ത്രജ്ഞനായ ഹനുമാൻ നിന്റെ സമീപത്തിൽ എപ്പോഴും വസിക്കുന്നവനാണ്. ആ ഹനുമാൻ തന്നെയാണല്ലോ നമ്മെ യോജിപ്പിച്ചതും. വഞ്ചകനും ചപലനുമായ നീ ആ ഹനുമാന്റെ മുഖത്തു എങ്ങിനെ നോക്കും?

രിക്കുന്നു. 'ധർമ്മശ്വവിദ്വേഷഃ' എന്നു ഹനുമാനെ വിശേഷിപ്പിച്ചതു് അത്യധികം ഉചിതമായി. കൃതഘ്നനായ സുഗ്രീവൻ ഹനുമാന്റെ മുഖത്തു നോക്കുവാൻ അത്യന്തം അനധികാരിയാണെന്നു ഈ പദം കാണിക്കുന്നു. ഭഗവാനു ഹനുമാനോടുള്ള ബഹുമാനവും ഈ പദം വ്യക്തമാക്കുന്നു. ഈ സന്ദർഭത്തിൽ ധീരഗംഭീരനായ ഭഗവാൻ അക്ഷുബ്ധനാണെന്നു പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്.

രാഘവീയത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു ദിഗ്ദർശനം ചെയ്യുന്നതിനു മാത്രമേ ഇവിടെ സാധിച്ചിട്ടുള്ളു. രഘുവംശം മാഘം കിരാതാർജ്ജുനീയം രാമചരിതം മുതലായ ചുരുക്കം ചില മഹാകാവ്യങ്ങളെ മാറ്റിനിറുത്തിയാൽ മറ്റുള്ള ഏതു മഹാകാവ്യത്തോടും കിടപിടിക്കുന്ന ഒന്നാണു രാഘവീയം എന്നു നിസ്സംശയം പറയാം. അഭിനവനോക്കാരം പാണിവാദന്റെ ശബ്ദഭംഗിയിൽ ശ്രദ്ധയുണ്ടു്. ശബ്ദത്തിൽ ഉള്ള നിഷ്കർഷയും ഔചിത്യവും പാണിവാദന്റെ അസാധാരണങ്ങളായ രണ്ടു ഗുണങ്ങളാകുന്നു. നൂതനമായ ഒരു മനോധർമ്മകല്പന ഏതു ഭാഗത്തിലും കാണാം. സാധാരണ രീതി വൈദർഭിതന്നെ. ഇവയൊക്കെയാണു പാണിവാദകവിതയുടെ പ്രത്യേകഗുണങ്ങൾ. പ്രസന്നഗംഭീരപദയായ സരസ്വതിയാൽ അനുഗൃഹീതമായ ഒരു മഹാകൃതിയാണു രാഘവീയം എന്നു പറയുവാൻ അല്പവും മടിക്കേണ്ടതില്ല.

വിഷ്ണുവിലാസം ബാലന്മാരുടെ ഉപയോഗത്തെ കരുതി രചിക്കപ്പെട്ടതായിരിക്കണം. ഇതു ഒരു ചെറിയ കാവ്യമാകുന്നു. മഹാവിഷ്ണുവിന്റെ ഓരോ അവതാരത്തെ വർണ്ണിക്കുന്നതാണു് ഈ കാവ്യത്തിലെ ഓരോ സർഗ്ഗവും.

* നവാംബുദശ്യാമളകോമളച്ഛവേ
നവാവതാരാനനകീർത്തനീയ ഹരേ!

---

* സാരം:—പുതിയ മേഘം പോലെ ശ്യാമളഗാത്രനായ ഭഗ

നവാത്മകഃ ക്ലപ്തിഃ പുനരസ്യ ശാ നവാ
നവാശതാം യാന്തി ബുധാ വിമത്സരാഃ

എന്നു ഈ കാവ്യത്തിന്റെ ആരംഭത്തിൽ കവി പറഞ്ഞിരിക്കുന്നു. വിഷ്ണുവിലാസം ഏററവും ലളിതവും ഹൃദയംഗമവും ആയ ഒരു കാവ്യമാകുന്നു.

(ക) സ്വവർണ്ണപത്രാഞ്ചനപാരസൗകരംവരൈ–
സ്സുരാംഗനാവീചിസമൈരുപസ്തീർണൈഃ
നിരാകുലസ്യാണേന്ദ്ര നിലിമ്പവൈരിണാ
നിഷണ്ണമൈന്ദ്രേ മണിമന്ദിരോദരേ.

ഇത്യാദി സരളപദ്യങ്ങൾ ഈ കാവ്യത്തിൽ എവിടെയുമുണ്ട്. അലങ്കാരസുന്ദരമായ ഒരു പദ്യംകൂടി താഴെ ചേർത്തുകൊള്ളുന്നു.

(ഖ) മുരാരിമകരോ മുഹുഃ ക്ഷുഭിതസ്ഥിതാസ്ഥിസ്ഥിരേ
മൃണാളശകലാകുലേ രുധിരവാരിഭിഃ പൂരിതേ
ഉരസ്സരസി വൈരിണസ്സ്ഫുടിതചിത്തപത്മോജ്ജ്വലേ
നിജം ഭുജകളേബരം സന്തതം വിഹാരാനുകൂലം

മത്സ്യം സരസ്സിലാണല്ലോ ശോഭിക്കുന്നതു്. ഇവിടെ മുരാരിയാകുന്ന മത്സ്യം ശത്രുവിന്റെ ഉരസ്സാകുന്ന സരസ്സിൽ എങ്ങിനെ ക്രീഡിച്ചു എന്നു കവി കാണിച്ചിരിക്കുന്നു. സരസ്സിനു മൃണാളാദികളെക്കൊണ്ടു വേണ്ട യോഗ്യതയും കവി കല്പിച്ചുകൊടുത്തിട്ടുണ്ടു്. സഹൃദയന്മാരെ ആകർഷിക്കുന്നൊന്നാണു് രൂപകവിശിഷ്ടമായ ഈ പദ്യം.

വാന്റെ നവാവതാരങ്ങളെ ഈ കാവ്യത്തിൽ വർണ്ണിക്കുന്നുണ്ട്. ആത്മനാത്മ പൂർത്തി ഉണ്ടെങ്കിലും ഇല്ലെങ്കിലും സജ്ജനങ്ങൾ ഇതിനെ ആദരിക്കും.

(ക) സൌരഭ്യവും ശൈത്യവുമുള്ള കാററ ഏററുകൊണ്ടു അവൻ ഇന്ദ്രന്റെ മണിസൌധത്തിൽ ഇരുന്നു.

(ഖ) സാരം: മഹാവിഷ്ണുവാകുന്ന മകരം, ശത്രുവിന്റെ, ഇളകി ക്ലേശിച്ചു സ്ഥിതിചെയ്യുന്ന അസ്ഥികളാകുന്ന മൃണാളങ്ങളോടുകൂടിയതും, ചോരയാകുന്ന വെള്ളം നിറഞ്ഞതും, മുറിപ്പെട്ട ചിത്തമാകുന്ന താമരയുള്ളതും ആയ മാറാകുന്ന സരസ്സിൽ, സന്തതം വിഹാരാനുകൂലമായി പ്രവേശിച്ചു.

ശബ്ദഭംഗികൊണ്ടു് അനുഗൃഹീതകവിയായ ശങ്കരവാരിയരുടെ 'കൃഷ്ണവിജയ'ത്തിന്റെയും, അൎത്ഥസൌഷ്ഠവംകൊണ്ടും രചനാപ്രസ്ഥാനംകൊണ്ടും ക്ഷേമേന്ദ്രന്റെ പ്രസിദ്ധമായ 'ദശാവതാരചരിത്ര'ത്തിന്റെയും സാദൃശ്യം ഈ ചെറിയ കാവ്യത്തിനു കല്പിക്കാവുന്നതാണു്. വിഷ്ണുവിലാസത്തെ അനുകരിച്ചു ഭാഷയിൽ ഭഗവദവതാരങ്ങളെ വൎണ്ണിച്ചു രചിച്ചിട്ടുള്ള ഒരു ഹംസപ്പാട്ടാണു വിഷ്ണുഗീത. പദലാളിത്യവും ശുചിത്വം പ്രസാദം രസപുഷ്ടി മുതലായവ ഈ കാവ്യത്തിൽ തികഞ്ഞു പരിലസിക്കുന്ന ഗുണങ്ങളാകുന്നു. ക്ലിഷ്ടതയോ നിരങ്കുശതയോ ഒരിടത്തും ഇല്ല. നരസിംഹാവതാരം വാമനാവതാരം മുതലായവയെ കവി അതിമനോഹരമായി വൎണ്ണിച്ചിട്ടുണ്ടു. കുഞ്ചൻ നമ്പിയാർ വിഷ്ണുവിലാസം പല സന്ദൎഭങ്ങളിലും മാൎഗ്ഗദൎശകമായി ഉപജീവിച്ചിട്ടുണ്ടെന്നുകൂടിപ്പറയാവുന്നതാണു്. കവി പാലിയത്തച്ഛന്റെ ആശ്രിതനായി താമസിക്കുന്ന കാലത്തായിരിക്കണം ഈ കൃതിയും രചിച്ചതെന്നു് ഊഹിക്കാം. 'വിഷ്ണുഗീത' വിഷ്ണുവിന്റെ ഗീതയെന്നു ചിലർ അൎത്ഥം കല്പിച്ചുകാണുന്നു. വിഷ്ണുവിനെക്കുറിച്ചുള്ള പാട്ടു (ഗീത) എന്നാണു 'വിഷ്ണുഗീത'ക്കു സംഗതമായ അൎത്ഥം. മറുവിധത്തിൽ കല്പിക്കുന്ന അൎത്ഥം അബദ്ധംതന്നെയാകുന്നു. പഞ്ചതന്ത്രം പ്രസിദ്ധിയെ പ്രാപിച്ചിട്ടുള്ള ഒരു കൃതിയാണു്. ബാലന്മാർ നീതിശാസ്ത്രരഹസ്യങ്ങൾ പഠിക്കുന്നതിനു പ്രയോജനപ്പെടത്തക്കവിധമാണു ലളിതമായ ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നതു്. പഞ്ചതന്ത്രത്തിലെ കവിത ആരെയും വശീകരിക്കുന്ന ഒന്നാണു്. കവിതാഗുണംകൊണ്ടു 'വിഷ്ണുഗീത'യുടെ സാഹോദൎയ്യം ഈ കൃതിക്കു കല്പിക്കാമെന്നു തോന്നുന്നു.

വൃത്തവാൎത്തികം പാണിവാദന്റെ ഒരു ശാസ്ത്രഗ്രന്ഥമാകുന്നു. ഇതും ബാലന്മാൎക്കുവേണ്ടി രചിച്ചതുതന്നെ. ഛന്ദശ്ശാസ്ത്രം പഠിക്കുന്നവൎക്കു് ഈ ഗ്രന്ഥം വളരെ പ്രയോജനപ്പെടും.

ബാലാനാമുപയോഗാൎത്ഥം യാകൃതാ വൃത്തകാരികാ
ഉദാഹരണയോഗേന സാമയാ പൂരയിഷ്യതേ

എന്നു കവി സ്വയം പറഞ്ഞിരിക്കുന്നതിൽനിന്നു വൃത്തവാൎത്തികത്തിന്റെ സ്വഭാവം ഊഹിക്കാം.

ശ്രീകൃഷ്ണവിലാസം, രാഘവീയം, വിഷ്ണുവിലാസം എന്നീ കാവ്യങ്ങൾക്കു പാണിവാദൻ വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ടു്. ഇവയിൽ കൃഷ്ണവിലാസവ്യാഖ്യാനം പ്രസിദ്ധീകൃതമാകുന്നു. പാണിവാദനു് ഒരു വ്യാഖ്യാതാവിന്റെ നിലയിൽ ഉന്നതമായ സ്ഥാനത്തിനു് അവകാശമുണ്ടെന്നു് ഈ വ്യാഖ്യാനങ്ങൾ തെളിയിക്കുന്നു. വിവിധശാസ്ത്രങ്ങളിലും കാവ്യനാടകാദിമാൎഗ്ഗങ്ങളിലും ഗാഢവും വിപുലവുമായ പരിചയം പാണിവാദനു് ഉണ്ടെന്നു് ഈ വ്യാഖ്യാനങ്ങളിൽനിന്നു മനസ്സിലാകും. മൂലത്തിന്റെ അൎത്ഥത്തെ സംഗ്രഹവും വിശദവും ആയവിധം മിതങ്ങളായ പദങ്ങളെക്കൊണ്ടു വിവരിക്കുന്നതിനു പാണിവാദൻ നിപുണനാകുന്നു. രാഘവീയത്തിനു പാണിവാദൻ രചിച്ചിരിക്കുന്ന വ്യാഖ്യാനം സഹൃദയന്മാൎക്കു പ്രത്യേകിച്ചും പ്രയോജനകരമാകുന്നു. പാണിവാദൻ വേറെയും പല കൃതികൾക്കും വ്യാഖ്യാനം വിരചിച്ചിരിക്കുവാൻ ഇടയുണ്ടു്.

ശിവനേയും വിഷ്ണുവിനേയും കുറിച്ചു കവി ചെയ്തിരിക്കുന്ന സ്തോത്രങ്ങൾ ഭക്തന്മാരാൽ പ്രത്യേകം ആദരിക്കപ്പെടേണ്ടവയാണു്.

രാമപാണിവാദനും കുഞ്ചൻനമ്പിയാരും പരസ്പരം ഭിന്നമായ പ്രസ്ഥാനത്തോടുകൂടിയ രണ്ടു കവികളാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ലെന്നു വിശ്വസിക്കുന്നു. കുഞ്ചൻനമ്പിയാർ നിരങ്കുശനാണു്. പാമരന്മാരെ രസിപ്പിക്കുന്നതിനാണു് ഈ കവീന്ദ്രൻ അധികമായി ശ്രദ്ധിച്ചിട്ടുള്ളതു്. ഉന്നതമായ പൎവ്വതശിഖരത്തിൽനിന്നു് അഹങ്കാരത്തോടും അതിശക്തിയോടും കൂടി കുത്തിപ്പാഞ്ഞു തുള്ളിച്ചാടി കരയിടിച്ചു തകൎത്തു പ്രവഹിക്കുന്ന ഒരു മഹാനദിയോടു കുഞ്ചൻനമ്പിയാരുടെ കവിതയെ ഉപമിക്കാം. ആ നദിയിൽ കരടുകളും കലക്കങ്ങളും ഉണ്ടായിരിക്കും; എങ്കിലും സാമസ്ത്യവിലാസവിശേഷത്താൽ അതൊന്നും അത്ര ബാധിതമായി തോന്നുകയില്ല. എന്നാൽ,

അവസരോചിതമായ ആവേശത്തോടും ശാന്തതയോടും കൂടി സരസപ്രസന്നരുചിരഗംഭീരോദകവും ലളിതവിലാസഭാസുരവും ആയി പ്രവഹിക്കുന്ന ഒരു ശരന്നദിയോടാണു രാമപാണിവാദ സരസ്വതി സാദൃശ്യം വഹിക്കുന്നതു്. അതിൽ കലക്കത്തിനോ കരയിടിച്ചിലിനോ സ്ഥാനമില്ല. സഹൃദയന്മാർക്കു ഈ രണ്ടു നദികളിലും വിഹരിക്കുന്നതിനുള്ള കൌതുകം രണ്ടു വിധമാണെന്നേ പറയുവാനുള്ളു. കുഞ്ചൻനമ്പിയാരും രാമപാണിവാദനും ഒന്നാണെന്നു അഭിപ്രായപ്പെടുന്ന പണ്ഡിതന്മാർ ഈ പ്രസ്ഥാനഭിന്നതയെക്കുറിച്ചു ഗാഢമായി ആലോചിച്ചാൽകൊള്ളാം. തോട്ടി തട്ടിയെറിഞ്ഞു തോന്നിയതു കാട്ടി സഞ്ചരിക്കുന്ന ഒരു മദിച്ച ആനയാണു കുഞ്ചൻനമ്പിയാരുടെ കവിത്വം. കർക്കശതരങ്ങളായ ശാസ്ത്രവിധികൾക്കു കീഴടങ്ങി സീതാരാഘവീയാദി കാവ്യമാർഗ്ഗങ്ങളിൽ, സ്വാച്ഛന്ദ്യത്തോടുകൂടി സഞ്ചരിക്കുന്നതിന്നു ഈ ഗജേന്ദ്രന്നു എത്രമാത്രം സാധിക്കുമെന്നു സഹൃദയന്മാർ ആലോചിക്കേണ്ടതാകുന്നു. ശ്രീകൃഷ്ണചരിതം ഭാഷാകാവ്യം കുഞ്ചൻനമ്പിയാരുടെ കൃതിയാണല്ലോ. രാഘവീയാദി കാവ്യങ്ങളിൽ എല്ലാ ഭാഗത്തും തെളിഞ്ഞു പരിലസിക്കുന്നവയും നവംനവങ്ങളുമായ കല്പനകളുടെ അല്പമായ ഒരു സൌരഭ്യംപോലും ഈ കൃതിയിൽ കാണുന്നില്ല. തുള്ളൽപ്പാട്ടുകളിൽ നാനാമുഖമായി പാഞ്ഞു അതിപ്രതാപത്തോടുകൂടി പ്രവഹിക്കുന്ന കുഞ്ചൻനമ്പിയാരുടെ വാഗ്വിലാസം സംസ്കൃതകാവ്യപ്രസ്ഥാനത്തിലുള്ള ശ്രീകൃഷ്ണചരിതത്തിലായപ്പോൾ എത്രമാത്രം നിയന്ത്രിതവും മന്ദിതവും ആയിപ്പോയി! കുഞ്ചൻനമ്പിയാരുടെ കൃതിയായ ശംബരവധത്തിന്നു കഥകളികളുടെ കൂട്ടത്തിൽ ഒരു ഉത്തമസ്ഥാനം ലഭിച്ചിട്ടില്ല. ഇതിലെ സംസ്കൃതപദ്യങ്ങൾ ചന്ദ്രികാദി കാവ്യകാരനായ ഒരു കവീന്ദ്രന്റെ നാരായത്തിൽനിന്നു നിർഗ്ഗളിച്ചവയാണെന്നു ഏതു കാവ്യരസികനാണു പറയുവാൻ കഴിയുന്നതു? സർവ്വഥാ സീതാരാഘവരാഘവീയാദി കാവ്യകർത്താവിൽനിന്നു ശ്രീകൃഷ്ണചരിതശംബരവധാദികളുടെ ഉല്പത്തി അത്യന്തം അസംഭാവ്യമായി തോന്നുന്നു.

സൎവ്വപ്രകാരേണയും കേരളത്തിന് അഭിമാനഹേതുഭൂതനായ ഒരു മഹാകവിയാണു നമ്മുടെ പാണിവാദൻ എന്നു തെളിയുന്നുണ്ട്. അല്പംകൂടി ഗാഢമായി പൎയ്യാലോചിച്ചാൽ, നമ്മുടെ കവി, അത്യുന്നതങ്ങളായ ചില കവിതാഗുണങ്ങൾകൊണ്ടു, അനുഗൃഹീതനായ മേപ്പത്തൂർ ഭട്ടതിരിയെ അതിശയിച്ചു നില്ക്കുന്നു എന്നു ഹൃദയന്മാർ സമ്മതിക്കുന്നതാണ്. ഈ അഭിപ്രായത്തിന്റെ പരമമായ ആധാരം രാഘവീയ മഹാകാവ്യമാകുന്നു. സീതാരാഘവം ചന്ദ്രിക മുതലായ രൂപകങ്ങളെ പുരസ്കരിച്ചു വിചിന്തിക്കുകയാണെങ്കിലും, നമ്മുടെ കവിക്കു ഭട്ടതിരിയെക്കാൾ മേന്മയുണ്ടെന്നു കല്പിക്കണം. ഈ അഭിപ്രായത്തിൽ നിന്നു, ഭട്ടതിരി, പാണിവാദനെ അതിശയിക്കുന്ന സന്ദൎഭങ്ങൾ ഇല്ലെന്നു അൎത്ഥം ധരിക്കേണ്ടതില്ല. ഭട്ടതിരിയെക്കാൾ പല മേന്മകളും നമ്മുടെ കവിക്കു് ഉണ്ടെന്നു മാത്രമേ ഇവിടെ ഗ്രഹിക്കേണ്ടതുള്ളു.

ഈ കവീന്ദ്രന്റെ കൃതികൾ അധികവും പ്രസിദ്ധപ്പെടുത്താത്തവയാകുന്നു. രാഘവീയത്തിനുതന്നെയും സൂൎയ്യപ്രകാശം ദൎശിക്കുവാനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല. പാണിവാദന്റെ പല കൃതികളും അന്വേഷിച്ചു കണ്ടുപിടിക്കപ്പെടേണ്ടവയായിട്ടുണ്ടെന്നു കൂടി പറയേണ്ടിയിരിക്കുന്നു. ഈ മഹാകവിയുടെ കാൎയ്യത്തിൽ പണ്ഡിതന്മാർ വേണ്ടവിധം ശ്രദ്ധപതിപ്പിക്കുന്നതായാൽ അതോടുകൂടി ഗൈൎവ്വാണിക്കും കൈരളിക്കും ഒരു മഹത്തായ സൌഭാഗ്യം ലഭിക്കുന്നതാണ്. ഭാഷാപ്രണയികളുടെ ശ്രമം ഈ മാൎഗ്ഗത്തിലേക്കു തിരിയുമാറാകട്ടെ!



ഭാഷാവിഷയം.

(൧)

നാനാൎത്ഥങ്ങളുടെ ഐകാൎത്ഥ്യം.

ഒരു കലയിൽ പല ഫലങ്ങളും ഒരു ഗൎഭത്തിൽ പല സന്താനങ്ങളും ഉണ്ടാകുന്നു; ഇതുപോലെ ഒരേശബ്ദത്തിനു നാനാപ്രകാരം അൎത്ഥം ജനിക്കുന്നതിനു നാനാൎത്ഥം എന്നു പറയുന്നു. നാനാൎത്ഥങ്ങളോടുകൂടിയ പദങ്ങൾ ഏതു ഭാഷയിലും ഉണ്ടായിരിക്കും; എന്നാൽ സംസ്കൃതഭാഷയിൽ അവ മറ്റു ഭാഷകളെ അപേക്ഷിച്ചു വളരെ കൂടുതലായി കാണുന്നു. സംസ്കൃതത്തിൽ നാനാൎത്ഥം ഇല്ലാത്ത പദങ്ങൾ കുറവാണെന്നു പറഞ്ഞാൽ അധികം തെറ്റുകയില്ല. നാനാൎത്ഥപദങ്ങളായ പല 'കോശ' ഗ്രന്ഥങ്ങളും സംസ്കൃതത്തിൽ ഉണ്ടു്. 'വിശ്വം' മുതലായവ ഉദാഹരിക്കപ്പെടാം. അമരകോശാദികളിൽ നാനാൎത്ഥപദങ്ങൾക്കു പ്രത്യേകം ഒരു സ്ഥാനം കല്പിച്ചുകൊടുത്തിരിക്കുന്നു. പദങ്ങളുടെ നാനാൎത്ഥങ്ങളെ ശരിയായി മനസ്സിലാക്കാത്തവൎക്കു സംസ്കൃതസാഹിത്യത്തിൽ പ്രവേശിച്ചു രസം അനുഭവിക്കുന്നതിനു വളരെ ക്ലേശം ഉണ്ടു്. പദങ്ങൾക്കു നാനാപ്രകാരം അൎത്ഥം ഉണ്ടാകുന്നതിനു ലോകവ്യവഹാരംതന്നെ മൂലം. ആചാൎയ്യന്മാർ പദങ്ങൾക്കു, തോന്നിയതുപോലെ വിവിധങ്ങളായ അൎത്ഥങ്ങൾ കല്പിച്ചു ശാസ്ത്രങ്ങളിൽ പ്രാമാണ്യം കൊടുക്കുന്നതുകൊണ്ടാണു 'നാനാൎത്ഥ'പദങ്ങൾ ഉണ്ടാകുന്നതെന്നു, ചിലർ പറയുന്നു. ഈ അഭിപ്രായം സയുക്തികമല്ല. ലോകവ്യവഹാരത്തിന്റെ സ്വഭാവം മനസ്സിലാക്കി തദനുസരണം ശാസ്ത്രങ്ങളെ നിൎമ്മിക്കുകയേ ആചാൎയ്യന്മാർ ചെയ്തിട്ടുള്ളു. ഒരു ആചാൎയ്യൻ ഒരു പദത്തിനു ചില പുതിയ അൎത്ഥങ്ങൾ കല്പിക്കുന്നു എന്നു വിചാരിക്കുക; എന്നാൽ അവയ്ക്കു ലോകവ്യവഹാരത്തിൽ സ്ഥാനമില്ലെങ്കിൽ അതുകൊണ്ടു് എന്തു ഫലം? ജനങ്ങളുടെ വ്യവഹാരനാനാത്വംതന്നെ പദങ്ങളുടെ അൎത്ഥനാനാത്വത്തി

ണം മൂലം. വ്യവഹൃതങ്ങളാകുന്ന നാനാൎത്ഥങ്ങൾ യുക്തിയുള്ള വയോ ഇല്ലാത്തവയോ ആയിരിക്കാം; എന്നാലും അവയെ ആദരിക്കാതിരിക്കുവാൻ ശാസ്ത്രകാരന്നു കഴിയുന്നതല്ല. ജന ങ്ങളുടെ വ്യവഹാരപ്രവാഹം നിയമശൂന്യമാകുന്ന സന്ദൎഭങ്ങൾ ഇ ല്ലായ്കയില്ല. അപ്പോൾ ഉണ്ടാകയും അതിനനുസരിച്ച രൂപവ്യ ത്യാസം മാറ്റവും വരുന്നതാകുന്നു.

സൂക്ഷ്മമായി പൎയ്യാലോചിക്കുകയാണെങ്കിൽ പദങ്ങളുടെ നാനാൎത്ഥങ്ങൾക്കു ഒരു ഏകാൎത്ഥത കാണ്മാൻ കഴിയും. അ ൎത്ഥങ്ങളുടെ പുറമേയുള്ള രൂപംകൊണ്ടു നാം അതു അറിയേ ണ്ടിയിരിക്കുന്നതാണ്. എല്ലാ പദത്തിനും സ്വാഭാവികമായ ഒരു ശ ക്തിയുണ്ടായിരിക്കും; ഈ ശക്തിയിൽനിന്നാണ് അതിന്റെ അൎത്ഥവികാസം ഉണ്ടാകുന്നതു്. ഒരു പദത്തിൽ ഈ ശക്തി ഒ ന്നു മാത്രമേ കാണുകയുള്ളു. പുറമേ പല രൂപങ്ങളിൽ വിവി ധാൎത്ഥങ്ങൾ ഉണ്ടായാലും അവയുടെയെല്ലാം മൂലം ഒന്നുതന്നെ യെന്നു പറഞ്ഞതു് ഈ തത്വത്തെ ആസ്പദമാക്കിയാകുന്നു. ഒരു മതത്തിൽ പല മതങ്ങളും, ഒരു ജാതിയിൽ പല ജാതികളും, ഒരു വൃക്ഷത്തിൽ പല ശാഖകളും, ഉണ്ടാകുന്നതു നാം കാണു ന്നുണ്ട്. പദങ്ങൾക്കു ഏകാൎത്ഥത്തിൽ നാനാൎത്ഥങ്ങൾ ജനി ക്കുന്നതും ഇപ്രകാരം തന്നെ.

ഈ അഭിപ്രായത്തിന്റെ സാധുതയെ ഉദാഹരണ ങ്ങൾകൊണ്ടു തെളിയിക്കാം. ആശ, തറ, ശ്ലോകം, ശ്രീ, തേജസ്സ്, അംബരം, ദ്വിജം, ഖഗം, ശ്രുതി, പത്രം എന്നിവ സംസ്കൃതഭാഷയി ലെ ചില നാനാൎത്ഥപദങ്ങളാകുന്നു. ഇവയുടെ അൎത്ഥത്തെക്കു റിച്ചു വിചിന്തനം ചെയ്യാം.

ആശ എന്നതിനു ദിക്കു എന്നും ദീൎഘമായ ആഗ്രഹം എന്നും അ ൎത്ഥം ഉണ്ട്. എവിടെ ചെന്നാലും അവസാനിക്കാത്ത ഒന്നാ ണു ദിക്കു; ഇതുതന്നെ ആഗ്രഹത്തിന്റെയും നില.

എന്തിനിയെന്തിനിയെന്നുള്ളാശയ്ക്കും കണ്ടിരിക്കുമ്പോഴും മോഹവും
വന്നുവരേണം കഴിഞ്ഞു വിരുന്നും വന്നില്ലല്ലോ തിരുവാതിരയെന്നും
കാമദേവന്റെ അമ്പുകളും നമ്മുടെ മനസ്സുകൾ ...

ക്രൂരമൃഗങ്ങളോ വൃശ്ചികമാസത്തിൽ സത്വരമായനങ്ങളില്ലിനിരനം ഉണ്ണിയുണ്ടായി വേർപ്പിച്ചതിലെയേ ഉണ്ണിയുണ്ടായിക്കണ്ടാവു തുടരുന്നു

(ജന്മാനുപ്രാന)

ഈവിധം അവസാനിക്കാതെ നീണ്ടുനീണ്ടുപോകുന്ന ദുഃഖം, അതുപോലെയുള്ള ശരീരം സാധൎമ്മ്യമുണ്ടെന്നു അധികം സ്പഷ്ടമാണല്ലോ. ഈ സാധൎമ്മ്യമാകുന്നു ഇവിടെ നാനാൎത്ഥകല്പനയുടെ മൂലം.

(൧) അഥവാ കഥിയസി മനന്താ-
ജ്ജീവിതാശാ * * * *

എന്നു ഭാഗവതത്തിലും

(൨) ശോകഭീതേതി ശരീരംസ്ഥി-
നാശിലാഭേഷാ ന ഷ്ടൃഹ്യതി

എന്നു രാമായണമഞ്ജരിയിലും ഉള്ള ഭാഗങ്ങൾ അനുഗ്രഹത്തിന്റെ ഈ വൈശിഷ്ട്യത്തെയും അവസാനിപ്പാറില്ലായ്മയെയും കുറെ കാണിക്കുന്നുണ്ട്. ശരീരം, സാരമില്ലാത്തതു (ചെറിയതു) എന്നിവ 'തനു' പദത്തിന്റെ നാനാൎത്ഥങ്ങളാകുന്നു. ഒരു വിലയില്ലാത്തതു, വളരെ ചെറിയതു്, എന്നാണ തനുശബ്ദത്തിന്റെ അൎത്ഥം. അല്പത്വം ഉള്ളതുകൊണ്ടു ശരീരത്തിനും 'തനു' എന്ന പേരുണ്ടായി. ജ്ഞാനികളുടെ ദൃഷ്ടികൊണ്ടു നോക്കുമ്പോൾ ഉള്ളതാണെന്നല്ല, അനുഭവത്തിലും ശരീരം, ദൗൎബ്ബല്യം ക്ഷണഭംഗുരവുമാണെന്നു കാണുന്നുണ്ടല്ലോ.

(൩) ആയം ഹി ദേഹിനോ ദേഹഃ
കൎമ്മക്ഷേത്രമിഹാകൃതഃ
ദേഹിനോ വിവിധക്ലേശ-
സന്താപകൃദസാധുതഃ
* * * * *

(൪) കായകൎമ്മ്യന്നാഥിനോ
ദേഹോയം പാപമന്ദിരാകി
* * * * *

---

(൧) സാരം:—എന്നെല്ലാം കഷ്ടാവസ്ഥകൾ അനുഭവിക്കുവാൻ ഇടയായാലും ജീവിക്കുന്ന ജീവിതത്തിലുള്ള ആഗ്രഹം വൎദ്ധിച്ചുവരികയേ ഉള്ളു.

(൨) ശരീരം ക്ഷയിച്ചാലും ആഗ്രഹം നശിച്ചുപോകുന്നില്ല.

(൩) (൪) സാരം:—ജീവികളുടെ ശരീരം കൎമ്മവിപാകത്തിനു വശമാകയാൽ അസംഖ്യം പാപവിഷയങ്ങളിൽ ബന്ധിക്കുകയും വ്യസനപ്പെടുകയും ഉണ്ടാകുന്നുണ്ടല്ലൊ.

(ഫ) [illegible]

എന്നു, ഭാഗവതത്തിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങളും ദേഹത്തിന്റെ നിസ്സാരതയെ കാണിക്കുന്നവയാകുന്നു.

ജലത്തിലെപ്പോളകളെന്നപോലെ
ചലം മനുഷ്യർക്കു ശരീരബന്ധം

എന്നും മറ്റും ഭാഷാകവികളും ഉപദേശിച്ചിരിക്കുന്നു.

ഇപ്രകാരം ശരീരം തന്റെ വായത്തുകൊണ്ടാണു, തന്റെ ശരീരമുട്ടിയായതു്. ഈ അർത്ഥകല്പനയ്ക്കു ആശ്രയം വേദാന്തമതമാകുന്നു. 'പേരൈശ്വര്യയശസി ച ശ്ലോകഃ' എന്നുള്ള അമരത്തിൽനിന്നു, യശസ്സു ശ്ലോകം എന്നു രണ്ടു അർത്ഥം ശ്ലോകത്തിനു ഉണ്ടെന്നു ധരിക്കണം. ശ്ലോകത്തിൽ ജനങ്ങൾ കാണുന്ന അർത്ഥം യശസ്സാകുന്നു.

(ദ) ഏതാവാനവ്യയോ ധർമ്മഃ പുണ്യശ്ലോകൈരുപാസിതഃ
യോ ഭൂതശോകഹർഷാഭ്യാമാത്മാ ശോചതി ഹൃഷ്യതി
ഭാഗവതം.

ഇത്യാദി പ്രയോഗങ്ങളെ നോക്കുക. യശസ്സിനെ ജനിപ്പിക്കുന്നതിനുള്ള ശക്തി ശ്ലോകത്തിനു (കവിതയ്ക്കു) എന്നപോലെ മറ്റൊന്നിനുമില്ല. ശ്ലോകവും യശസ്സും തമ്മിൽ ഇത്രമാത്രം ഇണങ്ങുവാൻ ഇതുതന്നെ കാരണം. ശ്രീവാല്മീകിയുടെ കാലത്തു വിദഗ്ദ്ധന്മാരായ പല ശില്പികളും യോദ്ധാക്കളും ഭിഷക്കുകളും ഉണ്ടായിരിക്കുവാൻ ഇടയുണ്ടു്. എങ്കിലും അവരുടെ പേരുകളും അവരോടുകൂടിത്തന്നെ ലോകത്തിൽനിന്നു മറഞ്ഞിരിക്കുന്നു. എന്നാൽ വാല്മീകിയോ? ശാശ്വതയശോനിധി; അതിനു കാരണം 'ശ്ലോകം' തന്നെ.

(ഫ) ഒടുവിൽ കൃമികളും പട്ടിയും ഭക്ഷിക്കുന്ന വസ്തുവാണു ശരീരം.

(ദ) സാരം:—സഹജീവികളുടെ ദുഃഖത്തിൽ ദുഃഖവും സുഖത്തിൽ സുഖവും യാതൊന്നുകൊണ്ടാണോ ഉണ്ടാകുന്നതു് അതിനെത്തന്നെ ധർമ്മമെന്നു മഹാന്മാർ പറയുന്നു.

(൧) നിഷാദവിദ്ധാണ്ഡജദർശനോത്ഥഃ
ശ്ലോകത്വമാപദ്യത യസ്യ ശോകഃ

എന്നു കാളിദാസർ പറഞ്ഞിരിക്കുന്നു. 'ശ്രീസ്സ്' തേജസ്സ് കാന്തി ധനം (സമ്പത്തു) വിഷം എന്നിവ നാനാർത്ഥങ്ങളാകുന്നു. ഒരുത്തന്നു ധനം (ഐശ്വര്യം) ഉണ്ടാകുമ്പോൾ തനിയെ ശോഭയും പ്രതാപവും ഒക്കെ സംഭവിക്കുന്നു. ധനംതന്നെ ശോഭയെന്നു സാരം. ധനമില്ലാത്തവൻ മൃതപ്രായനാകുന്നു. ജീവിതം എന്നു പറയുന്നതിനു 'ധനം' എന്നു അർത്ഥം.

വിത്തം ജീവിതമാഹു-
ർജ്ജീവിതഹാനിർദ്ധനത്യാഗഃ
* * * * *
മൃതഃസ്ഥി ധനവാൻ മൃ-
ത്യുർജ്ജീവമൃതോഽപി
* * * *

എന്നു ക്ഷേമേന്ദ്രൻ പറഞ്ഞിരിക്കുന്നതു ലൌകികദൃഷ്ട്യാ അർത്ഥവത്താകുന്നു. ജ്ഞാനോപഫലമായ ത്യാഗംകൊണ്ടല്ല, ഗത്യന്തരമില്ലായ്കയാൽ കൃത്രിമമായി 'പാപ്പർപ്പട്ടം' വഹിച്ചിരിക്കുന്ന ചിലരെ നാം കാണാറുണ്ടു്. ഇത്തരക്കാർ ഒരുവിധം മൃതന്മാരാകുന്നു. അവക്കു ലോകത്തിൽ ഒരു സ്ഥാനവുമില്ല. അജ്ഞന്മാൎക്കു ധനം അഹങ്കാരകാരണമാകുന്നു. വിഷത്തെപ്പോലെ നാശകരമാണു അഹങ്കാരവും.

(൨) കാരമൈശ്വര്യ്യശ്രീമദാന്ധാ
ഭൂതപാതാനി നപശ്യതി

എന്നു ഭാഗവതത്തിൽ ഉപദേശിച്ചിരിക്കുന്നതു ഒരു യഥാർത്ഥമായ ലോകസ്വഭാവമാകുന്നു. ധനവാന്മാർ ഈശ്വരവിചാര

(൧) സാരം:—ഒരു വേടൻ ഒരു പക്ഷിയെ വധിക്കുന്നതു കണ്ടപ്പോൾ വാല്മീകിമഹർഷി ഖിന്നനായി. ഉടനെ മഹർഷിയുടെ മുഖത്തിൽ നിന്നു "മാനിഷാദേത്യാ"ദിപദ്യം ജനിച്ചു.

(൨) സാരം:—ഐശ്വര്യം സമ്പത്തു് എന്നിവയാൽ മദിച്ചു് അന്ധനാകുന്നവനു് ഈശ്വരസ്മരണ ഉണ്ടാകുന്നില്ല. ഇപ്രകാരമുള്ളവർ ഈശ്വരശിക്ഷ അനുഭവിക്കേണ്ടിവരുന്നു.

വിരഹിതന്മാരായിട്ടാണു പ്രായേണ കാണപ്പെടുന്നതു്. "അല്പനു അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിയ്ക്കു കുടപിടിക്കും" എന്ന പഴഞ്ചൊല്ലും ഇവിടെ സ്മരണീയമാകുന്നു. ഇപ്രകാരം നാശകരമായ അഹങ്കാരത്തിനു ശ്രീ മൂലമാകയാൽ അതു വിഷമായി ഭവിച്ചു. പ്രകാശം പ്രഭാവം വീൎയ്യം ബീജം മുതലായി പല അൎത്ഥവും 'തേജസ്സിനു'ണ്ടു്.

(൧) ദുഷ്ഷന്തേനാഹിതം തേജോ
ദധാനാം ഭൂതയേ ഭുവഃ

അഭി: ശാകുന്തളം.

(൨) തേജസാം ഹി ന വയസ്സമീക്ഷ്യതേ

രഘുവംശം.

(൩) തേജസാ സഹ നശ്യന്തി
സ്ത്രീജിതാനാം വിബുദ്ധയഃ

ഭാരതമഞ്ജരി.

എന്നിവയിൽ, നാനാപ്രകാരത്തിൽ തേജസ്സിന്റെ അൎത്ഥം ഉപയോഗപ്പെട്ടിരിക്കുന്നു. ഈ മൂന്നു തേജസ്സിനും യഥാക്രമം വീൎയ്യം, പ്രഭാവം, ബലം (കാന്തി-ശക്തി) എന്നാണു് അൎത്ഥം. ശരീരത്തിന്റെ സാരാംശമായി സ്ഥിതിചെയ്തു അതിനെ പ്രകാശിപ്പിക്കുന്ന വീൎയ്യംതന്നെ തേജസ്സിനു മൂലം. ഈ വീൎയ്യത്തെ നിലനിറുത്തുന്നതു (ജിതേന്ദ്രിയത്വം) പ്രഭാവം; ഇപ്രകാരമുള്ളവരുടെ ആകൃതിയ്ക്കു ഒരു ശോഭ പ്രത്യേകം ഉണ്ടായിരിക്കും. വീൎയ്യാത്മകമായി ശരീരത്തിൽ ഉള്ള തേജസ്സു മറ്റു ശരീരങ്ങളുടെ ഉല്പത്തിക്കു ഹേതുവാകകയാൽ ബീജമാകുന്നു.

'ക്ഷൌമ'ത്തിനു് ആകാശമെന്നും പട്ടു് എന്നും അൎത്ഥമുണ്ടു. ആകാശവും പട്ടും സൂക്ഷ്മമാകുന്നു. ഇവിടെ ഈ സാധൎമ്മ്യം ആകുന്നു നാനാൎത്ഥത്തിനു മൂലം. ഒരു നല്ല പട്ടു വിട

---

(൧) സാരം:—ശകുന്തള ദുഷ്ഷന്തനിൽനിന്നു ഗൎഭം ധരിച്ചിരിക്കുന്നു. ഇതുനിമിത്തം ലോകത്തിനു ശ്രേയസ്സ് ഉണ്ടാകും.

(൨) പ്രഭാവശാലികളുടെ വയസ്സ് ഗണിക്കേണ്ടതില്ല.

(൩) സ്ത്രീവിധേയന്മാരുടെ ബലവും പ്രഭാവവും വിചാരശക്തിയും എല്ലാം നശിക്കുന്നു.

ത്തിപിടിച്ചാൽ, അങ്ങിനെ ഒരു വസ്തു ഉണ്ടെന്നു സൂക്ഷ്മദൃക്കുകൾക്കു മാത്രമെ തോന്നുകയുള്ളു. ഒരാൾ നല്ല പട്ടു മുപ്പതും നാല്പതും മടക്കിട്ടു ചുററിയുടുത്താലും അയാൾ വസ്ത്രധാരണം ചെയ്തിട്ടുണ്ടെന്നു കാണുകയില്ല. (ഇപ്രകാരമുള്ള പട്ടുകൾ മുൻപു നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടാക്കിവന്നിരുന്നു.) പക്ഷി ബ്രാഹ്മണൻ പല്ലു ചന്ദ്രൻ എന്നിവ ദ്വിജപദത്തിന്റെ നാനാൎത്ഥങ്ങളാകുന്നു. ദ്വിശബ്ദത്തിന്റെ രണ്ടു ജന്മമുള്ളതു എന്ന അൎത്ഥത്തിൽനിന്നു ഇവിടെ ബഹ്വൎത്ഥങ്ങൾ ഉണ്ടായി. പക്ഷികൾ മുട്ട വിരിയുന്നതിനു മുൻപും പിൻപും; ഇങ്ങിനെ ജന്മം രണ്ട്. ബ്രാഹ്മണനു രണ്ടു ജന്മങ്ങൾ ഉണ്ടാകുന്നതു ഉപനയനത്തിനു മുൻപും, പിൻപും കൂടിയാകുന്നു. ഒരിക്കൽ ഉണ്ടാകുന്നതു പോയി പിന്നീട്ടു മുളക്കുന്നതിനാൽ പല്ലിനു രണ്ടു ജന്മം സിദ്ധം. വാവിനു ക്ഷയവും, വൃദ്ധിയും, ഇങ്ങിനെ ചന്ദ്രനു ദ്വിജന്മത ഉണ്ടാകുന്നു. സൂൎയ്യൻ പക്ഷി ദേവൻ കിന്നരൻ എന്നിവ ഖഗപദനാനാൎത്ഥങ്ങളാണ്. ഖ(ആകാശ)ത്തിൽകൂടി ഗമിക്കുന്നതിനാൽ ഇവൎക്കു ഈ പേർ ഉണ്ടായി. ഗുരുപദത്തിനു വലിയതു പിതാവു് ആചാൎയ്യൻ എന്നിവ നാനാൎത്ഥങ്ങൾ; വലിയതു എന്ന അൎത്ഥത്തിൽനിന്നു നാനാൎത്ഥം സിദ്ധിച്ചു. പിതാവിനെപ്പോലെ ആരാധിക്കപ്പെടേണ്ടവനാകയാൽ (അത്രയും ഗുരുത്വമുള്ളതുകൊണ്ടു) 'ഗുരു' എന്ന പദംകൊണ്ടു ആചാൎയ്യനെയും വ്യവഹരിക്കുന്നു. ശരീരത്തെ ജനിപ്പിക്കുന്ന പിതാവിനും, അതിൽ പുരുഷാൎത്ഥസാധനസമൎത്ഥമായ ജ്ഞാനത്തെ പ്രജ്വലിപ്പിക്കുന്ന ആചാൎയ്യനും, ഒരുപോലെ ഗുരുത്വം ഉള്ളവരാകയാൽ ഈ സമത്വകല്പനം അൎത്ഥവത്താകുന്നു. ഇല കടലാസു ചിറകു എന്നിവ പത്രപദത്തിന്റെ നാനാൎത്ഥങ്ങളാകുന്നു. ഈ അടുത്ത കാലംവരെ പൌരസ്ത്യർ എഴുതുന്നതിനു ഇല ഉപയോഗിച്ചുവന്നിരുന്നു. കടലാസ്സു വന്നതിന്റെശേഷം, പത്രസ്ഥാനത്തിൽ, എഴുതുന്നതിനു അതിനെ ഉപയോഗിച്ചുതുടങ്ങി. ഈ ധൎമ്മത്തിന്റെ ഐക്യംകൊണ്ടു കടലാസ്സും പത്രവും ഒന്നായി. ഈ പദത്തിനു് ഈ അൎത്ഥം ഉണ്ടാ

യത്രെ, കടലാസ്സ നമ്മുടെ നാട്ടിൽ പ്രചരിച്ചുതുടങ്ങിയതിനുശേഷമാകുന്നു. വൃക്ഷങ്ങൾക്കു (ചെടികൾക്കു) ഇലകൾ എങ്ങിനെയോ അതുപോലെയാണു പക്ഷികൾക്കു ചിറകു സ്ഥിതിചെയ്യുന്നതു്. ഇങ്ങിനെ പക്ഷികളുടെ ചിറകിനു 'പത്രം' എന്നു അൎത്ഥം ഉണ്ടായി.

ഇവിടെ ഉദാഹരണത്തിനു കൊടുത്തവ സംസ്കൃതപദങ്ങളാകുന്നു. സംസ്കൃതഭാഷയിൽ ഈവിധം ഉള്ള പദങ്ങൾക്കു അവസാനമില്ല. വിവിധാൎത്ഥങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്ന 'ഏകാക്ഷര'പദങ്ങൾ സംസ്കൃതത്തിൽ ധാരാളമുണ്ടു്. സംസ്കൃതത്തിലെപ്പോലെ 'ഏകാക്ഷര'നിഘണ്ടുവും മറ്റും മറ്റൊരു ഭാഷയിലും കാണുകയില്ല.

ഭാഷയിൽനിന്നും ചില ഉദാഹരണങ്ങൾ കാണിയ്ക്കാം. മലർ തടി നീര് എന്നിവ നാനാൎത്ഥയുക്തങ്ങളായ ചില ഭാഷാപദങ്ങളാകുന്നു. പുഷ്പം എന്നുകൂടി മലരിനു അൎത്ഥമുണ്ടു്. മലരുന്നതുകൊണ്ടു 'മലരിനു' ഈ പേരു ഉണ്ടായി. ഇതുപോലെ വിടരുന്നതിനാൽ ഈ പദത്തിനു 'പൂവ്' എന്നു അൎത്ഥം സിദ്ധിച്ചു. മലരുക (വിടരുക) എന്ന ധൎമ്മം രണ്ടിനും ഒന്നാകുന്നു. 'തടി'യ്ക്കു വൃക്ഷത്തിന്റെ ശരീരം (ഉടൽ) എന്നാണു് അൎത്ഥം. പുഷ്ടി ശരീരം എന്നീ അൎത്ഥങ്ങൾകൂടി ഈ പദത്തിനുണ്ടായി. വൃക്ഷത്തിനു തടി എങ്ങിനെയോ അതുപോലെ സ്ഥിതിചെയ്കയാൽ ശരീരം 'തടി'യായി. തടിയ്ക്കുക എന്നാൽ തടിപോലെയാകുക—വണ്ണംവെച്ചു വളരുക—എന്നൎത്ഥം. ഈ ധൎമ്മംതന്നെ തടി. നീരിനു, വെള്ളം എന്നു കൂടാതെ ശരീരത്തിൽ ഉണ്ടാകുന്ന ഒരുമാതിരി രോഗം (ശോഫം) എന്നും അൎത്ഥമുണ്ടു. ദുഷിച്ച നീരു, മൂലമുണ്ടാകുന്നതിനാൽ നീരിന് ഈ അൎത്ഥം വന്നു.

ഇവിടെ ചെയ്ത വിമൎശനത്തിൽനിന്നു പദങ്ങൾക്കു് ഉണ്ടാകുന്ന നാനാൎത്ഥങ്ങളുടെ മൂലം ഒന്നുതന്നെ എന്നു ഗ്രഹിക്കുവാൻ കഴിയുന്നതാണു്. നാനാൎത്ഥങ്ങൾ പലപ്പോഴും വിഭിന്നങ്ങളും പരസ്പരം ഒരു ബന്ധവും ഇല്ലാത്തവയും ആണെന്നു

തോന്നും; എങ്കിലും അവയുടെ മൂലം ഒന്നാകാതിരിക്കുവാൻ ഇടയില്ല. വിചാരണചെയ്തു അപ്രകാരമുള്ളവയുടെ മൂലൈക്യത്തെ കണ്ടുപിടിക്കുന്നതു ക്ലേശകരമായിരിക്കും. എന്നാൽ പ്രയോജനകരമാകയാൽ ഈ ശ്രമത്തിൽനിന്നു മാറാവുന്നതല്ല. പദങ്ങൾക്കു നാനാൎത്ഥങ്ങൾ ഉണ്ടാകുന്നതു പല മാൎഗ്ഗങ്ങളിൽ കൂടിയാകുന്നു. ചിലപ്പോൾ ഇവ ശബ്ദത്തെ ആശ്രയിച്ചു ഉണ്ടാകുന്നു; അൎത്ഥധൎമ്മങ്ങളും ഇവയുടെ ഉല്പത്തിക്കു ഹേതുക്കളായി ഭവിക്കുന്നു. ഇവ ശാസ്ത്രതത്വങ്ങളെ അധികരിച്ചു സംഭവിക്കുന്നതും ദുൎല്ലഭമല്ല. എന്നാൽ ഇവക്കെല്ലാംകൂടെ ലോകവ്യവഹാരംതന്നെ പ്രധാനമായ ആധാരം. അതു നിരങ്കുശമായാൽ, ആ നിരങ്കുശത്വം അൎത്ഥകല്പനയിലും നിഴലിക്കാതിരിക്കയില്ല. ഇവിടെ യുക്തിവാദം ചെയ്യുന്നതു നിഷ്പ്രയോജനമാകുന്നു. സൂക്ഷ്മതയെ ആസ്പദമാക്കി അംബരത്തിന് ആകാശമെന്നും പട്ട് എന്നും അൎത്ഥം ഉണ്ടായി എന്നു മുൻപു പറഞ്ഞുവല്ലോ. എന്നാൽ ഈ ധൎമ്മം മനസ്സിന്നും യോജിക്കുന്നുണ്ട്. മനസ്സു പരമാണുപോലെ സൂക്ഷ്മമെന്നാണു ശാസ്ത്രസിദ്ധാന്തവും; ഈ സ്ഥിതിക്കു അംബരത്തിന്നു മനസ്സു എന്നുകൂടി അൎത്ഥം എന്തുകൊണ്ടു കല്പിക്കപ്പെടുവാൻ പാടില്ല? എന്നു ചോദിച്ചാൽ അതിന്നു ലോകവ്യവഹാരം ഇല്ലെന്നുമാത്രമേ സമാധാനം പറയുവാനുള്ളൂ. ഇവിടെ ലോകവ്യവഹാരം എന്നു പറഞ്ഞതിൽ കവികളുടെ പ്രയോഗവും ഉൾപ്പെടും.

പദങ്ങളുടെ നാനാൎത്ഥസിദ്ധി ഒരു ഭാഷയുടെ ശക്തിയേയും പ്രയോഗസാമൎത്ഥ്യത്തേയും ആണു കാണിക്കുന്നതെന്ന് എനിക്കു തോന്നുന്നു; അത്രയുമല്ല ആ ഭാഷകൊണ്ടു വ്യവഹരിക്കുന്ന ജനസമുദായത്തിന്റെ സൂക്ഷ്മവും നാനാമുഖവും ആയ വസ്തുധൎമ്മഗ്രഹണസാമൎത്ഥ്യവും നാനാൎത്ഥങ്ങളിൽനിന്നു മനസ്സിലാക്കുവാൻ കഴിയും. ആശെക്കു ദിക്കു എന്നും ദീൎഘമായ ആഗ്രഹമെന്നും തനുവിന്നു ചെറിയതു (നിസ്സാരം) എന്നും ശരീരം എന്നും അൎത്ഥം കല്പിച്ച് വ്യവഹരിക്കുന്ന ഒരു സമുദായം, വസ്തുധൎമ്മങ്ങളുടെ യാഥാൎത്ഥ്യം കണ്ടുപിടിക്കുന്നതിൽ നല്ല നൈപു

ന്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നു ആരും സമ്മതിക്കുന്നതാണ്. പല വസ്തുക്കളുടെ ആഭ്യന്തരധർമ്മങ്ങൾക്ക് എങ്ങിനെ യോജിപ്പുണ്ടാകുന്നു എന്നതു നാനാർത്ഥങ്ങളിൽനിന്നു ഗ്രഹിക്കുവാനുള്ള തത്വമാകുന്നു. ഒരു ആധാരവുമില്ലാതെ പദങ്ങൾക്കു നാനാർത്ഥകല്പനംചെയ്യുന്ന നയം നമ്മുടെയിടയിൽ ഉണ്ടായിരുന്നുവോ എന്നു സംശയമാണ്.

പദങ്ങളുടെ മൂലം അർത്ഥവിവിധത്വം പരസ്പരബന്ധം മുതലായവയെക്കുറിച്ചു വിചാരിക്കുന്നതു സർവ്വദാ പ്രയോജനകരമാകുന്നു. ഇങ്ങിനെ ചെയ്യുന്ന വിചിന്തനത്തിൽനിന്നു ബഹുമുഖമായ ലോകവ്യവഹാരത്തേയും ശാസ്ത്രതത്വത്തേയും ഗ്രഹിക്കുവാൻ കഴിയുന്നു. ഭാഷയുടെ ശക്തി പ്രയോഗസാമർത്ഥ്യം എന്നിവയെക്കുറിച്ചും വിപുലമായ ജ്ഞാനം കിട്ടുന്നു. സാധാരണക്കാൎക്കും വിശേഷിച്ചു സാഹിത്യപ്രണയികൾക്കും ഈ ജ്ഞാനം വേണ്ടെന്നു വരുന്നതല്ല.



(൨)

'ഭാഷീകൃത'സംസ്കൃതപദങ്ങൾ.

സംസ്കൃതത്തിൽനിന്നു ഭാഷയ്ക്കു ലഭിച്ചിട്ടുള്ള പദങ്ങളെ സാമാന്യേന നാലുവിധമായി വിഭജിക്കാം.

(൧) അൎത്ഥം വികൃതമായും ശബ്ദം ശുദ്ധമായും ഉപയോഗിക്കുന്നവ.

(൨) ശബ്ദം വികലമായും അൎത്ഥം ശുദ്ധമായും ഉള്ളവ.

(൩) ശബ്ദവും അൎത്ഥവും ശുദ്ധമായവ.

(൪) ശബ്ദവും അൎത്ഥവും വികലതയെ പ്രാപിച്ചവ.

ഇവയിൽ ആദ്യത്തെ രണ്ടു ഇനങ്ങളിൽ ഉള്ള പദങ്ങളുടെ അൎത്ഥസ്വരൂപത്തെക്കുറിച്ചു അല്പം ഒരു വിചിന്തനം ചെയ്യണമെന്നു വിചാരിക്കുന്നു. സംസ്കൃതത്തിൽ എന്നപോലെതന്നെ രൂപസിദ്ധി, പദങ്ങൾക്കു ഭാഷയിലും ഉണ്ടായിരിക്കും; എങ്കിലും അൎത്ഥത്തെ ഒരു വൈകൃത്യം ബാധിച്ചിട്ടുണ്ടെന്നു തോന്നും. ഈവിധമുള്ളവയാണു് ഒന്നാമത്തെ ഇനത്തിൽ ഉള്ള പദങ്ങൾ. സൂക്ഷ്മമായി ആലോചിച്ചാൽ ഈ വൈകല്യം അൎത്ഥത്തിന്റെ ബാഹ്യാംശത്തെ മാത്രം സ്പൎശിക്കുന്നതാണെന്നു ഗ്രഹിക്കുവാൻ കഴിയും. പ്രഥമദൃഷ്ടിയിൽ, ഈ വക ചില പദങ്ങളെ കണ്ടാൽ, അവയ്ക്കു വേറെയായ ഭാഷയുമായി വല്ലവിധവും ബന്ധമുണ്ടെന്നു തോന്നുകയില്ല. അവയുടെ അൎത്ഥത്തിൽ അത്രമാത്രം ഒരു ഭേദപ്പകൎച്ച് കാണാം. ചില ഉദാഹരണങ്ങൾകൊണ്ടു് ഈ അഭിപ്രായത്തിന്റെ സാധുത്വം തെളിയിക്കാം.

സാധു മോഹം സൂത്രം വൃത്തി സിദ്ധാന്തം ശുദ്ധൻ പൂൎവം പാകം അന്തം എന്നിവ ഒന്നാമത്തെ വൎഗ്ഗത്തിൽ ഉൾപ്പെടുന്ന ചില പദങ്ങളാകുന്നു. അല്പവും വൈകല്യമില്ലാതെ ഈ പദങ്ങൾക്കു സംസ്കൃതരൂപംതന്നെ സിദ്ധമായിരിക്കുന്നു എ

ആലോചിച്ചാലും ഒരു മലയാളിക്ക് ഈ വാക്യത്തിന്റെ അൎത്ഥം മനസ്സിലാകുകയില്ല. ഭാഷയുടെ ആശയവും രൂപവും ഒരുപോലെ വികൃതമായിരിക്കുന്നു. 'പിൻചെല്ലലിനു' ആകാശത്തുള്ള ജ്യോതിസ്സുകളുടെ കൂട്ടത്തിൽ സ്ഥാനം കിട്ടിയെന്നു പറഞ്ഞാൽ എന്തൎത്ഥമാണു ഗ്രഹിക്കേണ്ടതു്! 'സ്ത്രീകൾ അലിഞ്ഞു്പോകുന്നതിന്റെ അൎത്ഥവും അസംബന്ധമായിരിക്കുന്നു.

"ആ ആൾക്കൂട്ടമാകുന്ന മേഘം ഒരു സന്തോഷവൃഷ്ടിയിൽ തകൎത്തു പറഞ്ഞുകൊണ്ടു പിന്നാലെ കൂടി."

"അയാളുടെ ഹൃദയത്തെ വഴിക്കുവഴിയേ മത്തിൻസൂചികളെപ്പോലെയും തിസ്സിൻസൂചികളെപ്പോലെയും പിളൎന്നുകയറി."

"ജയത്തിന്റെ ശിരസ്സിലേക്ക് ഉപായത്തിൽ കടന്നുകൂടുന്ന ആ വല്ലാത്ത കള്ളക്കല്ലു് ഏതാണു്?"

"ആകാശത്തിലെങ്ങും ഒരു ദിവ്യമായ പട്ടാഭിഷേകത്തിന്റെ വെളിച്ചം വ്യാപിച്ചു."

"അതേ അപകടം പിടിച്ച അസ്പൃശ്യതകൾ പൃഥിവിയസ്സു മനസെയിൻപോൾ ഒന്ന എന്നിവർ നിശ്ചയിച്ചെന്നതാൽ അപാരതയിലെങ്ങും നക്ഷത്രങ്ങളെ ഉദിപ്പിക്കുന്നവയും അടിക്കടി മിന്നൽപ്പിണരുകളെ പുറപ്പെടുവിക്കുന്നവയുമായ കണ്ണുകളാൽ"***

"ഗഹനങ്ങളായ അഗാധതകൾക്കുള്ളിൽ"

"കഴുകിട്ടു ചാവുന്നതുവരെ തൂക്കിക്കൊന്നതിൽ എനിക്കുള്ള മനോവേദന***"

പാവങ്ങൾ.

എന്നീ വാക്യങ്ങൾ നോക്കുക. അന്യഭാഷാശൈലികൾക്കു ഭാഷയെ എത്രമാത്രം ദുഷിപ്പിക്കുവാൻ കഴിയുമെന്ന് ഈ ഭാഗങ്ങളിൽനിന്നു തെളിയും. ആൾക്കൂട്ടത്തെ മേഘമായി കല്പിച്ചതിന്റെ നിരൎത്ഥത സഹിക്കാം! എന്നാൽ "മത്തിൻസൂചിയുടേയും" "തിസ്സിൻസൂചിയുടേ"യും വൈകൃത്യവും നിരൎത്ഥതയും ദുസ്സഹമായിരിക്കുന്നു. "ജയത്തിന്റെ ശിരസ്സു്" ഒരുവിധം അൎത്ഥം ഉണ്ടാക്കാം. "ദിവ്യമായ പട്ടാഭിഷേകത്തിന്റെ വെളിച്ചം" എന്നു കേൾക്കുമ്പോൾ വായനക്കാൎക്കു് അൎത്ഥത്തിന്റെ ഒരു വെളിച്ചവും മനസ്സിൽ പതിയുന്നില്ല. "അപാര

* മോഹംവിധത്തേ വിഷയാഭിലാഷഃ

ഭാരവി.

എന്നും,

മോഹാദികളെപ്പരിപാലിപ്പാൻ
മോഹാവൃതിയില്ലവരെന്തു വിചിത്രം

കുഞ്ചൻനമ്പിയാർ.

എന്നും, ഉള്ള പ്രയോഗങ്ങളിൽനിന്നു 'മോഹ'ത്തിന്റെ അർത്ഥസ്വഭാവം മനസ്സിലാക്കാം. ഇതിൽപെട്ട ഒന്നും അറിയാൻ പാടില്ലാത്ത നിലയെ മോഹം, എന്നു പറയുന്നു. ഇതു തന്നെ അവിവേകം ആഗ്രഹവും ഒരു ഇരുട്ടു (അജ്ഞാനം) ആകുന്നു. അതു ഉള്ളവനു തത്വാതത്വങ്ങളെ തിരിച്ചറിയുവാൻ കഴിയുന്നില്ല. അവിവേകത്തിന്റെയും ആഗ്രഹത്തിന്റെയും മൂലം അന്ധതയാകയാൽ 'മോഹ'പദത്തിനു രണ്ടുഭാഗങ്ങളിലും ഒരേ അർത്ഥം സിദ്ധിച്ചു.

വിപുലമായ അർത്ഥത്തെ അടക്കി രചിക്കപ്പെടുന്ന ചെറിയ വാക്യത്തിനു സംസ്കൃതത്തിൽ സൂത്രമെന്നു പറയുന്നു. ഭാഷയിൽ സൂത്രത്തിനു, പ്രയാസമേറിയ വലിയ കാര്യങ്ങളെ എളുപ്പത്തിൽ സാധിക്കുന്നതിനുള്ള വഴി എന്നു അർത്ഥം. ചുരുക്കത്തിൽ, എളുപ്പവഴിയാണു ഭാഷയിലെ 'സൂത്രം.'

തൊഴുതുള്ള സംഗരമാണു കള്ളുസ്വഭാവമോരോ-
യൊരുള്ള സൂത്രങ്ങൾ [illegible] സൂത്രാമാവിനും

കുഞ്ചൻനമ്പിയാർ.

ഇവിടെ 'സൂത്ര'പ്രയോഗത്തിനു മുൻപു പറഞ്ഞതുതന്നെ അർത്ഥം. സംസ്കൃതത്തിലെ 'സൂത്രാ'ർത്ഥത്തിൽനിന്നു, എളുപ്പം (ചുരുക്കത്തിൽ) സാധിക്കുന്ന മാർഗ്ഗം എന്നു ഭാഷയിലും ഈ പദത്തിനു് അർത്ഥം കിട്ടി. സൂത്രത്തിനു് ഉപായം എന്നു ഭാഷയിൽ അർത്ഥം പറയാറുണ്ട്. ഈ അർത്ഥവും മുൻപറ

സാരം:— * വിഷയങ്ങളിൽ ഉള്ള ആഗ്രഹം അവിവേകത്തെ ഉണ്ടാക്കുന്നതാണ്. ഈ സ്ഥിതിയിൽ ഭാവ്യങ്ങളും അഭാവ്യങ്ങളും തിരിച്ചറിയുന്നില്ല.

ങ്ങളിൽനിന്നു അകലിച്ചയുള്ളതല്ല. സംസ്കൃതത്തിൽ 'വൃത്തി'ക്കു പല അൎത്ഥങ്ങളും ഉണ്ടു്.

വൃത്തിവിശേഷേണ തപോധനാനാം

ഭാരവി.

ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ഇവിടെ വൃത്തിക്കു വ്യവഹാരം എന്നു അൎത്ഥം. ഭാഷയിലെ വൃത്തി ഇതല്ല. ശാസ്ത്രാൎത്ഥത്തെ പരിമിതപദങ്ങളെക്കൊണ്ടു വിശദവും ശുചിയും ആയി വിവരിക്കുന്നതും സംസ്കൃതത്തിൽ 'വൃത്തി'യാണ്. 'വൃത്തികെട്ടവൻ' 'വൃത്തിയായി ചെയ്യുക' എന്നും മറ്റും ഉള്ള വ്യവഹാരങ്ങളിൽ വൃത്തിക്കു ശുചിത്വം എന്നാണു ഭാഷയിൽ അൎത്ഥം. വൃത്തികാരന്മാൎക്കു പദങ്ങളേയും അൎത്ഥങ്ങളേയും ഉപയോഗിക്കുന്നതിലും വിഷയങ്ങളെ പ്രതിപാദിക്കുന്നതിലും ഒരു ശുചിത്വം പ്രത്യേകമുണ്ടു്. ഈ ശുചിത്വം ഭാഷയിലെ വൃത്തിയിലും പകൎന്നു വൃത്തിയായിഭവിച്ചു. ദൃഢമായി സ്ഥാപിച്ചിരിക്കുന്ന തത്വം എന്നു സംസ്കൃതത്തിൽ സിദ്ധാന്തപദത്തിനു അൎത്ഥം.

* കാഞ്ചീവിലസിതപാരമ്യാ .
ദഗ്ദ്ധാന്തം വിചിത്രവൃത്താന്തം
അധികാഞ്ചി നിഗമവാചാം
സിദ്ധാന്തം ശൂലപാണിസിദ്ധാന്തം,

മൂകാചാൎയ്യർ.

ഇത്യാദി പ്രയോഗങ്ങൾ ഉദാഹരിക്കപ്പെടാം. വിചാരിക്കുന്നതിനെ സാധിക്കുന്നതിനുള്ള ഉറപ്പോടുകൂടിയ മനോവൃത്തിക്കു ഭാഷയിൽ സിദ്ധാന്തം എന്നു പറയുന്നു. രണ്ടു ഭാഷയിലും ഉള്ള അൎത്ഥത്തിന്റെ മൎമ്മം 'ദാൎഢ്യ'ത്തിൽ നിലനില്ക്കുന്നു.

സംസ്കൃതഭാഷയിൽ, പ്രൌഢവും ഗംഭീരവും ആയ അൎത്ഥത്തെ വഹിക്കുന്നവയും ശാസ്ത്രകാരന്മാൎക്കു അധികം പ്രിയ

---

* സാരം:—കാഞ്ചിയിൽ പരിലസിക്കുന്നവളും പാപരാശികളെ ദഹിപ്പിച്ചിരിക്കുന്നവളും വിചിത്രചരിത്രയും വേദവാക്കുകളുടെ പരമതത്വരൂപയും ആയ ശ്രീകാമാക്ഷിയെ ഞാൻ ഭാവനചെയ്യുന്നു.

ങ്ങളുമായ മൂന്നു പദങ്ങളാകുന്നു, സൂത്രവും വൃത്തിയും സിദ്ധാന്തവും. ഭാഷയിലായപ്പോൾ ഇവയുടെ അൎത്ഥത്തിനു പറയത്തക്ക വാട്ടവും കോട്ടവും തട്ടിയിരിക്കുന്നു.

വാക്കിലു സൂത്രമാം വ്യാഖ്യയാം കൎമ്മവും
നീക്കമില്ലീപ്സിതം ശീഘ്രമേവാച്യുതാം.

ഉണ്ണായിവാരിയർ.

എന്നിങ്ങനെ സൂത്രത്തെ അതിന്റെ തേജസ്സോടുകൂടി ഉപയോഗിക്കുന്നവർ ചുരുക്കമാകുന്നു. ഇതുതന്നെ 'വൃത്തിസിദ്ധാന്ത'ങ്ങളുടെ നിലയും. ഭാഷയിൽ സൂത്രത്തിനു 'കൃത്രി'മതയും സിദ്ധാന്തത്തിനു 'ശാഠ്യവും' സംഭവിച്ചിരിക്കുന്നു; അതായതു സംസ്കൃതത്തിലെപ്പോലെ ഗംഭീരന്മാരായ ശാസ്ത്രകാരന്മാരല്ല, ദുസ്സ്വഭാവികളായ കൃത്രിമക്കാരും 'ശഠ'ന്മാരും ആണു ഭാഷയിൽ 'സൂത്രവും' 'സിദ്ധാന്തവും' കൊണ്ടു കൈകാൎയ്യം ചെയ്യുന്നവർ എന്ന് അൎത്ഥം. ഇവിടെ കാണുന്ന അൎത്ഥവും, അവയുടെ മുമ്പു വിവരിച്ച മൂലത്തിൽനിന്നു സിദ്ധിച്ചതാണ്. 'വൃത്തിക്കു' അല്പം ക്ഷീണം തട്ടിയിട്ടുണ്ടെന്നേയുള്ളൂ. അൎത്ഥത്തിനു പുറമേ 'വൃത്തികേടു' പററിയിട്ടില്ല

'ശുദ്ധ'ൻ, കാമാദികളെക്കൊണ്ടു മനസ്സിനു മാലിന്യം ഇല്ലാത്തവൻ എന്നു സംസ്കൃതത്തിൽ അൎത്ഥം. ഉള്ളിലുള്ളതെല്ലാം കാണിക്കുന്നവൻ, അകത്തിനു കരുത്തില്ലാത്തവൻ, ആണു മലയാളികളുടെ 'ശുദ്ധൻ'. ഈ അൎത്ഥം മനസ്സിന്റെ മുൻപു പറഞ്ഞ നൈൎമ്മല്യത്തിൽനിന്നു ഭവിക്കുന്നു. സ്വച്ഛമായ ഒരു സ്ഫടികത്തിന്റെ ഉള്ളിൽ വച്ചിരിക്കുന്ന സാധനത്തിന്റെ രൂപം അതുപോലെ വെളിയിൽ കാണുന്നു. ഇപ്രകാരമാണ് ശുദ്ധന്റെ ഉള്ളിലെക്കോപ്പു വാഗാദിദ്വാരേണ പ്രകാശിക്കുന്നതു്. വാസ്തവത്തിൽ മനസ്സിന്റെ കരുത്തില്ലായ്മയല്ല കറയില്ലായ്മയാണു 'ശുദ്ധത'യ്ക്കു മൂലം. 'ശുദ്ധ'ന്റെ ഭാവം കണ്ടാൽ 'തനി മലയാളി'യാണെന്നു തോന്നും; എന്നാൽ വാസ്തവത്തിൽ 'സംസ്കൃതനാ'ണ്. 'പൂര'ത്തിനു സംസ്കൃതത്തിൽ ജലപ്രവാഹമെന്നും, ഭാഷയിൽ കേമം എന്നും ധാരാളം എന്നും, അൎത്ഥം; നി

റഞ്ഞ ജലമുള്ളിടത്തു മാത്രമേ ഒഴുക്ക് ഉണ്ടാകാറുള്ളു. ഈ അർത്ഥത്തിൽനിന്നു ഗ്രഹിച്ചിട്ടുള്ള ധർമ്മം — അധികം നിറഞ്ഞതു — എന്നതുതന്നെ ഭാഷയിലെ 'പൂര'ത്തിന് ആശ്രയം. ആഘോഷമെല്ലാം വേണ്ടതിലധികം ധാരാളമുള്ള ഒരു ഉത്സവത്തെ 'പൂരമാ'യി എന്നു പറയുന്നു. സദ്യ കേമമോ പൊടിപൂരമോ ആകണമെങ്കിലും വിഭവങ്ങൾ അതിധാരാളമായുണ്ടായിരിക്കണം.

ഖർജ്ജൂരദ്രാക്ഷാദി കായങ്ങൾ പൂരേണ
പർണ്ണ നഖീമാതുകം ജഗത്തൊക്കയും

(ഉണ്ണായിവാരിയർ)

ഇത്യാദിപ്രയോഗങ്ങളിൽ 'പൂരത്തിന്' പ്രവഹിക്കത്തക്കവിധം ധാരാളം എന്നു മാത്രമേ അർത്ഥമുള്ളു. പാകം അന്തം എന്നീ പദങ്ങൾക്കു സംസ്കൃതത്തിൽ ഉള്ള അർത്ഥം സ്പഷ്ടമാകുന്നു. എന്നാൽ പാകമാകുക, അന്തമില്ലാത്ത, എന്നീ പദങ്ങളെ മലയാളികൾ ശൈലികളായി ഉപയോഗിച്ചുവരുന്നു.

പാകനിഷ്ഠുരാ നിനവതു കരുതു
പാകം വരുവാനനുപദേശം.

(കുഞ്ചൻനമ്പിയാർ)

മുതലായ പ്രയോഗങ്ങൾ നോക്കുക. അടക്കം (ഒതുക്കം) വരുക, എന്ന് ഇവിടെ 'പാക'ത്തിന് അർത്ഥം. മനസ്സു ചുട്ടുപിടിച്ചു (സങ്കടപ്പെട്ടു) പകുതയെ പ്രാപിക്കുമ്പോൾ മാത്രമേ അതിന് അടക്കം (ശമം) ലഭിക്കുകയുള്ളു. അതുകൊണ്ടു സംസ്കൃതത്തിലും ഭാഷയിലും 'പാക'ത്തിന്റെ അർത്ഥം ഒരേ മൂലത്തിൽ നിബദ്ധമാകുന്നു. പോയാൽ പോയവഴിക്കു പോകുന്നവൻ, ഒരു ഇമ്പും വാലും ഇല്ലാത്തവൻ, എന്ന അർത്ഥത്തിലാണ് 'അന്തമില്ലാത്തവൻ' എന്നു സാധാരണയായി ജനങ്ങൾ വ്യവഹരിക്കുന്നതു്. സൂക്ഷ്മത്തിൽ ഒരു നിശ്ചയമില്ലാത്ത എന്നു അന്തപദത്തിന് അർത്ഥം ഈ അർത്ഥം 'അന്ത'ത്തിനു സംസ്കൃതത്തിലും ഉണ്ട്.

അന്തോऽസ്ത്രീ വസിതേ മൃത്യൗ
സ്വരൂപേ നിശ്ചയേന്തികേ

(വൈജയന്തി)

എന്ന ശാസ്ത്രവചനം നോക്കുക. അന്തമില്ലാത്തതുകൊണ്ടു വ്യവഹരിക്കുന്നവർ അധികവും ഈ അൎത്ഥത്തെ സംബന്ധിച്ചു് ഒരു അന്തവുമില്ലാത്തവരായി കാണപ്പെടുന്നു.

ഈ ജനത്തിൽ ഉൾപ്പെടുന്നതായി അസംഖ്യം പദങ്ങൾ ഭാഷയിലുണ്ടു്. തക്കം ബാധ പ്രേതം കല്പന മുതലായവ ഈ വൎഗ്ഗത്തിൽ ഉൾപ്പെടുന്ന പദങ്ങളാകുന്നു. അവയുടെ മൂലത്തെക്കുറിച്ചു മനസ്സിലാക്കുവാൻ ക്ലേശമില്ല.

ഏകരൂപങ്ങളായി ഇപ്രകാരം കാണുന്ന പദങ്ങളുടെ എല്ലാം അൎത്ഥം, സംസ്കൃതത്തിൽനിന്നു സിദ്ധമാണെന്നു പറയാവുന്നതല്ല. ഇവിടെ വ്യുല്പത്തിക്കു സഹായിക്കുന്നതു് ഐകരൂപ്യമല്ല ഐകാൎത്ഥ്യമാകുന്നു. ഏതു പദത്തിനെങ്കിലും ഐകാൎത്ഥ്യമില്ലാതെ ഐകരൂപ്യം കണ്ടാൽ അതു വേറെയൊന്നാണെന്നു നിശ്ചയിക്കാം. സാരം, സംസാരം, കരി മുതലായവയ്ക്കു, ആവക സംസ്കൃതപദങ്ങളോടു്, അവികലമായ ഐകരൂപ്യമുണ്ടു്. എന്നാൽ അൎത്ഥത്തിനു ഐകാൎത്ഥ്യം കാണുന്നില്ല. ജനനമരണപ്രവാഹരൂപമാണു സംസ്കൃതക്കാരുടെ സംസാരം. ഭാഷയിലേതു സംഭാഷണം (വാചാലത്വം) ആകുന്നു. നമ്മുടെ സംസാരത്തിന്റെ അൎത്ഥത്തെ എങ്ങിനെ ബുദ്ധിമുട്ടിയെങ്കിലും, സംസ്കൃതസംസാരത്തിന്റെ മൂലത്തിൽ കൊണ്ടുകെട്ടുവാൻ കഴിയുമായിരിക്കാം; എന്നാൽ അതു് അവിടെ ഉറച്ചിരിക്കുമോ എന്നു സംശയമാണു്. പല സാധനങ്ങൾ കൂട്ടിച്ചേൎത്തു് ഉണ്ടാക്കുന്നതിനു ഭാരമുള്ളതുകൊണ്ടായിരിക്കാം സംഭാരത്തിനു (ഭാഷ) ആ പേർ വന്നതു്. ഈ അൎത്ഥം സംസ്കൃതത്തിന്റേതിനോടു് ഒട്ടു് അടുക്കും; എങ്കിലും അതിന്റെ കാൎയ്യത്തിൽ നല്ല തൃപ്തി പോരാ. കറുപ്പു് ഉണ്ടെങ്കിലും ഭാഷയിലെ കരിയല്ല സംസ്കൃതത്തിലേതു(ഗജം). തടി, തരി, വര, കര മുതലായ പല പദങ്ങളേയും ഈ വൎഗ്ഗത്തിൽ ഉൾപ്പെടുത്താം; ആവക സംസ്കൃതപദങ്ങളോടു് ഐകരൂപ്യം മാത്രമേ ഇവയ്ക്കുള്ളു.

ഉജ്ജ്വലമായ സംസ്കൃതത്തിന്റെ വേഷം; പച്ചമലയാളത്തിന്റെ അൎത്ഥം; എന്നീസ്വഭാവമുള്ള ചില പദങ്ങൾ ഉണ്ടു്. അ

ധികപ്രസംഗി ധൎമ്മസങ്കടം മുതലായവ ഈ സ്വഭാവം ഉള്ള ചില പദങ്ങളാകുന്നു. അധികവും പ്രസംഗവും സംസ്കൃതമാണെങ്കിലും ഇവ ചേൎന്നുണ്ടായ 'അധികപ്രസംഗം' മലയാളത്തിൽ മാത്രമുള്ളതാണു്. നിലവിട്ടു് (അതിരില്ലാതെ) പറയുകയും പ്രവൎത്തിക്കുകയും ചെയ്യുന്നതെന്നു് ഈ പദത്തിനു് അൎത്ഥം; 'അധിക'ത്തിനു മിതമല്ലാതെ, വേണ്ടതിലധികം എന്നും; 'പ്രസംഗ'ത്തിനു വിഷയങ്ങളോടുള്ള ചേൎച്ചയെന്നും, അൎത്ഥം കല്പിച്ചാൽ 'അധികപ്രസംഗം' ഒരു ദുസ്വഭാവമാണെന്നു സംസ്കൃതക്കാരും സമ്മതിക്കും. ഈ സാധൎമ്മ്യത്തിന്റെ ഛായയിൽനിന്നായിരിക്കാം 'അധികപ്രസംഗ'ത്തിന്റെ ഉല്പത്തി എന്നു് ഊഹിക്കുവാൻ വഴിയുണ്ടു്. ഈ അൎത്ഥത്തിൽ ഈ പദം ഭാഷയുടെ ഒരു ശൈലിയാകുന്നു.

കൎത്തവ്യമായ കൎമ്മം ചെയ്യുന്നതിനു സാധിക്കാതെ വരുമ്പോൾ തന്നിമിത്തം ഉണ്ടാകുന്ന സങ്കടം എന്നു ധൎമ്മസങ്കടത്തിനു് അൎത്ഥം. "ആസീൽ കാൎയ്യദ്വയാകുലഃ" (രണ്ടാം സൎഗ്ഗം) എന്നു മാഘത്തിൽ ഭഗവാനെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഭഗവാന്നു് ഒന്നിലധികം കാൎയ്യങ്ങൾ ഒരേസമയത്തു ചെയ്യേണ്ടതായി വന്നപ്പോൾ, അവയെക്കുറിച്ചു വിചാരിച്ചു ഉണ്ടായ ഈ 'ആകുലത്വം' ധൎമ്മസങ്കടത്തിന്റെ ഛായയിലുള്ള ഒന്നാകുന്നു. വ്യവഹാരസ്വഭാവംകൊണ്ടു് ഇതു ഭാഷയിൽ ഒരു ശൈലിയായിഭവിച്ചിരിക്കുന്നു. സംസ്കൃതത്തിൽ ഈ പദത്തെ ഈ അൎത്ഥത്തിൽ ഉപയോഗിച്ചു കാണുന്നില്ല.

ഇനി സംസ്കൃതവുമായുള്ള ഐകരൂപ്യത്തിനു് അല്പം വികലത സംഭവിച്ചിട്ടുള്ള പദങ്ങളെക്കുറിച്ചു വിചാരിക്കാം. ഈ വൎഗ്ഗത്തിലും അസംഖ്യം പദങ്ങൾ ഉണ്ടെന്നു കാണുന്നു. ചില പദങ്ങളെ ഉദാഹരിക്കാം. 'പടലസ്സും' പിശാചിനും, സംസ്കൃതരൂപത്തിന്റെ തലസ്സു്, അല്പം ഒരു പോറലും മുറിവുമേ പറ്റിയിട്ടുള്ളു. കൂട്ടം എന്നു് അൎത്ഥമുള്ള പടലംതന്നെ (ഭാഷയിലെ) പടല; പിശാചിനു്, (ഭാഷയിൽ) പിശാചിന്റെ സ്വഭാവമുള്ളതു് എന്നും അൎത്ഥമുണ്ടു്. ഭാഷയിൽ പ്രചുരപ്രചാരമുള്ള

‘തട’വും ‘തള’വും ശുദ്ധസംസ്കൃതപദങ്ങളാകുന്നു. ‘തെങ്ങിനു തടമെടുക്കുന്നു’ ‘അവൻ തളത്തിൽ ഇരിക്കുന്നു’ ഇത്യാദിപ്രയോഗങ്ങളുടെ സർവ്വസാധാരണത്വം വിചാരിച്ചാൽ ‘തള’വും ‘തട’വും നല്ല ഭാഷാപദങ്ങളെന്നേ തോന്നുകയുള്ളൂ. ‘തല’ത്തിലെ ‘ല’ ഭാഷയിൽ ‘ള’യായി മാറിയെന്നു മാത്രം തളത്തിനു വ്യത്യാസം; രണ്ടു ഭാഷയിലും ഈ പദങ്ങൾക്ക് അർത്ഥം ഒന്നു തന്നെ. ‘തട’ത്തിൽനിന്നാകുന്നു ഭാഷയിലെ ‘തട’യുടേയും ഉൽപത്തി. ഇവയുടെ അർത്ഥത്തിനു അത്രമാത്രം ഐകാത്മ്യം ഉണ്ടു.

ഒരു ഭാഷയിൽ പല ഭാഷകളിൽനിന്നു പദങ്ങൾ വന്നുചേരുന്നതു് സാധാരണമാണു്. നമ്മുടെ ഭാഷയിൽ സംസ്കൃതം, തമിഴ്, അറബി മുതലായവയിൽനിന്നു വന്നുചേർന്നിട്ടുള്ള പദങ്ങൾക്കു കണക്കില്ല. എന്നാൽ അവയെ തരംതിരിച്ചു് അർത്ഥചിന്തനംചെയ്തു് അവയുടെ ഉല്പത്തി കണ്ടുപിടിക്കുന്നതിനു ഭാഷാശാസ്ത്രജ്ഞന്മാർ വേണ്ട ശ്രമം ചെയ്തുകാണുന്നില്ല. ഭാഷാപദങ്ങളെ സംബന്ധിച്ചിടത്തോളവും ഈവിധം ഉള്ള ഒരു ശ്രമം, വിദ്വാന്മാരുടെ ഒഴിച്ചുകൂടാത്ത ഒരു കടമയാകുന്നു. ഈ മാർഗ്ഗത്തിൽകൂടിയുള്ള സഞ്ചാരം സരസവുംസപ്രയോജനവും ആകാതെ വരുന്നതല്ല. ഭാഷയ്ക്കു് അന്യഭാഷകളുമായുള്ള ബന്ധം മനസ്സിലാകുന്നതിനും, പ്രകാരാന്തരേണ നമ്മുടെ ജ്ഞാനം അഭിവൃദ്ധമാകുന്നതിനും ഈ വിചാരപ്രസ്ഥാനം വളരെ സഹായിക്കുന്നു.

ഇവിടെ അർത്ഥവിചിന്തനത്തിനു്, സ്ഥാലീപുലാകന്യായേന ചില പദങ്ങളെ ഗ്രഹിക്കുകയേ ചെയ്തിട്ടുള്ളൂ. ഇതിൽനിന്നു ഭാഷയ്ക്കു സംസ്കൃതത്തോടുള്ള ഒരു അടുത്തബന്ധത്തിന്റെ സ്വഭാവം മനസ്സിലാക്കാം. തമിഴ് മുതലായ ഇതരഭാഷകളോടും ഭാഷയ്ക്കു ചില അംശങ്ങളിൽ ഈവിധം ബന്ധം ഉണ്ടെന്നു സ്പഷ്ടമാണു്. പദങ്ങളുടെ വ്യുല്പത്തിവിചാരംചെയ്തു് ഈ ബന്ധത്തിന്റെ നില വെളിവാക്കേണ്ടതു ആവശ്യമാകുന്നു. അചിരേണ പണ്ഡിതന്മാരുടെ ദൃഷ്ടി ഈ മാർഗ്ഗത്തിൽ പതിയുമെന്നു വിശ്വസിക്കുന്നു.



(൩)

വ്യുല്പത്തിവിചാരം.

ഭാഷയിൽ പല പദങ്ങളേയും ഒരു നിയതവും പ്രസിദ്ധവും ആയ അൎത്ഥത്തിൽ നാം പ്രയോഗിക്കാറുണ്ടല്ലോ; എന്നാൽ അവയുടെ ഉല്പത്തിയേയോ അൎത്ഥസ്വഭാവത്തേയോ കുറിച്ച് അധികംപേരും ആലോചിച്ചുകാണുന്നില്ല. സൂക്ഷ്മവും വ്യക്തവും ആയ അൎത്ഥജ്ഞാനമില്ലാതെയാണ് പലരും പല പദങ്ങളേയും ഉപയോഗിക്കുന്നത്. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു തല്ക്കാലം കാൎയ്യനടത്തിപ്പിനു ഹാനിതട്ടുകയില്ലായിരിക്കാം. എങ്കിലും ഭാഷയുടെ സംസ്കാരശുദ്ധിക്ക്, പദങ്ങളുടെ ഉല്പത്ത്യാദികളെക്കുറിച്ചു ചിന്തിക്കുന്നതു അത്യാവശ്യമാകുന്നു. ഇപ്രകാരം ചെയ്യുന്ന വിചാരം രസകരവും വിജ്ഞാനപ്രദവും ആകാതെയിരിക്കയില്ല.

പന്തികേടു ധാരാളമായി പ്രചാരമുള്ള ഒരു ഭാഷാപദമാകുന്നു. 'അവന്റെ പോക്കു നല്ല പന്തിയല്ല' 'കാൎയ്യം നല്ല പന്തിയായി' എന്നിങ്ങനെ വ്യവഹരിക്കാത്തവർ ചുരുക്കമാകുന്നു. ഭംഗി, യോഗ്യത, എന്നാണ് ഈ പദത്തിനു വ്യവഹരിക്കുന്ന അൎത്ഥം. ഈ അൎത്ഥം ഈ പദത്തിന്റെ ഒരു സ്ഥൂലഭാഗത്തെ മാത്രമേ സ്പൃശിക്കുന്നുള്ളു. പംക്തി എന്ന സംസ്കൃതപദത്തിനു രൂപത്തിൽ വൈകല്യം വന്നാണു പന്തിയുണ്ടായതു്. പംക്തിക്കു കൂട്ടം എന്നു അൎത്ഥം. പലർകൂടി ഭക്ഷണത്തിനു ഇരിക്കുന്ന ഒരു വരിക്കു നാം പന്തിയെന്നു പറയുന്നു. ആളുകളുടെ കൂട്ടം എന്നതാണ് ഇവിടെ പന്തിയുടെ അൎത്ഥത്തിന്റെ ജീവൻ. പന്തിയിൽ ഇരിക്കുന്നതിനു—ശിഷ്ടന്മാരുടെ കൂട്ടത്തിൽ ഇരുന്നു ആഹാരം കഴിക്കുന്നതിനു—അതുപോലെ ശിഷ്ടത്വം ഉള്ളവരെ മാത്രമേ അനുവദിക്കയുള്ളു എന്നതു് ഒരു ശിഷ്ടാചാരമാകുന്നു. ആചാരാദികളെ ലംഘിച്ചു നടക്കുന്നവർ

പന്തിയിൽ സ്ഥാനമില്ല. പംക്തിപാവനത്വം ഒരു യോഗ്യതയായിട്ടാണ് സജ്ജനങ്ങൾ ഗണിച്ചുവരുന്നതു്. ഈ നിലയിൽ ഒരാൾ നല്ല പന്തിയാണെന്നു പറഞ്ഞാൽ ശിഷ്ടത്വം തികഞ്ഞവൻ എന്നു അർത്ഥം. തന്റെ ധർമ്മങ്ങളെ ലംഘിച്ച് സ്വന്തം സമുദായത്തിലെ ശിഷ്ടന്മാരുടെ കൂട്ടത്തിൽ ചേരുന്നതിനു യോഗ്യതയില്ലാതെ വരുന്നതാണ് പന്തികേടെന്നു വ്യക്തമാണല്ലോ. 'പന്തി'യെ ഈ അർത്ഥത്തിൽ അല്പം ഏറ്റക്കുറവുകളോടുകൂടി ഭാഷയിൽ ഉപയോഗിക്കാറുണ്ടെങ്കിലും സൂക്ഷ്മദൃഷ്ട്യാ ഈ പദത്തിനു ശിഷ്ടതയെന്നാണ് അർത്ഥം. പംക്തിയുടെ 'കൂട്ടം' എന്ന അർത്ഥത്തിൽനിന്നു ഈ 'ശിഷ്ടത'യുണ്ടായി.

മരിക്കുക എന്ന അർത്ഥത്തിൽ ചത്തുപോകുക എന്ന പദം ഉപയോഗിക്കുന്നു. സംസ്കൃതത്തിലെ വേദാന്തമതപ്രസിദ്ധമായ സത്തുതന്നെ ഇവിടെ 'ചത്തു' എന്നായി ഭവിച്ചിരിക്കുന്നു. സത്തു എന്ന പദത്തിനു ബ്രഹ്മം അതായതു ഒരിക്കലും നാശമില്ലാത്തതു് എന്നു അർത്ഥം. ജഡമായ ശരീരത്തെ സചേതനമാക്കിച്ചെയ്യുന്നതു്, ആത്മരൂപേണ അതിൽ സ്ഥിതിചെയ്യുന്ന സത്തു (ബ്രഹ്മം) ആണല്ലോ. ഈ ബ്രഹ്മരൂപമായ സത്തു ശരീരത്തെ വിട്ടു അപഗമിക്കുന്നതിനാണ് ചത്തുപോകുക എന്നു പറയുന്നതു്. സത്തു എന്ന പദത്തിനു സാരാംശം, സാരം, എന്നൊക്കെ ഭാഷയിൽ അർത്ഥം പറയാറുണ്ട്. ഈ അർത്ഥം സൂക്ഷ്മത്തിൽ മുൻപു പറഞ്ഞതിൽനിന്നു ഭിന്നമല്ല. മരിക്കുക എന്ന അർത്ഥത്തിൽ 'സിദ്ധികൂടുക' എന്നു വ്യവഹരിക്കുന്നതു ഭാഷയിലെ ഒരു ശൈലിയായി പരിണമിച്ചിരിക്കുന്നു. സിദ്ധിപദത്തിനു സാധിക്കപ്പെട്ടതു എന്നു സംസ്കൃതത്തിൽ അർത്ഥം; അതായതു മുക്തിയെന്നു സാരം. ഈ അർത്ഥത്തിലാണ് 'സിദ്ധൻ' എന്നു പറയാറുള്ളതു്. സിദ്ധന്മാർ യോഗാദിമാർഗ്ഗം അനുസരിച്ചു ശരീരപരിത്യാഗം ചെയ്യുന്നതാണ് യഥാർത്ഥമായ 'സിദ്ധികൂടുക'. അർത്ഥത്തിന്റെ ഈ ശുദ്ധാംശം കളഞ്ഞു, അതിനെ ഒരു വികൃതമായ രീതിയിൽ ഭാഷയിൽ പ്രയോഗിച്ചുതുടങ്ങിയതു പാമരന്മാരായിരിക്കണം; ഇപ്രകാരമാ

ന്ന സിദ്ധിക്കുക 'മരിക്കുക'യായി വന്നതു്. 'സിദ്ധി'യോടു — മുക്തിയോടു — കൂടുക, ചേരുക, എന്നു ഈ പദത്തിന്റെ അൎത്ഥം.

മേലധികാരി എന്ന അൎത്ഥത്തിൽ പ്രതിഷ്ഠിതമായ ഒരു പദമാണു് എജമാനൻ (ഏമാൻ.) ഈ അൎത്ഥത്തിന്റെ ഉല്പത്തി യാഗശാലയിൽനിന്നു് ആകുന്നു. യജമാനൻ എന്ന സംസ്കൃതപദത്തിന്നു, യജിക്കുന്നവൻ (യാഗംചെയ്യുന്നവൻ) എന്നു അൎത്ഥം. ഭാഷയിലായപ്പോൾ സംസ്കൃതത്തിലെ 'യ' 'എ' ആയി മാറി എന്നു ഒരു വ്യത്യാസമേയുള്ളു. പാമരന്മാരുടെ കയ്യിൽ വന്നപ്പോൾ എജമാനൻ ('ജ'കാരം ലോപിച്ചു 'മാനൻ' 'മാൻ' ആയി) 'ഏമാ'നായി ഭവിച്ചു. യാഗശാലയിൽ എല്ലാകൎമ്മങ്ങളും നാഥനായി നിന്നു നടത്തുന്നവ (നടത്തിക്കുന്നവ)നാണു യജമാനൻ. മററുള്ളവർ അവന്റെ താഴെ ഓരോ ജോലികൾ നിൎവ്വഹിക്കുന്നവരാകുന്നു. ഭാഷയിൽ എജമാനന്നു യാഗവുമായിട്ടുള്ള ബന്ധം തീരെയില്ലാതെയായി; യാഗശാലയിലെ നാഥത്വം (മേലധികാരം) മാത്രം നിലനിന്നു. ഈവിധം ആണു നാഥൻ എന്ന അൎത്ഥത്തിൽ 'എജമാന'ന്റെ വ്യവഹാരം ഉണ്ടായതു്. ആശ്ചൎയ്യമായി എന്ന അൎത്ഥത്തിൽ ഉപയോഗിക്കുന്ന ഒരു പദമാണു 'നമസ്തേന്നു' (നമഃതേഎന്നു). 'ഞാൻ നമസ്തേന്നാണു അവിടെ പോയതു്' എന്നിങ്ങനെയുള്ള വ്യവഹാരം നമ്മുടെ ഇടയിൽ നിത്യവും കേൾക്കാം. എന്തെങ്കിലും ഒരു കാൎയ്യം ചെയ്യുമ്പോൾ ആദിയിൽ അങ്ങയ്ക്കു നമസ്കാരം (നമഃതേ) എന്നു ഇഷ്ടദേവതയെ വന്ദിക്കുന്നതു് ഒരു ശിഷ്ടാചാരമാകുന്നു. ഇപ്രകാരം ചെയ്യുന്നതു ചികീൎഷിതത്തിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കുവേണ്ടിയാണു്. ഭാഷയിലായപ്പോൾ 'നമസ്തേ' പദത്തിന്റെ 'നമസ്കാരം' നഷ്ടമായി, 'ആദിയിൽ ചെയ്യുക' എന്ന അൎത്ഥം മാത്രം ശേഷിച്ചു. ഇപ്രകാരമാണു 'നമസ്തേ' 'നമസ്തേന്നു' ആയതു്. ശിഷ്ടാചാരത്തിൽനിന്നു് ഈ പദം ഉണ്ടായി.

കേരളബ്രാഹ്മണരുടെ ശാസ്ത്രക്കളി കണ്ടിട്ടുള്ളവർ 'മാച്ചാനെ' ഒരിക്കലും മറക്കുന്നതല്ല. ഈ കളിയിലെ വിനോദാംശം

ത്തിൽ 'മാപ്പാനു' ഒരു നല്ല സ്ഥാനമാണ് ഉള്ളതു്. "മാപ്പാനേ! മാപ്പാനേ മറെറാരു വേഷം മാപ്പാനെ!" എന്നതു യാത്രക്കളിയിലെ ഒരു പ്രസിദ്ധഗാനമാകുന്നു. ആളുകളെ ഗോഷ്ഠി കാണിച്ചു ചിരിപ്പിക്കുന്ന ഒരു ഭൃത്യൻ എന്നു മാത്രമെ സാധാരണക്കാർ മാപ്പാനെക്കുറിച്ചു കരുതാറുള്ളു. 'മാജാനെ' എന്ന സംസ്കൃതപദത്തിന്റെ വികൃതരൂപമാണു 'മാപ്പാനെ' എന്നതു; 'മാ' എന്ന പദത്തിനു ലക്ഷ്മീദേവി എന്നൎത്ഥം കല്പിക്കണം. അപ്പോൾ ലക്ഷ്മീവല്ലഭനായ മഹാവിഷ്ണു എന്നു 'മാജാനേ' എന്ന പദത്തിനു് അൎത്ഥം; ഈ നിലയിൽ മുൻപു പറഞ്ഞ പാട്ടു 'മാജാനേ മാജാനേ മറെറാരു വേഷം മാജാനേ' എന്നതിന്റെ പ്രാകൃതരൂപമാണെന്നു സിദ്ധമായി. ഒടുവിലത്തെ 'മാജാനെ' എന്നതു മാ-ജാനെ-എന്നു രണ്ടു പദങ്ങളാണു്. ജാനെ എന്ന പദത്തിനു അറിയുന്നു എന്നു അൎത്ഥം. ഇങ്ങിനെ അറിയുന്നില്ല (അറിയരുതേ) എന്നു 'മാജാനെ' എന്ന പദത്തിനു് അൎത്ഥം വന്നുകൂടുന്നു. അപ്പോൾ ലക്ഷ്മീവല്ലഭനായി സൎവ്വവ്യാപിയായിരിക്കുന്ന ഹേ വിഷ്ണുഭഗവാനേ! ഈ ജഗത്തിങ്കൽ നിന്തിരുവടിയല്ലാതെ മറെറാരു വേഷം-വേറെ ഒരു രൂപം-ഉണ്ടെന്നു ഞാൻ അറിയുന്നില്ല (എനിക്കു് അറിയാൻ ഇടയാകരുതേ) എന്നു മുൻപു പറഞ്ഞ വാക്യത്തിനു ആകപ്പാടെ അൎത്ഥം കിട്ടുന്നു. ലോകത്തിൽ കാണുന്നവയെല്ലാം ഈശ്വരമയം-വിഷ്ണുസ്വരൂപം-അതിനെയല്ലാതെ വേറെയൊന്നില്ല-എന്ന ഈ ഗംഭീരമായ അൎത്ഥം, 'ഏകമേവാദ്വിതീയം ബ്രഹ്മ' 'തത്ത്വമസി' മുതലായ മഹാവാക്യങ്ങളുടെ അന്തഃപ്രൗഢിയെയാണു വഹിക്കുന്നതെന്നു വ്യക്തമാകുന്നുണ്ടല്ലോ. മാപ്പാനെ കാണുമ്പോൾ ചിരിച്ചു മണ്ണുകപ്പുന്നവർ സൎവ്വവ്യാപിയും ലക്ഷ്മീവല്ലഭനും ആയ മഹാവിഷ്ണുവിന്റെ കാൎയ്യം സ്മരിക്കാതിരിക്കുന്നതിനു സ്വന്തം അജ്ഞതതന്നെ മൂലം. ഇതുകൊണ്ടു 'മാപ്പാന്റെ' അവസ്ഥയ്ക്കു ഒരു കുറവുമില്ല.

'ചെമ്മാന്ത്രം' ഭാഷയിൽ പ്രചാരമുള്ള ഒരു പദമാകുന്നു. 'നല്ല ചെമ്മാന്ത്രക്കാരൻ' 'ചെമ്മാന്ത്രം പിടിച്ചവൻ' എന്നി

ങ്ങനെ പലതും വ്യവഹരിക്കാറുണ്ടു്. പരിഹാസപരമായി ‘യോഗ്യത’ എന്ന അൎത്ഥത്തിൽ ചെമ്മാന്ത്രം ഉപയോഗിക്കുന്നു; അപ്പോൾ വിപരീതനിലയിൽ അയോഗ്യത എന്നു ചെമ്മാന്ത്രത്തിന്റെ അൎത്ഥം. ജന്മാന്തരം എന്ന സംസ്കൃതപദത്തിന്റെ പ്രാകൃതരൂപമാണു ചെമ്മാന്ത്രം. ജന്മാന്തരത്തിനു മറെറാരു ജന്മം എന്നു അൎത്ഥം സിദ്ധമാകുന്നു. ഹിന്തുക്കൾ ജന്മം എടുക്കുവാൻ ഇടയാകുന്നതു പാപംകൊണ്ടാണെന്നു വിശ്വസിക്കുന്നു. അപ്പോൾ, മറെറാരു ജന്മം വേണ്ടവിധം പാപം ചെയ്യുന്നതു വലിയ അയോഗ്യതയായി ഭവിക്കുന്നതാണല്ലോ. ഈ അയോഗ്യതയാണു ‘ചെമ്മാന്ത്രം’ ഈ പദത്തിനു ഭാഷയിലായപ്പോൾ, മറെറാരു ജന്മം എന്ന ശബ്ദാൎത്ഥം ലോപിച്ചു, ജന്മമൂലമായ പാപം എന്ന അൎത്ഥം അവശേഷിച്ചു. മതവിശ്വാസത്തിൽനിന്നു ഈ അൎത്ഥം ഉണ്ടായി.

കേരളത്തിൽ പഴയകാലംമുതല്ലേ നടന്നുവരുന്ന ഒരു ഏൎപ്പാടു് ആകുന്നു ‘പട്ടത്താനം.’ സദസ്സുകളിൽവെച്ചു ശാസ്ത്രവൈദുഷ്യം പ്രകാശിപ്പിക്കുന്നവൎക്കു പ്രാമാണികന്മാരായ ഭട്ടാചാൎയ്യന്മാരുടെ സ്ഥാനം (ഏതാനും സംഖ്യയും) ബഹുമാനസൂചകമായി കൊടുക്കുക രാജാക്കന്മാരുടെ പതിവാണു്. ഇപ്രകാരം കൊടുക്കുന്ന ഭട്ട (തൎക്കശാസ്ത്രാചാൎയ്യ) ന്റെ സ്ഥാനം (ഭട്ടസ്ഥാനം) ആകുന്നു ഭാഷയിലെ ‘പട്ടത്താനം’. വിദ്വന്നികഷോപലങ്ങളായിരുന്ന ആ വക സദസ്സുകൾ ശാസ്ത്രാഭിവൃദ്ധിയെ പുരസ്കരിച്ചു സ്ഥാപിക്കപ്പെട്ടവയാകുന്നു. മുൻകാലത്തു ഈ സ്ഥാനവും കിഴിയും വാങ്ങിയിരുന്ന പണ്ഡിതന്മാരുടെ അവകാശികൾക്കു രാജാക്കന്മാർ ഇന്നും ഒരു സംഖ്യ കൊടുത്തുവരുന്നുണ്ടു്. ശാസ്ത്രബന്ധം, സദസ്സുകൾക്കു് ഇല്ലാതായതോടുകൂടി, ഇക്കാലത്തു പട്ടത്താനം നാമമാത്രമായ ഒന്നായി ഭവിച്ചു; പൂൎവ്വകാലത്തെ പട്ടത്താനത്തോടു്, ഇന്നത്തെ ‘നോബൽ’ സമ്മാനത്തെ ഒരുവിധം ഉപമിക്കാമെന്നു തോന്നുന്നു. ഭംഗി എന്ന അൎത്ഥത്തിൽ പ്രസിദ്ധമായ ഒരു പദമാകുന്നു ശിക്ഷ. ‘അവൻ നല്ല ശിക്ഷയാണു്’ ‘ഇതു ശിക്ഷയായില്ല’ എന്നിങ്ങനെ

ധുള്ള പ്രയോഗങ്ങളാം സുലഭങ്ങളാകുന്നു. ഈ പദം ദേശഭേദേ ന 'ശിക്ഷ്'യാകുന്നതും ദുർല്ലഭമല്ല. (ശാസനയോടുകൂടി) നല്ല പോലെ നടത്തുന്ന അഭ്യാസം എന്നു ശിക്ഷയ്ക്കു അത്ഥം. നല്ല തുപോലെ അഭ്യസിക്കപ്പെട്ടെങ്കിൽ മാത്രമേ ഏതു വിദ്യയും വേണ്ടതുപോലെയാകുകയുള്ളൂ. വേണ്ടതുപോലെ ആകാത്ത യാതൊന്നും ഭംഗിയാകുന്നതല്ലല്ലോ. ഇപ്രകാരമാണു വേണ്ട തുപോലെ, (ഭംഗി, നന്ന്) എന്ന അത്ഥം 'ശിക്ഷയ്ക്കു' കിട്ടിയ തു്. അഭ്യാസശുദ്ധിയാണു 'ശിക്ഷ'യുടെ ഈ അത്ഥത്തിന്നു മൂ ലം. കുറ്റം ചെയ്യുവനെ ശിക്ഷിക്കുന്നതിന്നു നമ്മൾ ശിക്ഷയെ ന്നു പറയാറുണ്ടു്. ശാസനം ആണു ഈ അത്ഥത്തിന്റെ ബീ ജം. കുറ്റം ചെയ്യാതെ മേലാൽ നന്നായി നടക്കുവാൻ ശാ സിക്കുകയാണു് ഈ 'ശിക്ഷ' ചെയ്യുന്നതു്. ശിക്ഷാപദത്തെ ഭാ ഷയിൽ പ്രചരിപ്പിച്ചതു ശാസ്ത്രജ്ഞന്മാരാകുന്നു.

ഭാഷയിലെ 'നാനാവിധ'ത്തിന്റെ സ്വഭാവം നോക്കി യാൽ അതിന്നു സംസ്കൃതവുമായി ചാച്ചയില്ലെന്നു തോന്നും. പ ല (അനേകം) പ്രകാരമുള്ളതു് എന്നു സംസ്കൃതത്തിൽ ഈ പ ദത്തിന്നു് അത്ഥം. ഭാഷയിൽ വികൃതിത്തമാണു 'നാനാവിധം.'

നാനാവിധാനി ദിവ്യാനി
നാനാവണ്ണാകൃതീനി ച

ഭഗവൽഗീത.

നാലു ജനങ്ങടെ നടുവിൽ ചെന്നാൽ
നാനാവിധമല്ലൊ കാട്ടുതവിടെ

കുഞ്ചൻനമ്പിയാർ.

എന്നീ 'നാനാവിധ'പ്രയോഗങ്ങളിൽനിന്നു ഈ അത്ഥവ്യത്യാ സം ഗ്രഹിക്കാം. ആവശ്യമില്ലാതെ ഒന്നു പ്രവർത്തിക്കുക; ഉട നെ അതിനോടു ബന്ധമില്ലാതെ വേറെയൊന്നു ചെയ്യുക. ഇ ങ്ങിനെ ചെയ്യുന്ന കേടുകളാണു ഭാഷയിലെ നാനാവിധം. പല പ്രകാരത്തിൽ ഉള്ളതെന്ന അത്ഥം രണ്ടു ഭാഷയിലും ഒന്നുത ന്നെ. ഈ 'പലപ്രകാരത്തിൽ ഉള്ളതു്' അനാവശ്യമായ വി കൃതിയായിരിക്കുന്നു എന്നാണു ഭാഷയിൽ സാരിച്ചു വ്യ

ത്യാസം. വികൃതികളായ കുട്ടികളിൽനിന്നാണ് ഈ പദത്തിന് ഈ അർത്ഥം ഉണ്ടായതെന്നു ഊഹിക്കാം.

ആകൃതിക്കും പ്രകൃതിക്കും മലയാളിച്ഛായ 'പയ്യപ്പാടിനു' ഉണ്ട്. സംസ്കൃതപദമായ പരിചര്യ, പരിചരിയ പരിചരിയപ്പാട് പയ്യപ്പാട് എന്നിങ്ങനെ രൂപഭേദത്തെ പ്രാപിച്ചാണ 'പയ്യപ്പാടാ'യി ഭവിച്ചതു്. ശുശ്രൂഷ, ഭൃത്യന്റെ വേല, ദാസവൃത്തി, എന്നു പരിചര്യയ്ക്കു അർത്ഥം. 'പയ്യപ്പാടും' ഈ അർത്ഥത്തെത്തന്നെ വഹിക്കുന്നു. എന്നാൽ ഭാഷയിൽ ഈ അർത്ഥത്തിനു അല്പം വ്യത്യാസം സംഭവിച്ചിട്ടുണ്ട്. കേവലം ഭൃത്യന്മാരുടെ പ്രവൃത്തിയെ പയ്യപ്പാടെന്നു വ്യവഹരിക്കാറില്ല. ഓരോ ജാതിക്കാൎക്കും അവരുടെ വിവിധസംസ്കാരകൎമ്മങ്ങളിൽ ആവശ്യമുള്ള ഭൃത്യപ്രവൃത്തികൾ, അവകാശപ്പെട്ടവർ ചെയ്യുന്നതുമാത്രമേ പയ്യപ്പാടാകുകയുള്ളു. ഓരോ സമുദായക്കാൎക്കും പയ്യപ്പാട് ചെയ്യുന്നതിന് അവകാശികളായി ചില കുടുംബക്കാരുണ്ട്. അവൎക്കു പല അനുഭവങ്ങളും കല്പിച്ചിരിക്കുന്നു. അന്നപ്രാശനം ചൌളം വിവാഹം മരണാനന്തരമുള്ള കൎമ്മങ്ങൾ മുതലായവയെ ഉദ്ദേശിച്ചാണ് ഇവിടെ വിവിധസംസ്കാരങ്ങൾ എന്നു പറഞ്ഞതു്. ഇന്നവിധത്തിലുള്ളവർ, ഇന്നവിധം ചെയ്യുന്ന പ്രവൃത്തികൾമാത്രമേ പയ്യപ്പാട് ആവുകയുള്ളു എന്നു നിയന്ത്രണം സംഭവിച്ചതാണ് ഭാഷയിൽ ഉണ്ടായ വ്യത്യാസം.

'ശ്ലോകത്തിലാക്കുക' എന്നതു് ഒരു ഭാഷാശൈലിയാകുന്നു. വിസ്താരമുള്ളതിനേയോ വിസ്തരിക്കേണ്ടതിനേയോ ചുരുക്കുക എന്ന് ഈ പദത്തിന് അർത്ഥം. ഈ അൎത്ഥത്തിനു സംസ്കൃതവുമായി ഒരു ബന്ധവുമില്ല. കഥകളികളിൽ വിസ്തരിച്ചു പറയേണ്ട പല സംഭവങ്ങളും (കഥാംശങ്ങളും) ചുരുക്കുക എന്നതു സാധാരണമാകുന്നു. ഇങ്ങിനെ ചുരുക്കേണ്ടിവരുന്ന സന്ദൎഭങ്ങളിൽ ശ്ലോകങ്ങളെ ഉപയോഗിക്കുന്നതും അവയുടെ പ്രത്യേകതയാണ്. ഒരു ഉദാഹരണം കാണിക്കാം.

ഉള്ളത്തിൽ കപടങ്ങളെന്നതറിയാതപ്പാണ്ഡവന്മാർ പുരം
കള്ളച്ചൂതതിനാൽ സുയോധനനൃപൻതന്നോടു തോററൊരുമിച്ചും
മുള്ളും കല്ലുകളും നിറഞ്ഞ വിപിനേ ദ്വൈതാഭിധാനത്തിലേ
ഉള്ളിൽപുക്കവർ വന്നു താപമൊടു പാർത്തീടാൻ തുടർന്നവർ പുരാ.

(കിരാതം—കഥകളി)

ഈ ശ്ലോകത്തിൽ, പാണ്ഡവന്മാർ കൌരവന്മാരുമായി ചൂതു കളിച്ചു പററിയ പരാജയം, ദ്വൈതവനത്തിന്റെ ദുർഗ്ഗമത, പാണ്ഡവന്മാരുടെ വനസഞ്ചാരം, കഷ്ടത എന്നിവ ചുരുക്കിപ്പറഞ്ഞിരിക്കുന്നു. കഥകളിക്കാരുടെ ഈ സ്വഭാവത്തിൽനിന്ന്, ചുരുക്കിപ്പറയുന്നതിനുള്ളതു് എന്ന് അർത്ഥം സാധാരണക്കാർ 'ശ്ലോക'ത്തിനു കല്പിച്ചതായിക്കരുതാം. ഇപ്രകാരമാണു ചുരുക്കിക്കഴിച്ചുകൂട്ടുന്ന എല്ലാ കാര്യവും ശ്ലോകത്തിലായിപ്പൂവിക്കുന്നതു്. ശ്ലോകത്തിനു് ഈ അർത്ഥം കഥകളിയിൽനിന്നു സംഭവിച്ചു.

'കണ്ണമിരിക്കുക' ഒരു ഭാഷാപദമാകുന്നു. ഇവിടെ കണ്ണത്തിനു ഗണം എന്ന് അർത്ഥം. ഒരു പ്രത്യേകരീതിയിൽ ഒരു സംഘം ജനം ചേർന്നു ചെയ്യുന്ന ഈശ്വരസേവയ്ക്കു കണ്ണമിരിക്കുക എന്നു പറയുന്നു. "ഗണം ചേർന്നു പാട്ടുകിടക്കുന്ന മാതിരി ഫലം സിദ്ധിക്കുന്നതുവരെ ദേവസന്നിധിയിൽ സേവിക്കുക. എന്നാൽ ഈ ഗണത്തിൽ എല്ലാവരും ഒരുപോലെ കുളിച്ചു കുറിയിട്ടു് ഒരേ മാതിരി ഉടുത്തു് ആയുധവും ധരിച്ചു് അണിനിരന്നിട്ടു വേണം സേവിക്കുക. കൊടുങ്ങല്ലൂർ മാസംതോറും 1-ാംനു- ഭഗവതിക്ഷേത്രത്തിന്റെ കിഴക്കുവശത്തു 'കൂട്ടമിരിക്കുക' എന്നൊരു സമ്പ്രദായം ഇപ്പോഴും ഉണ്ടു്. ഇതു കണ്ണമിരിക്കുന്നതിന്റെ ഒരു വകഭേദമാണു്." എന്നു "കേരളത്തിൽ" (കൊ. കുഞ്ഞിക്കുട്ടൻ തമ്പുരാൻ) പറഞ്ഞിരിക്കുന്നതിൽനിന്നു കണ്ണമിരിക്കുന്നതിന്റെ സ്വഭാവം മനസ്സിലാക്കാം.

ഇക്കാരിയം പറയുവാൻ പകിരെട്ടു സംഘം
ഇക്കാരിപ്പൂർ കണ്ണമിരുന്നു ഭജിച്ചാട്ടം
അക്കാമമെല്ലാ കിനാവിലൊരുച്ചപോലെ
നില്പാരതു പോന്നിതൊരു പതുക്കനെ ചൊല്ലി.

എന്നും 'കേരളു'ത്തിൽ കാണുന്നു. ഇതിൽനിന്നു 'കണ്ണമിഴിക്കുക' ഒരു പഴയ ഏർപ്പാടാണെന്നു ഗ്രഹിക്കാം.

'സ്വസ്തികുത്തുക' ഒരു ഭാഷാശൈലിയാകുന്നു; മുടിക്കുക (നശിപ്പിക്കുക) എന്ന് അർത്ഥം. സംസ്കൃതത്തിൽ 'ശുഭ'മാണു 'സ്വസ്തി'.

* സ്വസ്ത്യസ്തു തേ നിർഗ്ഗളിതാംബുഗർഭം,
ശരദ്ഘനം നാർദ്ദതി ചാതകോപി

(രഘുവംശം)

എന്ന പ്രയോഗം ഉദാഹരിക്കപ്പെടാം. കേരളബ്രാഹ്മണരുടെ സംഘക്കളിയിൽ, കളിയെല്ലാം അവസാനിക്കുമ്പോൾ, കളിക്കാർ ഉടമസ്ഥന്മാരുടെ മംഗളത്തെ (സ്വസ്തി) പ്രാർത്ഥിക്കുന്നതായി ഒരു ചടങ്ങുണ്ട്. നിലത്തു കയ്യു കുത്തിക്കൊണ്ടാണ് ഇതു ചെയ്യുന്നത്. ഇതിനെ സ്വസ്തികുത്തുക എന്നു പറയുന്നു. ഒടുവിൽ ചെയ്യുന്നതാകയാൽ, സ്വസ്തികുത്തുന്നതിന് 'അവസാനിപ്പിക്കുക' എന്നു അർത്ഥം ഭാഷയിൽ വന്നു. അശുഭാർത്ഥത്തിൽ ഈ 'അവസാനിപ്പിക്കുക' മുടിക്കുകയായിബ്ഭവിച്ചു. 'അവൻ സ്വസ്തികുത്തി' എന്നു ഭാഷയിൽ പറഞ്ഞാൽ, മുതലുള്ളതെല്ലാം മുടിച്ചുകളഞ്ഞു എന്ന് അർത്ഥം ധരിക്കണം. സംഘക്കളിക്കാരിൽനിന്ന് ഈ ശൈലിയുണ്ടായി.

'സുഗ്രീവാജ്ഞ' കഠിനവും ഒരിക്കലും ഇളക്കം വരാത്തതുമായ ആജ്ഞ എന്ന് അർത്ഥം. ഇതു ഒരു ഭാഷാശൈലിയാകുന്നു. സുഗ്രീവൻ വാനരന്മാരെ വിളിച്ചു സീതയെ അന്വേഷിച്ചു വരുന്നതിനു നിയോഗിച്ചു. ഒരു മാസത്തിനകം സീതയുടെ വൃത്താന്തം അറിഞ്ഞു വരണമെന്നും അല്ലെങ്കിൽ വധിക്കുമെന്നുമാണു കല്പന.

---

* സാരം:—നിനക്കു ശുഭം ഭവിക്കട്ടെ. വെള്ളം വാർന്നൊഴിഞ്ഞ ശരന്മേഘത്തോടു ചാതകം ജലം യാചിക്കയില്ല.

* ഉഗ്രശ്ച ശാസനാ യസ്യ വൃത്തം
വസൻ വശേശ്യാ ഭവേന്നരഃ

(വാ. രാമായണം)

രാജനിയോഗമനാസ്ഥിയായതു വൃഥാ
രാജശാസനമതു നാം ചൊല്ലുകിലെന്നതേ
നിഗ്രഹിച്ചീടുമതിനില്ല സംശയം
സുഗ്രീവശാസനം നിഷ്ഫലമായ്വരാ,

(അദ്ധ്യാത്മരാമായണം)

എന്നീ ഭാഗങ്ങൾ സുഗ്രീവാജ്ഞയുടെ അലംഘ്യതയേയും അനുഭാവിക്കാത്ത നിലയേയും കാണിക്കുന്നു. ഇതുപോലെ പ്രഭുക്കന്മാർ ഭൃത്യന്മാൎക്കു കൊടുക്കുന്ന കൎക്കശമായ നിയോഗത്തിനു 'സുഗ്രീവാജ്ഞ'യെന്നു പറയുന്നു. രാമായണം കിഷ്കിന്ധാകാണ്ഡമാണു് ഈ ശൈലിയുടെ ഉല്പത്തിസ്ഥാനം.

'ബലിക്കല്ലിനെ സേവിക്കുക' എന്നതും ഒരു ശൈലിയാകുന്നു. എജമാനനെ (പ്രഭുവിനെ)വിട്ടു ശിഷ്യന്മാരെ ആശ്രയിക്കുക എന്നു ഈ ശൈലിക്കു അൎത്ഥം. അമ്പലത്തിൽ ദൎശനത്തിനു പോകുന്നവർ ദേവനെയല്ലാതെ, അതിലുള്ള ബലിക്കല്ലിനെ തൊഴാറില്ല. അതിനെക്കുറിച്ചു ഗണിക്കുന്നവരും ചുരുക്കം. ദേവാലയങ്ങളിൽ ഒന്നും ചെയ്വാൻ കഴിയാതെ സ്ഥിതി ചെയ്യുന്നവയാണു ബലിക്കല്ലുകൾ. ഈ ബലിക്കല്ലുകളുടെ സാധൎമ്മ്യമാണു പ്രഭുക്കന്മാരുടെ ശിഷ്യന്മാൎക്കു കല്പിക്കപ്പെട്ടിരിക്കുന്നതു്. അസ്ഥാനത്തിൽ അവരെ ആശ്രയിക്കുക എന്നു, ബലിക്കല്ലിനെ സേവിക്കുക എന്ന ശൈലിക്കു അൎത്ഥം.

അമ്മാവനും മരുമകനും എന്ന പദങ്ങൾക്കു ഭാഷയിൽ ഉള്ള അൎത്ഥം (അമ്മയുടെ സോദരൻ—സഹോദരിയുടെ പുത്രൻ) പ്രസിദ്ധമാകുന്നു. എന്നാൽ ഭാൎയ്യയുടെ പിതാവു (ശ്വശുരൻ) എന്നു് അമ്മാവനും, മകളുടെ ഭൎത്താവു (ജാമാതാവു്) എന്നു മരു

* സാരം:—ഒരു മാസത്തിനകത്ത് ആരും താമസിക്കരുതു്. എന്നാൽ ഞാൻ അവനെ കൊല്ലും.

മകനും അൎത്ഥം വ്യവഹരിക്കാറുണ്ടു്. ഈ പദങ്ങളെ രണ്ടാമതു പറഞ്ഞ അൎത്ഥത്തിൽ എല്ലാ ദേശങ്ങളിലും ഉപയോഗിക്കുമോ എന്നു സംശയമാണു്. മുറപ്രകാരം അമ്മാവന്റെ മകളെ വിവാഹം ചെയ്യുന്നതു മരുമകനാണെന്നുള്ളതു മരുമക്കത്തായികളുടെയിടയിൽ ഉള്ള ഒരു നടപ്പാണു്. അതായതു മരുമകനാണു് അമ്മാവന്റെ മകളുടെ അവകാശിയെന്നു അൎത്ഥം. കാലക്രമേണ ഈ നടപ്പിനു മാററം വന്നു. അപ്പോൾ മരുമക്കളുല്ലാത്തവരും അമ്മാവന്റെ മകളെ വിവാഹംചെയ്തു തുടങ്ങി. ഇങ്ങിനെ അമ്മാവന്റെ മകളെ വിവാഹം ചെയ്യുന്ന ആൾ (ജാമാതാവു) മരുമകന്റെ സ്ഥാനത്തു് ഇരിക്കുന്നതിനാൽ ആ പേരിൽ വ്യവഹരിക്കപ്പെടുന്നു. ഇതുപോലെ ശ്വശുരൻ അമ്മാവനാകുന്നതിനും സ്ഥാനംതന്നെ കാരണം. ഈ അൎത്ഥം മരുമക്കത്തായക്കാരുടെ നടപ്പിൽനിന്നു സിദ്ധമായി എന്നു വിചാരിക്കാൻ മാൎഗ്ഗമുണ്ടു്.

ഉദാഹരണത്തിനായി ചില പദങ്ങളുടെ രൂപാദികളെക്കുറിച്ചു മാത്രമേ ഇവിടെ വിമൎശിച്ചിട്ടുള്ളു. ഇപ്രകാരം ചെയ്യുന്ന വിചിന്തനത്തിൽനിന്നു പദങ്ങളുടെ അൎത്ഥത്തെക്കുറിച്ചു വ്യക്തവും ശുദ്ധവും ആയ ജ്ഞാനം കിട്ടുന്നു. അത്രമാത്രമല്ല പലവിധമുള്ള പഴയ നടപ്പുകളേക്കുറിച്ചും അറിവുണ്ടാകുന്നതാണു്. ഒരു വിധവും, ആഗമത്തെ അധികരിച്ചുള്ള പദവിചാരം, നിഷ്പ്രയോജനമാകുന്നതല്ല. ശുദ്ധവും പൂൎണ്ണവും ആയ ജ്ഞാനം ഇല്ലാതെ ഏകദേശം ഉണ്ടാകുന്ന ഒരു (സപ്പ) ജ്ഞാനത്തെ മാത്രം പുരസ്കരിച്ചു പലരും പല പദങ്ങളേയും പ്രയോഗിച്ചു കാണാറുണ്ടു്. ഈ നയം വിശേഷിച്ചും സാഹിത്യകാരന്മാരെ അബദ്ധത്തിൽ ചാടിക്കുന്ന ഒന്നാകുന്നു. ദ്രവ്യങ്ങളുടെ രസവീൎയ്യാദികളെക്കുറിച്ചു നല്ലനിശ്ചയമില്ലാത്ത വൈദ്യൻ അവയെ ഔഷധത്തിൽ കല്പിക്കുന്നതു അസ്ഥാനത്തിലാകാതെ വരുന്നതല്ല. ശബ്ദാൎത്ഥാദികളെ ഗ്രഹിക്കാതെ പദങ്ങളെ പ്രയോഗിക്കുന്ന സാഹിത്യകാരന്റെ പ്രവൃത്തിയും ഇപ്രകാരമേ ഭവിക്കുകയുള്ളു. വൈദ്യനു ദ്രവ്യങ്ങളുടെ എന്നപോലെ, സാഹിത്യകാരനു പദ

ങ്ങളുടെ സൂക്ഷ്മജ്ഞാനവും അത്യന്താപേക്ഷിതമാകുന്നു. അർത്ഥം അറിയാതെ പ്രയോഗിക്കുന്നതുനിമിത്തം പല അബദ്ധപ്രയോഗങ്ങളും ഭാഷയിൽ പ്രചരിച്ചു വരുന്നുണ്ട്. ‘മേധാവി’ ‘വൈകൃത’ ‘സധീരം’ ‘അധികരിക്കുക’ ‘ഉൽക്കണ്ഠ’ ‘ആവേശം’ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ‘പത്രലോക’ത്തിൽ സുലഭങ്ങളാകുന്നു. വിചാരിച്ച അർത്ഥത്തെ പ്രകാശിപ്പിക്കാതിരിക്കുക, ആവശ്യമില്ലാത്ത അർത്ഥത്തെ ജനിപ്പിക്കുക, അർത്ഥത്തിന് ഇരട്ടിപ്പു വരുത്തുക, വ്യാകരണദൃഷ്ട്യാ അബദ്ധമായിരിക്കുക, എന്നിങ്ങനെ പല ദോഷങ്ങളും ‘അർത്ഥ’മറിയാതെയുള്ള പദപ്രയോഗത്തിൽനിന്ന് ഉണ്ടാകുന്നു. അബദ്ധമായി പദങ്ങളെ പ്രയോഗിക്കുന്നതിനേക്കാൾ കഷ്ടമായിട്ടുള്ളത്, പിന്നീട് അതിനെ സാധുവാക്കാൻ ശ്രമിക്കുന്നതാകുന്നു. പത്രപ്രവർത്തകന്മാർ വിചാരിച്ചാൽ അബദ്ധപ്രയോഗങ്ങളുടെ അധികം ഭാഗത്തിൽനിന്നും ഭാഷയെ രക്ഷിക്കുവാൻ കഴിയും. അബദ്ധപ്രയോഗങ്ങൾക്കു പ്രചാരമുണ്ടാകാതെയിരിക്കുന്നതുതന്നെ വലിയ രക്ഷയാണ്.

ഇപ്രകാരം വിചാരിച്ചാൽ ഭാഷക്ക് അഭിലഷണീയമായ ഒരു സംസ്കാരശുദ്ധി ലഭിക്കുന്നതിന് അവയുടെ വ്യുല്പത്തിയെക്കുറിച്ചുള്ള ചിന്ത ഒഴിച്ചുകൂടാത്തതാണെന്നു സ്പഷ്ടമാകും. വിദ്വാന്മാരായ ഭാഷാപ്രണയികളുടെ ശ്രദ്ധ ഈ വിഷയത്തിൽ വേണ്ടതുപോലെ പതിയുമാറാകട്ടെ!



(൪)

ഭാഷാസംസ്കരണം.

ലോകത്തിലുള്ള എല്ലാ ദ്രവ്യങ്ങൾക്കും പ്രകൃതി വികൃതി സംസ്കൃതി എന്നു മൂന്ന് അവസ്ഥകൾ ഉണ്ട്. വസ്തുക്കളുടെ ജന്മനാ സിദ്ധമായ ഭാവത്തെ പ്രകൃതി എന്നു പറയുന്നു. ഈ നിലയിൽ അവസ്ഥ വല്ല കോട്ടം വന്നാൽ തന്നിമിത്തം ഉണ്ടാകുന്ന വൈരൂപ്യമാണു വികൃതി. സംസ്കൃതിക്ക് ഈ രണ്ട് അവസ്ഥകളിൽനിന്നും വ്യത്യാസമുണ്ട്. പ്രകൃതിവികൃതികൾ നിമിത്തം ഉണ്ടാകുന്ന ന്യൂനതകളെ കളഞ്ഞ്, വസ്തുക്കളെ ഉപയോഗയോഗ്യങ്ങളാക്കുന്ന കർമ്മവിശേഷമാണ് സംസ്കൃതി. ഈ സംഗതി അല്പംകൂടി വിശദമാക്കാം. സ്വർണ്ണത്തെ ഖനിയിൽനിന്ന് എടുക്കുമ്പോൾ കാണുന്ന അതിന്റെ അവസ്ഥ പ്രകൃതിയാണ്; ഈ സ്ഥിതിയിൽ അതിന്മേൽ പൊടിയും കറയും മറ്റും പറ്റിയിരിക്കുക സാധാരണമാകുന്നു. അതിന് ഉടിവോ ചതവോ മറ്റു വല്ല വികാരമോ ബാധിച്ചാൽ ആ ഭാവം വികൃതിയാകുന്നു. ഈ രണ്ട് അവസ്ഥകളിലും സ്വർണ്ണം ആഭരണമായോ മറ്റോ ഉപയോഗിക്കുവാൻ അർഹമായിഭവിക്കുന്നില്ല. തട്ടാന്മാർ അതിനെ തീയിലിട്ട് ഉരുക്കി അതിന്റെ കേടുപാടുകൾ എല്ലാം കളഞ്ഞു ആഭരണമാക്കിത്തീർക്കുന്നു. ഈ കർമ്മമാണു സംസ്കാരം (സംസ്കൃതി). ഈ അവസ്ഥയിൽ പ്രകാശമാനമായ സ്വർണ്ണം ആഭരണമായോ മറ്റോ ഉപയോഗിക്കുവാൻ യോഗ്യതയുള്ളതായി ഭവിക്കുന്നു. ഏതു വസ്തുവിനും സ്വഭാവംകൊണ്ടോ വികാരംകൊണ്ടോ ഉണ്ടാകുന്ന മലിനതകളേയും ന്യൂനതകളേയും കളഞ്ഞ് അതിനെ വിശിഷ്ടമാക്കുന്നതിനു സംസ്കാരംകൊണ്ട് മാത്രമേ സാധിക്കുകയുള്ളു. പ്രകൃത്യാ സിദ്ധമാകുന്ന സ്ഥിതിയെ പ്രാകൃതം എന്നു പറയുന്നു. ജനിച്ചതുപോലെയുള്ള - യാതൊരു പരിഷ്കാരവും ശുദ്ധിയും ഇല്ലാത്ത—എ

ന്നാണു പ്രാകൃതപദത്തിന്റെ അൎത്ഥം. കുളിക്കാതെയും ശരീരത്തിൽ പൊടിപിരണ്ടും മലിനവസ്ത്രം ധരിച്ചും മൂഢന്മാരായും ചിലരെ നാം കാണാറുണ്ടല്ലോ. ഇവരെ പ്രാകൃതന്മാർ എന്നു പറയുന്നു. ദ്രവ്യങ്ങൾക്ക് എന്നപോലെ മനുഷ്യൎക്കും സംസ്കാരം ആവശ്യമുണ്ട്. ഒരു വസ്തു ജന്മനാ ശുദ്ധമെന്നുതന്നെയിരിക്കട്ടെ; എന്നാലും സംസ്കാരംകൊണ്ട് അതിനു യോഗ്യത കൂടുകയേയുള്ളു. സംസ്കാരം അല്പവും അനാവശ്യമായി ഭവിക്കുന്നതല്ല.

മുൻപു പറഞ്ഞ മൂന്നു അവസ്ഥകളും ഭാഷയേയും സംബന്ധിക്കുന്നവയാണ്. എല്ലാ ഭാഷകൾക്കും പ്രകൃതിയിൽ ചില കറകളും കുറവുകളും കാണും. ഇവയെ ശാസ്ത്രദൃഷ്ട്യാ പരിശോധിച്ചു ദൂരീകരിച്ചു ഭാഷയ്ക്കു ശുദ്ധിയും ഉപയോഗയോഗ്യതയും ഉണ്ടാക്കുന്നതിനു ചില കൎമ്മങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഈ കൎമ്മം ആകുന്നു ഭാഷാസംസ്കരണം. പ്രാകൃതന്മാരെ കാണുമ്പോൾ മനസ്സിൽ ജനിക്കുന്ന ഒരനിഷ്ടത സംസ്കാരം ലഭിക്കാത്ത ഭാഷയുമായി പരിചയപ്പെടുമ്പോഴും ഉണ്ടാകുന്നു.

സംസ്കാരം എല്ലാ വസ്തുക്കൾക്കും മനുഷ്യൎക്കും ആവശ്യമാണെന്നു കണ്ടസ്ഥിതിക്ക്, അതു, ഭാഷയെ സംബന്ധിച്ചും വേണ്ടതാണെന്നു വാദംകൂടാതെ തെളിയും; എങ്കിലും കാലഭേദംകൊണ്ട് ഈ വിഷയത്തിലും അഭിപ്രായഭേദം കാണുന്നു. നാം വിചാരിക്കുമ്പോഴോ സാധാരണയായി സംഭാഷണംചെയ്യുമ്പോഴോ ഉപയോഗിക്കുന്ന ഭാഷയെ അതുപോലെതന്നെ വിശേഷസന്ദൎഭങ്ങളിലും ഉപയോഗിക്കുന്നതാണ് ഉത്തമമെന്നു ചിലൎക്ക് അഭിപ്രായമുണ്ട്. ചുരുക്കത്തിൽ, മനസ്സിൽ തോന്നുന്നതുപോലെ ഭാഷയെ ഉപയോഗിക്കാമെന്നും യാതൊരു സംസ്കാരവും ആവശ്യമില്ലെന്നുമാണ്, ഈ അഭിപ്രായത്തിന്റെ സാരം. സംസ്കാരം കൃത്രിമമെന്നുള്ളതാണ് ഈ വാദത്തിന്റെ ആധാരം. ഈ അഭിപ്രായം സ്വീകാൎയ്യമായി തോന്നുന്നില്ല. നാം നമ്മുടെ ഭവനത്തിൽ പെരുമാറുമ്പോൾ വേഷാഡംബരത്തിലോ ശുചിത്വത്തിലോ വിശേഷിച്ചു ശ്രദ്ധ പ

തിരക്കേറില്ല; എന്നാൽ പുറമെ വല്ല സ്ഥലങ്ങളിലും പോകേണ്ടിവരുമ്പോളോ അല്ലെങ്കിൽ ഉത്സവാദ്യാഘോഷങ്ങളിൽ സംബന്ധിക്കേണ്ടിവരുമ്പോളോ പൂർവ്വാധികം ശരീരത്തെ ശുചിയാക്കുന്നതിനും വേഷം ഭംഗിയാക്കുന്നതിനും മനസ്സു വയ്ക്കുന്നു. വീട്ടിൽ ഇരിക്കുമ്പോൾ മുണ്ടും തോർത്തുംകൊണ്ടു കഴിച്ചുകൂട്ടുന്നവർ പുറമെ പെരുമാറുമ്പോൾ തദവസരാനുസരണം വലിയ മുണ്ടു നേരിയതു ഉടുപ്പു വടി മുതലായവ ധരിച്ചു വേഷത്തിനു മോടി കൂട്ടുന്നു. ആഘോഷങ്ങൾ കാണുവാൻ പോകുന്ന സ്ത്രീകൾ പണ്ടങ്ങൾ ഇരവലു വാങ്ങി ചാർത്തുന്നതു സാധാരണമാണ്. ഇപ്രകാരം ചെയ്യുന്നതു യുക്തമോ അയുക്തമോ എന്നു ഇവിടെ വിചാരിച്ചിട്ടാവശ്യമില്ല. വിശിഷ്ടസന്ദർഭങ്ങളിൽ തദനുസരണം ശുചിത്വാദിസിദ്ധമായ സംസ്കാരത്തെ ആദരിക്കുന്നതു ലോകത്തിലെ ഒരു നടപ്പാണെന്നു മാത്രമേ ഇവിടെ ധരിക്കേണ്ടതുള്ളു. ഈ സംഗതി ഭാഷയോടും സംബന്ധിപ്പിക്കാം. മനസ്സിൽ വിചാരദശയിൽ ഉണ്ടാകുന്നതോ ഭവനത്തിൽ ഉപയോഗിക്കുന്നതോ ആയ ഭാഷയുടെ രൂപം അസംസ്കൃതമാകുന്നു. ഈ നിലയിൽ ആശയത്തിനും ആകൃതിക്കും പല കുറ്റങ്ങളും കുറവുകളും ഉണ്ടായിരിക്കും. വിചാരിക്കുമ്പോളോ ഗൃഹത്തിൽ വ്യവഹരിക്കുമ്പോളോ ഉപയോഗിക്കുന്ന ഭാഷയിൽ ശുദ്ധി പദഘടന ആശയകല്പന അലങ്കാരഭംഗി മുതലായവ ഉണ്ടായിരിക്കുകയില്ല. ഈ സന്ദർഭത്തിൽ ഇവയുടെ കാര്യത്തിൽ മനസ്സു വയ്ക്കുന്നതും അനാവശ്യമാകുന്നു. ഭാഷയുടെ ഈ പ്രാകൃതരൂപം ചിലപ്പോൾ ഭവനത്തിൽകൂടി ശോഭിക്കാത്തതാണ്. ഈ രൂപത്തിൽ ഭാഷയെ സാഹിത്യത്തിൽ (ഗ്രന്ഥരചന-പ്രസംഗം മുതലായവയിൽ) ഉപയോഗിക്കുന്നതു യുക്തമല്ല. സാഹിത്യത്തിൽ സംസ്കാരശുദ്ധിയുള്ള ഭാഷയെ ഉപയോഗിച്ചില്ലെങ്കിൽ പല ദോഷങ്ങളും ഉണ്ടാകുകയും ഫലം വിപരീതമാകുകയും ചെയ്യും. പ്രാകൃതസ്ഥിതിയെ ശാസ്ത്രീയമായ സംസ്കാരണംകൊണ്ടു അകറ്റണം. എങ്കിൽ മാത്രമേ ഭാഷയ്ക്കു ചൈതന്യം ലഭിക്കുകയുള്ളു.

* സംസ്കാരവത്യേവ ഗിരാ മനീഷീ

എന്നു കാളിദാസമഹാകവി ഒരു സന്ദൎഭത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നു വിദ്വാന്മാരുടെ വാക്കിനു, പരിശുദ്ധി എത്ര വലിയ ഭൂഷണമാണെന്നു മനസ്സിലാക്കാം.

/ ദുഃഖേന ബുബുധേ സീതാം ഹനുമാനനലംകൃതാം
സംസ്കാരേണ യഥാ ഹീനാം വാചമൎത്ഥാന്തരംഗതാം

എന്നു ശ്രീവാല്മീകിമഹൎഷി, അസംസ്കൃതഭാഷയുടെ ശോചനീയതയെ കാണിച്ചിരിക്കുന്നു. വിചാരിക്കാത്തതും അപ്രകൃതവും ആയ അൎത്ഥത്തെ പ്രകാശിപ്പിക്കുക എന്നതു, ശുദ്ധിയില്ലാത്ത വാക്കിന്റെ പ്രധാനദോഷമാകുന്നു. 'നിൎദ്ദേവത്വം' എന്നു വേണ്ടതിനു പകരം 'നിദ്രാവത്വം' എന്നു പറഞ്ഞുപോയ കുംഭകൎണ്ണന് എത്ര വലിയ ഉത്സാഹഭംഗവും ആപത്തും നേരിട്ടു എന്നു രാമായണത്തിൽനിന്നു അറിയുന്നുണ്ടല്ലൊ. ത്വഷ്ടാവിന് ഇതിലുമധികം വലിയ ആപത്തു ശബ്ദാപരാധംനിമിത്തം സംഭവിച്ചതായി പുരാണങ്ങളിൽ കാണുന്നു. സ്വശത്രുവായ ദേവേന്ദ്രനെ വധിക്കുന്നതിന് ഒരു സന്താനമുണ്ടാകുവാൻവേണ്ടി ത്വഷ്ടാവു ഹോമംചെയ്തു. ആ ഹോമത്തിന്റെ മന്ത്രത്തിൽ സ്വരോച്ചാരണം തെറ്റിപ്പോയി. ഈ പിശകുനിമിത്തം ത്വഷ്ടാവിന്റെ ആഗ്രഹത്തിനു വിപരീതമായി, ഇന്ദ്രനു വധ്യനായ ഒരു സന്താനമാണു ഹോമകുണ്ഡത്തിൽനിന്നു ഉണ്ടായതു്.

---

* സാരം:—ശാസ്ത്രങ്ങളെക്കൊണ്ടു വേണ്ടവിധം വാക്കിനു ശുദ്ധിവരുത്തണം. ഇപ്രകാരമുള്ള വാക്കു വിദ്വാന്മാൎക്കു ശോഭയെ ചെയ്യുന്നു.

/ സാരം:— അലങ്കാരങ്ങളൊന്നും ധരിക്കാതെ മലിനഗാത്രിയായി മുഷിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്ന സീതയെക്കണ്ടിട്ടു (ലങ്കയിൽവെച്ചു) ഹനുമാന് എളുപ്പം മനസ്സിലായില്ല. ഉദ്ദേശിക്കാത്ത അൎത്ഥത്തെ പ്രാപിച്ചതും അശുദ്ധവുമായ വാക്കിനോടുതുല്യയായിരുന്നു സീത.

* മന്ത്രോ ഹീനഃ സ്വരതോ വർണ്ണതോ വാ
മിഥ്യാപ്രയുക്തോ ന തമർത്ഥമാഹ
സ വാഗ്വജ്രോ യജമാനം ഹിനസ്തി
യഥേന്ദ്രശത്രുഃ സ്വരതോപരാധാത്.

എന്നു കാണുന്നപ്രകാരം, ത്വഷ്ടാവിനു പിശകു പറ്റിയതിനാൽ വൃത്രനെ ഇന്ദ്രൻ വധിക്കുവാൻ ഇടയായി. ഭാഷയിൽ വ്യവഹാരത്തിന്റെ ശുദ്ധിയെ സംബന്ധിച്ചു ഉണ്ടാകുന്ന അല്പമായ ദോഷംകൊണ്ടു് എത്ര ഭയങ്കരമായ ആപത്താണു സംഭവിക്കാനിടയുള്ളതെന്നു സംഗതി ഇവിടെ ഗ്രഹിക്കേണ്ടതാകുന്നു. ലൌകികവ്യവഹാരങ്ങളിലും വാക്കുകളെ വേണ്ടതുപോലെ ഉപയോഗിച്ചില്ലെങ്കിൽ കുഴപ്പം നേരിടും. മലയാളപരിചയം കുറയുന്ന ഒരാൾ തന്റെ ഒരു സ്നേഹിതനു് അയച്ച എഴുത്തിൽ, 'നാലു അപ്പന്മാരെ കൊടുത്തയക്കണം' (നാലു അപ്പം എന്നു വേണ്ടതിനു പകരം) എന്നു ഒരിക്കൽ എഴുതിയ കഥ പ്രസിദ്ധമാണല്ലോ. ഭാഷയെ ശുദ്ധിയായി ഉപയോഗിക്കുന്ന കാര്യത്തിൽ ഗൃഹത്തിൽവച്ചുതന്നെ മനസ്സുവെക്കണം. എജമാനൻ ഒന്നു പറയും; ഭൃത്യൻ അതിനെ വേറെയൊന്നായി ധരിച്ചു പ്രവർത്തിക്കും; ഇപ്രകാരമുള്ള സംഭവങ്ങൾ ഗൃഹവ്യവഹാരങ്ങളിൽ സുലഭങ്ങളാകുന്നു. ഭാഷയെ ശുദ്ധിയായി പ്രയോഗിച്ചാൽ ഈ ദോഷത്തിൽനിന്നു രക്ഷയെ പ്രാപിക്കാം.

ഭാഷയുടെ സംസ്കരണത്തിൽ സംസ്കൃതശാസ്ത്രജ്ഞന്മാർക്കു് അസാധാരണമായ ശ്രദ്ധയുണ്ടായിരുന്നതായി കാണുന്നു. സംസ്കാരത്തിലുള്ള നിരുപമവും സർവ്വോന്നതവും ആയ ശുദ്ധികൊണ്ടു സംസ്കൃതം ആ പേരിനെ സവിശേഷം അർഹിക്കുന്നു. പൂർവ്വാചാര്യന്മാരെപ്പോലെ ഈ വിഷയത്തിൽ അത്രമാത്രം ശ്രദ്ധിച്ചിട്ടുള്ളവർ വേറെയില്ല. യാതൊരു സാഹിത്യകാരനും, ഭാഷയുടെ ശാസ്ത്രനിയമങ്ങളെ ആദരിക്കാതെ, സംസ്കൃതഭാഷാ

---

* സാരം:—'ഇന്ദ്രശത്രു' എന്നു തുടങ്ങുന്ന മന്ത്രം പിഴച്ചുപ്രയോഗിച്ചതിനാൽ ഒരു യജമാനനു് ആപത്തുണ്ടായി. സ്വരവർണ്ണഭ്രഷ്ടമായ മന്ത്രം ഇപ്രകാരം ആപത്കരമാകുന്നു. വ്യവഹാരത്തിനു ശുദ്ധി വേണം.

ലോകത്തിൽ കടന്നു, തോന്നിയതു കാട്ടാവുന്നതല്ല. പൌരസ്ത്യഭാഷകളെപ്പോലെ അല്ലെങ്കിലും, മറെറാരുവിധം ശബ്ദാദിശാസ്ത്രങ്ങളെക്കൊണ്ടു വേണ്ട വ്യവസ്ഥയും സംസ്കാരവും ഇംഗ്ലീഷു മുതലായ പാശ്ചാത്യഭാഷകൾക്കും ഉണ്ടു്. അതിനാൽ അവയെ സംബന്ധിച്ചും നിരങ്കുശത കാണിക്കുവാൻ സാധാരണക്കാൎക്കു കഴിയുന്നതല്ല. ശിശുദശയെ അതിക്രമിച്ചിട്ടുള്ള ഏതു ഭാഷയുടെ സ്ഥിതിയെ പരിശോധിച്ചാലും അവക്കൊക്കെ സംസ്കാരശുദ്ധി ലഭിച്ചിട്ടുണ്ടെന്നു തെളിയുന്നതാണു്.

എന്നാൽ ഈ വിഷയത്തിൽ മലയാളഭാഷയുടെ സ്ഥിതി അനുകമ്പനീയമായിരിക്കുന്നു. നമ്മുടെ ഭാഷ പ്രൌഢദശയിൽ എത്തിയിരിക്കുന്നു എന്നു നാം അഭിമാനിക്കുകയും ചെയ്യുന്നു. ഇതു വലിയ കഷ്ടംതന്നെ. വ്യാകരണാദിശാസ്ത്രങ്ങളെ അധികരിച്ചു വേണ്ടിടത്തോളവും ഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ല; ഉള്ളവയെ യഥാവിധി ആദരിക്കുന്നതിൽ നാം അശ്രദ്ധന്മാരുമാകുന്നു. ഭാഷയുടെ സംസ്കാരഹീനതയ്ക്കു ഇവയാണു പ്രധാനകാരണങ്ങൾ. സംസ്കൃതം ഇംഗ്ലീഷ് മുതലായ ഭാഷകളിൽ വ്യവഹരിക്കുമ്പോൾ അവയിലെ ശാസ്ത്രനിയമങ്ങളെ ആദരിക്കുന്നതിൽ എല്ലാവരും മനസ്സിരുത്തുന്നുണ്ടു്. ശാസ്ത്രവിധികളെ ലംഘിക്കുന്നതു സ്വാതന്ത്ര്യമായിട്ടല്ല, അജ്ഞതയും അപരാധവും ആയിട്ടാണു ഗണിക്കപ്പെടുന്നതു്. എന്നാൽ ആ നാംതന്നെ മലയാളഭാഷയെ 'വാലും തുമ്പും' ഇല്ലാതെ ഉപയോഗിക്കുന്നതു സ്വാതന്ത്ര്യവും പരിഷ്കാരവും ആയി കരുതുന്നു. വിരചിക്കുന്ന ഗ്രന്ഥമോ സഭകളിൽ ചെയ്യുന്ന പ്രസംഗമോ മലയാളത്തിലാണെങ്കിൽ ഏതുവിധം എത്രമാത്രം ശബ്ദദോഷങ്ങളുണ്ടെങ്കിലും സാരമില്ല. ചിലൎക്കു അതൊരു ബഹുമാനവുംകൂടിയാകുന്നു. സംസ്കൃതാദിഭാഷകളിൽ ശബ്ദശാസ്ത്രവിധികളെ ലംഘിക്കുന്നതു ഒരു മഹാപാതകമാണു്. നോക്കണേ, മലയാളഭാഷയുടെ കഷ്ടത! അല്ലെങ്കിൽ അനാഥത! ഈ വിധം ഉള്ള നിരങ്കുശത ഇന്നു ഭാഷയെ ക്രമത്തിലധികം ദു

ബാധിച്ചിട്ടുണ്ട്. വ്യവഹാരഭാഷകൾക്ക് എല്ലാം ഈ കുറവു സംഭവിക്കുന്നതാണെന്നു ചിലർ സമാധാനം പറയുമായിരിക്കാം! എന്നാൽ ഈ വിഷയത്തിൽ നമ്മുടെ ഭാഷയ്ക്കു സംഭവിച്ചുകാണുന്നതുപോലെയുള്ള അനാഥത്വവും ശോച്യതയും മറെറാരു ഭാഷയ്ക്കും കാണുമെന്നു തോന്നുന്നില്ല. ഇപ്പോൾ ബാധിച്ചിട്ടുള്ള മലിനതകളെ മാററുകയും, മേലാൽ ശാസ്ത്രങ്ങളെക്കൊണ്ടു ശുദ്ധമായ വ്യവസ്ഥ വരുത്തുകയും, ചെയ്യേണ്ടതു ഭാഷയെ സംബന്ധിച്ചിടത്തോളവും ഒരു അത്യാവശ്യകാര്യമാകുന്നു.

അന്യഭാഷകളുടെ സംസർഗ്ഗംകൊണ്ടു വന്നുചേർന്നതു ഒന്നു; സ്വന്തം പ്രകൃതിയുടെ ദോഷംകൊണ്ടു സംഭവിച്ചതു വേറെയൊന്നു; ഇപ്രകാരം രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയാണു ഇന്നു നമ്മുടെ ഭാഷയെ മാലിന്യങ്ങൾ ബാധിച്ചുകാണുന്നത്. ഇവ എത്രമാത്രം ഗുരുതരങ്ങളാണെന്നു ചിന്തിക്കാം.

അന്യഭാഷകളുടെ സമ്പർക്കംകൊണ്ട് ഉണ്ടാകുന്ന ദോഷത്തിനു പ്രാധാന്യം കൂടുന്നു. ഈമാതിരി ദോഷം ബാധിക്കുമ്പോൾ ഭാഷയുടെ ആകൃതിയും പ്രകൃതിയും മലിനമാകുന്നു. സൃഷ്ടിയിൽ ഓരോന്നിനും ഓരോ ധർമ്മമുണ്ട്. അതാതു ധർമ്മിയോടു വേണ്ടതുപോലെ ചേർന്നിരിക്കുമ്പോൾ ആ ധർമ്മവും ശ്രേഷ്ഠമാകുന്നു. ഒരു ധർമ്മം സ്വന്തം ധർമ്മിയെ വിട്ട് അസ്ഥാനത്തിൽ മറെറാന്നിനെ പ്രാപിക്കുമ്പോൾ അതു കൃത്രിമവും നിഷ്പ്രയോഗവും ആകുന്നു. ഈ തത്വം ഭാഷയ്ക്കും യോജിക്കും. എതു ഭാഷയ്ക്കും പ്രത്യേകമായി ചില ശൈലികൾ ആശയങ്ങൾ ശബ്ദപ്രയോഗങ്ങൾ മുതലായവ ഉണ്ടായിരിക്കും. അവ, ആ ഭാഷകളോടു ചേർന്നിരുന്നുവെന്നു വരികിൽ മാത്രമേ സജീവങ്ങളായിരിക്കുകയുള്ളു. ഒരു ഉദാഹരണം പറയാം. 'കണ്ണെഴുതിക്കുക' 'ശുണ്ഠികടിക്കുക' 'ധർമ്മസങ്കടം' എന്നിവ ചില ഭാഷാശൈലികളാകുന്നു ഭാഷയിൽ പ്രയോഗിക്കുമ്പോൾ ഇവയ്ക്കു വേണ്ട ശക്തിയും രസികത്വവും ഉണ്ട്; ഈ പദങ്ങളെ സംസ്കൃത

ത്തിലേക്കോ ഇംഗ്ലീഷിലേക്കോ എത്ര ഭംഗിയായി തർജ്ജമചെയ്താലും അവയുടെ അൎത്ഥം കിട്ടുകയില്ല. വല്ല അൎത്ഥവും ക്ലേശിച്ചുകിട്ടിയാൽ അതു വികൃതവുമായിരിക്കും. ഇപ്രകാരമുള്ള വൈകൃത്യം നമ്മുടെ ഭാഷയെ ബാധിച്ചിട്ടുള്ള ഒരു പ്രധാനദോഷമാകുന്നു. ഇംഗ്ലീഷിൽനിന്നു ഭാഷപ്പെടുത്തിയിട്ടുള്ള കൃതികളെ ആണു് ഈ മാലിന്യം അധികം ബാധിച്ചിരിക്കുന്നതു്.

“എണ്ണംപറഞ്ഞ രാജകന്യകമാരും എണ്ണംപ
റഞ്ഞ രാജപ്രമാണികളും ഒരുമാൻ സാധിക്കും”

പാവങ്ങൾ.

ഈ വാക്യത്തിൽ കാണുന്ന ‘എണ്ണംപറയുക’ ഇംഗ്ലീഷിൽ ഒരു ഭംഗിയേറിയ ശൈലിയായിരിക്കാം. എന്നാൽ ഭാഷയിൽ ഇതിന് അല്പവും ഭംഗിയില്ല. ‘ഗണനീയൻ’ എന്ന അൎത്ഥത്തിലായിരിക്കണം ഈ പദത്തെ ഉപയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നു. ‘എണ്ണംപറയുക’ എന്നതിന് ‘എന്തെങ്കിലും ഒരു സംഖ്യ പറയുക’ എന്നൎത്ഥമേ മലയാളികൾ ധരിക്കുകയുള്ളൂ. എങ്കിലും ‘എണ്ണംപറയുക’ ദുസ്സഹമായ ഒരു പ്രയോഗമല്ല. താഴെ കാണിക്കുന്ന ദീൎഘമായ വാക്യം ഒന്നു ശ്രദ്ധിച്ചുനോക്കേണ്ടതാകുന്നു.

“ചെറിയവിളികളും പള്ളിനിടയിലൂടെ അനന്യമായുള്ള പിൻചെല്ലൽ കതിരവഴിയിൽ ഇരുന്ന ആരൂഢപ്പെടുത്തിക്കൊണ്ടുള്ള അരമനക്കെട്ടുകളും ഗാനസമാനങ്ങളായ നിരർത്ഥകപ്രലാപങ്ങളും രാത്രോ വരുന്നകളെ ഉച്ചരിക്കുന്നവിധം പുറപ്പെടുന്ന ആ വക വിലാസഭാഷ്യങ്ങളും ഒരാളുടെ ചുണ്ടുകളിൽനിന്നു മറ്റൊരാളുടെ ചുണ്ടത്തേക്കായി തട്ടിത്തെറിക്കപ്പെടുന്ന ആ പഴങ്ങളും—ഈ പറഞ്ഞവയെല്ലാം ഉദിച്ചുമിന്നുകയും ആകാശത്തുള്ള ജ്യോതിസ്സുകളുടെ കൂട്ടത്തിൽ സ്ഥലം പിടിക്കുകയും ചെയ്യുന്നു. സുന്ദരികളായ സ്ത്രീകൾ മന്ദസ്മിതങ്ങളോടുകൂടി അലിഞ്ഞുപോകുന്നു.”

പാവങ്ങൾ.

ഇവിടെ ‘ഉദിച്ചുമിന്നുകയും’ ‘ആകാശത്തിൽ സ്ഥലംപിടിക്കുകയും’ ചെയ്യുന്നതു ‘പിൻചെല്ലലും’ ‘അരമനക്കെട്ടുകളും’ ‘പഴങ്ങളും’ മറ്റും ആണെന്നു പ്രത്യേകം ഓൎമ്മിക്കണം. എത്രമാത്രം

ആലോചിച്ചാലും ഒരു മലയാളിക്ക് ഈ വാക്യത്തിന്റെ അത്ഥം മനസ്സിലാകുകയില്ല. ഭാഷയുടെ ആശയവും രൂപവും ഒന്നുപോലെ വികൃതമായിരിക്കുന്നു. 'പിൻചെല്ലലിനു' ആകാശത്തുള്ള ജ്യോതിസ്സുകളുടെ കൂട്ടത്തിൽ സ്ഥാനം കിട്ടിയെന്നു പറഞ്ഞാൽ എന്തർത്ഥമാണു ഗ്രഹിക്കേണ്ടതു്! 'സ്ത്രീകൾ അലിഞ്ഞു്പോകുന്നതിന്റെ അത്ഥവും അസംബന്ധമായിരിക്കുന്നു.

"ആ ആൾക്കൂട്ടമാകുന്ന മേഘം ഒരു സന്തോഷവൃഷ്ടിയിൽ തമാശ പറഞ്ഞുകൊണ്ടു പിന്നാലെ കൂടി."

"അയാളുടെ ഹൃദയത്തെ വഴിക്കുവഴിയേ മത്തിൻസൂചികളെപ്പോലെയും തിസ്സിൻസൂചികളെപ്പോലെയും പിളർന്നുകയറി."

"ജയത്തിന്റെ കീശയിലേക്ക് ഉപായത്തിൽ കടന്നുകൂടുന്ന ആ വല്ലാത്ത കള്ളക്കിസ്സു എന്താണ്?"

"ആകാശത്തിലെങ്ങും ഒരു ദിവ്യമായ പട്ടാഭിഷേകത്തിന്റെ വെളിച്ചം വ്യാപിച്ചു."

'അതേ അപകടം പിടിച്ച അസ്പഷ്ടതകൾ പൃവിഷിയസ്സു കരസെയിൻപാൾ മാനെ എന്നിവർ നിശബ്ദമേഘങ്ങളാൽ അപാരതയിലെങ്ങും നക്ഷത്രങ്ങളെ ഉദിപ്പിക്കുന്നവയും അടിക്കടി മിന്നൽപ്പിണരുകളെ പുറപ്പെടുവിക്കുന്നവയുമായ കണ്ണുകളാൽ"***

ഗാനങ്ങളായ അഗാധതകൾക്കുള്ളിൽ"

"കുടുക്കിട്ടു ചാവുന്നതുവരെ ഇക്കിളിക്കൊണ്ടതിൽ എനിക്കുള്ള മനോവേദന***"

പാവങ്ങൾ.

എന്നീ വാക്യങ്ങൾ നോക്കുക. അന്യഭാഷാശൈലികൾക്കു ഭാഷയെ എത്രമാത്രം ദുഷിപ്പിക്കുവാൻ കഴിയുമെന്ന് ഈ ഭാഗങ്ങളിൽനിന്നു തെളിയും. ആൾക്കൂട്ടത്തെ മേഘമായി കല്പിച്ചതിന്റെ നിരത്ഥത സഹിക്കാം! എന്നാൽ "മത്തിൻസൂചിയുടേയും" "തിസ്സിൻസൂചിയുടേ"യും വൈകൃത്യവും നിരത്ഥതയും ദുസ്സഹമായിരിക്കുന്നു. "ജയത്തിന്റെ കിശസ്സു" ഒരുവിധം അത്ഥം ഉണ്ടാക്കാം. "ദിവ്യമായ പട്ടാഭിഷേകത്തിന്റെ വെളിച്ചം" എന്നു കേൾക്കുമ്പോൾ വായനക്കാക്ക് അത്ഥത്തിന്റെ ഒരു വെളിച്ചവും മനസ്സിൽ പതിയുന്നില്ല. "അപാര

തയിലെ നക്ഷത്രോദയം" "ചാവുന്നതുവരെ തൂക്കിക്കൊല്ലുക" "ഗഹനങ്ങളായ അഗാധതകൾ" എന്നീ പ്രയോഗങ്ങൾ എത്രമാത്രം വികൃതങ്ങളും അസംബന്ധങ്ങളും ആയിരിക്കുന്നു എന്നു പറയാവുന്നതല്ല. ഈമാതിരി പ്രയോഗങ്ങൾ സാധാരണക്കാരായ വായനക്കാരെ ഒന്നു പരിഭ്രമിപ്പിക്കാതെയിരിക്കയില്ല. ഇംഗ്ലീഷുഭാഷയിൽ ഇവയ്ക്കു ഭംഗിയും ശക്തിയും ഉണ്ടായിരിക്കാം! അതുകൊണ്ട് അവ ഭാഷയിലും അങ്ങിനെതന്നെയായിരിക്കണമെന്നു നിൎബ്ബന്ധമില്ലല്ലോ. ഇംഗ്ലീഷുഭാഷയ്ക്കു പ്രത്യേകമായുള്ള ശൈലികളേയും ധൎമ്മങ്ങളേയും മററും അതുപോലെ ഭാഷയിലേക്കു പകൎത്തുന്നതു് അല്പവും യുക്തമല്ല. 'സിംഹഭാഗം' 'നടയെടുക്കുക' 'ആഹാരം എടുക്കുക' എന്നിങ്ങനെ പല ശൈലികളും ഇംഗ്ലീഷിൽനിന്നു ഭാഷയിലേക്കു് ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ടു്. കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ, ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ, കൊച്ചി അപ്പൻതമ്പുരാൻ, ഒ. ചന്തുമേനവൻ, ഈശ്വരപിള്ള, സി. വി. രാമൻപിള്ള മുതലായ നമ്മുടെ പ്രശസ്തഗദ്യകാരന്മാർ ഈവക വികൃതപ്രയോഗങ്ങളെ വൎജ്ജിച്ചിട്ടുള്ളവരാകുന്നു. ഗദ്യസരണിയിൽ ഇവരെ അനുകരിക്കുകതന്നെയാണു് ഇതരന്മാൎക്കും ശുഭം. എന്നാൽ പുറമേനിന്നു വരുന്ന മാലിന്യത്തെ തടഞ്ഞുനിൎത്തി ഭാഷയെ രക്ഷിക്കുവാൻ കഴിയും.

ഇംഗ്ലീഷും മലയാളവും ചേൎന്ന ഒരുതരം മിശ്രഭാഷ ഇയ്യിടെയായി ക്രമത്തിലധികം പ്രചരിച്ചുവരുന്നു. അധികവും വിദ്യാൎത്ഥികളിൽനിന്നാണു് ഈ മിശ്രഭാഷയുടെ ഉല്പത്തി. ഉയൎന്ന നിലയിൽ നവീനവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ചിലരും ഈ വികൃതഭാഷയുടെ പോഷകന്മാരാകുന്നു. ഇംഗ്ലീഷും മലയാളവും അല്ലാത്തതും രണ്ടിനേയും അശുദ്ധമാക്കുന്നതും ആയ രണ്ടുംകെട്ട, ഈ മിശ്രഭാഷയുടെ പ്രചാരം കേരളീയൎക്കു ഒരു മഹാവ്യാധിയായി ഭവിക്കുന്നതിനു മുൻപു അതിനെ ശമിപ്പിക്കുന്നതിനു പ്രത്യേകം മനസ്സുവെക്കേണ്ടതുണ്ടു്. വ്യവഹാരത്തിൽ പൂൎണ്ണമായി ഇംഗ്ലീഷോ മലയാളമോ ഉപയോഗിക്കുവാൻ കഴി

വുള്ളവർ ഈ കൺസ്ട്രക്ഷ് ഉത്ഭവിക്കുന്നതെന്തിനാണെന്നു അറിയുന്നില്ല. "അമ്മേ എഗ്സാമിനേഷൻപേപ്പർ വളരെ ഹാർഡായിരിക്കുന്നു" എന്നിങ്ങനെയുള്ള മിശ്രപ്രയോഗങ്ങൾ അടുക്കളക്കകത്തുകൂടി കേൾക്കുവാൻ കഴിയും. പത്രങ്ങളിലും മാസികകളിലും കാണുന്ന ചെറുകഥകളും ലേഖനങ്ങളും നോവലുകളും ശ്രദ്ധിച്ചുവായിച്ചാൽ, സാഹിത്യത്തിൽകൂടി ഈ വികൃതഭാഷ സ്ഥലം പിടിച്ചിട്ടുണ്ടെന്നു ഗ്രഹിക്കാം.

കഴിയുമെങ്കിൽ, ഇംഗ്ലീഷുപദങ്ങളെ അൎത്ഥം പ്രകാശിപ്പിക്കത്തക്കവിധം ഭാഷാന്തരംചെയ്യുകയാണു യുക്തം. 'ഉദ്യാനവിരുന്നു' 'സുവൎണ്ണാവസരം' 'നഗരശുചീകരണസംഘം' 'പ്രജാസഭ' എന്നിങ്ങനെ പല പദങ്ങളും ഇംഗ്ലീഷിൽനിന്നു അനുവാദമായി ഭാഷയാക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഇവിടെ ഭാഷയിൽ മൂലാൎത്ഥത്തിനു കോട്ടം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇപ്രകാരം ഭാഷയാക്കുന്ന നയം പലപ്പോഴും അവ്യക്തവും ആയിരിക്കും. 'വട്ടമേശസ്സഭ' മുതലായ പദങ്ങൾ ഉദാഹരിക്കപ്പെടാം. സഭയ്ക്കു ഉപയോഗിക്കുന്ന മേശ വട്ടത്തിലായാലും ചതുരത്തിലായാലും ഒരു യോഗ്യതയും പ്രത്യേകിച്ചു ഉണ്ടാകുമെന്നു സാധാരണ മലയാളികൾ ധരിക്കയില്ല. 'സമതലസമ്മേളനവും' 'സൌഹാൎദ്ദസമ്മേളനവും' 'വട്ടമേശസ്സഭ'യേക്കാൾ മെച്ചമാകുന്നു. സമത്വവും സൌഹാൎദ്ദവും ധൎമ്മങ്ങളാണ്. അതുകൊണ്ടു സഭയും സമ്മേളനവും ധൎമ്മിഷ്ഠരുടേതായിരിക്കുന്നതു യുക്തം. 'വാലും തലയും' അല്പം ചെത്തിമിനുക്കി ചില കൂട്ടു ചേൎത്തും, ഇംഗ്ലീഷുപദങ്ങൾക്കു ഭാഷാരൂപം വരുത്താം.

അററ്ലാൻറിക്.	അതലാന്തികം.
ലണ്ടൻ.	ലണ്ടനം.
മലബാർ.	മലബാരം.
അഫ്ഗാനിസ്ഥാൻ.	അഫ്ഘനസ്ഥാനം.

എല്ലാ പദങ്ങൾക്കും ഇപ്രകാരം രൂപഭേദം വരുത്താവുന്നതല്ല. കഴിയുന്നതും ഇങ്ങനെ ചെയ്യുന്നതു നന്ന്. ഭാഷയിൽ പ്രചാ

രം ലഭിച്ച പ്രതിഷ്ഠിതങ്ങളായ പദങ്ങളെ ഉപേക്ഷിച്ചു, അപരിചിതങ്ങളായ നൂതനപദങ്ങളെ ഉപയോഗിക്കുന്നതിൽ പലൎക്കും വൈമനസ്യം കണ്ടേക്കും. ശിരസ്തദാരെ, ഒരു സരസകവി ചെയ്തതുപോലെ, 'ശിരസ്ഥദാരനും' തഹസീൽദാരെ സാദരസദാരനും ആക്കുന്നതു ഭംഗിയായിക്കല്പിക്കുമെന്നു തോന്നുന്നില്ല.

ഗോപാലൻ.	ഗോപാൽ.
ശേഖരൻ.	ശേഖർ.
കൃഷ്ണദാസൻ.	കൃഷ്ണദാസ്.

എന്നിങ്ങനെ മലയാളപദങ്ങളെ ഇംഗ്ലീഷുമട്ടായ വരുത്തി ഉപയോഗിക്കുന്ന നയവും, ഗ്രാഹ്യമല്ലാത്തതാകുന്നു. മിശ്രഭാഷാപ്രയോഗംകൊണ്ടു് ഉണ്ടാകുന്ന ഈ മാതിരി ദോഷങ്ങളെ പരിഹരിക്കുന്നതിന് അമാന്തിക്കുവാൻ പാടില്ല. ഈവക ദോഷങ്ങൾ ഗദ്യസരണിയെയാണു പ്രായേണ ബാധിച്ചുകാണുന്നതു്.

സംസ്കൃതഭാഷയുടെ സംസൎഗ്ഗാതിരേകത്താൽ സംഭവിച്ചിട്ടുള്ള ചില ന്യൂനതകളെ കാണിക്കാം. ഭാഷാപദങ്ങൾക്കു സംസ്കൃതപ്രത്യയം ചേൎക്കുന്നതു യോജിപ്പായിരിക്കയില്ല. സംസ്കൃതത്തിലും ഭാഷയിലും ഉള്ള പദങ്ങളെ യോജിപ്പിക്കുമ്പോൾ സന്ധിക്കും ദോഷം ചിലപ്പോൾ തട്ടിക്കാണുന്നു.

'പൊടിപിരംഗണിഞ്ഞയിരമൂരം'

* * * *

സപത്ന്യപൂൎവം മഥിതനൃപതേൎവിക്രമാദിത്യനാമ്നഃ
പോക്കാംചക്രതയണഞ്ഞലം കാളിദാസാകവീന്ദ്രഃ

ഇവിടെ 'പൊടിപിരഃ' 'പോക്കാംചക്രേ' എന്ന പ്രയോഗങ്ങൾ നോക്കുക. ഭാഷാപദങ്ങൾക്കു് ഇപ്രകാരം സംസ്കൃതപ്രത്യയം ചേൎക്കുന്ന നയം പൂൎവ്വകാലത്തു ആക്ഷേപാൎഹമായിക്കരുതിയിരുന്നില്ല. ഉണ്ണുനീലിസന്ദേശം മുതലായ പ്രൌഢകാവ്യങ്ങളിൽ ഈവിധമുള്ള പ്രയോഗങ്ങൾ സുലഭങ്ങളായി കാണുന്നതിനു ഇതുതന്നെ കാരണം.

'കൊല്ലമില്ലരുതുതൈവകന്നാലിതം'

ഇവിടെ സന്ധി വികൃതമായിരിക്കുന്നു. ഇതുപോലെയുള്ള പ്രയോഗങ്ങൾക്ക് ഇനി നമ്മുടെ ഭാഷയിൽ സ്ഥാനം ലഭിക്കുകയില്ല. അതുകൊണ്ടു് ഇവയെക്കുറിച്ചു കൂടുതൽ എന്തെങ്കിലും പറയുന്നതു് അനാവശ്യമാകുന്നു. "കൊട്ടത്തേങ്ങാളിരപ്പെപ്പുറവിൽവിതറിയതൈതഃ" ഇത്യാദി ശീവൊള്ളിനമ്പൂരിയുടെ പ്രയോഗം 'പോകാംചാഃക്യ' മുതലായ പൂർവ്വപ്രയോഗങ്ങളെ ആക്ഷേപിച്ചുചെയ്തിട്ടുള്ളവയാണെന്നു സ്പഷ്ടമാകുന്നു.

ഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ അർഹിക്കുന്ന ഒരു പ്രധാനവിഷയമാകുന്നു ലിപിസംസ്കരണം. ഇന്നു ലിപികളെ ഉപയോഗിക്കുന്നതിനു വ്യവസ്ഥയില്ല. ഒരു ലിപിയെത്തന്നെ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറത്തിലും പലവിധം എഴുത്തിൽ ഉപയോഗിക്കുന്നു. ഒരാൾതന്നെ പലപ്പോഴും പലവിധത്തിൽ ഒരു ലിപിയെ ഉപയോഗിക്കുന്നതും സാധാരണമാണു്. അരയുകാരത്തെക്കുറിച്ചു രസികരഞ്ജിനിയിൽ ദീർഘമായ വാദം നടന്നുവെങ്കിലും പറയത്തക്ക തീരുമാനമൊന്നുമുണ്ടായില്ല. ലിപികളെ എണ്ണത്തിൽ കുറച്ചും ആകൃതിയിൽ ചില വ്യത്യാസങ്ങൾ വരുത്തിയും പരിഷ്കരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ഇയ്യിടെ പ്രകാശിതങ്ങളായിട്ടുണ്ടു്. കണ്ടിടത്തോളവും ആ വക നിർദ്ദേശങ്ങളെ പൊതുവേ മലയാളികൾ സമ്മതിക്കുമെന്നു തോന്നുന്നില്ല. കുഴപ്പങ്ങളേയും വിഷമതകളേയും വർദ്ധിപ്പിക്കുന്ന യാതൊരു നിർദ്ദേശത്തേയും നിർമ്മിക്കാതെയിരിക്കയാണു നല്ലതു്.

അശ്രദ്ധകൊണ്ടു എഴുത്തിൽ കാണുന്ന പല ന്യൂനതകളേയും എളുപ്പം പരിഹരിക്കാം; അല്പം മനസ്സിരുത്തിയാൽ മതിയാകും. മുമ്പു്, അമ്പു്, അമ്പതു്, എമ്പതു, വമ്പു, കാമ്പു, ഒമ്പതു്, എന്നീ പദങ്ങളെ എഴുതുന്നതിൽ വ്യത്യാസമില്ലാതെ എല്ലായിടത്തും 'മ്പ' ഉപയോഗിക്കുന്നതു ദുർല്ലഭമല്ല. 'ൻപ' 'മ്പ' എന്നിവയെ തിരിച്ചറിയത്തക്കവിധം ഉപയോഗിക്കേണ്ടതാകുന്നു. 'അൻപിനേയും' 'അമ്പിനേയും' വ്യത്യാസമില്ലാതെ ഒരുപോലെ ഉപയോഗിച്ചാൽ അതുകൊണ്ടു് അ

പത്തു് ഉണ്ടാകുന്നതാണല്ലോ. ഇതുപോലെ വേറെയും പല പദങ്ങളെക്കുറിച്ചു പറയാവുന്നതാണു്. അല്പമായ ശ്രദ്ധകൊണ്ടു് ഈ മാലിന്യത്തെ ദൂരീകരിക്കാം.

ഇനി ചില പദങ്ങളുടെ കാൎയ്യമാണു പറയുവാനുള്ളതു്. ധൃതി, ധൃതഗതി, പ്രമാദം, ജീവച്ഛവം, ജീവസ്സു, ഉത്തരിക്കുക മുതലായ പല പദങ്ങളും അസ്ഥാനത്തിൽ ഉപയോഗിക്കപ്പെടുന്നു. ദ്രുതം ദ്രുതഗതിയെന്ന അൎത്ഥത്തിൽ ധൃതിയും ധൃതഗതിയും യോജിക്കുകയില്ല. ധൃതിക്കു (ധരിക്കുന്നതു) ധൈൎയ്യം എന്നാണു് അൎത്ഥം. 'ധൃതഗതി' ഭാഷയിലെ ഒരു ശൈലിയായി ഭവിച്ചിരിക്കുന്നു. ഇനി അതു മാറുമെന്നു തോന്നുന്നില്ല. സംസ്കൃതത്തിലെ ദ്രുതഗതിയിലെ 'ദ്രു' (സംഭ്രമംകൊണ്ടു) 'ധൃ' ആയി മാറിയെന്നു സമാധാനിക്കാം. അതുകൊണ്ടു സുഖമായിട്ടില്ലെങ്കിലും, 'ധൃതഗതി' ഒരുവിധം ശരിയാക്കാൻ കഴിയും. എന്നാൽ 'ധൃതി'ക്കു ഈ സമാധാനം ശരിയല്ല. വേഗം എന്ന അൎത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നതു സാധുവാകുകയില്ല. പത്രങ്ങളിലൊക്കെയും 'പ്രമാദമായ കലക്കേസ്സും അടിപിടിയും' ധാരാളം കാണാറുണ്ടു്! ഇവിടെ പ്രമാദത്തിനു (അനവധാനത) ഒരുവിധം ക്ലേശിച്ചു അൎത്ഥം ഉണ്ടാക്കാം. സദ്യകളും കല്യാണവും മറ്റും ഘോഷമായി നടത്തുന്നിടത്തു 'പ്രമാദം' പറയുന്നതാണു കഷ്ടം! മനസ്സിരുത്താഞ്ഞാൽ സംഭവിക്കുന്ന പിഴ, എന്ന അൎത്ഥത്തിൽ അല്ലാതെ 'പ്രമാദം' യോജിക്കുകയില്ല. ജീവച്ഛവം, ജീവച്ചവം ആയാൽ മതിയാകും. 'ജീവസ്സിനു' ശരിയായ ഒരു അൎത്ഥം ധരിക്കുവാൻ ക്ലേശമുണ്ടു്. ഉത്തരം പറയേണ്ടതായി വരിക (പറയുക) എന്ന അൎത്ഥത്തിലാണു് 'ഉത്തരിക്കുക' പ്രയോഗിക്കപ്പെടുന്നതു്. ഇതു കച്ചേരികളിൽ അഭിഭാഷകന്മാരും മറ്റും അധികം പ്രയോഗിക്കുന്ന ഒരു വാക്കാണു്. 'ഉത്തര'ത്തെ ക്രിയാരൂപത്തിൽ വികൃതമാക്കിയതിൽനിന്നാണു 'ഉത്തരിക്കുക'യുടെ ഉല്പത്തി. ഇതുപോലെ അസ്ഥാനത്തിൽ ഉപയോഗിക്കപ്പെടുന്ന പല പദങ്ങളും ഭാഷയിൽ ഉണ്ടു്. അവയെ കുറയ്ക്കണമെന്നല്ല, അൎത്ഥം അറിഞ്ഞു

വേണ്ട സ്ഥാനത്തു ഉപയോഗിക്കണമെന്നാണു, പറയുന്നതു്. അല്ലെങ്കിൽ വക്താവിന്റെ ആശയം ശ്രോതാക്കൾ പലപ്പൊഴും തെറ്റിദ്ധരിക്കാൻ ഇടയാകും.

പദ്യകാവ്യങ്ങളെ ബാധിക്കുന്നവയായി പല ദോഷങ്ങളും ഉണ്ടു്. ഈ ഗ്രന്ഥത്തിൽതന്നെ മുൻപു പല സന്ദർഭങ്ങളിലും അവയുടെ സ്വഭാവം കാണിച്ചിട്ടുള്ളതാകുന്നു. അവയിലേക്കു വായനക്കാരുടെ ദൃഷ്ടി പതിയുമെന്നു വിശ്വസിക്കുന്നു. ഇവിടെ ഒരു പ്രധാനദോഷത്തെക്കുറിച്ചു പറയുവാനുണ്ടു്. അതായതു സന്ധിദുഷ്ടതയാകുന്നു. പദ്യകാവ്യത്തെ സംബന്ധിച്ചിടത്തോളവും ഇതു സഹൃദയന്മാർക്കു വളരെ സങ്കടത്തെ ജനിപ്പിക്കുന്ന ഒരു ദോഷമാകുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഗീതങ്ങൾക്കു ഒരു ഗാനസുഖം കിട്ടുവാനുണ്ടു്. അതു ശ്ലേഷം എന്ന ഗുണംകൊണ്ടേ ലഭിക്കുകയുള്ളൂ. ശരിയായി പദങ്ങളെ സുഭഗമായി ഘടിപ്പിക്കുന്നതുകൊണ്ടു് ഈ ശ്ലേഷം ഉണ്ടാകുന്നു. ഇയ്യിടെ പ്രസിദ്ധപ്പെടുത്തിയ കണ്ണശ്ശരാമായണം ബാലകാണ്ഡത്തിൽനിന്നു ഒരു ഭാഗം ഉദ്ധരിക്കാം. സന്ധിരാഹിത്യം എത്ര മാത്രം ക്ലേശകരമാണെന്നു ഈ ഭാഗം തെളിയിക്കുന്നതാണു്.

ആനന്ദാമൃതസാരം അരൂപം
അശേഷജഗത് പരിപൂർണ്ണവും ആയേ
താൻ അന്തവും ആദിയും ഇല്ലാതെ
ചരാചരഗതനിശാന്തസ്വരൂപം
മനംകൊണ്ടു അറിവാൻ അരുതാത്
അതതാമായിൻ മുതലായ് ഉലകാളും
ദീനദയാരാശിതരപരാപര
ദിവ്യാത്മാനം വന്ദിക്കുന്നേൻ.

ഇവിടെ 'ആനന്ദാമൃതസാരം അരൂപം' 'പരിപൂർണ്ണവും ആയേ' 'അന്തവും ആദിയും ഇല്ലാതെ' എന്നിങ്ങനെയുള്ള സന്ധിരഹിതങ്ങളായ പ്രയോഗങ്ങൾക്കു ഗാനസുഖം അല്പവും ഇല്ലെന്നുള്ളതോ ഇരിക്കട്ടെ! അവയെ ഈ നിലയിൽ ഉച്ചരിക്കുവാൻ തന്നെ സാധിക്കുകയില്ല. ഒരു ശരീരത്തിൽ ചേർന്നിരിക്കേണ്ട അംഗങ്ങളെ മുറിച്ചു പ്രത്യേകം പ്രത്യേകം വയ്ക്കുന്നതായാൽ വ്യ

കരമാകുന്ന വൈരൂപ്യവും അശക്തിയും ആണ്‌ ഇവിടെ കാണുന്നതു്. 'ആനന്ദ അമൃത' 'ചര അചര' 'പര അപര' എന്നിങ്ങനെ, സന്ധി കൂടാതെ പ്രയോഗിക്കുന്നതു സർവ്വഥാ ദുഷ്ടവും ക്ലിഷ്ടവും ആണെങ്കിൽ അതുപോലെതന്നെയല്ലയോ 'സാമം അരൂപം' 'പൂർണ്ണവും ആയ' എന്നിങ്ങനെയുള്ളവയുടെ സ്ഥിതിയും! വാസ്തവത്തിൽ 'ആനന്ദാമൃതത്തെ' 'ആനന്ദ അമൃത്' എന്നു മുറിച്ചു ഉപയോഗിച്ചാൽ വായനക്കാരുടെ ആനന്ദാമൃതം മുറിഞ്ഞുതന്നെ പോകും. 'സാമരൂപം' 'പൂർണ്ണവുമായ' എന്നിങ്ങനെ സന്ധിചെയ്തു ഉപയോഗിക്കുന്നതുതന്നെ സുഖം.

ഭാഷയുടെ സംസ്കാരത്തെ സംബന്ധിച്ചിടത്തോളവും പ്രാധാന്യമേറിയ പല വിഷയങ്ങളിലും ശാസ്ത്രജ്ഞന്മാർ ദൃഷ്ടി പതിപ്പിക്കേണ്ടതായിട്ടുണ്ട്. ആ വക ചില വിഷയങ്ങളെക്കുറിച്ചു ദിങ്മാത്രം കാണിക്കുകയേ ഇവിടെ ചെയ്തിട്ടുള്ളൂ. ഇതരഭാഷകൾക്കെന്നതുപോലെ, ഏകരൂപമായ വ്യവസ്ഥയും ശുദ്ധിയും കൈരളിക്കും ലഭിക്കണം. ഭാഷാലോകത്തിൽ കടന്ന ആർക്കും എന്തും (എങ്ങിനെയും) കാട്ടാമെന്നുള്ള നില അഭിമാനകരമല്ല. വിവിധവിഷയങ്ങളെ അധികരിച്ചു വേണ്ടിടത്തോളവും ശാസ്ത്രങ്ങളും അവയെ സംബന്ധിച്ചുകൊണ്ടുള്ള നിരൂപണങ്ങളും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കണം. എന്നാൽ ക്രമേണ പൊതുജനങ്ങളും അവയെ ആദരിക്കും. ഇപ്രകാരം ഒരു മാഹാത്മ്യവും ശ്രേയസ്സും കാലതാമസംകൂടാതെ കൈരളിക്കു ലഭിക്കുമാറാകട്ടെ.



ശുദ്ധിപത്രം.

പുറം	വരി	അബദ്ധം	സുബദ്ധം
11	1	ഗതാഗമം	രുചിം
11	2	ഗതള്ളക്ഷം	ഗതാഗതള്ളക്ഷം
16	17	മനോകരസ!	മനോഹരസ!
18	2	ഭീയതേ	ഭീയസേ
27	6	ശിരോ	ഗിരൊ
27	30	ശോദി	നാശി
33	13	മനാതാൻ	മറയാൻ
41	26	കണ്ണു	കണ്ണു
46	20	രയസ്സമാക്കി	രതമാക്കി
51	18	കയാ	കയം
52	28	മാഗങ്ങളെ	മാഗങ്ങളും
80	19	മരവുകതകി	മറവുകളകി
81	22	വിപലനെ	വിവലനെ
83	10	ശമമ്പനെ	ശമാസനെ
86	8	മല്പക്ഷിതാ	മല്പക്ഷിതാ
86	20	അമതി	അനൃതി
87	6	ഖിന്നതം	ഖിന്നം
87	13	മിറ്റ	മിട്ട
89	12	വചാരെ	വിചാരെ
89	14	വേണ്ട	വേണ്ടെ
91	11	അന്വീലാതെ	അന്വിലാതെ
91	22	മാഷ	മാഷണ
93	3	തുളണങ്കില്പം	തുളണങ്കിൽ
93	21	അശായതാം	അഗായതാം
93	29	മൊളം	തെളം
97	11	സദ്ദ	സദ്ദി
97	24	വരമന്നായ	പറമന്നായ
97	27	ചെഞ്ഞം	പൊഞ്ഞം
99	14	മത്തു	മല്ലു

പുറം	വരി	അബദ്ധം	സുബദ്ധം
100	4	കിട്ടിയില്ല	കിട്ടിയിട്ടില്ല
103	24	നൃ	നു
109	1	നരമൊഴി	നന്മൊഴി
109	30	[illegible]	[illegible]
115	13	[illegible]	[illegible]
116	24	നിരില്ലാത	നീരില്ലാത
121	20	[illegible]	[illegible]
124	10	[illegible]	[illegible]
125	22	[illegible]	[illegible]
125	25	ശ്രീമ	ശ്രീവ
129	22	നകം	തളം
136	6	പാദാ	പദ
137	14	[illegible]	[illegible]
140	11	[illegible]	[illegible]
141	2	[illegible]	[illegible]
142	27	[illegible]	[illegible]
147	23	[illegible]	[illegible]
152	7	സന്ധിമശ	സന്ധിമശ
156	19	ഔന്ന്യത്യം	ഔന്നത്യം
159	17	[illegible]	[illegible]
164	24	[illegible]	[illegible]
168	12	തതന്നെ	തന്നെ
169	16	[illegible]	[illegible]
172	10	വാല്മീക	വാല്മീകി
177	25	[illegible]	[illegible]
180	3	പല്ലവാവാരി	പല്ലവാപാരി
180	10	[illegible]	[illegible]
181	16	[illegible]	[illegible]
182	15	ഭഗവൽ	ഭഗവൻ!
182	22	[illegible]	[illegible]
184	23	[illegible]	[illegible]
189	32	വിദ്യാസ	വിന്യാസ
196	23	കല	വല
19[illegible]	5	മുള	മുള്ള

പുറം	വരി	അബദ്ധം	സുബദ്ധം
199	19	സാരജ്യാളി	സാരജ്യാദി
215	25	വാല്മീമി	വാല്മീകി
221	10	ഷഴിയും	കഴിയും
224	26	കാവ്യതന്റെ	കാവ്യത്തിന്റെ
225	5	ഉണ്ടെന്നം	ഉണ്ടെന്നു്
232	14	രൂപകങ്ങ	കൃതിക
240	29	ഹൃദ	ഹൃദയ
246	6	സമാരജ	സമാരഭ്യ
248	4	ശങ്കരാചാര്യസ്വാമി	
249	11	ഇരുശേച	ഇരുശേഖ
255	23	(പി. നാരായണപ്പിഷാരടി)	(പി. നാരായണപിഷാരടി)
261	10	ച്ചിട്ടുണ്ടെന്നു	യിട്ടുണ്ടെന്നു
262	1	പുരളി	ധൂളി
278	11	കാനകി	ജാനകി
279	14	(	
279	15	)	
279	13	രവ്യ	ദവ്യ
286	12	കൊണ്ടു	കൊണ്ടെ
289	13	*	ന
289	24	*	ന
296	12	വങ്ങ	പങ്ങ
297	2	സമൃൽകവ	സമൃൽകവ്
298	5	ശശ്രൂഷ	ശുശ്രൂഷ
298	23	ശപ്ലറ	ശപ്പുറ
300	13	വ്യായി	വ്യാധി
301	24	കാര്യ	കാട്ടകാര്യ.
302	3	വിവന	വഹന
303	24	ഭരന	മരന
307	2	കൃതജ്ഞത	കൃതജ്ഞ
310	13	മന്ത്രാന്ത്യ	മന്ത്രാത്ര
311	12	സീതാരാഘ	സീതാരാഘവന്മാര
312	6	ഹൃദയന്മാർ	സഹൃദയന്മാർ
315	21	ഫ	ന

പുറം	വരി	അശുദ്ധം	ശുദ്ധം
315	25	ാ	്
316	31	,ാ, ാ	ാ, ്
317	20	കാരെക	ഭാരെക
318	13	ഉപയോഗ	ഉപയോഗിക്ക
325	11	തണ്ടുകാ	തണ്ടുകാഷ
329	13	സാരം	സംസാരം
329	19	കൊടെണ	കാരണ
355	29	ില്ലാ	ില്ലം
356	6	യോഗം	യോഗങ്ങൾ,

കുറിപ്പ്:— [illegible] വരിയിൽ [illegible] ില്ലാ [illegible] എന്നതു് [illegible] എന്നു് തിരുത്തി വായിക്കേണ്ടതാകുന്നു.



ഈ ഗ്രന്ഥകൎത്താവിന്റെ

പുസ്തകങ്ങൾ.

		ക.	ണ.
1.	സാഹിതീസൎവ്വസ്വം	2	8
2.	സാഹിത്യമഞ്ജൂഷിക	1	12
3.	ഗൌരീലഹരി	0	4
4.	അന്യോക്തിമുക്താലത	0	8

ആവശ്യപ്പെടേണ്ടും മേൽവിലാസം

മാനേജർ,

മംഗളോദയം അച്ചുക്കൂടം,

തൃശ്ശിവപേരൂർ.
